H 37/864.

# A POCKET HISTORY OF THE CATHOLIC CHUCRH

BY

P. C. KURIAN B. A.

# തിരുസ്സഭാചരിത്ര സംക്ഷേപം

DHARMARAM COLLEGE LIBRARY BANGALORE 29

14265

ഗ്രന്ഥകർത്താ:

പി. സി. കുര്യൻ ബി. ഏ.,

MANNANAM.

PRINTED AT THE ST. JOSEPH'S PRESS,

1945.

Dharmaram College Library
Acc. No.
Call. No. 302/K963
AR
M/275
KUR

Nihil obstat,

Fr. Bernardine T. O. C. D.

Mannanam,
18-11-'44

Imprimatur,

† James Kalacherry,
Ep. Changanacherry.

*Changanacherry.*
*21. xi '44.*

# പ്രസ്താവന.

ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി മി. പി. സി. കുര്യൻ ബി. എ. എഴുതി പൂർത്തിയാക്കിയ ഗ്രന്ഥമാണ് ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന "തിരുസ്സഭാചരിത്രസംക്ഷേപം". തിരുസ്സഭയുടെ ആരംഭം മുതൽ ഇദാനീന്തനകാലംവരെയുള്ള ചരിത്രം മുഴുവൻ ഗ്രന്ഥകാരൻ സ്വതസിദ്ധമായ സമാഹരണപാടവത്തോടും സംധാനചാതുര്യത്തോടുംകൂടി ഈ ഗ്രന്ഥത്തിൽ ഒതുക്കിക്കൊള്ളിച്ചിട്ടുണ്ട്. സാഹിത്യവ്യവസായത്തിൽ സുപരിചിതനായ അദ്ദേഹത്തിന്റെ ഭാഷാസൌകുമാര്യത്തെപ്പററി വിശേഷവിധിയായി പറയാതെ തന്നെ എവർക്കും അറിയാവുന്നതാണ്. ഇത്ര വിശിഷ്ടവും വിദ്യാർത്ഥികൾക്ക് അത്യന്തം ഉപകാരപ്രദവുമായ ഈ ഗ്രന്ഥത്തിന്റെ രചയിതാവിനെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കയും, ഞങ്ങളുടെ ആഗ്രഹമനുസരിച്ച് ഈ കൃത്യം ഏറെറടുത്ത് ഇത്ര ഭംഗിയായവിധം പൂർത്തിയാക്കിത്തന്നതിൽ അദ്ദേഹത്തോടുള്ള അപാരമായ നന്ദിയെ പ്രകാശിപ്പിക്കയും ചെയ്യുന്നു.

എന്ന് പ്രസാധകൻ,

ഫാദർ വിൽഫ്രിഡ്, ററി. ഒ. സി. ഡി.

മന്നാനംപ്രസ്സ്,

സൂപ്രണ്ട്.

മാന്നാനം,
14-6-'45

# തിരുസ്സഭാചരിത്രം

ALWAYE, TRAVANCORE * S. I. RAILWAY STATION

## I. പ്രാരംഭം.

ദൈവസുതനായ ഈശോ ഗാഗുൽത്താമലമുകളില് സ്വജീവാർപ്പണത്താല് മകുടംചാർത്തിയ ലോകോദ്ധാരണവൃത്തി പ്രപഞ്ചാന്ത്യംവരെയുള്ള എല്ലാജനങ്ങൾക്കും വേണ്ടിയുള്ളതായിരുന്നു. അതിനാല്, അങ്ങേ സ്വർഗ്ഗാരോഹണാനന്തരവും അങ്ങേ ദിവ്യോപദേശങ്ങളുടെ മാധുര്യ്യവും, രക്ഷണീയജോലിയുടെ മഹത്ഫലങ്ങളും സകലർക്കും സുഗമ്യമാകുവാൻ വേണ്ടി, അവയെ എല്ലാവർക്കുമായി കാണിച്ചുകൊടുക്കുവാൻവേണ്ടി, ദൃശ്യമായി ദിവ്യമായ ഒരു സഭയെ അങ്ങു സ്ഥാപിച്ചു. ഇതിൻെറ പ്രഥമ പ്രവർത്തകരും അംഗങ്ങളുമായി പന്ത്രണ്ടു ശിഷ്യസത്തമന്മാരെയും, അവരുടെ സഹായാർത്ഥം എഴുപത്തുരണ്ടു ഉപശിഷ്യന്മാരെയും തിരഞ്ഞെടുക്കുകയും അവരെ അനിതരസാധാരണമായ ക്ഷമയോടും തീക്ഷ്ണതയോടുംകൂടെ പഠിപ്പിക്കുകയുംചെയ്തു. ശ്ലീഹന്മാർക്ക് പഠിപ്പിക്കുന്നതിനും, ഭരിക്കുന്നതിനും, പവിത്രീകരിക്കുന്നതിനുമുള്ള ദിവ്യാധികാരം ഗുരുവില്നിന്നും ദത്തമായി. ഈ സഭയുടെ അഭേദ്യമായ ഐക്യത്തിനുവേണ്ടി പ്രകടമായ അധികാരദാനത്താല് പത്രോസിനെ ഈശോ പ്രധാനാചാര്യനാക്കി ഉയർത്തി. എല്ലാററിലും ഉപരിയായി സഭയെ എല്ലാ അബദ്ധങ്ങളിലും പ്രമാദങ്ങളിലുംനിന്ന് രക്ഷിക്കുന്നതിനുമായി അവളോടുകൂടി അങ്ങയുടേയും പരിശുദ്ധാത്മാവിൻെറയും നിരന്തരസാന്നിദ്ധ്യം വാഗ്ദാനംചെയ്യുകയും ചെയ്തു.

ഈശോയുടെ സ്വർഗ്ഗാരോഹണാവസരത്തില് "ഗലീലായിലെ അഞ്ഞൂറുസഹോദരങ്ങളും" ജറൂസലത്തില് ശ്ലീഹന്മാർ ഉൾപ്പെടെയുള്ള നൂററിഇരുപത്ത് ശിഷ്യരും മാത്രമേ തിരുസ്സഭയിലുണ്ടായിരുന്നുള്ളു. ദിവ്യനായകൻെറ പ്രബോധനമനുസരിച്ച് കന്യകാമാതാവും, ശ്ലീഹന്മാരുംമററു ശിഷ്യരും ജറൂസലമിലെ ഒരു മാളികയില് പ്രാർത്ഥനാനിരതരായി കഴിച്ചുകൂട്ടി. അതിനിടയില്, വഞ്ചകനായ യൂദാസിനുപകരം 'മത്തിയാസിനെ തിരഞ്ഞെടുത്തു. സ്വർഗ്ഗാരോഹണത്തിൻെ പത്താംദിവസം പരിശുദ്ധാരൂപി അവരുടെമേൽ ആവസിക്കുകയും വിവിധഭാഷകൾ സംസാരിക്കുന്നതിനുള്ള വരം അവർക്കു ലഭിക്കുകയുംചെയ്തു. ഇതോടുകൂടി ആ അനുയായി സംഘം ക്രിസ്തുവിൻെറ മൌതികശരീരമായി (Mystic body) രൂപാന്തരപ്പെട്ടു. ഈ പെന്തക്കുസ്താനാളിനെ തിരുസ്സഭയുടെ ഔപചാരികോദ്ഘാടനദിനമായി ഗണിക്കാം.

ക്രൂശിതനായ ഈശോതന്നെയാണ് സാക്ഷാൽ വാഗ്ദാനംചെയ്യപ്പെട്ട രക്ഷകൻ എന്നു പ്രഖ്യാപനംചെയ്തുകൊണ്ട് അവിടെ സന്നിഹിതരായിരുന്ന ജനസമൂഹത്തോട് നിർഭയനായ വി. പത്രോസ് ചെ

ശ്ലീപ്രസംഗം ഉടൻതന്നെ മൂവായിരം ആളുകൾ തിരുസ്സഭയെ ആശ്ലേഷിക്കുന്നതിനു നിദാനമായി. ദേവാലയത്തിൻെറ സുവൎണ്ണകവാടത്തിങ്കല് വെച്ച് വി. പത്രോസ് പംഗുവായ ഒരു ഭിക്ഷുവിനെ അത്ഭുതകരമായി സുഖപ്പെടുത്തിയതുനിമിത്തം വീണ്ടും അയ്യായിരംപേർകൂടി സഭാംഗങ്ങളായിത്തീൎന്നു.

തിരുസ്സഭയുടെ വിസ്മയാവഹമായ വളൎച്ചയും തദനുയായികളുടെ നിസ്തുലമായ ത്യാഗസ്നേഹാദി ഗുണങ്ങളും യൂദപ്രമാണികളെ അസൂയാകലുഷിതരാക്കിച്ചമച്ചു. പംഗുവിനെ സുഖപ്പെടുത്തിയ പത്രോസിനെയും അദ്ദേഹത്തിൻെറ സഹചാരിയായ വി. യോഹന്നാനെയും അവർ ബന്ധിച്ച് "സെൻഹെഡ്റിയൻ" സഭാസമക്ഷം ഹാജരാക്കി. ക്രൂശിതനായ യേശുവിൻെറ നാമത്തിലത്രേ അവർ പഠിപ്പിക്കുന്നതെന്നു സധൈൎയ്യം ഉദ്ഘോഷിച്ച ശ്ലീഹന്മാരെ ശിക്ഷിക്കുന്നതിനു നിവൃത്തിയില്ലാതെ, അങ്ങനെ ചെയ്യരുതെന്നു നിരോധിക്കമാത്രം ചെയ്തുകൊണ്ടു യൂദസംഘം അവരെ തിരിച്ചയച്ചു. ഈ നിരോധനത്തെ വിഗണിക്കയാല് പുരോഹിതപ്രമാണികൾ അവരെ കാരാഗൃഹത്തിലടച്ചെങ്കിലും ഒരു ദൈവദൂതൻ അവരെ അവിടെനിന്നും മോചിപ്പിക്കയുണ്ടായി. വീണ്ടും ശത്രുക്കൾ അവരെ പിടികൂടി ദേഹോപദ്രവമേല്പിച്ചു. എന്നാല് ഈശോയ്ക്കുവേണ്ടി പീഡയനുഭവിപ്പാൻ ഇടയായതില് അവർ അഹ്ലാദിക്കയത്രേ ചെയ്തതു്.

വി. എസ്തഫാനോസിൻെറ വേദസാക്ഷിത്വം:- വിശ്വാസികളുടെ എണ്ണം വൎദ്ധിച്ചതോടുകൂടി അവരുടെ ഭൌമികാവശ്യങ്ങൾ അന്വേഷിക്കുന്നതിനും പ്രത്യേകം നിൎദ്ധനരെ സംരക്ഷിക്കുന്നതിനുമായി ഏഴു "ആറാം പട്ടക്കാരെ" ശ്ലീഹന്മാർ നിയമിച്ചു. ഇവരിൽ പ്രധാനിയായ വി. എസ്തഫാനോസിൻെറ അനന്യസാധാരണമായ ഭക്തിതീക്ഷ്ണതയും, അദ്ദേഹത്തിൻെറ പ്രസംഗങ്ങൾക്കുണ്ടായ നിസ്തുലവിജയങ്ങളും, ശത്രുക്കളായ യഹൂദരുടെ പ്രത്യേകരോഷത്തിനു വിധേയമായി. അദ്ദേഹത്തോടു പരിഭവം പ്രാപിച്ച യഹൂദവേദവിശാരദന്മാരുടെ പ്രേരണമൂലം ആ പുണ്യാത്മാവു് കല്ലെറിഞ്ഞു കൊല്ലപ്പെടുകയാണുണ്ടായതു്.

വി. പൌലോസിൻെറ മാനസാന്തരം:- ശത്രുക്കൾ ക്രിസ്ത്യാനികളുടെനേരെ അഴിച്ചുവിടുവാനിരുന്ന മഹാമതപീഡനത്തിൻെറ ഒരു നാന്ദിമാത്രമായിരുന്നു എസ്തഫാനോസിൻെറ വധം. ഈ പീഡനയത്നത്തിൻെറ ഫലമായി ക്രിസ്ത്യാനികൾ സമീപനഗരങ്ങളില് അഭയം പ്രാപിക്കയും, തന്മൂലം അവിടെയെല്ലാം സഭാസുധാകരൻെറ ശീതളരശ്മികൾ വ്യാപിക്കയും ചെയ്തു. ഇതിനിടയില് താർസ്സുസ്കാരനായ ഒരു 'സാവൂൽ' ദമാസ്കസ്സില് അഭയംപ്രാപിച്ചിരുന്ന ക്രിസ്ത്യാനികളെ സംബന്ധിച്ചുകൊണ്ടുവരുന്നതിനു് സെൻഹെഡ്റിയൻസഭയുടെ അധികാരപത്രത്തോടുകൂടി പുറപ്പെട്ടു. എന്നാല് മാൎഗ്ഗമദ്ധ്യേയുണ്ടായ ഒരു ദിവ്യദൎശനത്തിൻെറ ഫലമായി അദ്ദേഹം മാനസാന്തരപ്പെടുകയത്രേ ചെയ്തതു്. ഇദ്ദേഹംതന്നെയാണു് പണ്ഡിതാഗ്രണിയായ പൌലോസ്ശ്ലീഹാ മാനസാന്തരാനന്തരം

സ്വപ്രേഷകജോലിക്ക് ഒരുങ്ങുവാനായി മൂന്നുകൊല്ലത്തോളം അദ്ദേഹം അറേബ്യയിൽ ഏകാന്തജീവിതം നയിച്ചു. വി. പൌലോസിന്റെ വിശ്വാസസ്വീകരണം യൂദന്മാരുടെ നിലയെ അത്യധികം ദുർബലമാക്കിയെന്നു പറയേണ്ടതില്ലല്ലോ.

ക്രിസ്ത്യാനികൾ എന്ന സംജ്ഞ:– ആറാംപട്ടക്കാരനായ ഫിലിപ്പ് സമരിയാക്കാരെ പലരേയും സഭയിലേക്കു സ്വീകരിച്ചതു് പുറജാതികളുടെ സഭാപ്രവേശനത്തിനു് വഴിതെളിച്ചു. ഏകദേശം എ. ഡി. 38–ലെ വി. പത്രോസ്, സഭാതലവനെന്നുള്ള നിലയില്, ജറുസലത്തിലും സമീപദേശങ്ങളിലുമുള്ള സഭകളില് ഒരു സന്ദർശനം നടത്തി. അദ്ദേഹം "ജോപ്പെ"യിലായിരിക്കവേ, പുറജാതികളേയും സഭയില് സ്വീകരിക്കണമെന്നുള്ള സ്വർഗ്ഗീയനിർദ്ദേശമുണ്ടായി. അപ്രകാരം ആദ്യം സ്വീകൃതനായതു് കൊർണേലിയസ് എന്ന ശതാധിപനും അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളുമായിരുന്നു. താമസിയാതെ വി. പത്രോസ് അന്ത്യോക്യായില് പുറജാതികളുടെ ക്രിസ്തീയസഭ സംഘടിപ്പിക്കയും അവിടത്തെ വിജയകരമായ പ്രവർത്തനത്തിനുവേണ്ടി വി. ബർണ്ണബാസും വി. പൌലോസും നിയുക്തരാകുകയും ചെയ്തു. 'ഗലീലയാക്കാർ' 'നസ്രായന്മാർ' എന്നിങ്ങനെ യൂദന്മാരാല് അധിക്ഷിപ്തരായ "കർത്താവിന്റെ ശിഷ്യർ" ഇവിടെ വെച്ചാണു് 'ക്രിസ്ത്യാനികൾ' എന്നു ആദ്യമായി സംജ്ഞ കൈക്കൊണ്ടതു്.

ജറുസലേംസംഘം:– പുറജാതികളില്നിന്നും മാനസാന്തരപ്പെടുന്നവരും ചേലാകർമ്മാദിയൂദാചാരങ്ങൾ അനുഷ്ഠിക്കേണ്ടതാണെന്നുള്ള വാദം അന്ത്യോക്യൻ ക്രിസ്ത്യാനികളുടെ ഇടയില് വലിയക്ഷോഭമുളവാക്കി. പലസ്തീനായില് താമസിച്ചിരുന്ന പത്രോസ് മുതലായ ശ്ലീഹന്മാരോട് വി. പൌലോസ് ഇതേപ്പറ്റി ആലോചിക്കയും, പത്രോസിന്റെ ആധിപത്യത്തില് സമ്മേളിച്ച ശ്ലീഹന്മാരുടെ സംഘം നിത്യരക്ഷയ്ക്കു് യൂദാചാരങ്ങൾ ആവശ്യകങ്ങളല്ലെന്നു തീരുമാനിക്കയും ചെയ്തു.

ജറുസലേമിലെ മതപീഡനം:– എ. ഡി. 41മുതൽ 44വരെ പലസ്തീന ഭരിച്ച ഹേറോദോസ് അഗ്രിപ്പാ യൂദന്മാരെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി ക്രിസ്ത്യാനികളെ വേട്ടയാടിത്തുടങ്ങി. തത്ഫലമായി വി. വലിയ യാക്കോബ് നിഹനിക്കപ്പെടുകയും വി. പത്രോസ് കാരാഗൃഹബദ്ധനാവുകയും ചെയ്തു. എന്നാൽ വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥന ഹേതുവാൽ പത്രോസ് അത്ഭുതകരമാംവിധം വിമുക്തനായി. ഈ മതപീഡനം വി. ചെറിയ യാക്കോബൊഴിച്ചുള്ള ശ്ലീഹന്മാരെ നാനാദിഗന്തങ്ങളിലേക്കും യാത്രയാക്കി. അദ്ദേഹമാകട്ടെ ജറുസലം മെത്രാനെന്ന നിലയിൽ അവിടെത്തന്നെ താമസിച്ചു. കാരാഗൃഹത്തില്നിന്നും മോചനം പ്രാപിച്ച പത്രോസ് താമസിയാതെതന്നെ ദിവ്യപ്രേരണയാൽ റോമിലേക്കു പോകയും എ. ഡി, 42-ൽ ശ്ലൈഹികസിംഹാസനം അവിടെ സ്ഥാപിക്കയും ചെയ്തു.

ശ്ലീഹന്മാരുടെ വേദപ്രചരണരംഗങ്ങൾ:– ജറുസലേമിൽനിന്നും പുറപ്പെട്ട ശ്ലീഹന്മാർ അവരുടെ പ്രേഷിതജോലി അവിശ്രമം തുടർന്നു. അ

ങ്ങനെ പ്രഥമശതകത്തിൽതന്നെ ക്രിസ്തുമതം ലോകത്തിൻെറ ചതുർഭാഗങ്ങളിലും പരന്നുകഴിഞ്ഞു. മദ്ധ്യധരണ്യാഴിയുടെ പാൎശ്വപ്രദേശങ്ങളിലും പലസ്തീനായിലുമാണ് അധികമായി പ്രചരിച്ചതു്. ഈ പ്രദേശമെല്ലാം ഒരേ ഭരണത്തിലുൾപ്പെട്ടിരുന്നതു് മതപ്രചരണത്തിനു സഹായികമായി ഭവിക്കാതിരുന്നില്ല. വി. ചെറിയയാക്കോബു ജറൂസലേംക്രിസ്ത്യാനികളുടെസംരക്ഷകനായി അവിടെത്തന്നെ മരണപൎയ്യന്തംവസിച്ചു. വി.യോഹന്നാൻ ജൂഡയായിലും സമറിയായിലും സഭാപ്രചരണംചെയ്തുശേഷം എഫേസൂസില് ഏഷ്യാമൈനറിലെ സഭയുടെ അദ്ധ്യക്ഷനായി സുദീൎഘകാലം ഭരണം നടത്തി. വി. അന്ത്രയോസ് കഫദോഷ്യായിലും, ബിഥീനിയായിലും, വി. ഫിലിപ്പ് ഫ്രിജിയായിലും, വി. സൈമണും, വി. മൎക്കോസും ഈജിപ്തിലും, വി. മത്തിയാസ് ഇത്യോപ്യായിലും സുവിശേഷം പ്രസംഗിച്ചുവെന്നാണ് ചരിത്രകാരന്മാരുടെ അനുമാനം. വി. തോമ്മാ, വി. ബർത്തലൂമ്മാ, വി. മത്തായി മുതലായ ശ്ലീഹന്മാർ പലസ്തീനായില്നിന്നു കിഴക്കോട്ട് പുറപ്പെട്ടു പേർഷ്യാ, അർമേനിയാ, ഇൻഡ്യാ തുടങ്ങിയ രാജ്യങ്ങളിലും സഭാ, ദീപംകൊളുത്തി. "ചെന്നായ്ക്കളുടെ ഇടയില് കുഞ്ഞാടുകളെപ്പോലെ" അയയ്ക്കപ്പെട്ട ക്രിസ്തുശിഷ്യന്മാർ എല്ലാവരുംതന്നെ രക്തസാക്ഷിമകുടത്തിനർഹരായിത്തീൎന്നു.

വി. പൌലോസിൻെറ വേദപ്രചരണയാത്രകൾ:- പുറജാതികളുടെ ശ്ലീഹാ എന്ന അപരാഭിധാനത്താല് പ്രകീൎത്തിതനായ വി. പൌലോസിൻെറ പ്രേഷിതസഞ്ചാരങ്ങൾ ദീൎഘദീൎഘങ്ങളും സഭാചരിത്രത്തില് അതിപ്രധാനങ്ങളുമാണ്. പരിശുദ്ധാത്മാവിയുടെ ആഗമനശേഷം ഏകദേശം എട്ടുകൊല്ലം കഴിഞ്ഞാണ് വി. പൌലോസ് അപ്പസ്തോലവൃത്തിയാരംഭിച്ചതു്. അന്ത്യോക്യയിലെ പുറജാതികളുടെ മാനസാന്തരത്തിനുവേണ്ടി പ്രവൎത്തിക്കാനായി വി. പൌലോസും, വി. ബർണബാസും അങ്ങോട്ടുപോയതായി നാം കണ്ടുകഴിഞ്ഞു. എ. ഡി.-44ല് ജറൂസലേമില് ഉണ്ടായ ക്ഷാമാവസരത്തില് അന്ത്യോക്യൻ ക്രിസ്ത്യാനികളുടെ പ്രതിനിധികളായി ജറൂസലേം സഹോദരങ്ങൾക്ക് സാമ്പത്തികസഹായ ദാനാൎത്ഥം അവർ അവിടേയ്ക്കു പുറപ്പെട്ടു. തിരിച്ചെത്തിയപ്പോൾ ഇരുവരും മെത്രാൻ സ്ഥാനത്തു് അധിരോഹിതരായി,

അനന്തരം വി. പൌലേസ് മൂന്നു പ്രസിദ്ധങ്ങളായ മിഷ്യനറിയാത്രകൾ ചെയ്തിട്ടുണ്ട്. ഓരോ പ്രാവശ്യവും അന്ത്യോക്യയില്നിന്നാണു അദ്ദേഹം യാത്രയാരംഭിച്ചതു്. പ്രധാനമായി ഗ്രീക്കുഭാഷസംസാരിക്കുന്ന ദേശങ്ങളായിരുന്നു അദ്ദേഹത്തിൻെറ രംഗം. വി. ബർണബാസിനോടും അദ്ദേഹത്തിൻെറ അനന്തിരവനായ മൎക്കോസിനോടുംകൂടി വി. പൌലോസ് എ. ഡി. 45 ല് പ്രഥമയാത്ര ആരംഭിച്ചു. ഏഷ്യാമൈനറിലും സമീപദ്വീപങ്ങളിലും ക്രിസ്തീയസംഘങ്ങൾ സ്ഥാപിക്കുകയും വൈദികരേയും മെത്രാന്മാരെയും അഭിഷേകം ചെയ്യുകയും ചെയ്തുശേഷം 48-ൽ അന്ത്യോക്യായില് തിരിച്ചെത്തി. ഈയാത്രയിലാണ് പ്രഥമരക്തസാക്ഷിണിയായ വി. തെക്ലായെ ഇക്കോണിയത്തുവെച്ച് മാനസാന്തരപ്പെടുത്തി

യത്ത്. യാത്രാനന്തരം ഒരു നാലുവത്സരത്തേയ്ക്ക് വി. പൌലോസ് സിറിയായിലും ജൂഡയായിലുംതന്നെ മതം പ്രസംഗിച്ചു. ഇതിനിടയ്ക്കത്രേ മുൻപ്രസ്താവിച്ചിട്ടുള്ള ജറൂസലേമിലെ അപ്പസ്തോല "സൂനഹദോസ്" നടന്നതും.

എ. ഡി. 52-ല് വി. പൌലോസ് അദ്ദേഹത്തിൻെറ ദ്വിതീയയാത്രയാരംഭിച്ചു. ഇത്തവണ 'സൈലസ്' ആയിരുന്നു സഹചാരി. യാത്രാമദ്ധ്യേ ലീസ്ത്രായില്‌വെച്ച് തിമോത്തിയും, ത്രേയോസില്‌വെച്ച് വി. ലൂക്കായും അദ്ദേഹത്തെ അനുഗമിച്ചു. വി. പൌലോസ് നേരെ മാസിണിയാഡോയിലെത്തി പിശാചുബാധിതനായ ഒരു അടിമയെ സുഖപ്പെടുത്തിയതിന് പൌലോസിനെയും സൈലസിനേയും ശത്രുക്കൾ ദേഹോപദ്രവമേല്പിച്ച് കാരാഗൃഹത്തിലിട്ടെങ്കിലും പിറേറന്നു സ്വതന്ത്രരാക്കിവിട്ടു. പിന്നീടു നടത്തിയ തെസ്സലോണിക്കായിലെ മാനസാന്തരപ്രയത്നം ശത്രുക്കളായ യൂദന്മാരുടെ കുതന്ത്രങ്ങൾ മൂലം അപൂർണ്ണമായി ഉപേക്ഷിച്ച് ബേറിയായിലേയ്ക്ക് പോകേണ്ടിവന്നു. വിനാവിളംബം അദ്ദേഹം ഏതൻസില് അഭയംതേടി. യവന സംസ്കാരത്തിൻെറ കേദാരഭൂവായ ആ നഗരത്തില് ഏതാനുംപേർ മാത്രമേ സത്യപ്രകാശമേല്ക്കുവാൻ പാത്രമായുള്ളു. ഏതൻസിലെ പ്രഥമമെത്രാനായിത്തീർന്ന ഡയനീഷ്യസ് ഇവരിലൊരാളായിരുന്നു. ദുർമ്മാർഗ്ഗത്തിൻെറ ആസ്ഥാനമായിരുന്ന കോറിന്തിലും ഒരു സഭാശാഖ സ്ഥാപിച്ചശേഷം എ. ഡി. 55- ല് തിരിച്ച് അന്ത്യോക്യയിലെത്തി. ഇത്തവണ ഏകദേശം 4000 മൈല് വി. ശ്ലീഹാ സഞ്ചരിക്കയുണ്ടായത്രേ!

പൌലോസ് അധികം താമസിച്ചില്ല; അക്കൊല്ലംതന്നെ അദ്ദേഹം തൃതീയമിഷ്യനറിയാത്ര സമാരംഭിച്ചു. എഫേസൂസ് പട്ടണം യാത്രാകേന്ദ്രമാക്കണമെന്ന് ശ്ലീഹാ കരുതിയെങ്കിലും ശത്രുക്കൾ അദ്ദേഹത്തെ അവിടെനിന്നും നിഷ്കാസനം ചെയ്തു. തിമോത്തിയെ അവിടത്തെ മെത്രാനായി അഭിഷേകം ചെയ്തശേഷം ഗ്രീക്കുപ്രദേശങ്ങളിലേക്കുപോയി. എന്നാല് ഏറെത്താമസിയാതെ വിശുദ്ധൻ കേസറിയാമാർഗ്ഗം ജറൂസലമിലേയ്ക്കു തിരിച്ച് എ. ഡി. 58-ല് അവിടെയെത്തി. വി പൌലോസിൻെറ പ്രസിദ്ധങ്ങളായ ലേഖനങ്ങളില് പലതും ഈ യാത്രക്കിടയിലാണ് എഴുതിയിട്ടുള്ളത്.

വി. പൌലോസ് ശത്രുക്കളുടെ പ്രേരണനിമിത്തം ജറൂസലമില് ബന്ധനസ്ഥനായി എ. ഡി 59 മുതല് രണ്ടുകൊല്ലം അങ്ങനെ അവിടെ താമസിച്ചശേഷം റോമിലേയ്ക്കു മാററപ്പെട്ടു. കാരാഗൃഹത്തിലിരുന്നുകൊണ്ട് രാജകുടുംബാംഗങ്ങളെപ്പോലും അദ്ദേഹം മാനസാന്തരപ്പെടുത്തി. ബന്ധനവിമുക്തനായശേഷം നാലാമത്തും ഒരു പ്രേഷിതയാത്ര ചെയ്തുവെന്നും യൂറോപ്പുഭൂഖണ്ഡത്തിൻെറ പശ്ചിമാഗ്രംവരെ എത്തിയെന്നുമാണ് പറയപ്പെടുന്നത്. ഏതായാലും അക്കാലത്ത് പഴയ മിഷ്യൻരംഗങ്ങൾ പലതും അദ്ദേഹം സന്ദർശിക്കാതിരുന്നില്ല. കോറിന്തില്‌വെച്ച് വി. പത്രോസിനെ കാണുകയും ഇരുവരുംകൂടി പീഡനവിധേയരായ ക്രിസ്ത്യാനികളെ സമാശ്വസിപ്പിക്കുന്നതിനായി റോമിലേയ്ക്കു പുറപ്പെടുകയുംചെയ്തു. അവിടെ എ.

ഡി. 67-ല് പ്രധാനാചാര്യൻ കുരിശില് തൂങ്ങിയും, വി. പൌലോസ് ശിരച്ഛേദം ചെയ്യപ്പെട്ടും രക്തസാക്ഷിത്വം കൈവരിച്ചു.

തിരുസ്സഭയുടെ അത്ഭുതാവഹമായ ഈ പ്രചാരം നിശ്ചയമായും ഈശ്വരകരങ്ങളുടെ പ്രവൃത്തിയാണെന്നു സമ്മതിക്കാതെ തരമില്ല. അല്ലെങ്കില് ജനതാമദ്ധ്യത്തില് യാതൊരു സ്വാധീനശക്തിയുമില്ലാത്ത, പാമരന്മാരായ ഏതാനുമാളുകൾ അതഃപരം അജ്ഞാതമായിരുന്ന ഒരു നവ്യതത്വസംഹിതയെ സമ്മതിച്ചു സ്വീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു എന്നു പറയുന്നത് കേവലം അസംഗതമാണ്. തിരുസ്സഭയുടെ ദിവ്യത്വവും, എല്ലാവരുടെയും മതതൃഷ്ണയെ തൃപ്തിപ്പെടുത്തത്തക്കവിധത്തിൽ ക്രിസ്തീയ മതതത്വങ്ങൾക്കുള്ള ഈശ്വരാവിഷ്കൃതലക്ഷണങ്ങളും ശ്ലീഹന്മാരുടെ അത്ഭുതപ്രവർത്തനശക്തിയും, ആദിമക്രിസ്ത്യാനികളുടെ, മിത്രശത്രുഭേദംവിനായുള്ള, സ്നേഹവും, ജീവിതവിശുദ്ധിയും, വിശ്വാസത്തിനുവേണ്ടി പീഡകൾ സഹിക്കുന്നതിനുള്ള സന്നദ്ധതയും എല്ലാം തിരുസ്സഭാവ്യാപ്തിക്ക് നിദാനങ്ങളായിരുന്നു.

## II. മതപീഡനങ്ങൾ.

“അവർ എന്നെ പീഡിപ്പിച്ചെങ്കില് നിങ്ങളേയും പീഡിപ്പിക്കും” എന്നും “നിങ്ങൾ ലോകത്തിന്റേതായിരുന്നെങ്കില് ലോകം സ്വീയമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാല് നിങ്ങൾ അപ്രകാരമല്ലാത്തതുകൊണ്ട് ലോകം നിങ്ങളെ ദ്വേഷിക്കുന്നു” എന്നും ഉള്ള ദിവ്യനായകന്റെ പ്രവചനങ്ങളനുസരിച്ച് തിരുസ്സഭ ഒരു തരത്തിലല്ലെങ്കില് മറെറാരുവിധത്തില് എന്നും പീഡനവിധേയമായിട്ടാണിരുന്നിട്ടുള്ളത്. എന്നാല് നരകവാതിലുകൾ അവളോടു ജയിക്കുകയില്ലല്ലോ. അവളുടെ സന്താനങ്ങൾ വീരോചിതമാംവണ്ണം വിജയം പ്രാപിച്ചു; അവരുടെ രക്തം തിരുസ്സഭാതരുവിന് പുഷ്ടി നല്കി.

ആരംഭകാലങ്ങളില് യൂദന്മാരുടേയും ചില പുറജാതിക്കാരുടേയും പീഡനങ്ങളുണ്ടായെങ്കിലും റോമൻചക്രവർത്തിമാർ നടത്തിയ പത്തുപീഡനങ്ങളോടു തുലനം ചെയ്യുമ്പോൾ അവ ആഹ്ലാദകാലങ്ങളെന്നുവേണം പറയുവാൻ. റോമൻ സമ്രാട്ടുകളുടെ ഈ ദൌഷ്ട്യത്തിനു പലകാരണങ്ങളുമുണ്ട്. തിരുസ്സഭാശത്രുക്കളായ യഹൂദർ എന്നും പലേ വ്യാജവാർത്തകളും അവളുടെമേല് ആരോപിച്ചിരുന്നു. റോമൻമതം രാഷ്ട്രീയമായിരുന്നതിനാല് അതിനോടു തികച്ചും വിരുദ്ധമായ ക്രിസ്തുമതത്തില് വിശ്വസിച്ചിരുന്നവരെ, രാഷ്ട്രരിപുക്കളായി സമ്രാട്ടുകൾ കരുതി. മതാനുഷ്ഠാനത്തിനു ബാധകമായിരുന്ന യാതൊരു ഉന്നതസ്ഥാനങ്ങളും സ്വീകരിക്കയാകട്ടെ ചക്രവർത്തിമാരെ ആദ്ധ്യാത്മിക നേതാക്കന്മാരായി ഗണിക്കയാകട്ടെ ക്രിസ്ത്യാനികൾ ചെയ്തില്ല. ഇതിനെല്ലാം പുറമെ അവരോടുണ്ടായിരുന്ന വിരോധം ഹേതുവായി പ്രകൃതികോപങ്ങൾക്കുപോലും ക്രിസ്ത്യാനികളുടെ സാന്നിദ്ധ്യമാണു കാരണമെന്നും അവരുടെ നിശാകാലസമ്മേളന

ങ്ങളില് ശിശുഹത്യാദി കൊടുംപാതകങ്ങൾ അവർ അനുഷ്ഠിക്കുന്നുവെന്നും അജ്ഞാനികൾ ദുഷ്പ്രവാദമുണ്ടാക്കി.

1. നീറോയുടെ മതപീഡനം:- ടൈബീറിയസ് ചക്രവർത്തി യേശുവിനെ റോമൻ ദേവഗണത്തില് ഉൾപ്പെടുത്തുവാൻപോലും തയ്യാറായിരുന്നുവത്രേ. എന്നാല് അഞ്ചാമത്തെ റോമൻ ചക്രവർത്തിയായ നീറോ ഒരിക്കല് കണ്ടു രസിക്കാൻവേണ്ടി പട്ടണത്തിനു തീ കൊളുത്തി. ജനങ്ങൾ അയാൾക്കെതിരായി സമരമുയർത്തി. എന്നാല് സ്വന്ത കുടുംബത്തില് തന്നെയുണ്ടായ ചില മതപരിവർത്തനങ്ങൾ ഹേതുവാല് ക്രിസ്ത്യാനികളോടു ക്രുദ്ധനായിരുന്ന നീറോ പാതകം അവരുടെ മേല് ചുമത്തി അവരെ പീഡിപ്പിക്കുവാൻ തുടങ്ങി.

"ക്രൂരമ്പാല് മാർപിളർന്നും, കൊടിയൊരുകുരിശില് തൂക്കിയും
തോലുരിഞ്ഞും
ക്രൂരൻസിംഹത്തിനൂണായരുളിയു,മസിയാല് കണ്ഠനാളം മുറിച്ചും
നീരത്തില് താഴ്ത്തിയും, മെയ് മുഴുവനുമട്ടിയാല് കീറിയും,
തീയിലിട്ടും
പാരംമാല് ചേർത്തു യോധാധമാനവധിയായ് ക്രിസ്ത്യരെ
നിഗ്രഹിച്ചു.
മെയ്യില് കീലും കൊഴുപ്പും മുടിമുതലൊരുപോല് തേച്ചു
കത്തിക്കുവോരാ
തീയില് ദേഹംകരിച്ചും, കുതിരയുടെ കണങ്കാലില്-
ബന്ധിച്ചിഴച്ചും,
മെയ്യില് കല്ലാലെറിഞ്ഞും, തനുലതതടിപോലീർച്ചവാളാ-
ലറുത്തും,
നെയ്യില് ഗാത്രം പൊരിച്ചും, ഖലഗണമവരെ നിർദ്ദയം-
നിഗ്രഹിച്ചു"-

റോമൻ പൌരന്മാരും ചക്രവർത്തിതന്നെയും ഇതെല്ലാം കണ്ടുനിന്നു രസിച്ചുവത്രേ!! ഇതിനിടയ്ക്കാണ് വി പത്രോസും പൌലോസും വേദസാക്ഷികളായതു്. പ്രസിദ്ധമായ പത്രോസിന്റെ ദേവാലയം അദ്ദേഹത്തിന്റെ ശവക്കല്ലറയുടെ ഉപരിഭാഗത്തു് സ്ഥിതിചെയ്യുന്നു. ഒന്നാമത്തെ ഈ വേദഞെരുക്കം എ. ഡി 64മുതല് 68വരെ നിണ്ടുനിന്നുവെന്നാണ് പറയുന്നതു്.

ജറുസലത്തിന്റെ വിനാശം. ഇതിനിടയ്ക്കുതന്നെയാണ് ജറൂസലത്തിനും നാശം സംഭവിച്ചതു്. സുവിശേഷദീപം ദിഗന്തങ്ങളില് പ്രകാശിച്ചുകൊണ്ടിരുന്നപ്പോൾ, പ്രവചനങ്ങളേയും ഈശോയുടെ അത്ഭുതങ്ങളേയും അവഗണിച്ചു് രാജസപ്രഭാവനായ ഒരു രക്ഷകനെ പ്രതീക്ഷിച്ചിരുന്ന അന്ധരായ യൂദവർഗ്ഗം നാശാന്ധകാരത്തിലേയ്ക്കു ത്വരിതഗമനം ചെയ്യുകയായിരുന്നു. റോമൻഭരണഭാരം സഹിക്കവയ്യാതെ എ. ഡി. 66ല്

അവർ വിപ്ലവസന്നദ്ധരായി. റോമക്കാരെ വിശുദ്ധനഗരത്തില്നിന്നും നിഷ്കാസനം ചെയ്യുകയും റോമൻസേനയെ പരാജിതമാക്കുകയുംചെയ്തു. ഇതുകേട്ട് നീറോചക്രവത്തി വെസ്പാസ്യൻ എന്ന സേനാനായകനെ ജറൂസലേമാക്രമിക്കാൻ നിയോഗിച്ചു അയാൾ ഗലീലായും ജൂദയായും കീഴ്പ്പെടുത്തി 40,000 യൂദന്മാരെ വാളിനൂണാക്കി. താമസംവിനാ വെസ്പസ്യൻ ചക്രവത്തിയാകയാൽ പുത്രൻടൈററസ് സേനനായകനായി. എ. ഡി. 70–ല് ഉയിർപ്പുകാലത്ത് ടൈററസ് ജറൂസലേം വളഞ്ഞു. നാനാദേശങ്ങളില്നിന്നും അസംഖ്യം യഹൂദർ പട്ടണത്തില് അഭയം തേടിയിരുന്നു. ആറുമാസം ദീർഘിച്ച ഈ നിരോധനംമൂലം പട്ടിണിയും പകർച്ചവ്യാധിയുംകൊണ്ടുതന്നെ ലക്ഷക്കണക്കിനു് ആളുകൾ ചത്തൊടുങ്ങി; ദേവാലയം അഗ്നിക്കിരയായി; പട്ടണം കല്ലിന്മേല് കല്ലു ശേഷിക്കാതെ താറുമാറായി; 97000യൂദന്മാർ അടിമകളായി പിടിക്കപ്പെട്ടു.

യുദ്ധകാലത്ത് ഈശ്വരനിയോഗമനുസരിച്ച് പെല്ലായിലെ മലംപ്രദേശത്തു വസിച്ചിരുന്ന ക്രിസ്ത്യാനികൾ കലാപം അവസാനിച്ചപ്പോൾ നാശവിധേയമായ ജറൂസലമിലേയ്ക്കു തിരിച്ചുവന്നു. എന്നാല് യൂദന്മാർ വിപ്ലവങ്ങൾ തുടർന്നുകൊണ്ടേ ഇരുന്നു. തത്ഫലമായി എ. ഡി. 131–135ല് വീണ്ടും ഒരു സംഹാരവേട്ടയുണ്ടായി. യഹൂദവംശത്തില്പ്പെട്ടവരെല്ലാം ജറൂസലമില്നിന്നു നിഷ്കാസിതരാവുകയും ഹഡ്റയാൻചക്രവത്തി പുതിയ ഒരു നഗരം അവിടെ പണികഴിപ്പിക്കുകയുംചെയ്തു. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദർ അവരുടെ ഹൃദയനീചത്വം ഹേതുവാല് അന്നുമുതൽ ലോകമെല്ലാം അലഞ്ഞുതിരികയത്രേ ചെയ്യുന്നത്. അവക്കു ഒരു നേതാവോ ഒരു ബലിപീഠമോ ഇല്ല. ജറൂസലേം ദേവയാലത്തിന്റെ നാശത്തോടുകൂടി പഴയനിയമാചാരങ്ങളും അന്തർദ്ധാനംചെയ്തു. ഇന്നാകട്ടെ കത്തോലിക്കാവൈദികർ "രക്തം ചിന്താത്ത ബലി" ലോകത്തിന്റെ നാനാഭാഗങ്ങളിലും അർപ്പിക്കുന്നു; ജറൂസലത്തിനുപകരം റോമാ ആദ്ധ്യാത്മികജീവന്റെ കേന്ദ്രമായി പരിലസിക്കുന്നു.

2. ഡൊമിഷ്യന്റെ മതപീഡനം:– നീറോയുടെ മരണാനന്തരം ഒരു മൂന്നു ദശവഷത്തേയ്ക്കു ക്രിസ്ത്യാനികൾ മിക്കവാറും സമാധാനമായികഴിഞ്ഞുകൂടി. എന്നാല് പൊതുജനങ്ങളിലും ഉദ്യോഗസ്ഥന്മാരിലും നിന്ന് പ്രാദേശികപീഡനങ്ങൾ സഹിക്കാതെയുമിരുന്നില്ല. അങ്ങനെയിരിക്കുമ്പോൾ ഡൊമീഷ്യൻ ചക്രവത്തി എ. ഡി. 95–ല് രണ്ടാമത്തെ രാജകീയമതപീഡനമാരംഭിച്ചു. ഇത്തവണ "നിരീശ്വരത്വ"വും "അന്ധവിശ്വാസവു"മായിരുന്നു ക്രിസ്ത്യാനികളുടെ കുററങ്ങൾ. സമ്രാട്ടിന്റെ ബന്ധുക്കളായ പല ഉന്നതോദ്യോഗസ്ഥന്മാർപോലും അദ്ദേഹത്തിന്റെ സംഹാരാഗ്നിയില് ആഹുതി ചെയ്യപ്പെട്ടു. വി. യോഹന്നാനെ തിളയ്ക്കുന്ന എണ്ണയില് എറിഞ്ഞെങ്കിലും അദ്ദേഹം അക്ഷതനായി പുറത്തുവന്നു. തന്നിമിത്തം അദ്ദേഹത്തെ ഉടൻ പാത്മോസ് ദ്വീപിലേയ്ക്കു നാടുകടത്തി. അവിടെ വെച്ചാണു് "വെളിപാട്" എന്ന ദിവ്യഗ്രന്ഥത്തില് പ്രതിപാദിതമാ

14205

യിരിക്കുന്ന ആവിഷ്കരണം അദ്ദേഹത്തിനുണ്ടായതു്. എ. ഡി. 96-ല് ഡൊമീഷ്യൻ ഹതനായതുമൂലം ബഹിഷ്കൃതരായ ക്രിസ്ത്യാനികൾ തിരിച്ചു വിളിക്കപ്പെട്ടപ്പോൾ വി. യോഹന്നാൻ എഫേസൂസില് വീണ്ടും വാസമുറപ്പിച്ചു. മിശിഹായുടെ ദൈവത്വത്തെ നിഷേധിച്ച ചില പാഷണ്ഡികളുടെ വാദമുഖങ്ങളെ ഖണ്ഡിക്കുന്നതിനാണു് അദ്ദേഹം സുവിശേഷമെഴുതിയതു്. സ്നേഹത്തിന്റെ ഈ പ്രേഷകൻ 101-ല് ചരമമടഞ്ഞു.

3. <u>ട്രാജന്റെ മതപീഡനം:-</u> ഏതാനുംനാളത്തേയ്ക്കു് വീണ്ടും പൊതുശാന്തത കളിയാടി. എന്നാലും ക്രിസ്തീയവിരുദ്ധമായ ജനകീയ വിപ്ലവങ്ങൾ മൂലം തിമോത്തി മുതലായ മഹാത്മാക്കൾ രക്തസാക്ഷിമകുടം ചൂടി. ബുദ്ധിമാനും ധീരനുമായ ട്രാജൻ 98-ല് ചക്രവൎത്തിയായി. ക്രിസ്ത്യാനികളെ പീഡിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടെ എല്ലാ നിശാകാലസമ്മേളനങ്ങളും അയാൾ നിരോധിച്ചു. എന്നാല് ക്രിസ്ത്യാനികൾക്കു് ദിവ്യബലിയൎപ്പണം അപ്പോൾ മാത്രമേ നടത്തുവാനും കഴിഞ്ഞിരുന്നുള്ളൂ. ഏതന്മൂലം വീണ്ടും പീഡനം സകല ഉഗ്രതയോടുംകൂടി സമാരബ്ധമായി. ഇക്കാലത്തു് ബിഥീനിയായിലെ ഗവൎണ്ണരായിരുന്ന ഇളയപ്ലീനി ക്രിസ്ത്യാനികളോട്ട് അനുവൎത്തിക്കേണ്ട നയത്തില് മാൎഗ്ഗനിർദ്ദേശം അവശ്യപ്പെട്ടുകൊണ്ടു് ട്രാജന് ഒരു കത്തെഴുതി. "ക്രിസ്ത്യാനികൾ ക്രിസ്തുവിനു് സ്തോത്രഗീതങ്ങൾ ആലപിക്കുന്നു. നഗരഗ്രാമഭേദമെന്യേ എല്ലായിടവും അവരാല് നിബിഡമായിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാല് നമ്മുടെ ദേവാലയങ്ങൾ വിജനങ്ങളായി ബ്ഭവിച്ചിരിക്കുന്നുവെന്നുവേണം പറയുവാൻ. മേല്പറഞ്ഞ അന്ധവിശ്വാസമൊഴിച്ചാല് അവർ നിരപരാധികളാണു്" ഇതായിരുന്നു പ്ലീനിയുടെ കത്തിന്റെ സാരം. ക്രിസ്ത്യാനികളെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ടതില്ലെന്നും ആരെങ്കിലും ക്രിസ്ത്യാനിയെന്നു വെളിപ്പെട്ടാല് അവനെ മരണാധീനനാക്കിയാല് മതിയെന്നുമുള്ള വിചിത്രവും യുക്തിഹീനവുമായ മറുപടിയാണു് ട്രാജൻ ഇതിനു നല്കിയതു്!! തന്മൂലം ക്രിസ്ത്യാനികൾ പ്രാദേശികാധികാരികളുടേയും ശത്രുജനങ്ങളുടേയും സ്വേച്ഛാപ്രവൎത്തനത്തിനുള്ള ബലിസാധനങ്ങളായിത്തീൎന്നു. നാലാമത്തെ മാൎപ്പാപ്പയായിരുന്ന വി. ക്ലമെന്റു്, അന്ത്യോഖ്യായിലെ മെത്രാനായിരുന്ന വി. ഇഗ്നേഷ്യസ്, ജറൂസലേം മെത്രാനായ വി. ശിമെയോൻ ഇവരായിരുന്നു തൃതീയ പീഡനത്തിലെ പ്രധാന രക്തസാക്ഷികൾ. വി. ഇഗ്നേഷ്യസ് സിംഹങ്ങൾക്കിരയായും വയോവൃദ്ധനായ വി. ശിമെയോൻ കുരിശില് തൂങ്ങിയുമാണു് മൃതിയടഞ്ഞതു്.

ഹഡ്റിയാൻ ചക്രവൎത്തി നവീനാജ്ഞകളൊന്നും പുറപ്പെടുത്തിയില്ലെങ്കിലും ട്രാജന്റെ ശാസനകൾ പിൻവലിച്ചില്ല. അതിനാല് പീഡനം തുടൎന്നുകൊണ്ടേ ഇരുന്നു. എന്നാല് ചില ഗവൎണ്ണർമാരുടേയും ക്രിസ്ത്യാനിപ്രമുഖന്മാരുടെയും അപേക്ഷയനുസരിച്ചു്, ക്രിസ്ത്യാനികളെ വിസ്താരംകൂടാതെ ശിക്ഷിക്കരുതെന്നു് ഒരു നിയമമുണ്ടാക്കി. സ്ഥൈര്യരഹിതനായ സമ്രാട്ട് ഏറെത്താമസിയാതെ പീഡനം ആവൎത്തിക്കുന്നതിനനുവദിച്ചു. വി. സിംഫ്റോസായും അവളുടെ ഏഴു പുത്രന്മാരും തന്നിമിത്തം വേദ

സാക്ഷികളായി. ഹഡ്റിയാൻ ജറൂസലേമില് ചെയ്ത വിക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഹഡ്റിയാന്റെ പിൻഗാമിയായ അന്റോനിയസ് ക്രിസ്ത്യാനികളോട് ദയാപൂർവ്വം പെരുമാറി. വിശ്വാസത്തിനുവേണ്ടി മാത്രം ക്രിസ്ത്യാനികളെ പിടിപ്പിക്കുന്നവരെ അദ്ദേഹം ശിക്ഷാർഹരാക്കി. പക്ഷേ ഇതുകൊണ്ടൊന്നും വലിയ പ്രയോജനമുണ്ടായില്ലെന്നു മാത്രം.

ഇതിനിടയില് ക്രിസ്തീയപ്രേഷകരുടെ നിരന്തപരിശ്രമവും ക്രിസ്ത്യാനികളുടെ അലൌകികമായ ജീവിതവിശുദ്ധിയും നിമിത്തം സത്യസഭ റോമാസാമ്രാജ്യത്തിനു പുറത്തും ദൃഢമൂലമായി. സ്പെയിൻ, ബ്രിട്ടൺ, ജർമ്മനി എന്നീ പാശ്ചാത്യദേശങ്ങളില്, അതു വ്യാപിക്കയും പേർഷ്യാ ഇൻഡ്യാ മുതലായി നാമമാത്രമായി മാത്രം ക്രിസ്ത്യാനികൾ ഉണ്ടായിരുന്ന പൌരസ്ത്യദേശങ്ങളില് അതു പ്രവൃദ്ധമാകുകയും ചെയ്തു. തന്നെയുമല്ല, ക്രിസ്ത്യാനികളുടെ ഇടയില് തലയുയർത്തിയ ചില അബദ്ധബോധകന്മാരെ സഭയില്നിന്നു യഥാകാലം ബഹിഷ്കരിക്കയുമുണ്ടായി.

4. <u>മാർക്കൂസ് ഔരേലിയസിന്റെ മതപീഡനം</u>:- എ. ഡി. 161ല് സിംഹാസനാരോഹണം ചെയ്ത മാർക്കൂസ് ഔരേലിയസ് ചക്രവർത്തിയുടെ കാലത്താണ് നാലാമത്തെ മതപീഡനം നടന്നതു്. തത്വജ്ഞാനിയെന്ന് ചരിത്രപ്രകീർത്തിതനായ ഔരേലിയസ് ഒരു തികഞ്ഞ അന്ധവിശ്വാസിയും വിഗ്രഹാരാധകനുമായിരുന്നു. ക്രിസ്ത്യാനികളെ ഭക്തിരഹിതരായ ഒരു കൂട്ടം മതഭ്രാന്തരായിട്ടാണ് അയാൾ കരുതിയതു്. റോമൻരാഷ്ട്രത്തിന്റെ ശത്രുക്കളായ അവരെ അമർത്തേണ്ടതു് സ്വകർത്തവ്യമായികരുതി അവരെ പിടിപ്പിക്കുന്നതിന് സാമ്രാജ്യമാസകലമുള്ള അധികാരികൾക്ക് ആജ്ഞ നല്കി. റോമിലും ഏഷ്യാമൈനറിലുമായിരുന്നു പീഡനം ഏററം രൂക്ഷമായിരുന്നതു്. റോമില് വി. ജസ്റ്റിൻ, വി. സിസിലിയാ മുതലായവർ നിഹനിക്കപ്പെട്ടു. സ്മിർണായിലെ മെത്രാനും വി. യോഹന്നാന്റെ ശിഷ്യനുമായ വി. പൊളികാർപ്പിനെ ജീവനോടെ ദഹിപ്പിച്ചുകളഞ്ഞു.

റോമൻസേനയിലെ ക്രൈസ്തവഭടന്മാരുടെ പ്രാർത്ഥനാഫലമായുണ്ടായ ഒരദ്ഭുതം മൂലം ഈ മഹാമർദ്ദനത്തിന് ഒരു താത്കാലിക ശമനമുളവാകാതിരുന്നില്ല. ചക്രവർത്തിയും സൈന്യങ്ങളും ബൊഹീമിയൻ പർവ്വതനിരകൾക്കിടയിൽ വെച്ച് ഒരിക്കല് (എ. ഡി. 174) പ്രബലരായ ശത്രുക്കളാല് വളയപ്പെട്ടു. തന്നെയുമല്ല ഭക്ഷണസാധനങ്ങൾ ഇല്ലാതെ വലഞ്ഞു/അവർ ഉഗ്രമായ ഗ്രീഷ്മർത്തുവില് ജലംപോലും ലഭിക്കാതെ കുഴങ്ങി. ക്രിസ്ത്യൻഭടന്മാർ പ്രാർത്ഥിച്ചു; ആകാശം കാർമേഘാവൃതമായി, മഴ ധാരധാരയായി വർഷിച്ചു, പടത്തൊപ്പികളില് ജലം ശേഖരിച്ച് പടയാളികളും അവരുടെ അശ്വങ്ങളും പാനം ചെയ്തു. ഈ അനുകൂലാവസരത്തെ പ്രയോജനപ്പെടുത്താൻ ശ്രമിച്ച ശത്രുക്കൾക്ക് കൊടുങ്കാററും ഇടിയും മിന്നലുമാണ് സമ്മാനമായി ലഭിച്ചതു്. ശത്രുസൈന്യം പരാജിതമായി. കൃതജ്ഞനായ ചക്രവർത്തി ക്രിസ്ത്യാനികളെ മേലാല് ഉപദ്രവിച്ചുപോകരുതെന്ന് കല്പനയും കൊടുത്തു.-

ഏതായാലും മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ മർദ്ദനം പുനരാരംഭിച്ചു. ഇത്തവണ ഫ്റാൻസിലായിരുന്നു അതു ശക്തി പ്രാപിച്ചതു്. ലയൺസിലെ പ്രഥമമെത്രാനായ മോതിനസ്, ഒരടിമയായിരുന്ന വി. ബ്ളാൻഡിനാ, വി. സി. ഫ്റോണിയസ് മുതലായവരാണു് അവിടത്തെ പ്രമുഖ രക്തസാക്ഷികൾ. റോമില് രക്തസാക്ഷിണിയായ വി. സിസിലായുടെ മൃതദേഹം 1300 കൊല്ലങ്ങൾക്കു ശേഷവും അക്ഷയമായി കാണപ്പെട്ടു.

5. <u>സെവേരുസിൻെറ മതപീഡനം:-</u> ഔറേലിയസ് 180-ല് നിര്യാതനായി. വീണ്ടും കുറെക്കാലത്തേയ്ക്കു് ക്രിസ്ത്യാനികൾ സമാധാനമനുഭവിച്ചു. അങ്ങനെയിരിക്കെ 193-ല് സെപ്ത്രുസ് ചക്രവർത്തിപദം സ്വീകരിച്ചു. ഒരു ക്രിസ്തീയ ഭിഷഗ്വരൻ മൂലം ലഭിച്ച രോഗശമനം മുതലായി വ്യക്തിപരവും രാഷ്ട്രീയവുമായ കാരണങ്ങളാല് ആദ്യകാലങ്ങളില് ക്രിസ്ത്യാനികളോട് അയാൾ അനുകമ്പ പ്രദർശിപ്പിക്കയത്രേ ചെയ്തതു്. എങ്കിലും പൂർവ്വന്മാരുടെ ശാസനങ്ങൾ നിലവിലിരുന്നതുകൊണ്ടു് പ്രഭുക്കൾ ക്രിസ്ത്യാനികളെ ഉപദ്രവിച്ചുകൊണ്ടുതന്നെയിരുന്നു. ക്രിസ്ത്യാനികളുടെ വർദ്ധനവും ചക്രവർത്തിനിയുടെ ദുഷ്പ്രേരണയും നിമിത്തം, ക്രിസ്തുമതമോ യഹൂദമതമോ ആരും സ്വീകരിച്ചുപോകരുതെന്നു് ഒരു കല്പന 202-ല് അയാൾ പുറപ്പെടുവിച്ചു. തത്ഫലമായ മതപീഡനം അതിൻെറ സകല ക്രൂരതയോടുംകൂടി നടമാടാൻ തുടങ്ങി. കാർതേജില് പെർപെതുവാ, ഫെലിസിറ്റാ എന്നിങ്ങനെ രണ്ടു വിവാഹിതരായ വനിതാരത്നങ്ങളും, പ്രസിദ്ധ ശാസ്ത്രജ്ഞനായ ഓരിജൻെറ പിതാവായ ലെയോണിഡാസും വധ്യരായവരില് പ്രധാനികളാണു്. ഈജിപ്തിലെ വി. പൊത്താമിയന്നായുടെ മരണം അവളുടെ പീഡകന്മാരെപ്പോലും മാനസാന്തരപ്പെടുത്തിയത്രേ! ഫ്റാൻസിലാകട്ടെ ലയൺസിലെ മെത്രാനായ വി. ഇരനേയോസിൻെറ പരിശ്രമത്താല് ആ നഗരം മുഴുവൻ ക്രിസ്തീയമായിരുന്നു. തന്നിമിത്തം അതിനെ വളഞ്ഞു് തന്നിവാസികളെ മുഴുവൻ നിഹനിക്കുവാൻ ചക്രവർത്തി സൈന്യത്തിനു് ആജ്ഞ കൊടുത്തു. അങ്ങനെ വി. ഇരനേയോസും അബലാമണികളേയും ബാലഗണത്തേയും കൂടാതെതന്നെ 19000 ആളുകളും രക്തസാക്ഷിമകുടം ചൂടി.

6. <u>മാക്സിമിൻെറ മതപീഡനം:-</u> സെവ്രുസിൻെറ കാലശേഷം ഒരു രണ്ടു വ്യാഴവട്ടക്കാലത്തേയ്ക്കു് പറയത്തക്ക പീഡനമൊന്നുമുണ്ടായില്ല. 222–235 വരെ സാമ്രാജ്യം ഭരിച്ച അലക്സാണ്ടർ ചക്രവർത്തി ക്രിസ്തുവിനെയും അദ്ദേഹത്തിൻെറ മതത്തെയും ആദരിച്ചുപോന്നു. "അന്യൻ എങ്ങനെ നിന്നോടു വർത്തിക്കണമെന്നു നീ ആഗ്രഹിക്കുന്നുവോ, അതുപോലെ നീ അവരോടു ചെയ്യുക" എന്ന വേദസൂക്തം അദ്ദേഹത്തിൻെറ കൊട്ടാരഭിത്തികളില് ലേഖനം ചെയ്യുകയും ക്രിസ്തുവിൻെറ പ്രതിമയും റോമൻ വിഗ്രഹങ്ങളുടെ കൂട്ടത്തില് അദ്ദേഹത്തിൻെറ രഹസ്യാരാധനസ്ഥലത്തു സ്ഥാപിക്കുകയും ചെയ്തു. ത്രേഷ്യാക്കാരനായ മാക്സിമിൻ ഗുണവാനായ ഇദ്ദേഹത്തെ വധിച്ചു 235-ല് ചക്രവർത്തിപദം അപഹരിച്ചു. ഈ ദുഷ്ടാഗ്രണിയാണു് ആറാമത്തും ഒരു മതപീഡനമുണ്ടാക്കിത്തീർത്തതു്.

ക്രിസ്ത്യൻ ജനസാമാന്യത്തെ കൊന്നൊടുക്കിയാല് സാമ്രാജ്യം വിജനമായേക്കുമോ എന്നു ഭയന്നു് മെത്രാന്മാരുടേയും, വൈദികരുടേയും നേരെയാണ് അയാൾ സംഹാരയന്ത്രം പ്രയോഗിച്ചതു്. മാര്പ്പാപ്പായായ വി. പൊന്തിയാനസും അദ്ദേഹത്തിന്റെ രണ്ടു പിൻഗാമികളും ഇപ്രകാരം വധിക്കപ്പെട്ടു. സാമ്രാജ്യത്തിലുണ്ടായിരുന്ന സകല ക്രിസ്തീയ ദേവാലയങ്ങളും അയാൾ അഗ്നിക്കിരയാക്കി.

7. ഡേഷ്യന്റെ മതപീഡനം:- മാക്സിമിൻ മൂന്നുകൊല്ലമേ ഭരണം നടത്തിയുള്ളു. അനന്തരം അയാൾ സ്വന്തം ഭടന്മാരാല്തന്നെ വധിക്കപ്പെട്ടു. പിന്നീട് 249-ല് ഡേഷ്യസ് ചക്രവര്ത്തിയാകുന്നതുവരെ കാര്യമായ മതമര്ദ്ദനമൊന്നുമില്ലായിരുന്നു. ഇങ്ങനെ മാക്സിമിന്റെ ഹ്രസ്വപീഡനമൊഴിച്ചാല് ഏകദേശം 38 കൊല്ലത്തോളം നീണ്ടുനിന്ന ശാന്തത ക്രിസ്തുമതത്തെക്കുറിച്ചുള്ള പല മുൻവിധികളും തിരോധാനം ചെയ്യുന്നതിനും സഭ വിസ്തൃതമാകുന്നതിനും കാരണമായി; എന്നാല് വിശ്വാസികളുടെയിടയില് ഭക്തിതീക്ഷ്ണത അല്പം മന്ദീഭവിക്കാതിരുന്നില്ല. തന്നിമിത്തം "സ്വസഭയെ പവിത്രീകരിക്കുന്നതിനായി വീണ്ടും ദൈവം മതപീഡനമനുവദിച്ചു." ക്രിസ്തുമതത്തെ സാമ്രാജ്യത്തില്നിന്നും സമൂലം പിഴുതെറിയണമെന്നുള്ള ഡേഷ്യന്റെ അത്യാശയായിരുന്നു സപ്തമമര്ദ്ദനത്തിനു കാരണം. ക്രിസ്ത്യാനികൾ എല്ലാം മതമുപേക്ഷിച്ചുകൊള്ളണമെന്നു" അനുശാസിക്കുന്ന ഒരു ആജ്ഞ അയാൾ പുറപ്പെടുവിച്ചു. അതു നടപ്പില് വരുത്തുന്നതിനായി നവീനങ്ങളായ പലേ പീഡനവിധികളും അയാൾ പ്രയോഗിക്കുകയും ചെയ്തു. സംഖ്യാതീതമായ വിധത്തില് സഭാംഗങ്ങൾ അവസ്ഥിരയായിത്തീർന്നു. വി. ഫബിയാനോസ് മാർപാപ്പാ, അന്ത്യോക്യായിലേയും ജറുസലമിലേയും മെത്രാന്മാരായ ബാബിലാസും, അലക്സാണ്ടറും, റോമിലെ വി. വിക്ടോറിയാ, വി. അഗാത്താ മുതലായവരാണ് ഇത്തവണത്തെ പ്രധാന രക്തസാക്ഷികൾ. ഓറിജൻ ഇതിനിടയ്ക്കനുഭവിച്ച പീഡകളുടെ ഫലമായി അദ്ദേഹം വിനാവിളംബം കഥാവശേഷനായി. മററു ചിലരാകട്ടെ നാനാദേശങ്ങളിലായി ചിതറിപ്പോയ വിശ്വാസികളുടെ സംരക്ഷണത്തിനുവേണ്ടി അരണ്യങ്ങളില് അഭയം തേടി. അദ്ഭുതപ്രവര്ത്തകനായ വി. ഗ്രിഗറി, വി. ഡെനിസ്, വി. സിപ്രിയാൻ മുതലായവർ ഇതിലുൾപ്പെടുന്നു. താപസനായ വി. പൌലോസ് ഇങ്ങനെ വനാന്തരംഗത്തില് പ്രവേശിക്കുകയും 115 വയസ്സുവരെ ഏകാന്തജീവിതം നയിക്കുകയും ചെയ്തു. ചില വിശ്വാസികളും, വൈദികരും ചുരുക്കം ചില മെത്രാന്മാർപോലും തിരുസ്സഭയെ ത്യജിക്കാനിടയായിയെന്നുള്ളതു് ഏഴാമത്തെ മതപീഡനത്തിന്റെ ദുഃഖകരമായ ഒരു വശമാണ്. ഡേഷ്യസിന്റെ പിൻഗാമികൾ പീഡനങ്ങൾ തുടര്ന്നു; മാർപാപ്പാമാരായ കൊർണേലിയസും, ലൂഷ്യസും അതിനു വിധേയരായി മരിച്ചു.

8. വലേരിയന്റെ മതപീഡനം:- എട്ടാമത്തെ മതമര്ദ്ദനത്തിന്റെ പ്രയോക്താവ് വലേരിയൻ ചക്രവര്ത്തിയാണ്. 253-ല് സിംഹാ

സനാത്രുഢനായ അയാൾ ഒരു നാലുവത്സരത്തോളം ക്രിസ്ത്യാനികളോട് കാരുണ്യപൂർവ്വം പെരുമാറി. എന്നാല് ദുഷ്ടബുദ്ധികളായ സ്തുതിപാഠകന്മാരാല് പ്രേരിതനായി. മെത്രാന്മാരെയും വൈദികരേയും രാജ്യഭ്രഷ്ടരാക്കുന്നതും, അന്തർഭൌമാലയസമ്മേളനങ്ങൾ നിരോധിക്കുന്നതുമായ ഒരു ശാസനം പ്രഖ്യാപനം ചെയ്തു. ഇതു വിഫലമായപ്പോൾ വൈദികസ്ഥാനികളെ നിഗ്രഹിക്കുന്നതിനും, ക്രിസ്തീയോദ്യോഗസ്ഥരേയും, രാജകുടുംബാംഗങ്ങളേയും നിഷ്കാസനം ചെയ്ത് അടിമകളാക്കുന്നതിനും ആജ്ഞാപിച്ചു. വി. സ്റ്റീഫൻ, സെക്സ്തൂസ് എന്നീ പാപ്പാമാരും, വി. സിപ്രിയാൻ, വി. ലൌറന്തിയോസ്. എന്നിവരും വലേരിയന്റെ കോപാഗ്നിയില് ദഹിച്ചു. ക്രിസ്തുമതം ഉപേക്ഷിക്കായ്കയാല് അജ്ഞാനിയായ സ്വപിതാവില് ത്യക്തനായ സിറില് എന്ന കേസറിയാക്കാരൻ ബാലൻ, ന്യായാധിപന്റെ തന്ത്രങ്ങളും, ഭയപ്പെടുത്തലും തൃണവദ്ഗണിച്ചും, പീഡനസാമഗ്രികൾ ദർശിച്ചു മന്ദഹസിച്ചും രക്തസാക്ഷിത്വംവരിച്ച സംഭവമായിരുന്നു ഏററവും അദ്ഭുതാവഹം. വലേരിയനെ പേർഷ്യൻ രാജാവായ സാഫോർ ബന്ധനസ്ഥനാക്കി, അദ്ദേഹത്തിനു അശ്വാരോഹണസമയത്ത് പാദപീഠമായി കുറെനാൾ ഉപയോഗിച്ചശേഷം ജീവനോടെ തൊലിയുരിയിച്ചു കൊന്നു. (260).

9. <u>ഔറേലിയന്റെ മതപീഡനം</u>:— വലേരിയന്റെ പിൻഗാമിയായ ഗലിയേനൂസ് ഒരു വിളംബരംമൂലം മെത്രാന്മാർക്ക് പ്രവർത്തനസ്വാതന്ത്ര്യമനുവദിക്കുകയും ക്രിസ്ത്യാനികൾക്ക് അവരുടെ ദേവാലയങ്ങളും ശ്മശാനങ്ങളും തിരിച്ചുകൊടുക്കുകയും ചെയ്തു. എന്നാല് മാർഷ്യനസ് എന്ന പ്രാദേശിക ഭരണാധിപൻ ഈജിപ്തിലും പൌരസ്ത്യദേശങ്ങളിലും പീഡനം അനുസ്യൂതം തുടരുകതന്നെയാണുണ്ടായത്. എങ്കിലും 262-ല് അയാൾ സ്ഥാനഭ്രഷ്ടനായി. ഇങ്ങനെ 275 വരെ തിരുസ്സഭ മിക്കവാറും സമാധാനമനുഭവിച്ചു. സ്വഭരണത്തിന്റെ അവസാനവത്സരമായ 275-ല്, ദുരുപദേശകന്മാരുടെ സ്വാധീനശക്തിക്കു വിധേയനായി, ഔറേലിയൻ ചക്രവർത്തി മതപീഡനത്തിന് ആജ്ഞ നല്കി. എന്നാല് വിളംബരം സാമ്രാജ്യാതിർത്തികളില് പ്രഖ്യാപിതമാകുന്നതിനു മുൻപുതന്നെ ഔറേലിയൻ ഹതനായി. എങ്കിലും മർദ്ദനം അദ്ദേഹത്തെ അതിജീവിക്കുകതന്നെ ചെയ്തു. തത്ഫലമായി മാർപ്പാപ്പയായ വി. ഫെലിക്സ് ഒന്നാമൻ, വി. കൊളുംബാ മുതലായവർ വേദസാക്ഷികളായി.

ഒരു ശതാബ്ദപാദത്തോളം വീണ്ടും ഉണ്ടായ ശാന്തത തിരുസ്സഭയുടെ ശീഘ്രമായ വ്യാപ്തിക്കു സഹായികമായിബ്ഭവിച്ചു. ക്രിസ്തീയപൌരന്മാർ ഭരണകൂടത്തില്പോലും, ഉന്നതസ്ഥാനങ്ങളില് അധിരോഹിതരായി. എന്നാല് നിർഭാഗ്യവശാല് സൌഭാഗ്യകാലത്ത് സാധാരണയായുണ്ടാകുന്ന ഭക്തിരാഹിത്യവും സാന്മാർഗ്ഗികാധഃപതനവും ക്രിസ്ത്യാനികളേയും ബാധിക്കാതിരുന്നില്ല. എന്തിനേറെ സഭാശുദ്ധീകരണത്തിനോ എന്നു തോന്നുമാറ് പത്താമത്തും ഒരു മതപീഡനമുണ്ടായി.

10 ഡയോക്ലേഷ്യൻെറ മതപീഡനം:– ഡയോക്ലേഷ്യൻ ചക്രവ
ൎത്തി 284–ല് സിംഹാസനാരൂഢനായി. അദ്ദേഹം മാക്സിമിയൻ എ
ന്നൊരു സഹകാരിയേയും, ഗലേറിയസ്, കോൺസ്റ്റൻഷ്യസ് എന്നി ഉ
പസമ്രാട്ടുകളേയും ഭരണഭാരലഘൂകരണത്തിനായി സ്വീകരിച്ചു. പൌര
സ്ത്യഭാഗങ്ങളുടെ അധിപനായ ഡയോക്ലേഷ്യൻ ഒരു പതിനെട്ടുകൊല്ല
ത്തേയ്ക്കു ക്രിസ്ത്യാനികളെ ഒരു വിധത്തിലും ഉപദ്രവിച്ചില്ല. എന്നാല് ഇ
റ്റലിയും ആഫ്രിക്കയും ഭരിച്ചിരുന്ന മാക്സിമിയനും ഡാന്യൂബ്യഭാഗങ്ങളു
ടെ ഭരണകൎത്താവായ ഗലേറിയസും ക്രിസ്തീയമൎദ്ദനം അവശ്യാനുഷ്ഠേയ
മായികരുതി. 286–ല് വി. മാവുരീസിൻെറ കീഴിലുണ്ടായിരുന്ന "തീ
ബൻസംഘം" എന്ന ക്രിസ്തീയസൈന്യവിഭാഗത്തെ മാക്സിമിയൻ ഒന്നൊ
ടങ്കം കൊന്നൊടുക്കി. പാശ്ചാത്യഭാഗങ്ങളുടെ യജമാനായ കോൺസ്റ്റൻഷ്യ
സ് മാത്രം സ്വഹസ്തങ്ങൾ ക്രസ്തീയനിണപങ്കിലമാക്കിയില്ല. ദുൎബ്ബുദ്ധിയാ
യ ഗലേരിയസ് ഡയോക്ലേഷ്യനെ ഒരു പൊതുമതപീഡനം ആരംഭിക്കുന്ന
തിനു് പ്രോത്സാഹിപ്പിച്ചു. 303–ല് ദേവാലയങ്ങളെ നശിപ്പിക്കുന്ന
തിനും, വേദപുസ്തകത്തെ ദഹിപ്പിക്കുന്നതിനും, ക്രസ്ത്യാനികളെ അധിക്ഷേ
പിച്ച് അടിമകളാക്കുന്നതിനും ഡയോക്ലേഷ്യൻ ഒരു ശാസനപുറപ്പെടു
ത്തി. രാജ്യത്തിൻെറ ചില ഭാഗങ്ങളിലുണ്ടായ ജനകീയവിപ്ളവങ്ങൾ
ക്രസ്ത്യാനികളുടെമേല് ആരോപിച്ചുകൊണ്ട് മെത്രാന്മാരെയും വൈദിക
രെയും കാരാഗൃഹത്തിലടയ്ക്കുന്നതിനും വധിക്കുന്നതിനും രണ്ടു കല്പനകൾ
കൂടെ അയാൾ നടപ്പില് വരുത്തി. 304-ല് ഇതു് സകലക്രസ്ത്യാനികൾക്കും
ബാധകമാക്കുകയും ചെയ്തു. ഇതിൻെറ ഫലമായി ആദ്യത്തെ ഒരുമാസം
കൊണ്ടുതന്നെ ഏകദേശം 17000 പേർ രക്തസാക്ഷികളായത്രേ. പീഡന
ത്തിൻെറ ഉഗ്രതകൊണ്ടും കാലദൈൎഘ്യംകൊണ്ടും ഈ അവസാനത്തെ മ
തമൎദ്ദനം നിസ്തുലമായിരുന്നു. അഗ്നികുണ്ഡങ്ങളുടെ ഉപരിഭാഗത്തു് വി
ശ്വാസികളെ തലകീഴായി കെട്ടിത്തൂക്കുക, ജീവനോടെ തോലുരിക്കുക,
ഈയ്യം ഉരുക്കി മുറിവുകളിലൊഴിക്കുക മുതലായവ പീഡനവിധികളില്
ചിലതുമാത്രമായിരുന്നു. എന്തിനേറെ സാമ്രാജ്യംമുഴുവൻക്രസ്തീയരക്തത്തില്
മജ്ജനംചെയ്തു. ഫ്റിജിയായിലെ ഒരു ക്രിസ്തീയനഗരത്തെ തന്നിവാസി
കളുടക്കം അഗ്നിക്കിരയാക്കി. വി. സെബാസ്റ്റ്യൻ, ഡൊരത്തേവൂസ് മുത
ലായ സൈനികമേധാവികളും, വി. പംക്രേഷ്യസ് കസുമോസ്, ഡാമിയൻ
മുതലായവരും വി. ആഗ്നസ്, ലൂഷ്യാ, ക്രിസ്റ്റീനാ തുടങ്ങിയ കന്യക
ളും ഇക്കാലത്തെ പ്രധാനവേദസാക്ഷികളത്രേ. പാശ്ചാത്യഭാഗങ്ങളിലും
ദേശീയാധികാരികളുടെ വിക്രിയകൾക്കു വിധേയരായി വി. അല്ബൻ
വി. വിൻസെൻറ് മുതലായവർ മൃതിയടഞ്ഞു.

305–ല് ഗലേറിയസ് ഡയക്ലേഷ്യനേയും, മാക്സിമിയനേ
യും സ്ഥാനഭ്രഷ്ടരാക്കി അവരുടെ രാജ്യഭാഗങ്ങളും സ്വായത്തമാക്കിയശേ
ഷം മാക്സിമിൻ രണ്ടാമൻെറ സഹായത്തോടെ മതപീഡനം പൂൎവ്വാധി
കംകാഠിന്യത്തോടെതുടൎന്നു. 311–ല് അയാൾ ദുസ്സഹദുഃഖദായകമായ ഒരുമ
ഹാവ്യാധിക്കു വിധേയനായി. ക്രിസ്ത്യാനികളുടെ ദൈവത്തിൻെറ പ്രതി

കാരഹസ്യം അവരുടെമേല് പതിച്ചതായി അയാൾക്കുതോന്നി. മർദ്ദനശാസനങ്ങളെല്ലാം പിൻവലിക്കയും രാജ്യത്തിനും രാജാവിനുംവേണ്ടി പ്രാർത്ഥിക്കുവാൻ ക്രിസ്ത്യാനികളോടപേക്ഷിക്കയും ചെയ്തു. എങ്കിലും താമസിയാതെ ഗലേറിയസ് മൃതിയടഞ്ഞു. മാക്സിമിൻ ഡീരീയൻ 313-ലും കാലഗതി പ്രാപിച്ചു. ഇങ്ങനെ അവസാനത്തെ പീഡനവും സമാപ്തമായി.

അന്തർഭൌമാലയങ്ങൾ:- മതപീഡനകാലങ്ങളില് ക്രിസ്ത്യാനികൾ ദൈവാരാധനാസമ്മേളനങ്ങൾ നടത്തിയിരുന്നത് "അന്തർഭൌമാലയങ്ങളിലായിരുന്നു. റോമാ, നേപ്പിൾസ്, അലക്സാണ്ട്റ്യാ മുതലായ സ്ഥലങ്ങളില് അവ കാണ്മാനുണ്ട് ഇവയുടെ ഭിത്തികളിലാണ് രക്തസാക്ഷികളുടെ മൃതശരീരങ്ങളും പൂജ്യാവശിഷ്ടങ്ങളും സംസ്കരിച്ചിരുന്നത്. ഒരു രക്തസാക്ഷിയുടെ ശവകുടീരത്തിൽ അദ്ദേഹത്തിൻെറ അല്പംരക്തം ഒരു ചെറുപാത്രത്തില് നിക്ഷേപിക്ക പതിവായിരുന്നു. റോമൻ ഭിത്തികൾക്കു പുറവും തന്നെ ഏകദേശം നാല്പതോളം അന്തർഭൌമാലയങ്ങളുണ്ട്. അവയുടെ ആകെനീളം 900 മൈലോളമാണ്! അവിടെ അൻപതുലക്ഷത്തിനുമേല് പ്രേതാലയങ്ങളുമുണ്ടത്രേ! തിരുസ്സഭയുടെ അഭംഗമായ വിശ്വാസതത്വങ്ങൾക്കും പൂർവ്വികാചാരങ്ങൾക്കും അനിഷേധ്യവും പ്രത്യക്ഷവുമായ ലക്ഷ്യങ്ങൾ ഇവിടെക്കാണാം.

എ. ഡി. 64-ല് തുടങ്ങിയ മതപീഡനം, അന്തരാന്തരായുള്ള ഹ്രസ്വകാലശാന്തതകളോടുകൂടി 313 വരെ നീണ്ടുനിന്നു. സമാധാനകാലങ്ങളൊഴിച്ചാല് 129 വത്സരത്തോളം നിതാന്തഘോരമായ പീഡനമാണ് നടമാടിയത്. ദുർവൃത്തരായ യഹൂദപുരോഹിതന്മാരുടെ കശാപ്പുകത്തിയുടെ കീഴില്നിന്ന് പ്രവൃദ്ധതേജസ്സായി പുറത്തുവന്ന അവളുടെ ആത്മനായകനെപ്പോലെ നാരകീയകിങ്കരന്മാരായ റോമൻ സമ്രാട്ടുകളുടെ സംഹാരയത്നത്തെ വൃഥാവിലാക്കി തിരുസ്സഭാംബിക വിജയശ്രീലാളിതയായി. "ഹേമ്നഃ സംലക്ഷ്യതേഹ്യഗ്നൗ വിശുദ്ധിശ്ശ്യാമികാപിവാ" എന്ന തത്വമനുസരിച്ച് മർദ്ദനാഗ്നിയില് അവളുടെ ദിവ്യത്വം അനിഷേധ്യമായി പ്രത്യക്ഷപ്പെട്ടു. വിശ്വാസത്തിനുവേണ്ടി സ്വമനസ്സാ ആത്മാർപ്പണം ചെയ്യുന്ന ഇമ്മാതിരി പരസഹസ്രം അനുയായികളെ ഭൂമുഖത്തു് ഏതൊരു മതത്തിനു ചൂണ്ടിക്കാണിക്കാൻ കഴിയും? മരണവക്ത്രത്തിലും മതം പ്രസംഗിച്ച് പീഡകരെപ്പോലും മാനസാന്തരപ്പെടുത്താനും, അദ്ഭുതാവഹമായ ക്ഷമയോടെ തീവ്രയാതനകൾ അനുഭവിപ്പാനും അഭൌമമായ ഒരു ശക്തിവിശേഷം ആവശ്യമല്ലയോ? രക്തസാക്ഷികളുടെ നിണം ക്രിസ്ത്യാനികളുടെ വിത്തായിപ്പരിണമിക്കയത്രേ ചെയ്തത്. മതപീഡനങ്ങൾ അവസാനിച്ചപ്പോൾ തിരുസ്സഭ പൂർവ്വാധികം സമൃദ്ധമായിരുന്നു; അവൾക്ക് ലക്ഷക്കണക്കിനു വേദസാക്ഷികളെ ലഭിക്കയും ചെയ്തു. പീഡകന്മാരെല്ലാം നീചനീചമായ വിധത്തില് മരണമടഞ്ഞു. സാമ്രാജ്യം ബാഹ്യാക്രമണങ്ങൾകൊണ്ടും അന്തഃച്ഛിദ്രംകൊണ്ടും താറുമാറായി. പ്രകൃതികോപങ്ങളും, ക്ഷാമവും, പകർച്ചവ്യാധികളും റോമൻജനതതിയെ നിഗ്രഹിച്ചു. അപ്പോഴും അവർക്ക് ആശ്രയമായിരുന്നത് ക്രിസ്ത്യാനികളുടെ ലോകോത്തരമായ സ്നേഹത്തിൻെറ ശീതളമായ തലോടല് മാത്രമായിരുന്നു.

## III. കോൺസ്റ്റൻറയിനും പിൻവാഴ്ച്ചക്കാരും.

സ്വസഹകാരികളുടെ നിൎദ്ദയവൃത്തികളില് നിന്നും വ്യാവൎത്തിതനായി പാശ്ചാത്യരാജ്യവിഭാഗങ്ങളെ സമാധാനപൂൎവ്വം ഭരിച്ചിരുന്ന കോൺസ്റ്റൻഷ്യസ് 306-ല് കാലഗതി പ്രാപിച്ചു. പ്രസിദ്ധനായ കോൺസ്റ്റൻറയിൻ ഇദ്ദേഹത്തിൻെറ പുത്രനായിരുന്നു. 312-ല് മതസഹിഷ്ണുതാപ്രഖ്യാപനം ചെയ്തുകൊണ്ട് കോൺസ്റ്റൻറയിൻ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അനന്തരം ഇററാലിയൻ പ്രദേശങ്ങളില് ക്രൂരഭരണം നടത്തിയിരുന്ന മാക്സെൻഷ്യസിൻെറ കരാളകരങ്ങളില് നിന്ന് ക്രിസ്ത്യാനികളെ രക്ഷിക്കുന്നതിനുവേണ്ടി ഒരു സൈന്യവുമായി പുറപ്പെട്ടു. വഴിമദ്ധ്യേ അംബരമാൎഗ്ഗത്തില് ക്രൂശാകൃതിയിലുള്ള ഒരു ഉജ്ജ്വലപ്രകാശവും, അതിന്മേല് "ഈ അടയാളത്തില് വിജയിക്കുക" എന്ന വാക്യവും കോൺസ്റ്റൻറയിനും പടയാളികളും ദൎശിച്ചു. ഉടൻതന്നെ ഈ അടയാളം വഹിക്കുന്ന ഒരു കൊടി നിൎമ്മിച്ച് സേനയുടെ പുരോഭാഗത്തു പിടിപ്പിച്ചുകൊണ്ട് അദ്ദേഹം ശത്രുസൈന്യത്തോടെതിൎത്തു. മെല്വിയൻപാലത്തിങ്കല്വെച്ച് അരാതികൾ നിശ്ശേഷം തോററു. മാക്സെൻഷ്യസും സേനയില് ഭൂരിഭാഗവും ടൈബർ നദിയില് മുങ്ങിമരിച്ചു. കോൺസ്റ്റൻറയിൻ വിജയശ്രീയുതനായി റോമില് പ്രവേശിച്ചു.

സാമ്രാജ്യത്തില് ശാന്തത വിളയാടി. കോൺസ്റ്റൻറയിൻ പാശ്ചാത്യഭാഗങ്ങളും അദ്ദേഹത്തിൻെറ സ്യാലനായ ലിഷ്യസ് പൌരസ്ത്യഭാഗങ്ങളും ഭരിച്ചുതുടങ്ങി. 313-ല് പ്രസിദ്ധീകൃതമായ മിലാൻ ശാസനത്താല് ക്രിസ്തുമതം മിക്കവാറും രാഷ്ട്രീയമതമായിത്തീൎന്നുവെന്നുതന്നെ പറയാം. ക്രിസ്ത്യാനികൾക്ക് സ്വൈരമായ മതാനുഷ്ഠാനസ്വാതന്ത്ര്യവും പൌരാവകാശങ്ങളും പുനൎലബ്ധമായി. കണ്ടുകെട്ടപ്പെട്ടിരുന്ന വസ്തുവകകൾ തിരിച്ചുകൊടുത്തു, രാജ്യഭ്രഷ്ടരായിരുന്ന ക്രിസ്ത്യാനികൾ സ്വദേശത്തേക്കു മടങ്ങിവന്നു. മെത്രാന്മാൎക്ക് ഉന്നതസ്ഥാനമാനങ്ങളും ലൌകികാധികാരങ്ങളും ചക്രവൎത്തി ദാനംചെയ്തു. ഭരണക്കൂടംവക പല പൊതുശാലകളും അജ്ഞാനികളുടെ ക്ഷേത്രങ്ങൾപോലും ദേവാലയങ്ങളായി രൂപാന്തരപ്പെട്ടു. സെൻറുപീറേറഴ്സ് സെൻറുജോൺ ലാററൺ, സെൻറുമേരിമേജർ മുതലായ പല ബ്രഹ്മാണ്ഡദേവാലയങ്ങൾ അദ്ദേഹം പണികഴിപ്പിക്കുകയും മററുള്ളവൎക്കു സഹായധനം നല്കുകയും ചെയ്തു. ഒന്നാമത്തെ സില്വസ്റ്റർ മാർപാപ്പായ്ക്കു ലാററൻകൊട്ടാരവും ഉദ്യാനങ്ങളും ചക്രവൎത്തി സമ്മാനിച്ചു. ഇതാണ് ഭാവിയിലെ "സഭാരാഷ്ട്ര"ത്തിൻെറ ബീജാവാപം. മല്ലയുദ്ധങ്ങൾ, ശിശുവധം, ക്രൂശുമരണശിക്ഷ മുതലായി ക്രിസ്ത്യാനികൾക്ക് പ്രത്യേകം അരോചകങ്ങളായ സമ്പ്രദായങ്ങൾ നിറുത്തലാക്കുകയും ദുൎമ്മാൎഗ്ഗോത്സാഹകങ്ങളായ കൎമ്മങ്ങൾ നടത്തിയിരുന്ന ക്ഷേത്രങ്ങൾ നശിപ്പിക്കയും ചെയ്തു.

ഇങ്ങനെ പാശ്ചാത്യസമ്രാജ്യത്തിലെ ക്രിസ്ത്യാനികൾ കോൺസ്റ്റയിൻെറ ഔദാൎയ്യാമൃതം ആനന്ദഭരിതരായി ആസ്വദിച്ചുകൊണ്ടിരുന്നപ്പോൾ, പൌരസ്ത്യദേശങ്ങളില് അവർ അസൂയാകലുഷിതനായ ലിഷ്യ

സിൻെറ മർദ്ദനവിഷാനുഭവത്താല് വിവശരായിച്ചമയുകയത്രേ ചെയ്തുള്ളു. എങ്കിലും ഏ. ഡി. 323-ല് അഡ്റിയാനോപോളില് വെച്ച് കോൺസ്റ്റൻറയിൻ അയാളെ സമരത്തില് പരാജിതനാക്കി വധിച്ചതു മുതല് സൌഭാഗ്യസുധാകരൻെറ അമൃതകിരണങ്ങൾ അവരേയും മൂർച്ഛാവിമുക്തരാക്കി. സാമ്റാജ്യത്തിൻെറ ഏകാധിപതിയായിത്തീൎന്ന കോൺസ്റ്റൻറയിൻ വിഗ്രഹാരാധനയും അന്ധവിശ്വാസവും ഉച്ചാടനം ചെയ്വാൻ സാവധാനം ശ്രമം തുടങ്ങി. അജ്ഞാനികൾ ക്രിസ്തുമതം സ്വീകരിക്കണമെന്ന് ഒരു അഭ്യൎത്ഥനപോലും അദ്ദേഹം പുറപ്പെടുത്തിയത്രേ.

വി. ഹെലനാ. ചക്രവൎത്തിയുടെ മാതാവായ വി. ഹെലനായുടെ നിസ്തുലപരിശ്രമത്താല് 324-ല് വിശുദ്ധ കുരിശ് ഗാഗുല്ത്താമലയില്നിന്നും ഖനനം ചെയ്തെടുത്തു. അതില് ഒരു ഭാഗം ചക്രവൎത്തിക്കു സമൎപ്പിതമായി. ശേഷംഭാഗം ഒരു രജതപേടകത്തില് നിക്ഷേപിച്ചു ഗാഗുല്ത്തായില് പണിതീൎത്ത മനോഹരദേവാലയത്തില് സ്ഥാപിച്ചു. ഈശോ സ്വൎഗ്ഗാരോഹണം ചെയ്ത സ്ഥലത്തും ബെത്ലഹമിലെ കാലിത്തൊഴുത്തിൻെറ സ്ഥാനത്തുംകൂടി ഈ മഹതി ഓരോ ദേവാലയം പണികഴിപ്പിക്കയുണ്ടായി. പുരാതനമായ ബൈസൻ്റിയാപട്ടണത്തിൻെറ സ്ഥാനത്തു് കോൺസ്റ്റൻറയിൻ 330-ല് പുതിയ തലസ്ഥാനനഗരം നിൎമ്മിച്ചു് കോൺസ്റ്റാൻറിനോപ്പിൾ എന്നു നാമകരണം ചെയ്തു. ചക്രവൎത്തിയുടെ സിംഹാസനം മാറിയതോടുകൂടി റോമാനഗരം മാർപ്പാപ്പാമാരുടെ ആസ്ഥാനവും ക്രിസ്തീയ ലോകത്തിൻെറ ആദ്ധ്യാത്മികജീവിത കേന്ദ്രവുംതന്നെയായി പരിണമിച്ചു.

അധിക്ഷിപ്തമായിരുന്ന ക്രിസ്തീയവിശ്വാസവും കുരിശും കോൺസ്റ്റൻറയിൻെറ കാലത്തു് മാഹാത്മ്യമേന്തി. ചക്രവൎത്തിയുടെ മകുടോപരിയും ക്യാപ്പറോൾകുന്നിൻെറ അഗ്രത്തിലും, ക്രൂശിതനായ ദൈവത്തിൻെറ വിജയത്തെ പ്രഖ്യാപനം ചെയ്തുകൊണ്ടു്, കുരിശു ലാലസിച്ചു. റോമില് സ്ഥാപിതമായ വിജയസ്തംഭം, സ്വവിജയനിദാനമായ കുരിശുവഹിച്ചുകൊണ്ടിരിക്കുന്ന ചക്രവൎത്തിയുടെ മനോഹരമായ പ്രതിമയാല് അങ്കിതമായി. കാൎയ്യങ്ങൾ ഇങ്ങനെയെല്ലാമായിരുന്നെങ്കിലും കോൺസ്റ്റൻറയിൻ ഗാർഹികകാൎയ്യങ്ങളില് നിൎഭാഗ്യനായിരുന്നു. അദ്ദേഹത്തിൻെറ കോപത്തിനു വിധേയരായി ഭാൎയ്യയും ഒരു പുത്രനും നിഹനിക്കപ്പെട്ടു. തന്നെയുമല്ല പലപ്പോഴും ചക്രവൎത്തി അവിവേകമായി ബാഹ്യപ്രേരണകൾക്കു വശംവദനായി സഭാകാൎയ്യങ്ങളില് പ്രവേശിക്കുകയും അതു് തിരുസ്സഭാധികാരികൾക്കു് ബഹുവിധ ക്ലേശങ്ങൾക്കിടയാക്കുകയും ചെയ്തിട്ടുണ്ടു് "ക്രിസ്ത്യൻസമ്റാട്ട്" എന്നു സംബോധന ചെയ്യപ്പെട്ടിരുന്ന കോൺസ്റ്റൻറയിനു് മരണമഞ്ചത്തില് വെച്ചുമാത്രമേ ജ്ഞാനസ്നാനം സ്വീകരിക്കാൻ ഭാഗ്യമുണ്ടായുള്ളു.

337-ല് കോൺസ്റ്റൻറയിൻ നാടുനീങ്ങിയതോടുകൂടി അദ്ദേഹത്തിൻെറ മരണപത്രികയിലെ നിൎദ്ദേശമനുസരിച്ച് സാമ്റാജ്യം മൂന്നായി വിഭക്തമായി. പാശ്ചാത്യഭാഗം സീമന്തപുത്രൻ കോൺസ്റ്റൻറയിൻ

ദ്വിതീയനും, ഇറ്റലിയിലുൾപ്പെട്ട മദ്ധ്യപ്രദേശങ്ങൾ ദ്വിതീയപുത്രൻ കോൺസ്റ്റൻസിനും, പൌരസ്ത്യദേശങ്ങൾ കനിഷ്ഠപുത്രൻ കോൺസ്റ്റൻഷ്യസിനും ലഭിച്ചു. ആദ്യത്തെ രണ്ടുപേരും കത്തോലിക്കസഭാസംരക്ഷകരായിരുന്നെങ്കിലും കോൺസ്റ്റൻറയിൻ ദ്വിതീയൻ സഹോദരനോടു സമരത്തില് തോററുമരിച്ചു. ജേതാവായ കോൺസ്റ്റൻസും 350-ല് ചരമം പ്രാപിച്ചു. അങ്ങിനെ ഏകാധിപതിയായിത്തീൎന്ന കോൺസ്റ്റൻഷ്യസ് ഒരു തികഞ്ഞ അൎയ്യൻപക്ഷപാതിയായിരുന്നതിനാല് കത്തോലിക്കരെ അയാൾ ക്രൂരമായി മർദ്ദിക്കതന്നെചെയ്തു

<u>മതത്യാഗിയായ ജൂലിയൻ.</u> കോൺസ്റ്റൻഷ്യസിൻെറ കാലത്തു് ഫ്റാൻസുഗവൎണ്ണരായി നിയമിതനായ ജൂലിയൻ 360-ല് സ്വയം ചക്രവൎത്തിയായി പ്രഖ്യാപനം ചെയ്യുകയും, ദൈവവശാല് അടുത്തകൊല്ലം പിതൃവ്യനായ സമ്രാട്ടു കഥാവശേഷനാകയാൽ ഒരു അഭ്യന്തരയുദ്ധംകൂടാതെ തന്നെ അധികാരം സ്വായത്തമാക്കുകയും ചെയ്തു. ചെറുപ്പകാലത്തു സിദ്ധിച്ച വിദ്യാഭ്യാസത്തിനനുഗുണമായി അയാൾ ക്രിസ്തുമതത്തെ ത്യജിച്ചു് അജ്ഞാനമതോദ്ധാരണത്തിനുള്ള ശ്രമങ്ങൾ തുടങ്ങി. ക്രിസ്ത്യാനികളെ ഉദ്യോഗങ്ങളിൽ പ്രവേശിപ്പിക്കാതെ അവരുടെയും വൈദികരുടേയും പൌരാവകാശങ്ങളെ തടഞ്ഞു. കലകളും ശാസ്ത്രങ്ങളും അഭ്യസിക്കുന്നതിനു് അവരെ അനുവദിക്കയോ അവരുടെ സങ്കടങ്ങളെ ന്യായകോടതികളിൽ സ്വീകരിക്കയോ ചെയ്തില്ല. ക്രിസ്ത്യൻദേവാലയങ്ങളിലെ ആദായം കണ്ടുകെട്ടുകയും, പൂജാപാത്രങ്ങൾ ബലാത്കാരസ്ഥമാക്കുകയും, അജ്ഞാനക്ഷേത്രങ്ങളുടെ ഉദ്ധാരണത്തിനു് ധനദാനം ചെയ്വാൻ ക്രിസ്ത്യാനികളെ നിർബ്ബന്ധിക്കയുംചെയ്തു. കത്തോലിക്കരേയും പാഷണ്ഡികളേയും തമ്മിൽ കലഹിപ്പിച്ചു് ഇരുകൂട്ടരേയും നാശോന്മുഖരാക്കാനാണു അയാൾ ശ്രമിച്ചതു്. ഏററവും ഉപരിയായി, ജറുസലേമിനെക്കുറിച്ചുള്ള ക്രിസ്തുവിൻെറ പ്രവചനത്തെ നിരൎത്ഥകമാക്കാൻവേണ്ടി പൂൎവ്വദേവാലയത്തിൻെറ സ്ഥാനത്തു മറെറാന്നു പണിയിക്കാൻ അയാൾ ആരംഭിച്ചു. എന്നാൽ പഴയ ദേവാലയത്തിൻെറ തറ ഇളക്കി, പ്രവചനാനുസാരം "കല്ലിന്മേൽ കല്ലു ശേഷിക്കാതായപ്പോൾ ഭയങ്കരമായ ഭൂകമ്പമുണ്ടാകുകയും ഭൂമി ഉത്വമിച്ച അഗ്നിശിഖകൾക്കിടയിൽ അനേകംപേർ ദഹിക്കയുംചെയ്തു. ജൂലിയൻ പരാജിതനായി; പ്രവചനം അന്വൎത്ഥമായി; അത്ഭുതം ദർശിച്ച നിരവധിയാളുകൾ സഭയെ ആശ്ലേഷിച്ചു.

ജൂലിയൻ അജ്ഞാനമതത്തെ പ്രത്യക്ഷമായും സഹായിക്കാതിരുന്നില്ല. ക്രിസ്തുമതത്തിനെതിരായിട്ടെന്നപോലെതന്നെ അജ്ഞാനമതത്തിലെ പുരാണങ്ങൾക്കു ഒരു നവീനവ്യാഖ്യാനംകൊടുത്തുകൊണ്ടു് അയാൾ അനേകം ഗ്രന്ഥങ്ങൾ രചിച്ചു. അവരുടെ ആചാരങ്ങൾക്കു് അക്ഷുണ്ണനിയതത്വമുണ്ടാക്കി. ക്രിസ്തുമതത്തെ അനുകരിച്ചു് വൈദികാധിപത്യവും സന്യാസസഭകളും, ധർമ്മസ്ഥാപനങ്ങളും അവിടെയും ഏർപ്പെടുത്തി.

പ്രാദേശികഭരണകൎത്താക്കളും അജ്ഞാനികളായ പ്രജകളും ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനു് ജൂലിയൻ അനുവദിച്ചു. തത്ഫലമാ

യിവി. ജോൺ, പൌലോസ്, വി. ഡഫ്റോസാ, മുതലായവർ രക്തസാക്ഷികളായി. ജുവെൻഷ്യസ്, മാക്സിമിനസ് എന്നീ വിശുദ്ധരേ ചക്രവത്തിതന്നെയാണ് വധിപ്പിച്ചതു്. പേർഷ്യൻ യുദ്ധാനന്തരം അയാൾ നിഷ്ഠുരമായ ഒരു മതമർദ്ദനം ആരംഭിച്ചേനെ. എന്നാൽ ഇരുപതുമാസം മാത്രം ദീർഘിച്ച ഭരണത്തിനുശേഷം, പേർഷ്യൻ യുദ്ധത്തില് "ഓ, ഗലീലയേൻ, നീ വിജയിച്ചിരിക്കുന്നു" എന്ന് അട്ടഹസിച്ചുകൊണ്ട് 363-ല് അയാൾ മരണമടഞ്ഞു.

ജൂലിയന്റെ മരണത്തോടുകൂടി മഹാനായ കോൺസ്റ്റൻറയിന്റെ വംശവും അസ്തമിച്ചു. സൈന്യാധിപനായ ജോവിയനാണു അനന്തരം ചക്രവത്തിയായതു്. സ്വസൈന്യം ക്രിസ്തീയമാണെന്നു ഏററുപറഞ്ഞതിന്റെശേഷം മാത്രമാണ് ജോവിയൻ സ്ഥാനം സ്വീകരിച്ചതു. എട്ടു മാസത്തെമാത്രം ഭരണത്തിനിടയില് പുതിയ സാമ്രാട്ട ജൂലിയന്റെ നിഷ്ഠുരശാസനങ്ങളെല്ലാം പിൻവലിക്കയും ക്രിസ്ത്യാനികൾക്കു നഷ്ടീഭവിച്ചിരുന്ന ആനുകൂല്യങ്ങൾ പുനഃപ്രദാനംചെയ്കയും ചെയ്തു. 364-ല് വലൻറിനിയൻ പ്രഥമൻ പാശ്ചാത്യസാമ്രാജ്യത്തിന്റെയും അദ്ദേഹത്തിന്റെ സഹോദരൻ വാലെൻസ് പൌരസ്ത്യദേശങ്ങളുടേയും അധിപരായി. വലൻറീനിയൻ ഭക്തനായ ഒരു കത്തോലിക്കനായിരുന്നു. എന്നാല് വാലെൻസാകട്ടെ ആര്യൻ പാഷണ്ഡികളോടുചേൻറുകൊണ്ടു കത്തോലിക്കരെ നിർദ്ദയമായി പീഡിപ്പിച്ചു. കത്തോലിക്കാസഭയ്ക്കുവേണ്ടി ഈ ദുരാത്മാവിനോടു ധീരസമരം നടത്തിയവരില് അഗ്രഗണ്യനാണ് വി. ബേസലു്.

വലൻറീനിയന്റെ പിൻഗാമികളും സഭയേ നാനാതരത്തിലും പോഷിപ്പിക്കതന്നെ ചെയ്തു. അവരില് മഹാനായ തിയഡോഷ്യസിന്റെ കാലത്താണു (375–395) അജ്ഞാതമതത്തിന്റെ മരണമണിയടിച്ചതു്. മതത്യാഗികളുടെ പൌരാവകാശങ്ങൾ ഹനിക്കയും അജ്ഞാതമതാനുഷ്ഠാനം രാജദ്രോഹമായി പ്രഖ്യാപിക്കയും ചെയ്യുന്നു മാത്രമല്ല പല അജ്ഞാനക്ഷേത്രങ്ങളും അദ്ദേഹം നശിപ്പിക്കുകയും കൂടി ചെയ്തു. തിയഡോഷ്യസ്സിന്റെ പുത്രന്മാരായ ഒണേറിയസ്സു അർക്കേഡിയസ്സും പിതാവിന്റെ ശാസനങ്ങളെ സനിഷ്കർഷം നടപ്പില വരുത്തി. തൽഫലമായി നാമമാത്രമായി അവശേഷിച്ചിരുന്ന അജ്ഞാനമതം ക്രമേണ തിരോധാനം ചെയ്തു. അർക്കേഡിയസ്സിന്റെ പുത്രനായ തിയഡോഷ്യസ ദ്വിതീയനും (408–450) തിരുസ്സഭാപോഷണത്തിന് നിരന്തരമായി സഹായിക്കയത്രെയുണ്ടായതു.. 527–565–ല് ഭരിച്ച ജസ്റ്റിനിയൻ പ്രഥമൻ വിഗ്രഹാരാധനക്കാർക്ക് കഠിനശിക്ഷകൾ വിധിച്ചു. ഇങ്ങനെ റോമാസാമ്രാജ്യത്തില് നിന്നും മതാത്മകമായ അജ്ഞാനം അന്തർദ്ധാനം ചെയ്തു; എന്നാല് ബാഹ്യലോകത്തില് അതു് അവശേഷിക്കാതിരുന്നില്ല.

## IV. അന്തർക്ഷോഭങ്ങൾ.

A. മർദ്ദനമഹാവാതം തിരുസ്സഭാഗിരിയെ ഇളക്കിമറിക്കുവാൻ ഉഗ്രമായി പ്രഹരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ഛിദ്രമതങ്ങളും പാഷണ്ഡ

തകളമാകുന്ന ക്ഷുദ്രജീവികൾ അതിന്റെ അകം തുരന്നു് ഇടിച്ചുനിരത്താൻ പരിശ്രമിച്ചു. എന്നാല് രണ്ടും ഒരുപോലെ വിഫലങ്ങളായതേയുള്ളു. ഛിദ്രം, പാഷണ്ഡത ഇവ രണ്ടും ശരിയാംവണ്ണം വിവേചനകൂടാതെ ഒരേ അര്ത്ഥത്തില് പ്രയോഗിക്കപ്പെടാറുണ്ടു്. തിരുസ്സഭയുമായുള്ള ബാഹ്യബന്ധഛേദനമാണു് ഛിദ്രം. വിശ്വാസസത്യങ്ങളില് യാതൊരു അന്തരവും കൂടാതെ അധികാരത്തെ നിഷേധിക്കയത്രേ ഇതുമൂലം ചെയ്യുന്നതു്. തിരുസ്സഭാധികാരികളോടുള്ള വ്യക്തിപരമായ വിപ്രതിപത്തിയാണു പലപ്പോഴും ഇതിനു നിദാനം. എന്നാല് ഛിദ്രം പാഷണ്ഡതയിലേയ്ക്കുള്ള കവാടം മാത്രമാണു്. പോര്ട്ടുഗീസ് മെത്രാന്മാര്ക്ക് വിധേയരാകയില്ല എന്നു കൂനന്കുരിശില് തൊട്ടു് ശപഥം ചെയ്ത കേരളീയക്രിസ്ത്യാനികൾ ഒരു ഛിദ്രത്തിലാണു് നിപതിച്ചതെങ്കിലും വിനാവിളംബം ഏകസ്വഭാവവാദം മുതലായ പാഷണ്ഡതകൾക്കു് ഇരയായിത്തീര്ന്ന കഥ സുവിദിതമാണല്ലോ. പാഷണ്ഡതയാകട്ടെ വിശ്വാസതത്വങ്ങളിലുള്ള വിയോജ്യതയാണു്. ഇതു തിരുസ്സഭയുടെ പരമാധികാരത്തെ പ്രകടമായി ചോദ്യംചെയ്യുന്നില്ലെങ്കിലും, അവളുടെ ബോധനാധികാരത്തെ നിഷേധിക്കുന്നതുകൊണ്ടും ബാഹ്യമായ ഛിദ്രവും ഇതിലുള്പ്പെടുന്നുവെന്നുവേണം പറയുവാന്. പരിശുദ്ധാരൂപിയില് നിന്നുള്ള ദിവ്യപ്രകാശംകൂടാതെ അഹംകാരതരസ്സാല അവ്യക്തമായ മനുഷ്യബുദ്ധിയുടെ അവിഷ്കൃത ദിവ്യരഹസ്യങ്ങളിലുള്ള സൈ്വരവിഹാരമാണു് പാഷണ്ഡതയ്ക്കു് ഹേതു.

ശ്ലീഹന്മാരുടെ കാലത്തുതന്നെ ഒരുകൂട്ടം യഹൂദക്രിസ്ത്യാനികൾ മോശികനിയമാനുസരണം ആത്മരക്ഷയ്ക്കു് അനുപേക്ഷണീയമാണെന്നു വാദിച്ചു. അവർക്കെതിരായി പഠിപ്പിച്ച വി. പൌലോസിന്റെ പ്രേഷകത്വത്തെ അവർ അംഗീകരിച്ചുമില്ല. അവരുടെ അബദ്ധോപദേശമാണു് ജറുസലേം സൂനഹദോസു വിളിച്ചുകൂട്ടുവാനിടയാക്കിയതു്. കാലാന്തരത്തില "ഇബിയോണൈറ്റ്സ്" എന്ന പേരിനാല് ഇക്കൂട്ടർ അറിയപ്പെട്ടു. ഈശോ രക്ഷകനാണെന്നു് അവർ സമ്മതിച്ചെങ്കിലും അങ്ങേ ദിവ്യത്വത്തെ അവർ നിഷേധിക്കയത്രേ ചെയ്തതു്. മായാവാദികൾ (Phantasiasts) എന്നു് വേറൊരു സംഘക്കാർ മിശിഹായുടെ ദിവ്യത്വത്തെ അംഗീകരിച്ചെങ്കിലും അങ്ങേയ്ക്കു് ഒരു മായാദേഹമേ ഉണ്ടായിരുന്നുള്ളു എന്നു് വാദിക്കാതിരുന്നില്ല. വി. യോഹന്നാൻ സ്വലേഖനങ്ങളും സുവിശേഷവും കൊണ്ടു് ഇവരുടെ തെറ്റുകൾ നഗ്നമാക്കിക്കാണിച്ചുകൊടുത്തു.

ഒരു വെറും മനുഷ്യനായ യേശുവില്; ക്രിസ്തു ജ്ഞാനസ്നാനാവസരത്തില് പ്രവേശിക്കയും ക്രൂശുമരണത്തിനു മുന്പു് വിട്ടുപോകയും അത്രേ ചെയ്തതെന്നു് കെറിന്തസും, സ്വയം രക്ഷകനാണെന്നു് സൈമൺമാഗസും പഠിപ്പിച്ചു. ഒരു മന്ത്രവാദിയായിരുന്ന സൈമൺ അത്ഭുതപ്രവര്ത്തനശക്തി ലഭിക്കുന്നതിനായി അപ്പോസ്തലന്മാര്ക്ക് പണംകൊടുക്കാനൊരുമ്പെട്ടു. തന്നിമിത്തം അധിക്ഷിപ്തനായ അയാൾ അബദ്ധോപദേശം തുടങ്ങി. ഹെലൻ എന്ന ഒരു പരസ്യവേശ്യയായിരുന്നു അയാളുടെ പ്രധാനാനുഗാമിനി. അസന്മാര്ഗ്ഗികതത്വത്തിനു് കേളിപ്പെട്ടവരായിരുന്നു സൈമണ്യർ.

ആദിമശതകങ്ങളിലെ പാഷണ്ഡതകളില് പ്രമുഖമായ ഒന്നാണ് "നോസ്റ്റിക്ക്" വാദം. ദിവ്യരഹസ്യങ്ങളെക്കുറിച്ച് "ഉത്കൃഷ്ടജ്ഞാനം" അവർ അവകാശപ്പെടുകയും അതുമാത്രമാണ് രക്ഷാമാർഗ്ഗമെന്ന് അവർ ഉപദേശിക്കുകയും ചെയ്തു. ക്രിസ്തീയതത്വങ്ങളോട് പൌരസ്ത്യാജ്ഞാനവാദങ്ങളും അവർ കലർത്തി. ശിഷ്ടവും ദുഷ്ടവുമായ രണ്ടു ആദികാരണങ്ങൾ–ഈശ്വരന്മാർ–ഉണ്ടായിരുന്നുവെന്നാണ് അവർ സിദ്ധാന്തിച്ചത്. ആത്മശരീരൈക്യം അസ്വാഭാവികമാണെന്നും, അതില്നിന്നും ആത്മാവിനെ മോചിപ്പിക്കാനാണ് ക്രിസ്തു അവതരിച്ചതെന്നും അവർ അഭിപ്രായപ്പെട്ടു. ക്രിസ്തുവിനെക്കുറിച്ച് മായാവാദികളുടെ മതമായിരുന്നു അവരുടേതും. നോസ്റ്റിക്ക പാഷണ്ഡികളില് ഒരു കൂട്ടർ അതികഠിനങ്ങളായ ജീവിതചര്യകൾ അനുഷ്ഠിച്ചുപോന്നു. അവർ മദ്യമാംസാദികൾ മാത്രമല്ല വിവാഹം പോലും ഉപേക്ഷിച്ചു. മറ്റൊരുഭാഗക്കാരാകട്ടെ അധമമായ ശരീരത്തെ നശിപ്പിക്കാനെന്നഭാവേന എല്ലാവിധ ദുർമ്മാർഗ്ഗവൃത്തികളിലും അനിയന്ത്രിതമായി ഏർപ്പെട്ടു. നോസ്റ്റിക്കുകളില് പലവിധ ഉപവിഭാഗക്കാരുണ്ടായിരുന്നു. കായേൻ, സോദോംകാർ മുതലായി ശപ്തരായവരെ ബഹുമാനിക്കുകയും യൂദാസ് മാത്രമാണ് വിശ്വസ്തനായ അപ്പോസ്തലൻ എന്നു പറകയും ചെയ്യുവർപോലും ഇവരിലുൾപ്പെട്ടിരുന്നു!!

മനിക്യൻ പാഷണ്ഡതയുടെ പ്രയോക്താവ് ഒരു മെയിൻസ് ആയിരുന്നു. സ്വയം പരിശുദ്ധാത്മാവ് എന്ന് അയാൾ പ്രഖ്യാപിക്കുകയും പന്ത്രണ്ടു ശിഷ്യന്മാരെ സ്വീകരിക്കുകയും ചെയ്തു. അന്നുതന്നെ വിലയം പ്രാപിച്ചിരുന്ന അനേകം പാഷണ്ഡതകളുടെ ഒരു സങ്കലനമായിരുന്നു അയാളുടെ മതം. നോസ്റ്റിക്കന്മാരെപ്പോലെ മനിക്യരും രണ്ടു ഈശ്വരന്മാരുണ്ടെന്നും, മനുഷ്യാവതാരവും കുരിശുമരണവും അയഥാർത്ഥങ്ങളായിരുന്നുവെന്നും പഠിപ്പിച്ചു. ദൈവദൂഷണം അടിമവേല, കൃഷി, പ്രജോത്പാദനം ഇവയില്നിന്നും വിമുക്തരായിരിക്കുക എന്നതാണ് അവരുടെ സന്മാർഗ്ഗനിയമം; പക്ഷെ ലജ്ജാവഹങ്ങളായ അശുദ്ധവൃത്തികൾ അവരുടെ സമ്മേളനങ്ങളുടെ ഒരു പ്രത്യേകതയായിരുന്നു. മെയിൻസ് 277–ല് പേർഷ്യാരാജാവിൻെറ ആജ്ഞാനുസാരം തോലുരിഞ്ഞു കൊല്ലപ്പെട്ടു. 296–ല് ഡയോക്ലീഷ്യൻ ചക്രവർത്തി ഈ അബദ്ധോപദേശത്തെ രാജ്യദ്രോഹപരമായതുകൊണ്ട് നിയമവിരുദ്ധമായി പ്രഖ്യാപനവും ചെയ്തു.

രണ്ടാംശതകത്തിൻെറ ഉത്തരാർദ്ധത്തില് ഏഷ്യാമൈനർകാരനായ ഒരു മൊന്താനൂസ് പുതിയ ഒരു പാഷണ്ഡതയുമായി രംഗപ്രവേശം ചെയ്തു. പരിശുദ്ധാത്മാവിയാണ് തിരുസ്സഭയ്ക്ക് പൂർണ്ണിമനല്കുന്നതെന്നു പറഞ്ഞുകൊണ്ട് സ്വയം പരിശുദ്ധാത്മാവിൻെറ വാഹനമായി അയാൾ പ്രഖ്യാപനം ചെയ്തു. മൊന്താനിസ്റ്റുകളുടെ കഠിനങ്ങളായ ജീവിതനിയമങ്ങൾ വേദശാസ്ത്രപണ്ഡിതനായ തെർത്തുല്യനെപ്പോലും ആകർഷിക്കത്തക്കവയായിരുന്നു. സ്നാപനാനന്തരം മതത്യാഗം, കൊലപാതകം, അശുദ്ധി മുതലായ മഹാപാതകങ്ങൾക്കു വിധേയരാകുന്നവർക്കു മോചനം നല്കുവാൻ സഭയ്ക്കധികാരമില്ലെന്ന് അവർ വാദിച്ചത്രേ.

ദൈവത്തിന്റെ സ്വഭാവത്തിലുള്ള ഏകത്വവും അതേ സമയം തന്നെ പുരുഷത്വത്തിലുള്ള ത്രിത്വവും അയുക്തികമാണെന്ന് ചിലർ ശഠിച്ചു. ഈ ത്രിത്വവിരുദ്ധപാഷണ്ഡികളില് പലരും ഈശോയെ ഒരു വെറും മനുഷ്യനായിട്ടാണ് വിചാരിച്ചത്. അവരുടെ അഭിപ്രായത്തില് അദ്ദേഹത്തില്. ദൈവ"ശക്തി" ആവസിക്കയത്രേ ചെയ്തത്. മറ്റുചിലർ പിതാവും പുത്രനും ഒന്നുതന്നെയെന്നും പിതാവുതന്നെയാണ് മനുഷ്യാവതാരം ചെയ്തതെന്നും പഠിപ്പിച്ചു. ലീബ്യയിലെ ഒരു വൈദികനായിരുന്ന സബെല്യൂസ്, ഒരേ ദൈവത്തിന്റെ ത്രിവിധപ്രകടനങ്ങൾ മാത്രമാണ് ത്രിത്വം എന്നും ഉപദേശിക്കാതിരുന്നില്ല. ഈ അബദ്ധസിദ്ധാന്തങ്ങളെയെല്ലാം അലക്സാന്ത്ര്യയിലെ മഹാനായ ഡയനീഷ്യസ് യുക്തിപൂർവ്വം ഖണ്ഡിക്കുകയുണ്ടായി.

ഏതാനും ഛിദ്രങ്ങളും ഇക്കാലത്ത് പൊട്ടിപ്പുറപ്പെട്ടു. മതപീഡനകാലത്ത് തിരുസ്സഭാത്യാഗം ചെയ്തവരെ പ്രായശ്ചിത്തം കൂടാതെതന്നെ പുന: സ്വീകരണം ചെയ്യണമെന്ന് നൊവാററസും അത്തരം പാതകങ്ങൾക്കു മോചനം നല്കാൻ തിരുസ്സഭയ്ക്കു അധികാരമില്ലായ്കയാല് വീണ്ടും സ്വീകരിക്കാനേ പാടില്ല എന്നു നൊവേഷ്യനും വാദിച്ചു. കാർത്തേജിൽ തലയുയർത്തിയ ആദ്യത്തെക്കൂട്ടർ അവിടത്തെ മെത്രാനായ വി. സിപ്രിയാനെതിരായി മറ്റൊരു മെത്രാനെ അഭിഷേകം ചെയ്തു. വി. സിപ്രിയാനാകട്ടെ 251-ൽ ഒരു പ്രാദേശികസൂനഹദോസു വിളിച്ചുകൂട്ടി ഛിദ്രക്കാരെ സഭാധ്വസ്തരാക്കി. മാർപ്പാപ്പാ അദ്ദേഹത്തിന്റെ പ്രവൃത്തിയെ അംഗീകരിക്കയും ചെയ്തു. അനന്തരം ഛിദ്രനേതാവായ നൊവാററസ് റോമിലെത്തി നൊവേഷ്യനോടു ചേർന്നു. കർണേലിയൂസ് പാപ്പാ ഇവരെ മഹറോനിൽ പെടുത്തിയതോടെ അനുയായികളിൽ പലരും പുനരൈക്യപ്പെട്ടു. മറ്റുള്ളവർ പാഷാണ്ഡതയിൽ നിപതിക്കയും ചെയ്തു. ഇതുപോലെതന്നെ അലക്സാണ്ട്ര്യായിൽ അധികാരധ്വംസനം ചെയ്ത മെലേഷ്യസ് 306-ല് ശപ്തനായി ഭവിച്ചു.

ചില വിശ്വാസതത്വങ്ങളെക്കുറിച്ചും ആചാരവിധികളെക്കുറിച്ചുമുണ്ടായ വിവാദങ്ങൾ ഛിദ്രങ്ങളുടെ വക്കോളം വന്നുവെന്നുവേണം പറയുവാൻ. ഒരു സഹസ്രാബ്ദത്തേക്കു ക്രിസ്തു ലോകരാജാവായി വാഴുമെന്നുള്ള ഒരു വിശ്വാസം പാഷണ്ഡികളും, ചില ക്രിസ്ത്യാനികളും, ഏതാനും സഭാപിതാക്കന്മാർപോലും സ്വീകരിച്ചിരുന്നത്രെ. ആദ്യത്തെക്കൂട്ടർ ലോകഭോഗാനുഭവത്തിന്റെയും, അന്യർ സ്വർഗ്ഗാനന്ദാനുഭൂതിക്കുള്ള ഒരുക്കത്തിന്റെയും കാലമായി അതിനെ പരിഗണിച്ചുവെന്നുമാത്രം. ഇതുപോലെതന്നെ ക്രിസ്തുവിന്റെ ഉത്ഥാനദിനാഘോഷം, പാഷണ്ഡികളുടെ മാമ്മോദീസാ മുതലായവയെപ്പററിയും ഗൌരവാവഹങ്ങളായ തർക്കങ്ങളുത്ഭവിച്ചു. എന്നാൽ അമംഗളങ്ങൾ കൂടാതെ യഥാകാലം തിരുസ്സഭയിൽ ഇപ്പോൾ നിലവിലിരിക്കുന്ന തരത്തിലുള്ള തീരുമാനങ്ങളുണ്ടായി.

ആര്യൻപാഷാണ്ഡത:— ആദിമശതകങ്ങളിലുണ്ടായ അഗണ്യങ്ങളായ ഈവിധ അഭ്യന്തരകാലുഷ്യങ്ങൾ തിരുസ്സഭയുടെ പ്രചാരത്തെ

കളെയെല്ലാം പ്രതിരോധിച്ചുവെന്നല്ലാതെ സഭാസന്താനങ്ങളെ കാര്യമായി പ്രലോഭിപ്പിക്കുവാൻ പര്യാപ്തങ്ങളായിരുന്നില്ല. സ്വവിഗ്രഹങ്ങളുടെ അധ:പതനവും തിരുസ്സഭയുടെ അപ്രതിഹതമായ പുരോഗതിയും ദർശിച്ചു് അമർഷംപൂണ്ട നരകശത്രു ഭയാവഹങ്ങളായ ചില അന്തഃഛിദ്രങ്ങൾ ഉളവാക്കി. ഇതിൽ ഉഗ്രതമായിരുന്ന ആര്യൻ പാഷണ്ഡത.

അലക്സാണ്ഡ്രിയായിലെ ഒരു വൈദികനായിരുന്ന ആര്യൂസ്, പരിശുദ്ധ ത്രീത്വത്തിലെ ദ്വിതീയ പുരുഷൻ, പിതാവിൻ്റെ സാക്ഷാൽ പുത്രനല്ല പ്രത്യുത അദ്ദേഹത്തിൻ്റെ ഒരു സൃഷ്ടിമാത്രമാണെന്നു് എ. ഡി. 318ൽ പരസ്യമായി അഭിപ്രായപ്പെട്ടു. അലക്സാണ്ഡ്രിയൻ പാത്രിയാർക്കീസായിരുന്ന അലക്സാണ്ടർ, ആര്യൂസിനെ അബദ്ധവിമുക്തനാക്കാൻ ചെയ്ത ശ്രമം വിഫലമാകയാൽ, 320-ല് സമ്മേളിച്ച ഒരു പ്രാദേശികസൂനഹദോസിൽവെച്ചു അയാളെ സഭാഭ്രഷ്ടനാക്കി. അലക്സാണ്ഡ്രിയായിൽനിന്നും നിഷ്കാസിതനായ ആര്യൂസ് പാലസ്തീനിലെത്തി സ്വമിത്രവും പൂർവ്വസഹപാഠിയുമായിരുന്ന നിക്കോമേദിയായിലെ എവുസേബിയസിനെയും സ്വപക്ഷവർത്തിയാക്കിച്ചമച്ചു. ദാവാഗ്നിസമാനം വ്യാപിച്ച ഈ മഹാവിപത്തു് സമ്രാട്ടിൻ്റെ ശ്രദ്ധയ്ക്കു വിഷയമായി. രഞ്ജനാസ്ഥാപനാർത്ഥം കോർഡുബായിലെ ഹോസ്യസ് മെത്രാനെ കോൺസ്റ്റൻറയിൻ ഈജിപ്തിലേയ്ക്കയച്ചു. ഹോസ്യസ് കൃത്യനിർവ്വഹണത്തിൽ പരാജയമടയുകയാൽ അദ്ദേഹത്തിൻ്റെ ഉപദേശാനുസരണം ചക്രവർത്തി പ്രഥമസാർവ്വത്രിക സൂനഹദോസ് നിമന്ത്രണംചെയ്തു.

പ്രഥമ സാർവ്വത്രിക സൂനഹദോസ്:— ഈ സംഘം എ. ഡി. 325-ല് നിക്യാപട്ടണത്തിലാണു് സമ്മേളിച്ചതു്. ഭൂരിപക്ഷവും പൌരസ്ത്യരായിരുന്ന 318 മെത്രാന്മാർ ഇതില് സംബന്ധിക്കയുണ്ടായി. അവരില് പലരും മതപീഡനാവസരത്തില് ലഭിച്ച ശാരീരിക പീഡകളുടെ അടയാളങ്ങൾ വഹിച്ചിരുന്നവത്രേ! ചക്രവർത്തിതന്നെ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും അക്രമികളായ ആര്യന്മാരില്നിന്നു് അതിനെ രക്ഷിക്കയും ചെയ്തു. ഹോസ്യസ് മെത്രാനും പ. പിതാവിൻ്റെ പ്രതിനിധികളായ ഇരുവൈദികരുമത്രേ ഇതില് ആദ്ധ്യക്ഷ്യപദമലങ്കരിച്ചതു്. പിതാക്കന്മാർ പാഷണ്ഡികളെ വിസ്തരിക്കുകയും, പാരമ്പര്യത്തേയും, വേദപുസ്തകങ്ങളേയും അസ്പദമാക്കി അവരുടെ അബദ്ധങ്ങളെ ഖണ്ഡിക്കയും ചെയ്തു. പുത്രൻ പിതാവിൻ്റെ ഏകജാതനും, അദ്ദേഹത്തോടു് ഏകസത്തയും (Consubstantial) ആണെന്നു് പ്രമാദരഹിതമായ വിധി അവർ എഴുതി. എന്നും ദിവ്യപൂജയില് ആവർത്തിക്കപ്പെടുന്ന വിശ്വാസപ്രമാണം ഈ സൂനഹദോസില്വെച്ചു നിർമ്മിച്ചതത്രേ. പാഷണ്ഡതയ്ക്കെതിരായ അതിലെ വാചകം ഇങ്ങനെയാണു്. "പിതാവിൻ്റെ ഏകജാതനായി ജനിച്ചവനും, അതായതു് പിതാവിൻ്റെ സത്തയില്(essence)നിന്നുതന്നെയുള്ളവനും, ദൈവത്തില്നിന്നുള്ള ദൈവവും, പ്രകാശത്തില്നിന്നുള്ള പ്രകാശവും, സത്യദൈവത്തില്നിന്നുള്ള സത്യദൈവവും, ജനിച്ചവനും, നിർമ്മിക്കപ്പെടാത്തവനും, പിതാവിനോടു് ഏകസത്തയായുള്ളവനും, എല്ലാം

സൃഷ്ടിച്ചവനും ആയ കർത്താവായ യേശുക്രിസ്തുവില് ഞങ്ങൾ വിശ്വസിക്കുന്നു." ഇരുപത്തിരണ്ടു ആര്യൻമെത്രാന്മാർ നിഖ്യായില് സന്നിഹിതരായിരുന്നു. അവരില് അപൂർവ്വം ചിലരൊഴിച്ചു് മററുള്ളവരെല്ലാം ഈ വിശ്വാസപ്രമാണം സ്വീകരിച്ചൊപ്പുവെയ്ക്കുകയും ആര്യൂസിനെ ശപിക്കുകയും ചെയ്തു. ഈ പാഷണ്ഡതയ്ക്കെതിരായി വിശ്വാസസംരക്ഷണം ചെയ്തവരില് പ്രമുഖൻ ഇരുപത്തേഴുവയസ്സു മാത്രം പ്രായമുണ്ടായിരുന്ന അലക്സാണ്ഡ്റ്യാക്കാരനായ അത്തനേഷ്യസ് എന്ന ആറാംപട്ടക്കാരനായിരുന്നു. പണ്ഡിതനും വാഗ്മിയുമായിരുന്ന ഈ യുവാവിന്റെ ധീരത "പൗരാണികത്വത്തിന്റെ പിതാവു്" എന്ന അപരനാമം അദ്ദേഹത്തിനു് ആർജ്ജിച്ചുകൊടുത്തു.

ഉയിർപ്പുതിരുനാൾ ആഘോഷസമയം, മെലേഷ്യൻ ഛമിദ്മം ഇവയെപ്പററിയും സൂനഹദോസ് തീരുമാനങ്ങൾ ചെയ്തു. വസന്തസമരാത്രിക്കുശേഷമുള്ള പൌർണ്ണമി കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണു് ഉയിർപ്പുതിരുനാൾ ഘോഷിക്കേണ്ടതെന്നു് അവസാനമായി തീരുമാനിച്ചതിവിടെവെച്ചാണു്.

ആര്യൂസ് പ്രഭൃതികളെ കോൺസ്റ്റന്റയിൻ രാജ്യഭ്രഷ്ടരാക്കി. അയാളുടെ ഗ്രന്ഥങ്ങൾ ദഹിപ്പിച്ചുകളയണമെന്നു കല്പിക്കയും അവ സൂക്ഷിക്കുന്നതു് അക്ഷന്തവ്യമായ ഒരു നിയമലംഘനമായി പ്രഖ്യാപിക്കയും ചെയ്തു. എന്നാല് ഒരു മൂന്നുകൊല്ലം തികയുന്നതിനുമുൻപു് സ്വസഹോദരിയുടെ പ്രേരണയ്ക്കു വശംവദനായി ചക്രവർത്തി പാഷണ്ഡികളെ തിരികെ വിളിച്ചു. അവരുടെ കുതന്ത്രങ്ങൾ ഹേതുവാല്, ഇതിനകം അലക്സാണ്ഡ്റിയൻ പാത്രിയർക്കീസായിത്തീർന്ന അത്തനേഷ്യസ് ഉൾപ്പെടെ പല കത്തോലിക്കാമെത്രാന്മാരും നാടുകടത്തപ്പെട്ടു. ഏതായാലും വിശ്വാസികളുടെ എതിർപ്പുമൂലം ആര്യൂസിനു് അലക്സാണ്ഡ്റ്യായില് പുനഃപ്രവേശം ലഭിച്ചില്ല. ചക്രവർത്തി അയാളെ കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു ക്ഷണിച്ചു. ആര്യൂസിനെ സഭയിലേയ്ക്കു സ്വീകരിച്ചുകൊള്ളണമെന്നുള്ള ആജ്ഞയെ ധിക്കരിക്കാൻ നിവൃത്തിയില്ലാതെ കുഴങ്ങിയ അവിടത്തെ മെത്രാൻ ദൈവത്തെ തന്നെ ശരണംഗമിച്ചു. വിജയോന്മത്തമായ ആര്യസംഘം ഘോഷയാത്രയായി നായകനെ പട്ടണത്തിലേയ്ക്കു് എതിരേററു. എന്നാല് വഴിമദ്ധ്യേവെച്ചു് ആര്യൂസ് അകസ്മികമായി വയറുപൊട്ടി മൃതിയടഞ്ഞു.

336-ല് ആണു് ആര്യൂസ് മരിച്ചതു്. കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായ അലക്സാണ്ടരും വിനാവിളംബം കാലഗതി പ്രാപിച്ചു. അനന്തരം അവിടെയും അലക്സാണ്ഡ്റ്യായിലും മെത്രാൻ സിംഹാസനത്തിനു വേണ്ടി വലിയ വഴക്കുകൾ ഉണ്ടായി. അടുത്തകൊല്ലം കോൺസ്റ്റന്റയിൻ ചക്രവർത്തിയും നാടുനീങ്ങി. അദ്ദേഹത്തിന്റെ ത്രിതീയപുത്രൻ കോൺസ്റ്റൻഷ്യസിന്റെ ആര്യൻ പക്ഷപാതവും, ആര്യന്മാരുടെ ബലാത്കാരവുമായിരുന്നു വഴക്കുകൾക്കു നിദാനം. കത്തോലിക്കർ തന്നിമിത്തം നിർദ്ദയം പീഡിപ്പിക്കപ്പെട്ടു. അത്തനേഷ്യസ് പലപ്രാവശ്യം രാജ്യഭ്രഷ്ടനായി.

കലഹസമാപ്തിക്കായി ജൂലിയസ് മാർപ്പാപ്പാ ചക്രവർത്തിമാരുടെ അനുകൂല്യത്തോടെ 343-ല് സർഡീക്കായില് ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. അവിടെ സമ്മേളിച്ച 170 മെത്രാന്മാരില് 76-ം ആര്യന്മാരായിരുന്നു. എന്നാല് സമ്മേളസമാരംഭത്തിനുമുൻപു് നേഷ്യസ് പ്രഭൃതികൾക്കു് സഭയില് സ്ഥാനംകൊടുത്തു എന്ന കാരണത്താല് അവർ ഭിന്നിച്ചുമാറി, ഫിലിപ്പോപ്പൊലിസില് വേറൊരു സംഘം കൂടി. സർഡിക്കൻ സമ്മേളനം അത്തനേഷ്യസ് പ്രഭൃതികളെ നിരപരാധികളെന്നു പ്രഖ്യാപനം ചെയ്തപ്പോൾ, ഫിലിപ്പോപ്പൊലീസിലേത്തു് അവരെ കുറ്റാരോപണം ചെയ്തു് നാടുകടത്താൻ വിധിയെഴുതി!! തത്കാലം ആദ്യത്തേ തിരുമാനം തന്നെ നടപ്പിലായി. എന്നാല് 350-ല് കോൺസ്റ്റൻഷ്യസ് ഏകാധിപതിയായിത്തീർന്നപ്പോൾ ആര്യൻ ശക്തി വർദ്ധിക്കുകയാണു ചെയ്തതു്. 353-ല് ആർലസിലും 355-ല് മിലാനിലും കൂടിയ സൂനഹദോസുകൾ ചക്രവർത്തിയുടെ ഭീഷണി നിമിത്തം ആര്യൻ സിദ്ധാന്തത്തെ അനുകൂലിക്കുന്നതിനിടയായത്രേ!! അത്തനേഷ്യസിനെ ശപിക്കുവാൻ വിസമ്മതിച്ചതുനിമിത്തം ലിബേറിയൂസ് മാർപ്പാപ്പാപോലും 355-ല് രാജ്യഭ്രഷ്ടനാക്കപ്പെട്ടു. അത്തനേഷ്യസാകട്ടെ മരുഭൂമിയിലേയ്ക്കു് പലായനം ചെയ്തു് ശത്രുഹസ്തങ്ങളില് പെടാതെ രക്ഷപ്പെട്ടു.

ആര്യന്മാർ വിജയശ്രീലാളിതരായി; എന്നാല് ക്രമേണ അവർ പല അവാന്തരവിഭാഗങ്ങളായി ഭിന്നിച്ചു. ഇവരില് "അദ്ധ്യആര്യന്മാർ" എന്ന വിഭാഗക്കാർ, പുത്രൻതമ്പുരാൻ പിതാവില് നിന്നും തികച്ചും വ്യത്യസ്തനാണെന്നു വാദിച്ചപ്പോൾ, "അർദ്ധാര്യന്മാർ" പിതാവും പുത്രനും സത്തയിൽ സാമ്യമുള്ളവരാണെന്നു പഠിപ്പിച്ചു. "അക്കേഷ്യന്മാർ" എന്ന മൂന്നാമതൊരു കൂട്ടരാകട്ടെ ദൈവികപുരുഷന്മാർ തുല്യസത്തയുള്ളവരാണെന്നും അഭിപ്രായപ്പെട്ടു. അവരുടെ നേതാവും കേസറിയാമെത്രാനുമായിരുന്ന അക്കേഷ്യസിൽ നിന്നാണു് അവർക്കു ഈ പേർ ലഭിക്കുവാനിടയായതു്. "അനോമിയന്മാരു"ടെ പ്രബോധനം പിതാവും പുത്രനും സത്തയില് സാമ്യമില്ലാത്തവരെന്നല്ല വിരുദ്ധപ്രകൃതക്കാർകൂടിയാണ് എന്നത്രേ. ഇവർ ദിവ്യരഹസ്യങ്ങളെല്ലാം തിരസ്കരിക്കുകയും പരിശുദ്ധാത്മാവു് പുത്രന്റെ ഒരു സൃഷ്ടിമാത്രമാണെന്നു പറഞ്ഞുകൊണ്ടു് അവിടുത്തെ ദൈവത്വത്തെ നിഷേധിക്കുകയും ചെയ്തു. ഐക്യപുനഃസ്ഥാപനത്തിനുവേണ്ടി നിമന്ത്രണം ചെയ്യപ്പെട്ട സൂനഹദോസുകൾ അഭിപ്രായവ്യത്യാസങ്ങളെ വർദ്ധിപ്പിച്ചതേയുള്ളു. അനോമിയന്മാരും അർദ്ധാര്യന്മാരുമായുണ്ടായ അഭിപ്രായവ്യത്യാസത്തിൽ കോൺസ്റ്റൻഷ്യസ് ചക്രവർത്തി അർദ്ധാര്യന്മാരെ അനുകൂലിച്ചു. എന്നാൽ അദ്ദേഹം 358-ൽ സിർമിയത്തില് വിളിച്ചുകൂട്ടിയ സൂനഹദോസ് അക്കേഷ്യൻതത്വത്തെ അംഗീകരിച്ചു വിധിയുമെഴുതി!! എത്ര വിചിത്രമായിരിക്കുന്നുവെന്നു നോക്കുക!!! കോൺസ്റ്റൻഷ്യസ് ചിഭക്തരായ ആര്യരേ സംയോജിപ്പിക്കുന്നതിനും അവരുടെ വിശ്വാസതത്വം കത്തോലിക്കരുടെ തലയിൽ കെട്ടിവെയ്ക്കുന്നതിനുമായി ഇററലിയിൽ മാർപ്പാപ്പായുടെ

അംഗീകാരംകൂടാതെ റിമിനി എന്ന സ്ഥലത്തും കിഴക്ക് സെലൂഷ്യയിലും ഒരേ സമയത്ത് എ. ഡി. 359-ല് രണ്ടു സൂനഹദോസുകൾ വിളിച്ചുകൂട്ടി. നിഖ്യാവിശ്വാസത്തില്നിന്നും വ്യതിചലിക്കയില്ലെന്നു ദൃഢനിശ്ചയം ചെയ്ത മെത്രാന്മാർ അര്യന്മാരുടെ വഞ്ചനയും ചക്രവർത്തിയുടെ ഭീഷണിയും നിമിത്തം എല്ലാവരുംതന്നെ സാരമായ "ഏകസത്താ"തത്വം ഉപേക്ഷിക്കേണ്ടിവന്നു. എന്നാല് ലിബേരിയസ് മാർപ്പാപ്പായും വഞ്ചിതരായ മെത്രാന്മാരും, അവരോടു ചെയ്ത നിന്ദനീയമായ ചതിയെ അപലപിക്കുകയും നിഖ്യാവിശ്വാസത്തോടുള്ള അഭംഗുരമായ യോജിപ്പിനെ പ്രഖ്യാപിക്കയും ചെയ്യാതിരുന്നില്ല.

കോൺസ്റ്റൻഷ്യസിന്റെ മരണത്തോടുകൂടി അര്യൻമതം അധഃപതിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ പിൻഗാമികൾ പലരും കത്തോലിക്കസഭയെ അനുകൂലിച്ചു. മഹാനായ തിയോഡോഷ്യസ് സ്വപ്രജകളെ നിഖ്യാവിശ്വാസം സ്വീകരിക്കാൻ ഉപദേശിക്കുകയും പാഷണ്ഡികളുടെ സമ്മേളനങ്ങൾ നിയമവിരുദ്ധമാക്കുകയും ചെയ്തു. തിയോഡോഷ്യസ് ദ്വിതീയന്റെ കാലത്ത് അര്യൻമതം വെറും നാമമാത്രമായിത്തീർന്നു. റോമൻ സാമ്രാജ്യത്തുനിന്നും ബഹിഷ്കൃതമായ ഈ മതം ജർമ്മൻ ജാതികളുടെ ഇടയില് കുറെക്കാലത്തേയ്ക്കു നിലനിന്നു.

<u>മാസിഡോണിയൻ പാഷണ്ഡത</u>:- കോൺസ്റ്റാന്റിനോപ്പിൾ മെത്രാസനം അപഹരിച്ച അദ്ധ്യക്ഷനായ ഒരു മാസിഡോണിയസ് 362-ല് പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ നിഷേധിച്ചു. പ. ത്രിത്വത്തിലെ തൃതീയ പുരുഷനായ റൂഹാദക്കുദശാ, വാനദൂതികളെപ്പോലെ ഒരു സൃഷ്ടിയും, പിതാവിന്റെയും പുത്രന്റെയും ഒരു ഭൃത്യൻ മാത്രവും ആണെന്നായിരുന്നു അയാൾ പ്രബോധിപ്പിച്ചത്. വി. അത്തനേഷ്യസ് ഈ അബദ്ധത്തെ എതിർത്തു. അദ്ദേഹം അലക്സാണ്ട്റ്യായിലും, ഡമസൂസ് പാപ്പാ റോമിലും വിളിച്ചുകൂട്ടിയ സൂനഹദോസുകളില് വെച്ച് മാസിഡോണിയസ് ശപ്തനായി. മാസിഡോണിയന്മാരുടെ ബാഹ്യമായ ജീവിതവിശുദ്ധി അനേകരെ അപഥത്തിലാക്കാതിരുന്നില്ല. റോമൻസഭയോടുള്ള ഐക്യമാണ് കാതോലികത്വത്തിന്റെ അനിഷേദ്ധ്യലക്ഷണമെന്നു തിയഡോഷ്യസ് സ്വഭരണീയരെ അറിയിച്ചു ഇതുകൊണ്ടും തൃപ്തിവരാതെ എ. ഡി. 381 മെയ് മാസത്തില് കോൺസ്റ്റാൻറിനോപ്പിളില് വെച്ച് അദ്ദേഹം സൂനഹദോസു വിളിച്ചുകൂട്ടി.

<u>രണ്ടാമത്തെ പൊതുസമ്മേളനം</u>. 150 കത്തോലിക്കമെത്രാന്മാരും 36 മാസിഡോണിയൻ മെത്രാന്മാരും ഇതില് സംബന്ധിച്ചു. എന്നാല് സഭാനടപടികളോട് വിയോജിച്ച് മാസിഡോണിയന്മാർ ഇറങ്ങിപ്പോയി. സൂനഹദോസുകാർ നിഖ്യാവിശ്വാസപ്രമാണത്തെ സ്ഥിരീകരിക്കയും പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ കൂടുതല് വിശദീകരിക്കുന്ന ഏതാനും ഭാഗംകൂടി അതോടു ചേർക്കുകയും ചെയ്തു. ചക്രവർത്തി ഈ തീരുമാനത്തെ ഈശ്വരകല്പനയായി സ്വീകരിച്ച് രാജകീയ നിയമമാക്കി. മാർപ്പാപ്പായുടെ പ്രാതിനിധ്യംകൂടാതെ പൌരസ്ത്യമെത്രാന്മാർമാത്രം സമ്മേളിച്ച

ഈ സൂനഹദോസ്, സഭാധിപതിയുടെ അംഗീകാരം അനന്തരം ആർജ്ജിക്കയും, അങ്ങിനെ തിരുസ്സഭയിലെ ദ്വിതീയസാർവ്വത്രികസൂനഹദോസായി പരിഗണിക്കപ്പെടുകയും ചെയ്തു.

ഈ സൂനഹദോസ് അപ്പോല്ലിനാരിയൂസ് ഫോററിനസ് എന്നിവരുടെ അബദ്ധോപദേശങ്ങളേയും ശപിക്കാതിരുന്നില്ല. ഇവരില് ആദ്യത്തെ ആൾ യേശുവിന് മനുഷ്യാത്മാവില്ലായിരുന്നുവെന്നും, അദ്ദേഹത്തിന്റെ ദിവ്യമായ ശരീരം കന്യകാമറിയാമിന്റെ ഉദരത്തില് പ്രവേശിച്ചെന്നല്ലാതെ അവളില്നിന്ന് കൃതമല്ല എന്നും വാദിച്ചു. ഫോററിനസാകട്ടെ, 'വചനം' പിതാവിന്റെ ബുദ്ധിയുടെ ബാഹ്യപ്രയോഗമാത്രമാണെന്നും ഒരു പ്രത്യേക പുരുഷൻ അല്ലായെന്നും യേശുവിൽ വചനം അവസിക്കയത്രേ ചെയ്യുന്നതെന്നും പഠിപ്പിച്ചു.

പെലേജിയൻമതം. എ. ഡി. 410 പെലേജിയസ് എന്ന ആംഗ്ലേയ സന്യാസി, സെലസ്റ്റിയസ് എന്ന സഹകാരിയോടുകൂടി, ആദാമിന്റെ പാപം അനന്തരതലമുറകൾക്ക് ബാധകമല്ലെന്നും സല്പ്രവൃത്തികൾക്ക് ദൈവപ്രസാദം ആവശ്യമില്ലെന്നും, ആഫ്റിക്കൻസഭയില് പ്രബോധനം നടത്തി. 412-ല് കാർത്തേജില് സമ്മേളിച്ചമെത്രാന്മാർ ഈ അബദ്ധോപദേശത്തെ ശപിക്കയും സെലസ്റ്റിയസ്സിനെ സഭയില്നിന്നു ബഹിഷ്കരിക്കയുംചെയ്തു. ആദാമിന്റെ സന്തതികൾ പാപത്തില് ഉത്ഭവിക്കുന്നുവെന്നും, നന്മ ആഗ്രഹിക്കുന്നതിനുപോലും ദൈവപ്രസാദം അനുപേക്ഷണീയമാണെന്നും ഉള്ള വിശ്വാസതത്വത്തെ ഈ സൂനഹദോസ് വ്യക്തമാക്കി. ഇതിനിടയില് പലസ്തീനായിലേക്കു കടന്ന പെലേജിയസ് തന്ത്രംമൂലം ജറുസലമില് നടന്ന വൈദികസമ്മേളനത്തിന്റെ ശാപത്തില്നിന്നു രക്ഷപ്പെട്ടു. എന്നാല് കാർത്തേജിലെ ദ്വിതീയസമ്മേളനം ശാപത്തെ ആവർത്തിക്കയും വിവരം ഇന്നസെൻറുമാർപ്പാപ്പായെ അറിയിക്കുകയും ചെയ്കയാല്, മാർപ്പാപ്പാ 417-ല് നടത്തിയ റോമൻ സമ്മേളനത്തില്വെച്ചു അവരുടെ തീരുമാനം അംഗീകരിക്കയും പെലേജിയസ്സിനേയും സെലസ്റ്റിയസ്സിനേയും മഹറോനിലുൾപ്പെടുത്തുകയും ചെയ്തു. ഇന്നസെൻറുതിരുമനസ്സിലെ പിൻഗാമിയായ സോസിമസ് മാർപ്പാപ്പായുടെ പക്കല് അവർ ചെയ്ത കപടപ്രസ്താവനകൾ നിമിത്തം അവരുടെ കാര്യം പുനരാലോചിക്കണമെന്ന് അദ്ദേഹം ആഫ്റിക്കയിലേക്കെഴുതി. എങ്കിലും അവിടത്തെ മെത്രാന്മാരില്നിന്നും സംഗതികൾ യഥാവിധം ഗ്രഹിച്ച പ. പിതാവ് അവരുടെ തീരുമാനമനുസരിച്ചുതന്നെ പ്രവർത്തിക്കുകയും, പാഷണ്ഡികളെ ഒണോരിയസ് ചക്രവർത്തി രാജ്യഭ്രംശം ചെയ്യിക്കയും ചെയ്തു. പെലേജിയൻവാദത്തിനെതിരായി സഭാസംരക്ഷണം ചെയ്തവരില് അഗ്രഗണ്യൻ വി. അഗുസ്തിനോസാണ്. "നീതിമാന്റെ പരിപൂർണ്ണത" എന്ന സ്വഗ്രന്ഥത്തില് അദ്ദേഹം അവരുടെ അബദ്ധങ്ങളെ സയുക്തികം ഖണ്ഡിച്ചിട്ടുണ്ട്.

നാശോന്മുഖമായ പെലേജിയൻ സിദ്ധാന്തത്തെ ഉപജീവിച്ച് അർദ്ധപെലേജിയസിദ്ധാന്തമാവിർഭവിച്ചു. "വിശ്വാസവും സദാഗ്രഹങ്ങ

ളം പ്രകൃത്യാ സ്വയം നമ്മിലുളവാകുന്നതാണെന്നും, അതിന്റെ അനന്തരഫലംമാത്രമാണ് പ്രസാദവരം" എന്നുമാണ് ഈ നവീനതത്വം. ഫ്രാൻസില് മാഴ്സെയ്ക്കാരനായ ജോൺകസ്സ്യാന്നസ് എന്ന സന്ന്യാസിശ്രേഷ്ഠനായിരുന്നു ഇതിന്റെ പ്രമുഖനേതാവ്. വി. അഗുസ്റ്റീനോസ് തന്നെ ഈ വാദത്തിന്റെയും അർത്ഥശൂന്യത വെളിവാക്കി. വിശ്വാസത്തിനും നന്മയെക്കുറിച്ചുള്ള പ്രഥമാസക്തിക്കപോലും നാം അർഹിക്കാത്ത ദൈവവരം ആവശ്യകമാണെന്ന് അദ്ദേഹം സ്ഥാപിച്ചു. 529-ലെ ഓറഞ്ചു സൂനഹദോസ് ഈ മതവിരുദ്ധതയെ ഔപചാരികമായി ശപിക്കുകയും ചെയ്തു.

നെസ്തോറിയൻപാഷണ്ഡത. യേശുക്രിസ്തുവാകുന്ന ഈശ്വരപുരുഷനില് ദൈവികവും മാനുഷികവുമായ ഇരുസ്വഭാവങ്ങളുടെ ദിവ്യവും അഭേദ്യവുമായ സംയോജനത്തെപ്പററിയുള്ള വിവേകരഹിതമായ ചർച്ച പല അബദ്ധങ്ങൾക്കും നിദാനമായിട്ടുണ്ട്. അവയില് പ്രധാനമായതു് നെസ്തോറിയൻ സിദ്ധാന്തമത്രേ. 428-ല് കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായിത്തീർന്ന നെസ്തോറിയസ് എന്നൊരു സന്ന്യസ്തവൈദികൻ ക്രിസ്തുവില് രണ്ടു സ്വഭാവമെന്നപോലെ രണ്ടു വ്യക്തിത്വവുമുണ്ടെന്നും കന്യകാമേരി കേവലം മനുഷ്യനായ ക്രിസ്തുവിന്റെ ജനനിമാത്രമാകയാല് ദൈവമാതാവെന്നുള്ള സംജ്ഞയ്ക്കു് അനർഹയാണെന്നും പരസ്യമായി പഠിപ്പിച്ചു. രക്ഷണീയവൃത്തിയെ ആകമാനം നിരർത്ഥകമാക്കുന്ന ഈ നവീനതത്വം വിശ്വാസികൾ മുക്തകണ്ഠം നിരസിക്കാതിരുന്നില്ല. നെസ്തോറിയസിനെ ശക്തിയുക്തം എതിർത്ത അലക്സാണ്ട്റിയാ പാത്രിയർക്കീസായ വി. സിറില് വിവരം സെലസ്റ്റിൻ മാർപ്പാപ്പായെ ധരിപ്പിക്കയും 430-ല് തിരുമനസ്സുകൊണ്ടു് ഈ അബദ്ധോപദേശത്തെ ശപിക്കുകയും ചെയ്തു. പത്തുദിവസത്തിനകം തെററുകൾ ഉപേക്ഷിച്ചില്ലെങ്കില് നെസ്തോറിയസിനെ സ്ഥാനഭ്രംശം ചെയ്യുമെന്നും അവിടുന്നു കല്പിച്ചു. ഈ തീരുമാനങ്ങൾ നടപ്പില് വരുത്തുന്നതിനു വി. സിറിലിനെ തിരുമനസ്സുകൊണ്ടു് ചുമതലപ്പെടുത്തി. പക്ഷേ നെസ്തോറിയസ് ഇളകിയില്ല. അന്ത്യോക്യൻപാത്രിയർക്കീസായ ജോൺ മുതലായവരും അയാളുടെ പക്ഷത്തു ചേർന്നു.

തൃതീയസാർവ്വത്രിക സമ്മേളനം:- വിവാദം രൂക്ഷതരമായി. തന്നിമിത്തം തിയോഡോഷ്യൻസ് ദ്വിതീയൻ ചക്രവർത്തി പ. പിതാവിന്റെ അനുവാദത്തോടെ എഫേസൂസില് വെച്ചു് 431-ല് തിരുസ്സഭയിലെ തൃതീയ സാർവ്വത്രികസൂനഹദോസ് വിളിച്ചുകൂട്ടി. നെസ്തോറിയസ് മനഃപൂർവ്വം ഹാജരായില്ല. 200-ല് പരം മെത്രാന്മാരുടെ ആ സമ്മേളനം അയാളെ ശപിച്ചു് സ്ഥാനഭ്രഷ്ടനാക്കി പ. കന്യകാമറിയത്തിന്റെ ദൈവമാതൃത്വം അനിഷേദ്ധ്യമെന്നു് പ്രഖ്യാപിതമായി.

ആറുദിവസം കഴിഞ്ഞപ്പോൾ അന്ത്യോക്യയിലെ ജോൺപ്രഭൃതികൾ എഫേസൂസില് തന്നെ ഒരു കള്ളസൂനഹദോസുകൂടി യഥാർത്ഥസമ്മേളനത്തിന്റെ തീരുമാനങ്ങൾ അസ്ഥിരപ്പെടുത്തിയതായും, സിറിലിനെയും

സഹപ്രവർത്തകനേയും സ്ഥാനഭ്രഷ്ടരാക്കിയതായും വിധിച്ചു!!! വഞ്ചിതനായ ചക്രവർത്തി സിറിലിനേയും മററും ആദ്യം അറസ്റ്റുചെയ്തെങ്കിലും താമസംവിനാ സ്വതന്ത്രരാക്കുകയും നെസ്തോറിയസിനെ നാടുകടത്തുകയും ചെയ്തു. അയാൾ 440-ല് ലീബിയായില് വെച്ച് മരണമടഞ്ഞു.

ജോണും കൂട്ടരും രണ്ടുകൊല്ലം കഴിഞ്ഞ് എഫേസൂസ് വിധിക്കു വിധേയരായി. നെസ്തോറിയന്മാർ സിറിയാ പേർഷ്യാ മുതലായ സ്ഥലങ്ങളില് വ്യാപിച്ചു. കാലക്രമത്തില് അവർ പേർഷ്യൻസഭയെ ഐഹികബന്ധത്തില് നിന്നും വിടർത്തി അതിന്റെ ആധിപത്യം കൈക്കലാക്കി. വൈദികർക്ക് വിവാഹമനുവദിച്ചു. അനന്തരശതകങ്ങളില് നെസ്തോറിയന്മാർ പലരും സമൂഹമായിത്തന്നെ തിരുസ്സഭയുമായി യോജിക്കുകയുണ്ടായി.

ഏകസ്വഭാവവാദം. നെസ്തോറിയൻ സിദ്ധാന്തത്തോടുള്ള അതിരുകടന്ന എതിർപ്പ്, കോൺസ്റ്റാന്റിനോപ്പിളിലെ ഒരു ആശ്രമാധിപനായിരുന്ന യൂതിക്കേസിനെ, വേറൊരു പാഷണ്ഡതാഗർത്തത്തിൽ വീഴ്ത്തി. ക്രിസ്തുവിൽ ഒരു ഈശ്വരവ്യക്തിയെന്നപോലെതന്നെ മനുഷ്യാവതാരത്തിനുശേഷം ദൈവസ്വഭാവം മാത്രമേയുള്ളുവെന്നാണ് അയാൾ വാദിച്ചത്. കോൺസ്റ്റാന്റിനോപ്പിൽ പാത്രിയർക്കീസായിരുന്ന ഫ്ളാവിയൻ ഒരു സൂനഹദോസിൽവെച്ച 448-ല് ഈ അബദ്ധത്തെ ശപിക്കയും, യൂതിക്കസിനെ അധികാരഭ്രഷ്ടനാക്കി മഹറോൻ ചൊല്ലുകയും ചെയ്തു. എന്നാൽ ഫ്ളാവിയന്റെ ശത്രുക്കളായ അലക്സാണ്ഡ്രിയാ പാത്രിയർക്കീസ് ഡയോസ്കോരസിന്റെയും, മന്ത്രി ക്രിസോഫിയസിന്റെയും പ്രേരണയ്ക്കു വിധേയനായി തിയോഡോഷ്യസ് ചക്രവർത്തി എഫേസൂസിൽ വെച്ചു 449-ല് ഒരു സൂനഹദോസ് നിമന്ത്രണംചെയ്തു. റോമൻ സ്ഥാനപതികളെ സമ്മേളനസ്ഥലത്തു പ്രവേശിപ്പിക്കപോലും ചെയ്യാതെ ഡിയോസ്കോരസ് തന്നെ അദ്ധ്യക്ഷംവഹിച്ചു; യൂതിക്കസിന്റെ സിദ്ധാന്തങ്ങൾ അംഗീകരിക്കയും അയാളെ നിരപരാധിയെന്നു വിധിക്കയും ചെയ്തു. രാജ്യഭ്രഷ്ടനായ ഫ്ളാവിയൻ ശത്രുപീഡനങ്ങളുടെ ഫലമായി മൂന്നു ദിവസം കഴിഞ്ഞപ്പോൾ മരിച്ചുപോയി! സ്ഥാനപതികൾ ഓടി രക്ഷപ്പെട്ടു; മററുപിതാക്കന്മാർ ഡയോസ്കോരസിന്റെ തീരുമാനങ്ങൾ അനുസരിക്കേണ്ടിവന്നു. മഹാനായ ലിയോമാർപ്പാപ്പാ "തസ്കരസമ്മേളനം" എന്ന് ഇതിനെ സംജ്ഞയും ചെയ്തു.

ചതുർത്ഥസാർവ്വത്രിക സമ്മേളനം:— തിയോഡോഷ്യസിന്റെ പിൻവാഴ്ചക്കാരനായ മാർഷ്യൻ, മാർപ്പാപ്പായുടെ സമ്മതത്തോടെ 451-ല് കൽക്കദോനിയായില് തിരുസ്സഭയിലെ ചതുർത്ഥസാർവ്വത്രികസൂനഹദോസ് വിളിച്ചുകൂട്ടി. ഏകദേശം 600 മെത്രാന്മാർ അവിടെ സമ്മേളിച്ചു. പ. പിതാവിന്റെ "താത്വികലേഖനം" വായിച്ചു കേട്ടപ്പോൾ മെത്രാന്മാർ ഹർഷാരവും മുഴക്കിക്കൊണ്ടു "ഞങ്ങളും ഇതുതന്നെ വിശ്വസിക്കുന്നു. പത്രോസ് ലെയോമുഖാന്തരം സംസാരിച്ചിരിക്കുന്നു" എന്നു ഉദ്ഘോഷിച്ചു.

യൂത്തിക്കസ് പ്രഭൃതികൾ ശപ്തരായി; ഈ പാഷണ്ഡതകളേയും നിർമ്മൂലമാക്കുന്ന ഒരു വിശ്വാസപ്രമാണവും നിർമ്മിതമായി.

രോഷാകുലരായ ഏകസ്വഭാവവാദികൾ കത്തോലിക്കാമെത്രാന്മാരെ പീഡിപ്പിച്ചുതുടങ്ങി. പൂർവ്വദേശങ്ങളിലേയ്ക്കു വ്യാപിച്ച അവർ പൌരസ്ത്യപാത്രിയർക്കാസിംഹാസനങ്ങൾ അധീനമാക്കി. ഗ്രീക്കുചക്രവർത്തിമാരുടെ നയവിലോപം കൂടുതല് കലഹങ്ങൾക്കും ഛിദ്രങ്ങൾക്കും നിദാനമായി. ഇടയ്ക്കിടയ്ക്കു താല്ക്കാലികശാന്തതകൾ ഉണ്ടാകാതെയുമിരുന്നില്ല.

വിഭക്തരായ പാഷണ്ഡസമൂഹങ്ങളെ 541-ല് എദേസ്സാമെത്രാനായ ഒരു യാക്കോബ് ബുർദാനാ എന്നയാൾ സംയോജിപ്പിക്കയും ഒരു ശാശ്വത ആചാര്യാധിപത്യമേർപ്പെടുത്തുകയും ചെയ്തു. അയാളില്നിന്നാണ് ഇവർക്കു യാക്കോബായക്കാർ എന്ന പേരുണ്ടായതു്.

അഞ്ചാമത്തെ പൊതുസമ്മേളനം:— ഏകസ്വഭാവവാദികൾക്ക് അരോചകമായിരുന്ന "ത്രിയോദ്ധ്യായി" ഗ്രന്ഥങ്ങളെ അപലപിച്ചാല് അവർ തിരുസ്സഭയിലേയ്ക്കു തിരിച്ചുവരുമെന്നു ധരിച്ച ജസ്റ്റീനിയൻചക്രവർത്തി അവയെ ശപിച്ച് ഒരു ശാസനംപുറപ്പെടുത്തി. അബദ്ധങ്ങളായ ചില തത്വങ്ങൾ അവയിലുണ്ടായിരുന്നെങ്കിലും അങ്ങനെ ചെയ്യുന്നതിനു ചക്രവർത്തിക്കധികാരമില്ലാതിരുന്നതിനാലും അതു കല്ക്കദോനിയസൂനഹദോസിനോടുള്ള ഒരു അവഗണനമായിരുന്നതിനാലും പ. പിതാവു ശാസനയെ എതിർത്തു. ചക്രവർത്തിയെ അനുസരിച്ച മെത്രാന്മാരും പിന്നീട് വിജിലിയസ് പാപ്പായോടുചേർന്നു. തത്ഫലമായി 553-ല് കോൺസ്റ്റാൻറിനോപ്പിളില്തന്നെ തിരുസ്സഭയുടെ പഞ്ചമസാർവ്വത്രികസൂനഹദോസ കൂടി. ത്രിയോദ്ധ്യായിലെ അബദ്ധങ്ങൾ അധികാരപൂർവ്വം ശപ്തമായി.

യാക്കോബായക്കാർ പേർഷ്യാ, ഈജിപ്തു്, ഇൻഡ്യാ മുതലായ സ്ഥലങ്ങളില് ഇന്നും ശേഷിക്കുന്നു. പിതൃപൂജ, കൂദാശകൾ ശുദ്ധീകരണസ്ഥലവിശ്വാസം മുതലായവയില് ഇവർക്കു കത്തോലിക്കാസഭയോടുള്ള സാമ്യം, തിരുസ്സഭയുടെ അഭംഗുരമായ വിശ്വാസപാലനത്തിനു മകുടോദാഹരണമായി നിലനില്ക്കുകയത്രേ ചെയ്യുന്നതു്.

ഏകമനോവാദം:— കത്തോലിക്കരേയും ഏകസ്വഭാവവാദികളേയും രഞ്ജിപ്പിക്കാനുള്ള ശ്രമത്തില് കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായ സേർഗിയസ് ഒരു പുതിയ പാഷണ്ഡത ആവിർഭവിപ്പിച്ചു. യേശുവിനു രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും ഐശ്വരമനസ്സും അതിൻെറ പ്രവർത്തനങ്ങളും മാത്രമേയുള്ളു എന്നാണ് അയാൾ പഠിപ്പിച്ചതു്. രാഷ്ട്രീയോദ്ദേശങ്ങളോടെ ഹെറാക്ലിയസ് ചക്രവർത്തി ഈ സിദ്ധാന്തത്തെ അനുകൂലിക്കുകയും ചെയ്തു. ജറൂസലേം പാത്രിയർക്കീസായിരുന്ന സോഫ്രോണിയസ് ഇതിനെ ശക്തിയുക്തം എതിർത്തു. പാഷണ്ഡികളാല് വഞ്ചിതനായ ഒണേറിയൂസ് മാർപ്പാപ്പാ അവർക്കനുകൂലമെന്നു തെററിധരിക്കത്തക്ക ചില ഭാഗങ്ങളടങ്ങിയ ഒരു കത്ത് സേർഗിയസ്സിനെഴുതി. 649-ല് വി. മാർട്ടിൻ പ്രഥമൻ മാർപ്പാപ്പാ ഈ അബദ്ധോപദേശത്തെ ശപിച്ചു. എന്നാല്

അദ്ദേഹം ബദ്ധനാക്കുകയും അനന്തരം രാജ്യഭ്രഷ്ടനായി മരണമടയുകയുമത്രേ ചെയ്തതു്.

ആറാമത്തെ സാർവ്വത്രികസമ്മേളനം:- എ. ഡി. 680-ല് കോൺസ്റ്റാന്റിനോപ്പിളില് തന്നെ ഷഷ്ഠ സാർവ്വത്രിക തിരുസ്സംഘം സമ്മേളിച്ചു. അതില് വെച്ചു ഏകമനോവാദത്തെ ശപിച്ചു്, യേശുവിനു രണ്ടു സ്വഭാവത്തിനു മനോയോജ്യമായ രണ്ടു മനസ്സും രണ്ടു പ്രവർത്തനശക്തിയും ഉണ്ടെന്നു് വ്യക്തമായി പ്രഖ്യാപനം ചെയ്തു. ഗൌരവാവഹമായ ഈ കാര്യത്തില് പ്രദർശിപ്പിച്ച അനവധാനതയ്ക്കു് ഒണോറിയൂസ് പാപ്പായേയും തിരുസ്സംഘം അപലപിക്കാതിരുന്നില്ല.

ഡൊണാറ്റിസ്റ്റു് ഷിദ്മം:- 311-ല് കാർത്തേജിലെ മെത്രാനായ സെസീലിയന്റെ അഭിഷേകം അസാധുവാണെന്നു്, ഡൊണാറ്റസിന്റെ നേതൃത്വത്തില് കൂടിയ മെത്രാന്മാരുടെ ഒരു സമ്മേളനം പ്രഖ്യാപിക്കുകയും പകരം ഒരാളെ തൽസ്ഥാനത്തു നിയമിക്കുകയും ചെയ്തു. ഇതു് അസത്യവും നിയമവിരുദ്ധവുമായിരുന്നു. എങ്കിലും ഒട്ടധികം ജനങ്ങൾ ഷിദ്മക്കാരുടെ പക്ഷത്തു ചേരാതിരുന്നില്ല. മെല്ക്യാദസ് മാർപ്പാപ്പായും, ഷിദ്മക്കാരുടെ അഭ്യർത്ഥനാനുസരണം ആർലസില് സമ്മേളിച്ച സൂനഹദോസും സെസിലിയനു അനുകൂലമായി വിധിച്ചു. ചക്രവർത്തിയുടെ പക്കല് അപ്പീല് ബോധിപ്പിച്ചിട്ടും ഉദ്ദേശ്യം സാധിക്കായ്കയാല്, ഡോണാറ്റിസ്റ്റർ കത്തോലിക്കരെ മർദ്ദിച്ചു തുടങ്ങി. ദേവാലയങ്ങൾ ആക്രമിച്ചു സ്വാധീനമാക്കുകയും, ബലിപീഠങ്ങളേയും പൂജാപാത്രങ്ങളേയും നശിപ്പിക്കുകയും ചെയ്തു. അവരുടെ പക്ഷത്തുചേർന്നവർക്കു് വീണ്ടും മാമ്മോദീസാ കൊടുത്തുകൊണ്ടു് അവർ മാത്രമാണു് സത്യമതസ്ഥർ എന്നും അവർ വാദിച്ചു.

രാജകീയാനുമതിയോടുകൂടി കർത്തേജില് വെച്ചു് 411-ല് ഒരു രഞ്ജകസമ്മേളനം നടത്തി ഇതില് 286 കത്തോലിക്കമെത്രാന്മാരും 279 ഡൊണാറ്റിസ്റ്റു മെത്രാന്മാരും സംബന്ധിച്ചു. ഹിപ്പോയിലെ മെത്രാനായിരുന്ന വിശുദ്ധ അഗസ്റ്റിനോസ് എതിരാളികളുടെ അബദ്ധത്തെ നയ്യക്കരികം വെളിവാക്കി. ഷിദ്മക്കാർ കൂട്ടംകൂട്ടമായി തിരുസ്സഭയിലേയ്ക്കു തിരിച്ചുപോന്നു. മാർപ്പാപ്പായുടെ അധികാരത്തെ നിഷേധിക്കുകയും, എന്നിട്ടും സത്യമതസ്ഥരെന്നു അവകാശപ്പെടുകയും ചെയ്തിരുന്ന ആദ്യഷിദ്മക്കാർ ഡൊണാറ്റിസ്റ്റരാണു്.

മാഹമ്മദുമതം:- സഭാന്തരീക്ഷത്തില് ഉദയം ചെയ്തതല്ലെങ്കിലും മാഹമ്മദുമതധൂമകേതു തിരുസ്സഭയ്ക്കും ഉപദ്രവഹേതുകമായിരുന്നു. മാഹമ്മദു അബ്രാഹാമിന്റെ പുത്രനായ ഇസ്മായേലിന്റെ വംശജനായിരുന്നത്രേ. എ. ഡി. 609-ല് അയാൾ ഒരു നൂതനമതം പ്രസംഗിപ്പാൻ തുടങ്ങി. ക്രിസ്ത്യൻ, യഹൂദ അജ്ഞാനമതങ്ങളില് നിന്നും സ്വീകരിച്ച തത്വങ്ങൾ മാത്രമടങ്ങിയ ഈ മതം ആദം, അബ്രാഹം, മൂശ, ക്രിസ്തു മുതലായ ദീർഘദർശികൾ പഠിപ്പിച്ചതുതന്നെയെന്നായിരുന്നു അയാൾ സിദ്ധാന്തിച്ചതു്. ഗബ്രിയേല് ദൈവദൂതൻ അയാൾക്കു പ്രത്യക്ഷപ്പെടുക പതിവായിരുന്നുവെ

ന്നും അയാൾ അവകാശപ്പെട്ടു. "അള്ളായല്ലാതെ വേറെ ദൈവമില്ലെന്നും മഹമ്മദ് അദ്ദേഹത്തിന്റെ ദീർഘദർശിയാണെന്നും" ആയിരുന്നു പുതിയ മതത്തിന്റെ പ്രധാന തത്വങ്ങൾ. വൈദികനോ, ബലിയോ ഇതിനില്ല. ബഹുഭാര്യാത്വം അനുവദിക്കുകയും സ്വതന്ത്രബുദ്ധിയെ നിഷേധിക്കുകയും ചെയ്യുന്നു. മഹമ്മദീയരുടെ സ്വർഗ്ഗം ശരീരഭോഗാനുഭവങ്ങളുടെ ഒരു കേളീരംഗമാണത്രേ!! മഹമ്മദിന്റെ മരണാനന്തരം അയാളുടെ ശ്വശുരനായ അബൂബേക്കർ, ജാമാതാവിന്റെ പ്രബോധനങ്ങൾ സമാഹരിച്ച് "കൊറാൻ" നിർമ്മിച്ചു. ഇതാണ് മഹമ്മദുമതത്തിന്റെ വേദപുസ്തകം.

വിഗ്രഹാരാധനയോടുള്ള വിരോധംനിമിത്തം മഹമ്മദ് 622-ൽ സ്വദേശമായ മെക്കായില് നിന്നും ഓടിരക്ഷപ്പെടേണ്ടിവന്നു. മെദീനായിലെത്തി പട്ടണം കൈവശമാക്കി, ഭുജബലത്താൽ സ്വമതം പ്രചരിപ്പിക്കാൻ തുടങ്ങി. 630-ൽ മെക്കാ കീഴടക്കി ഇസ്ലാമികകേന്ദ്രമാക്കിത്തീർത്തു. ചുരുക്കത്തിൽ 632-ൽ അയാൾ മരിക്കുന്നതിനു മുൻപ് അറേബ്യാ മുഴുവൻ തന്നെ മഹമ്മദുമതത്തിനധീനമായി. മഹമ്മദിന്റെ പിൻവാഴ്ചക്കാരായ കാലിഫ്മാരുടെ നേതൃത്വത്തില് മഹമ്മദീയർ സിറിയാ, പാലസ്റ്റയിൻ, ഉത്തരാഫ്രിക്കാ, സ്പെയിൻ മുതലായ രാജ്യങ്ങൾ അക്രമിച്ചു കീഴടക്കുകയും മതം പ്രചരിപ്പിക്കയും ചെയ്തു. ഫ്റാൻസിനെ അക്രമിക്കാൻ മുതിർന്നതോടെ ചാൾസ് മാർട്ടല് അവരെ 732-ല് തോല്പിച്ചോടിച്ചു. പ്രതിമാഭഞ്ജകനായ ലെയോ കോൺസ്റ്റാൻറിനോപ്പിളില് വെച്ചും ഇക്കൂട്ടരെ പരാജിതരാക്കി. 800കൊല്ലത്തേയ്ക്കു മഹമ്മദീയർ സ്പെയിനില് ക്രിസ്ത്യാനികളുമായി സമരംചെയ്തു. അവസാനം 1492-ല് ഫെർഡിനാൻസ് രാജന്റെകാലത്ത് അവർ നിശ്ശേഷം നിഷ്കാസിതരായി. അനന്തരകാലത്ത് അവർ കോൺസ്റ്റാൻറിനോപ്പിൾ കൈവശപ്പെടുത്തി. കത്തോലിക്കാവിശ്വാസത്തെ ഉച്ചാടനംചെയ്തു വിവിധപാഷണ്ഡതകളുടെ വിളഭൂമികൾ തന്നെയാണ് മഹമ്മദീയാക്രമണങ്ങളുടെ മൂഗീമമായ ഘോരത അനുഭവിച്ചുവെന്നുള്ളതു ശ്രദ്ധാർഹമാണ്

<u>പ്രതിമാഭഞ്ജകൾ:-</u> 717–741 വരെ കോൺസ്റ്റാൻറിനോപ്പിളില് ചക്രവത്തിയായിരുന്ന ലെയോത്രതീയൻ, വിശുദ്ധ പ്രതിമകളോടു കത്തോലിക്കർ ആചരിച്ചുവന്ന ബഹുമാനത്തെ വിഗ്രഹാരാധനയായി ധരിച്ച്, ക്രിസ്തുവിന്റെയും വിശുദ്ധരുടേയും സകല പ്രതിമകളേയും ഛായാപടങ്ങളേയും ദേവാലയങ്ങളില് നിന്ന് എടുത്തുകളഞ്ഞു നശിപ്പിക്കുന്നതിന് ആജ്ഞകൊടുത്തു. ചക്രവത്തിയുടെ ഈ കനയത്തെ എതിർത്ത സകലരേയും അയാൾ നിഹനിക്കയോ നാടുകടത്തുകയോ ചെയ്തു. രാജധാനിയിലെ പാത്രിയർക്കീസായിരുന്ന വി. ജർമ്മാനൂസിന്റെയും, മാർപ്പാപ്പായായിരുന്ന ഗ്രഗരി ദ്വിതീയന്റെയും സമാധാനാത്ഥമുള്ള ശ്രമങ്ങൾ ഈ നരാധമന്റെ രോഷാഗ്നിക്കു ഇന്ധനമായിബ്ഭവിക്കയത്രേ ചെയ്തതു്. വി. ജർമ്മാനൂസ് രാജ്യഭ്രഷ്ടനായി. ലെയോയുടെ പുത്രനായ കോൺസ്റ്റൻറയിൻ കൊപ്രോണിയസ് പിതാവിന്റെ ക്രൂരതയെ ലജ്ജിപ്പിക്കത്തക്ക ദൌഷ്ട്യത്തോടെ മതമർദ്ദനം തുടർന്നു. 754-ല് ഒരു സൂനഹദോസില് വച്ച്

പ്രതിമാവണക്കം വിഗ്രഹാരാധനയാണെന്നു അയാൾ പ്രഖ്യാപനംചെയ്തു. രാജവീഥികൾ കത്തോലിക്കരക്തംകൊണ്ടു പ്രക്ഷാളിതമായി; വിശുദ്ധരുടെ ഭൌതികാവശിഷ്ടങ്ങൾ അഗ്നിക്കിരയായി.

ഏഴാമത്തെ സാർവ്വത്രികസമ്മേളനം:- ഇരേനേ ചക്രവർത്തിനിയുടെ കാലംവരെ മർദ്ദനം അനുസ്യൂതം നടക്കുകതന്നെ ചെയ്തു. അദ്രിയാൻ പ്രഥമൻ എന്ന പ. പിതാവിൻെറ അംഗീകരണത്തോടെ 787-ല് നിക്യായില് വെച്ച് സപ്തമസാർവ്വത്രികസൂനഹദോസ് സമ്മേളിച്ചു. പ്രതിമകളോടു ചെയ്യുന്ന ബഹുമാനം അവയാല് സ്മരിക്കപ്പെടുന്ന വിശുദ്ധാത്മാക്കൾക്കുള്ളതാണെന്നും, തന്നിമിത്തം ദേവാലയങ്ങളില് മാത്രമല്ല ഭവനങ്ങളിലും വഴിയരികുകളിലും അവസ്ഥാപിതമാകേണ്ടതാണെന്നും 377-മെത്രാന്മാരുടെ ആ തിരുസ്സംഘം തിരുസ്സഭയുടെ പാരമ്പര്യമനുസരിച്ച് പ്രഖ്യാപിച്ചു. പ്രതിമാഭഞ്ജകർക്കെതിരായി പോരാടിയവരില് അഗ്രഗണ്യൻ വി. ജോൺ ദമഷീനായിരുന്നു. സൂനഹദോസിൻെറ തീരുമാനംകൊണ്ടും ഈ പാഷണ്ഡികളുടെ വിക്രിയകൾക്ക് അറുതിവന്നില്ല. 842-ല് തിയോഫിലസ് ചക്രവർത്തി മരിക്കുന്നതുവരെ ക്രിസ്ത്യാനികൾ മിക്കവാറും എല്ലാപ്പോഴുംതന്നെ പീഡനങ്ങളനുഭവിക്കേണ്ടിവന്നു. അനന്തരം തിയദോരാരാജ്ഞി സിംഹാസനസ്ഥയാകുകയും, ആ മഹതിയുടെ പരിശ്രമത്താല് ഈ ദുഷ്പ്രസ്ഥാനം നാമാവശേഷമാകുകയും ചെയ്തു.

## V സഭാപിതാക്കന്മാരും സാഹിത്യകാരന്മാരും.

A. അജ്ഞാനസമ്രാട്ടുകൾ ക്രിസ്ത്യാനികളുടെനേരെ പ്രയോഗിച്ച മതമർദ്ദനം പ്രധാനമായും ക്രിസ്തുമതത്തെക്കുറിച്ചുള്ള അജ്ഞതയുടെ ഫലമായിരുന്നു. തന്നിമിത്തം അടിസ്ഥാനരഹിതങ്ങളും അപഹാസ്യങ്ങളുമായ പലേ അബദ്ധാചാരങ്ങളും ക്രിസ്ത്യാനികളുടെമേല് അവർ ആരോപിച്ചു. ക്രിസ്തീയവിശ്വാസസംഹിതയെ വ്യാഖ്യാനിച്ച് സംരക്ഷിക്കുന്നതിന് പണ്ഡിതരായ ധാരാളം വിശുദ്ധാത്മാക്കളെ ദൈവം അവിടുത്തെ തിരുസ്സഭയ്ക്കു പ്രദാനം ചെയ്യാതെയുമിരുന്നില്ല. ഇവർ മർദ്ദനലോലുപന്മാരായ ചക്രവർത്തികൾക്കെതിരായെന്നപോലെതന്നെ അബദ്ധപ്രബോധകരായ പാഷണ്ഡികൾക്കെതിരായും സഭാസേവനംചെയ്തു. സുവിശ്വാസികളും പുണ്യാത്മാക്കളും തിരുസ്സഭയില് പ്രത്യക്ഷമോ പരോക്ഷമോ ആയി അംഗീകൃതരുംആയ പൌരാണികന്മാരെയാണ് സഭാപിതാക്കന്മാർ എന്നു പറയുന്നതു്. തിരുസ്സഭയിലെ ഒരു സാഹിത്യകാരനു് ഈ ലക്ഷണങ്ങളെല്ലാം ഉണ്ടായിരിക്കണമെന്നില്ല. അസാമാന്യപാണ്ഡിത്യവും വിശ്വാസശുദ്ധിയുമുള്ള ഒരു സഭാപിതാവിനെ “മല്പാൻ” അഥവാ ഡോക്ടർ ഓഫ് ദ് ചർച്ച്” എന്നും വിളിച്ചുവരുന്നു.

ശ്ലൈഹികപിതാക്കന്മാരായ വി. ബർണബാസ്, വി. ക്ലമൻറു, വി. ഇഗ്നേഷ്യസ്, വി. പൊളിക്കാർപ്പ് മുതലായവരുടെ ലേഖനങ്ങൾ ബാഹുലങ്ങളല്ലെങ്കിലും, അവയിലെ പ്രതിപാദ്യം, ക്രിസ്തുവിൻെറ പ്രവ

ത്മനപ്രബോധനങ്ങൾക്കു സാക്ഷികളായ ശ്ലീഹന്മാരിൽനിന്നുതന്നെ അവക്കു ലഭിച്ചതുകൊണ്ടു് അത്യുപ്രധാനങ്ങളാകുന്നു. മതപീഡനങ്ങളുടെ കാലത്തു് ക്രിസ്തീയവിശ്വാസത്തിന്റെ നീതിയുക്തതയേയും ക്രിസ്ത്യാനികളുടെ നിരപരാധിത്വത്തേയും പ്രകാശിപ്പിക്കുന്ന ധാരാളം ഗ്രന്ഥങ്ങളുണ്ടായിട്ടുണ്ടു്. അവയുടെ കത്താക്കളായ "നീതിപ്രകാശക"ന്മാർ എല്ലാവരുംതന്നെ അജ്ഞാനമതത്തിൽനിന്നും പരിവർത്തനംചെയ്തവരത്രെ. തന്നിമിത്തം അവരുടെ ലേഖനങ്ങളുടെ ഔൽകൃഷ്ട്യം വിദിതമാണല്ലോ. ശ്ലൈഹികപിതാക്കന്മാരുടെ അനന്താനുഗാമികളായ ഇവരിൽ അഗ്രഗണ്യൻ രക്തസാക്ഷിയായ ജസ്റ്റിൻ ആണു്. ഗ്രീക്കുകാരനായ ഇദ്ദേഹം 133-നും, 37നും ഇടയ്ക്കു് ക്രിസ്തുമതം സ്വീകരിച്ചു. അന്റോണിയസ് പയസ്, മാർക്കസ് ഔറേലിയസ് എന്നീ ചക്രവർത്തിമാരെ സംബോധനചെയ്തുകൊണ്ടു് അദ്ദേഹമെഴുതിയ ലേഖനങ്ങളിൽ ക്രിസ്ത്യാനികളുടെ പ്രവൃത്തികളെ നിരീക്ഷിക്കാതെ വെറും വിശ്വാസത്തിനുവേണ്ടിമാത്രം മർദ്ദിക്കുന്നതിന്റെ നീതിരാഹിത്യത്തെ മുക്തകണ്ഠം ആക്ഷേപിക്കയും, അവരുടെ ആചാരവിശുദ്ധിയെ വിശദീകരിക്കുകയും ചെയ്യുന്നുണ്ടു്. മതസംരക്ഷണത്തിലുള്ള തീക്ഷ്ണതതന്നെ അദ്ദേഹത്തിന്റെ കാരാഗൃഹവാസത്തിനും മരണത്തിനും കാരണമായി.

വി. പൊളിക്കാപ്പിന്റെ ശിഷ്യനും ലയൺസിലെ മെത്രാനുമായിരുന്ന വി. ഇരന്നേവൂസിന്റെ, നോസ്റ്റിക്ക പാഷണ്ഡതക്കെതിരായുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധങ്ങളാണു്. കത്തോലിക്കവിശ്വാസതത്വങ്ങൾ എല്ലാംതന്നെ അദ്ദേഹം ഇവയിൽ പ്രതിപാദിക്കുന്നുണ്ടു്. കാർത്തേജിലെ മെത്രാനായ വി. സിപ്രിയാൻ 246-ലാണു് തിരുസ്സഭയെ ആശ്ലേഷിച്ചതു്. 250-ൽ മെത്രാനായ അദ്ദേഹം, പാഷണ്ഡികളുടെ മാമ്മോദീസാ, മതത്യാഗികളുടെ പുനരൈക്യം മുതലായവയെപ്പററി ആലോചിക്കുന്നതിനായി പല സൂനഹദോസുകൾ നിമന്ത്രണംചെയ്തിട്ടുണ്ടു്. വി. സിപ്രിയാന്റെ ഗ്രന്ഥങ്ങളിൽ സർവ്വപ്രധാനമായതു് "സഭയുടെ ഏകത്വം" എന്നതത്രേ. അലക്സാണ്ട്രിയായിലെ മാറാനായ വി. ഡയനീഷ്യസും കേസറിയായിലെ അത്ഭുതപ്രവർത്തകനായ വി. ഗ്രിഗരിയും (270+264) ഓരിജന്റെ ശിഷ്യന്മാരായിരുന്നു. വി. ഡയനീഷ്യസിന്റെ പാണ്ഡിത്യവും ധൈര്യവും 'മഹാൻ' എന്ന കീർത്തിക്കു് ജീവിതകാലത്തുതന്നെ അദ്ദേഹത്തെ പാത്രമാക്കി. സബേല്യനിസം മുതലായ അനേകപാഷണ്ഡതകളോടു അദ്ദേഹം ശക്തിയുക്തം പോരാടിയിട്ടുണ്ടു്. വി. ഗ്രിഗരി മെത്രാനായ കാലത്തു് വെറും പതിനേഴു ക്രിസ്ത്യാനികൾ മാത്രമുണ്ടായിരുന്ന കേസറിയായിൽ അദ്ദേഹം മരിച്ചപ്പോൾ പതിനേഴു അജ്ഞാനികളേ ഉണ്ടായിരുന്നുള്ളുവത്രേ!!

രണ്ടാംശതകത്തിന്റെ മദ്ധ്യത്തോടുകൂടിതന്നെ റോമാസാമ്രാജ്യത്തിന്റെ പ്രധാനകേന്ദ്രങ്ങളിലെല്ലാം "ക്രിസ്തീയവിദ്യാലയ"ങ്ങളുണ്ടായിരുന്നു. പണ്ഡിതാഗ്രേണികളായ സഭാപിതാക്കന്മാർ നടത്തിയിരുന്ന താള

ശവിദ്യാലയങ്ങളില് ക്രിസ്തീയവിശ്വാസസംഹിതയുടെ വ്യാഖ്യാനമായിരുന്നു പ്രധാന പഠനവിഷയം. മതപരിവൎത്തനം ചെയ്യുന്നവരെ ഉദ്ദേശിച്ചു സ്ഥാപിതങ്ങളായ ഇവയില് മഹാത്മകമായ ഉന്നതവിഷയങ്ങളും കാലാന്തരത്തില് പഠിപ്പിക്കപ്പെട്ടു. അലക്സാണ്ട്രിയൻ വിദ്യാകേന്ദ്രത്തിലെ പ്രശസ്താധിപതികളില് പ്രഥമനായ ക്ലമൻറു് സെപ്ത്രൂസിൻെറ മതമൎദ്ദനകാലത്തു് ജറുസലേമിലേക്കു പോയി അവിടെയും ഒരു വിദ്യാലയം ഉദ്ഘാടനം ചെയ്തു. 'അജ്ഞാനികളോടുള്ള ഉപദേശം" "രക്ഷപെടുന്ന ധനികൻ ആർ" മുതലായി അദ്ദേഹം രചിച്ചിട്ടുള്ള വിവിധഗ്രന്ഥങ്ങളെല്ലാം തികച്ചും പ്രമാദരഹിതങ്ങളെന്നു പറഞ്ഞുകൂടാ. അതിനാല് സഭാപിതാക്കന്മാരുടെ ഗണത്തില് ക്ലമൻറു ഗണിക്കപ്പെടുന്നുമില്ല.

ഒരിജൻ:- ക്ലമൻറിൻെറ ശിഷ്യോത്തമനും വി. ലിയോണിഡാസിൻെറ പുത്രനുമായ ഒരിജൻ അലക്സാണ്ട്രിയായില് 185-ല് ജനിച്ചു. യൌവനത്തില് തന്നെ വിദ്യാലയാധിപതിയായിത്തീൎന്ന ഒരിജൻെറ കീൎത്തി പ്രചുരിമ അനേകം അന്തേവാസികളെ അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തു. അവരില് പലരും രക്തസാക്ഷിമകുടം കൈവരിക്കയും ചെയ്തു. ധനികനായ സ്വസ്നേഹിതൻ അംബ്രോസിൻെറ സഹായത്തോടെ 6000 ത്തോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടെന്നാണു പറയുന്നതു്. 50 വാല്യങ്ങളായി എഴുതിയ "ഹെക്സപ്ല" എന്ന പഴയനിയമനിരൂപണം 653-ല് സാരസന്മാർ കേസറിയാ പിടിച്ചടക്കിയപ്പോൾ നശിച്ചുപോയി. "വേദപുസ്തകവ്യാഖ്യാനത്തിൻെറ പിതാവു്" എന്ന സാൎത്ഥകനാമത്തിനർഹനായ ഒരിജൻ ആധുനികദൈവശാസ്ത്രത്തിൻെറ പ്രഥമരചിതാക്കളിലൊരുവനാണെന്നുള്ളതും സ്മരണീയമാണു്. ക്രിസ്തീയവിശ്വാസത്തിനെതിരായി ഉന്നയിച്ചിട്ടുള്ളതും ഉന്നയിക്കാവുന്നതുമായ സകല പ്രശ്നങ്ങൾക്കും തക്കമറുപടി അദ്ദേഹത്തിൻെറ "ചെല്സൂസിനോടു്" എന്ന ഗ്രന്ഥത്തില് ഉണ്ടെന്നാണു് യൂസേബിയസിൻെറ അഭിപ്രായം. ഈ ശാസ്ത്രജ്ഞൻെറ ഗ്രന്ഥങ്ങളില് ചില പ്രമാദങ്ങൾ കാണുന്നുണ്ടു്. എങ്കിലും അവയെല്ലാം അദ്ദേഹത്തെ ഉത്തരവാദിയായി പരിഗണിച്ചുകൂടാ, എന്തുകൊണ്ടെന്നാല് അവയില് ശത്രുഹസ്തങ്ങളുടെ കപടപ്രയോഗങ്ങളും ഇല്ലാതില്ല. അദ്ദേഹത്തിൻെറ പാണ്ഡിത്യം വിപുലമായിരുന്നതുപോലെ വിശുദ്ധമായ ജീവിതം കഠോരമായ തപശ്ചര്യകൾക്കു വിധേയവുമായിരുന്നു. സ്വയം അനന്തരകാലത്തു് അബദ്ധമെന്നു് സ്ഥാപിച്ച വിധത്തില് വി. സുവിശേഷം 19-ാം അദ്ധ്യായം 12-ാംവാക്യത്തെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടു് ഒരിജൻ തന്നെത്താൻ ഷണ്ഡനാക്കി. തന്നെയുമല്ല സ്വമെത്രാൻെറ അനുമതികൂടാതെ സ്നേഹിതന്മാരായ രണ്ടു മെത്രാന്മാരാല് വൈദികനായി അഭിഷിക്തനാകുകയും ചെയ്തു. ഈ കുറ്റങ്ങൾ നിമിത്തം 231-ല് ഒരിജൻ സഭാബന്ധത്തില് നിന്നും ഛിന്നനായി. എന്തായാലും ഡേഷ്യൻ മൎദ്ദനകാലത്തു് ക്രൂരപീഡനത്തിനധീനനായിട്ടാണു് അദ്ദേഹം 254-ല് ചരമംപ്രാപിച്ചതു്.

തെർത്തുല്യൻ:— പാശ്ചാത്യസഭയിലെ ആദ്യഗ്രന്ഥകാരനായ തെർത്തുല്യൻ എ. ഡി. 160ല് കാർത്തേജില് ജനിച്ചു. 190ലാണ് അദ്ദേഹം ക്രിസ്ത്യാനിയായതെങ്കിലും താമസിയാതെ ഒരു വൈദികനായിത്തീൎന്നു. കത്തോലിക്കവിശ്വാസത്തിന്റെ തീക്ഷ്ണസംരക്ഷകനായ തെർത്തുല്യൻ മൊന്താനിസ്റ്റുകളുടെ തപശ്ചര്യകളാലും സന്മാൎഗ്ഗകാൎക്കശ്യത്താലും പ്രലോഭിതനായി 203-ൽ അവരോടുചേൎന്നു. അദ്ദേഹം അബദ്ധമുപേക്ഷിച്ചോ എന്നു നിശ്ചയമില്ല. 240-ല് മരണം പ്രാപിച്ചു. തെർത്തുല്യൻ അനൎഘങ്ങളായ അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ദൈവശാസ്ത്രത്തില് പ്രയോഗിക്കപ്പെടുന്ന പല സാങ്കേതികസംജ്ഞകളും അദ്ദേഹമാണ് ആദ്യമായി പ്രയോഗിച്ചതു്. 205-ല് സെപ്റ്റീമിയസ് സെവ്രൂസ് ചക്രവൎത്തിക്കെതിരായി തെർത്തുല്യൻ എഴുതിയ "നീതിപ്രകാശന"ത്തിലെ ചില ഭാഗങ്ങൾ മന്ദഭക്തരായ ആധുനികക്രിസ്ത്യാനികൾക്കു പ്രത്യേകം ശ്രദ്ധേയമാണ്. ക്രിസ്തുമതത്തിന്റെ ദിവ്യത്വം സ്ഥാപിച്ചശേഷം തെർത്തുല്യൻ പറയുന്നു. "ഞങ്ങൾ ഇന്നലെ മാത്രമുണ്ടായവരാണെങ്കിലും നിങ്ങളുടെ, ആലോചനാസഭകളും, നഗരങ്ങളും, ഗ്രാമങ്ങളും, വയലുകളും, സൈന്യങ്ങളും, നാവികപ്പടയും, കൊട്ടാരംപോലും ഞങ്ങളാല് നിബിഡമായിരിക്കുന്നു. വധിക്കുന്നതിനേക്കാൾ വധിക്കപ്പെടുന്നതിനാണ് ഞങ്ങൾ കാംക്ഷിക്കുന്നതു്. നിങ്ങളോടു പ്രതികാരം ചെയ്വാൻ ഞങ്ങൾ സാമ്രാജ്യം വിട്ടാല്മാത്രംമതി; അപ്പോൾ നിങ്ങളുടെ ഏകാന്തതയില് നിങ്ങൾ പരിഭ്രാന്തരാകും. . . . .

പിന്നെയെങ്ങിനെയാണ ഞങ്ങൾ മരണാർഹരാകുന്നതു്? ന്യായാധിപതികളെ നിങ്ങൾ പറയുവിൻ, ക്രിസ്ത്യാനിയായ ഒരു കുററവാളി ഉണ്ടോ എന്നു്! നിങ്ങൾ പ്രതിദിനം ശിക്ഷകല്പിക്കുന്ന അപരാധികളില് ഒരുക്രിസ്ത്യാനിപോലും ഇല്ലെന്നു നിങ്ങളുടെ രജിസ്റ്റർ തെളിയിക്കുന്നു. നിഷ്കന്മഷത്വം ഞങ്ങളുടെ അവശ്യലക്ഷണമാണ്. ദൈവത്തില്നിന്നു തന്നെ പഠിച്ച ഞങ്ങൾക്ക് അതെന്താണെന്നു നല്ലവണ്ണമറിയാം. വഞ്ചിതനാകാൻ ഇടയില്ലാത്ത ഒരു ന്യായാധിപനാല് കല്പിക്കപ്പെട്ടു ഞങ്ങൾ അതു വിശ്വസ്തതയോടെ പാലിക്കുകയും ചെയ്യുന്നു". കണ്ടാലും ക്രിസ്തീയത്വം!!!

B. നാലും അഞ്ചും ശതാബ്ദങ്ങൾ സഭാപിതാക്കന്മാരുടെ കാലം എന്നാണറിയപ്പെടുന്നതു്. ക്രിസ്തീയസാഹിത്യകേദാരം ഇത്രഫലദായകമായിരുന്ന ഒരു കാലഘട്ടമില്ലെന്നുതന്നെ പറയാം. ക്രൈസ്തവലോകത്തിന്റെ വിവിധകേന്ദ്രങ്ങളില് ഊൎജ്ജിതപ്രവൎത്തനം നടത്തിയിരുന്ന വിദ്യാലയങ്ങളില്നിന്ന് അനേകം, വിദ്വത്ശിരോമണികൾ സഭാസംരക്ഷണാൎത്ഥം ആവിർഭവിച്ചു. അബദ്ധപ്രബോധകന്മാരും, അജ്ഞാനഗ്രന്ഥകാരന്മാരുമായ അന്ധകാരശക്തികളോട് പ്രകാശത്തിന്റെ ഈ സൈന്യം വിജയപൂൎവ്വം പോരാടി

അത്തനാസിയോസ്:— ഗ്രീക്കുസഭാപിതാക്കന്മാരില് സൎവ്വപ്രധാനൻ

വി. അത്തനാസിയോസാണ്. ആര്യൻപാഷണ്ഡതക്കെതിരായി സഭാസേവനംചെയ്ത ഇദ്ദേഹം 296-ല് ജാതനായി. ആര്യൻമെതഷ്ട്ടത്തിനു ശരവ്യമായി 45 കൊല്ലം അവരോട് സമരംചെയ്തിട്ടുള്ള അഞ്ചുപ്രാവശ്യം രാജ്യഭ്രഷ്ടനായിട്ടുണ്ട്. എ. ഡി. 373-ല് ക്രിസ്തുവിന്റെ ഈ ധീരയോദ്ധാവ് വിരസ്വര്ഗ്ഗമടഞ്ഞു. അജ്ഞാനികൾക്കും, ആര്യൻ, മാസിഡോണിയൻ മുതലായ പാഷണ്ഡതകൾക്കും എതിരായി അത്തനേഷ്യസ് രചിച്ച ഗ്രന്ഥങ്ങൾ അനവധിയാണ്. "അജ്ഞാനികളോട്", "മനുഷ്യാവതാരം", "ആര്യന്മാക്കെതിരായ നാലുപ്രഭാഷണങ്ങൾ" എന്നിവ അവയില് ചിലതത്രേ.

വി. ബസേലിയൂസ്:- അത്തനേഷ്യസിന്റെ കാലശേഷം സഭാസംരക്ഷണം ചെയ്ത മഹാപിതാക്കന്മാരാണ് വി. ബേസിലും. നസ്യാൻസസിലെ വി. ഗ്രഗരിയും, ഇരുവരും ഏകദേശം 330-ലാണ് ജനിച്ചത്. അതൻസിലെ വിദ്യാലയത്തില് പഠിച്ചകാലത്തു് ഇവർ ആത്മമിത്രങ്ങളായിത്തീൎന്ന് പുണ്യാഭിവൃദ്ധിയിലും പഠനത്തിലും മത്സരിച്ചുപോന്നു. "അസന്മാര്ഗ്ഗജീവിതം നയിച്ച സഹപാഠികളോടു ഞങ്ങൾ സംസാരിക്കകൂടി ചെയ്തില്ല; പ്രത്യുത ഞങ്ങളുടെ സദ്പ്രവൃത്തികൾക്കു പ്രോത്സാഹനം നല്കത്തക്ക വിനയവും, സദ്ബുദ്ധിയുമുള്ളവരോട് ഞങ്ങൾ ഹാർദ്ദമായി സഹവസിച്ചു. അതൻസിലെ രണ്ടു വഴികൾ മാത്രമേ ഞങ്ങൾക്കു പരിചിതമായിരുന്നുള്ളൂ. ദേവാലയത്തിലേക്കും വിദ്യാലയത്തിലേക്കുമുള്ളവ! നാടകശാലകൾ, വിരുന്നുശാലകൾ മുതലായ അസാന്മാര്ഗ്ഗികസമ്മേളനരംഗങ്ങളിലേക്കുള്ള മാര്ഗ്ഗങ്ങൾ ഞങ്ങൾക്കു തികച്ചും അജ്ഞാനങ്ങളായിരുന്നു." ആധുനിക യുവലോകത്തിന് എത്ര അനുകരണീയമായ സ്നേഹബന്ധം! ജീവിതപദ്ധതി!! മതത്യാഗിയായ ജൂലിയനും ഈ മഹാത്മാക്കളുടെ സഹപാഠിയായിരുന്നത്രേ! വി. ബേസില് 357-ല് ജ്ഞാനസ്നാനം സ്വീകരിച്ചശേഷം സിറിയാ, ഈജിപ്തു മുതലായ സ്ഥലങ്ങളിലെ ആശ്രമങ്ങൾ സന്ദർശിക്കുകയും, പോന്തുസിലും കപ്പദോഷ്യായിലും സന്യാസാശ്രമങ്ങൾ സ്ഥാപിക്കുകയും ചെയ്തു. പൌരസ്ത്യദേശത്തെ മുഖ്യ സന്യാസിസംഘമാണ് ബസീലിയൻസഭ. 370-ല് കേസറിയാ മെത്രാനായ ബേസില് ആര്യൻ, മാസിഡോണിയൻ പാഷണ്ഡതകൾക്കെതിരായി രചിച്ച ഗ്രന്ഥങ്ങളും, അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയും മഹാനെന്ന അപരനാമം അദ്ദേഹത്തിന് ആർജ്ജിച്ചുകൊടുത്തു. ആര്യനായ വാലൻസു ചക്രവർത്തിയെ ശങ്കാലേശംവിനാ എതിർത്ത ഈ വിശുദ്ധൻ 379-ല് ലോകരംഗത്തുനിന്നും തിരോധാനം ചെയ്തു. വി. ബേസിലിന്റെ സഹോദരങ്ങളായ രണ്ടു മെത്രാന്മാരും, മാതാപിതാക്കളും, പിതാമഹിയും, സഹോദരിയും വിശുദ്ധരുടെ ഗണത്തില് തിരുസ്സഭയാല് ബഹുമാനിതരാണ്.

361-ല് വൈദികനായിത്തീൎന്ന ഗ്രഗരി, നസ്യാൻസസ് മെത്രാനായിരുന്ന സ്വപിതാവിന് ഭരണകാര്യങ്ങളില് സഹായിച്ചുവരവെ 372 ല് ബേസില് അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്തു. ഒൻപതു കൊല്ലത്തേക്ക് കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായി തിരഞ്ഞെടുക്കപ്പെ

ട്ടെങ്കിലും, അദ്ദേഹത്തോടുണ്ടായ എതിർപ്പുമൂലം തത്സ്ഥാനമുപേക്ഷിച്ചു സ്വദേശത്തുതന്നെ താമസിക്കയും 389-ല് മരിക്കയും ചെയ്തു. ദൈവപുത്രനേയും പരിശുദ്ധാത്മാവിനേയുംപറ്റി വി. ഗ്രഗരി എഴുതിയ ലേഖനങ്ങൾമൂലം "വേദശാസ്ത്രപണ്ഡിതൻ" എന്ന അഭിധാനത്തിനു് അവിടുന്നു് അർഹനായി ഭവിച്ചു.

വി. ജോൺ ക്രിസോസ്റ്റോം:— അന്ത്യോക്യായില് 347-ൽ ജനിച്ചു സാഹിത്യവിദ്യാഭ്യാസാനന്തരം വേദപുസ്തകപഠനത്തിലും പ്രാർത്ഥനയിലും വ്യാപൃതനായി ആറുകൊല്ലത്തോളം ഏകാന്തജീവിതം നയിച്ച ഈ മഹാത്മാവു് 369-ല് ജ്ഞാനസ്നാനം സ്വീകരിച്ചു. 397-ല് കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായ ക്രിസോസ്റ്റോമിൻെറ നിർവ്വിശങ്കമായ അസന്മാർഗ്ഗാപലപനം കൊട്ടാരത്തില് അദ്ദേഹത്തിനു പല ശത്രുക്കളെ ഉളവാക്കി. യുഡോക്സ്യാ ചക്രവർത്തിനിയുടെ ദുഷ്പ്രേരണമൂലം അദ്ദേഹം 403-മുതല് നാലു കൊല്ലത്തിനുശേഷം സംഭവിച്ച മരണം വരെ, പ്രവാസദുഃഖമനുഭവിക്കേണ്ടിവന്നു. നിസ്തുല്യപണ്ഡിതനായ ക്രിസോസ്റ്റോം മറ്റു ഗ്രീക്കപിതാക്കന്മാരെക്കാൾ കൂടുതൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ "പുതിയ നിയമവ്യാഖ്യാനങ്ങൾ", "വൈദികത്വം" മുതലായ വിപുലപ്രബന്ധങ്ങൾ പ്രസിദ്ധങ്ങളാണു്.

ഈ നാലു മഹാപിതാക്കന്മാരെക്കൂടാതെ ആര്യൻ മർദ്ദനത്തിനു നിതാന്തവിധേയനായിരുന്ന ജറുസലമിലെ വി. സിറില്, വി. ബേസിലിൻെറ സോദരനായ നീസായിലെ വി. ഗ്രിഗരി, വി. എഫിഫാനിയസ്, മുതലായവർ ആര്യന്മാരോടും, അലക്സാണ്ഡ്റിയായിലെ വി. സിറില്, നെസ്തോറിയന്മാരോടും; വി. സോഫ്രോണിയസ്, വി. മാക്സിമസ് എന്നിവർ ഏക മനോവാദികളോടും, വി. ജോൺ ഡമഷീൻ, പ്രതിമാഭഞ്ജകരോടും തിരുസ്സഭയ്ക്കുവേണ്ടി സമരം ചെയ്ത യവനപിതാക്കന്മാരാണു്. തിരുസ്സഭാചരിത്രകാരനായ കേസറിയായിലെ യൌസേബിയസ് അന്ധനായ ഡിഡിമൂസ് തുടങ്ങി അനേകം സാഹിത്യകാരന്മാരെയും ഗ്രീക്കസഭാമാതാവിനു സന്താനങ്ങളായി ലഭിച്ചിട്ടുണ്ടു്. ഇവരില് പലരും അബദ്ധങ്ങൾക്കു് ചിലപ്പോഴൊക്കെയെങ്കിലും അടിമപ്പെടാതിരുന്നിട്ടില്ല.

വിശുദ്ധരായ അമ്പ്രോസീസ്, ഈറാനിമ്മോസ്, അഗുസ്തിനോസ് മഹാനായ ഗ്രഗരി ഇവരാണു് പാശ്ചാത്യസഭയിലെ പ്രമുഖപിതാക്കന്മാർ.

വി. അമ്പ്രോസീസ് 340-ല് ജനിച്ചു. റോമിലെ ഒരു ഗവർണ്ണരായിരിക്കവേ 374-ല് അത്ഭുതകരമാംവണ്ണം മിലാൻ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു. സ്വന്തധനമെല്ലാം സാധുക്കൾക്കായിട്ടു് ദാനംചെയ്ത ശേഷമാണു് ഈ ഉന്നതസ്ഥാനം വിശുദ്ധൻ സ്വീകരിച്ചതു്. മിലാനിലെ ഒരു കത്തോലിക്കദേവാലയം ആര്യന്മാരുടെ ഉപയോഗത്തിനായി തട്ടിയെടുക്കാൻ ശ്രമിച്ച ജസ്റ്റിനാചക്രവർത്തിനിയെ എതിർക്കയും, 390-ല് തെസ്സലോണിക്കായിലെ 7000 ജനങ്ങളെ വിവേചനാരഹിതമായി വധി

ച്ച തിയഡോഷ്യസ് ചക്രവർത്തിയെ പരസ്യപ്രായശ്ചിത്തത്തിനു വിധേയനാക്കുകയും ചെയ്ത അമ്പ്രോസിന്റെ ആദ്ധ്യാത്മികതീക്ഷ്ണത അന്യാദൃശം തന്നെ! പാഷണ്ഡതകളുടെ ഈ ആജന്മശത്രു 390-ല് മരണം പ്രാപിച്ചു. "വിശ്വാസം", "കൂദാശകൾ" മുതലായി താത്വികവും, "പറുദീസാ", "നന്മരണം" ആദിയായി ഉപദേശികവും, "കന്യകകൾക്കുവേണ്ടി" "കന്യാത്വം" തുടങ്ങി സന്മാർഗ്ഗികവുമായ അനേകം ഗ്രന്ഥങ്ങൾ അമ്പ്രോസീസ് രചിച്ചിട്ടുണ്ട്. ക്രിസ്തീയമാതാക്കൾ വശ്യവചസ്സായ ഈ മഹാത്മാവിന്റെ പ്രസംഗം കേൾക്കാൻ പെൺമക്കളെ അനുവദിച്ചിരുന്നില്ല; കാരണം തന്നിമിത്തം അവർ താപസവൃത്തി ആശ്ലേഷിച്ചുകളയുമെന്നുള്ള ഭയമായിരുന്നത്രേ!!

"വേദപുസ്തകവ്യാഖ്യാനത്തിനായി ദൈവികകരങ്ങളാല് പ്രത്യേകം നിയുക്തനായ പിതാവ്" എന്നു തിരുസ്സഭ സംബോധന ചെയ്യുന്ന പണ്ഡിതോത്തംസമായ വി. ജറോം 340-ല് ദാല്മാഷ്യായില് ജാതനായി. വിദ്യാഭ്യാസാർത്ഥം യൗവനം റോമില് നയിച്ചശേഷം, സിറിയായിലെ മരുപ്രദേശത്ത് നാലു വത്സരത്തെ ഏകാന്തജീവിതം കഴിച്ചു. ഇതിനിടയ്ക്കാണ് ഹീബ്രൂഭാഷ പഠിച്ചത്. 381-ല് വൈദികനായി; താമസിയാതെ അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലെത്തി ഗ്രഗരി നസ്യാൻസനില്നിന്ന് വേദപുസ്തകാഭ്യസനം നടത്തി. ദാമസൂസ് മാർപ്പാപ്പായുടെ സെക്രട്ടറിയായി നിയമിതനായ വി. ജറോം അദ്ദേഹത്തിന്റെ ആജ്ഞാനുസരണം "വൾഗേയ്റ്റ്" എന്ന പ്രസിദ്ധമായ വേദപുസ്തക വിവർത്തനം രചിച്ചു. മാർപ്പാപ്പായുടെ മരണാനന്തരം പലസ്തീനായിലേയ്ക്കു പോയി അനേക സന്യാസാശ്രമങ്ങൾ സ്ഥാപിക്കയുണ്ടായി. പെലേജിയൻ പാഷണ്ഡതയോടു നിരന്തരസമരം ചെയ്ത ഈ വീരാത്മാവ് 420-ല് പരലോകം പ്രാപിച്ചു. ദൈവജനനിയുടെ നിത്യകന്യാത്വത്തെക്കുറിച്ചെഴുതിയ ഗ്രന്ഥങ്ങളാണ് വേദപുസ്തകവിവർത്തനം കഴിഞ്ഞാല് ജെറോമിന്റെ കൃതികളില് പ്രധാനമായവ.

വി. അഗസ്റ്റീനോസ് 354-ല് തഗാസ്റ്റായില് ജനിച്ചു മാതാവായ വി. മോനിക്കാ സ്വപുത്രനെ ക്രിസ്തീയവിശ്വാസത്തില് വളർത്തിയെങ്കിലും ചെറുപ്പത്തില്തന്നെ അദ്ദേഹം അവിശ്വാസിയും ദുർമ്മാർഗ്ഗിയുമായിത്തീർന്നു. മനിക്യൻ അബദ്ധവിശ്വാസത്തിനു വിധേയനായ അഗസ്റ്റീനോസ് ദൈവാനുഗ്രഹത്താൽ 387-ല് റോമിലെത്തുകയും വി. അമ്പ്രോസീസിന്റെ സഹായത്തോടെ മാനസാന്തരം പ്രാപിക്കയും ചെയ്തു. മൂന്നുകൊല്ലത്തെ ഏകാന്തവാസത്തിനുശേഷം വൈദികനും 395-ല് മെത്രാനുമായി. ഹിപ്പോയിലെ മെത്രാനെന്നു പ്രകീർത്തിതനായ ഇദ്ദേഹം ഒരു മുപ്പത്തഞ്ചു വർഷത്തേയ്ക്കു ആഫ്റിക്കയില് ആദ്ധ്യാത്മികചൈതന്യത്തിന്റെ ശക്തികേന്ദ്രമായിരുന്നു. സഭാന്തരീക്ഷത്തില് ഉഗ്രഭാസ്സോടെ ഉജ്ജ്വലിച്ച ഈ ചണ്ഡഭാനു, പെലേജിയൻ, മാനിക്യൻ, ആര്യൻ മുതലായ പാഷണ്ഡതാതുഷാരശിലകളെ നിശ്ശേഷം ദ്രവീഭവിപ്പിച്ചശേഷം 430-ല് അസ്തംഗതനായി. അദ്ദേഹത്തിന്റെ സ്വയംകൃതചരിത്രമായ "കൺഫഷൻസ്", അ

ജ്ഞാനികളുടെ അസത്യാരോപണങ്ങൾക്കെതിരായി രചിച്ച "ഈശ്വരനഗരം" പ്രസാദവരത്തെക്കുറിച്ചെഴുതിയ വിവിധഗ്രന്ഥങ്ങൾ ഇവയാണ് ഈ വിദ്വത്ശിരോമണിയുടെ പ്രധാന പ്രബന്ധങ്ങൾ.

മഹാനായ ഗ്രിഗരി. ആറാം ശതകത്തിലെ സഭാപരിഷ്കർത്താക്കളിലൊരുവനായ മഹാനായ ഗ്രിഗരി 590-ല് മാർപ്പാപ്പായായി. "ദൈവദാസന്മാരുടെ ദാസൻ" എന്നു മാർപ്പാപ്പാമാർ ഇന്നും ഉപയോഗിച്ചുവരുന്ന ഉപനാമം ഇദ്ദേഹമാണ് ആദ്യം സ്വീകരിച്ചത്. റോമിലെ രാഷ്ട്രീയകാര്യങ്ങളില് വി. ഗ്രിഗരിക്കുണ്ടായിരുന്ന അസാമാന്യമായ സ്വാധീനശക്തിയാണ് മാർപ്പാപ്പാമാരുടെ രാഷ്ട്രീയ പ്രാബല്യത്തിൻെറ ബീജം. മുപ്പത്തഞ്ചു വാല്യങ്ങളുള്ള "സന്മാർഗ്ഗതത്വങ്ങൾ", വൈദികശിക്ഷണത്തിനുത്കൃഷ്ടമായ "വൈദികനിയമങ്ങൾ" എന്നിവയാണ് വി. ഗ്രിഗരിയുടെ മുഖ്യകൃതികൾ. "ഗ്രിഗോരിയൻഗീത"ത്തിൻെറ കർത്താവായ ഈ പ. പിതാവ് ഇംഗ്ലണ്ടിൻെറയും ലൊംബാർഡിയുടെയും മാനസാന്തരത്തെ വളരെ പ്രോത്സാഹിപ്പിക്കയുണ്ടായി. വി. ഗ്രിഗരി 604-ല് ചരമമടഞ്ഞു. പാശ്ചാത്യസഭയിലെ അത്തനേഷ്യസ് എന്നു പ്രസിദ്ധനായ വി. ഹിലാരി, വി. പത്രോസ് ക്രിസോലോഗസ്, മഹാനായ വി. ലെയോൻ മാർപ്പാപ്പാ, തുടങ്ങിയ പിതാക്കന്മാരുടേയും സൽപിഷ്യസ് സേവരൂസ്, വി. പ്രോസ്പർ ആദിയായ സാഹിത്യകാരന്മാരുടേയും നാമങ്ങൾ ലത്തിൻസഭാ സാഹിത്യവിചാരത്തില് വിസ്തരണാർഹമല്ലതന്നെ.

സുറിയാനിസഭയില് പിതാക്കന്മാർ താരതമ്യേന കുറവാണെങ്കിലും സഭാതത്വങ്ങൾ, റോമൻസിംഹാസനത്തിൻെറ പരമാധിപത്യം, കൂദാശകൾ തുടങ്ങിയവയെക്കുറിച്ചുള്ള അവരുടെ പ്രബന്ധങ്ങൾ സംശയാതീതങ്ങളാണ്. ഇവരില് പ്രഥമഗണനീയനായ വി. ഇഫ്രേം 306-ല് ഭൂജാതനായി. സ്വഗുരുവായ നിസിബിസിലെ വി. ജയിംസിനോടുകൂടി നിഖ്യാസൂനഹദോസില് ഇദ്ദേഹം സംബന്ധിച്ചു. 363-ല് വി. ഇഫ്റേം എദേസ്സായിലേയ്ക്കുപോയി. അവിടെവെച്ച് ആറാംപട്ടക്കാരനായ വിശുദ്ധൻ അവിടെ ഒരു വിദ്യാലയം സ്ഥാപിച്ചു. ഒരു അസാധാരണകവിപുംഗവനായിരുന്ന ഇദ്ദേഹത്തെ "സുറിയാനിക്കാരുടെ പ്രവാചകൻ" "വിശുദ്ധാത്മാവിൻെറ വിപഞ്ചിക" എന്നെല്ലാമാണ് സ്വദേശികൾ വിളിച്ചിരുന്നത്. ബൈബിൾ വ്യാഖ്യാനങ്ങളും, കന്യാകാമറിയത്തോടുള്ള പ്രാർത്ഥനകളുമാണ് ഈ പുണ്യാത്മാവിൻെറ കൃതികളില് പ്രാധാന്യമർഹിക്കുന്നവ വി. ഇഫ്റേം 373 ല് ദിവംഗതനായി.

ജേക്കബ് അഫ്റാറസ്", വി. മാറൂത്താസ, നെസ്തോറിയരുടെ വൈരിയായ വി. റാബുലാസ, ബാററ്നേ മെത്രാനായ ജേക്കബ് മുതലായവരും സിറിയൻ ക്രിസ്ത്യൻ സാഹിത്യോപാസകന്മാരത്രേ.

C. സന്യാസജീവിതം:- സഭാപിതാക്കന്മാരില് ചിലർ സന്യാസസ്ഥാപകന്മാരും പലരും അംഗങ്ങളുമായിരുന്നു. ഏകാകികളായ വന

വാസികളും സന്യാസസഭകളും വിശ്വാസികളുടെ സന്മാൎഗ്ഗികജീവിതോന്നമനത്തിന് വളരെ സഹായിക്കയുണ്ടായി. തിരുസ്സഭയുടെ ആരംഭകാലങ്ങളില് പില്ക്കാലത്തെപ്പോലെ സന്യാസമന്ദിരങ്ങൾ ഇല്ലായിരുന്നെങ്കിലും സ്വകുടുംബങ്ങളില്തന്നെ വസിച്ചുകൊണ്ട് തപശ്ചര്യകൾ അനുഷ്ഠിച്ചിരുന്ന ബ്രഹ്മചാരികൾ വിരളമല്ലായിരുന്നു. ഡേഷ്യസിന്റെ മതമർദ്ദനകാലത്ത് മരുഭൂമികളില് അഭയം പ്രാപിച്ചവർ പലരും തിരിച്ചുപോരാതെ ധ്യാനനിഷ്ഠമായ ഒരു ജീവിതം നയിച്ചു. ഏകാകികളായ ഈരട്ടശവനവാസികൾ ഈജിപ്തിലായിരുന്നു അധികം. തീബെസിലെ വി. പൌലോസ് 113 വയസ്സുവരെ ഇങ്ങനെ പ്രാൎത്ഥനയിലും പ്രായശ്ചിത്തവൃത്തികളിലും വ്യാപരിച്ചത്രേ!

കോൺസ്റ്റന്റയിന്റെ ഉന്നതാദൎശത്തെ അനുകരിച്ച് സഭാസ്വീകരണം ചെയ്തവർ പലരും ഭൌമികലാഭേച്ഛയോടെയായിരുന്നു അപ്രകാരം ചെയ്തത്. തന്നെയുമല്ല പൂൎവ്വക്രിസ്ത്യാനികൾപോലും അധഃപതിച്ച് നഷ്ടഭക്തരായിത്തീൎന്നു. അണഞ്ഞുകൊണ്ടിരുന്ന ഭക്തിദീപത്തെ പ്രോജ്വലിപ്പിക്കുന്നതിനായി സന്യാസസഭകൾ ആവിർഭവിച്ചു. സാമൂഹ്യസന്യാസജീവിതത്തിന്റെ പ്രഥമജനയിതാവ് വി. അന്തോനിയൂസാണ്. ഈജിപ്തില് ധനികരും ഗുണികളുമായ പിതാക്കളില്നിന്ന് 251-ല് ഇദ്ദേഹം ജാതനായി. "നീ പരിപൂൎണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കില് നിനക്കുള്ളതെല്ലാം വിറ്റ് സാധുക്കൾക്കു ദാനം ചെയ്ക; അപ്പോൾ സ്വൎഗ്ഗത്തില് നിക്ഷേപം നിനക്കുണ്ടാകും" എന്നുള്ള സുവിശേഷസൂക്തം അന്തോനിയുടെ ചിന്തയെ ഉദ്ദീപിപ്പിച്ചു. അദ്ദേഹം അത് അക്ഷരാൎത്ഥം നിൎവ്വഹിക്കയുംചെയ്തു. അനന്തരം തീബെയ്സിലെ ഊഷരപ്രദേശത്ത് ഇരുപതുകൊല്ലത്തോളം ഏകാന്തതാപസനായി വസിച്ച വിശുദ്ധന്റെ ജീവിതമഹിമയാലും, ഉൽകൃഷ്ടോപദേശങ്ങളാലും ആകൃഷ്ടരായി അനേകംപേർ അദ്ദേഹത്തെ അനുഗമിച്ചനുസരിച്ചു. ഈ സന്യാസികൾ ഒരേസ്ഥലത്ത് പ്രത്യേകം പ്രത്യേകമുള്ള "അറ"കളിലാണു വസിച്ചിരുന്നത്. വി. അന്തോനി 356-ല് ദിവംഗതനായി.

ഇതുപോലെതന്നെ വി. അമ്മോണിയസ്, വി. പക്കോമിയസ് മുതലായവരും സന്യാസസഭകൾ സ്ഥാപിച്ചിട്ടുണ്ട്. വി. പക്കോമിയസാണ് ആദ്യമായി സന്യാസമന്ദിരങ്ങളും നിയമാവലിയും ഉണ്ടാക്കിയത്. അനുയായികളുടെ സംഖ്യ വൎദ്ധിച്ചപ്പോൾ അദ്ദേഹം എട്ടു കൊവേന്തകൾ പണികഴിപ്പിച്ചു. ഇതിലൊന്ന് അദ്ദേഹത്തിന്റെ സഹോദരിയുടെ അധീനത്തില് സ്ത്രീകൾക്കുള്ളതായിരുന്നു. 348-ല് വി. പക്കോമിയസ് മരിക്കുമ്പോൾ 7000 സന്യാസികളുണ്ടായിരുന്ന ഈ സഭയില് 5-ാം ശതകത്തില് 50000 പേരുണ്ടായിരുന്നത്രേ!

വി. അന്തോനിയുടെ ശിഷ്യനായ വി. ഹിലാരിയോൺ പലസ്തീനായിലും വി. ബേസിലായൂസ് പോന്തൂസിലും, കഫ്ദോഷ്യായിലും അനേകം സന്യാസമന്ദിരങ്ങൾ സ്ഥാപിച്ചു. പൌരസ്ത്യദേശത്തെ പ്രമുഖസഭ വി. ബേസിലിന്റേതാണ്. സ്ഥാപകന്റെ മരണത്തിനു മുൻപുതന്നെ

അതിൽ 80000 അന്തേവാസികളുണ്ടായിരുന്നുവെന്നാണു പറയുന്നതു്. വി. ബേസിലിന്റെ സോദരിയും ഒരു സന്യാസിനീസമൂഹത്തിന്റെ നാഥയായിരുന്നു.

ജീവിതത്തിലധികം ഭാഗവും സ്തംഭോപരിതപസ്സുചെയ്ത ഒരു കൂട്ടം ബ്രഹ്മചാരികളുണ്ടായിരുന്നു. ഈ പ്രസ്ഥാനത്തിന്റെ ആരംഭകൻ, വി. ശിമഓൻ- 459-ലാണു മരണം പ്രാപിച്ചതു്.

നാലാംശതകത്തിന്റെ മദ്ധ്യത്തോടുകൂടി മാത്രമേ പാശ്ചാത്യദേശത്തു് സന്യാസസഭകൾ സ്ഥാപിതമായുള്ളൂ. വി. അംബ്രോസിസ് ഇററലിയിലും, വി. മാർട്ടിൻ പ്രഭൃതികൾ ഫ്രാൻസിലും, വി. അഗുസ്തീനോസ് ആഫ്രിക്കയിലും വി. പാട്രിക്ക് ഐർലണ്ടിലും കൊവേന്തകൾ സ്ഥാപിച്ചു. എന്നാല് വി. ബനദിക്തോസിനോളം വിജയപൂർവ്വം ഈ രംഗത്തു പ്രവർത്തിച്ചവർ ഇല്ലതന്നെ.

വി. ബനദിക്തോസ്:- 480-ല് ഉംബ്രിയായില് കുലീനപിതാക്കളില്നിന്നു ജനിച്ച വി. ബനദിക്തോസ് പതിന്നാലാമത്തെ വയസ്സില്, അപ്പിനൈൻസ് പർവ്വതനിരയിലെ ദുഷ്പ്രവേശകമായ ഒരു ഗുഹയില് തപസ്സാരംഭിച്ചു. മൂന്നുകൊല്ലം അങ്ങിനെ താമസിച്ചതിനിടക്ക് അദ്ദേഹത്തിന്റെ വിശുദ്ധിയും അത്ഭുതപ്രവർത്തനവരവും ദിഗന്തങ്ങളില് പ്രകീർത്തിതമായി. അനവധി അനുയായികൾ അദ്ദേഹത്തിന്റെ പക്കലെത്തി. അവർക്കുവേണ്ടി വിശുദ്ധൻ പന്ത്രണ്ടുസന്യാസമന്ദിരങ്ങൾ പണികഴിപ്പിച്ചു. 529 ലാണ് മോൺതെകസ്സീനോയിലെ ഭുവനപ്രസിദ്ധമായ കേന്ദ്രാലയം അദ്ദേഹം സ്ഥാപിച്ചതു്. സ്വസഹോദരിയായ വി. സ്കൊളാസ്റ്റിക്കായുടെ ആധിപത്യത്തില് സ്ത്രീകൾക്കുവേണ്ടിയും ഒരു സഭാമന്ദിരം അദ്ദേഹം സ്ഥാപിക്കയുണ്ടായി.

വി. ബനദിക്തോസിന്റെ നിയമങ്ങൾ ഈശപ്രകാശിതമായ ബുദ്ധിപ്രയോഗത്തിന്റെ പരിണതഫലമാണെന്നാണു പറയുന്നതു്. അതു് വിവിധ സന്യാസസഭകൾ സ്വീകരിച്ചെന്നു മാത്രമല്ല, അനേക രാജ്യതന്ത്രജ്ഞന്മാരുടെ അവഗാഢമായ പഠനത്തിനും അതു വിധേയമായിട്ടുണ്ടു്. സഭാപ്രചാരത്തിനും സംസ്കാരവർദ്ധനവിനും ഇത്രയധികം സഹായകമായിട്ടുള്ള മറെറാരു സഭയും ഇല്ലെന്നുതന്നെ പറയാം. ഇംഗ്ലണ്ടു്, ജർമ്മനി, സ്കാൻഡ്നേവിയാ തുടങ്ങിയ രാജ്യങ്ങളുടെ മാനസാന്തരത്തിനു് ഇവരാണു് ഹേതുഭൂതർ. സിസ്റ്റേർഷ്യൻ, കർത്തൂസ്യൻ തുടങ്ങി അനേക ഉപസഭകൾ ഇതില് നിന്നു് ഉദ്ഭവിച്ചിട്ടുള്ളവയാണു്. ഈ മഹാസംഘത്തിന്റെ പ്രഭാവകാലത്തു് 37000 സന്യാസാലയങ്ങളുണ്ടായിരുന്നത്രേ; 4000 മെത്രാന്മാരെയും 1600 മെത്രാപ്പോലീത്താമാരെയും, 200 കർദ്ദിനാളന്മാരെയും, 28 മാർപ്പാപ്പാമാരെയും 5000 പുണ്യവാന്മാരെയും ഈ സഭ തിരുസ്സഭാമാതാവിനു നല്കിയിട്ടുണ്ടു്. യുവജനവിദ്യാഭ്യാസാർത്ഥമുള്ള ഇവരുടെ സേവനം വർണ്ണനാതീതമാണു്.

ആദിമകാലത്തെ സന്യാസികൾ വൈദികരല്ലായിരുന്നു. എന്നാല് 5-ാം ശതകത്തില് മഠാധിപതികൾ പുരോഹിതന്മാരായിരുന്നുവെന്നു കാണുന്നു. വൈദികരാകാനുള്ളവരെ സാധാരണ സന്യാസസമൂഹത്തില്നിന്നാണു് തിരഞ്ഞെടുത്തിരുന്നത്. അന്നു് സന്യാസികൾ സാധാരണക്കാരെപ്പോലെ മാത്രം വസ്ത്രധാരണം ചെയ്തിരുന്നു; പക്ഷെ അവ പരുഷങ്ങളായിരുന്നെന്നു മാത്രം. ദാരിദ്ര്യം, അനുസരണ, ബ്രഹ്മചര്യം ഇവ പാലിച്ചുകൊണ്ടു് പരിപൂർണ്ണതയിലേയ്ക്കു അവർ പ്രയാണം ചെയ്തു. ഏകാന്തത, കൈത്തൊഴില്, ഉപവാസം, പ്രാർത്ഥന ഇവയായിരുന്നു ജീവിതചര്യം. കലകളുടെയും ശാസ്ത്രങ്ങളുടെയും സങ്കേതസ്ഥാനങ്ങളായിരുന്നു ആശ്രമങ്ങൾ. നിഷ്കാമസേവകന്മാരായ ഈ ത്യാഗിവര്യരുടെ വിദഗ്ധഹസ്തങ്ങൾ, മതാത്മകവും ലൌകികവുമായ പുരാതനകൃതികളെ, ക്ഷമാപൂർവ്വം പകർത്തിയെടുത്തു് അനന്തരതലമുറകൾക്കു പ്രദാനം ചെയ്തില്ലായിരുന്നെങ്കില് അവ എന്നേയ്ക്കുമായി തിരോധാനം ചെയ്യേനെ. അവർ താമസിച്ചിരുന്ന ഊഷരഭൂമികളില് ജോലിചെയ്തു് കൈത്തൊഴിലില് നിന്നുള്ള ആദായം കൊണ്ടും ഈ സന്യാസികൾ ജീവസന്ധാരണം ചെയ്തുപോന്നു. പക്ഷെ ഇങ്ങനെ ലഭിക്കുന്നതില്തന്നെ ഭൂരിഭാഗവും സാധുസംരക്ഷണത്തിനുപയോഗിച്ചിട്ടു ഏററവും തുച്ഛമായ ഒരു വീതമേ ഈ നിസ്വന്മാർ ആത്മപോഷണത്തിനു സ്വീകരിച്ചുള്ളു! എത്ര മഹനീയമായ ആദർശം!

## VI. റോമാസാമ്രാജ്യത്തിനു വെളിയില് തിരുസ്സഭയുടെ പ്രചാരം.

പ്രഥമശതകങ്ങളില് തിരുസ്സഭ പ്രധാനമായും പരിഷ്കൃതമായ റോമാസാമ്രാജ്യത്തിലാണു് പ്രവൃദ്ധമായിരുന്നതെങ്കിലും, ആ സാമ്രാജ്യസീമകളില് അവൾ നിയമിതയായിരുന്നില്ല എന്നു നാം കണ്ടുകഴിഞ്ഞു. അപ്പോസ്തലന്മാരുടെയും, മററു ക്രിസ്തുശിഷ്യന്മാരുടേയും പ്രയത്നംകൊണ്ടുതന്നെ ലോകം മുഴുവനിലും സുവിശേഷഭാസ്കരന്റെ തങ്കരശ്മികൾ വ്യാപിച്ചു; പക്ഷെ അതു പ്രഭാതം മാത്രമേയായിരുന്നുള്ളു. പേർഷ്യയില്തന്നെ സാഫോർ ദ്വിതീയന്റെ കാലത്തു് 345-ല് ഭയങ്കരമായ ഒരു മതപീഡനമുണ്ടായെന്നും തത്ഫലമായി 16000 ക്രിസ്ത്യാനികൾ നിഹനിക്കപ്പെട്ടുവെന്നും അറിയുമ്പോൾ അവിടെ ക്രിസ്തുമതത്തിനുണ്ടായിരുന്ന പ്രാബല്യം ഊഹ്യമാണല്ലൊ. അവിടത്തെ രാജാവായ കോസ്റോസ് രണ്ടാമൻ, 614-ല് യഹൂദന്മാരുടെ പ്രേരണപ്രകാരം ജറൂസലേമിനെ ആക്രമിച്ചു് 90,000 ക്രിസ്ത്യാനികളെ വാളിന്നൂണാക്കിയ ശേഷം വിശുദ്ധ കുരിശിനെ അപഹരിച്ചു് സ്വരാജ്യത്തേയ്ക്കു കൊണ്ടുപോയി. എന്നാല് 629-ല് ഹെറാക്ലിയസ് ചക്രവർത്തി 'നിനിവേ'യ്ക്കു സമീപെവെച്ചു് കോസ്റോസിനെ പരാജിതനാക്കി തിരുസ്ലീബാ തിരിച്ചെടുത്തു. അവസാനമായി അതു് കോൺസ്റ്റാന്റിനോപ്പിളിലെ വി. സോഫിയായുടെ ദേവാലയത്തില് നിക്ഷിപ്തമായി-

ഹെറാക്ലീയസിൻെറ ഈ മഹനീയ വിജയമാണ് സെപ്തംബർ 14-ാം തീയതി, "കുരിശിൻെറ പുകഴ്ച്ച"തിരുനാളാഘോഷത്താല് തിരുസ്സഭ മാതാവു് അനുസ്മരിക്കുന്നതു്. നിർഭാഗ്യവശാല് ആറാം ശതകത്തിൻെറ ആരംഭത്തോടുകൂടി പേർഷ്യൻസഭ നെസ്തോറിയൻ അബദ്ധവിശ്വാസത്തിനു വിധേയമായിബ്ഭവിച്ചു.

പ്രകാശകനായ വി. ഗ്രിഗരിയാണ് അർമേനിയായില് പ്രേഷകജോലി നിർവ്വഹിച്ചതു്. 302-ല് അവിടത്തെ രാജാവിനെത്തന്നെ അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തി; പ്രജകൾ ഭൂമിപൻെറ മഹിതമാതൃകയേ അനുകരിക്കയും ചെയ്തു. അനുകൂല സാഹചര്യങ്ങളില് ക്രമപ്രവൃദ്ധമായിവന്ന ഈ സഭാശാഖ കാലാന്തരത്തില് ഏകസ്വഭാവവാദവിഷസംക്രമത്താല് നഷ്ടചൈതന്യമായിപ്പോയി. ഇന്ത്യയില് ഡ്യൂ എന്ന ദേശീയനായ ഒരു തിയോഫിലസ്സാണത്രേ ദക്ഷിണഅറേബ്യയില് ആദ്യമായി സുവിശേഷം പ്രസംഗിച്ചതു്. ഇയാൾ ഒരു ആര്യൻ പാഷണ്ഡിയായിരുന്നു. എന്നാല് നാലും അഞ്ചും ശതകങ്ങളില് പലസ്തീൻ നിവാസികളായ സന്യാസികളുടെ പരിശ്രമത്താല്, ബെദ്ഡായിൻസ് എന്നറിയപ്പെടുന്ന അറേബ്യൻ ജാതിക്കാരില് പലരും തിരുസ്സഭയെ ആശ്ലേഷിച്ചു. ആറാം ശതകത്തില് യഹൂദന്മാരില് നിന്നും അറേബ്യൻക്രിസ്ത്യാനികൾ അസഹ്യമായ മതപീഡനം അനുഭവിക്കേണ്ടിവന്നു. അറേബ്യയിലും ഏകസ്വഭാവവാദം അതിൻെറ ആക്രമശക്തിയെ വ്യാപിപ്പിക്കാതിരുന്നില്ല. അവസാനമായി മഹമ്മദീയാക്രമണത്തില് അറേബ്യൻസഭ മിക്കവാറും വിലയംപ്രാപിക്കുതന്നെ ചെയ്തു. കോക്കസസ് പർവ്വതത്തിൻെറ സമീപദേശങ്ങളില് നൂണിയാ എന്നൊരു അടിമയാണ് സത്യമതം പ്രചരിപ്പിച്ചതു്. വി. മാക്സിമസ്, വി. സ്റ്റീഫൻ മുതലായവരും 7-ാം ശതകത്തില് ഈ സ്ഥലങ്ങൾ അവരുടെ പ്രേഷിതരംഗമാക്കി. ഇന്ത്യയിലാകട്ടെ വി. തോമസ് കൊളുത്തിയ സത്യദീപം നാലാം ശതകത്തില് പൌരസ്ത്യക്രിസ്ത്യാനികളുമായുള്ള സമ്പർക്കത്താല് പൂർവ്വാധികം പ്രദീപ്തമാനമാകയത്രേ ചെയ്തതു്. കേരളീയസഭ ഒരിക്കലും അബദ്ധവിശ്വാസത്തിനു് പരിപൂർണ്ണമായും വിധേയമായിട്ടില്ല. 636-ല് ജബാലള്ളാ എന്നൊരു വൈദികൻ ചൈനയില് വിശ്വാസപ്രചാരം നടത്തിയതായി രേഖയുണ്ട്. വി. ഫ്രുമെൻഷ്യസാണ് അബിസീനിയൻ സഭയുടെ സ്ഥാപകൻ. നാലാം ശതകത്തിൻെറ ആരംഭത്തിലാണ് ഇതു സംഭവിച്ചതു്. അഞ്ചാം ശതാബ്ദത്തില് അബിസീനിയൻ അതിമെത്രാസനമായ ആക്സും ഏകസ്വഭാവവാദത്താല് ആകൃഷ്ടമായിബ്ഭവിച്ചു.

നാലും ഏഴും ശതകങ്ങൾക്കിടയില് വിവിധജർമ്മൻവർഗ്ഗങ്ങളുടെ പ്രവേശംമൂലം റോമാസാമ്രാജ്യത്തിൻെറ സാമുദായികവും രാഷ്ട്രീയവുമായ ബന്ധം ശിഥിലമായിത്തീർന്നു. റോമാസാമ്രാജ്യവും, അതിൻെറ ദുരിച്ഛാദാഹശമനത്തിനായി മൂന്നു നൂറ്റാണ്ടുകാലത്തോളം ക്രിസ്തീയരക്തം അ

മിതമായി പഠനംചെയ്തു. തത്ഫലമായി ബാബിലോണിലേയും, ഗ്രീസിലേയും അജ്ഞാനസാമ്രാജ്യങ്ങളെപ്പോലെതന്നെ അത് ലജ്ജാവഹമാംവിധം അസന്മാർഗ്ഗക്കുണ്ടിലേയ്ക്ക് അധഃപതിക്കയത്രേ ചെയ്തത്. ദൈവത്തിന്റെ പ്രതിഹാരഹസ്തം കിരാതവർഗ്ഗങ്ങളുടെ ആക്രമണവ്യാജേന അതിന്റെമേല് നിപതിച്ചു. അവരാകട്ടെ നഗരങ്ങൾ ചുട്ടുകരിച്ചു; കോട്ടകൾ ഇടിച്ചുനിരത്തി; രാജ്യവാസികളെ നിർദ്ദയം നിഹനിച്ചു; ദേവാലയങ്ങൾ നിലംപരിചാക്കി. എന്തിനേറെ അവരുടെ മാർഗ്ഗങ്ങൾ സർവ്വത്ര നാശത്താല് ലക്ഷിതമായി. എന്നാല് അന്നും അചഞ്ചലരായി വർത്തിച്ച തിരുസ്സഭ അവളുടെ സനാതനതത്വങ്ങളോടൊപ്പം പൌരാണികസംസ്കാരത്തേയും, ഈ നവീനവർഗ്ഗങ്ങൾക്കു പ്രദാനംചെയ്തു. വിഗ്രഹഭഞ്ജനത്തിനും പ്രകൃത്യാരാധനക്കും കുപ്രസിദ്ധരായിരുന്ന ഇവരത്രേ, ഇന്ന് പരിഷ്കാരപ്രസരികളായിരിക്കുന്ന ക്രിസ്തീയജനപദങ്ങൾ. സ്വമഹാത്മ്യത്തിനെല്ലാം തിരുസ്സഭയോടു അവർ ഋണബദ്ധരത്രേ. മദ്ധ്യശതകങ്ങളില് തിരുസ്സഭാ മാതൃനിർവിശേഷമായ ജാഗ്രതയോടുകൂടി ഇവരുടെ ആദ്ധ്യാത്മികവും ഭൌതികവുമായ ശ്രേയസ്സിനുവേണ്ടി നിസ്തന്ദ്രപരിശ്രമം ചെയ്തുവെന്നുള്ളത് വിസ്മരണീയമല്ലാത്ത ഒരു പ്രശസ്ത യാഥാർത്ഥ്യം മാത്രമാണ്.

മഹാനായ തിയോഡോഷ്യസ് അവസാനമായി റോമ്മാസാമ്രാജ്യത്തെ രണ്ടായി വിഭജിച്ചു. റോം തലസ്ഥാനമായ പശ്ചിമഭാഗം സീമന്തപുത്രൻ ഒണേരിയസിനും, ബൈസൻഷ്യം തലസ്ഥാനമായ പൂർവ്വഭാഗം ദ്വിതീയപുത്രൻ അർക്കേഡിയസിനും നല്കി. രാജ്യം ഛിന്നഭിന്നമായിത്തീരാനുള്ള ഒരു നാന്ദിയായിരുന്നോ ഈ വിഭജനം എന്നുതോന്നിപ്പോകും, എ. ഡി. 400-ല് തന്നെ കരിങ്കടല്തീരവാസികളായ ഗോത്തുകൾ സാമ്രാജ്യത്തിലേയ്ക്കു പ്രവേശിച്ചുതുടങ്ങി. ഇവരില് ഒരു വിഭാഗക്കാരായ പശ്ചിമഗോത്തുകൾ അലാറിക്കിന്റെ നേതൃത്വത്തില് 410-ല് റോമിനെ കൊള്ളയിട്ടു. അനന്തരകാലങ്ങളില് അവരുടെ രാജ്യം ഫ്രാൻസിലേയ്ക്കും സ്പെയിനിലേയ്ക്കും വ്യാപിച്ചു. ആര്യൻമതാനുയായികളായിരുന്ന അവരുടെ അധിപന്മാർ കത്തോലിക്കരെ പലപ്പോഴും പീഡിപ്പിച്ചുവന്നു. ല്യോവിജില്സ് എന്ന ഒരു രാജാവ് സത്യവിശ്വാസിയായിരുന്ന സ്വപുത്രൻ ഹെർമിജില്ഡിനെപ്പോലും വധിച്ചുകളഞ്ഞു. എന്നാല് അദ്ദേഹത്തിന്റെ ഇളയ പുത്രനായ റിക്കാറെഡ് 595-ല് കത്തോലിക്കനായിത്തീർന്നു. 587-ലെ ടോലെഡോ സൂനഹദോസ് ഈ ജനതയെ തിരുസ്സഭയുമായി രഞ്ജിപ്പിച്ചു. എട്ടാംശതകത്തിന്റെ ആരംഭത്തില് മൂറിഷ് ആക്രമണത്തിനു വിധേയമായി ഗോത്തിക്കു രാജ്യം അസ്തംഗതമായി.

476-ല് ഹെറുളിരാജാവായ ഒഡയാസർ പശ്ചിമറോമാസാമ്രാജ്യത്തിലെ അവസാന ചക്രവർത്തിയായ റോമുലൂസ് അഗസ്റ്റസ്സിനെ സ്ഥാനഭ്രഷ്ടനാക്കി ഇററലിരാജാവായിത്തീർന്നു. എന്നാല് പൂർവ്വഗോത്തുകളുടെ നേതാവായ തിയോഡറിക്ക് 493-ല് അയാളെ വധിച്ച് രാജ്യം കരസ്ഥമാക്കി. ആര്യൻമതക്കാരായിരുന്നെങ്കിലും ഒഡയാസറും തിയോഡറിക്കും ക്രിസ്ത്യാനികളെ ഉപദ്രവിച്ചില്ല. തിയോഡറിക്കിന്റെ കാലശേഷം പൌരസ്ത്യസമ്രാട്ടായ ജസ്റ്റിനിയൻ ഇററലി പിടിച്ചടക്കി സ്വസാമ്രാജ്യത്തിന്റെ

ഒരു ഭാഗമാക്കിത്തീർത്തു. എന്നാല് വിനാവിളംബം ലൊംബാർഡുവർഗ്ഗക്കാർ അല്ബോയിന്റെ നേതൃത്വത്തില് ഉത്തര ഇററലി മുഴുവൻ സ്വാധീനമാക്കി പവിയ തലസ്ഥാനമായിട്ട് ഒരു രാജ്യം സ്ഥാപിച്ചു. ലൊമ്പാർഡുകൾ മിക്കവാറും അജ്ഞാനികൾ തന്നെയായിരുന്നു. ക്രിസ്തുമതം സ്വീകരിച്ചവർ ആര്യൻപാഷണ്ഡതയെയത്രേ അനുസരിച്ചത്. 575-ല് ഇററലി വീണ്ടും ഛിന്നഭിന്നമായി. പ്രാദേശികഭരണാധികാരികൾ രാജ്യത്തെ താറുമാറാക്കുകയും കത്തോലിക്കരെ നിർഭയം പിഡിപ്പിക്കുകയും ചെയ്തു. 'തിയഡോലിൻഡാ'രാജ്ഞിയുടെ പ്രേരണാനുസരണം അവളുടെ ഭർത്താവായ അഗിലുൾഫ്‌രാജാവ് 590-ല് സത്യമതം സ്വീകരിച്ചതുവരെ ഈ ദുരവസ്ഥ തുടൎന്നു. ഈ നൃപാലന്റെ പിൻഗാമികളില് ചിലർ ആര്യൻപക്ഷപാതികളായിരുന്നു; എങ്കിലും 7-ാംശതകത്തിന്റെ ഉത്തരാർദ്ധത്തില് ലൊംബാർഡുകൾ മുഴുവൻതന്നെ തിരുസ്സഭയെ ആശ്ലേഷിച്ചു. 774-ല് കാർലമാൻചക്രവർത്തി അവരുടെ മേധാവിത്വത്തിന് വിരാമമിടുകയും ചെയ്തു.

451-ല് അററിലാ എന്ന ഹൂണനേതാവ് 700,000ഭടന്മാരോടുകൂടി റൈൻനദി കടന്ന് ഫ്റാൻസും ഇററലിയും ആക്രമിച്ചു. "ദൈവത്തിന്റെ ചമ്മട്ടി" എന്ന സ്വയംസംബോധനചെയ്ത ഈ ഖലാത്മാവ് രാജ്യംമുഴുവൻ രക്തപ്രളയത്തിലാക്കിക്കൊണ്ടു റോമിലേയ്ക്കു തിരിച്ചു. ചക്രവർത്തി പരിഭ്രാന്തചിത്തനായി. എന്നാല് വന്ദ്യവയോവൃദ്ധനായ ലെയോമാർപ്പാപ്പാ ഏകാകിയായി അയാളെ നേരിട്ടു തിരിച്ചുപോകുവാൻ ആവശ്യപ്പെട്ടു; ദിവ്യശക്തിയാലെന്നവണ്ണം അയാൾ വിശീർണ്ണഗർവ്വനായി പിന്തിരികയും ചെയ്തു.

വാൻഡല്സ് എന്ന ജൎമ്മൻജാതിക്കാർ 410-ല് ഉത്തരസ്പെയിനില് താവളമുറപ്പിച്ചു; പക്ഷെ പശ്ചിമഗോത്തുകളുടെ പ്രാബല്യം ഭയന്നു 429-ല് ആഫ്റിക്കയിലേക്കു കടന്നു. ജെൻസറിക്കിന്റെ നായകത്വത്തില് ഉത്തരാഫ്റിക്കാ മുഴുവനും, ക്രമേണ സിസിലി, സർഡീനിയാ തുടങ്ങിയ ദ്വീപങ്ങളും അവർ സ്വായത്തമാക്കി. 455-ല് ജൻസറിക്ക് റോമിനെ ആക്രമിച്ചെങ്കിലും വീണ്ടും മഹാനായ ലെയോയുടെ ആവശ്യാനുസരണം നാശമൊന്നും വരുത്തിയില്ല. ടൈററസ് ജെറുസലേമില്നിന്നുകൊണ്ടുവന്ന ഏഴുശാഖയുള്ള സ്വർണ്ണത്തിരിക്കാല് അയാൾ തട്ടിയെടുത്തു. വാൻഡല്സ് മതഭ്രാന്തരായ ആര്യൻമാരായിരുന്നു. ആര്യൻ വൈദികരുടെ പ്രേരണയോടെ കത്തോലിക്കരെ വിവേചനാരഹിതമായി അവർ മർദ്ദിച്ചു. ഈ വൈദികർതന്നെ സത്യവിശ്വാസികളുടെ കരചരണനാസാകർണ്ണാദികൾ മുറിച്ചുകളയുന്നതു ഒരു വിനോദമായിക്കരുതിയത്രേ!! എന്തിനേറെ 427 മുതല് 523 വരെ ഏകദേശം ഒരുനൂറുകൊല്ലത്തേയ്ക്കു റോമൻസമ്രാട്ടുകളെപ്പോലും ലജ്ജിപ്പിക്കത്തക്ക ക്രൂരതയോടെ വാൻഡലസ് കത്തോലിക്കരെ വേട്ടയാടി. 533-ല് ജസ്റ്റീനിയൻ ചക്രവർത്തിയുടെ സേനാനിയായ ബലിസാരിയൂസ് ഇററലിയെപ്പോലെതന്നെ ഉത്തരാഫ്റിക്കയും പിടിച്ചടക്കി പൌരസ്ത്യസാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയാക്കിത്തീർത്ത

തോടെ വാൻഡൽസ് തിരോധാനംചെയ്തു. അഗുസ്തീനോസിന്റെ കാലത്തു് 600 ല്പരം മെത്രാസനങ്ങളുണ്ടായിരുന്ന ആഫ്രിക്കൻസഭ കാലാന്തരത്തില് മഹമ്മദീയാക്രമണത്തിനു വിധേയമായി ശോഷിക്കുകയത്രേ ചെയ്തതു്.

ബാൾട്ടിക്കു പ്രദേശവാസികളായ ബർഗൺഡിയന്മാർ അഞ്ചാം ശതകത്തിന്റെ ആരംഭത്തില് ലയൺസ് തലസ്ഥാനമാക്കി ഫ്രാൻസില് ഒരു രാജ്യംസ്ഥാപിച്ചു. താമസിയാതെ അജ്ഞാനികളായ അവർ കത്തോലിക്കരായെങ്കിലും 450-ല് പലരും ആര്യൻ സിദ്ധാന്താനുസാരികളായിരുന്നുവെന്നു കാണുന്നു. ഏതായാലും 534-ല് അവരുടെ രാജ്യം ഫ്രാൻകുകളുടെ അധീനത്തിലായതിനുശേഷം ആര്യൻമതം അവർ പരിപൂർണ്ണമായി ഉപേക്ഷിച്ചു. ഈ ഫ്രാൻകുകൾ ഉത്തര ഫ്രാൻസിനെ അധിവസിച്ചിരുന്നു. അവരുടെ രാജാവായ ക്ലോവിസ്, ക്ലോറ്റില്ഡാ എന്ന ഒരു ക്രിസ്തീയകുമാരിയെ പരിണയിച്ചു. സ്വപ്രേയസിയുടെ മതത്തോടു് ആനുകൂല്യമുണ്ടായിരുന്ന ക്ലോവിസ്, 496-ല് അലമാനി എന്ന ശത്രുവര്ഗ്ഗത്തില് കോൺസ്റ്റന്റയിനെപ്പോലെ, ക്രിസ്ത്യാനികളുടെ ദൈവത്തിന്റെ സഹായത്താല് ഒരു മഹാവിജയം നേടി. കൃതജ്ഞതാനിർഭരനായ ക്ലോവിസ് 3000 പടയാളികളോടുകൂടി 'റീംസി'ലെ മെത്രാനായ വി. റെമീജിയസ്സില്നിന്നും ജ്ഞാനസ്നാനംസ്വീകരിച്ചു. നവീനയൂറോപ്പില് ഒരു ദ്വിതീയ കോൺസ്റ്റന്റയിനായി ബ്ഭവിച്ചു. ഇദ്ദേഹം ആര്യരായ പശ്ചിമഗോത്തുകളേയും ബർഗൻഡിയൻസിനേയും കീഴടക്കി സത്യമതം പ്രചരിപ്പിച്ചു. ക്ലോവിസിന്റെ പിൻവാഴ്ചക്കാർ ഒരു പന്ത്രണ്ടു ശതാബ്ദകാലത്തേക്കു് അദ്ദേഹത്തിന്റെ മഹിതമാതൃകയെ അനുകരിച്ചു. തന്നിമിത്തം "ഏററവും ക്രിസ്തീയരായ രാജാക്കന്മാർ" എന്ന ശ്ലാഘ്യനാമത്തിനു് അവരും "തിരുസ്സഭയുടെ സീമന്തപുത്രി" എന്ന ഉത്കൃഷ്ടസംജ്ഞയ്ക്കു് ഫ്രഞ്ചുജനതയും അർഹരായിത്തീർന്നു.

ബ്രിട്ടണിലെ ക്രിസ്തുമതബീജാവാപം ശ്ലൈഹികമാണെന്നുള്ള സിദ്ധാന്തത്തിനു് പ്രബലമായ തെളിവൊന്നുമില്ല. 183-ല് ഒരു ബ്രിട്ടീഷുരാജാവായ ലൂഷ്യസിന്റെ ആവശ്യാനുസാരം ഏലവുത്തേരിയസ് പാപ്പാ രണ്ടു മിഷ്യനറിമാരെ അങ്ങോട്ടയച്ചതായി രേഖയുണ്ടു്. ഏതായാലും ദ്വിതീയശതകം മുതല്തന്നെ ഇംഗ്ലണ്ടില് ക്രിസ്ത്യാനികളുണ്ടായിരുന്നു; റോമൻപീഡനങ്ങൾ അവരും സഹിച്ചിട്ടുണ്ടുതാനും. അഞ്ചാം ശതകത്തില് റോമാക്കാർ ബ്രിട്ടൻ ഉപേക്ഷിച്ചതോടുകൂടി ഉത്തരജർമ്മനിയില്നിന്നും ആംഗ്ലോസാക്സൻമാർ അതിനെ ആക്രമിച്ചു കീഴ്പെടുത്തി. തദ്ദേശവാസികൾ ശത്രുക്കളെ ഭയന്നു് വെയില്സില് അഭയം പ്രാപിച്ചു. കത്തോലിക്കാമതം അവരുടെയിടയില് രൂഢമായിരുന്നെങ്കിലും ആക്രമികളെ മാനസാന്തരപ്പെടുത്തുന്നതില് അവർ അത്ര ഔൽസുക്യം പ്രദർശിപ്പിച്ചില്ല. 597-ല് ബനഡിക്റ്റൻ സഭാംഗമായിരുന്ന മഹാനായ ഗ്രിഗോരിയസ് മാർപ്പാപ്പാ റോമില് "കോയ്ലിയൻകുന്നി"ലെ വി. അൻഡ്രൂവിന്റെ ആശ്രമത്തില്

നിന്നും നാല്പതു സന്ന്യാസിമാരെ ഇംഗ്ലണ്ടില് പ്രേഷിതവൃത്തിക്കായി അയച്ചു. ഇവരുടെ നേതാവു് പരിശുദ്ധപിതാവിന്റെ ഒരു മിത്രമായ വി. അഗുസ്റ്റീനോസായിരുന്നു. കെന്റു രാജാവായ ഇതല്ബെർട്ടും പതിനായിരം പ്രജകളും സത്യവിശ്വാസം സ്വീകരിച്ചു. താമസിയാതെ വി. അഗുസ്റ്റീനോസ് കാൻറർബറിയിലെ പ്രഥമ മെത്രാപ്പോലീത്തായായി അഭിഷിക്തനായി. ചില ആചാരങ്ങളിലുണ്ടായിരുന്ന നിസ്സാരമായ അഭിപ്രായവ്യത്യാസം നിമിത്തം വെയില്സിലെ വൈദികാധികാരികൾ അഗുസ്റ്റീനോസിനോടു സഹകരിച്ചില്ല. വിശുദ്ധന്റെ പ്രവചനാനുസാരം അവർ ശിക്ഷയ്ക്കു വിധേയരായി. 613-ല് നോർത്തംബ്രിയായിലെ രാജാവായ ഇഥല്ഫ്റിഡ് ബാംഗോറിലെ സന്ന്യാസാശ്രമങ്ങളെ നശിപ്പിച്ച് 1200 സന്ന്യാസികളെ സംഹരിച്ചു. പ. പിതാവ് കൂടുതല് പ്രേഷിതരെ ഇംഗ്ലണ്ടിലേയ്ക്കയയ്ക്കാതിരുന്നില്ല. റോമില് പ്രത്യേകം ശിക്ഷണവിധേയരായ ആംഗ്ലേയയുവാക്കന്മാർ തന്നെയും ഇതിനു നിയുക്തരായി. പൌരസ്ത്യ സാക്സൺ രാജാവായ സോബർക്റ്റും പ്രജകളും തിരുസ്സഭയെ ആശ്ലേഷിച്ചു. ഇദ്ദേഹമാണ് പ്രസിദ്ധമായ വെസ്റ്റുമിനിസ്റ്റർ ആശ്രമത്തിന്റെ സ്ഥാപകൻ. 605-ല് വി. അഗുസ്റ്റീനോസ് നിര്യാതനായെങ്കിലും ബ്രിട്ടണിലെ മതപ്രചരണജോലിക്കു വിഘാതമൊന്നുമുണ്ടായില്ല. 627-ല് വി. പൌലിനസ് നോർത്തംബ്രിയായിലെ എഡ്വിൻ രാജാവിനെ സഭയിലേയ്ക്കു സ്വീകരിച്ചു. യോർക്ക് രണ്ടാമത്തൊരു അതിമെത്രാസനമായി. ബ്രിട്ടണിലെ ഇതരരാജ്യങ്ങളും യഥാകാലം ക്രിസ്റ്റീയമായിത്തീരുകയാല് വി. അഗുസ്റ്റീനോസാരംഭിച്ച മഹായത്നം ഏകദേശം തൊണ്ണൂറുവത്സരംകൊണ്ടു സഫലമായി ഭവിച്ചു.

വൈററാലിയൻ മാർപ്പാപ്പാ, താർസൂസ് ദേശീയനും ഒരു സന്ന്യാസവൈദികനുമായിരുന്ന തിയഡോറിനെ 668-ല് കാൻറർബറി സിംഹാസനത്തിലേയ്ക്കു നിയമിച്ചയച്ചു. ആംഗ്ലേയസഭയുടെ ആചാരാനുഷ്ഠാനങ്ങളില് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി സുസംഘടിതമാക്കിയതു് പണ്ഡിതനായ ഈ ആചാര്യശ്രേഷ്ഠനാണ്. അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകനായ ഹാഡ്റിയൻ കാൻറർബറിയിലും വി. ബീഡ് യോർക്കിലും വിശ്രുതങ്ങളായ ഓരോ വിദ്യാലയങ്ങൾ സ്ഥാപിച്ചു. ഇങ്ങനെ ഏകദേശം രണ്ടു ശതാബ്ദകാലത്തോളം ഇംഗ്ലണ്ട് കത്തോലിക്കവിശ്വാസത്തില് തഴച്ചുവളർന്നു. ഇരുപത്തിമൂന്നു സാക്സൺ രാജാക്കന്മാരും ആറോളം രാജ്ഞിമാരും മററു രാജകുടുംബാംഗങ്ങളും തന്നെ വിശുദ്ധരുടെ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്. എന്നാല് കാലാന്തരത്തില് ആംഗ്ലേയരുടെ മതതീക്ഷ്ണത മന്ദീഭവിക്കയാണുണ്ടായതു്.

431-ല് സെലസ്റ്റിൻ മാർപ്പാപ്പാ വി. പല്ലേഡിയസിനെ അയർലണ്ടിന്റെ പ്രേഷകനായി നിയോഗിച്ചു. എന്നാല് അദ്ദേഹത്തിന്റെ ശ്രമം അവിടെ വേണ്ടത്ര വിജയകരമായില്ല; തന്നിമിത്തം വിശുദ്ധൻ സ്കോട്ടുലണ്ടിലേയ്ക്കു പോകുകയും ചെയ്തു. ഐർലണ്ടിന്റെ അപ്പസ്തോലനെന്നു വിശ്രുതനായ വി. പാററ്റിക്ക് സ്കോട്ടുലണ്ടില് കില്പാട്രിക്ക് ദേശീയ

നായിരുന്നത്രേ. എന്തായാലും ബാല്യകാലത്തു് അദ്ദേഹം ഐർലണ്ടില് ഒരു അടിമയായി കുറെനാൾ കഴിക്കേണ്ടിവന്നു. വിദ്യാഭ്യാസാനന്തരം വി. പാററ്റിക്ക് റോമിലെത്തി സുക്കാത്തു് എന്നു വിളിക്കപ്പെട്ടിരുന്ന വിശുദ്ധന് സെലസ്റ്റിൻ മാർപ്പാപ്പാ പുതിയ സംജ്ഞ നല്കുകയും മെത്രാനാക്കി 432-ല് പഴയ ബന്ധനരംഗത്തെ അപ്പസ്തോലനായി നിയമിക്കയും ചെയ്തു. പാററ്റിക്ക് ഐർലണ്ടാകെ സഞ്ചരിച്ചു് രാജാക്കന്മാരെയും പ്രജകളേയും വിസ്മയാവഹമായ വിധത്തില്, പതിനായിരക്കണക്കിനു്, സത്യമതാവലംബികളാക്കിത്തീർത്തു. കൊണ്ണൗട്ടു് എന്ന സ്ഥലത്തുതന്നെ അദ്ദേഹം 120,000 പേരെ ജ്ഞാനസ്നാനപ്പെടുത്തിയത്രേ!! 455-ല് അർമാഘ് അതിമെത്രാസനം അദ്ദേഹം സ്ഥാപിച്ചു. നാട്ടിൻെറ നാനാഭാഗത്തും ദേവാലയങ്ങളും സന്യാസാശ്രമങ്ങളും പണിയിക്കയും മെത്രാന്മാരെയും വൈദികരെയും ധാരാളമായി അഭിഷേകം ചെയ്കയും ചെയ്തു. സുദീർഘവും കൃത്യനിരതവുമായ സ്വപ്രേഷിതജീവിതത്താല് ഐറിഷ് സഭയെ ദൃഢസ്ഥാപിതമാക്കിയശേഷം വിശുദ്ധൻ 105-ാമത്തെ വയസ്സില് 493-ല് സ്വർഗ്ഗീയമകുടം പ്രാപിച്ചു. വി. പാട്രിക്കിൻെറയും, ഐറിഷ് മാനസാന്തരത്തിൻെറയും ചരിത്രം അത്ഭുതാവഹവും നിസ്തുലവുമത്രെ! അദ്ദേഹം "കൺഫഷൻസ്" എന്ന സ്വഗ്രന്ഥത്തില് ദൈവത്തിൻെറ അനുഗ്രഹവർഷത്തെ കൃതജ്ഞതാപുരസ്സരം രേഖപ്പെടുത്തുകയത്രെ ചെയ്തിരിക്കുന്നതു്.

ആറും ഏഴും ശതകങ്ങളിൽ ഐറിഷ് സഭാദീപം ഉജ്ജ്വലതേജസ്സോടെ പ്രകാശിച്ചു; അജ്ഞാനാന്ധകാരം അവിടെ ഒളിഞ്ഞുനോക്കുകപോലും ചെയ്തില്ല. പാഷണ്ഡതയും ശീശ്മവും അവിടെ കേട്ടുകേഴ്‌വിപോലുമില്ലാത്ത സാധനങ്ങളായിരുന്നു. 'നവ്യറോമാ' എന്നും "ദിവ്യദ്വീപം" എന്നും ഉള്ള അപരാഭിധാനങ്ങൾക്കു് ഐർലണ്ടു് അർഹയായി. അവളുടെ സന്താനങ്ങൾ സമീപസ്ഥവും വിദൂരസ്ഥവുമായ ദേശങ്ങളിൽ ഒരുപോലെ വീരോചിതമായി പ്രേഷകവൃത്തി അനുഷ്ഠിച്ചു. സന്യാസാശ്രമങ്ങളുടെ ബാഹുല്യമാണു് ഐറിഷ് സഭയുടെ ഒരു പ്രത്യേകത. മിക്കവാറും സന്യാസാശ്രമങ്ങൾതന്നെ മെത്രാസനങ്ങളും, മഠാധിപതികൾതന്നെ മെത്രാന്മാരും ആയിരുന്നു. ഐറിഷ് സന്യാസികൾ യൂറോപ്പിൻെറ കിഴക്കുഭാഗങ്ങളില് പോലും അനേകം കോവേന്തകൾ സ്ഥാപിച്ചിരുന്നത്രേ. ഏററവും നിസ്സാരമായ ആചാരവിധികളില് പോലും റോമൻസിംഹാസനത്തിനു വിധേയമായിരുന്ന ഈ സഭ അനുഭവിച്ച സൌഭാഗ്യവും സമാധാനവും ഡെയിൻകാരുടെ ആഗമനത്തോടുകൂടി അധോഗതിയിലായി.

ബ്രിട്ടൺകാരനായ വി. നിന്ന്യാൻ ആണു് സ്കോട്ട്ലണ്ടിൻെറ പ്രഥമ പ്രേഷകൻ. 394-ല് സിറിഷ്യസ് മാർപ്പാപ്പാ ഇദ്ദേഹത്തെ മെത്രാനാക്കി അങ്ങോട്ടേയ്ക്കയച്ചു. ദക്ഷിണസ്കോട്ട്ലണ്ടിലെ ജനങ്ങളെ മാനസാന്തരപ്പെടുത്തുകയും അവിടെ ഒരു മെത്രാസനം സ്ഥാപിക്കയുംചെയ്ത വി. നിന്ന്യാൻ 432-ല് കാലഗതിയടഞ്ഞു. അപ്പോഴേയ്ക്കുമാണു് വി. പല്ലാഡിയൂസ് അവിടെയെത്തിയതു്. മദ്ധ്യസമതലപ്രദേശമായിരുന്നു അദ്ദേഹത്തിൻെറ പ്രേഷകരംഗം. ഉത്തരദേശീയരുടെ അപ്പസ്തോലനായ വി. കൊം

ലുംബാ ഒരു ഐറിഷ് പ്രജയായിരുന്നു. ഐറിഷ് സന്ന്യാസികളുടെ ഈ മഹാപിതാവ് പന്ത്രണ്ട് ശിഷ്യന്മാർസഹിതം 563-ല് സ്കോട്ട്ലണ്ടിലെത്തി. രണ്ടുകൊല്ലത്തിനുശേഷം അവിടത്തെ രാജാവിനെപ്പോലും ക്രിസ്ത്യാനിയാക്കി. മുപ്പത്തുനാലുകൊല്ലത്തെ പ്രേഷകവേലയാല് അദ്ദേഹം സ്കോട്ട്ലണ്ടിനെ മുഴുവൻ സഭാമാതാവിനു നേടിക്കൊടുക്കുകയുണ്ടായി.

ജർമ്മൻ രാജ്യങ്ങളില് രണ്ടാംശതകത്തിന്റെ അവസാനത്തോടുകൂടിത്തന്നെ ക്രിസ്തുമതം വ്യാപിച്ചിരുന്നു. എന്നാല് അക്രമപ്രസക്തരായ കിരാതവർഗ്ഗങ്ങളുടെ രാജ്യാന്തരപ്രയാണങ്ങൾക്കിടയില് അവിടത്തെ ദേവാലയങ്ങൾ മിക്കവാറും നശിച്ചുപോകുകയും, ക്രിസ്ത്യാനികൾ നഷ്ടതീക്ഷ്ണരായി ഭവിക്കുകയും ചെയ്തു. ആറാംശതകം മുതല് ഐർലണ്ടിലും, ബ്രിട്ടണിലുംനിന്നു അനേകം പ്രേഷകന്മാർ ഈ രാജ്യങ്ങളില് സമോദ്ധാരണത്തിനുള്ള ശ്രമം തുടങ്ങി. അവരില് പ്രഥമഗണനീയൻ അംഗ്ലേയനായ വി. ബൊനിഫസായിരുന്നു. വിൻഫ്റിഡ് എന്നായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ പേർ. 716-ല് ഏതാനും സഹപ്രവർത്തകരോടുകൂടി അദ്ദേഹം ഫ്റിസ്ലണ്ടിലെത്തി. കലാപകലുഷിതമായിരുന്ന അക്കാലം പ്രേഷകവൃത്തിക്ക് തികച്ചും അനനുയോജ്യമായിരുന്നതിനാല് വിൻഫ്റിഡ് നിരാശനായി തിരിച്ചുപോന്നു. രണ്ടുകൊല്ലത്തിനുശേഷം വിശുദ്ധൻ റോമിലേക്കുപോയി. വി. ഗ്രഗരി ദ്വിതീയൻ മാർപ്പാപ്പാ ഉത്തരജർമ്മനിയുടെ പ്രേഷകനായി അദ്ദേഹത്തെ നിയോഗിക്കുകയും ചെയ്തു. തുറിങ്ങ്ഗിയായും ഹെസ്സെയും ആയിരുന്നു വിൻഫ്റിഡിന്റെ പ്രധാനരംഗങ്ങൾ. നിസ്തന്ദ്രനായ ഈ മിഷ്യനറിയുടെ നിസ്തുലവിജയങ്ങൾ അറിഞ്ഞ് സന്തുഷ്ടനായ പ. പിതാവ് 723-ല് അദ്ദേഹത്തെ ബോനിഫസ് എന്ന പുതിയ നാമത്തോടുകൂടി മെത്രാനായി അഭിഷേകം ചെയ്തു. മടങ്ങിയെത്തി പൂർവ്വാധികം ഉജ്ജ്വലതയോടെ ജോലി തുടർന്നു. പതിനായിരക്കണക്കിനു അജ്ഞാനികൾ ക്രിസ്തുമതം സ്വീകരിച്ചു; അവരുടെ പഴയ ദേവാലയങ്ങൾ സത്യദൈവാരാധനയ്ക്കുള്ള നികേതങ്ങളായി രൂപാന്തരപ്പെട്ടു. 732-ല് അസാധാരണാധികാരങ്ങളോടെ ബൊനിഫസ് ജർമ്മൻവികാരി അപ്പസ്തോലിക്കയായിത്തീർന്നു. അനന്തരം മിഷ്യനറിമാരുടെ വർദ്ധനവിനുവേണ്ടി അനേകം സന്ന്യാസാശ്രമങ്ങൾ സ്ഥാപിക്കയും പല പുതിയ മെത്രാസനങ്ങൾ സൃഷ്ടിച്ചുകൊണ്ടു ജർമ്മൻസഭാഭരണത്തെ ക്രമീകരിക്കയും ചെയ്തു. ഇങ്ങനെയിരിക്കെയാണ് 747-ല് അദ്ദേഹം മെയിന്റിസ് മെത്രാപ്പോലീത്തായും ജർമ്മനി മുഴുവന്റേയും ആദ്ധ്യാത്മികനേതാവുമായിത്തീർന്നതു. അവസാനം ഫ്റിസിയന്മാരുടെ മാനസാന്തരത്തിനു ശ്രമിക്കവെ 755-ല് ഹോളണ്ടില് വെച്ച് നിഹനിക്കപ്പെട്ടു. ഈ രക്തസാക്ഷിയുടെ ഭൗതികാവശിഷ്ടങ്ങൾ അദ്ദേഹംതന്നെ സ്ഥാപിച്ച ഫൌൽഡാ ആശ്രമത്തില് നിക്ഷിപ്തമായി.

റോമൻസമ്രാട്ടുകളുടെ സംഹാരസമീരണൻ പ്രചണ്ഡമായി പ്രവഹിച്ച് തുംഗങ്ങളായ അലകളിളകി; പാഷണ്ഡതാനീർച്ചുഴികൾ അഗാധങ്ങളിലേയ്ക്കു കറങ്ങിത്താഴ്ന്നു; പക്ഷെ പത്രോസിന്റെ പടവ്

അവതങ്ങളെല്ലാമുപരി ഇളകിക്കളിച്ച് പുരോഗമിച്ചു. ദിവ്യമായ ആ കടുകുമ
ണി കൊടുങ്കാറ്റിലും ശീതബാധയിലും നശിച്ചില്ല; രക്തസാക്ഷികൾ ജീ
വരക്തംകൊണ്ട് അതിനെ നനച്ചു; അതു തഴച്ചു വളൎന്നു പരിപുഷ്ടമായി.
ശത്രുക്കളുടെ അപഹാസപാത്രമായിരുന്ന ആ ഇളംകുരുന്ന് വിനാവിളം
ബം അവൎക്കു ഭയദായകമായ മഹാതരുവായിച്ചമഞ്ഞു. ദിഗന്തങ്ങളിലേ
ക്കു് അതു് ശാഖകളെ നീട്ടി. വിഹംഗമങ്ങൾ അവയിൽ അഭയംതേടി.
സത്യസഭ വിഘ്നങ്ങളെ വിജയിച്ച് സൎവ്വത്രവ്യാപിച്ചു; പ്രത്യേകം യൂറോ
പ്പുമുഴുവൻതന്നെ ക്രിസ്തീയമായി. അവൾക്ക ലഭിക്കാനിരുന്ന മഹത്വ
ത്തിന്റെ പ്രാരംഭമേ ആയിരുന്നുള്ളു ഇതു്.

# മദ്ധ്യമകാലചരിത്രം

(700-1500 A. D.)

## VII. സഭാരാഷ്ട്രം

ഏഴാം ശതകത്തിന്റെ അവസാനം മുതല് പതിനാറാം ശതകത്തിന്റെ ആരംഭംവരെയുള്ള എണ്ണൂറില്പരം വര്ഷങ്ങൾ, സഭയ്ക്കു് കിരാതത്വത്തിന്റെ മേലുള്ള വിജയത്തേയും, അധഃപതനാധീനമായിരുന്ന മതതീക്ഷ്ണതക്കും വിജ്ഞാനത്തിനും ഉണ്ടായ നവോന്മേഷത്തേയും കുറിക്കുന്ന കാലഘട്ടമാണ്. അഭ്യന്തരവും ബാഹ്യവുമായ അനര്ത്ഥങ്ങളില് അശരണരായിബ്ഭവിച്ചവര്ക്കെല്ലാം പരിശുദ്ധ സിംഹാസനം എപ്പോഴും ഒരു ആശാകേന്ദ്രവും അഭയസ്ഥാനവുമായിരുന്നു. ഇതിന്റെ ഫലമായി, ജനങ്ങളുടെ സ്വതന്ത്രദാനങ്ങൾകൊണ്ടുതന്നെ മാര്പ്പാപ്പാ ഒരു രാഷ്ട്രാധിപതികൂടിയായി ബ്ഭവിച്ചു. അദ്ദേഹത്തിനു യൂറോപ്യൻ രാജാക്കന്മാരുടെമേല് ഒരു സ്വാധീനശക്തിയുണ്ടായി. എന്നാല് ഈകാലത്തും ബാഹ്യാക്രമണങ്ങൾകൊണ്ടും, മന്നവന്മാരുടെ അനാവശ്യമായ കൈകടത്തല്കൊണ്ടും, സ്വസന്താനങ്ങളില്തന്നെ ചിലരുടെ വിപ്ലവബുദ്ധികൊണ്ടും സഭാമാതാവ് പല അസ്വസ്ഥതകളും അനുഭവിക്കാതിരുന്നില്ല.

പശ്ചിമ റോമാസാമ്രാജ്യം അസ്തംഗതമായശേഷവും പൌരസ്ത്യസാമ്രാട്ടുകൾ അതിന്റെ ചില ഭാഗങ്ങളില് നാമമാത്രമായ അധികാരം പ്രയോഗിച്ചിരുന്നു. പ്രതിമാഭഞ്ജകനായ ലിയോപ്രഭൃതികൾ തിരുസിംഹാസനത്തിനു് പലവിധ ഉപദ്രവങ്ങളും ചെയ്യാതിരുന്നില്ല. ഇങ്ങനെയിരിക്കെ മഹമ്മദീയരെ പരാജിതരാക്കിയ ഫ്റാങ്ക്സേനാനി ചാൾസുമാര്ട്ടലിന്റെ പുത്രൻ പെപ്പിൻ, ക്ലോവിസിന്റെ അവസാനത്തെ പിൻഗാമിയെ വിഗണിച്ചു 752-ല് ഫ്റാൻസു രാജസ്ഥാനം കരസ്ഥമാക്കി. അനര്ഹനായ രാജാവിന്റെ കാലത്തും അധികാരം പെപ്പിനുതന്നെയായിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ഔപചാരികമായ ഈ സ്ഥാനാരോഹണം സക്കറിയാസ് മാര്പ്പാപ്പായും അനുവദിക്കാതിരുന്നില്ല. പൌരസ്ത്യസാമ്രാട്ടുകളുടെ ദുര്ഭരണംമൂലം അതൃപ്തമായിരുന്ന ഇററലിയെ കീഴ്പ്പെടുത്താൻ ലൊംബാര്ഡു രാജാവായ എയ്സ്റ്റൾഫ് ശ്രമിച്ചതു് ഈകാലത്താണു്. സ്റ്റീഫൻ തൃതീയൻ മാര്പ്പാപ്പാ പെപ്പിന്റെ സഹായമഭ്യര്ത്ഥിച്ചു. 754-ലും 756-ലും നടത്തിയ രണ്ടു അവരോധത്താല് ശത്രുവിനെ തോല്പിച്ചു്, അയാളില്നിന്നും വീണ്ടെടുത്ത, റാവെന്നാ, ബല്ലോഞ്ഞാ, ഫെറാറാ മുതലായി ഇരുപതില്പരം പട്ടണങ്ങൾ പെപ്പിൻ പ. പിതാവിനു സമര്പ്പിച്ചു. അങ്ങിനെ മാര്പ്പാപ്പാ ഒരു ഭൂപതികൂടി ആയിത്തീര്ന്നു.

ലൊംബാര്ഡുകൾ അവരുടെ അക്രമങ്ങൾ തുടര്ന്നുകൊണ്ടേയിരുന്നു. ഒന്നാംഹഡ്റിയാൻ മാര്പ്പാപ്പായുടെ ആഗ്രഹാനുസരണം പെപ്പിന്റെ

പുത്രൻ, മഹാനായ കാർലമാൻ, 774-ല് ലോംബാർഡുശക്തിയെ നിശ്ശേഷം ഇല്ലാതാക്കി. ഇദ്ദേഹം സ്വപിതാവിൻെറ നിസ്സുലദാനത്തെ സ്ഥിരപ്പെടുത്തുകയും സ്വയം പരിശുദ്ധ സിംഹാസനത്തിനു കൂടുതല് സ്ഥലങ്ങൾ സമ്മാനിക്കയുംചെയ്തു. ഫ്രാഞ്ചുരാജ്യത്തെ സദാപി ആക്രമിച്ചു കൊള്ളയിട്ടുകൊണ്ടിരുന്ന സാകസന്മാരെ അമർത്തി അവരുടെ നായകനായ വിററിക്കെൻസിനെ സ്വപ്രയത്നത്താല് സത്യമതത്തിലേയ്ക്കു സ്വീകരിച്ചു. ആധുനിക യൂറോപ്പിൻെറ നിർമ്മാതാവ് കാർലമാനത്രേ. അദ്ദേഹം ഫ്രാഞ്ചുരാജ്യത്തെ പൌരസ്ത്യജർമ്മനി, ഉത്തരഇററാലി, സ്പെയിൻ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിച്ചു വിസ്തൃതമാക്കി; ബലിഷ്ഠനിയമങ്ങളാല് നിഷ്കൃഷ്ടമായി നീതിപാലനം ചെയ്തു. സാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കും മിഷ്യനറിമാരെ അയച്ചു ക്രിസ്തുമതം പ്രചരിപ്പിച്ചു. സഭാഭരണക്രമീകരണത്തില് മെത്രാന്മാക്ക് അവശ്യമായ സഹായങ്ങൾ നല്കുകയും ചെയ്തു.

കാർലമാൻെറ സിംഹാസനാരോഹണകാലത്ത് രാജ്യം മിക്കവാറും അജ്ഞതയില് ആണ്ടിരുന്നു. തന്നിമിത്തം മതത്തിനും ഉണ്ടായിരുന്ന വിപത്തിനെ അദ്ദേഹം വേദനയോടെ ദർശിക്കയും വിദേശങ്ങളില്നിന്നും വിദ്വാന്മാരെ ക്ഷണിച്ചുവരുത്തി വിദ്യാലയങ്ങളും, സെമിനാരികളും, സന്യാസാശ്രമങ്ങളും ധാരാളമായി സ്ഥാപിക്കയുംചെയ്തു. രാജധാനിയില്ത്തന്നെ ഒരു പണ്ഡിതസദസ്സേർപ്പെടുത്തി. യോർക്കുകാരനായ ഒരു "അല്കയിൻ" ആയിരുന്നു ഇവരിൽ പ്രമുഖൻ. ആംഗ്ലേയനും ഐറിഷുകാരുമായ സന്യാസികൾ കാർലമാനെ ഈ ശ്രമങ്ങളില് ഉള്ളഴിഞ്ഞു സഹായിച്ചു. താമസംവിനാ രാജ്യമാകെ വിജ്ഞാനദീപ്തി പ്രസരിച്ചു.

795-ല് ലെയോത്രിതീയൻ വി. പത്രോസിൻെറ സിംഹാസനത്തില് അധിരോഹിതനായി. അദ്ദേഹത്തിൻെറ മുൻഗാമിയുടെ അനന്തിരവരായ രണ്ടു പ്രഭുക്കളുടെ ദുഷ്പ്രേരണയാല് റോം ഒരു കലാപരംഗമായിത്തീർന്നു. 799-ല് പ. പിതാവിനെപ്പോലും അവർ പിടിച്ചു മുറിവേല്പിച്ചു. മാർപ്പാപ്പായുടെ അപേക്ഷാനുസരണം കാർലമാൻ സഹായത്തിനെത്തി; അരാതികളെ രാജ്യഭ്രഷ്ടരാക്കി. അടുത്ത വത്സരം ക്രിസ്തുമസ് ദിനത്തില് വി. പത്രോസിൻെറ ദേവാലയത്തില് പ്രാർത്ഥനാനിർലീനനായിരുന്ന കാർലമാൻെറ ശിരസ്സില്, ജനാവലിയുടേയും വൈദികസംഘത്തിൻേറയും ഹർഷാരവങ്ങൾക്കു മദ്ധ്യേ, കിരീടംവെച്ച് പ. പിതാവ് ചക്രവർത്തിയായി അഭിഷേകംചെയ്തു. സുസ്മരണീയമായ ഈ നിമിഷംമുതല്ക്കാണ് "പരിശുദ്ധ റോമാസാമ്രാജ്യ"ത്തിൻെറ ഉത്ഭവം. അന്നുമുതല് യൂറോപ്പിലെ ഏററവും പ്രബലമായ രാഷ്ട്രീയശക്തിയും ആദ്ധ്യാത്മികശക്തിയും ദൃഢമൈത്രിയെക്കൈക്കൊണ്ടു; മൂന്നില്പരം ശതാബ്ദം വൈധവ്യദുഃഖമനുഭവിച്ച പശ്ചിമറോമാസാമ്രാജ്യം സനാഥയായി ഭവിച്ചു. മദ്ധ്യഇററലിയിലെ നിഷ്പക്ഷനും, സ്വതന്ത്രനുമായ രാഷ്ട്രാധികാരി എന്ന നിലയില് പ. പിതാവിനു ക്രിസ്തീയരാജ്യങ്ങളുടെമേലുള്ള സ്വാധീനശക്തി വർദ്ധമാനമായി. അദ്ദേഹം അവയുടെ പിതാവും വിധികർത്താവുമായിത്തീർന്നു.

തന്നിമിത്തം സ്വേച്ഛാധിപത്യങ്ങളും, ജനകീയവിപ്ലവങ്ങളും ഒരുപോലെ അസ്തമിച്ചു. മാർപ്പാപ്പാമാരുടെ സ്വരാജ്യത്തിലെ മുതലെടുപ്പ് ദൈവമഹത്വത്തിനും, ആത്മാക്കളുടെ നന്മക്കും, ലോകസേവനത്തിനുമായിട്ടത്രേ വിനിയോഗിച്ചതു്.

കാർലമാനു സിദ്ധിച്ച പുതിയ സ്ഥാനം അദ്ദേഹത്തിന്റെ അധികാരത്തെയോ, രാജ്യവിസ്തൃതിയേയോ വർദ്ധിപ്പിച്ചില്ല; പ്രത്യുത അതു് അന്യരാജാക്കന്മാരേക്കാൾ ഒരു മഹിമാതിരേകം അദ്ദേഹത്തിനു പ്രദാനം ചെയ്തു. പ. പിതാവിന്റെ ലൌകികവും ധാർമ്മികവുമായ അധികാരങ്ങൾക്കു് പ്രബലനായ ഒരു സംരക്ഷകൻ ഇങ്ങനെ ഉണ്ടായി. ഇതേകാരണത്താല് തന്നെ "വിശുദ്ധ പള്ളിയുടേയും, ശ്ലൈഹികസിംഹാസനത്തിന്റേയും, തീക്ഷ്ണസംരക്ഷകനും, വിനീതസഹായിയും" എന്നു് കാർലമാൻ സ്വയം അഭിസംബോധനചെയ്തു. തന്നെയുമല്ല ഈ ഔന്നത്യസിദ്ധിക്കു് തികച്ചും അർഹനാണെന്നു് കാർലമാൻ സ്വപ്രവൃത്തികളാല് തെളിയിക്കാതെയുമിരുന്നില്ല. അന്നുമുതല് പ്രജാക്ഷേമത്തിനും, തിരുസ്സഭാവ്യാപ്തിക്കും, അതിന്റെ മഹിമക്കുംവേണ്ടി പൂർവ്വാധികം ഊർജ്ജസ്വലതയോടെ പ്രയത്നിച്ചുതുടങ്ങി. നാല്പത്തേഴുകൊല്ലത്തെ പ്രശസ്തമായ ഭരണത്തിനുശേഷം ഈ ചക്രവർത്തി 72-മാത്തെ വയസ്സില് എയ്-ലാ-ഷപ്പേലില് വെച്ചു് കാലധർമ്മം പ്രാപിച്ചു.

## VIII. വീണ്ടും സഭാപ്രചാരം

"നിങ്ങൾപോയി എല്ലാജാതികളേയും പഠിപ്പിക്കുവിൻ" എന്ന ദിവ്യനിർദ്ദേശം സാർവ്വകാലികമാണെന്നു് അപ്പോസ്തലന്മാരെപ്പോലെതന്നെ അവരുടെ അനുഗാമികളും മനസ്സിലാക്കാതിരുന്നില്ല. അതിനാല് സത്യപ്രബോധനവിഷയത്തില് തിരുസ്സഭാസന്താനങ്ങൾ ഇന്നത്തേപ്പോലെ തന്നെ എന്നും അത്യന്തം ശ്രദ്ധാലുക്കളായിരുന്നു. ജർമ്മനിയുടെ അപ്പോസ്തലനായ വി. ബൊനിഫാസിന്റെ രക്തസാക്ഷിത്വം, സമൃദ്ധമായ ആ രംഗത്തേയ്ക്കു് കൂട്ടരല് കൊയ്ത്തുകാരെ ആകർഷിക്കതന്നെ ചെയ്തു. സാക്സൺമാർ പരിവർത്തനസംരംഭത്തെ അനുസ്യൂതം എതിർത്തുകൊണ്ടിരുന്നിട്ടും അനേകമാത്മാക്കൾ തിരുസ്സഭാംബികയെ ശരണംഗമിച്ചു. സാക്സൺരാജാവായ വിററിക്കെൻഡിനെ, കാർലമാൻ ചക്രവർത്തി മാനസാന്തരപ്പെടുത്തിയ വിവരം നാം കണ്ടുകഴിഞ്ഞല്ലോ. അനന്തരം തിരുസിംഹാസനത്തിന്റെ അംഗീകാരത്തോടെ അവിടെ പല മെത്രാസനങ്ങളും ഏർപ്പെടുത്തി. വെസർനദീതീരത്തെ "നവ്യ-കോർവി" എന്ന ബനഡിക്ടൻ ആശ്രമത്തില്നിന്നും അനേകം പ്രേഷകർ ഉത്തരയൂറോപ്പിന്റെ പവിത്രീകരണാർത്ഥം അനിർഗ്ഗളമായി പുറപ്പെട്ടുതുടങ്ങി. "ഉത്തരദിക്കിന്റെ അപ്പസ്തോലൻ" എന്ന അഭിധാനമുള്ള 'അൻസ്കാറിയസാ'ണു് ഇവരിൽ പ്രമുഖൻ. ഇദ്ദേഹം 829-ല് സ്വീഡനിലെത്തി അനേകംപേരെ ജ്ഞാനസ്നാനപ്പെടുത്തുകയും പല ദേവാലയങ്ങൾ സ്ഥാപിക്കയുംചെയ്തു. 832-ല്

ഹാംബർഗ്ഗ മെത്രാനായി ഉയൎത്തപ്പെട്ട ഈ മഹാത്മാവ് ഡെന്മാൎക്കിലും കത്തോലിക്കാമതം ദൃഢമൂലമാക്കി. 865-ല് അൻസ്ഗാറിയസ് മരിച്ചെങ്കിലും ആ രാജ്യങ്ങളിലെ പ്രേഷിതവൃത്തി അഭംഗമായി തുടൎന്നു. അജ്ഞാനികളുടെ മൎദ്ദനങ്ങൾക്കു പലപ്പോഴും വിധേയമായെങ്കിലും 11-ം 12-ം ശതകങ്ങളില് ഈ ദേശത്തെ ശിശുസഭ പൂൎവ്വാധികം വിജയം പ്രാപിക്കാതിരുന്നില്ല. ഇംഗ്ലണ്ടിലെ വിദ്യാഭ്യാസംമൂലം ക്രിസ്തുമതം സ്വീകരിച്ച നോർവേയിലെ രാജാക്കന്മാർ അജ്ഞാനികളായ സ്വപ്രജകളുടെ മാനസാന്തരാൎത്ഥം ചെയ്ത ശ്രമങ്ങൾ ആദ്യകാലങ്ങളില് വിഫലീഭവിക്കയത്രേ ചെയ്തത്. എന്നാല് 1019-36 വരെ രാജ്യം ഭരിച്ച ഒലാഫ് ദ്വിതീയന്റെ കാലത്ത് ചിരപ്രതീക്ഷിതമായ ആഗ്രഹം സഫലമായി. പില്ക്കാലത്ത് ക്രിസ്തുമതം അവിടെ പ്രവൃദ്ധമാകയും ചെയ്തു. ഐസ്‌ലണ്ട്, ഗ്രീൻലണ്ട് മുതലായ ദ്വീപങ്ങളിലും ഇവിടെനിന്നാണത്രെ സത്യമതം വ്യാപിച്ചത്.

ആൎയ്യൻവംശജരായ ശ്ലാവുജാതിക്കാർ ക്രിസ്ത്വബ്ദം ആറും ഏഴും ശതകങ്ങളില് ബാൾക്കൻസു മുതല് ബാൾട്ടിക്കുവരെയുള്ള അതിവിസ്തൃതമായ സ്ഥലത്തു അധിവസിച്ചു. ഇവരില് ക്രോട്ടുകളുടേയും, സേർബുകളുടേയും ഇടയില് ഏഴാംശതകത്തിന്റെ ഉത്തരാൎദ്ധത്തില്ത്തന്നെ റോമൻമിഷ്യനറിമാർ മതപ്രചരണം തുടങ്ങി. 848-ല് ഖാസർ വൎഗ്ഗക്കാരുടെ അഭ്യൎത്ഥനാനുസരണം, തെസ്സലോണിക്കാക്കാരനായ വി. സിറില് അവരുടെ രാജ്യത്തില് വിജയകരമായി പ്രേഷിതവൃത്തി അനുഷ്ഠിച്ചു. അനന്തരം സ്വസഹോദരനായ മെത്തോഡിയസിനോടുകൂടി മൊറേവിയായിലേയ്ക്കു തിരിച്ചു. വിശ്രുതന്മാർ മാൎഗ്ഗമദ്ധ്യേ ബൾഗേറിയാ രാജാവിനേയും അനേകം പ്രജകളേയും ക്രിസ്തുമതാവലംബികളാക്കി. മൊറേവിയായിലാകട്ടെ അവരുടെ യത്നം അത്ഭുതാവഹമാംവണ്ണം സഫലമായി. സ്ലാവോണിയൻ അക്ഷരമാല നിൎമ്മിച്ചു സുവിശേഷങ്ങളെ ആ ഭാഷയിലേയ്ക്കു പകൎത്തിയെന്നുതന്നെയല്ല വിശുദ്ധ കൎമ്മങ്ങളേയും ആ ഭാഷയിലത്രേ ഈ മിഷ്യനറിമാർ അനുഷ്ഠിച്ചത്.

വി. മെത്തോഡിയസ്സിനാല്ത്തന്നെ ബൊഹീമിയായില് ബീജാവാപം ചെയ്യപ്പെട്ട സത്യവേദം രാജകീയ സംരക്ഷണയില് പ്രവൃദ്ധമാകുകയും 972-ല് പ്രേഗ് അതിമെത്രാസനം സ്ഥാപിതമാകയും ചെയ്തു. ഇവിടെനിന്നും പോളണ്ടിലേയ്ക്കും സത്യദീപം പ്രകാശിച്ചു. എന്നാല് കോൺസ്റ്റാന്റിനോപ്പിളില്നിന്നും നിയുക്തരായ പ്രേഷകരാണ് റഷ്യയില് മതം പ്രസംഗിച്ചത്.

ജൎമ്മൻസാമ്രാജ്യത്തില് നിരന്തരമായ ആക്രമണങ്ങൾ നടത്തി ക്രിസ്തീയസഭയ്ക്കു വലിയ നാശങ്ങൾ വരുത്തിയ മാഗ്യാർവൎഗ്ഗക്കാർ പരാജിതരായി അവസാനം ഹംഗറിയില് അധിവാസമുറപ്പിച്ചു. മിഷനറിമാരാല് അശ്രാന്തമായ അവരുടെ മാനസാന്തരം, അവിടത്തെ രാജാവായ

സ്റ്റീഫൻ പ്രഥമന്റെ കാലത്തു മാത്രമേ വിജയകരമായുള്ളൂ. പ. പിതാവിന്റെ അനുവാദത്തോടുകൂടി ഈ രാജാവു സ്വരാജ്യത്തിലെ വൈദികഭരണം ക്രമീകരിക്കയും അനേകം മെത്രാസനങ്ങൾ സ്ഥാപിക്കയുംചെയ്തു. "അപ്പസ്തോലികനൃപൻ" എന്ന മഹനീയനാമം രണ്ടാമത്തെ സില്‌വസ്റ്റർ മാർപ്പാപ്പാ ഇദ്ദേഹത്തിനു നല്കി. പ. കന്യകയുടെ അതീവഭക്തനായിരുന്ന ഈ ഭൂപതി രാജ്യത്തെ മുഴുവൻ ആ നല്ല മാതാവിന്റെ പാദത്തിങ്കല് സമർപ്പിച്ചു. 1038-ല് സംഭവിച്ച വി. സ്റ്റീഫന്റെ മരണാനന്തരവും ചില്ലറ എതിർപ്പുകൾക്കു വിധേയമായെങ്കിലും, ഹംഗേറിയൻസഭ അഭിവൃദ്ധിപ്രാപിക്കതന്നെചെയ്തു.

ഫ്രാൻസിലാകട്ടെ ക്ലോവിസിന്റെ പിൻഗാമികളില് പലരുടേയും ദുരധികാരപ്രമത്തതയും, ദുർമ്മാർഗ്ഗലോലുപതയുംമൂലം ജനതതി ദുരിതമനുഭവിച്ചപ്പോൾ അന്നു ജീവിച്ചിരുന്ന പല പുണ്യാത്മക്കൾ മാത്രമായിരുന്നു അവരുടെ ആശ്വാസദുർഗ്ഗങ്ങൾ. എന്നാല് നാം മുൻപു കണ്ടതുപോലെ കാർലമാന്റെ അധികാരസ്വീകരണത്തോടെ അവക്ക് ഒരു നവ്യയുഗം ഉദയംചെയ്തു. സ്പെയിനിലും ക്രിസ്ത്യാനികളുടെ സ്ഥിതി പരിതാപകരംതന്നെയായിരുന്നു. മഹമ്മദീയരായ മൂർചക്രവർത്തിമാരുടെ ഘോരപീഡനങ്ങൾക്കു വിധേയരായി അനേകംപേർ രക്തസാക്ഷിമകുടം സമ്പാദിച്ചു. ഇതിനിടയിലും ക്രിസ്തീയബന്ധം ശിഥിലമായില്ല; പതിനൊന്നാം ശതകത്തില് നടത്തിയ പ്രാദേശികസൂനഹദോസുകൾ സ്പാനിഷ് സഭയുടെ റോമാസിംഹാസനവുമായുള്ള ബന്ധത്തെ ദൃഢതരമാക്കുകയും ചെയ്തു.

ഡെയിൻകാരുടെ ആഗമനം ഐറിഷ് സഭയ്ക്കു നാശഹേതുകമായി ഭവിച്ചുവെന്നു മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഉത്തരയൂറോപ്പുകാരായ ഈ കിരാതന്മാർ 8-ാംശതകത്തിന്റെ അവസാനത്തോടുകൂടി ഐർലണ്ടിനെ ആക്രമിച്ചുതുടങ്ങി. പള്ളികളും സന്യാസമന്ദിരങ്ങളുമാണ് അവരുടെ കൊള്ളയ്ക്കു പ്രധാനമായും വിധേയമായതു്. പതിനൊന്നാംശതകംവരെ നീണ്ടുനിന്ന ഇവരുടെ കിരാതവൃത്തികൾമൂലം, ജനങ്ങളും, വൈദികർതന്നെയും വിജ്ഞാനത്തിലും വിശുദ്ധിയിലും അതിനം അധഃപതിച്ചു. ഭരണാധികാരികൾ സഭാകാര്യങ്ങളിൽ കൈ കടത്തി പല വിക്രിയകളും ചെയ്യാതിരുന്നില്ല. 1014-ല് ഡെയിൻകാർ നിശ്ശേഷം പരാജിതരായി. സഭോദ്ധാരണം മുറയ്ക്കു തുടന്നു; 1105-ല് ചെല്‌സസ് എന്ന മഹാത്മാവു് അർമാഗ് സിംഹാസനം പ്രാപിച്ചതോടുകൂടി ഐറിഷ്സഭാ വീണ്ടും ശോഭനമായിത്തീർന്നു.

ഡെയിൻകാരുടെ അക്രമങ്ങൾ ഇംഗ്ലീഷ് സഭാന്തരീക്ഷത്തെ ഇതിലുമധികം മലീമസമാക്കി. 871-901വരെ ഇംഗ്ലണ്ടുരാജാവായിരുന്ന മഹാനായ അല്‌ഫ്റഡ് അക്രമികളെ തോല്പിച്ച് അവരുമായി ഒരു സന്ധിയുണ്ടാക്കി. തത്ഫലമായി അവരുടെ നേതാവായ ഗുത്രം അനുചരന്മാരും ക്രിസ്ത്യാനികളായിത്തീർന്നു. രാജധാനികളും, പള്ളികൾ, ആശ്ര

മഠങ്ങൾ, കന്യകാമഠങ്ങൾ, വിദ്യാലയങ്ങൾ മുതലായവ ധാരാളമായി സ്ഥാപിച്ചുകൊണ്ട് സഭാജീവനു ഒരു നവോന്മേഷം നല്കി. അല്ഫ്റഡിന്റെ മരണാനന്തരം അഭ്യന്തരകലഹങ്ങളും, ഡയിൻകാരുടെ പുതിയ ആക്രമണങ്ങളുംകൊണ്ട് വീണ്ടും സ്ഥിതിഗതികൾ അവതാളത്തിലായി. വൈദികരുടെ സന്മാർഗ്ഗഭ്രംശം ജനതയ്ക്കു പ്രത്യേകിച്ച് ദുർമ്മാതൃകാപരമായിരുന്നു. 957-ല് അല്ഫ്റഡിന്റെ പ്രപൌത്രനായ എഡ്ഗാർ സിംഹാസനസ്ഥനായി. ഇദ്ദേഹത്തിന്റെ സഹായത്തോടുകൂടി കാൻറർബറി മെത്രാപ്പോലീത്തയായിരുന്ന ഡൺസ്റ്റൻ നാനാമുഖമായ ഒരു പവിത്രീകരണം സാധിക്കയുംചെയ്തു. പത്താംശതകാവസാനത്തില് ഡെയിൻകാർ വീണ്ടും ആക്രമണമാരംഭിച്ചു. വിനാശകരമായ ഒരു ദീർഘസമരത്തിനു ശേഷം 1017-ല് കെന്യൂട്ട് എന്ന ഡെയിൻരാജാവ് ഇംഗ്ലണ്ടിന്റെയും ഡൻമാർക്കിന്റെയും അധിപതിയായിത്തീർന്നു. എന്നാല് അയാളുടെ പിൻഗാമികൾ അധികനാൾ ഭരിക്കുകയുണ്ടായില്ല.

ഡെയിൻകാരില്ത്തന്നെ ഒരു വർഗ്ഗക്കാരായ "നോർമൻസ്" പടിഞ്ഞാറോട്ടുകടന്ന് ഫ്റാൻസ്, സ്പെയിൻതുടങ്ങിയ രാജ്യങ്ങളേയും കൊള്ളയിട്ടു. നോർമൻനേതാവായ റോള്ളോ, ഫ്റാൻസുരാജാവായ ചാൾസുമായുണ്ടായ ഒരുടമ്പടി അനുസരിച്ച് ക്രിസ്തുമതം സ്വീകരിക്കയും നോർമൻഡിദേശത്തിന്റെ അധിപതിയായിത്തീരുകയുംചെയ്തു. 1066-ല് നോർമണ്ടി ഭരണാധിപനായിരുന്ന വില്യം ഇംഗ്ലണ്ടിനെ ആക്രമിച്ചു സ്വാധീനമാക്കി. മഹാനായ അല്ഫ്റഡിന്റെ തായ്‌വഴി അന്യംനിന്നുപോയ അവസരമായിരുന്നു അത്. പുതിയ രാജാവ് മെത്രാന്മാരെ കൂടുതല് ബഹുമാനിക്കയും കൂടുതല് മനോഹരങ്ങളായ അനേകം ദേവാലയങ്ങൾ നിർമ്മിക്കയുംചെയ്തു. പിന്നീടു കുറേക്കാലത്തേയ്ക്കു ഇംഗ്ലീഷ്സഭ ഏറെക്കുറെ പുരോഗമിക്കാതിരുന്നില്ല. ഇങ്ങനെ വി. സഭ അവളുടെമേല് തന്നെ ആക്രമം പ്രവർത്തിച്ച കിരാതജാതികളെ സോദരസംഗത്തിലേയ്ക്കു സ്വീകരിച്ച് ശാന്തശീലരാക്കി. ക്രമേണ അവൾ കലകളിലും ശാസ്ത്രങ്ങളിലും, സമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളിലും സർവ്വപ്രധാനമായി വിശ്വാസത്തിലും വിശുദ്ധിയിലും അവശ്യമായ ജ്ഞാനം പ്രദാനംചെയ്തുകൊണ്ട് ലൌകികവും ആദ്ധ്യാത്മികവുമായ ഔന്നത്യംകൈവരുത്തി.

## IX. തിരുസിംഹാസനം

മദ്ധ്യശതകങ്ങളില് റോമാസിംഹാസനത്തിന്മേല് ലൌകികസാമ്രാട്ടുകൾക്കും, പ്രാദേശിക ഭരണാധികാരികളായ പ്രഭുക്കന്മാർക്കും ഉണ്ടായിരുന്ന സ്വാധീനശക്തി പലപ്പോഴും ഗുണപ്രദമായിരുന്നെങ്കിലും ചിലപ്പോഴെല്ലാം അത് നിർഭാഗ്യകരമായ വൈഷമ്യങ്ങൾക്കും നിദാനമായി. ഭരണാധിപന്മാരുടെ പാർശ്വവർത്തികളും, അവരുടെ കുടുംബാംഗങ്ങളുമായ പലരും പരിശുദ്ധ സിംഹാസനത്തെ അനർഹമായി അധീനമാക്കുകയും, അവരുടെ ദുർമ്മാതൃകാപരമായ ജീവിതംകൊണ്ടും, വിവേകരഹിതമായ ഭരണവൈകല്യംകൊണ്ടും, ലോകോത്തരമായ ആ പാവനസ്ഥാന

യറിന് താത്കാലികമായി കളങ്കം ചേർക്കയും ചെയ്തു. വ്യക്തിപരമായ ന്യൂനതകൾക്കു ചില മാർപ്പാപ്പമാർ വിധേയരായിരുന്നെങ്കിലും തിരുസ്സഭയ്ക്കു അതുകൊണ്ടൊന്നും യാതൊരു കോട്ടവും സംഭവിച്ചില്ല. സഭാതലവന്മാരുടെ മാനുഷികമായ സ്വഭാവശ്രേഷ്ഠതയോ, അപകൃഷ്ടതയോ അല്ല; പ്രത്യുത അവരിലൂടെ പ്രവർത്തിക്കുന്ന ദിവ്യശക്തിയാണ് തിരുസ്സഭയുടെ സുസ്ഥിതിക്ക് അടിസ്ഥാനം എന്ന് തെളിയിക്കുകയത്രെ കലുഷമായ ഈ കാലഘട്ടത്തില് ദൈവം ചെയ്തത്. തിരുസ്സഭാനൗക കൊടുങ്കാററില് നശിച്ചുപോകുമെന്നു തോന്നിയ ആ വിപത്ഘട്ടത്തിലും പ്രകൃതിനാഥൻ അതില് ഉറങ്ങുന്നുണ്ടായിരുന്നു. അദ്ദേഹമാകട്ടെ യഥാവസരം ഉണർന്ന് ക്ഷോഭങ്ങളമർത്തി; ശാന്തതയും പ്രകാശവും കളിയാടി.

കാർലമാൻറെ മരണത്തോടുകൂടി ശക്തനും ത്യാഗശീലനുമായ ഒരു അതുല്യ സംരക്ഷകൻ തിരുസ്സഭയ്ക്കു നഷ്ടമായി. അദ്ദേഹത്തിൻറെ പൗത്രന്മാർ അന്യോന്യം കലഹിച്ചു രാജ്യത്തെ മൂന്നായി ഭാഗിച്ചു. ഇങ്ങനെ ലോതയർ 840-ല് ഇററാലിയൻ ഭാഗങ്ങളുടെ ചക്രവർത്തിയായിത്തീർന്നു.

പുതിയ ചക്രവർത്തിയുടെ പ്രത്യേക സംരക്ഷണമാധുര്യം അനുഭവിച്ചിരുന്ന ലെയോ ചതുർത്ഥൻ മാർപ്പാപ്പാ വത്തിക്കാൻ നഗരത്തെ ബലപ്പെടുത്തുകയും, ലോതയറിൻറെ പുത്രൻ ലൂയിയേയും, ഇംഗ്ലീഷ് യുവരാജനായിരുന്ന ആല്ഫ്രഡിനേയും അഭിഷേകം ചെയ്കയും ചെയ്തു. ഒൻപതാം ശതകത്തില് തിരുസിംഹാസനത്തെ അലങ്കരിച്ച മഹാത്മാക്കന്മാരില് അഗ്രഗണ്യൻ ഒന്നാമത്തെ നിക്കോളാസ് തിരുമനസ്സുകൊണ്ടായിരുന്നു. ധികാരികളായ മെത്രാന്മാരെ അമർത്തുകയും, ലോറെയിൻ രാജാവായ ലോതയറിൻറെ വിവാഹമോചനശ്രമത്തെ ശക്തിയുക്തം എതിർക്കയും, കോൺസ്റ്റാൻറിനോപ്പിൾ സിംഹാസനത്തിലുണ്ടായ കലഹത്തെ നിശ്ചലമായ ന്യായബുദ്ധിയോടെ നേരിടുകയും ചെയ്തതാണ് 'അദ്ദേഹത്തിൻറെ മഹത് കൃത്യങ്ങൾ. 872 മുതല് 882 വരെ മാർപ്പാപ്പയായിരുന്ന ജോൺ അഷ്ടമൻറെ കാലത്ത് സാറസന്മാർ ദക്ഷിണേററലിയില് താവളമുറപ്പിച്ചുകൊണ്ട്, പേപ്പല് പ്രവിശ്യകളേയും റോമിനെത്തന്നെയും കൊള്ളയിട്ടു തുടങ്ങി. ഇററാലിയിലെ ഇടപ്രഭുക്കന്മാരാകട്ടെ പത്രോസിൻറെ പിതൃസ്വത്ത് കൈക്കലാക്കാൻ അവസരം നോക്കി മത്സരിച്ചുകൊണ്ടിരുന്നു. അവരില് ചിലർ സാറസന്മാരുമായി സഖ്യത്തിലേർപ്പെടുകപോലും ചെയ്തത്രേ! നിസ്സഹായമായ ഈ വിപത്ഘട്ടത്തില് പരിശുദ്ധപിതാവു ചെയ്ത സഹായാഭ്യർത്ഥനയ്ക്കു കാർലമാൻറെ പിൻഗാമികൾ ഉദാസീനതകൊണ്ടാണ് മറുപടി നല്കിയത്. ചുരുക്കത്തില് സാറസന്മാർക്ക് കപ്പംകൊടുത്തുകൊണ്ട് റോമിനെ രക്ഷിക്കേണ്ടതായും വന്നുകൂടി. അവസാനമായി ഇററാലിയൻ ആധിപത്യത്തിനുവേണ്ടിയുള്ള മത്സരത്തില്നിന്നും നാടിനേയും പ. സിംഹാസനത്തേയും രക്ഷിക്കുവാൻ ഫോർമോസൂസ് മാർപ്പാപ്പാ ജർമ്മൻ രാജാവായ അർനൾഫിൻറെ സഹായമഭ്യർത്ഥിച്ചു. ഉദാരനായ ആ നരപതി സൈന്യസമേതം ഓടിയെത്തി ബദ്ധനായിരുന്ന പ. പി

ത്താവിനെ മോചിപ്പിച്ചു. കൃതജ്ഞതാസൂചകമായി തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ 891-ല് സമ്രാട്ടായി അഭിഷേകവും ചെയ്തു.

സാധാരണ അന്ധകാരയുഗങ്ങൾ എന്നറിയപ്പെടുന്ന മദ്ധ്യശതകങ്ങളിലെ ഏററവും തമോമയമായ കാലമാണു് ദശമശതാബ്ദം. "അയസ്കാലം" (Iron age) എന്നും കുപ്രസിദ്ധി ഈ ഘട്ടത്തിനുണ്ടാകാനുള്ള കാരണം, സന്മാർഗ്ഗത്തിനും വിജ്ഞാനത്തിനും അന്നുണ്ടായ ഗർഹണീയമായ അധഃപതനമത്രേ. സാമ്രാജ്യശക്തി നശിച്ചിട്ടു് നാടുവാഴികൾ സ്വൈരമത്സരലോലുപരായി കഴിഞ്ഞുപോന്നു. ഇങ്ങനെ അന്തഃഛിദ്രങ്ങളും ബാഹ്യാക്രമണങ്ങളുംകൊണ്ടു ഇററലി താറുമാറായി. റോമിനെ അപ്പഴപ്പോൾ കൈവശമാക്കിയ രാഷ്ട്രീയവ്യാഘ്രങ്ങൾ തിരുസിംഹാസനത്തെ ലജ്ജാവഹമായ അടിമത്വത്തില് വെച്ചുകൊണ്ടിരുന്നു. തന്നെയുമല്ല ആ മഹനീയസ്ഥാനലബ്ധിക്കുവേണ്ടി ചിലപ്പോഴെല്ലാം നിണപങ്കിലമായ കലഹങ്ങൾ പോലുമുണ്ടായിട്ടുണ്ടു്. ഒൻപതും പത്തും ശതകങ്ങളില് തന്നെ 43 മാർപ്പാപ്പാമാർ ഭരണം നടത്തുകയുണ്ടായി. പലപ്പോഴും എതിർപാപ്പാമാർ രംഗപ്രവേശം ചെയ്യുകയും തിരുസിംഹാസനത്തെ ബലമായി അപഹരിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതും വിസ്മരണീയമല്ല.

അർന്നുൾഫിന്റെ അഭിഷേകം ഇററാലിയൻ വിപ്ലവകാരികളെ കോപകലുഷിതരാക്കി. തന്നിമിത്തം ഫോർമോസ്സസിന്റെ പിൻവാഴ്ചക്കാരനായ ബോനിഫസ് ആറാമൻ വെറും പതിനഞ്ചുദിവസമേ തിരുസ്സഭാഭരണം നിർവ്വഹിച്ചുള്ളു. അപ്പോഴേയ്ക്കും ദുരഹങ്കാരിയായ സ്റ്റീഫൻ സപ്തമൻ പ്രതിഷ്ഠിതനായി തിരുസിംഹാസനത്തെ മലീമസമാക്കിയ ചുരുക്കംപേരില് പ്രഥമനാണു് ഇദ്ദേഹം. എന്തിനേറെ, എട്ടുകൊല്ലത്തിനിടയ്ക്കു് ഒൻപതു മാർപ്പാപ്പാമാർ സ്ഥാനാരോഹണം ചെയ്തു് നിഷ്ക്രമിച്ചു എന്നു പറഞ്ഞാല് സ്ഥിതിഗതികൾ ഏറെക്കുറെ ഊഹ്യമാണല്ലോ. തുടന്നു് ഒരൻപതുകൊല്ലത്തേയ്ക്കു് റോമാസിംഹാസനം തസ്കുല്യമിലെ പ്രഭുവംശത്തിന്റെ സ്വാധീനത്തിലാണു വർത്തിച്ചതു്. അവരുടെ അനിയന്ത്രിതമായ അധികാരശക്തിമൂലം ജോൺ പന്ത്രണ്ടാമൻ തുടങ്ങിയ ദുർമ്മാർഗ്ഗികളും പരിശുദ്ധ സിംഹാസനം പ്രാപിക്കാനിടയായി.

ഐവ്രിയായിലെ ബെറൻഗാരിന്റെ അക്രമങ്ങൾ ഹേതുവാല് ജോൺ മാർപ്പാപ്പായും ഇററാലിയൻ പ്രഭുക്കളും ജർമ്മൻരാജാവായ ഓട്ടോ പ്രഥമന്റെ സഹായമഭ്യർത്ഥിച്ചു. ശത്രുവിനെ സ്ഥാനഭ്രഷ്ടനാക്കി പേപ്പല് രാജ്യത്തെ പുനർദാനം ചെയ്ത ഈ ഭൂപതിവീരനെ 962-ല് മാർപ്പാപ്പാ പാശ്ചാത്യരാജ്യത്തിന്റെയും സമ്രാട്ടായി വാഴിച്ചു. ചക്രവർത്തിയുടെ ശത്രുക്കളോടു സഖ്യത്തിലേർപ്പെടുകയില്ലെന്നുള്ള വാഗ്ദാനത്തെ പ. പിതാവു ഭഞ്ജിക്കുകമൂലം ഓട്ടോ, ലെയോ അഷ്ടമനെന്ന എതിർപാപ്പായെ ജോണിന്റെ സ്ഥാനത്തു പ്രതിഷ്ഠിച്ചു. ഈ മത്സരം ജോണിന്റെ പിൻവാഴ്ചക്കാരനായ ബെനഡിക്റ്റു് അഞ്ചാമന്റെ കാലത്തും തുടന്നെങ്കിലും എതിരാളികൾ ഇരുവരുടേയും മരണത്തോടെ അതവസാനിക്കയുണ്ടായി.

പ. സിംഹാസനത്തോടുള്ള പെരുമാറ്റത്തില് പലേ പ്രമാദങ്ങളും പിണഞ്ഞുപോയെങ്കിലും ഓട്ടോ ഒരു മഹാൻതന്നെയായിരുന്നു. അദ്ദേഹത്തിൻെറ മരണം വീണ്ടും കലഹങ്ങൾക്കു വഴിതെളിച്ചു. പുത്രനായ ഓട്ടോ ദ്വിതീയൻ ശേഷിമാനായിരുന്നെങ്കിലും ഒരു ഹ്രസ്വകാലഭരണത്തിനുശേഷം കാലഗതി പ്രാപിച്ചു. പതിനഞ്ചാം ജോൺ മാർപ്പാപ്പാ, ശത്രുപീഡകൾ മൂലം റോമിനെ വിട്ടുപോകേണ്ടിവന്നു. ചക്രവർത്തിയായ ഓട്ടോ തൃതീയൻ സഹായത്തിനെത്തി. ഇതിനകം പരേതനായ ജോണിനു പകരം ഗ്രിഗറി പഞ്ചമനെ പ. സിംഹാസനത്തില് പ്രതിഷ്ഠിച്ചു. എതിർശക്തികളെ ചക്രവർത്തി നിഷ്കരുണം അടിച്ചമർത്തി. ഗ്രിഗറിയെ തുടർന്നു ഫ്രഞ്ചുകാരനായി സില്‌വെസ്റ്റർ ദ്വിതീയൻ ഭരണസാരഥ്യം വഹിച്ചു. സഭാകാര്യങ്ങളില് പല പരിഷ്കാരങ്ങളും വരുത്തിയ ഈ മഹാരഥൻെറ വിപുലപദ്ധതികളെല്ലാം, സംരക്ഷകനായ സമ്രാട്ടിൻെറ അകാലനിര്യാണംകൊണ്ടു, പ്രായോഗികമായില്ല.

ഛിദ്രങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. ജർമ്മൻ സാമ്രാട്ടുകൾ യഥാകാലം ഇടപെട്ടു് സമാധാനം കൈവരുത്താതെയുമിരുന്നില്ല. അവസാനമായി 1049-ല് ലെയോ നവമൻ വൈദികരാല് തിരഞ്ഞെടുക്കപ്പെട്ടു് തിരുസിംഹാസനാരോഹണം ചെയ്തു. അതോടുകൂടി സമാധാനദിവാകരൻെറ തങ്കരശ്മികൾ സഭാന്തരീക്ഷത്തില് പ്രസരിച്ചു. അസന്മാർഗ്ഗാന്ധകാരം ഓടി ഒളിച്ചു. വൈദികരുടെ ബ്രഹ്മചര്യഭ്രംശവും, തിരുസ്ഥാനങ്ങളുടെ ക്രയവിക്രയവും തടയുന്നതിനായി പുതിയ മാർപ്പാപ്പാ കർശനമായ നിയമങ്ങൾ ഏർപ്പെടുത്തി. യൂറോപ്പിൻെറ നാനാഭാഗങ്ങളിലും പ. പിതാവിൻെറ തന്നെ അദ്ധ്യക്ഷതയില് സൂനഹദോസുകൾ സമ്മേളിച്ചു് പൊതുജനജീവിതനവീകരണാർത്ഥം ആവശ്യമായ കാര്യങ്ങൾ നടപ്പാക്കി. ഇങ്ങനെ ദീർഘമായ അരിഷ്ടതാനുഭവത്തിനുശേഷം സഭാമാതാവു് ആശ്വാസം കണ്ടെത്തി.

## X. ഛിദ്രങ്ങൾ

ക്രിസ്ത്വബ്ദത്തിൻെറ ആദ്യത്തെ എട്ടു ശതകങ്ങളില് പാശ്ചാത്യവും പൌരസ്ത്യവുമായ സഭാവിഭാഗങ്ങൾ തമ്മിലുള്ള ശ്ലൈഹികബന്ധം അച്ഛിന്നമായി പാലിക്കപ്പെട്ടുപോന്നു. ഇക്കാലത്തു് റോമായും, കോൺസ്റ്റാൻറിനോപ്പിളും തമ്മില് പ്രാധാന്യത്തിനുവേണ്ടി നടന്ന മത്സരം നിമിത്തം അഭിപ്രായവ്യത്യാസങ്ങൾ ധാരാളമുണ്ടായിരുന്നു. കലകളിലും ശാസ്ത്രങ്ങളിലും കൂടുതല് പാണ്ഡിത്യം ഭാവിച്ചിരുന്ന പൌരസ്ത്യർ ഔത്കൃഷ്ട്യബോധജന്യമായ അവജ്ഞയോടുകൂടി പാശ്ചാത്യരെ വീക്ഷിച്ചിരുന്നപ്പോൾ, ആര്യൂസിൻെറ കാലംമുതല്ക്കുതന്നെ അബദ്ധോപദേശങ്ങളുടെ ഉദ്ഭവകേന്ദ്രമായ പൌരസ്ത്യസഭയെ അർഹിക്കുന്ന അനാദരവോടെയത്രേ പാശ്ചാത്യർ കരുതിയതു്. 315 മുതല് 357 വരെ കോൺസ്റ്റാൻറിനോപ്പിളില് ഭരിച്ചിരുന്ന 58 പാത്രിയർക്കീസന്മാരില് 21 പേർ സാക്ഷാത് പാഷണ്ഡികളോ, പാഷണ്ഡികളെന്നു സംശയിതരോ ആയിരുന്നു!! ചില സമ്രാട്ടു

കൾതന്നെ അബദ്ധസിദ്ധാന്തങ്ങളുടെ പ്രണേതാക്കളായിരുന്നുവെന്നു നാം കണ്ടുകഴിഞ്ഞു. പാശ്ചാത്യസാമ്രാജ്യത്തിന്റെ സ്ഥാപനവും, തിരുസിംഹാസനത്തിന്റെ ലൌകികാധികാരപ്രാപ്തിയും പൌരസ്ത്യചക്രവർത്തിമാരെ അസഹ്യപ്പെടുത്തി. അവർ സഭാകാര്യങ്ങളില് അനിയന്ത്രിതമായി കൈകടത്താതെയുമിരുന്നില്ല. തന്നെയുമല്ല ചക്രവർത്തിയുടെ ആസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കിസ് റോമാമെത്രാനോടൊപ്പം അധികാരം കൈവശപ്പെടുത്തുവാൻവേണ്ടി അക്ഷീണയത്നം ചെയ്തുപോന്നു.

കോൺസ്റ്റാന്റിനോപ്പിൾ ചക്രവർത്തിയായിരുന്ന ലെയോ തൃതിയൻ അയാളുടെ ദുരഹങ്കാരിയായ അമ്മാവന്റെ അജ്ഞാനുവർത്തിയായിരുന്നു. ദുർമ്മാർഗ്ഗിയായ ഈ ബാർഡാസ്സ് അന്നത്തെ പാത്രിയർക്കിസായ ഇഗ്നേഷ്യസ്, വി. കുർബാന പരസ്യമായി നിഷേധിച്ചു. തന്നെയുമല്ല സ്വമാതാവിനേയും സഹോദരിയേയും നിർബന്ധപൂർവ്വം താപസവൃത്തിയനുഷ്ഠിപ്പിക്കുവാൻ മുതിർന്ന ചക്രവർത്തിയേയും ഇഗ്നേഷ്യസ് മുക്തകണ്ഠം എതിർത്തു. ധർമ്മതത്പരനായ പാത്രിയർക്കിസ് ഇക്കാരണങ്ങളാല് രാജദ്രോഹകുററം ആരോപിക്കപ്പെട്ട് 857-ല് കാരാലയബദ്ധനായി. പകരം, ഒരു പണ്ഡിതനെങ്കിലും ദുഷ്ടബുദ്ധിയായിരുന്ന ഫോഷ്യസെന്ന സേനാനായകനെ ആറു ദിവസംകൊണ്ട് പാത്രിയർക്കിസായി രാഷ്ട്രാധികാരികൾ അഭിഷേകം ചെയ്തു. അനന്തരം മാർപ്പാപ്പായായിരുന്ന നിക്കളോസ് പ്രഥമന്റെ അംഗീകരണലബ്ധിക്കുവേണ്ടി പ്രതിനിധികളെ റോമിലേക്കയച്ചു. പ്രതിമാഭഞ്ജകർക്കെതിരായി നടത്താനിരുന്ന ഒരു സൂനഹദോസിലേക്ക് പ്രതിപുരുഷരെ അയക്കുന്നതിനും ഫോഷ്യസ് പ. പിതാവിനോടപേക്ഷിക്കാതിരുന്നില്ല. കേസിന്റെ യാഥാർത്ഥ്യം ഗ്രഹിക്കുന്നതിനുവേണ്ടി മാർപ്പാപ്പാ നിയോഗിച്ചയച്ച പ്രതിനിധികൾതന്നെ ശത്രുപക്ഷത്തുചേർന്നുകൊണ്ട് ഇഗ്നേഷ്യസിന്റെ സ്ഥാനഭ്രംശത്തെ അംഗീകരിച്ചു. ആ പുണ്യാത്മാവില്നിന്നു സത്യാവസ്ഥ ധരിച്ചിരുന്ന തിരുമേനി, സ്വപ്രതിനിധികളെ മഹറോൻചൊല്ലുകയും ഒരു സൂനഹദോസില്വെച്ച് ഫോഷ്യസിനെ സ്ഥാനഭ്രഷ്ടനാക്കി ഇഗ്നേഷ്യസിനെ പുനഃപ്രതിഷ്ഠിച്ചതായി പ്രഖ്യാപിക്കയും ചെയ്തു.

ഫോഷ്യസ് പ്രകടമായ എതിർപ്പിനുതന്നെ മുതിർന്നു. ബൽഗേറിയൻ ക്രിസ്ത്യാനികളെ ബൈസൻന്റ്യൻ പാത്രിയർക്കിസില്നിന്നും സ്വതന്ത്രമാക്കണമെന്നുള്ള അപേക്ഷയെ പരിശുദ്ധ പിതാവ് അനുകൂലിച്ചതും ഫോഷ്യസിനെ രോഷാകുലനാക്കി. 867-ല് ഒരു സൂനഹദോസുകൂടി മാർപ്പാപ്പായെ അയാൾ മഹറോൻ ചൊല്ലി!! അയാളുടെ അവിവേകത്തെ അനുസരിക്കാനും ഇരുപത്തൊന്നു മെത്രാന്മാരുണ്ടായിരുന്നു!!! തന്നെയുമല്ല മാർപ്പാപ്പായെയും പാശ്ചാത്യസഭയേയും പ്രധാനങ്ങളായ പല ആചാരങ്ങളിലും കുററപ്പെടുത്തിക്കൊണ്ടും, പരിശുദ്ധാത്മാ പിതാവില്നിന്നും പുത്രനില്നിന്നും പുറപ്പെടുന്നുവെന്നുള്ളത് വിശ്വാസപ്രമാണത്തില് അനധികൃതമായി ചേർത്തതാണെന്നു വാദിച്ചുകൊണ്ടും ഒരു ലേഖനം പൌരസ്ത്യപാത്രിയർക്കീസന്മാർക്കും മെത്രാന്മാർക്കും അയാൾ അയക്കാതെയുമിരുന്നില്ല.

867-ല് തന്നെ സാമ്രാജ്യസിംഹാസനാരോഹണം ചെയ്ത ബേസില് പ്രഥമന് ഫോഷ്യസിനെ നിഷ്കാസനം ചെയ്ത് ഇഗ്നേഷ്യസിനെ പ്രവാസത്തില് നിന്നും തിരിച്ചുവിളിച്ചു. ചക്രവര്ത്തിയുടെ അപേക്ഷാനുസരണം, അന്നത്തെ മാര്പ്പാപ്പായായിരുന്ന ഹഡ്റിയാന് ദ്വിതീയന്, 969-ല് കോണ്സ്റ്റാന്റിനോപ്പോളില് വെച്ച് അഷ്ടമസാര്വ്വത്രികസൂനഹദോസ് സമ്മേളിക്കുന്നതിനനുവദിച്ചു. അതില് വെച്ച് ഫോഷ്യസിന്റെ വൈദികസ്ഥാനം പോലും നഷ്ടീഭവിക്കുന്നതിനിടയായി. ഇഗ്നേഷ്യസാകട്ടെ മരണപര്യന്തം (878) നിര്ബാധം സഭാഭരണം നടത്തി.

എന്നാല് ഇഗ്നേഷ്യസിന്റെ മരണത്തോടുകൂടി തന്ത്രകുശലനായ ഫോഷ്യസ് വീണ്ടും സിംഹാസനാരോഹണം ചെയ്തു. പൂര്വ്വാപരാധങ്ങള്ക്ക് പരസ്യമായ ക്ഷമാപണം ചെയ്യാമെങ്കില് ഇത് അംഗീകരിക്കാമെന്ന് ജോണ് അഷ്ടമന് മാര്പ്പാപ്പായും സമ്മതിച്ചു. തദര്ത്ഥം സമ്മേളിച്ച സൂനഹദോസില്, യവനഭാഷാഭിജ്ഞരായിരുന്ന പേപ്പല് പ്രതിനിധികളെ, മാര്പ്പാപ്പായുടെ തിരുവെഴുത്തിന്റെ ഒരു വ്യാജഭാഷാന്തരം കൊണ്ട് കബളിപ്പിച്ച്, പൊതുസൂനഹദോസിന്റെ നടപടികളേയും, പരിശുദ്ധാത്മാവിന്റെ ആഗമനതത്വത്തേയും, നിഷേധിച്ചുകൊണ്ടുള്ള തീരുമാനങ്ങള് ചെയ്തു. മാര്പ്പാപ്പായാകട്ടെ ഫോഷ്യസിനേയും വിവേകരഹിതമായ സ്വപ്രതിനിധികളേയും മഹറോന് ചൊല്ലി, കള്ളസൂനഹദോസിന്റെ തീര്ച്ചകളെ തിരസ്കരിച്ചു. ഏതായാലും ചക്രവര്ത്തിയെ കബളിപ്പിച്ച് ഫോഷ്യസ് ഭരണം തുടര്ന്നു. എന്നാല് ബേസിലിന്റെ പിന്വാഴ്ചക്കാരനായ ലെയോ ആറാമന് അയാളെ 886-ല് നാടുകടത്തിക്കളഞ്ഞു.

പിന്നീട് പത്താംശതകത്തിന്റെ അവസാനംവരെ സമാധാനം കളിയാടി. എന്നാല് 1053-ല്, അന്നത്തെ പാത്രിയാര്ക്കീസായിരുന്ന മൈക്കല് സെറുലാരിയസ്, ഫോഷ്യസിന്റെ അബദ്ധസിദ്ധാന്തങ്ങളെ ആവര്ത്തിച്ചു. ലെയോ ഒന്പതാമന് മാര്പ്പാപ്പാ തിരുവെഴുത്തുമൂലം സെറുലാരിയസിന്റേയും കൂട്ടരുടേയും പ്രമാദത്തെ പരിഹരിക്കാന് സന്നദ്ധനായും വിവാദപരിഹരണത്തിനായി മൂന്നു പ്രതിനിധികളേയും അദ്ദേഹം അയച്ചു. ചക്രവര്ത്തിയായ കോണ്സ്റ്റന്റയിന് നവമന് അവരെ ആദരപൂര്വ്വം സ്വീകരിച്ചെങ്കിലും, പാത്രിയര്ക്കീസ് മര്ക്കടമുഷ്ടി തുടരുകയാല് ഔദ്യോഗികമായി സഭയില് നിന്നും ബഹിഷ്കരിക്കപ്പെട്ടു. സെറുലാരിയൂസാകട്ടെ പ. പിതാവിന്റെ നാമം ആരാധനക്രമത്തില് നിന്നും നീക്കിക്കളഞ്ഞു. ഗ്രീക്കുസഭാശിഖരം മാതൃസഭാതരുവില് നിന്നും ഇങ്ങനെ വിച്ഛേദിതമായി

അനന്തരകാലങ്ങളില് പ്രധാനങ്ങളായ രണ്ടു പുനരൈക്യശ്രമങ്ങള് നടന്നെങ്കിലും അവ വിഫലങ്ങളാകുകയത്രേ ചെയ്തത്. 1452-ല് മഹമ്മദീയര് കോണ്സ്റ്റാന്റിനോപ്പിളിനെ ആക്രമിച്ചപ്പോള് വഞ്ചകരായ പൌരസ്ത്യരുടെ സഹായാഭ്യര്ത്ഥന പാശ്ചാത്യര് ശ്രവിച്ചതേയില്ല. പത്രോസിന്റെ അധികാരത്തെ ധിക്കരിച്ചവര് മഹമ്മദീയരുടെ അടിമക

ളായി! അതഃപരം ഗ്രീക്കപാത്രിയർക്കീസന്മാർ ടർക്കിസുൽത്താന്മാരുടെ അജ്ഞാനുവർത്തികളായി പരിണമിച്ചു! ഏതായാലും ടർക്കികൾക്ക് പടിഞ്ഞാറോട്ടു വ്യാപിക്കുന്നതിനു സാധിച്ചില്ല.

ബെരൻഗാറിയൻ പാഷണ്ഡത:- ആർശേഴ്സിലെ അർക്കദിയാക്കോനായിരുന്ന ബർൻഗാറിയസ് വി. കുർബ്ബാനയില് ന. കർത്താവിൻെറ ഒരു ആദ്ധ്യാത്മികസാന്നിദ്ധ്യമേയുള്ളുവെന്നും, അപ്പത്തിനും വീഞ്ഞിനും മറ്റൊന്നും സംഭവിക്കുന്നില്ലെന്നും അഭിപ്രായപ്പെട്ടു. അബദ്ധത്തിൻെറ ഗൌരവം മനസ്സിലാക്കിയ ലെയോനവമൻ മാർപ്പാപ്പാ അതിനെയും, തത്പ്രണേതാവിനെയും സൂനഹദോസുകൾ വിളിച്ചുകൂട്ടി ശപിക്കയുണ്ടായി. അനന്തരം നാലഞ്ചുപ്രാവശ്യം അനേകം മെത്രാന്മാരുടെ സൂനഹദോസുകളില്വെച്ചു ബെറൻഗാറിയസ് ഈ പാഷണ്ഡതയെ പരസ്യമായി രേഖാമൂലം അപലപിക്കുകയും, വി. കുർബ്ബാനയിലെ ദിവ്യസാന്നിദ്ധ്യത്തെ ഏറ്റുപറകയും ചെയ്തെങ്കിലും ഓരോപ്രാവശ്യവും വാഗ്ദാനം ഭഞ്ജിച്ച് അബദ്ധോപദേശം തുടരുകയാണുണ്ടായതു്. അവസാനമായി 1080-ല് ബോർഡൊസൂനഹദോസില്വെച്ചു അയാളുടെ അന്തിമമാനസാന്തരം സംഭവിച്ചു. അതില്പിന്നെ പരിഹാരചര്യാനിരതമായ ഒരു ജീവിതം നയിച്ച് 1088-ല് അയാൾമരണമടഞ്ഞു.

എട്ടാംശതകത്തിൻെറ ഉത്തരാർദ്ധത്തില്, മനുഷ്യനെന്നനിലയില് ക്രിസ്തു ദൈവത്തിൻെറ ദത്തുപുത്രൻ മാത്രമാണെന്നു്, രണ്ടു മെത്രാന്മാർ വാദിച്ചു. അതുപോലെതന്നെ 850-നോടടുത്തു്, ഓർബ്ബ്യാസിലെ ഒരു സന്യാസിയായിരുന്ന ഗോട്ടസ്ചാൽക്, ദൈവം ചിലരെ നിത്യസമ്മാനത്തിനും മറ്റുള്ളവരെ നിത്യശിക്ഷയ്ക്കും ആയിട്ടാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും കൂദാശാദിസംസ്കാരവൃത്തികൾ പ്രയോജനരഹിതങ്ങളാണെന്നും പഠിപ്പിച്ചു. ഈ അപസിദ്ധാന്തങ്ങൾ . രണ്ടും യഥാകാലം ശാപവിധേയങ്ങളാകുകയും അവയെ അനുസരിച്ചിരുന്നവർ വിനാവിളംബം തിരോഭവിക്കയും ചെയ്തു.

## XI ഒരു വിഹഗവീക്ഷണം

ആദ്ധ്യാത്മികവും ഭൌതികവുമായ അധികാരങ്ങൾ തോളോടുതോൾചേർന്നു പുരോഗമിച്ച മദ്ധ്യശതകങ്ങളെ "അന്ധകാരയുഗങ്ങൾ" എന്ന് അകത്തോലിക്കചരിത്രകാരന്മാർ പലരും അടിസ്ഥാനരഹിതമായി അധിക്ഷേപിക്കുന്നതു കാണാം. ഇതിൻെറ ഉത്തരവാദിത്വം അവർ തിരുസ്സഭയുടെമേല് ആരോപിക്കയും ചെയ്യുന്നു. അവഗാഢമായി പരിശോധിക്കുമ്പോൾ, സാക്ഷാല് അന്ധകാരം ഈ നിരൂപകന്മാരുടെ അസൂയാജടിലമായ ഹൃദയഗഹ്വരങ്ങളിലാണെന്നും, അന്നത്തെ യൂറോപ്പുഖണ്ഡത്തെ അനിവാര്യമായ ഒരു ആപത്ഗർത്തത്തില്നിന്നും രക്ഷിച്ചതു് തിരുസ്സഭാധികാരികൾതന്നെയാണെന്നും നിഷ്പക്ഷബുദ്ധികൾക്കു മനസ്സിലാകും. "ഒരു വശത്തു സിറിയൻജാതികളും, കിഴക്ക് സാരസന്മാരും ജലപ്രളയ

ല്ല്യം പാഞ്ഞുവന്ന അവസരത്തില്, നിശ്ചയമായി നശിച്ചു പോകുമായിരുന്ന കലാവിദ്യകളെപ്പോലും അവളുടെ വിശുദ്ധ സംരക്ഷണയില് ഭദ്രമായി സൂക്ഷിച്ചിരുന്നതു് ക്രിസ്തീയസഭയാണ്" എന്നത്രേ ബേക്കൻെറ അഭിപ്രായം. "ക്രിസ്തുമതമാണ് പൌരാണികജ്ഞാനഭണ്ഡാഗാരത്തെ സംരക്ഷിച്ചതു്. പ്രാചീനവും അപ്രാചീനവുമായ സംസ്കാരങ്ങളുടെ മദ്ധ്യേയുണ്ടായ ക്ഷോഭാവസരത്തില് മതം ഇവരണ്ടിനുമിടയ്ക്കു് സുരക്ഷിതമായ ഒരു പാലമെന്നോണം വര്ത്തിച്ചു" എന്നുള്ള ചരിത്രകാരനായ ഹാലമിൻെറ വചസ്സുകൾ ഇത്തരുണത്തില് സ്മര്ത്തവ്യങ്ങളാണ്.

പാശ്ചാത്യറോമാസാമ്രാജ്യത്തിൻെറ അധഃപതനവും, അതേ തുടര്ന്നുണ്ടായ കിരാതജാതികളുടെ . ആക്രമണങ്ങളും, സാമ്രാജ്യത്തിൻെറ പുനഃസ്ഥാപനത്തിനുശേഷംതന്നെയും രാജാക്കന്മാർ ചില അവസരങ്ങളില് തിരുസ്സഭാകാര്യങ്ങളില് ചെയ്ത വിവേകരഹിതമായ കയ്യേറ്റങ്ങളും, നിമിത്തം അക്കാലത്തു് വൈദികരുടെയും, സാമാന്യജനങ്ങളുടേയും ഇടയില് വിജ്ഞാനത്തിന് സാരമായ അധഃപതനമുണ്ടായി എന്നു സമ്മതിക്കതന്നെവേണം. കുഴഞ്ഞുമറിഞ്ഞ വ്യവസ്ഥിതികൾമൂലം തിരുസ്സഭാഭരണാധികാരിൾക്ക് വൈദികന്മാരുടെമേല് ആവശ്യമായ നിയന്ത്രണം പാലിക്കാൻ സാധിക്കാതെ പോയതും, ഉന്നതമായ വൈദികസ്ഥാനങ്ങളില്പോലും ലൌകായതികരായ പ്രഭുവംശജന്മാർ കയറിപ്പറ്റാൻ ഇടയായതുംമൂലം പൌരഹിത വര്ഗ്ഗം സാമാന്യമായി സന്മാര്ഗ്ഗത്തിലും അധഃപതിക്കാതെയുമിരുന്നില്ല. ഈ ദുരവസ്ഥ സന്യാസാശ്രമങ്ങളെപ്പോലും ബാധിച്ചുവെന്നറിയുമ്പോൾ അന്നത്തെ ദുസ്ഥിതി എത്രാണ്ടു ഊഹ്യമാണ്.

എന്നാല് നാനാമുഖമായ ഈ അവശതാ പരിഹാരത്തിനായി പ്രതികൂല സാഹചര്യങ്ങളെ ക്ഷമയോടും, ത്യാഗബുദ്ധിയോടും ഊര്ജ്ജസ്വലതയോടുംകൂടി നേരിട്ടുകൊണ്ടു് തിരുസ്സഭ നിസ്തന്ദ്രമായി പരിശ്രമിച്ചു. കാർലമാൻ, ഓട്ടോ, ആല്ഫ്രഡ്" തുടങ്ങിയ മഹാരാജാക്കന്മാരും, ലെയോദചിതിയൻ, സ്റ്റീഫൻ തൃതീയൻ, ഹഡ്റിയാൻ പ്രഥമൻ, നിക്കോളോസ് ഒന്നാമൻ, സില്വസ്റ്റർ രണ്ടാമൻ തുടങ്ങി അനേകം പരിശുദ്ധപിതാക്കന്മാരും, നിരവധി മെത്രാന്മാരും, വൈദികരും, അല്മായരും അവരുടെ നിസ്തുലമായ പാണ്ഡിത്യത്തിന് കേൾവിപ്പെട്ടവരായിരുന്നു. ജനസാമാന്യത്തിൻെറ അജ്ഞതാവിലോപനത്തിനായി ദേവാലയങ്ങളോടും സന്യാസാശ്രമങ്ങളോടും അനുബന്ധിച്ച് വിദ്യാമന്ദിരങ്ങൾ നിര്മ്മിക്കുന്നതില് അവർ പ്രത്യേകം ജാഗരൂകരായി വര്ത്തിച്ചു. രണ്ടാമത്തെ യൂജിനോസ് പാപ്പാ 826-ലെ ഒരു സൂനഹദോസില്വെച്ച് ഇങ്ങനെയുള്ള വിദ്യാലയസ്ഥാപനം ഒരു നിയമമാക്കുകപോലും ചെയ്തു!! ക്രിസ്തീയലോകത്തിൻെറ നാനാഭാഗങ്ങളിലും സംഘങ്ങളായി വസിച്ചിരുന്ന സന്യാസികൾ ലൌകികവും ആദ്ധ്യാത്മികവുമായ ഗ്രന്ഥങ്ങളെ അന്യാദൃശമായ ക്ഷമാശീലത്തോടെ പകര്ത്തിയെഴുതി സൂക്ഷിക്കയും, പ്രചരിപ്പിക്കുകയും ചെയ്തില്ലായിരുന്നെങ്കില് അവ എന്നേക്കുമായി നഷ്ടപ്പെട്ടു പോകുമായിരുന്നു. നവീന ഗ്രന്ഥങ്ങൾ രചിക്കുന്നതിലും അവർ അദ്വിതീയരായി ശോഭിച്ചു.

അനേകം ക്രിസ്ത്യൻ ഗ്രന്ഥകാരന്മാരും ശാസ്ത്രജ്ഞന്മാരും ഇക്കാലത്തു് അവരുടെ തൂലികാപ്രയോഗംകൊണ്ടും, പ്രസംഗചാതുരികൊണ്ടും വിദ്യാദാനവൈഭവംകൊണ്ടും, അജ്ഞാനതമസ്സിനെ വിപാടനം ചെയ്യാതിരുന്നില്ല. ജർമ്മനിയിലെ "റാബാനസ് മാവുരുസ്" ഓട്ടോ ചക്രവർത്തിയുടെ സോദരനായ "ബ്രൂണോ" ഫ്രാൻസിലെ "പാസ്കാസിയസ് റാഡ്ബർട്ടസ്" പിന്നീട് സില്വെസ്റ്റർ ദ്വിതീയൻ എന്ന നാമത്തില് മാർപ്പാപ്പായായിത്തീർന്ന 'ജർബർട്ട്' ഐർലണ്ടിലെ 'കമ്മ്യൻ' 'അഡമ്നൻ' 'ഇറിജെനാ' എന്നിവർ, ഇംഗ്ലണ്ടിലെ 'അല്കുയിൻ' 'ബീഡ്' 'റോസ്‌വിതാ' എന്ന കന്യാസ്ത്രീ തുടങ്ങിയവർ അന്നത്തെ പണ്ഡിതാഗ്രണികളില് സർവ്വപ്രധാനരായ ഏതാനുംപേർ മാത്രമാണ്.

സന്മാർഗ്ഗഭ്രംശത്തിനനുകൂലമായ സർവ്വ സാഹചര്യങ്ങളുമുണ്ടായിരുന്നിട്ടും വീരോചിതമായ പുണ്യാഭ്യാസംകൊണ്ട് സമകാലീനലോകത്തിനു സന്മാതൃക ചേർത്ത അനേകം വിശുദ്ധാത്മാക്കളും അന്നു ജീവിച്ചിരുന്നു. മദ്ധ്യശതകങ്ങളിലെ വിശുദ്ധന്മാരുടെ സുദീർഘമായ പട്ടികയില് രാജാക്കന്മാരും, രാജ്ഞിമാരും, മാർപ്പാപ്പാമാരും തുടങ്ങി വൈദികരും, വൈദികേതരവുമായ വിവിധ ജീവിതാവസ്ഥകൾ സ്വീകരിച്ചിരുന്ന അസംഖ്യം മഹാത്മാക്കളെ നമുക്കു കാണാം. ഇതില്പ്പെട്ടവരല്ലെങ്കിലും അനല്പമായ വിശുദ്ധതാപരിമളംകൊണ്ട് മലിനമായ അന്നത്തെ ആദ്ധ്യാത്മികാന്തരീക്ഷത്തിനു സുഗന്ധം ചാർത്തിയവരും അസംഖ്യമത്രേ. ജനസാമാന്യത്തിന്റെ ജീവിതവിശുദ്ധീകരണാർത്ഥം നിരന്തരം യത്നംചെയ്ത ഈ ധർമ്മഭൂതന്മാരില്, വി. ഡൺസ്റ്റൺ, ബ്രൂണോ, ഫ്രാൻസിലെ ക്ലൂണിആശ്രമത്തിന്റെ സ്ഥാപകനായ വി. 'ബർണാർഡ്' വി. 'പീറ്റർ ഡാമിയൻ' മുതലായവരുടെ നാമങ്ങൾ അവസ്മരണീയങ്ങളത്രേ.

സന്മാർഗ്ഗോന്നമനത്തിനുവേണ്ടി സന്ന്യാസസമൂഹങ്ങൾ അന്നും ഇക്കാലങ്ങളിലേപ്പോലെ തന്നെ പ്രവർത്തിച്ചിരുന്നു. ഐർലണ്ട് ഫ്രാൻസു മുതലായ രാജ്യങ്ങളിലെ സന്ന്യാസാശ്രമങ്ങളില്നിന്നും ഈശ്വരപ്രേരിതരായ ഭക്തശിരോമണികൾ യൂറോപ്പിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ച് വിശുദ്ധിയും വിജ്ഞാനവും ഒരുപോലെ പ്രചരിപ്പിച്ചു. ഇവരില് പ്രധാനന്മാർ 910 ല് സ്ഥാപിതമായ ക്ലൂനി ആശ്രമവാസികളായിരുന്നു. അതുപോലെതന്നെ വി. റൊമുവാൾഡ് 1012 ല് "കമാൾഡോലി" സഭയും, വി. ഗില്ബർട്ട് 1073 ല് "ചലോംബ്രോസാ" എന്ന സഭയും സ്ഥാപിച്ചു. ഇരുകൂട്ടരും മിക്കവാറും ബനദിക്തൻ നിയമങ്ങളെ അനുസരിച്ചതു്. സന്ന്യാസികളുടെ ഉപയോഗത്തിനായി രാജാക്കന്മാർ ദാനംചെയ്തിരുന്ന ഊഷരഭൂമികളും ചതുപ്പുനിലങ്ങളുമത്രേ. അന്യഥാനിഷ്പ്രയോജനകരമായി പോമായിരുന്ന ഈ സ്ഥലങ്ങൾ അവരുടെ പ്രയത്നത്തില് ഒന്നാംതരം കൃഷിസ്ഥലങ്ങളായി പരിണമിച്ചു. സന്ന്യാസാശ്രമങ്ങൾക്കും ചുററും അങ്ങനെ ഗ്രാമങ്ങളും നഗരങ്ങളും ഉണ്ടാകുവാനും ഇടയായി.

ഇപ്രകാരം മദ്ധ്യയുഗങ്ങൾ തികച്ചും തമോമയങ്ങളായിരുന്നില്ലെന്നും, അന്നത്തെ ദുർഘടസ്ഥിതിയിലും മനുഷ്യരാശിയുടെ സംസ്കാരത്തെ ഉടഞ്ഞു പോകാതെ സംരക്ഷിച്ചതു് തിരുസ്സഭതന്നെയാണെന്നും കാണാം. രാ

ജാക്കന്മാരുടെ സഹായഹസ്തം അവൾക്കു താങ്ങും തണലുമായിരുന്നെങ്കില്, അവളുടെ സ്വാധീനശക്തി അതിലുപരി ഉപകർത്താക്കൾക്കു് പ്രയോജകീഭവിച്ചു. കിരാതവർഗ്ഗങ്ങളെ തിരുസ്സഭാംബിക ശാന്തന്മാരും നിയമവിധേയരുമാക്കിയെന്നുതന്നെയല്ല, വിപ്ലവബുദ്ധികളായ പ്രജകളെ ചില പ്രത്യേക കാലഘട്ടങ്ങളിലും ദിവസങ്ങളിലും കലഹങ്ങളിലേർപ്പെടാതിരിക്കാൻ മഹറോൻ കീഴ് ആജ്ഞാപിച്ചുകൊണ്ടു് രാജ്യഭരണഭാരത്തെ ലഘൂകരിക്കുന്നതിലും അവൾ ഭൂപതികളെ സഹായിച്ചു. പ. പിതാവു് ലോകൈക പിതാവു തന്നെയായിരുന്നു. മദ്ധ്യമകാല ലോകത്തിന്നു് തിരുസ്സഭയോടുള്ള ഋണബാദ്ധ്യത നിസ്സീമമെന്നല്ലാതെ എന്തു പറയട്ടെ.!!

## XII. മാർപ്പാപ്പായും ഭൂപതിമാരും.

ക്രിസ്ത്വബ്ദം പതിനൊന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തോടു കൂടി മദ്ധ്യമകാലചരിത്രത്തിന്റെ ദ്വിതീയഘട്ടത്തിലേയ്ക്കു നാം പ്രവേശിക്കുന്നു. അവളുടെ അനുപേക്ഷണീയങ്ങളായ അവകാശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി തിരുസ്സഭ ലൌകിക രാജാക്കന്മാരുമായി നിരന്തരസമരം നടത്തി; തിരുസിംഹാസനം മതത്തിന്റെ സൂക്ഷിപ്പുകാരനും, സ്വാതന്ത്ര്യത്തിന്റെ രക്ഷാകർത്താവും എന്നുള്ള നിലകളില് പരമോന്നതി പ്രാപിച്ചു. ക്രിസ്തീയ ഭരണാധിപന്മാർ തമ്മില് മത്സരിച്ചപ്പോൾ, അഥവാ പ്രജകളെ ശിക്ഷാഭയംവിനാ അവർ പീഡിപ്പിച്ചപ്പോൾ, മാർപ്പാപ്പാമാരാണു് സുസമ്മതരായ മദ്ധ്യസ്ഥരായി വർത്തിച്ചു് സമാധാനം പുലർത്തിയതു്. യാതൊരു ബാഹ്യപ്രേരണയും കൂടാതെ തന്നെ ക്രിസ്തീയലോകം മുഴുവനും അനുസരിച്ച ഈ പരമാവകാശത്തെ, എതിർത്ത ചുരുക്കം ചിലരാകട്ടെ അവരുടെ അപകർഷബോധംകൊണ്ടു തന്നെ പരാജയമടഞ്ഞു.

ആദ്ധ്യാത്മികാധികാരത്തിന്റെ ക്രയവിക്രയം, വൈദികരുടെ വിവാഹിത ജീവിതം, രാജാക്കന്മാരുടെ വൈദികാധികാരദാനം തുടങ്ങി വിപത്കാരണങ്ങളായ ദുർന്നടപ്പുകൾ തുടർന്നുകൊണ്ടേയിരുന്നു. മെത്രാന്മാരെയും മഠാധിപതികളേയും നിയമിക്കുന്നതിനുള്ള അവകാശം രാജാക്കന്മാർ അപഹരിക്കയും, ഏററവും കൂടുതല് കോഴ നല്കുന്നവക്കു് തത്സ്ഥാനങ്ങൾ ദാനം ചെയ്യുകയും ചെയ്തു. ഇങ്ങനെ അധികാരം സ്വീകരിക്കുന്നവരാകട്ടെ അവരുടെ കീഴുദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിലും ഇതേ നയം തന്നെ അവശ്യം അനുവർത്തിച്ചു. ആദിമകാലങ്ങളിലെ തിരുസ്സഭയുടെ ദരിദ്രാവസ്ഥ നിമിത്തം അതിന്റെ ഭരണവിഷയത്തില് ലോകാധിപന്മാർ അശേഷം ഔൽസുക്യം പ്രദർശിപ്പിച്ചില്ല. എന്നാല് അനന്തരകാലങ്ങളില് രാജാക്കന്മാർ തന്നെ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ ആ സ്വാധീനശക്തി കരസ്ഥമാക്കുന്നതില് അവർ തത്പരരായി. തന്നിമിത്തം അവരുടെ ആജ്ഞാനുവർത്തികൾ മാത്രം വൈദികാധികാരികളാകുന്നതില് അവർ പ്രത്യേകം ശ്രദ്ധിക്കാതെയുമിരുന്നില്ല. മെത്രാന്മാക്കും മഠവും ഭൂദാനം ചെയ്തുകൊണ്ടു അവരെ രാജാക്കന്മാക്കു വിധേയരായ ഇടപ്രഭുക്കന്മാരായി സ്വീകരിക്കയും ഇതിന്റെ ബാഹ്യചിഹ്നമായ രാജാക്കന്മാർ തന്നെ അ

വക്ക് വടിയും മോതിരവും നല്കുകയും ചെയ്തുപോന്നു. ആദ്ധ്യാത്മികാധികാരദാനദ്യോതകമായ ഈ പ്രവൃത്തി വലിയ തെറ്റിദ്ധാരണകൾക്ക് ഇടവരുത്തി, മാത്രമല്ല ഈ വിധ ദുർന്നയങ്ങൾ നിമിത്തം തിരിച്ചറിവില്ലാത്ത ബാലന്മാരും, ദുർവൃത്തരായ രാജകിങ്കരന്മാരും പാവനമായ ആസ്ഥാനങ്ങളെ പ്രാപിക്കുന്നതിനും പലപ്പോഴും അവരുടെ ലൌകികാധികാരിയോടു ചേർന്നുകൊണ്ടു് സഭാതലവനെ എതിർക്കുന്നതിനും ഇടയായി. താദൃശസാഹചര്യങ്ങളില് വൈദികർ സാമാന്യമായി സന്മാർഗ്ഗഭ്രംശത്തിനധീനമായെങ്കില് വിസ്മയത്തിനവകാശമില്ലല്ലോ. എന്നാല് ഈ ദുരവസ്ഥ സർവ്വസാധാരണമായിരുന്നുവെന്നു ധരിക്കുന്നതു് വലിയ മൌഢ്യമായിരിക്കും; കാരണം നിഷ്കളങ്കമായ ക്രിസ്തീയജീവിതം നയിച്ചിരുന്നവരുടെ സംഖ്യ ഒട്ടും കുറവായിരുന്നില്ലെന്നുള്ളതു തന്നെ.

ഈ പരീക്ഷണഘട്ടത്തില് തിരുസിംഹാസനത്തെ അലങ്കരിച്ച മഹാരഥന്മാരില് എല്ലാവരും തന്നെ, വിജ്ഞാനവിശുദ്ധിയും, ഭരണപാടവവുംകൊണ്ടു് അതിനു് തികച്ചും അർഹരായിരുന്നുവെന്നുള്ളതു് ആശ്വാസകരമാണു്. ഈ സാമാന്യനിയമത്തിനു് വളരെ അപൂർവ്വം അപവാദങ്ങളും ഉണ്ടാകാതിരുന്നില്ല. അനേകം എതിർപാപ്പാമാർ രംഗപ്രവേശം ചെയ്തതും ചില അവസരങ്ങളിൽ സഭയുടെ സാക്ഷാത് തലവൻ ആരെന്നറിയാതെ ജനങ്ങൾ വിഷമിക്കേണ്ടിവന്നതും ഈ കാലയളവിലെ ചില പ്രത്യേകതകളാണു്. നിലവിലിരുന്ന അഴിമതികൾ ഇല്ലാതാക്കുന്നതിനായി പ. പിതാക്കന്മാർ നിരന്തരയത്നം ചെയ്തു. അതുനിമിത്തം രാജാക്കന്മാരുമായി മത്സരിക്കേണ്ടതായും വന്നുകൂടി. 1059-61 വരെ തിരുസ്സഭയെ ഭരിച്ച നിക്കോളോസ് ദ്വിതീയൻ, മാർപ്പാപ്പായെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം കർദ്ദിനാളന്മാർക്കു മാത്രമുള്ളതായിരിക്കണമെന്നും ചക്രവർത്തി അതിനെ അംഗീകരിച്ചാല് മാത്രം മതിയാകുമെന്നും, എന്നാല് ഈ അംഗീകാരം തിരഞ്ഞെടുപ്പിന്റെ സാധുതയ്ക്കു് ആവശ്യകമല്ലെന്നും തീരുമാനിച്ചു. തിരുസിംഹാസനം അടിമത്വത്തില്നിന്നും ഇങ്ങനെ മോചിതമായി. നോർമൻകാരുമായി അദ്ദേഹം ചെയ്ത ഉടമ്പടി തിരുസ്സഭയ്ക്കു് ഭാവിയില് ഒരു രക്ഷാകവചമായിത്തീർന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായ അലക്സാണ്ടർ രണ്ടാമനാകട്ടെ വൈദികരുടെ അസന്മാർഗ്ഗജീവിതം തുടങ്ങിയ കൊടുംപാതകങ്ങളോടു നേരിടാൻ ഒരു സഖ്യം തന്നെ ഉദ്ഘാടനം ചെയ്തു.

മദ്ധ്യശതകങ്ങളിലെ ഏററവും സമർത്ഥനായ മാർപ്പാപ്പായാണു് ഗ്രിഗറി സപ്തമൻ. അദ്ദേഹത്തിന്റെ മുൻ വാഴ്ചക്കാരായ അഞ്ചു സഭാതലവന്മാരുടെ വിശ്വസ്തനായ ഉപദേശകൻ എന്നനിലയില് ഭരണനൈപുണ്യം വേണ്ടവിധം സമ്പാദിച്ചിരുന്ന ഗ്രഗരി 1073-ല് സിംഹാസനസ്ഥനായി. അനധികൃതമായി സ്ഥാനം കൈവശപ്പെടുത്തിക്കൊണ്ടു്, സ്വന്തം ലൌകികാഭ്യുദയത്തിനായി രാജാക്കന്മാരോടു ചേർന്നു പ്രവർത്തിച്ച മെത്രാന്മാരുടേയും, വിശ്വാസരഹിതമായ ജനതതിയുടേയും ദയനീയാവസ്ഥ ഈ പുണ്യശ്ലോകന്റെ ഹൃദയത്തെ ഭേദിപ്പിച്ചു. താദൃശമായ മെത്രാന്മാരെയും വൈദികരേയും സ്ഥാനഭ്രംശം ചെയ്യുവാനുള്ള നടപടികൾ അദ്ദേഹം കൈക്കൊ

ണ്ടു; പക്ഷേ ശക്തിമത്തായി പ്രതിരോധം സഹിക്കേണ്ടിവന്നു. അതുപോ
ലെതന്നെ രാജാക്കന്മാർ മെത്രാന്മാൎക്കും മറ്റും ലൌകികാധികാരം നല്ക
കയോ, അവർ സ്വീകരിക്കയൊ ചെയ്യരുതെന്നും അദ്ദേഹം കൎശനമായി
മുടക്കി. ഈ ആജ്ഞകൾ അവരെ ധിക്കരിക്കുന്നവരെ നിഷ്കരുണം മഹറോ
നില്പെടുത്തുകയുംചെയ്തു.

ഈ പുതിയ സംരംഭങ്ങളുടെ വിജയത്തിന് രാജാനുകൂല്യം അ
നുപേക്ഷണീയമായിരുന്നു. ജൎമ്മൻചക്രവൎത്തിയായ ഹെൻറി ചതുൎത്ഥൻ
പരിശുദ്ധ പിതാവിൻെറ അഭിപ്രായങ്ങളോടു ആദ്യം അനുകൂലിക്കതന്നെ
ചെയ്തു. എന്നാല് താമസിയാതെ വഞ്ചകനായ ആ സമ്രാട്ട് പൂൎവ്വാധികം
ധിക്കാരപൂൎവ്വം സഭയുടെ അവകാശങ്ങളെ വിഗണിച്ചുതുടങ്ങി. "വേംസ്"
എന്ന സ്ഥലത്തുവെച്ച് അയാളുടെ പാൎശ്വവൎത്തികളുടെ ഒരു സൂനഹദോ
സ് വിളിച്ചുകൂട്ടി പ. പിതാവിനെ സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നതായി പ്ര
സ്താവിക്കാനും അയാൾ മടിച്ചില്ല!! ഹെൻറിയുടെ സഭാധ്വംസനം മാത്ര
മായിരുന്നു ഈ അവിവേകത്തിൻെറ പരിണതഫലം! കിരീടംപോലും ന
ഷ്ടിഭവിച്ചേക്കുമെന്നു ഭയന്നു ഹെൻറി റോമിലെത്തി, പ. പിതാവു വസി
ച്ചിരുന്ന കനോസാ കൊട്ടാരത്തിൻെറ പടിവാതില്ക്കല് മൂന്നുദിവസം പ്രാ
യശ്ചിത്തമെടുത്ത് ചില വ്യവസ്ഥകളോടുകൂടി മഹറോൻ ശിക്ഷയില്നി
ന്നും മോചനംപ്രാപിച്ചു. പക്ഷെ അദ്ദേഹത്തിൻെറ ആത്മാൎത്ഥത ക്ഷണ
ഭംഗുരമായിരുന്നു. വീണ്ടും സഭയില്നിന്നും ധ്വംസനായ സാമ്രാട്ട് സൈ
ന്യസമേതം റോമിനെ വളഞ്ഞ് ഒരു എതിർ പാപ്പായെ റോമാസിംഹാസ
നത്തില് സ്ഥാപിച്ചു. പ. പിതാവിൻെറ സഹായത്തിനെത്തിയ നോർമൻ
സൈന്യത്താല് ചക്രവൎത്തി തോല്പിക്കപ്പെട്ടെങ്കിലും, താമസിയാതെ ഗ്രഗരി
സപ്തമൻ അഭിലാഷപൂൎത്തി ദൎശിക്കാതെ നിത്യസമ്മാനം പ്രാപിക്കയാണു
ണ്ടായതു്.

ഗ്രഗരിയുടെ പിൻഗാമികൾ അദ്ദേഹത്തിൻെറ കാലടികളെത
ന്നെ തുടൎന്നു. ഹെൻറിയാകട്ടെ ദുരിച്ഛമതയില്നിന്നും നിവൎത്തിച്ചുമില്ല.
1104-ല് അയാളുടെ പുത്രനായ ഹെൻറി പഞ്ചമൻ പിതാവിനെ സ്ഥാ
നഭ്രഷ്ടനാക്കി രാജ്യം കൈവശപ്പെടുത്തി. വൃദ്ധനായ ചക്രവൎത്തി തിരുസ്സ
ഭയുമായി ഐക്യപ്പെടാതെ ദയനീയമായി മരണമടഞ്ഞു. സാമ്രാജ്യസിം
ഹാസനത്തില് ഒരു ആൾമാററമുണ്ടായതല്ലാതെ യാതൊരു ഫലവും ഇതു
നിമിത്തം സിദ്ധിച്ചില്ല. ഹെൻറി ഒരു സൈന്യവുമായി പ. പിതാവിനെ
തിരായി പുറപ്പെട്ടു. എന്നാല് ഒരുടമ്പടിമൂലം ഇരുവരും സമാധാനപരമാ
യ ഒരു തീരുമാനത്തിലെത്തി; പക്ഷേ പിതാവിനെപ്പോലെതന്നെ വാ
ഗ്ദത്ത ഭഞ്ജനം ചെയ്യാൻ ഹെൻറിയും മടിച്ചില്ല. സാഹചൎയ്യങ്ങളുടെ സ
മ്മർദ്ദം നിമിത്തം രാജാവിൻെറ "നിയമനാധികാരം" പ. പിതാവു് സ
മ്മതിച്ചുകൊടുക്കേണ്ടിവന്നു. അക്കാലത്തുതന്നെ അസാധുവെന്നു പ്രഖ്യാപി
തമായ ഈ ഉടമ്പടിയെ മുറുക്കിപ്പിടിച്ച ചക്രവൎത്തി കലിക്സ്റ്റസ് രണ്ടാ
മൻ മാൎപ്പാപ്പായാല് മഹറോൻ ചൊല്ലപ്പെട്ടു. 1122-ല് നടന്ന "വേമി
ലെ കൊൺകൊർഡാത്തു"മൂലം ചക്രവൎത്തി നിയമവിരുദ്ധമായി അനുഭവി
ച്ചിരുന്ന അവകാശങ്ങൾ ത്യജിച്ച് തിരുസ്സഭയ്ക്കു വിധേയനായി. കലിക്സ്റ്റ

സ് തിരുമനസ്സുകൊണ്ടാകട്ടെ 1123-ല് ലാറററനില്വെച്ച് "ഒൻപതാമത്തെ പൊതു സൂനഹദോസ്" നിമന്ത്രണംചെയ്തു. വേമിലെ ഉടമ്പടി സൂനഹദോസ് ആഹ്ളാദപൂർവ്വം അംഗീകരിച്ചു. വൈദിക വിവാഹത്തേയും, വൈദിക സ്ഥാന വിക്രയത്തേയും വിലക്കുന്ന സകല ചട്ടങ്ങളേയും ഇവിടെ നവീകരിക്കയുണ്ടായെന്നുള്ളതും പ്രസ്താവ്യമത്രേ.

കുറെനാളത്തേയ്ക്കു സമാധാനം നിലനിന്നു. എന്നാല് 1130-ല് നടന്ന ഇന്നസെൻറ് ദ്വിതീയൻ മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പ്, കർദ്ദിനാളന്മാരില് ലൌകായതികരായ ഏതാനുംപേർക്ക് അനിഷ്ടകാരണമായി. അവർ ഒരു എതിർപാപ്പായെ സൃഷ്ടിച്ചു. ഫ്റാൻസിലേയ്ക്കോടിപ്പോയ ഇന്നസെൻറ്, അവിടുത്തേയും, ഇംഗ്ലണ്ട് ജർമ്മനി എന്നീ രാജ്യങ്ങളിലേയും ഭരണാധിപന്മാരുടെ സഹായത്തോടെ സിംഹാസനം പ്രാപിക്കയുണ്ടായി. ഈ ഛിദ്രം വി. ബർണാർദിൻെറ ശ്രമംമൂലം താമസിയാതെ അവസാനിച്ചു. എങ്കിലും തൻമൂലമുണ്ടായ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനായി ഇന്നസെൻറ് "ലാത്തറിനെ രണ്ടാമത്തെ പൊതു സൂനഹദോസ്" വിളിച്ചുകൂട്ടി. ആയിരത്തോളം മെത്രാന്മാരും അസംഖ്യം മററു ഉന്നതസ്ഥാനികളും ഇതില് സംബന്ധിച്ചു. പഴയ വിധികളെ നവീകരിക്കയും, അന്നുണ്ടായിരുന്ന രണ്ടു അബദ്ധോപദേശകന്മാരെ ശപിക്കയും എതിർപാപ്പായുടെ നിയമനത്തെ അസാധുവാക്കുകയുമത്രെ ഈ സമ്മേളനം ചെയ്തതു്.

റോമില് പൌരാണിക ഭരണസമ്പ്രദായമേർപ്പെടുത്താൻ ശ്രമിച്ച ഒരു വിപ്ലവകക്ഷിയുടെ ശ്രമങ്ങൾ യഥാകാലം അമർത്തപ്പെട്ടു. അങ്ങിനെയിരിക്കെ 1154-ല് ഹഡ്റിയാൻ ചതുർത്ഥൻ പ. സിംഹാസനത്തെ ആരോഹണംചെയ്തു. ജർമ്മൻ ചക്രവർത്തിയായിരുന്ന ഫ്റഡെറിക്ക് ബാർബറോസ്സാ 1155-ല് മാർപ്പാപ്പാ തിരുമേനിയുടെ കരങ്ങളില്നിന്നും കിരീടം സ്വീകരിച്ചു. എങ്കിലും പ. പിതാവിൻെറ അപേക്ഷകൾ ഗണ്യമാക്കാതെ, വേമിലെ ഉടമ്പടിക്കു വിരുദ്ധമായി, സ്വേച്ഛാനുസാരം ചക്രവർത്തി മെത്രാന്മാരെ നിയമിച്ചുതുടങ്ങി, തന്നെയല്ല, തിരുസിംഹാസനത്തിൻെറ രാജ്യവിഭാഗങ്ങളില് ചിലതു് അയാൾ കൈവശമാക്കുകയുംചെയ്തു. ഹഡ്റിയാൻ തിരുമനസ്സുകൊണ്ടു് ദിവംഗതനായപ്പോൾ അലക്സാണ്ടർ തൃതീയൻ മാർപ്പാപ്പായായി; പക്ഷെ ഒരു എതിർ പാപ്പായും രംഗപ്രവേശംചെയ്തു. ചക്രവർത്തി വിളിച്ചുകൂട്ടിയ ഒരു കള്ളസൂനഹദോസ് സാക്ഷാത് പാപ്പായെ മഹറോൻ ചൊല്ലാൻപോലും മുതിർന്നത്രേ!! തത്ഫലമായി ഫ്റഡറിക്കും കിങ്കരന്മാരും സഭയില്നിന്നും ബഹിഷ്കൃതരായി. ക്രിസ്തീയ രാജ്യങ്ങളെല്ലാം അലക്സാണ്ടറിനെ അനുകൂലിച്ചു. എങ്കിലും പ്രബലനായ ശത്രുവിൻെറ അക്രമങ്ങൾ നിമിത്തം പ. പിതാവും പലതവണ റോമില്നിന്നും സ്വയരക്ഷാർത്ഥം പ്രയാണം ചെയ്യേണ്ടിവന്നു. അവസാനം ലൊംബാഡ് സൈന്യത്താല് പരാജിതനായ ചക്രവർത്തി 1177-ല് "വെനീസ്സ് സന്ധി"കൊണ്ടു് ഛിദ്രമുപേക്ഷിച്ചു് അലക്സാണ്ടർ തിരുമേനിക്കു വിധേയനായി- ദുർമാതൃകാപരമായ ഈ രാജകീയ മത്സരത്തില്നിന്നുളവായ തിന്മകൾ പരിഹരിക്കുന്നതിനു് മാർപ്പാപ്പാ 1179-ല് മൂന്നാമത്തെ ലാത്തരനില് ഒരു പൊതുസൂനഹദോസ് സമ്മേളനം നടത്തി, തിരുസ്സഭയുടെ "പ

തിനൊന്നാമത്തെ” ഈ സാർവ്വത്രിക സമ്മേളനത്തില് പാസ്സാക്കിയ നിയമങ്ങളില് സർവ്വപ്രധാനമായതു്, മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പിനു് കർദ്ദിനാളന്മാർക്കുള്ള അവിതർക്കിതമായ അവകാശത്തെക്കുറിച്ചാണു്. തിരഞ്ഞെടുപ്പു് സാധുവാകുന്നതിനു് മൂന്നില് രണ്ടുഭാഗം വോട്ടു് ആവശ്യമാണെന്നും തീരുമാനിക്കയുണ്ടായി.

ഫ്റഡറിക്ക വീണ്ടും അബദ്ധം ആവർത്തിക്കാതിരുന്നില്ല; എങ്കിലും വേഗം സമാധാനമുണ്ടായി. 1198-ല് ഇന്നസെൻറു ത്രിതീയൻ തിരുസ്സഭാതലവനായിത്തീർന്നു. പരിശുദ്ധ സിംഹാസനം അതിൻെറ അത്യുച്ചമായ മാഹാത്മ്യം പ്രാപിച്ചതു് ഇദ്ദേഹത്തിൻെറ കാലത്താണു്. യൂറോപ്യൻ രാജാക്കന്മാരെ രഞ്ജിപ്പിച്ചതും, ദുർജാതിക്കാരെ ദക്ഷിണേററലിയില്നിന്നു് ബഹിഷ്കരിച്ചതും, ജർമ്മൻ ചക്രവർത്തിമാരുടെ കയ്യേററത്തിനെതിരായി ഒരു സങ്കലിതനിര സൃഷ്ടിച്ചതും അർമ്മേനിയരുടെ പുനരൈക്യം സാധിച്ചതും ഈ മഹാത്മാവിൻെറ സ്വാധീനശക്തിക്കു് ഉദാഹരണങ്ങളായി ഗണിക്കാം. സംഭവബഹുലമായ ഔദ്യോഗിക ജീവിതത്തെ, “പന്ത്രണ്ടാമത്തെ സാർവ്വത്രിക സൂനഹദോസി”ൻെറ നിമന്ത്രണത്താല് അവിടുന്നു മകുടം ചാർത്തി. രണ്ടു പൌരസ്ത്യ പാത്രിയർക്കീസന്മാർ, 71 മെത്രാപ്പോലീത്തामार, 412 മെത്രാന്മാർ 800 മഠാധിപതികൾ ഇവരെക്കൂടാതെ യൂറോപ്പിലെ സകല പ്രധാനരാജ്യങ്ങളിലേയും രാജപ്രതിനിധികളും ഇതില് സംബന്ധിച്ചു. പ. പിതാവിൻെറ സാർവ്വത്രിക പിതൃത്വത്തിനും, ക്രിസ്തീയ ലോകത്തിൻെറ ഐക്യതക്കും പ്രകടോദാഹരണമായിരുന്നു ഈ സമ്മേളനം, വി. കുർബ്ബാനയിലെ ‘വസ്തുഭേദ’ത്തെ പ്രഖ്യാപിക്കയും, അല്ബിജെൻസസ് തുടങ്ങിയ അബദ്ധോപദേശങ്ങളെ ശപിക്കയും, വൈദിക ശിക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കയുംചെയ്തു. ആണ്ടുകുമ്പസാരവും പെസഹാകാലത്തെ ദിവ്യകാരുണ്യസ്വീകരണവും നിയമമാക്കിയതു് ഇവിടെവെച്ചാണു്.

1245-ല് ഫ്റഡറിക്ക് ദ്വിതീയൻ ജർമ്മൻ സാമ്രാട്ടായി; സകല പൂർവ്വ ഉടമ്പടികളേയും വിഗണിച്ചു് അയാൾ തിരുസ്സഭയുടെ അവകാശങ്ങളെ ചോദ്യം ചെയ്തുതുടങ്ങി. തന്നെയുമല്ല വാഗ്ദാനമനുസരിച്ചു് കുരിശുയുദ്ധത്തിനു പുറപ്പെടാതിരിക്കയും, സഭയ്ക്കെതിരായി സാരസന്മാരുമായി ഗൂഢബന്ധത്തിലേർപ്പെടുകയും ചെയ്കയാല് അയാൾ മഹറോൻ ശിക്ഷയ്ക്കു് അടിമപ്പെടേണ്ടിവന്നു. ശിക്ഷാവിധേയനായിരിക്കുമ്പോൾ തന്നെ ദുർമ്മാർഗ്ഗചാരിയായിരുന്ന ഈ ഭൂപതി അവസാനം ആറാമത്തെ കുരിശുയുദ്ധത്തില് ഈജിപ്തു സുല്ത്താനുമായി ഒരുടമ്പടിയുണ്ടാക്കി. അനന്തരം പരി. പിതാവുമായി ചെയ്ത സഖ്യമനുസരിച്ചു് അന്യായമായ സകല അവകാശങ്ങളേയും ചക്രവർത്തി ത്യജിച്ചു. എന്നാല് ഫ്റഡറിക്ക് ഒന്നാമൻെറ പൌത്രനുണ്ടോ വാഗ്ദാനം പാലിക്കുന്നു? റോമാക്കാരെ വിപ്ലവത്തിനും, സാരസന്മാരെ പള്ളികൾ നശിപ്പിക്കുന്നതിനും പ്രേരിപ്പിച്ച ഈ രാജവ്യാഘ്രം സ്വേച്ഛാനുസാരം, മെത്രാന്മാരെ ബഹിഷ്കരിക്കയും നിയമിക്കയുംകൂടി ചെയ്തു. പോരാ, അവിശ്വാസിയായ ഈ നൃപാസുരൻ സന്ന്യാസികളേയും മററും പരസ്യമായി പീഡിപ്പിച്ചുതുടങ്ങി. സമാധാന സംസ്ഥാപ

നാകാംക്ഷകൊണ്ട് ഒരു പൊതു സൂനഹദോസ് വിളിച്ചുകൂട്ടാൻ ഗ്രിഗരി നവമൻ ശ്രമിച്ചു. പക്ഷെ അതില് സംബന്ധിക്കുന്നതിനു പുറപ്പെട്ട അനേകം മെത്രാന്മാരെയും ചില കർദ്ദിനാളന്മാരെയും ഫ്രഡറിക്ക് മദ്ധ്യേമാർഗ്ഗം തടഞ്ഞ് പാറാവിലാക്കി. ഈ കഠോരവാർത്ത വയോവൃദ്ധനായ പ. പിതാവിന്റെ മരണമണിയായി ഭവിച്ചു.

ഇന്നസെന്റു നാലാമൻ മാർപ്പാപ്പാ ഫ്രെഡറിക്കിനെ ഭയന്ന് ലയൺസില് അഭയംതേടി. 1245-ല് അവിടെ "പതിമൂന്നാമത്തെ സാർവ്വത്രിക സൂനഹദോസ്" കൊണ്ടാടി. ചക്രവർത്തിയുടെ വ്യക്തിപരവും ഔദ്യോഗികവുമായ അക്രമങ്ങൾ നിമിത്തം അയാളുടെ മഹറോൻ ശിക്ഷ ആവർത്തിക്കപ്പെട്ടെന്നു മാത്രമല്ല അയാളെ സ്ഥാനഭ്രഷ്ടനാക്കിയതായും സൂനഹദോസ് പ്രഖ്യാപനം ചെയ്തു. ഫ്രഡറിക്കിന്റെ വംശം താമസിയാതെ അന്യംനിന്നുപോയി.

1272-ല് പത്രോസിന്റെ സിംഹാസനത്തിലാരൂഢനായ ഗ്രിഗരി ദശമൻ രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ലയൺസില് വെച്ചുതന്നെ "പതിനാലാമത്തെ സാർവ്വത്രിക സൂനഹദോസ്" വിളിച്ചുകൂട്ടി. ഛിദ്രമാധീനമായിരുന്ന ഗ്രീക്കുസഭ ഔപചാരികമായി മാർപ്പാപ്പായുടെ പരമാധികാരത്തെ ഏറ്റുപറഞ്ഞു. സന്മാർഗ്ഗപരിഷ്കാരത്തിനായി പല നിയമങ്ങളും ഇവിടെ വെച്ചു പാസ്സാക്കി. മിക്കവാറും ഇന്നു നിലവിലിരിക്കുന്ന രീതിയില് മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള വിധികൾ നിർണ്ണയിച്ചതും ഈ സൂനഹദോസാണ്. 500 മെത്രാന്മാരും, രണ്ടു പാത്രിയർക്കീസന്മാരും, ആയിരത്തില് പരം മഠാധിപതികളാദിയായവരും, ഫ്രാൻസ്, ആരഗോൺ രാജാക്കന്മാരും അനേകം രാജപ്രതിനിധികളും ഈ സമ്മേളനത്തില് സംബന്ധിച്ചിരുന്നുവെന്നുള്ളതും പ്രസ്താവ്യമാണ്.

പിന്നീട്ട് ബോനിഫസ് എട്ടാമൻ സഭാഭരണം സ്വീകരിക്കുന്നതുവരെ നേപ്പിൾസ് രാജ്യസംബന്ധമായ നിസ്സാരതർക്കങ്ങളൊഴിച്ച് പ്രധാനസംഭവങ്ങളൊന്നുമുണ്ടായില്ല. യൂറോപ്യൻ ഭരണാധികാരികൾ മിക്കവരും അന്യോന്യസമരത്തില് ഏർപ്പെട്ടിരിക്കയും, ഗ്രീക്കുകാർ വീണ്ടും ഛിദ്രമത്തിലേയ്ക്കു പിന്തിരിയുകയും, പലസ്തീനാ ക്രിസ്ത്യാനികൾക്ക് നഷ്ടപ്പെടുകയും ചെയ്തകാലത്താണ് ബോനിഫസ് ഭരണം കയ്യേറ്റത്. ഏറെത്താമസിയാതെ തന്നെ ഫ്രാൻസിലെ രാജാവായ "സുന്ദരൻ" ഫിലിപ്പുമായി പ. പിതാവ് ഒരു മത്സരത്തിലേർപ്പെടുന്നതിനിടയായി. ഈ രാജാവ് ഇംഗ്ലണ്ടിലെ എഡ്വേർഡു ഒന്നാമനുമായി യുദ്ധത്തിലേർപ്പെട്ടിരിക്കയായിരുന്നു. ഇരുകൂട്ടരും പള്ളികൾക്ക് അനാവശ്യമായി ദുർവ്വഹമായ നികുതി ചുമത്തിയിരുന്നു. ഈ ദുർന്നയത്തിനെതിരായി മാർപ്പാപ്പാ പുറപ്പെടുത്തിയ ലേഖനം ഫിലിപ്പിനെ രോഷാകുലനാക്കി എങ്കിലും മാർപ്പാപ്പായുടെ അനുനയവൃത്തികൾ തത്കാലം ശാന്തതയുണ്ടാക്കുകയും, അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയില് തന്നെ ഫിലിപ്പും എഡ്വേർഡും സമാധാനത്തിലെത്തുകയും ചെയ്തു. ഏറെത്താമസിയാതെ ഫിലിപ്പ് വീണ്ടും സഭാസ്വത്തുക്കളിന്മേല് കയ്യേറ്റം ചെയ്തു തുടങ്ങി; മാർപ്പാപ്പാ അയച്ച പ്രതിനിധിയെ പാറാവിലടച്ചു പ. പിതാവിന്റെ അനുശാസനങ്ങളെ അയാൾ തൃണവദ്ഗണിച്ചു, അദ്ദേഹത്തില് ഗർഹണീയ പല

കുററങ്ങളും, പാഷണ്ഡതതന്നെയും പരസ്യമായി ആരോപിച്ചു. പോരാ, സൈന്യസമേതരായ രാജകിങ്കരന്മാർ തിരുമേനിയെ ചതിവില് ബന്ധനസ്ഥനുമാക്കി. ഉടനെതന്നെ രക്ഷപെട്ടെങ്കിലും, തടവില്‌വെച്ചനുഭവിച്ച പീഡകളുടെ ഫലമായി ഏതാനും ദിവസങ്ങൾക്കകം തിരുമനസ്സുകൊണ്ടു് മരണം പ്രാപിക്കയാണുണ്ടായത്.

ഫിലിപ്പിന്റെ സ്വാധീനശക്തിയുടെ ഫലമായി ഫ്റാൻസുകാരനായ ക്ലെമന്റ് അഞ്ചാമൻ 1805-ല് മാർപ്പാപ്പായായിത്തീർന്നു. ഇദ്ദേഹം റോമിലേയ്ക്കുപോകാതെ ലയൺസില്‌വെച്ച് അഭിഷിക്തനാകുകയും "അവിഞ്ഞോൻ നഗരത്തില് വാസമുറപ്പിക്കയുംചെയ്തു." ദിവംഗതനായ ബൊനിഫസ് അഷ്ടമന്റെ പ്രവൃത്തികളേയും "ടെബ്ളാഴ്സ്" സഭയേയും ഒരു പൊതുസൂനഹദോസിന്റെ പരിശോധനയ്ക്കു വിധേയമാക്കണമെന്നുള്ള രാജാവിന്റെ ശാഠ്യത്തെ മാർപ്പാപ്പായും അനുകൂലിക്കേണ്ടിവന്നു. അതനുസരിച്ച് 1312-ല് വിയന്നായില് സമ്മേളിച്ച "പതിനഞ്ചാമത്തെ സാർവ്വത്രിക സൂനഹദോസ്" ബൊനിഫസിനെ നിരപരാധിയെന്നു പ്രഖ്യാപിക്കയും, ടെബ്ളാഴ്സ് സഭയെ പിരിച്ചുവിടുകയുംചെയ്തു. ഈ സഭയോടു പ്രത്യേക വിദ്വേഷമുണ്ടായിരുന്ന ചക്രവർത്തി തദംഗങ്ങളില് പലരേയും നിഷ്കരുണം നിഗ്രഹിച്ചുകളയുകയുണ്ടായി.

ക്ലെമെന്റിന്റെ പിൻവാഴ്ചക്കാരായ അഞ്ചുമാർപ്പാപ്പാർ അവിഞ്ഞോണില്‌തന്നെ നിവസിച്ചു. 1322-ല് ജർമ്മൻ സിംഹാസനം കൈവശപ്പെടുത്തിയ ബവേറിയായിലെ ലൂയി യോഹന്നാൻ ഇരുപത്തിരണ്ടാമനോടു കലഹിച്ചുതുടങ്ങി. സഭാഭ്രഷ്ടനായ രാജാവ് സൈന്യസമേതം ഇററലിയില് പ്രവേശിക്കയും, മഹറോൻ ശിക്ഷയില്‌പെട്ട ഒരു വൈദികാദ്ധ്യക്ഷനാല് ധൃതകിരീടനായശേഷം റോമില് ഒരു എതിർപാപ്പായെ നിയമിക്കയും ചെയ്തു. റോമൻ ജനതയുടെ പ്രതിരോധംനിമിത്തം മടങ്ങിപോയ ലൂയിയുടെ ദുർന്നയങ്ങൾ ജർമ്മനിയിലും അയാൾക്കെതിരായി വിപ്ലവമുണ്ടാകുന്നതിനിടയാക്കി. നഷ്ടരാജ്യനായ അയാൾ 1347-ല് മരണം പ്രാപിച്ചു

മാർപ്പാപ്പാമാരുടെ അസാന്നിദ്ധ്യത്തില് റോമൻ കലാപങ്ങൾ അടിക്കടി വർദ്ധമാനമാകുകയത്രേ ചെയ്തതു്. അതിനാല് 1367-ല് ഉർബൻ പഞ്ചമൻ റോമിലേക്കു തിരിച്ചുപോയി. അവിടെവെച്ച് കോൺസ്റ്റാന്റിനോപ്പിൾ ചക്രവർത്തി അദ്ദേഹത്തെ സന്ദർശിച്ച് ഛിദ്രമുപേക്ഷിച്ച് വിശ്വാസപ്രഖ്യാപനം ചെയ്തു. ഏതായാലും രഷ്ട്രീയ സ്ഥിതിയുടെ പ്രാതികൂല്യം നിമിത്തം ഉർബൻ 1370-ല് അവിഞ്ഞോണിലേക്കുതന്നെ പോന്നു. എന്നാല് സിയന്നായിലെ വി. കത്രീനായുടേയും റോമൻ ജനതയുടേയും അഭ്യർത്ഥനയനുസരിച്ച് 1377-ല് ഗ്രഗരി പതിനൊന്നാമൻ ആസ്ഥാനം റോമിലേക്കുതന്നെ മാററി. ആറു കർദ്ദിനാളന്മാർമാത്രം അദ്ദേഹത്തെ അനുഗമിച്ചില്ല. താമസിയാതെ തന്നെ മരണമടഞ്ഞ പ. പിതാവ്, ഒരു ഛിദ്രമുണ്ടാകാതെ തടയാൻ വേണ്ട ഏർപ്പാടുകൾ നേരത്തെതന്നെ ചെയ്തുവുണ്ടായ

**പാശ്ചാത്യദേശത്തെ മഹാ ഛിദ്രം**— റോമൻ നിവാസികളുടെ നിർബന്ധമനുസരിച്ചും ഗ്രഗരിയുടെ നിർദ്ദേശാനുസരണവും.

'ഉർബൻ'ആറാമനെ വളരെ രിട്ടക്കത്തില് ദിനാളൻമ്മാർ തിരഞ്ഞെടുത്തു. അവിഞ്ഞോണില് താമസിച്ചിരുന്ന ഫ്രഞ്ചു കർദിനാളന്മാരും ഇതംഗീകരിച്ച് അനുസരിച്ചെങ്കിലും, ഉർബാൻെറ ഭരണത്തില് അതൃപ്തരായ ഏതാനും കർദ്ദിനാളന്മാർകൂടി "അനാഞ്ഞി"യില് വെച്ചു "ക്ലെമെൻറു സപ്തമനെ" എതിർ പാപ്പായായി വാഴിക്കയും ഉർബൻെറ തിരഞ്ഞെടുപ്പ് അസാധുവാണെന്നു പ്രഖ്യാപിക്കയുംചെയ്തു. ഇങ്ങനെയാണ് ഛിദ്രമുദ്ഭവിച്ചത്. അവിഞ്ഞോണില് വാസമുറപ്പിച്ച ക്ലെമൻറിന് ക്രിസ്തീയലോകത്തിൻെറ ഒരു നല്ല ഭാഗം വിധേയമാകാതെയുമിരുന്നില്ല.

തിരുസ്സഭാബന്ധത്തെ ശിഥിലമാക്കുന്നതും ഏററവും ദുർമാതൃകാപരവുമായ ഈ ഛിദ്രം അവസാനിപ്പിക്കുന്നതിന് പാരീസ് സർവ്വകലാശാലയാണ് പ്രധാനമായും പ്രയത്നിച്ചത്. ക്ലെമൻറു മരിച്ചപ്പോൾ എതിർ കക്ഷികൾ ബനദിക്ത് പതിമൂന്നാമനെ അവരുടെ 'പാപ്പാ'യായി നിശ്ചയിച്ചു. തന്ത്രശാലിയായ അയാൾ പ്രസിദ്ധരായ വേദശാസ്ത്രപാരംഗതന്മാരെപോലും പാർശ്വവർത്തികളാക്കുകയാല് സാക്ഷാല് മാർപ്പാപ്പായാരെന്നറിയാൻപോലും ബഹുജനങ്ങൾ വിഷമിച്ചു. ഉർബൻെറ മൂന്നാമത്തെ പിൻഗാമിയായി, പത്രോസിൻെറ സിംഹാസനത്തിൻെറ സാക്ഷാൽ അവകാശിയായിരുന്ന ഗ്രഗരി പന്ത്രണ്ടാമൻ ഒരു രഞ്ജനയുണ്ടാക്കുന്നതിനായി, എതിർസ്ഥാനി രാജിവെക്കുന്നപക്ഷം താനും അങ്ങിനെ ചെയ്യാമെന്ന് അഭിപ്രായപ്പെട്ടു. എന്നാല് ബനദിക്തിൻെറ കൌശലം നിമിത്തം അതു സംഭവിച്ചില്ല. തന്നിമിത്തം ഇരുഭാഗത്തെയും ഏതാനും കർദിനാളന്മാർ ചേർന്ന് ഒരു സൂനഹദോസ് കൂട്ടുന്നതിനും ഇരുവരേയും സ്ഥാനഭ്രഷ്ടരാക്കുന്നതിനും നിശ്ചയിച്ചു. മാർപ്പാപ്പായുടെ അംഗീകാരമില്ലാതെ 1409-ല് പീസായില്വെച്ചു ഒരു വിപുലസമ്മേളനം ഇപ്രകാരം നടത്തപ്പെട്ടു. സൂനഹദോസ് ഗ്രഗരിയേയും ബനദിക്തിനേയും സ്ഥാനഭ്രഷ്ടരാക്കിയതായി പ്രസ്താവിച്ചു!! പക്ഷെ അവക്ക് "അധികാരമെവിടെ? തന്നിമിത്തമുളവായ ഫലം കൂടുതല് വിനാശകരമായിരുന്നു, അവരാൽ നിയമിതനായി, "അലക്സാണ്ടർ പഞ്ചമൻ" എന്ന് രണ്ടാമതു് ഒരു എതിർപാപ്പാകൂടി ഉണ്ടാകമാത്രംചെയ്തു. ഈ അലക്സാണ്ടറാകട്ടെ വെറും പത്തു മാസമേ ഭരണം നടത്തിയുള്ളു, അനന്തരം ജോൺ 23-ാമൻ അദ്ദേഹത്തിൻെറ പിൻഗാമിയായി

ഛിദ്രപര്യവസാനത്തിന് അത്യാകാംക്ഷയുള്ളവനായിരുന്ന ജർമ്മൻ ചക്രവർത്തിയുടെ നിർബന്ധത്തിനു വിധേയനായി 1414 നവംബറില് "കോൺസ്റ്റൻസിൽ"വെച്ചു ജോൺ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. വിവിധ യൂറോപ്യൻ രാജ്യങ്ങളില്നിന്നും മൂന്നു പാത്രിയർക്കീസന്മാർ, 21 കർദ്ദിനാളന്മാർ,180 മെത്രാന്മാർ, 300 വേദപാരഗതന്മാർ, ഒരുനൂറില്പരം മഠാധിപതികൾ അനേകം മററു വൈദികസ്ഥാനികൾ, രാജദൂതന്മാർ മുതലായവർ ഇതില് സംബന്ധിച്ചു. സമാധാന സ്ഥാപനാർത്ഥം ലോൺ സ്ഥാനത്യാഗം ചെയ്യണമെന്ന് സൂനഹദോസ ആവശ്യപ്പെട്ടു. അങ്ങനെ ചെയ്യായ്കയാല് സമ്മേളനം അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും, മാർപ്പാപ്പായുടെമേല് പോലുമുള്ള സൂനഹദോസിൻെറ പരമാധികാരത്തെ

പ്രഖ്യാപനം ചെയ്യുകയും ചെയ്തു. കണ്ടാലും, ഒരു എതിർ പാപ്പാ അനധികൃതമായി വിളിച്ചുകൂട്ടിയ സമ്മേളനം അയാളെത്തന്നെ സ്ഥാനഭ്രഷ്ടനാക്കി!! അധികാരമില്ലാത്ത യോഗം അധികാരമില്ലാത്ത അതിന്റെ തലവനെ ശപിച്ചു!! സാക്ഷാല് മാർപ്പാപ്പായായ ഗ്രഗരിയാകട്ടെ, അദ്ദേഹത്തിന്റെ അധികാരത്തെ സൂനഹദോസ് അംഗീകരിക്കയും, അദ്ദേഹത്താല് നൈയാമികമായി നിമന്ത്രണം ചെയ്യപ്പെട്ടതായി കൌൺസില് കരുതപ്പെടുകയും ചെയ്യാമെങ്കില് സ്ഥാനം രാജിവെച്ചാക്കാമെന്നു സമ്മതിച്ചു. അതനുസരിച്ച് 1415 ജൂലൈ 14-ാംതീയതി കൌൺസില് സമ്മേളിപ്പിക്കുന്നതിനായി അദ്ദേഹം ഒരു കല്പന പുറപ്പെടുവിക്കുകയും യഥാവസരം സ്ഥാനത്യാഗം ചെയ്യുകയുംചെയ്തു. ഗ്രഗരിയുടെ അംഗീകാരം അതിനു സിദ്ധിച്ചപ്പോൾ സമ്മേളനം തിരുസ്സഭയുടെ "പതിനാറാമത് സാർവ്വത്രിക സൂനഹദോസായി ഗണിക്കപ്പെട്ടു. ബനഡിക്ട് 13-ാമനും ഭ്രഷ്ടനായി. അനന്തരം രണ്ടുകൊല്ലത്തോളം തിരുസിംഹാസനം ശൂന്യമായിരുന്നു. അവസാനം 1417 നവംബർ 11-ാം തീയതി "മാർട്ടിൻ പഞ്ചമനെ" കാനോനികമായി തിരഞ്ഞെടുത്തു; അങ്ങിനെ ഛിദ്രവും അവസാനിച്ചു.

1431-ല് "ബേസ്ലെ" നഗരത്തില് വെച്ച് ഒരു സൂനഹദോസ് കൂടുന്നതിന് മാർട്ടിൻവേണ്ട ഏർപ്പാടുകൾ ചെയ്തു. എന്നാല് നിശ്ചിതദിവസത്തിനു തലേനാൾ അദ്ദേഹം ദിവംഗതനായി. പിൻഗാമിയായ യൂജിനസ് ചതുർത്ഥൻ മാർട്ടിന്റെ അഭിലാഷമനുസരിച്ചു തന്നെ പ്രവർത്തിച്ചു. എന്നാല് "ബേസ്ലെ"യില് വളരെ കുറച്ചു മെത്രാന്മാർ മാത്രമേ സന്നിഹിതരായുള്ളു. അതിനാല് കൌൺസില് പിരിച്ചുവിട്ടിരിക്കുന്നതായി പ. പിതാവ് പ്രഖ്യാപിച്ചെങ്കിലും അവിടെക്കൂടിയിരുന്ന ഏതാനും പേർ അദ്ദേഹത്തിന്റെ അധികാരം ധിക്കരിച്ചുകൊണ്ട് സമ്മേളനം തുടർന്നു. രഞ്ജനാർത്ഥം തിരുമനസ്സുകൊണ്ടു ചെയ്ത ശ്രമങ്ങൾ വിഫലങ്ങളായി. ഈ അവസരത്തില് തന്നെ ഇറ്റാലിയൻ രാജാക്കന്മാരും റോമൻ ജനങ്ങളും പേപ്പല് രാജ്യത്തെ അക്രമിക്കുവാൻ തുടങ്ങുകയാല് മാർപ്പാപ്പാ "ഫ്ലോറൻസി,,ലേയ്ക്കു ഓടി രക്ഷപെടേണ്ടിവന്നു. വീണ്ടും ജർമ്മൻചക്രവർത്തിയുടെ പ്രേരണപ്രകാരം സഭാതലവന്റെ നിർദ്ദേശങ്ങൾക്കു കീഴ്വഴങ്ങുകയാല് 1434 ഫെബ്രുവരി 5-ാംനു മുതല് കൌൺസില് മാർപ്പാപ്പായുടെ പ്രതിനിധിയുടെ അദ്ധ്യക്ഷത്തില് നടത്തപ്പെട്ടു. 1437 മെയ് ഏഴാം തീയതിവരെ സമാധാനപരമായി തുടർന്ന കൌൺസില് പാഷണ്ഡതാനാശത്തിനും, ക്രിസ്ത്യരാജാക്കന്മാരുടെ രഞ്ജിപ്പിനും, വിശ്വാസികളുടെ സന്മാർഗ്ഗോന്നതിക്കും ആവശ്യമായ നിയമങ്ങൾ നിർമ്മിച്ചു.

വീണ്ടും അന്തഃഛിദ്രങ്ങൾ ഉത്ഭവിക്കാതിരുന്നില്ല. സൂനഹദോസിനു മാർപ്പാപ്പായുടെ മേലും അധികാരമുണ്ടെന്ന് ഒരിക്കല് കൂടി അവർ ജല്പിച്ചു!! മാർപ്പാപ്പായാകട്ടെ സമ്മേളനം പിരിച്ചുവിട്ട്, "ഫെറാറാ" നഗരത്തില് കൂടുന്നതിനു് ആജ്ഞാപിക്കയാണുണ്ടായത്. ഭൂരിപക്ഷം അംഗങ്ങളും അതനുസരിച്ചെങ്കിലും ഏതാനും പേർ അവിടെത്തന്നെ എതിർത്തുനിന്നു! അവർ യൂജിനസിനെ സ്ഥാനഭ്രഷ്ടനാക്കി "ഫെലിക്സ് പഞ്ച

മൻ" എന്നൊരു എതിർപാപ്പായെ വാഴിച്ചു! അവസാനത്തെ എതിർപാപ്പായായ ഇദ്ദേഹം 1451-ല് മരണമടഞ്ഞു.

1438 ജനുവരിയില് ഫെറാറാസൂനഹദോസ് ആരംഭിച്ചു. ഗ്രീക്കസഭയുടെ പുനരൈക്യമായിരുന്നു ഈ സമ്മേളനത്തിൻെറ പ്രധാനോദ്ദേശ്യം. ചക്രവത്തി, പാത്രിയക്കീസ്, മെത്രാന്മാർ തുടങ്ങി 700 ഗ്രീക്കകാർ ഇതില് സംബന്ധിച്ചു. ഫെറാറാ നഗരം പ്ലേഗുബാധയ്ക്കു വിധേയമായതിനാല് പതിനഞ്ചുസമ്മേളനം കഴിഞ്ഞപ്പോൾ സൂനഹദോസ് "ഫ്ലോറൻസി"ലേയ്ക്കു മാറേണ്ടിവന്നു (1439). പിതാവില് നിന്നും, പുത്രനില്നിന്നും ഉള്ള പരിശുദ്ധാത്മാവിൻെറ പുറപ്പാടിനേയും, ശുദ്ധീകരണസ്ഥലത്തിൻെറ അസ്തിത്വത്തേയും, സ്വർഗ്ഗത്തിലെ ദൈവദർശനത്തേയും, മാർപ്പാപ്പായുടെ പരമാധികാരത്തേയും സുദീർഘവും, അവഗാഢവുമായ പരിശോധനയ്ക്കും വാദപ്രതിവാദങ്ങൾക്കും ശേഷം സൂനഹദോസ് അവത്തിച്ചു സ്ഥാപിക്കയും ഗ്രീക്കകാർ ഇവയെല്ലാം ഏറ്റുപറഞ്ഞ് സത്യസഭയോടു യോജിക്കയും ചെയ്തു. എന്നാല് താമസംവിനാ, ഗ്രീക്കജനതയുടെ ദുഷ്ടബുദ്ധിയും, ചില വൈദികാധികാരികളുടെ കുതന്ത്രങ്ങളും നിമിത്തം പുനരൈക്യം ശിഥിലമായിപ്പോയി. നാം മുൻപു കണ്ടതുപോലെ മഹമ്മദീയാക്രമണം അവരുടെ നാശത്തിനു മകുടംചാത്തി. 1443-ല് സൂനഹദോസ് വീണ്ടും റോമിലേയ്ക്കു മാററപ്പെട്ടു. 1445 ഒക്ടോബർ 25-ാംനു- അതു ഉപസംഹൃതമാകുന്നതിനകം പൌരസ്ത്യ പാഷണ്ഡസഭകൾ പലതും തിരുസ്സഭയോടു് പുനരൈക്യപ്പെടുകയുണ്ടായി. കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങളെ സമ്യക്കായി പ്രകാശിപ്പിക്കുന്ന ഒരു ലേഖനം ഈ സഭകൾക്കായി യൂജിനോസ് തിരുമേനി അയക്കുകയും ചെയ്തു. ഇതു തിരുസ്സഭയിലെ "പതിനേഴാമത്തെ"സൂനഹദോസാണ്.

"ബാസ്ലേ" കൌൺസിലും പ. പിതാവുമായി അഭിപ്രായവ്യത്യാസത്തിലിരിക്കുമ്പോൾ ഫ്റാൻസിലേയും ജമ്മനിയിലേയും രാജാക്കന്മാർ നിഷ്പക്ഷനയമവലംബിക്കുകയത്രേ ചെയ്തതു്. ഇരുകൂട്ടക്കും ബസിൽസമ്മേളനത്തോടാണ് അല്പം ആനുകൂല്യമുണ്ടായിരുന്നതു് എന്നുതന്നെ പറയാം. എതിർപാപ്പായായ ഫെലിക്സിനേയും അദ്ദേഹത്തിൻെറ പാർശ്വവത്തികളായ രണ്ടു മെത്രാന്മാരെയും യൂജിനോസ് മഹറോൻ ചൊല്ലുകയാല് ജമ്മനിയിലാകെ വലിയ ക്ഷോഭമുളവായി. ഏതായാലും ഭാഗ്യവശാല് മാർപ്പാപ്പായും ജമ്മൻ ഭരണാധികാരികളും തമ്മില് 1447-ല് "രാജാക്കന്മാരുടെ സന്ധി" എന്നറിയപ്പെടുന്ന സഖ്യത്തിലേർപ്പെടുകയും അങ്ങിനെ പ. പിതാവിൻെറ പരമാധികാരത്തിന് അവർ വിധേയരാവുകയും ചെയ്തു. യൂജിനോസിൻെറ പിൻഗാമിയായ നിക്കളോസ് അഞ്ചാമൻ, ജമ്മൻ ചക്രവത്തിയുമായി ചെയ്ത "വിയന്നായിലെ സന്ധി" ഐക്യത്തില് പലപടി മുന്നോട്ടു കടക്കുന്നതിനും ഇടയാക്കി. ഈ നിക്കളോസ് മാർപ്പാപ്പായാണ് പ്രസിദ്ധമായ വത്തിക്കാൻ ഗ്രന്ഥാലയത്തിൻെറ സ്ഥാപകൻ. നിക്കളോസും പിൻവാഴ്ചക്കാരും പൌരസ്ത്യസാമ്രാജ്യത്തിൻെറ വിമോചനാത്ഥം ചെയ്ത ശ്രമങ്ങൾ, പാശ്ചാത്യരാജാക്കന്മാരുടെ സഹകരണ ലാഘവം നിമിത്തം വിജയമടഞ്ഞില്ല.

മദ്ധ്യയുഗങ്ങളിലെ അവസാന പാപ്പാമാരില് ഇന്നസെൻറ് എട്ടാമനും അലക്സാണ്ടർ ആറാമനും അവരുടെ ഉന്നതമായ സ്ഥാനത്തിന് അനർഹരായിരുന്നുവെന്നുവേണം പറയുവാൻ. 1492-ല് ഭരണം കയ്യേററ അലക്സാണ്ടറിന് തിരുസിംഹാസനം പ്രാപിക്കുന്നതിനു മുൻപ് കുലീനയായ ഒരു റോമൻ വനിതയില് നാലു സന്താനങ്ങൾ ഉണ്ടായിരുന്നു!! കൈക്കൂലിയുടെ ബലംകൊണ്ടുമാത്രം അദ്ദേഹം ശ്ലൈഹികസിംഹാസനം കരസ്ഥമാക്കിയതു്. സമർത്ഥനായ ഒരു ഭരണാധിപനായിരുന്നെങ്കിലും ഒരു മാർപ്പാപ്പായുടെ ജീവിതവിശുദ്ധി അലക്സാണ്ടറിനില്ലാതെപോയി. അദ്ദേഹത്തിൻെറ സന്താനങ്ങൾക്ക് വൈദികവും ലൌകികവുമായ അനേക മഹത്സ്ഥാനങ്ങൾ മാർപ്പാപ്പാ ദാനംചെയ്തത്രെ. പേപ്പല് രാജ്യം അലക്സാണ്ടർ ശത്രുബാധയില്നിന്നു മോചിപ്പിച്ചു് ബലിഷ്ഠമാക്കി. അദ്ദേഹത്തിൻെറ സ്വഭാവം എത്രതന്നെ വഷളമായിരുന്നുകൊള്ളട്ടെ, വിശ്വാസസന്മാർഗ്ഗങ്ങൾക്കു വിരുദ്ധമായി അദ്ദേഹം ഒന്നും പഠിപ്പിച്ചിട്ടില്ലെന്നുതന്നെയല്ല, അവയ്ക്കെതിരായ ഗ്രന്ഥങ്ങൾ പ്രചാരപ്പെടാതിരിക്കുന്നതിനാവശ്യമായ നടപടികൾപോലും അദ്ദേഹം സ്വീകരിച്ചു എന്നുള്ളതു് തികച്ചും ശ്രദ്ധേയമാണ്. അലക്സാണ്ടറിൻെറ രണ്ടാമത്തെ പിൻഗാമിയായ ജൂലിയസ് രണ്ടാമൻ ഫ്രാൻസുരാജാവിനെതിരായി കൈക്കൊണ്ട നടപടി, തദ്ദേശീയ വൈദികാധികാരികൾ 1171-ല് പീസായില്വെച്ചു് മാർപ്പാപ്പാക്കെതിരായി ഒരു സൂനഹദോസുകൂട്ടുന്നതിനിടയാക്കി. പക്ഷെ ഇതു് വേഗംതന്നെ ശിഥിലമായി. എങ്കിലും ഇതുനിമിത്തമുണ്ടായ കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് 1512-ല് ലാത്തെറനില്വെച്ചു് "പതിനെട്ടാമത്തെ പൊതുസൂനഹദോസ്" നടത്തേണ്ടിവന്നു. പീസാ സമ്മേളനത്തിൻെറ തീരുമാനങ്ങളെ ശപിച്ചശേഷം, ക്രിസ്തീയ രാജാക്കൾ തമ്മിലുള്ള സമാധാനത്തിനും, തിരുസ്സഭയുടെ ഭരണാധികാരികളുടേയും വിശ്വാസികളുടേയും സംസ്കരണത്തിനും, അവശ്യമായ നിയമങ്ങൾ പാസ്സാക്കി. മാർപ്പാപ്പാക്കു് സകല സൂനഹദോസുകളുടെയും മേലുള്ള അധികാരം ഒരിക്കല്കൂടി വ്യക്തമായി നിർവ്വചിക്കപ്പെട്ടു: 1517-ല് ലെയോപത്താമൻെറ കാലത്തത്രെ സൂനഹദോസ് അവസാനിച്ചതു്.

## XIII. കുരിശുയുദ്ധങ്ങൾ.

ദിവ്യരക്ഷകൻെറ സാന്നിദ്ധ്യത്താലും അത്ഭുതങ്ങളാലും പരിശുദ്ധമാക്കപ്പെട്ട രംഗങ്ങളിലേയ്ക്കു് ആദിമകാലം മുതൽക്കേ വിശ്വാസികൾ തീർത്ഥയാത്ര കഴിക്കുക പതിവായിരുന്നു. വി. കുരിശും, പ്രേതാലയവും കണ്ടുപിടിക്കുകയും അവിടങ്ങളില് മനോഹര ദേവാലയങ്ങൾ നിർമ്മിക്കുകയും ചെയ്തതോടുകൂടി ഈ ആചാരം പൂർവ്വാധികം പ്രവൃദ്ധമായി. എന്നാൽ കാലാന്തരത്തില് ഈ വിശുദ്ധ സ്ഥലങ്ങൾ തുർക്കികളുടെ അധീനത്തിലാകുകയാല്, അവർ തദ്ദേശവാസികളും തീർത്ഥയാത്രക്കാരുമായ ക്രിസ്ത്യാനികളെ നിഷ്ഠുരണം പീഡിപ്പിക്കുകയും ദേവാലയങ്ങൾ നശിപ്പിച്ചുകളകയും ചെയ്തു. ഈ ദുരവസ്ഥയ്ക്കു് ഒരു വിരാമമിട്ടു് ക്രിസ്തീയ പുണ്യഭൂമിയെ അവിശ്വാസി

കളില് നിന്നും മോചിപ്പിക്കുന്നതിനുള്ള ഒരു സംഘടിതശ്രമം രണ്ടാം മത്തെ ഉർബൻ മാർപ്പാപ്പായുടെ കാലത്തേ സഫലമായുള്ളു.

1. ഒരു പടയാളിയായിരുന്നശേഷം സന്യസ്ത വൈദികനായിത്തീർന്ന അമിയൻസിലെ പീററർ 1093-ല് ജറുസലേമിലേയ്ക്കു് ഒരു തീർത്ഥയാത്ര കഴിച്ചു. അവിടത്തെ സഹോദരങ്ങളുടെ ദയനീയാവസ്ഥയെ നേത്രങ്ങൾകൊണ്ടു ദർശിച്ച പീററിൻെറ ഹൃദയം വ്യസനഭാരത്താൽ തകർന്നുപോയി. മടങ്ങിവന്നു് മാർപ്പാപ്പായെ അദ്ദേഹം വിവരമറിയിക്കുകയും സൈനിക പ്രവർത്തനം കാര്യസിദ്ധിക്ക് ആവശ്യകമാണെന്നു് ഉദ്ബോധിപ്പിക്കുകയും ചെയ്തു. പ. പിതാവിൻെറ അനുമതിയോടുകൂടി പാശ്ചാത്യ ക്രിസ്ത്യാനികളെ ആയോധനാർത്ഥം നിമന്ത്രണം ചെയ്യാൻ അദ്ദേഹം ഒരു പര്യടനം നടത്തി 1095-ലെ ക്ലെർമൻറ് സൂനഹദോസില്‌വെച്ചു് മാർപ്പാപ്പാ ചെയ്ത ഉത്തേജകമായ പ്രസംഗം കേട്ടവിശ്വാസികൾ, “ഇതു് ദൈവമിച്ഛിരിക്കുന്നു!!” എന്നു് ഉദ്ഘോഷിച്ചു. മത്സരങ്ങളും യുദ്ധങ്ങളും പരിത്യജിച്ചിട്ടു് പാശ്ചാത്യക്രിസ്ത്യാനികൾ ഏകമനസ്സോടെ സമരത്തിനൊരുങ്ങി. യോദ്ധാക്കൾ ചുവന്ന തുണികൊണ്ടു് കുരിശുണ്ടാക്കി തോളില് ധരിച്ചു. സൈനിക പരിശീലനത്തിനു് അക്ഷമരായിരുന്ന ഒരു വലിയ സംഘം വേണ്ട ആയുധങ്ങൾ കൂടാതെ ധൃതഗതിയില് മുന്നോട്ടുപോയി അർഹമായ നാശത്തിന്നിരയായിബ്ഭവിച്ചു.

യൂറോപ്പിലെ പ്രധാന രാജാക്കന്മാരാരും ഈ പ്രഥമസംരംഭത്തില് പ്രത്യക്ഷമായി ഏർപ്പെട്ടകയുണ്ടായില്ല; എന്നാല് അവരുടെ സാമന്തന്മാരും ഇടപ്രഭുക്കന്മാരുമത്രേ അതിനു സോത്സാഹം മുന്നോട്ടു വന്നതു്. അഞ്ചുലക്ഷത്തില് പരം യുദ്ധവീരന്മാർ ബോയില്ലണിലെ ഗോഡ്ഫ്റേയുടെ നേതൃത്വത്തില് കിഴക്കോട്ടു തിരിച്ചു. ഡൊറീലയത്തുവെച്ചു് ടർക്കിഷ്‌സൈന്യം നിശ്ശേഷം പരാജിതരായി. 1098-ല് അന്തോക്യയും, അടുത്തവർഷം തന്നെ ജറുസലേമും ക്രിസ്ത്യാനികൾക്കധീനമായി. സമാധാനം സംസ്ഥാപിച്ചശേഷം സൈനികർ, നമ്മുടെ കർത്താവിൻെറ കഷ്ടാനുഭവരംഗങ്ങൾ, നിഷ്പാദുകരായി നടന്നു സന്ദർശിച്ചു. എട്ടുദിവസങ്ങൾക്കുശേഷം ഗോഡ്ഫ്റേ പലസ്തീനാ രാജാവായി തിരഞ്ഞെടുക്കപ്പെട്ടു. ഒരു സുവർണ്ണകിരീടം സമ്മാനിക്കപ്പെട്ടപ്പോൾ. “രാജാക്കന്മാരുടെ രാജാവു് മുൾക്കിരീടം ധരിപ്പിക്കപ്പെട്ട സ്ഥലത്തു് ഞാൻ സ്വർണ്ണമകുടം ധരിക്കാൻ ദൈവമിടയാക്കാതിരിക്കട്ടെ” എന്നു് വിനീതനായ ആ ഭക്താത്മാവു് പ്രസ്താവിക്കയും “ദിവ്യശ്രേഷ്ഠാലയത്തിൻെറ സംരക്ഷകൻ” എന്ന അഭിധാനം സ്വയം സ്വീകരിക്കയും ചെയ്തു. 1100 ജൂലായ് 18-ാംനു- ഗോഡ്ഫ്റേ മരണമടഞ്ഞു. അതിനുശേഷം അദ്ദേഹത്തിൻെറ സോദരനായ ബാൽഡ്വിൻ ഒന്നാമനും, അനന്തരം ബാൽഡ്വിൻ രണ്ടാമനും അവിടെ ഭരണം നടത്തി. 1187-ല് സലാഡിൻ വീണ്ടും ജറുസലേം കീഴ്പെടുത്തിയതോടെ ആ വംശക്കാരുടെ ഭരണവും സമാപിച്ചു.

2. മഹത്തായ എല്ലാ പ്രസ്ഥാനങ്ങളേയും പോലെതന്നെ കുരിശുയുദ്ധങ്ങളും അവയുടെ ഉന്നതാദർശങ്ങളില്‌നിന്നും അധഃപതിച്ചു. പില്കാലത്തു് ലൌകികലാഭേച്ഛയും അവയ്ക്കു പ്രേരകങ്ങളായി. ഭടന്മാരാ

കട്ടെ സമരാസക്തിയില് വ്യക്തിവിശുദ്ധി വിസ്മരിച്ചു. ഇക്കാരണങ്ങളാല് അനന്തരയുദ്ധങ്ങൾകൊണ്ടു് കാര്യമായ ഫലമൊന്നുമുണ്ടായില്ല. 1144-ല് മഹമ്മദീയർ എദേസ്സാ ആക്രമിച്ചു കീഴടക്കി. ജറുസലേമിലെ രാജാവു് പാശ്ചാത്യരുടെ സഹായമഭ്യർത്ഥിച്ചപ്പോൾ, മൂന്നാമത്തെ യൂജിനോസ് മാർപ്പാപ്പാ രണ്ടാമത്തും ഒരു കുരിശുയുദ്ധം ചെയ്യുന്നതിനുവേണ്ടി ജനങ്ങളെ പ്രേരിപ്പിക്കാൻ വി. ബർണാർദിനോടാവശ്യപ്പെട്ടു. വശ്യവചസ്സായ വിശുദ്ധന്റെ പ്രസംഗങ്ങൾ ക്രിസ്തീയ ജനതയെ പുളകംകൊള്ളിച്ചു. ഫ്രാൻസുരാജാവായ ലൂയി സപ്തമനും, ജർമ്മൻ ചക്രവർത്തിയായ കോൺറാഡ് തൃതീയനും വിപുലമായ ഒരു സേനയോടുകൂടി ശത്രുക്കളുടെ നേരെ പുറപ്പെട്ടു. എന്നാല് ഗ്രീക്കുകാരുടെ വഞ്ചനയും, സ്വന്ത നീചവൃത്തികളും നിമിത്തം സൈന്യം മിക്കവാറും ചത്തൊടുങ്ങി. ശേഷിച്ചവർ ഡമാസ്കസു പിടിച്ചടക്കാൻ ശ്രമിച്ചെങ്കിലും പരാജിതരാവുകയത്രേ ചെയ്തതു്. 1149-ല് ബാക്കിയുണ്ടായിരുന്നവർ ഭഗ്നാശരായി തിരിച്ചുപോന്നു. പൌരാണികരായ ഇസ്രായേല്ക്കാരെ പോലെ തന്നെ, ഈ സൈന്യങ്ങളും അവരുടെ അക്രമങ്ങൾ മൂലം വാഗ്ദത്തഭൂമിക്കു് അനർഹരായിത്തീരുകയാണുണ്ടായതു്.

3. ഈജിപ്തിലെ സുല്ത്താനായ സലാഡിൻ പലസ്തീൻ ക്രിസ്ത്യാനികളെ തോല്പിച്ചു് വി. കുരിശു തട്ടിയെടുക്കുകയും 1187-ല് ജറുസലേം സ്വാധീനമാക്കുകയുംചെയ്തു. പരസ്പരം യുദ്ധത്തിലേർപ്പെട്ടിരുന്ന ഫ്രാൻസിലെ ഫിലിപ്പ് അഗസ്റ്റസും, ഇംഗ്ലണ്ടിലെ “സിംഹഹൃത്താ”യ റിച്ചാർഡും യോജിച്ചു് ജർമ്മൻ ചക്രവർത്തിയായ ഫ്രെഡറിക്ക് ബാർബറോസായുടെ കീഴ്ല് ഒരു വമ്പിച്ച സൈന്യത്തോടുകൂടി മൂന്നാമത്തെ കുരിശുയുദ്ധത്തിനായി തിരിച്ചു. പല സമരമുഖങ്ങളില് വെച്ചു് തുർക്കികളെ തോല്പിച്ചെങ്കിലും ചക്രവർത്തി നിർഭാഗ്യവശാല് മുങ്ങി മരിച്ചുപോയി. എങ്കിലും യുദ്ധം തുടർന്നു് 1191-ല് ‘അക്രെ’ പട്ടണം അവർ പിടിച്ചടക്കി. തന്നെയല്ല വി. കുരിശു് തിരിച്ചെടുക്കുകയുംചെയ്തു. രാജാക്കന്മാർ തമ്മിലുണ്ടായ സൌന്ദര്യപ്പിണക്കംനിമിത്തം ഫിലിപ്പ് വിനാവിളംബം മടങ്ങിപ്പോന്നു. റിച്ചാർഡാകട്ടെ സുല്ത്താനുമായി ഒരു ഉടമ്പടിമൂലം വിശുദ്ധ സ്ഥലത്തേക്കുള്ള ക്രിസ്ത്യാനികളുടെ പ്രവേശനത്തെ സുരക്ഷിതമാക്കി.

4. തൃതീയസമരത്തിൽ പ്രയോജനരഹിതമായ അവസാനം നാലാമത്തും ഒരു കുരിശുയുദ്ധം നടത്തുന്നതിനു് ക്രിസ്ത്യാനികളെ പ്രേരിപ്പിച്ചു. സിംഹഭാഗവും ഫ്രാൻസുകാരായിരുന്ന ഭടന്മാർ ഫ്ളാൻഡേഴ്സിലെ ബാൽഡ്വിന്റേയും, മോൺഫെറാറ്റിലെ ബോനിഫാസിന്റേയും നേതൃത്വമാണു് ഇത്തവണ അവലംബിച്ചതു്. സൈന്യങ്ങൾ യാത്രാമദ്ധ്യേ വെനീസിലെത്തി. അപ്പോൾ പൌരസ്ത്യചക്രവർത്തിയുടെ പുത്രനായ അലക്സിസ്, സ്വപിതാവിനെ അന്ധനാക്കി രാജ്യമപഹരിച്ച പിതൃവ്യനില് നിന്നും സിംഹാസനം ലഭിച്ചുകൊടുക്കണമെന്നു് അവരോടു പ്രാർത്ഥിച്ചു. അവർ അപ്രകാരം ചെയ്തെങ്കിലും ഗ്രീക്കുകാരുടെ പ്രക്ഷോഭണം നിമിത്തം അവരെ അമർച്ചവരുത്തി ബാൽഡ്വിന്റെ കീഴില് അവിടെ ഒരു ലത്തീൻ സാമ്രാജ്യം സ്ഥാപിക്കയാണുണ്ടായതു്. 1261-ല് ഗ്രീക്കുകാർ രാജ്യം വീണ്ടെടുക്കുന്നതുവരെ പാശ്ചാത്യചക്രവർത്തിമാർ ഭരണം നടത്തി. ഇത്തവ

ണത്തെ സമരം അതിന്റെ പ്രഥമോദ്ദേശ്യം വിസ്മരിച്ചുവെന്നുമാത്രമല്ല ഗ്രീക്കുകാരുടെ സഭയുമായുള്ള അകല്ച വര്ദ്ധിപ്പിക്കുകൂടിചെയ്യാതിരുന്നില്ല.

1212-ല് ഇന്നസെന്റു ത്രിതീയൻ മാർപ്പാപ്പായുടെ കാലത്തു് അനേകായിരം ബാലന്മാർ പ്രാർത്ഥനാഗീതങ്ങളാലപിച്ചുകൊണ്ടു് പുണ്യഭൂമിയുടെ മോചനാർത്ഥം അവിടേയ്ക്കു ഒരു തീർത്ഥയാത്ര കഴിച്ചു. പൈദാഹങ്ങൾ അനുഭവിച്ചു മരണമടഞ്ഞവരൊഴികെയുണ്ടായിരുന്നവർ മഹമ്മദീയരുടെ അടിമകളായി പിടിക്കപ്പെടുകയത്രേ ചെയ്തതു്? ഇതാണു് "ശിശുക്കളുടെ ക്രൂശുയുദ്ധം" എന്നറിയപ്പെടുന്നതു്.

5. ഹംഗറിരാജാവായ അന്ത്രയോസ് ദ്വിതീയനാല് നീതമായ അഞ്ചാമത്തെ ക്രൂശുയുദ്ധം 1217-ല് ഉദ്ഘാടനംചെയ്തതു് മൂന്നാമത്തെ ഒണോറിയൂസ് മാർപ്പാപ്പായാണ്. ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായ ഭിന്നതമൂലം അന്ത്രയോസ് പലസ്തീനായിലെത്തിയശേഷം തിരിച്ചുപോന്നു. പിന്നീടു് അസ്ത്രിയായിലെ ലെയോപോൾഡിന്റെ കീഴില് ക്രിസ്തീയ യോദ്ധാക്കൾ ദാമിയെത്തി പിടിച്ചടക്കി. താമസിയാതെതന്നെ അതും നഷ്ടപ്പെടുകയില് ക്രിസ്ത്യാനികൾ ലജ്ജിച്ചു മടങ്ങേണ്ടിവന്നു.

6. മഹറോൻ ശാപത്തില്പെട്ടിരുന്ന ജർമ്മൻ ചക്രവർത്തിയായ ഫ്രഡറിക്ക ദ്വിതീയൻ ഒരു വ്രതം നിറവേറ്റുന്നതിനായി 1228-ല് ആറാമത്തെ ക്രൂശുയുദ്ധത്തിനു പുറപ്പെട്ടു. ഇക്കിസുല്ത്താനുമായി ഒരുടമ്പടിയിലേർപ്പെട്ടതുമൂലം കുറെക്കാലത്തേയ്ക്കു ക്രിസ്ത്യാനികൾക്കു് നിർബാധം ജറുസലേമില് പ്രവേശിക്കാൻ കഴിഞ്ഞു. അഹങ്കാരിയായ ഈ സാമ്റാട്ടു് വി. പ്രേതാലയത്തിന്റെ ദേവാലയത്തില്വെച്ചു സ്വയം ജറുസലേം രാജാവായി കിരീടം ധരിച്ചു!! എന്നാല് രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ഇടഞ്ഞി സാരസന്മാർ ദിവ്യനഗരത്തെ കൊള്ളയിടുകയും ക്രിസ്ത്യാനികളെ വധിക്കയുംചെയ്തു. 1244 മുതല് ജറുസലേം പരിപൂർണ്ണമായും അവിശ്വാസികളുടെ കൈവശത്തിലായി.

7. പുണ്യഭൂമിയുടെ ദയനീയാവസ്ഥ വീണ്ടും ഒരു സമരം പ്രഖ്യാപനം ചെയ്യുന്നതിന് ഇന്നസെന്റു നാലാമനെ പ്രേരിപ്പിച്ചു. ഫ്രഞ്ചു രാജാവായ 'ലൂയിനവമൻ' ഒരു വമ്പിച്ച സേനയോടുകൂടി, പലസ്തീനായുടെ അധിപനായിരുന്ന ഈജിപ്തിലെ സുല്ത്താനോടു പൊരുതാൻവേണ്ടി 1149-ല് ഈജിപ്തിലേയ്ക്കുതന്നെ തിരിച്ചു. ദാമിയെത്താ നഗരം നിഷ്പ്രസം കീഴടക്കി, എന്നാൽ കയ്റോയിലെ അവരോധം നിശ്ശേഷം പരാജിതമായെന്നു തന്നെയല്ല രാജാവു് സൈന്യസമേതം ശത്രുവിനു് കീഴടങ്ങേണ്ടതായും വന്നുകൂടി. പകർച്ചവ്യാധികൾക്കിരയായി അനേകം ഭടന്മാർ മരണമടഞ്ഞു. ഒരു ഭീമമായ സംഖ്യ പണംകൊടുത്തു് സ്വതന്ത്രനായ ഭൂപതി, പലസ്തീനായിലേക്കു ഒരു തീർത്ഥയാത്ര കഴിക്കയും, ആക്രേ മുതലായ പട്ടണങ്ങൾ നിരോധക്ഷമങ്ങളാക്കിയശേഷം സ്വരാജ്യത്തേയ്ക്കു പ്രത്യാഗമിക്കയും ചെയ്തു.

8. പലസ്തീനാ നിവാസികളായ ക്രിസ്ത്യാനികൾ അനുഭവിച്ച ദാരുണപീഡകളുടെ വാർത്ത 1270-ല് ഒരു സമരംകൂടി ചെയ്യുന്നതിനു് ലൂയിയെ പ്രേരിപ്പിച്ചു. ആയോധന ചതുരരായ അറുപതിനായിരം ഭടന്മാ

രോട്ടുകൂടി ലൂയി അന്ത്യം ആക്രമിച്ചത് ട്യൂണിസ്സാണ്. ശത്രുക്കൾ ഭയവിഹ്വലരായി; എന്നാല് പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടു; ഭടന്മാർ കൂട്ടംകൂട്ടമായി ചത്തുവീണു. രാജാവുതന്നെയും ദീനത്തിനടിപെട്ടു. മരണാസന്നനായപ്പോൾ അദ്ദേഹത്തിൻെറ അഗ്രഹാനുസരണം സേവകർ രാജാവിനെ ചാരത്തില് കിടത്തി. "കർത്താവേ. ഞാൻ അങ്ങേ ഭവനത്തില് വരും; അങ്ങേ കൂടാരത്തില് അങ്ങേ ഞാൻ ആരാധിക്കും" എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം ആത്മാവിനെ ദൈവതൃക്കരങ്ങളില് സമർപ്പിച്ചു. ലൂയിയുടെ പുത്രനായ ഫിലിപ്പ് ത്രിദീയൻ സുല്ത്താനുമായി ഒരുടമ്പടി ചെയ്തുശേഷം തിരിച്ചുപോന്നു. ബോനിഫസ് അഷ്ടമൻ ലൂയിയെ പുണ്യവാന്മാരുടെ ഗണത്തില് ചേർക്കയുണ്ടായി.

ആദ്യത്തെ ഒരെണ്ണമൊഴിച്ചാല് കുരിശുയുദ്ധങ്ങൾ അവയുടെ പരമോദ്ദേശ്യം സാധിച്ചില്ല എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. എന്നാല് ഇവകൊണ്ട് പരോക്ഷമായ പല മഹനീയ ഫലങ്ങളുമുളവായിട്ടുണ്ടു. ക്ഷയോന്മുഖമായിരുന്ന വിശ്വാസവും മതതീക്ഷ്ണതയും അവ ക്രിസ്ത്യാനികളില് ഉത്ഭവിപ്പിച്ചു. തന്നെയുമല്ല, പരസ്പര വിനാശത്തിനു കച്ചകെട്ടിയിരുന്ന പാശ്ചാത്യ ഭരണാധികാരികൾ ക്രിസ്തീയ സ്നേഹത്തില് യോജിക്കയും, വിപ്ലവബുദ്ധികളായ ജനങ്ങൾ അവരോടു സഹകരിച്ചുകൊണ്ട് അവരുടെ സമരവൈദഗ്ദ്ധ്യം ഒരു ദിവ്യമായ കാര്യസാദ്ധ്യത്തിനുവേണ്ടി നിയോഗിക്കയും ചെയ്തു. ഇപ്രകാരം ക്രിസ്തീയ യൂറോപ്പ് ഒരു കുടുംബമെന്ന നിലയില് അക്കാലങ്ങളിൽ വർത്തിക്കുന്നതിനിടയായി. അന്യഥാ ക്രസ്തീയ യൂറോപ്പിലേയ്ക്കു പ്രവഹിക്കുമായിരുന്ന മഹമ്മദീയരുടെ ആക്രമണസിന്ധു ക്രൈസ്തവ വിന്ധ്യദർശനത്തില് വ്യതിചലിക്കയത്രെ ചെയ്തതു്. പാശ്ചാത്യ പൌരസ്ത്യ ദേശങ്ങൾ തമ്മിലുണ്ടായ സമ്പർക്കംമൂലം കലകളും ശാസ്ത്രങ്ങളും അന്യോന്യം അറിയുന്നതിനിടയായി. പൌരസ്ത്യരുടെ പൌരാണികത്വം പാശ്ചാത്യരുടെ ജ്ഞാനഭണ്ഡാഗാരത്തെ വിപുലമാക്കി. ദുർമ്മാർഗ്ഗികളായ അനേകം ക്രിസ്ത്യാനികൾ കുരിശുയുദ്ധസേവനം പാപപരിഹാര മാർഗ്ഗമായി സ്വീകരിച്ചു് ജീവിതവിശുദ്ധി നേടിയെന്നു മാത്രമല്ല, അനേകം സൈനിക സഭകൾ ലോകസേവനത്തിനായി രംഗപ്രവേശം ചെയ്യുകയുമുണ്ടായി.

## XIV. പാഷണ്ഡതകളും ഛിദ്രങ്ങളും.

ക്രിസ്തുമതത്തിൻെറ ജന്മഭൂമിയെ വീണ്ടെടുക്കുന്നതിനും, ഗ്രീക്കുകാർ മുതലായ ഛിദ്രക്കാരെ പുനരൈക്യപ്പെടുത്തുന്നതിനും ഉള്ള ശ്രമങ്ങൾ ഒരു വശത്തുനടക്കുമ്പോൾ ചില കുബുദ്ധികളുടെ അബദ്ധോപദേശങ്ങൾക്കിരയായി ക്രസ്ത്യാനികളിലൊരുഭാഗം വിശ്വാസത്യാഗംചെയ്ത് അപഥഗമനം തുടങ്ങി. ഉന്നത വൈദികാധികാരികളും സന്ന്യാസികളുംപോലും ഈവിധ അവശതകൾക്കധീനരായിട്ടുണ്ടെന്നു പറയുമ്പോൾ ഇവയുടെ ദുസ്സ്വാധീനശക്തി ഊഹ്യമാണല്ലോ. അബദ്ധോപദേശകന്മാരും അവരുടെ അനുയായികളും വ്യത്യസ്തമെന്ന്യേ ദുർമ്മാർഗ്ഗചാരികളായിരുന്നുവെന്നു കാണാം

ഇവരില് അപ്രധാനന്മാരായ പലരും വിവിധസംഘങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അവരുടെ തത്വങ്ങൾ വ്യത്യസ്തങ്ങളല്ലായിരുന്നു. ദൈവം ചിലരെ മോക്ഷത്തിനും അന്യരെ നരകത്തിനുമായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും, കൂദാശകൾ പ്രയോജനരഹിതങ്ങളാണെന്നും, വിശുദ്ധ കുർബാനയില് മിശിഹായുടെ സാന്നിദ്ധ്യം ഇല്ലെന്നും ശിശുസ്നാപനം അനുവദനീയമല്ലെന്നും എല്ലാമാണ് ഇവരെല്ലാം വാദിച്ചത്. സഭയ്ക്ക് സമ്പത്ത് അനാവശ്യകമാണെന്നും, ആദ്ധ്യാത്മികവും ലൌകികവുമായ അധികാരങ്ങൾ ഒരാളില് ലയിക്കുന്നത് ന്യായവിരുദ്ധമാണെന്നും ജല്പിച്ചുകൊണ്ട് അവർ ദേവാലയങ്ങൾ കത്തിക്കവരുകയും വൈദികരേയും മെത്രാന്മാരെയും പിടിച്ചുകൊല്ലുകയും ചെയ്യാതിരുന്നില്ല. വിവാഹത്തെ മുക്തകണ്ഠം അധിക്ഷേപിച്ച കൂട്ടരില് പലരും അവരുടെ സഹപ്രവർത്തകരായ "സഹോദരി"കളുമായി നയിച്ച ലജ്ജാവഹമായ ജീവിതം പ്രസ്താവനാർഹമല്ലതന്നെ.

ഇക്കാലഘട്ടത്തിലെ പാഷണ്ഡതകളില് സർവ്വപ്രധാനമായ ഒന്നാണ് "അല്ബിജൻസിസ്"രുടേതു്. പൌരാണികമനീക്യരുടെ തത്വങ്ങളെ മിക്കവാറും ആവർത്തിക്കുകയായിരുന്നു ഇവരുടെ കൃത്യം. ശിഷ്ടനും ദുഷ്ടനുമായ രണ്ടു ഈശ്വരന്മാരുണ്ടെന്നും ആദ്യത്തെയാൾ അദൃശ്യലോകത്തിൻേറയും പുതിയനിയമത്തിൻേറയും രണ്ടാമത്തെയാൾ ദൃശ്യലോകത്തിൻേറയും പഴയനിയമത്തിൻേറയും കർത്താക്കളാണെന്നും അവർ പഠിപ്പിച്ചു. ദുഷ്ടദൈവം വശീകരിച്ച സ്വർഗ്ഗീയാരൂപികൾ, അവരുടെ പാപത്തിനു പരിഹാരമായി, മനുഷ്യരായി ജനിക്കുന്നുവെന്നാണ് മറ്റൊരു സിദ്ധാന്തം. ത്രിത്വത്തിൻേറയും മനുഷ്യാവതാരത്തിൻേറയും രഹസ്യങ്ങൾ, കൂദാശകൾ, ഉത്ഥാനം മുതലായവ അവർ നിഷേധിക്കയും ചെയ്തു. "പരിപൂർണ്ണ"രെന്നും "വിശ്വാസി"കളെന്നും രണ്ടു വിഭാഗക്കാരായിരുന്നു ഇവർ. ആദ്യത്തെ കൂട്ടർ മാംസഭക്ഷണവും വിവാഹവും ത്യജിച്ചിരുന്നു; എന്നാല് വിശ്വാസികൾക്ക് അവക നിബന്ധനകൾ ഉണ്ടായിരുന്നില്ല. മരണത്തിനു മുമ്പ് "കൈവെയ്പു" കർമ്മത്തിനു വിധേയരായാല് അവർക്ക് നിഷ്പ്രയാസം രക്ഷ പ്രാപിക്കാമത്രേ!! ഇക്കൂട്ടർക്ക്. ഒരു "പാപ്പായും" ആചാര്യാധിപത്യവും ഉണ്ടായിരുന്നു. ചില പ്രഭുക്കന്മാരുടെ സഹായത്തോടുകൂടി അക്രമംകൊണ്ടു് അവർ മതപ്രചരണമാരംഭിച്ചു. കത്തോലിക്കരെ വധിക്കുകയും, അവരുടെ വാസസ്ഥലങ്ങളും, പള്ളികളും കൊള്ളയിട്ടു നശിപ്പിക്കയും, വി. കുർബാനയെ ചവിട്ടി മെതിക്കുകയും മറ്റുമായിരുന്നു അവരുടെ ഘോരവൃത്തികൾ. 1208 ഇന്നസെൻറു തൃതീയൻ മാർപ്പാപ്പാ ഇവർക്കെതിരായി ഒരു കുരിശുയുദ്ധം പ്രഖ്യാപനംചെയ്തു. സൈമൺ ഡി മോൺ ഫോർട്ട് എന്ന പ്രസിദ്ധ ഇംഗ്ലീഷ് സേനാനിയായിരുന്നു ഇതിൻെറ നായകൻ. പാഷണ്ഡികൾ നിശ്ശേഷം പരാജിതരായി. ക്രമേണ യുദ്ധം രാഷ്ട്രീയമായിത്തീരുകയും ക്രിസ്ത്യാനികൾ തന്നെ പ. പിതാവിൻെറ അറിവുകൂടാതെ പല കഠോരകൃത്യങ്ങളും അനുഷ്ഠിക്കാതിരുന്നില്ല. 1227-ല് ഈ മതഭ്രാന്തന്മാർ പൂർണ്ണമായും കീഴടങ്ങി. വി. ഡോമിനിക്കിൻെറ പ്രസംഗങ്ങളും ജപമാലഭക്തിയും അവരുടെ മാനസാന്തരത്തിനു വളരെ സഹായകമായി.

അന്വേഷണ കോടതി– (Inquistiion) ആദിമകാലങ്ങളില് പാഷണ്ഡന്മാക്കു് അദ്ധ്യാത്മികശിക്ഷകളേ നല്കിയിരുന്നുള്ളുവെങ്കിലും, ചക്രവത്തിമാരും രാജാക്കന്മാരും ക്രിസ്ത്യാനികളായതോടുകൂടി, ഇതിനെ രാഷ്ട്രീയക്കുററമായി ഗണിക്കയും അതനുസരിച്ച് ശിക്ഷ നല്കുകയും ചെയ്യുകപതിവായി. ദൈവദ്രോഹത്തെ രാജദ്രോഹത്തോടൊപ്പം ശിക്ഷിച്ചെങ്കില് അദ്ഭുതത്തിനവകാശമില്ലല്ലോ. ചില തീവ്രപാഷണ്ഡികളെ വധിക്കുകപോലും ഭൂപതിമാർ ചെയ്തിട്ടുണ്ടു്. അല്ബിജൻസരുടെ വിക്രിയകൾ രാജാക്കന്മാരെയും സഭാധികാരികളേയും അത്തരം കുത്സിതവൃത്തികൾ തുടരാതിരിക്കത്തക്ക നടപടികൾ സ്വീകരിക്കുന്നതിനു പ്രേരിപ്പിച്ചു. 1229–ല് നടന്ന ട്യൂലൂസ് സൂനഹദോസ് രൂപതതോറും വൈദികരും അല്മായരുമുൾപ്പെട്ട "അന്വേഷണകോടതികൾ" സ്ഥാപിക്കുന്നതിനു് ആജ്ഞാപിക്കയുണ്ടായി. യഥാർത്ഥപാഷണ്ഡികളെ നിഷ്പക്ഷമായ അന്വേഷണംകൊണ്ടു കണ്ടുപിടിച്ച് രാഷ്ട്രാധികാരിയെ ഏല്പിക്കുകയായിരുന്നു ഈ കോടതികളുടെ ചുമതല. കാലക്രമേണ ഈ അധികാരം ഡൊമിനിക്കൻ സന്യാസികൾക്കു് വിട്ടുകൊടുക്കയാണു ചെയ്തതു്. ഈ കോടതികൾ അത്യന്തം ദയാപുരസ്സരമാണു പെരുമാറിയതെങ്കിലും പാഷണ്ഡികൾക്കു് ഇവ ഏററവും അരോചകമായിരുന്നതു നിമിത്തം ന്യായാധിപന്മാർ ചിലപ്പോൾ അവരുടെ രോഷത്തിനു വിധേയരായി നിഹനിക്കപ്പെട്ടിട്ടുണ്ടു്. ഇക്കാലത്താകട്ടെ പ. സിംഹാസനത്തിൻെറ കീഴിലുള്ള ഒരു തിരുസ്സംഘമാണു് വിശ്വാസത്തേയും സന്മാർഗ്ഗത്തെയും സംരക്ഷിക്കുന്നതിനും, അവയ്ക്കെതിരായുള്ള അബദ്ധോപദേശങ്ങളെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതിനുമുള്ള ചുമതല വഹിക്കുന്നതു്. ഇതു് പ. പിതാവിൻെറ നേരിട്ടുള്ള നേതൃത്വത്തിലാണുതാനും.

സ്പെയിനിലെ ഭരണാധികാരികളായ ഫെർഡിനാൻഡും, ഇസബെല്ലായും, മാർപ്പാപ്പായുടെ അനുവാദത്തോടുകൂടിയെങ്കിലും, 1481–ല് സ്ഥാപിച്ച അന്വേഷണകോടതികൾ തികച്ചും രാഷ്ട്രീയമായിരുന്നു. അതിൻെറ ആദ്യത്തെ ന്യായാധിപന്മാർ രണ്ടു ഡൊമിനിക്കൻ സന്യാസിമാരായിരുന്നുവെന്നതു ശരിതന്നെ; പക്ഷെ അവർ രാജ്യത്തിൻെറ ഉദ്യോഗസ്ഥന്മാരായിട്ടാണു് പ്രവർത്തിച്ചതു്. യഹൂദന്മാരും മൂർജാതിക്കാരും വ്യാജമായി ജ്ഞാനസ്നാനം സ്വീകരിക്കയും ചിലപ്പോൾ വൈദികരാകുകപോലും ചെയ്തു! ക്രിസ്തുമതത്തെ തച്ചുടയ്ക്കണമെന്നുള്ളതായിരുന്നു അവരുടെ ഗൂഢവൃത്തികളുടെ ഉദ്ദേശം. ഇത്തരക്കാരെ കണ്ടുപിടിച്ചു ശിക്ഷിക്കയായിരുന്നു സ്പാനിഷ് അന്വേഷണ കോടതികളുടെ കർത്തവ്യം. എന്നാല് ഏററവും നീതിപൂർവ്വകമായ തീരുമാനത്തിനു് വേണ്ട എല്ലാ കരുതലുകളും ചെയ്തിരുന്നു. കുററം തെളിയുന്നതിനു മുൻപു് ആരെയും അറസ്ററു ചെയ്തിരുന്നില്ല; കള്ളസാക്ഷികൾക്കു് വധശിക്ഷയാണു വിധിച്ചിരുന്നതു്!! വിനാവിളംബം ശത്രുക്കൾ രാജ്യഭ്രഷ്ടരാകയോ ക്രിസ്തുമതം സ്വീകരിക്കയോ ചെയ്തു. ചിലപ്പോഴെല്ലാം സ്പാനിഷ് കോടതി ക്രൂരമായി വർത്തിച്ചിരുന്നുവെന്നുള്ള വസ്തുതയും മറക്കാവതല്ല. ഈ കോടതികളെ മുക്തകണ്ഠം അധിക്ഷേപിക്കുന്ന പ്രൊട്ടസ്റ്റാൻറുകാർ "ക്ഷുദ്രക്കാ"രെ (witchs) തൂണുകളില് കെട്ടി ദഹിപ്പിച്ചിരുന്ന കഥ വിസ്മരണീയ

മാണോ? 1590–1600 മദ്ധ്യേ ബെൺസ്വീക്കില് തന്നെ ശരാശരി ദിവസമൊന്നിനു രണ്ടു ക്ഷുദ്രക്കാരെ വീതം ദഹിപ്പിച്ചിരുന്നുവെന്നാണു പറയുന്നതു്!!

വിക്ലിഫ്. പാശ്ചാത്യദേശത്തെ മഹാഛിദ്രം വിശ്വാസികളെ വിഭ്രമിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഇംഗ്ലീഷ് സഭാന്തരീക്ഷത്തില് പ്രത്യക്ഷപ്പെട്ട ഒരു ധൂമകേതുവാണ് വിക്ലിഫ്. അനന്തരകാലത്തു് വിപുലനാശങ്ങൾക്കു കാരണമായ "നവീകരണ" പ്രസ്ഥാനത്തിനു് അടിസ്ഥാനമിട്ടതു് ഇയാളുടെ പഠനങ്ങളാണത്രേ. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ അദ്ധ്യാപകനായിരുന്ന ഈ ദൈവശാസ്ത്രപണ്ഡിതനു് വൂഴ്സ്റ്റർ രൂപതയിലെ മെത്രാനാകണമെന്നുണ്ടായിരുന്ന ആഗ്രഹം സാധിക്കാതെ പോയതാണ് സത്യവിരുദ്ധനയം സ്വീകരിക്കാനിടയായതു് എന്നു പറയപ്പെടുന്നു. 1372-ല് ഇയാൾ മാർപ്പാപ്പായേയും, വൈദികരേയും, പ്രത്യേകം സന്യാസസഭകളേയും ആക്ഷേപിച്ചും എതിർത്തും തുടങ്ങി. വിനീതവേഷധാരിയായ ഈ കപടഹൃദയന്റെ അനുയായികൾ രാജ്യമാകെ അയാളുടെ അബദ്ധോപദേശങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിച്ചു. വൈദികാധികാരം, വി. കുർബാനയിലെ ദിവ്യസാന്നിദ്ധ്യം, കുമ്പസാരത്തിന്റെ ആവശ്യകത, കൂദാശകളുടെ ഫലദായകത്വം തുടങ്ങി വിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങളെല്ലാം അയാൾ നിഷേധിച്ചു. എല്ലാം ദൈവമാണെന്നും, റോമൻസഭ പൈശാചിക സംഘമാണെന്നും, ഗുരുപാപങ്ങളാല് ആദ്ധ്യാത്മികവും ലൗകികവുമായ അധികാരങ്ങൾ പോയ്പോകുമെന്നും, മദ്ധ്യസ്ഥപ്രാർത്ഥന നിരർത്ഥകമാണെന്നും തുടങ്ങി അത്യന്തം വിചിത്രങ്ങളായ ചില തത്വങ്ങളും അയാൾ പുറപ്പെടുവിക്കാതിരുന്നില്ല.

1381-ല് വിക്ലിഫിനു് ഓക്സ്ഫോർഡിലെ ഉദ്യോഗം നഷ്ടപ്പെട്ടു. അടുത്തവർഷം അയാളുടെ പഠനങ്ങൾ ലാംബത്തിലെ സംഘം ശപിച്ചു. 1384-ല് വിക്ലിഫ് മരിച്ചെങ്കിലും അയാളുടെ അനുയായികളായ "ലോല്ലാർഡു"സ് അക്രമങ്ങൾ തുടർന്നു. ഹെൻറി പഞ്ചമന്റെ കാലത്തു് അനുഭവിച്ച മർദ്ദന ഫലമായി അവർ മിക്കവാറും നശിക്കുക തന്നെ ചെയ്തു. കോൺസ്റ്റൻസിലെ പൊതുസൂനഹദോസ് വിക്ലിഫിന്റെ അബദ്ധങ്ങളെ ഔദ്യോഗികമായി ശപിക്കയും അയാളുടെ ഭൗതികാവശിഷ്ടങ്ങൾ ആശീർവ്വദിക്കപ്പെട്ട ഭൂമിയില് നിന്നു മാററിക്കളയുന്നതിനാജ്ഞാപിക്കയും ചെയ്തു.

ഹസ്സ്. പ്രേഗ് സർവ്വകലാശാലാദ്ധ്യാപകനും, പിന്നീട് അധിപനും ആയിത്തീർന്ന ജോൺ ഹസ്സു വിക്ലിഫിന്റെ പാഷണ്ഡതയെ യൂറോപ്പുഖണ്ഡത്തില് ആവർത്തിച്ചു. വിക്ലിഫിന്റെ ഗ്രന്ഥങ്ങൾ നാട്ടുഭാഷയിലെഴുതി പ്രചരിപ്പിക്കയും സ്വയം അബദ്ധസങ്കുലമായ കൃതികൾ രചിക്കയുമാണ് ഇയാൾ പ്രഥമമായി ചെയ്തതു്. ജോൺ 23-ാമൻ എന്ന എതിർ പാപ്പാ ഇയാളെ ശപിക്കയും, എന്നാല് കോൺസ്റ്റൻസിലെ അനധികൃത സൂനഹദോസില് വെച്ചു് മോചിപ്പിക്കയും ചെയ്തു. ഹസ്സ് അബദ്ധം പിൻവലിക്കായ്കയാല് കോൺസ്റ്റൻസിലെ യഥാർത്ഥസംഘം അയാളെയും സഹപ്രവർത്തകനായ ജെറോമിനെയും പാഷണ്ഡികളെന്നു് വിധിച്ചു് രാ

ഷ്ട്രാധികാരികളെ ഏല്പിച്ചു. ഇരുവരും ജീവനോടെ ദഹിപ്പിക്കപ്പെടുകയാണുണ്ടായത്.

ഹസ്സിന്റെ അനുയായികൾ ജോൺ സീസ്ക്കാ എന്ന ആളിന്റെ നേതൃത്വത്തില് അക്രമം പ്രവൎത്തിച്ചുതുടങ്ങി. ദേവാലയങ്ങളും, സന്യാസാശ്രമങ്ങളും, പട്ടണങ്ങളും നശിപ്പിക്കയും അനേകം കത്തോലിക്കരെ സംഹരിക്കയും ചെയ്തു ലഹളക്കാരെ അമർച്ച വരുത്തുന്നതിനു് കൈസറാളത്തേസ്സു ചക്രവൎത്തിയും ശക്തനായില്ല. എന്നാല് അവരില് തന്നെ ക്രമേണ പിളർപ്പുണ്ടായി. വിശ്വാസികൾക്ക് തിരുരക്തവും കൊടുക്കുന്നതിന് യൂജിനോസ് നാലാമൻ മാർപ്പാപ്പാ അനുവദിക്കയാല് അവരില് ഒരു ഭാഗക്കാർ പുനരൈക്യപ്പെട്ടു. മറ്റുള്ളവരും മിക്കവാറും ക്രമേണ സഭയിലേക്കു തിരിച്ചെത്തി. "ബോഹീമിയൻ സഹോദരങ്ങൾ" എന്ന പേരില് ഈ പാഷണ്ഡികൾ അല്പമായി അവശേഷിക്കാതെയുമിരുന്നില്ല.

## XV, സന്യാസസഭകളും മഹാത്മാക്കളും.

വിവിധതരം സന്യാസ സഭകളുടെ പ്രാരംഭവും വളർച്ചയും ദർശിക്കുവാനും അവയുടെ സേവന മാധുരിയെ ആസ്വദിക്കുവാനും ക്രിസ്തീയ യൂറോപ്പിനു് ഇക്കാലഘട്ടത്തില് ഭാഗ്യം സിദ്ധിച്ചു. സൈനിക സഭകൾ, യാചക സഭകൾ, ധ്യാനനിരതസഭകൾ ഇങ്ങനെ മൂന്നു തരക്കാരായ സന്യാസ സമൂഹങ്ങളാണു് അന്നുണ്ടായത്.

**സൈനിക സഭകൾ—** കുരിശുയുദ്ധങ്ങൾ ക്രിസ്തീയ സ്നേഹപ്രേരിതമായ സൈനിക സഭകളുടെ ഉൽഭവത്തിനു കാരണമായി എന്നു പറഞ്ഞുവല്ലോ. ഇവയില് ഏറ്റം പഴയതു് "വി. സ്നാപകയോഹന്നാന്റെ മാടമ്പികൾ" എന്നറിയപ്പെടുന്ന സംഘമാണ്. പലസ്തീനായിലെ പുണ്യഭൂമികൾ സന്ദർശിക്കുന്ന തീൎത്ഥയാത്രക്കാരുടെ ശുശ്രൂഷക്കുവേണ്ടി നേപ്പിൾസിലെ ചില വ്യാപാരികൾ 1048-ല് ജറുസലേമില് സ്ഥാപിച്ച ഒരു ആശുപത്രിയാണ് ഇതിന്റെ പ്രാരംഭം. എന്നാല് ക്രിസ്ത്യാനികൾ ജറുസലേം പിടിച്ചടക്കിയപ്പോൾ ധാരാളം പ്രഭുയുവാക്കന്മാർ ഈ സഹോദരഗണത്തില് ചേൎന്നു. സാധാരണ സന്യാസ വ്രതങ്ങൾക്കു പുറമെ അവിശ്വാസികളോടുള്ള സമരവും ഇവർ വ്രതമായി സ്വീകരിച്ചിരുന്നു. സലാഡിൻ സുല്ത്താൻ 1187-ല് ജറുസലേം സ്വാധീനമാക്കിയതില്പിന്നെ അവർ പല സ്ഥലങ്ങളിലേക്കും മാറിത്താമസിക്കുകയും അവസാനം മാൾട്ടായില് വന്നുചേരുകയും ചെയ്തു. 1798-ല് നെപ്പോളിയൻ ഈ ദ്വീപ് കീഴടക്കിയതുവരെ ഈ സന്യാസി യോദ്ധാക്കൾ മഹമ്മദീയാക്രമണത്തെ ചെറുത്തുകൊണ്ടു് ക്രിസ്തീയ ലോകത്തിന് ഒരു കോട്ടയായി വൎത്തിച്ചു. കറുത്ത പുറങ്കുപ്പായവും അതിന്മേൽ ഒരു വെള്ളക്കുരിശും ആയിരുന്നു ഇവരുടെ വേഷവിശേഷം.

**ജറുസലേം ദേവാലയത്തിന്റെ മാടമ്പികൾ (ടെമ്പ്ളാഴ്സ്)—** എന്ന സംഘം ഏതാനും ഫ്റഞ്ചുമാടമ്പികൾ 1118-ല് സ്ഥാപിച്ചതാണ്. വി.

യോഹന്നാൻെറ മാടമ്പികളെപ്പോലെ വിശുദ്ധഭൂമിയുടെ സംരക്ഷണമായിരുന്നു ഇവരുടേയും പ്രധാനോദ്ദേശ്യം. ഒരു ശതാബ്ദത്തിനകം പതിനയ്യായിരം സമരസന്നദ്ധരായ ഭടന്മാർ ഇവരുടെ കീഴിലുണ്ടായിരുന്നത്രെ: ദരിദ്രമായിരുന്ന ഈ സഭ കാലാന്തരത്തില് അതീവ സമ്പന്നമായി. വെള്ളക്കുപ്പായവും തോളില് ഒരു ചെങ്കുരിശുമായിരുന്നു ഇവരുടെ വേഷവിധാനം. ഫ്റഞ്ചു രാജാക്കന്മാരുടെ നീരസത്തിനു് ഇവർ ക്രമേണ പാത്രവാന്മാരായി തീൎന്നു. 1311-ൽ വിയന്നായിലെ സൂനഹദോസ് ഈ സഭയെ നിരുത്തല് ചെയ്തുകളഞ്ഞു. പലസ്തീനായില് 'അക്രോ' എന്ന സ്ഥലത്തു് 1190-ല് സ്ഥാപിതമായ "ട്യൂട്ടോണിക്ക മാടമ്പി"കളുടെ സംഘം കുറെക്കാലം കഴിഞ്ഞപ്പോൾ വടക്കെ യൂറോപ്പിലേയ്ക്കു പോയി അവിശ്വാസികളോടു സമരത്തിലേൎപ്പെട്ടു. 1525-ല് അവരുടെ ശ്രേഷ്ഠൻ പ്രൊട്ടസ്റ്റാൻറുമതം– സ്വീകരിക്കുകയും സഭയുടെ സ്വത്തുക്കൾ കൈവശപ്പെടുത്തുകയും ചെയ്തു. വേറെയും ചില സൈനിക സഭകളുണ്ടായിട്ടുണ്ടു്, ദൈവസന്നിധിയില് സഭാസംരക്ഷണാൎത്ഥം വ്രതം സ്വീകരിച്ച ആയുധധാരികളായ ഈ സന്യാസികളുടെ ഉന്നതാദൎശങ്ങൾ ക്രമേണ അധഃപതിക്കയും അതിനെ അവരുടെ സഭകൾ വിലയം പ്രാപിക്കുകയുമത്രെ ചെയ്തതു്. സൈനികങ്ങളല്ലെങ്കിലും യുദ്ധത്തില് മുറിവേററവരേയും സാധുക്കളേയും രക്ഷിക്കുന്നതിനും, തടവുകാരായി പിടിക്കപ്പെട്ടവരെ മോചിപ്പിക്കുന്നതിനുമായി അനേകം സഭകൾ ഇക്കാലത്തു സ്ഥാപിതങ്ങളായി. ഇവയില് സൎവ്വപ്രധാനമായതു് 1198-ല് മാതായിലെ വി. ജോൺ സമാരംഭിച്ച വി. "ത്രീത്വത്തിൻെറ സഭ"യാണു്, യൂറോപ്പിലെ എല്ലാ പ്രധാന രാജ്യങ്ങളിലും വ്യാപിച്ച ഈ സംഘം മുപ്പതിനായിരത്തില്പരം ക്രിസ്തീയ തടവുകാരെ സ്വതന്ത്രരാക്കിയിട്ടുണ്ടത്രെ.

ധ്യാനനിരത സഭകൾ– ബാഹ്യലോകത്തിലേയ്ക്കിറങ്ങി പ്രവൃത്തിക്കാതെ അവരവരുടെ ആശ്രമങ്ങളില് അജ്ഞാത ജീവിതം നയിച്ചു് വ്യക്തിപരിപൂൎണ്ണത പ്രാപിക്കുന്നതിനും ലോകവ്യാപാര വ്യഗ്രരായ സഹോദരങ്ങൾക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിനുമാണു് ധ്യാനനിരത സന്യാസ സംഘങ്ങൾ സ്ഥാപിതമായതു്. അനന്തരകാലത്തു് മാഗ്ഡബർഗ്ഗ മെത്രാനായിത്തീൎന്ന വി. നോർബർട്ടു് 1119-ല് പ്രിമോൺട്രോയിൽ സ്ഥാപിച്ച സംഘം "പ്രിമോൺസ്ത്രേറാൻഷ്യൻ" എന്നാണറിയപ്പെടുന്നതു്. വി. അഗുസ്തീനോസിൻെറ നിയമങ്ങളനുസരിച്ചുപന്ന ഈ സഭയ്ക്കു് വിവിധ യൂറോപ്യൻ രാജ്യങ്ങളിലായി ഒരുകാലത്തു ആയിരത്തോളം ആശ്രമങ്ങളുണ്ടായിരുന്നു.

മൊളെസ്മിലെ വി. റോബർട്ടു് 1098-ല് സിറേറച് വനാന്തരത്തില് "സിസ്റ്റേർഷ്യൻ" സന്യാസ സഭ സ്ഥാപിച്ചു. ഇവരുടെ അതികൎക്കശമായ തപശ്ചൎയ്യകൾ നിമിത്തം സഭാംഗങ്ങൾ അകാലമൃത്യുവടഞ്ഞു് സഭ നശിച്ചുപോകുമോ എന്നുപോലും ജനങ്ങൾ ഉത്കണ്ഠാകുലരായി. അപ്പോഴേയ്ക്കും "വി ബർഡാദ്" മുപ്പതോളം കുലീന യുവാക്കന്മാരോടുകൂടി ഈ സഭയെ ആലിംഗനം ചെയ്തു. അദ്ദേഹത്തിൻെറ പുണ്യപ്രശസ്തി നിമിത്തം സഭാംഗങ്ങളുടെ സംഖ്യ ദൈനംദിനം വൎദ്ധിച്ചു. വി. ബർണാർദി

ന്റെ കുടുംബാംഗങ്ങളെല്ലാവരും സന്ന്യാസം സ്വീകരിച്ചുവെന്നാണു് പറയുന്നതു്. ഇദ്ദേഹത്തിന്റെ പ്രസംഗപാടവവും ഗ്രന്ഥരചനാവൈദഗ്ദ്ധ്യവും അന്യാദൃശമായിരുന്നു. ക്രൂശുയുദ്ധത്തെപ്പററി പ്രസംഗിക്കുന്നതിനു് യൂജീനോസ് മാർപ്പാപ്പാ വി. ബർണ്ണാർദിനെ നിയോഗിച്ചതു് നാം കണ്ടുകഴിഞ്ഞതല്ലോ. അദ്ഭുതപ്രവർത്തനവരം നിമിത്തം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കൂടുതല് ഫലദായകങ്ങളായി ഈ വിശുദ്ധൻ ദരിദ്രരുടെ സങ്കേതവും, പീഡിതരുടെ രക്ഷകനും, പാഷണ്ഡികളുടെ ചമ്മട്ടിയും, മെത്രാന്മാരുടെയും മ, പിതാവിന്റെയും ആലോചനക്കാരനും, പൃരുക്കത്തില് തിരുസ്സഭയ്ക്കു് ദീപവും ആശ്വാസവും ആയിരുന്നു. സർവ്വപ്രധാനരായ സഭാപിതാക്കളിലൊരുവനത്രെ ഈ മഹാത്മാവു്. ആരംഭിച്ചിട്ടു് അരശതാബ്ദം തികയുന്നതിനു മുൻപുതന്നെ അഞ്ഞൂറു് ആശ്രമങ്ങളുണ്ടായി. ഈ സംഘത്തിനു് പിന്നീടു നൂറു വത്സരം കഴിഞ്ഞപ്പോൾ 1800 ആശ്രമങ്ങൾ സ്ഥാപിതമായത്രെ.

ഭുവനപ്രസിദ്ധമായ "കർത്തൂസ്യൻ" സന്ന്യാസസഭയും ഇക്കാലഘട്ടത്തിലാണു് ആരംഭമായതു്. റീംസിലെ ഒരു മഹാദ്ധ്യാപകനായിരുന്ന വി. ബ്റൂണോ മനുഷ്യമഹിമയുടെ അയഥാർത്ഥതയെ മനസ്സിലാക്കി പർവ്വതങ്ങളാല് വലയിതമായ "ചർട്ട്രൂസ്" താഴ്വരയില് ഏതാനും സ്നേഹിതന്മാരോടുകൂടി ഏകാന്തജീവിതമാരംഭിച്ചു. വി. ബനദിക്തോസിന്റെ നിയമങ്ങളാണു് ഇവരും അനുസരിച്ചതു്. ഒരു സമകാലിന ചരിത്രകാരൻ ഇപ്രകാരം പ്രസ്താവിക്കുന്നു, "ഈ പുതിയ ഏകാകികൾ മനുഷ്യരല്ല, വാനാരൂപികളാണു്. ഓരോരുത്തർക്കും ഓരോ ചെറുകുടിലും അതിനു ചുറ്റും അല്പം സ്ഥലവും ഉണ്ടു്. അതിനു പുറത്തു് അയാൾക്കു പോകാൻ അനുവാദമില്ല. ഒരാഴ്ചത്തെ ഭക്ഷണത്തിനാവശ്യമായ അപ്പവും സസ്യവർഗ്ഗങ്ങളും ഓരോരുത്തനും ലഭിക്കുന്നു. പരിപൂർണ്ണ മൌനവ്രതം അനുസരിക്കുന്ന ഇവർ അത്യാവശ്യ കാര്യങ്ങൾ ആംഗ്യഭാഷയിലാണു പറയുന്നതു്. അവർ പ്രധാനമായും കൈത്തൊഴിലുകളിൽ ഏർപ്പെടുന്നു; അവരുടെ ആശ്വാസമാകട്ടെ പ്രാർത്ഥനയിലാണു്. പൊതുപ്രാർത്ഥനയ്ക്കുവേണ്ടി ഞായറാഴ്ചകളില് അവർ ഒരുമിച്ചുകൂടും, വിനീതമായ ബാഹ്യവേഷത്തിനടിയില് പരുഷമായ രോമക്കുപ്പായമുണ്ടു്. കാസായൊഴിച്ച് രജതമയമായിപ്പോലും ഒന്നും അവർക്കില്ല; ദാരിദ്ര്യംതന്നെയാണു് സമ്പത്തു്" ഈ സഭ വേഗംതന്നെ യൂറോപ്പു മുഴുവൻ വ്യാപിച്ചു. വേറെയും പല സഭകൾ സ്ത്രീകൾക്കും, പുരുഷന്മാർക്കും ഈ ശതങ്ങളിൽ ഉണ്ടായിട്ടുണ്ടു്. ആദർശത്തിലും ജീവിതചര്യകളിലും ഇവ വലിയ വ്യത്യാസമുള്ളവയല്ലെന്നു മാത്രമേ പറയുവാൻ നിവൃത്തിയുള്ളു. ഇവയില് ഗ്രാമോണ്ടിലെ സഭകൾ പൊതുവായിപ്പോലും യാതൊരു സമ്പത്തും ഉണ്ടാകുവാൻ പാടില്ലെന്നുള്ള വ്രതത്തോടുകൂടി പരിപൂർണ്ണ ദാരിദ്ര്യം വരിച്ചിരുന്നു.

**യാചകസഭകൾ.** മദ്ധ്യശതകങ്ങളില് പൊന്തിവന്ന പാഷണ്ഡതകളെ അമർത്തുന്നതിനുള്ള ശക്ത്യുത് പാഠനശാലകളായിരുന്നു യാചകസന്ന്യാസസഭകൾ. ഉദ്ദേശ്യംകൊണ്ടും നിയമാവലികൊണ്ടും മററു സന്ന്യാസസമൂഹങ്ങളില് നിന്നു വ്യത്യസ്തരായിരുന്നു ഇവർ. ധ്യാനതത്പ

രരായിരുന്നതോടൊപ്പം പ്രസംഗനിരതരുമായിരുന്നു. ബഹുജനങ്ങളുടെ സഹായംകൊണ്ടുമാത്രം നിത്യവൃത്തി സാധിച്ചുപോന്ന ഇവരെ "ഭിക്ഷുയോഗി"കൾ എന്നാണ് വിളിക്കുന്നതു്. സ്പെയിൻകാരനായ "വി. ഡോമിനിക്ക്" ആണ് ഇവയിലൊന്നിൻെറ സ്ഥാപകൻ. അല്ബിജൽസു പാഷണ്ഡികളുടെ മാനസാന്തരത്തിനുവേണ്ടി പ്രയത്നിക്കാനുള്ള ഇദ്ദേഹത്തിൻെറ ആഗ്രഹം ഒരു വൈദികനായതോടുകൂടി സഫലമായി. സ്വന്ത ഇടയനായ മെത്രാനോടുകൂടി വി. ഡോമിനിക്ക് ദക്ഷിണ ഫ്റാൻസില് ക്ലേശസാദ്ധ്യമായ ഈ മഹായത്നത്തിലേർപ്പെട്ടു. ഈ അവസരത്തിലാണ് ജപമാലഭക്തി പ്രചരിപ്പിക്കുന്നതിനുള്ള നിയോഗം ദൈവജനനിയില്നിന്നും അദ്ദേഹത്തിനു ലഭിച്ചതും. വ്യക്തിഗതമായ ഈ പ്രവൃത്തനത്തില്നിന്നു പഠിച്ചപാഠം 1215ല് ഒരു സന്യാസസംഘം സ്ഥാപിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചു. വിശ്വാസികളുടെ ജ്ഞാനാഭിവർദ്ധനവിനും, പാഷണ്ഡികളുടെ മാനസാന്തരത്തിനുംവേണ്ടി പ്രസംഗകരേയും, പ്രേഷകരേയും സൃഷ്ടിക്കുകയെന്നതായിരുന്നു ഈ സഭയുടെ ഉദ്ദേശ്യം. വി. അഗുസ്തീനോസിൻെറ സഭാനിയമങ്ങൾ തന്നെയാണ് ഏറെക്കുറെ ഇവരും സ്വീകരിച്ചതു്. അറുകൊല്ലത്തിനകം അറുപതു ആശ്രമങ്ങളുണ്ടായ ഇതിൻെറ അഭിവൃദ്ധി ഊഹ്യമാണല്ലോ. മൂന്നു പാപ്പാമാരെയും അറുപതില്പരം കർദ്ദിനാളന്മാരെയും തിരുസ്സഭയ്ക്കു പ്രദാനംചെയ്ത ഡൊമിനിക്കൻ സംഘത്തിലെ പുണ്യാത്മാക്കളുടെ സംഖ്യ വിപുലംതന്നെയാണ്. വി. ഡോമിനിക്ക് സ്ത്രീകൾക്കായിട്ടും ലൗകികർക്കായിട്ടും ഓരോ സഭകളും സ്ഥാപിച്ചിട്ടുണ്ട്. വെള്ള ഉടുപ്പിനും ഉത്തരീയത്തിനും പുറമേ കറുത്ത അങ്കിധരിക്കുന്ന ഡൊമിനിക്കൻ സന്യാസികൾക്ക് "ശ്യാമളയോഗി"കൾ എന്നും പേരുണ്ട്.

ഫ്റാൻസിസ്കൻ സഭയുടെ സ്ഥാപകനായ വി. ഫ്റാൻസിസ് ഇററലിയില് അസീസി നഗരത്തിലെ ഒരു വർത്തക പ്രമാണിയുടെ കുമാരനായിരുന്നു. ചെറുപ്പത്തില് തന്നെ സാധുജനങ്ങളോട് അതിദയാലുവായിരുന്ന ഫ്റാൻസിസ് യൌവനകാലത്തുണ്ടായ ഒരു രോഗത്തില്നിന്നും രക്ഷപ്പെട്ടതിൻെറ കൃതജ്ഞതാസൂചകമായി സ്വജീവിതം ദൈവത്തിനു സമർപ്പിക്കയും 25-ാമത്തെ വയസ്സില് പരിപൂർണ്ണദാരിദ്ര്യവ്രതംനേർന്നുകൊണ്ടു് സാധുജനസേവനാർത്ഥം ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു. അനേകം അനുയായികൾ ഈ സന്യാസിക്കുണ്ടായി. "ചെറുസഹോദരങ്ങൾ" എന്ന വിനീതസംജ്ഞ ഇവർ സ്വയം സ്വീകരിച്ചു. ആരംഭിച്ചു് ഒരു വ്യാഴവട്ടം തികയുന്നതിനു മുമ്പുതന്നെ ഈ നവീനസംഘത്തില് അയ്യായിരത്തിലധികം യോഗികളുണ്ടായിരുന്നു. ആകാശത്തിലെ പറവകളും ജലത്തിലെ മത്സ്യങ്ങളും ഫ്റാൻസിസിൻെറ പ്രസംഗം ശ്രവിച്ച കഥകൾ സുപ്രസിദ്ധങ്ങളാണ്. ചിലപ്പോൾ എതിരാളികൾ ആക്ഷേപിക്കുകയും മർദ്ദിക്കയും ചെയ്തെങ്കിലും ഈ ചെറുസഹോദരങ്ങൾ ലോകനവീകരണാർത്ഥമുള്ള ഉപദേശധ്വനി സദാ മുഴക്കിക്കൊണ്ടുതന്നേയിരുന്നു. രക്തസാക്ഷിമകുടത്തിനുള്ള അത്യാശയാല് പ്രേരിതനായി അവിശ്വാസികളായ മഹമ്മദീയരുടെ ഇടയില് സുവിശേഷവേല ചെയ്യുന്നതിനായി ഫ്റാൻസിസ് ഈജിപ്തിലേക്കുപോയി. അപ്രതീക്ഷിതമായ ബഹുമാനാദരവുകളാണ് അ

വിളെ പുണ്യവാനു സിദ്ധിച്ചതു്. നമ്മുടെ കത്താവിൻെറ പഞ്ചക്ഷതങ്ങളുടെ ഛായ ലഭിച്ച കഥാനായകൻ 1227-ല് ചരമഗതിപ്രാപിച്ചു. ചാരനിറത്തിലുള്ള വസ്ത്രം ധരിക്കുന്നതുകൊണ്ടു് ഫ്രാൻസിസ്കൂരെ "ധൂസരയോഗി"കൾ എന്നും വിളിക്കാറുണ്ടു്. വി. ഫ്രാൻസീസ് സ്ത്രീകൾക്കായിട്ടു് ക്ലാരസഭയും ലൌകികർക്കായിട്ടു് ഒരു മൂന്നാംസഭയും ഡോമിനിക്കിനെ പോലെ തന്നെ സ്ഥാപിക്കയുണ്ടായി. ഇവയും അനേകം പുണ്യാത്മാക്കളെ ലോകത്തിനു സമ്മാനിച്ചിട്ടുണ്ടു്.

ഇന്നു നിലവിലിരിക്കുന്ന രീതിയിലുള്ള "കമ്മലീത്താ"സഭയുടെ ജനയിതാവു് ഒരു കുരിശുയോദ്ധാവായ കലാബ്രിയായിലെ ബെർതോൾഡാണ്. പലസ്തീനായില് കമ്മലക്കുന്നില് സ്ഥാപിതമായിട്ടുള്ള ഈ സഭ ആ രാജ്യം അന്യാധീനപ്പെട്ടതോടെ യൂറോപ്പിലേയ്ക്കു പോന്നു. ഇവരെ "ധവളയോഗികൾ" എന്നും വിളിച്ചിരുന്നു. അഗസ്റ്റീനിയൻസ്, പ. കന്യകയുടെ സേവകർ, മിനിംസ് എന്നിങ്ങനെ മററും അനേകം യാചകസഭകളുണ്ടായിട്ടുണ്ടു്. ഇവയില് മിനിംസ് നിത്യനോമ്പാണു് അനുഷ്ഠിച്ചിരുന്നതു്. അവർ പാലും മുട്ടയും പോലും ഉപയോഗിച്ചിരുന്നില്ല.

തിരുസ്സഭയുടെ ആഭിമുഖ്യത്തിലും സംരക്ഷണയിലും യൂറോപ്പിൻെറ നാനാഭാഗങ്ങളിലും അന്നു തഴച്ചുവളന്ന സവ്വകലാശാലകളും മേല് വിവരിക്കപ്പെട്ട സന്യാസസഭകളും അതുലപ്രഭാവരായ അനേകം പണ്ഡിതാഗ്രണികളെ അന്നു് ഉല്പാദിപ്പിച്ചു. പൂജ്യപാദരായ ഈ മഹാ ബുദ്ധിശാലികൾ ബുദ്ധിയും വിശ്വാസവും, തത്വശാസ്ത്രവും ദൈവശാസ്ത്രവും തമ്മിലുള്ള യഥാർത്ഥബന്ധത്തെ വിശദീകരിച്ചു് സംശയാതീതമായി സംസ്ഥാപിക്കുകയത്രേ ചെയ്തതു്. ഗ്രീക്കുതത്വശാസ്ത്രവും ക്ലാസ്സിക്കു ഗ്രന്ഥങ്ങളും അവരുടെ അവഗാഢമായ പഠനത്തിനു വിധേയമായി. ഇതു് അവരുടെ നവീന ശാസ്ത്രനിർമ്മാണത്തെ സാരമായി ബാധിക്കയും ചെയ്തു.

"സ്കൊളാസ്റ്റിക്ക" പ്രസ്ഥാനത്തിൻെറ ജനയിതാവു് എന്നറിയപ്പെട്ടുന്ന "അൻസെലം" ആണു് ഈ വിദ്വദ്ഗണത്തില് നമ്മുടെ ശ്രദ്ധയെ അത്യം ആകർഷിക്കുന്നതു്. നോർമൻഡിയിലെ ബെക്ക് ആശ്രമത്തിൻെറ ശ്രേഷ്ഠനായിരുന്ന ഇദ്ദേഹം "ആത്മപാഠം" "പരിശുദ്ധ രൂപിയുടെ പുറപ്പാടു്" "സാത്താൻെറ അധഃപതനം" തുടങ്ങി ക്രിസ്തീയ തത്വങ്ങളെ പലതിനെപ്പററിയും രചിച്ചഗ്രന്ഥങ്ങൾ "മദ്ധ്യശതകങ്ങളിലെ അഗസ്റ്റീനോസ്" എന്ന അപരാഭിധാനം ഇദ്ദേഹത്തിനു് ആർജ്ജിച്ചുകൊടുത്തു. വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ പണ്ഡിതനായ സഹഗുരുഭ്രതനെ ജ്ഞാനത്തില് അതിശയിച്ച "പീററർ അബെലാർഡു്" അനന്തരകാലത്തു് പ. ത്രിത്വത്തെപ്പററി ചില അബദ്ധങ്ങൾ പ്രസ്താവിക്കയാല് 1140-ല് സെൻസ് സൂനഹദോസ് അദ്ദേഹത്തെ ശപിച്ചു. എങ്കിലും രണ്ടുകൊല്ലത്തിനുശേഷം തിരുസ്സഭയുടെ ഐക്യത്തില് തന്നെ മരണമടയുന്നതിനിടയായി. അബെലാർഡിൻെറ പ്രമേയങ്ങളെ എതിർത്തവരില് പ്രധാനി "വി. ബർണാഡായിരുന്നു".

ഒരു ഇംഗ്ലീഷ് ഫ്രാൻസിസ്കനായിരുന്ന "അലക്സാണ്ടർ ഹെയില്സ്" പാരീസ് സവ്വകലാശാലയിലെ അദ്ധ്യാപകനായിത്തീന്നു. അരി

സ്റ്റോട്ടിലിന്റെ തത്വസംഹിതയെ ദൈവശാസ്ത്രരചനാസാഹ്യമാക്കി ആദ്യം ഉപയോഗിച്ചതു് ഇദ്ദേഹമാണു്. അന്ത്യാംഗശമായ വിജ്ഞാനസമ്പത്തു് "ദൈവശാസ്ത്രജ്ഞന്മാരുടെ രാജാവു്" എന്ന ബഹുമതിക്കു് അലക്സാണ്ടറിനെ അർഹനാക്കി. ആധുനികലോകത്തിന്റെ അത്ഭുതത്തിനു വിഷയമായിരിക്കുന്ന "വി. തോമസ് അക്വീനാസ് 1225-ല് നേപ്പിൾസിനടുത്തു് അക്വിനൊ നഗരത്തില് ജനിച്ചു. ഒരു ഡൊമിനിക്കൻ സന്യാസിയായിത്തീന്ന തോമസ് രണ്ടാമത്തെ അരിസ്റ്റോട്ടില് എന്നു പ്രഖ്യാതനായിരുന്ന "അല്ബർട്ടുസ് മാഗ്നസി"ന്റെ അന്തേവാസിത്വം സ്വീകരിച്ചു് പാരീസ് സർവ്വകലാശാലയില് നിന്നും ഉന്നതബിരുദങ്ങൾ നേടി. ഒരു അദ്ധ്യാപകൻ, ദൈവശാസ്ത്രപണ്ഡിതൻ, തത്വജ്ഞാനി, പ്രസംഗകൻ എന്നീ നിലകളില് വി. തോമസ് ലോകചരിത്രത്തില് അഗ്രിമസ്ഥാനത്തു സ്ഥിതി ചെയ്യുന്നു. ശിശുസമാനം പരിശുദ്ധനായിരുന്ന ഈ പണ്ഡിതോത്തംസം "എയിഞ്ചലിക്ക് ഡോക്ടർ" എന്നാണു് അറിയപ്പെടുന്നതു്. "സുമ്മാതിയോളോജിക്കാ" "സുമ്മാഫിലസോഫിക്കാ" എന്നീ ഗ്രന്ഥങ്ങൾമാത്രം അദ്ദേഹത്തിനു അനശ്വരകീർത്തി സമ്പാദിച്ചുകൊടുക്കാൻ പര്യാപ്തങ്ങളാണു്. 1256-ല് ഫ്രാൻസിസ്കൻ സഭയുടെ പൊതുശ്രേഷ്ഠനായിത്തീന്ന "വി. ബൊനവെന്തുരാ" വി. തോമസിന്റെ സമകാലീനനും സർവ്വപ്രകാരേണയും സമനും സ്നേഹിതനുമായിരുന്നു. ഗ്രിഗരി പത്താമൻ മാർപ്പാപ്പാ ഇദ്ദേഹത്തെ കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തി. വി. ബൊനവെന്തുരായുടെ തൂലികയും ജിഹ്വയും ഒരുപോലെ സമർത്ഥങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ പ്രായോഗികത്വമാണു് അവയുടെ സർവ്വാകർഷണീയമായ ഒരു പ്രത്യേകത. മാലാഖോചിതമായ ദൈവസ്നേഹ തീക്ഷ്ണത നിമിത്തം ഈ പുണ്യാത്മാവിനെ "സെറാഫിക്ക് ഡോക്ടർ" എന്നത്രേ തിരുസ്സഭ സംബോധന ചെയ്യുന്നതു്. ലയൺസു സൂനഹദോസില് സംബന്ധിക്കുന്നതിനായി പോകുന്ന വഴി ഫൊസ്സാനോവായില് വെച്ചു് വി. തോമസും, ഏതാനും മാസം കഴിഞ്ഞു് സൂനഹദോസ് നടന്നുകൊണ്ടിരിക്കുമ്പോൾ ലയൺസില് വെച്ചുതന്നെ വി. ബൊനവെന്തുരായും മരണമടഞ്ഞു. വേറെയും അനേകം കത്തോലിക്കാ പണ്ഡിതന്മാരുണ്ടായിരുന്നെങ്കിലും, തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പല പ്രശ്നങ്ങളെ സംബന്ധിച്ചും വി. തോമസിന്റെ അഭിപ്രായങ്ങളോടു വിയോജിച്ച "ഡൺസു സ്കോട്ടുസ്" എന്ന ഐറിഷ് ഫ്രാൻസിസ്കൻ സന്യാസി, പ. കന്യകയുടെ അമലോത്ഭവത്വത്തെ ശക്തിയുക്തം അനുകൂലിക്കയുണ്ടായി എന്നു പറയുകമാത്രമേ ഇവിടെ നിവൃത്തിയുള്ളൂ.

## XVI വിവിധ ദേശങ്ങളില് തിരുസ്സഭയുടെ നിലയും പ്രചാരവും.

വൈദികരുടെ വിവാഹിത ജീവിതവും, ദിവ്യാധികാരത്തിന്റെ ക്രയവിക്രയവും രാജാക്കന്മാർ മെത്രാന്മാർക്കു ചെയ്തിരുന്ന വൈദികാധികാരദാനവും എല്ലാം ക്രിസ്തീയജീവിതത്തെ കലുഷമാക്കിയിരുന്നുവെന്നു നാം കണ്ടുകഴിഞ്ഞല്ലോ. ഈ പൊതുനിയമത്തിനു് "ഫ്രാൻസ്" ഒരു വ്യത്യ

സുമല്ലായിരുന്നു. അവിടുത്തെ ദുരവസ്ഥയ്ക്കു പ്രത്യേകകാരണം അജ്ഞരായ നോർമൻ ക്രിസ്ത്യാനികളില് ചിലർ വൈദികരും മെത്രാന്മാരും ആകാനിടയായതാണ്. ആ സ്ഥാനങ്ങളിലും അവരുടെ ഗർഹണീയമായ പൂർവ്വജീവിതക്രമം അവർ തുടരാതിരുന്നില്ല. എങ്കിലും അവിടെ നടത്തപ്പെട്ട അനേക സൂനഹദോസുകളും, അവിടത്തെ വിവിധ വിദ്യാലയങ്ങളും യഥാകാലം വേണ്ട പരിവർത്തനങ്ങൾ ഏറെക്കുറെ സാധിച്ചുകൊണ്ടിരുന്നു. ഇങ്ങനെയിരിക്കെ അന്യം നിന്നുപോയ കാർലമാന്റെ വംശത്തെ തുടർന്നു ഭരിച്ച രാജാക്കന്മാരില് ഫിലിപ്പ് ഒന്നാമൻ സഭാകാര്യങ്ങളില് കൈകടത്തുകയും ആദ്യഭാര്യയെ ഉപേക്ഷിച്ച് വേറൊരുവളെ സ്വീകരിക്കയും ചെയ്കയാല് തിരുസിംഹാസനവുമായി എതിർക്കേണ്ടിവന്നു. എന്നാല് അയാൾതന്നെ പിന്നീട് കീഴ്പെടുകയത്രേ ചെയ്തത്. ഇതേ കുററങ്ങൾക്കുതന്നെ ഫിലിപ്പിന്റെ അനന്തരഗാമികളില് ചിലർ ശിക്ഷയനുഭവിക്കയും, പ്രായശ്ചിത്തംമൂലം മോചനം പ്രാപിക്കയും ചെയ്തിട്ടുണ്ട്. ചില അവസരങ്ങളില് രാജ്യം മുഴുവൻ "മുടക്കി"ലുൾപ്പെട്ടതാനും. മാർപ്പാപ്പാമാർ നിർബ്ബന്ധരായി. പുണ്യവാനായ ലൂയി നവമന്റെ സിംഹാസനാരോഹണത്തോടെ ഫ്റാൻസ് സവൈശ്വര്യനികേതനമായി. അദ്ദേഹത്തെപ്പോലെ അദർശയോഗ്യരായ ഭൂപതിമാരെ ലോകം വളരെ ചുരുക്കമായിട്ടേ കണ്ടിട്ടുള്ളൂ.

നോർമൻ രാജാവായ വില്യം ഒന്നാമന്റെ കീഴില് "ആംഗ്ലേയ" സഭ അഭിവൃദ്ധമായി എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനുള്ള പ്രധാന കാരണക്കാരൻ കാൻറർബറി മെത്രാപ്പോലീത്തയായിരുന്ന ലാൽഫ്റാൻകായിരുന്നു. ഗുണവാന്മാരെമാത്രം മെത്രാൻ പദവിയിലേയ്ക്കുയർത്തുന്നതില് അദ്ദേഹം പ്രത്യേകം ജാഗരൂകനായി. എന്നാല് വില്യമിന്റെ പുത്രനായ "വില്യം റൂഫസ്" സഭാസ്വത്തുക്കൾ കവർന്നെടുക്കുകയും ഭരണകർത്താക്കളില്ലായിരുന്ന രൂപതകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് അനാവശ്യമായി താമസിപ്പിക്കയും ചെയ്തു; എങ്കിലും പ്രഭുക്കന്മാരുടെ നിർബ്ബന്ധം നിമിത്തം ബെക്ക "അശ്രമാധിപനായിരുന്ന "അൻസല"ത്തെ കാൻറർബറിയില് ലാൻഫ്റാംകിന്റെ പിൻഗാമിയായി നിയമിച്ചു. റൂഫസും അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാരനായ ഹെൻറി ഒന്നാമനും അൻസലത്തെ പലപ്പോഴും എതിർക്കയുണ്ടായിട്ടുണ്ട്; തന്നിമിത്തം അൻസലം പലപ്പോഴെല്ലാം രാജ്യഭ്രഷ്ടനാകുകയും ചെയ്യാതിരുന്നില്ല. ക്രമേണ രാജാക്കന്മാർ ഇരുവരും സഭയുടെ ആജ്ഞാശക്തിക്ക് അടിപണിയുകതന്നെ ചെയ്തു.

രാജാവായ സ്റ്റീഫന്റെ ഭരണകാലത്ത് അല്ല്യയുദ്ധങ്ങൾമൂലം കത്തോലിക്കാസഭയ്ക്കു വലിയ അവശതകൾ നേരിട്ടു, പിന്നീട് ഹെൻറി രണ്ടാമൻ സിംഹാസനം പ്രാപിച്ചു. അദ്ദേഹത്തിന്റെ ചാൻസലരായിരുന്ന തോമസ് ബെക്കററിനെ കാൻറർബറി മെത്രാപ്പോലീത്തായായി ഉയർത്തി; ചാൻസലരുദ്യോഗം രാജിവെച്ചുകൊണ്ട് സഭാകാര്യങ്ങളില് ഹെൻറി പ്രയോഗിച്ചിരുന്ന അന്യായാധികാരങ്ങളെ തോമസ് പ്രതിഷേധിച്ചു. 1164-ല് ക്ലാരൻഡണില് കൂടിയ ഒരു കൌൺസിലില്വെച്ച് ഹെൻറി ഈ നിയമവിരുദ്ധാവകാശങ്ങളെ നിയമമാക്കിത്തീർത്തുകൊണ്ട് സഭയുടെമേല് പരമാധികാരം സ്ഥാപിക്കാൻ ശ്രമിച്ചു. ഇതിനെ എതിർത്ത

മെത്രാപ്പോലീത്തായെ അയാൾ രാജദ്രോഹിയായി പരിഗണിച്ചു. മററു മെത്രാന്മാരുടെപോലും സഹായമില്ലാതെ വിഷമിച്ച തോമസ് വിവരം പ. പിതാവിനെ അറിയിച്ചശേഷം ഇംഗ്ലണ്ടില് നിന്ന പോകുകയാണുണ്ടായത്. ഹെൻറിയെ മാനസാന്തരപ്പെടുത്താൻ മാർപ്പാപ്പാ ചെയ്ത ശ്രമം വിഫലീഭവിക്കയാല് ക്ലാരൻഡൺ നിയമങ്ങളും അവയുടെ പ്രയോക്താക്കളും ശക്തരായി. യോർക്ക് മെത്രാപ്പോലീത്താ 1170-ല് ഹെൻറിയുടെ പുത്രനെ അനധികൃതമായി കിരീടധാരണം ചെയ്കയില് ഇംഗ്ലണ്ടു മുഴുവൻ ഒരു "മുടക്കി"ലകപ്പെടുന്നമട്ടായി. ഹെൻറി കുഴഞ്ഞു; തോമസിനെ തിരിച്ചുവിളിച്ചുകൊണ്ട് സമാധാനംതേടി. എന്നാല് പ. പിതാവിന്റെ ആജ്ഞാനുസരണം ലണ്ടനിലേയും സാലിസ്ബറിയിലേയും മെത്രാന്മാരെ തോമസ് മഹറോൻ ചൊല്ലുകയാല് "ഈ ഉപദ്രവിയായ വൈദികന്റെ ബാധയൊഴിക്കാൻ ആരുമില്ലേ" എന്ന് രാജാവു കോപിച്ചു. നാലു രാജകിങ്കരന്മാർ തോമസിനെ ദേവാലയത്തിനകത്തുവെച്ച് 1170 ഡിസംബർ 29-ാംതീയതി കൊന്നുകളഞ്ഞു. പശ്ചാത്താപ പരവശനായ രാജാവ് മാർപ്പാപ്പായോട് മാപ്പപേക്ഷിക്കയും, സകല അപരാധങ്ങൾക്കും പരിഹാരം ചെയ്കയും, രണ്ടുകൊല്ലത്തിനുശേഷം വിശുദ്ധന്റെ പ്രേതാലയത്തിങ്കല് പരസ്യപ്രായശ്ചിത്തം അനുഷ്ഠിക്കയുംചെയ്തു.

1205-ല് സ്റ്റീഫൻ ലാങ്ടൺ കാൻറർബറി മെത്രാപ്പോലീത്തയായി. ഇതില് അതൃപ്തനായ ജോൺ രാജാവ് കാൻറർബറി സന്യാസികളെ നാടുകടത്തി സ്വത്തുക്കൾ അപഹരിച്ചു. തന്നിമിത്തം രാജ്യം മുടക്കിലുൾപ്പെടുകയും രാജാവു സഭാഭ്രഷ്ടനാകയും ചെയ്തു. എന്തിനേറെ, രാജാവ് പരിപൂർണ്ണമായി പ. പിതാവിനു വിധേയനായി. തന്നെയുമല്ല, സാമന്തനായ് അദ്ദേഹത്തെ രാജ്യത്തിന്റെ പരമാധികാരിയായി വരിച്ചുകൊണ്ട് ഒരു വാർഷിക കപ്പം കൊടുത്തുകൊള്ളാമെന്നു വാഗ്ദാനവും ചെയ്തു. കുറെ കൊല്ലങ്ങൾക്കുശേഷം 1215-ല് പ്രഭുക്കന്മാരുടെയും മെത്രാപ്പോലീത്തായുടെയും നിർബന്ധംമൂലം "മാഗ്നാകാർട്ടാ" എന്ന പ്രസിദ്ധമായ സ്വാതന്ത്ര്യപ്പട്ടയവും ജോൺ നല്കേണ്ടിവന്നു. എങ്കിലും അനന്തര കാലങ്ങളില് ജോണിന്റെ പിൻവാഴ്ചക്കാരില് നിന്നു, സഭ പലവിധ ഞെരുക്കൾ അനുഭവിച്ചിട്ടുണ്ട്, 1393-ൽ റിച്ചർഡ് ദ്വിതീയൻ പാസ്സാക്കിയ" "പ്രേമുണിർ നിയമം" സഭയുടെ അധികാരപ്രയോഗത്തെ അനീതിയായി നിയന്ത്രിക്കാതിരുന്നില്ല. പില്ക്കാലത്തുണ്ടായ വലിയ നിർഭാഗ്യങ്ങൾക്കു കാരണം കുപ്രസിദ്ധമായ ഈ നിയമ സംഹിതയാണ്.

ഡെയിൻകാരുടെ അക്രമപ്രവൃത്തികൾമൂലം അവശമായ "ഐർലണ്ടി"നെ അർമാഗ് അതിരൂപതാധികാരിയായ ചെല്സസ് ഉദ്ധരിച്ചുതുടങ്ങിയതായി മുൻ സൂചിപ്പിച്ചിട്ടുള്ളതാണെ, അദ്ദേഹത്തെ തുടന്ന് വി. മലാക്കിയും, ഡബ്ളിൻ മെത്രാനായ വി. ലാറൻസും സഭാപരിഷ്കരണാർത്ഥം ഫലവത്തായ ശ്രമങ്ങൾ ചെയ്യാതിരുന്നില്ല. രാജകരങ്ങളുടെ നിഷ്ഠുരത അനുഭവിക്കാനുള്ള നിർഭാഗ്യം ഐറിഷ് സഭയ്ക്കു ഉണ്ടായിട്ടില്ലായിരുന്നു. എന്നാല് 1171-ല് ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി ദ്വിതീയൻ ഐർലണ്ട് മിക്കവാറും സ്വാധീനമാക്കി. ഇംഗ്ലണ്ടില്നിന്നും 'ഇറക്കുമതി' ചെ

ഴപ്പെട്ട വൈദികരുടെ ജീവിതവും പ്രവൃത്തികളും ഐറിഷ് ജനതയുടെ അവജ്ഞയ്ക്കു പാത്രമായി. തന്ത്രശാലിയായ രാജാവ് പ്രാദേശിക സൂനഹദോസുകൾ സമ്മേളിപ്പിച്ച് സഭയ്ക്കു് പല സ്വാതന്ത്ര്യങ്ങളും നല്കിക്കൊണ്ടു് അവരെ രഞ്ജിപ്പിക്കുവാൻ ശ്രമിച്ചു. തന്നെയുമല്ല. ഐർലണ്ടു, മാർപ്പാപ്പാ അദ്ദേഹത്തിനു നല്കിയിരിക്കുന്നതായുള്ള ഒരു വ്യാജകല്പനയും പ്രചരിപ്പിച്ചു. ഏതായാലും ഇംഗ്ലീഷ്കാരുടെ ആഗമനം ഐറിഷ് സഭയ്ക്കു് പീഡാഹേതുതന്നെയായിരുന്നു. 1315-ൽ സ്കോട്ട്ലണ്ടുകാരുടെ ആക്രമണത്തോടുകൂടി അതു് വർദ്ധമാനമാകുകയാണുണ്ടായതു്. എങ്കിലും ഐറിഷ് സഭ അവളുടെ സ്തുത്യർഹമായ പാരമ്പര്യം കഴിയുന്നതും പരിപാലിക്കതന്നെ ചെയ്തു. "സ്കോട്ടിഷ്" ക്രിസ്ത്യാനികളുടെ ജീവിത നവീകരണം സാധിച്ചു് അവരെ ബാഹ്യക്രിസ്തീയ ലോകവുമായി ബന്ധത്തിലേർപ്പെടുത്തിയതു് മാല്ക്കോം ത്രിതീയൻ എന്ന രാജാവും (1058-93) അദ്ദേഹത്തിന്റെ രാജ്ഞിയായിരുന്ന വി. മർഗ്ഗരീത്തയുമായിരുന്നു. ഇവരുടെ പിൻവാഴ്ചക്കാർ, അ രമ്യമായ മഹനീയ സംരംഭത്തെ അനുകരിച്ചു പ്രവൃദ്ധമാക്കി. ഇംഗ്ലീഷ് ആധിപത്യശ്രമത്തെ സ്കോട്ട്ലണ്ടുകാർ ശക്തിയുക്തം എതിർത്തുകൊണ്ടു് പ. സിംഹാസനത്തിന്റെ പരമാധികാരത്തിനു വിധേയമായി രാഷ്ട്രീയ കാര്യങ്ങളിലും വർത്തിക്കയാണുണ്ടായതു്. അന്തഃഛിദ്രങ്ങൾ ഹേതുവാല് പല ദുരിതങ്ങളും സഭ അവിടെ അനുഭവിക്കേണ്ടിവന്നു.

സ്വസന്താനങ്ങളുടെ തീക്ഷ്ണതയില്ലായ്മ പരിഹരിക്കയും, രാജാക്കന്മാരോടു മത്സരിച്ച് അവളുടെ ന്യായമായുള്ള അവകാശങ്ങളെ സംസ്ഥാപിക്കയും ചെയ്തിരുന്നപ്പോഴും എല്ലാ ജാതികളേയും പഠിപ്പിക്കുവാനുള്ള നിയോഗം തിരുസ്സഭ വിസ്മരിച്ചില്ല. ബാൾട്ടിക്കതീരവാസികളായി അഹങ്കാരികളായ കിരാതന്മാരെ ക്രിസ്തീയ രാജാക്കന്മാർ കീഴടക്കുകയും ഒന്നുകില് ക്രിസ്തുമതം സ്വീകരിക്കയോ അഥവാ വംശവിനാശമനുഭവിക്കയോ ചെയ്യണമെന്നു് ആജ്ഞാപിക്കയും ചെയ്തു. ഇങ്ങനെ മതപ്രചരണത്തിനു് ബലപ്രയോഗവും ഇടക്കാലത്തു നടന്നിട്ടുണ്ടു്. പോളിഷ് ഭരണാധികാരിയായ ബോൾസ്ലാസ് "പാമറോണിയാക്കാ"രെ കീഴടക്കിയശേഷം വി. ഓത്തോയെ പ്രേഷകനായി നിയോഗിച്ചു. "ഫിൻലണ്ടു"കാരും സ്വീഡൻകാരും വി. എറിക്ക് എന്ന സ്വീഡിഷ് നൃപൻമൂലമാണ് മാനസാന്തരപ്പെട്ടതു്. അവരുടെ പ്രഥമപ്രേഷകനായ ഉപ്സാലായിലെ വി. ഹെൻറി നിഹനിക്കപ്പെടുകയത്രേ ചെയ്തതു്. 1158 ഒരു ശതാബ്ദം കഴിഞ്ഞു് ഒരു കുരിശുയുദ്ധംകൊണ്ടു് അവർ പരിപൂർണ്ണമായും സത്യമതം സ്വീകരിച്ചു. "റൂഗൽ" ദ്വീപുകാർ 1168-ല് ഡെൻമാർക്കുരാജാവിനും തന്നിമിത്തം കത്തോലിക്കാ സഭയ്ക്കും വിധേയരായി. ലിവോണിയരുടെ പ്രേഷകർ മെയിൻഹാർഡ്, ബെർതോൾഡ്, ആല്ബ്രെച്ച് എന്നിവരാണു്. ഒടുവിലത്തെ രണ്ടുപേർ അവരുടെ രൂപതാതിർത്തിയിലും, സമീപദേശങ്ങളിലുമുള്ള അജ്ഞാനികളുടെ നേരെ കുരിശുയുദ്ധങ്ങൾ നയിച്ചിട്ടുണ്ടു്.

വളരെക്കാലത്തേക്ക് പ്രഷ്യാക്കാർ ക്രിസ്തുമതത്തെ ചെറുത്തുനിന്നു. അവിടെയെത്തിയ പ്രഥമപ്രേഷകർ വധിക്കപ്പെടുകയത്രേ ചെയ്തതു്. സിസ്റ്റേർഷ്യൻ സന്യാസിയായ "ക്രിസ്ത്യൻ" 1214-ല് അവരുടെ മെത്രാ

നായിത്തീൻ. ഇദ്ദേഹം അവരുടെനേരെ ക്രൂശുയുദ്ധം നടത്തി അരശതാബ്ദംകൊണ്ടു് അവരെ ക്രിസ്തുമതാവലംബികളാക്കി, 1386-ല് ലിത്വേനിയൻ രാജാവായ ജംഗല്ലൻ ക്രിസ്ത്യാനിയാകയും സ്വപ്രജകളെ അതിനു പ്രേരിപ്പിക്കയും ചെയ്തു. ലിത്വേനിയാക്കാരാണു് യൂറോപ്യരുടെ ഇടയില് അവസാനം സത്യവെളിച്ചം ദർശിച്ചതു്: ഡെൻമാക്കില് വേരൂന്നിയ ക്രിസ്തുമതം വിഘ്നമെന്യേ വളർന്നുവന്നു; നോർവേയിലും ഹ്രസ്വമായ ഒരു പീഡനമൊഴിച്ചാല് ഇതു തന്നെയായിരുന്നു അനുഭവം.

ഏഷ്യയില് നെസ്റ്റോറിയന്മാർ കിഴക്ക് ചൈനയോളം മതപ്രചരണം നടത്തി. അവരെ തിരുസ്സഭയുമായി രഞ്ജിപ്പിക്കുന്നതിനു് 1172-ല് ടാർട്ടാർ രാജാവിന്റെ പ്രതിനിധിയായ അലക്സാണ്ടർ തൃതീയൻ മാർപ്പാപ്പാ മെത്രാനാക്കി അയച്ചു. മംഗോളിയരുടെ ആക്രമണംമൂലം ഇതു സാധിക്കാതെപോയി. മാർപ്പാപ്പാമാരും ഫ്രാൻസിലെ വി. ലൂയി ഒൻപതാമനും മംഗോളിയരുടെ മാനസാന്തരാർത്ഥം ഡോമിനിക്കരേയും ഫ്രാൻസിസ്കരേയും നിയോഗിച്ചു; പക്ഷെ വിജയം നിസ്സാരമായിരുന്നു. ഒടുവില് മോൺടെകോർവിനോയിലെ ജോൺ ആയിരംപേർക്ക് മാമ്മോദീസാ കൊടുക്കയും "പെക്കിങ്ങില്" ദേവാലയങ്ങൾ സ്ഥാപിക്കയും വേദപുസ്തകം അവിടത്തെ നാട്ടുഭാഷയിലേക്കു വിവർത്തനം ചെയ്കയും ചെയ്തു. 1307-ല് അദ്ദേഹം അവിടത്തെ മെത്രാപ്പോലീത്തായായി. ഉടൻ തന്നെ പല മെത്രാന്മാരും ഉൾപ്പെട്ട ഒരു പ്രേഷകസംഘം ചൈനയിലേക്കു നിയോഗിക്കപ്പെട്ടു. 1368-ല് മംഗോളിയർ ബഹിഷ്കൃതരായതോടെ ക്രിസ്തുമതവും അവിടെ അധഃപതിച്ചു. ഇന്ത്യയില് മതപ്രചരണത്തിനു ചെയ്ത ശ്രമം യാത്രയുടെ വൈഷമ്യം നിമിത്തം പരാജയപ്പെടുകയാണുണ്ടായതു്..

അഫ്രിക്കയിലെ അവിശ്വാസികൾ വി. ഫ്രാൻസിസ് അസ്സീസിയെ ഉപചാരപൂർവ്വം സ്വീകരിച്ചെങ്കിലും അദ്ദേഹത്തിന്റെ പ്രേഷകവൃത്തി അവിടെ വിജയപ്രദമായില്ല. അനന്തരം അദ്ദേഹം അയച്ച ആറു സഹോദരങ്ങളില് അഞ്ചുപേരും ഗളച്ഛേദം ചെയ്യപ്പെട്ടു. 1261-ല് പ്രേഷകരായ ഇരുനൂറോളം ഫ്രാൻസിസ്കരും, ഏറെത്താമസിയാതെ 190 ഡോമിനിക്കരും മഹമ്മദീയഖഡ്ഗത്തിനൂണായി. ഈ സംഭവങ്ങളൊന്നും മിഷ്യനറിമാരെ നിരാശരാക്കുവാൻ പര്യാപ്തമായില്ല. അവർ ജോലിതുടർന്നുകൊണ്ടേയിരുന്നു. 1315-ല് റെയ്മൺഡസ് ലുള്ളസിനെ മുസല്മാന്മാർ കല്ലെറിഞ്ഞുകൊന്നു. ഏതായാലും 14-ാം ശതകത്തില് ഉത്തരാഫ്രിക്കയില് മെത്രാസനങ്ങളുണ്ടായിരുന്നുവെന്നുള്ളതു് നിശ്ചയമാണ്. 1491-ല് പോർട്ടുഗീസ് മിഷ്യനറിമാർ കോംഗോ പ്രദേശത്തു് ഒരു മിഷ്യൻ രംഗമാരംഭിച്ചു. വാസ്കോഡിഗാമയുടെ ഇന്ത്യാപ്രാപ്തിയും ശ്രേയസ്കരമായ ഭാവിയുടെ ഒരു നാന്ദി തന്നെയായിരുന്നു.

സ്പെയിൻകാർ അമേരിക്ക കണ്ടുപിടിച്ചശേഷം അവിടത്തെ ജനങ്ങളുടെയിടയില് മതപ്രചരണജോലി നിർവ്വഹിക്കുന്നതിനുള്ള ചുമതല ഫെർഡിനാൻഡു് രാജാവിനെത്തന്നെയാണു അലക്സാണ്ടർ ആറാമൻ മാർപ്പാപ്പാ ഏല്പിച്ചതു്, അദ്ദേഹം 1493-ലെ "വിഭാഗശാസനം"കൊണ്ടു്

അമേരിക്ക സ്റ്റേയിറ്റിൻെറയും, പൌരസ്ത്യ ലോകം പോർട്ടുഗലിൻെറയും, മതപ്രവർത്തനരംഗമാക്കി നിർണ്ണയിച്ചു. എന്നാല് കുറെനാൾ കഴിഞ്ഞു ബ്രസിലും പോർട്ടുഗലിനായി വിട്ടുകൊടുത്തു. ഇതുമൂലം ഈ കത്തോലിക്ക രാജ്യങ്ങൾ തമ്മില് വാണിജ്യസംബന്ധമായും കലാപങ്ങളുണ്ടാകാനിടയായില്ല. ഇരുരാജ്യങ്ങളുടേയും മതപ്രചരണവൃത്തി. എത്രമാത്രം പുകഴ്ത്തിയാലും മതിയാവുന്നതുമല്ല.

## XVII. ഒരു തിരഞ്ഞു നോട്ടം.

മദ്ധ്യശതകങ്ങളുടെ ഉത്തരഘട്ടം നാനാവിധമായ പുരോഗമനത്തിൻെറ കാലമാണ്. ക്രിസ്ത്യാനികളെ അവരുടെ സാന്മാർഗ്ഗികാധഃപതനത്തില്നിന്നും മോചിതരാക്കാൻ തിരുസ്സഭാമാതാവു ചെയ്ത ശ്രമങ്ങൾ വിജയകരമായി പുരോഗമിച്ചു. യൂറോപ്പു മുഴുവൻ ഒരു ക്രിസ്തീയ കുടുംബവും പ. പിതാവു് അതിൻെറ തലവനും എന്ന വിധത്തിലായിത്തീർന്നു. ഈ മഹാകുടുംബത്തിലെ അംഗങ്ങളായ രാജസഹോദരന്മാർ ചിലപ്പോഴെല്ലാം അന്യോന്യവും അവരില് ചിലർ ഐഹിക പിതാവിനോടും കലഹിച്ചുവെന്നുള്ള വാസ്തവം മറച്ചുവെയ്ക്കുന്നില്ല; അതില് അസാധാരണമായി ഒന്നുമില്ലാതാനും. സന്മാർഗ്ഗോദ്ധാരണം പുണ്യജീവിതത്തിനു് കൂടുതല് സൌകര്യം നല്കി. ഫ്റാൻസിലെ ലൂയി, ഇംഗ്ലണ്ടിലെ എഡ്വേഡ് തുടങ്ങിയ രാജാക്കന്മാർ, മാററില്ഡാ, ഈഡിത്ത് പ്രഭൃതികളായ ചക്രവർത്തിനിമാർ, ജെർത്രൂദ്, ഹില്ഡെഗാർഡു ആദിയായ സന്യാസിനികൾ, അക്കിലെ വി. ജോവാൻ, റീത്താ, ഇസിദോർ മുതലായ സാമാന്യജനങ്ങൾ, ഇങ്ങനെ ഇക്കാലത്തു് വിവിധ ജീവിതാവസ്ഥകളില് സിദ്ധമകുടം പ്രാപിച്ച മഹാത്മാക്കളുടെ സംഖ്യാനിർണ്ണയം ചെയ്യുന്നതിനുള്ള ശ്രമം വെറും സാഹസമായേ പരിഗണിക്കപ്പെടുകയുള്ളൂ. സന്യാസസഭകളും പ്രേഷകന്മാരും അഭൂതപൂർവ്വമായവിധം വർദ്ധിച്ചു. വി. അന്തോനി പാദുവാ, വി. വിൻസെൻറു ഫെററർ, വി. ജോൺ കഫസ്ത്രൻ തുടങ്ങിയ വേദപ്രസംഗകരുടെ പ്രബോധനങ്ങൾ ജനതതിയുടെ വിശ്വാസദീപത്തെ ഉജ്ജ്വലിപ്പിച്ചു. സജീവമായ അവരുടെ വിശ്വാസംതന്നെയാണ് അതുല മനോഹരങ്ങളായ ദേവാലയങ്ങളും, ആശ്രമങ്ങളും വിദ്യാലയങ്ങളും അനാഥമന്ദിരങ്ങളുമായി രൂപമെടുത്തതു്!

സഭാചാരങ്ങളെ ക്രോഡീകരിക്കുന്ന കാനോൻ നിയമങ്ങൾ ഔദ്യോഗികമായി സമാഹരിക്കപ്പെട്ടതും ഇക്കാലത്താണ്. പാപികൾ ചെയ്യേണ്ടിയിരുന്ന പരസ്യപ്രായശ്ചിത്തങ്ങൾ കുറച്ചു് അവയ്ക്കു പകരം ഭക്ത്യഭ്യാസങ്ങൾ ഏർപ്പെടുത്തുകയും അങ്ങിനെ "ദണ്ഡവിമോചന" സമ്പ്രദായം നടപ്പില് വരികയും ചെയ്തു. ആദ്യകാലത്തു് ഇതു് ഭാഗികവും മാത്രമായിരുന്നു. കുരിശുയോദ്ധാക്കൾക്കാണ് പ്രഥമമായി പൂർണ്ണദണ്ഡവിമോചനം നല്കിയതു്. 1300-ല് ബോനിഫസ് അഷ്ടമൻ മാർപ്പാപ്പാ ആദ്യത്തെ "ജൂബിലി" പ്രഖ്യാപനം ചെയ്തു. രണ്ടുലക്ഷം വിശ്വാസികളാണത്രേ അന്നു് റോമിലെ വിശുദ്ധ സ്ഥലങ്ങൾ സന്ദർശിച്ചു് ദണ്ഡവിമോചനങ്ങൾ പ്രാപിച്ചതു്.

1350-ലെ ജൂബിലിക്ക് തീർത്ഥകരുടെ സംഖ്യ പത്തു ലക്ഷമായിരുന്നു. ജൂബിലി 25 കൊല്ലത്തിലൊരിക്കല് വേണമെന്ന് 1470-ല് രണ്ടാം പൌലോസ് മാർപ്പാപ്പായാണ് തീരുമാനിച്ചതു്. സകല ഭക്തിയുടേയും കേന്ദ്രമായ വി. കുർബ്ബാനയുടെ തിരുനാൾ സാർവ്വത്രികമാക്കിയതു് 1264-ല് ആയിരുന്നു.

വിജ്ഞാനവർദ്ധനവാണ് ഈ ദശാസന്ധിയിലെ മറെറാരു പ്രത്യേകത. ദേവാലയങ്ങളോടും ആശ്രമങ്ങളോടും അനുബന്ധിച്ച് വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്ന് മാർപ്പാപ്പാമാർ പ്രത്യേകം നിഷ്കർഷിച്ചിരുന്നതായി നാം കണ്ടുകഴിഞ്ഞു. ജനതതിയുടെ ഉള്ളഴിഞ്ഞുള്ള സഹായങ്ങളും വൈദികരുടെ നിസ്വാർത്ഥമായ ത്യാഗവുംകൊണ്ട് അവ പുഷ്ടി പ്രാപിച്ചുവന്നു. താളശസ്ത്രസ്കൂളുകളാണ് പ്രസിദ്ധങ്ങളായ അനന്തരത്തെ സർവ്വകലാശാലകളുടെ ബീജങ്ങൾ. 14-ാം ശതകത്തിന്റെ അവസാനത്തില് യൂറോപ്പില് 39 സർവ്വകലാശാലകളുണ്ടായിരുന്നുവെന്നും ഒരു ശതാബ്ദം കൂടികഴിഞ്ഞപ്പോൾ അവയുടെ സംഖ്യ 66 ആയെന്നും കാണുന്നു. ഇന്ന് കത്തോലിക്കേതരരുടെ കൈവശമിരിക്കുന്നവയുൾപ്പെടെ എല്ലാ സർവ്വകലാശാലകളുടേയും സ്ഥാപകന്മാർ മാർപ്പാപ്പാമാരോ മറ്റ് വൈദികാധികാരികളോ ആയിരുന്നുവെന്നു ഗ്രഹിപ്പാൻ പ്രയാസമില്ല. ഇവയില് ആദ്ധ്യാത്മികവും ലൌകികവും ആയ എല്ലാ കലകളിലും ശാസ്ത്രങ്ങളിലും ലോകം ദർശിച്ചിട്ടുള്ളവരില് ഒന്നാംകിടയില് നില്ക്കുന്ന അദ്ധ്യാപകന്മാരാണ് പ്രബോധനം നല്കിയിരുന്നതു്. ഈ മഹാസ്ഥാപനങ്ങളില് സർവ്വപ്രധാനമായവ പാരിസ്, പ്രേഗ്, ബൊളോഞ്ഞാ, ഓക്സ്ഫോർഡ്, തുടങ്ങിയവയായിരുന്നു. 1262-ല് ബൊളോഞ്ഞായില് 20000-വും 1231-ല് ഓക്സ് ഫോർഡില് 30,000-വും വിദ്യാർത്ഥികൾ അഭ്യസിച്ചിരുന്നത്രേ!! മററുള്ളവയും അത്ര പിന്നോക്കമല്ലായിരുന്നുവെന്നു പറയാൻ മാത്രമേ ഇവിടെ നിവൃത്തിയുള്ളൂ. നിർദ്ധനരായ വിദ്യാർത്ഥികൾക്കു വേതനരഹിതമായ വിദ്യാലാഭത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. പൌരാണിക ഗ്രന്ഥങ്ങളുടെ പഠനം ആദ്ധ്യാത്മിക ശാസ്ത്രങ്ങൾക്ക് ഒരു നവ്യപദ്ധതി തെളിച്ചതും ഇക്കാലത്താണെന്ന് പ്രസ്താവിച്ചിട്ടുണ്ടല്ലൊ,

അമേരിക്ക കണ്ടുപിടിച്ചതും ഇൻഡ്യയിലേക്കുള്ള കടല്മാർഗ്ഗം തെളിച്ചതും മദ്ധ്യശതകങ്ങളിലെ കത്തോലിക്ക രാജ്യങ്ങളാണ്, ജോൺ ഗൂട്ടൺബെർഗ് അച്ചടിയന്ത്രവും, ബെർതനാൾഡ് മാർട്ടസ് എന്ന ജർമ്മൻസന്യാസി വെടിമരുന്നും, ഇത്താലിയനായ ഫ്ളാവിയോഗ്യോജാ വടക്കുനോക്കിയന്ത്രവും, കണ്ടുപിടിച്ചതും ഇക്കാലത്തുതന്നെ. അന്നത്തെ ബ്രഹ്മാണ്ഡ ദേവാലയങ്ങൾ ശില്പകലാവൈദഗ്ദ്ധ്യത്തിന്റെ മകുടോദാഹരണങ്ങളാണ്. ചുരുക്കത്തിൽ അനന്തരകാലത്തെ ബഹുമുഖമായ ലോകാഭിവൃദ്ധിക്കു നിദാനം മദ്ധ്യമഘട്ടത്തിലെ കത്തോലിക്കാ സഭയുടെ നിസ്തുല്യ സേവനം തന്നെ; സംശയമില്ല,

# ആധുനികചരിത്രം.

## (1500—)

## XVIII. നവീകരണം.

കിരാതരായ ശത്രുക്കളോടും ദുരഹങ്കാരികളായ ഭൂപതിമാരോടും നീതിയുദ്ധംചെയ്തു തിരുസ്സഭാമാതാവു് സമ്പാദിച്ച ഐക്യത്തിന്റെ ഭഞ്ജനമാണു്. ഈ നവ്യാദ്ധ്യായത്തില് നാം ദർശിക്കേണ്ടതു്. "നവീകരണപ്രസ്ഥാനം" എന്ന കുപ്രസിദ്ധമായ മതവിപ്ലവം ആരംഭിച്ചതും ശക്തിപ്രാപിച്ചതും അധോഗതിയിലാണ്ടതും ഇക്കാലത്തുതന്നെ. "ജനപദങ്ങളുടെ മതത്യാഗം" എന്നറിയപ്പെടുന്ന ഈ കലഹംനിമിത്തം യൂറോപ്പിലെ മതാത്മകവും രാഷ്ട്രീയവുമായ വ്യവസ്ഥിതിക്കു നേരിട്ട അധഃപതനം ശോചനീയമായിരുന്നു. തിരുസിംഹാസനത്തിന്റെ സ്വേച്ഛാധിപത്യം, വൈദികാധികാരികളുടെ ദുർവൃത്തികൾ, വൈദികരുടേയും സന്ന്യാസികളുടേയും അസന്മാർഗ്ഗികത്വം കത്തോലിക്കാസഭയിലെ അന്ധവിശ്വാസജടിലമായ ദുരാചാരങ്ങൾ മുതലായവയാണു് നവീകരണഹേതുക്കളായി തത്കർത്താക്കൾ അവതരിപ്പിച്ചതു്. എന്നാല് ഇവയൊന്നും അവർ പ്രസ്താവിക്കുന്നിടത്തോളമെന്നല്ല, ചിലവ ഒട്ടുംതന്നെ, വാസ്തവമല്ല എന്നു് നിഷ്പക്ഷ ചരിത്രകർത്താക്കൾ രേഖപ്പെടുത്തിയിട്ടുണ്ടു്. തന്നെയുമല്ല ഈ നവീകരണംമൂലമുണ്ടായിടത്തോളം സന്മാർഗ്ഗികാധഃപതനം ലോകത്തിലുണ്ടായിട്ടില്ലെന്നുവേണം പറയുവാൻ. വിപ്ലവകാരികളുടെ അനിയന്ത്രമായ ഔന്നത്യാകാംക്ഷയും, അഹങ്കാരവുമായിരുന്നു അനഭിലഷണീയമായ ഈ പ്രതിയാനങ്ങളുടെ സാക്ഷാത് നിദാനം. അന്നത്തെ വിജ്ഞാനപുനരുദ്ധാരണത്തിനും തമോമയമായ ഒരു വശമുണ്ടായിരുന്നു. ഗ്രീസിലേയും റോമിലേയും പൌരാണിക സാഹിത്യപഠനം, അവയില് പ്രതിപാദിതമായിരിക്കുന്ന തരത്തിലുള്ള ഹീനവൃത്തികൾക്കു് പ്രേരണനല്കി. തന്നെയുമല്ല തന്നിമിത്തമുണ്ടായ സ്വതന്ത്രചിന്താതത്പരത ആത്മികാവബോധത്തെ അടിച്ചമർത്തുന്നതിനു ഇടയായി. ഇതോടുകൂടി നൂതനങ്ങളായ ഭൂവിഭാഗങ്ങളും യന്ത്രവിശേഷങ്ങളും കണ്ടുപിടിച്ചതുകൊണ്ടുണ്ടായ ലൌകിക പുരോഗതിയും പാരത്രികചിന്തയെ വിഗണിക്കുന്നതിനു സഹായകമായി ബ്ഭവിച്ചു. അധികാരവർദ്ധനവിനു കൊതിപൂണ്ട രാജാക്കന്മാരാകട്ടെ തിരുസ്സഭയുടെ സ്വാധീനശക്തി തകർക്കുന്നതിനു് ഒരവസരം പാർത്തുംകഴിഞ്ഞുകൂടി.

മാർട്ടിൻലൂതർ എന്ന ജർമ്മൻ അഗസ്റ്റീനിയൻ സന്ന്യാസിയാണു് നവീകരണത്തിന്റെ പ്രഥമാവതാരകൻ. 1508-ല് വിറ്റൻബർഗ്ഗ് സർവ്വകലാശാലയിലെ അദ്ധ്യാപകനായിത്തീർന്ന ഈ ദൈവശാസ്ത്രപണ്ഡിതൻ വികാരാധീനനും സമചിത്തതയില്ലാത്തവനുമായിരുന്നു. 1517-ല് പത്താം ലെയോ മാർപ്പാപ്പാ, നിർദ്ദിഷ്ട ഭക്തികൃത്യങ്ങൾ അനുഷ്ഠിക്കുന്നതിനും

പുറമേ വി. പത്രോസിൻെറ ദേവാലയനിർമ്മാണത്തിനു ധനസഹായം ചെയ്യുന്നവർക്ക് ഒരു ദണ്ഡവിമോചനം ലഭിക്കുന്നതാണെന്ന് പ്രഖ്യാപനം ചെയ്തു. ജർമ്മനിയില് ഈ ദണ്ഡവിമോചനദാനത്തെപ്പററി പ്രസംഗിക്കുവാൻ നിയുക്തനായതു് "ജോൺടെററ്സല്" എന്ന ഡോമിനിക്കൻ സന്യാസിയായിരുന്നു. അസൂയാലുവായ ലൂതർ ഇതിനെതിരായി ഒരു ചെറുപ്രബന്ധം പ്രസിദ്ധപ്പെടുത്തി. നന്മപ്രവൃത്തികൾ നിഷ്പ്രയോജനങ്ങളാണെന്നും, രക്ഷ പ്രാപിക്കുന്നതിന് വിശ്വാസം മാത്രം മതിയാകുമെന്നും ലൂതറിനു നേരത്തെതന്നെയുണ്ടായിരുന്ന അഭിപ്രായങ്ങളുടെ ഒരു ബഹിർരൂപമായിരുന്നു ഈ പ്രബന്ധം. ദണ്ഡവിമോചനതത്വത്തെ അയാൾ മുക്തകണ്ഠം എതിർത്തു എന്നു പറയേണ്ടതില്ലല്ലോ. "ടെററ്സ"ലും മററു പലരും അയാളുടെ വാദമുഖങ്ങളെ സയുക്തികം ഖണ്ഡിക്കാതിരുന്നില്ല. ലൂതറാകട്ടെ അവരെയെല്ലാം ഭത്സിക്കുകയും മാർപ്പാപ്പായുടെ അധികാരത്തെ വിഗണിച്ചുകൊണ്ടു് വിവാദത്തിൻെറ തീരുമാനത്തിനായി ഒരു സൂനഹദോസ് കൂടണമെന്നു ശഠിക്കുകയും ചെയ്തു. പ. പിതാവ് ഒരു ലേഖനത്താല് ദണ്ഡവിമോചനതത്വത്തെ സുവിശദം വ്യാഖ്യാനിക്കയുണ്ടായി.

ലൂതറിൻെറ അഗ്രഹാനുസാരം "ലീപ്സിഗി"ല്‌വെച്ച് വിവാദവിഷയത്തെപ്പററി ഒരു പരസ്യചർച്ചതന്നെ നടത്തി. ഡാക്ടർ "ജോൺ എക്ക്" എന്ന പണ്ഡിതോത്തംസത്തിൻെറ യുക്തികളെ ഖണ്ഡിക്കാൻ നിവൃത്തിയില്ലാതെ ലൂതറും സഹപ്രവത്തകരും ലജ്ജാകരമായി പരാജയമടഞ്ഞു. എന്നാല് ഇതുകൊണ്ടും അബദ്ധമുപേക്ഷിക്കാതെ ന്യായാധിപതികളേയും പ്രതിപക്ഷികളേയും ആക്ഷേപിക്കമാത്രമേ അയാൾ ചെയ്തുള്ളു. പ. സിംഹാസനത്തേയും, സഭാവസ്തുക്കളേയും നശിപ്പിച്ചു കളയുന്നതിന് അയാൾ രാജാക്കന്മാരോട് അഭ്യർത്ഥിച്ചു. 1520-ല് മാർപ്പാപ്പാ അയച്ച രണ്ടാമത്തെ ലേഖനം ലൂതർ പരസ്യമായി അഗ്നിക്കിരയാക്കി. തന്നിമിത്തം അടുത്തകൊല്ലം ജനുവരിയില് ഈ അബദ്ധോപദേശകൻ മഹറോൻ ശിക്ഷയ്ക്കധീനനായിത്തീർന്നു.

ജർമ്മൻ ചക്രവത്തിയായ ചാൾസ്സ് അഞ്ചാമൻ "വേംസിലെ സാമ്രാജ്യസഭയില് ഹാജരാകുന്നതിന് ലൂതറിന് ആജ്ഞ നല്കി. അവിടേയും പ്രമാദങ്ങൾ പിൻവലിക്കുവാൻ അയാൾ തയാറായില്ല. സാമ്രാജ്യപ്രവേശം നിഷേധിക്കപ്പെടുകയാല് സ്വപാർശ്വവത്തികളായ പ്രഭുക്കന്മാരുടെ സംരക്ഷണയില് വിററൻബർഗ്ഗ് എന്ന സ്ഥലത്ത് ലൂതർ ഒരു വഷത്തോളം ഒളിവില് താമസിച്ചു. ഇവിടെവെച്ചാണ് അയാൾ വേദപുസ്തകവിവത്തനമാരംഭിച്ചതു്. വേദഗ്രന്ഥസമുച്ചയത്തിലെ പല പുസ്തകങ്ങളേയും അയാൾ സ്വീകരിച്ചില്ലെന്നു തന്നെയല്ല സ്വീകരിച്ചവയില്തന്നെ സ്വസിദ്ധാന്തങ്ങൾക്ക് വിപരീതമായ വാക്യങ്ങൾ തിരസ്കരിക്കയും ആവശ്യമെന്നു തോന്നിയവ കൂട്ടിച്ചേർക്കയും ചെയ്തു!! ഡാക്ടർ 'എക്ക്' 'എസ്മർ' മുതലായ കത്തോലിക്കാ പണ്ഡിതന്മാർ, ഇതിനെതിരായി ശരിയായ വിവത്തനങ്ങൾ പ്രസിദ്ധീകരിക്കയും ലൂതറിൻെറ കള്ളത്തരങ്ങളെ വെളിപ്പെടുത്തുകയും ചെയ്യാതിരുന്നില്ല. മനുഷ്യമനസ്സ് അസ്വതന്ത്രമാണെന്നും, ആദ്യപാപം ഹേതുവാല് മനുഷ്യന് നന്മ ചെയ്വാൻ അസാദ്ധ്യമാണെന്നും,

എത്രമാത്രം പാപങ്ങൾ ചെയ്താലും ശരിയായി വിശ്വസിച്ചാല് രക്ഷപ്രാപിക്കാമെന്നും, നന്മപ്രവൃത്തികൾ എന്നു പറയുന്നവ നിഷ്ഫലങ്ങളാണെന്നും, വിശ്വാസത്തിന്റെ ഏകാധാരമായ വേദപുസ്തകം ഓരോരുത്തനും ഇഷ്ടാനുസരണം വ്യാഖ്യാനിക്കാമെന്നും ലൂതർ പ്രബോധിപ്പിച്ചു!!!

ഈ അബദ്ധസിദ്ധാന്തം കാട്ടുതീപോലെ ജർമ്മനിയില് പടർന്നുപിടിച്ചു. വൈദികബ്രഹ്മചര്യത്തെയും, സന്ന്യാസവ്രതത്തെയും മിഥ്യയെന്നു ഘോഷിക്കയും, സഭാസ്വത്തുക്കളെ നിശ്ശങ്കം കൈക്കലാക്കാൻ അനുവദിക്കുകയും ചെയ്ത നവീന സിദ്ധാന്തത്തെ, വൈദികരും, സന്ന്യാസികളും, രാജാക്കന്മാരും, സാധാരണ ജനങ്ങളും ധാരാളമായി അനുവർത്തിച്ചു. മാനുഷിക ദുരാശകൾക്കു സ്വൈരവിഹാരമനുവദിച്ച മതം ലൗകായതികന്മാർ ആശ്ലേഷിച്ചതില് എന്താണദ്ഭുതം! ഒരു സന്ന്യാസിയായിരുന്ന ഡിഡിമൂസിന്റെ പ്രേരണമനുസരിച്ച് ജനങ്ങൾ ദേവാലയങ്ങളും ആശ്രമങ്ങളും ദിവ്യപ്രതിമകളും വിവേചനാരഹിതമായി നശിപ്പിച്ചതു് ലൂതറിന്റെ പോലും അതൃപ്തിക്കു വിഷയമായെന്നു പറഞ്ഞാല് അതിന്റെ കാഠിന്യം ചിന്ത്യമാണല്ലോ. ക്ലമന്റു സപ്തമൻ മാർപ്പാപ്പായുടെ പ്രതിനിധിയായ കർദ്ദിനാൾ "കമ്പിജിയോ" 1524-ല് അസ്ത്രിയായിലെ ഫെർഡിനാൻഡിന്റെ നേതൃത്വത്തില് ഒരു കത്തോലിക്കാ രാജസഖ്യം സ്ഥാപിച്ചു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ലൂതർ പക്ഷക്കാരും താദൃശമായ ഒരു സംഘടനയുണ്ടാക്കി. സർവ്വസമത്വവും അധികാരവിദ്വേഷവും പ്രസംഗിച്ചുകേട്ട പൊതുജനങ്ങൾ അവരുടെ ഭരണാധികാരികൾക്കെതിരായി വിപ്ലവമുയർത്തി. എന്തിനേറെ അതേ തത്വങ്ങൾ തന്നെ പഠിച്ചിരുന്ന ലൂതറൻ രാജാക്കന്മാർ അവരെ നിഷ്കരുണം കൊന്നൊടുക്കുകയും ചെയ്തു!!

1525 ജൂൺ 15-ാംതിയതി ഒരിക്കല് സന്ന്യാസിയായിരുന്ന ലൂതർ "കാതറൈൻ ബോറാ" എന്ന സിസ്റ്റർസ്യൻ സന്ന്യാസിനിയെ ആശ്രമത്തില്നിന്നും തട്ടിക്കൊണ്ടുപോയി വിവാഹം ചെയ്തു! അനന്തരം പുതിയ സഭാഭരണത്തിനു് ചില വ്യവസ്ഥിതികളുണ്ടാക്കി. അതില് വൈദികസ്ഥാനമേ ഇല്ലായിരുന്നു; അഥവാ എല്ലാവരും പുരോഹിതരായിരുന്നു!! 1529-ല് "സ്പയർസി"ല് വെച്ച് ജർമ്മൻ രാജാക്കന്മാരുടെ ഒരു സമ്മേളനം നടത്തി. അന്നു് മതവ്യത്യാസത്തെ ലഘൂകരിക്കുന്നതിനു് കത്തോലിക്കാവിഭാഗക്കാർ അവതരിപ്പിച്ച നീതിയുക്തമായ അഭിപ്രായത്തോട് എതിർക്കയാല് പാഷണ്ഡികൾക്കു് "പ്രൊട്ടസ്റ്റാൻറ്സ്" എന്ന പേരുണ്ടായി.

1530-ല് "അഗസ്ബർഗി"ല് വെച്ച് വീണ്ടും ഈദൃശമായ ഒരു സമ്മേളനം നടത്തുന്നതിനു് ജർമ്മൻ ചക്രവർത്തി തീരുമാനിച്ചു. പുരാണിക വിശ്വാസത്തിലേക്കു തിരിച്ചു വരുന്നതിനെപ്പറ്റി ആലോചിക്കുവാൻ പ്രോട്ടസ്റ്റൻറ്സിനു് കുറെ സമയവുമനുവദിച്ചു. അവരാകട്ടെ നവ്യമതസംരക്ഷണാർത്ഥം ഒരു സഖ്യത്തിലേർപ്പെടുകയത്രേ ചെയ്തതു്. അതിനാല് കത്തോലിക്കാ ഭൂപതികൾ "ദിവ്യസംഘം" എന്ന സംഘടനയുണ്ടാക്കി. ബഹുഭാര്യത്വം അനുവദിച്ചതുകൊണ്ട് ചില രാജാക്കന്മാരും, വിവാഹംചെയ്യാൻ കഴിഞ്ഞതുകൊണ്ട് ചില വൈദികാധികാരികളും നവീനമതമാശ്ലേഷിക്കുകയും ഊർജ്ജസ്വലമായി പ്രചരിപ്പിക്കയും ചെയ്തു. ജ

ൻരാജ്യങ്ങൾ ഒന്നിനു പിറകെ ഒന്നായി വീണ്ടും അബദ്ധസിദ്ധാന്തങ്ങൾ സ്വീകരിച്ചു; ഇതു് പ്രത്യേകിച്ചും ഭരണാധികാരികളുടെ ഭുജബലപ്രയോഗംകൊണ്ടാണെന്നു പറയേണ്ടതില്ലല്ലോ. ഒരു പൊതുസൂനഹദോസിനു വേണ്ടി മുറവിളിക്കൂട്ടിക്കൊണ്ടിരുന്ന ഇക്കൂട്ടർ ത്രെന്തോസ് സൂനഹദോസില് സംബന്ധിക്കുന്നതിനു് തയാറായുമില്ല!

1546-ല് ലൂതർ മരണമടഞ്ഞ ശേഷവും രഞ്ജനാർത്ഥം ചെയ്ത ശ്രമങ്ങൾ വിഫലമാകുകയും, പ്രോട്ടസ്റ്റൻറു രാജാക്കന്മാരുടെ അക്രമങ്ങൾ വർദ്ധിക്കുകയും ചെയ്കയാല് ചക്രവർത്തി അവരോടു സമരം ചെയ്തു് തോല്പിച്ചു. എങ്കിലും സ്വപക്ഷവർത്തികളുടെ ചതിയാല് 1555-ല് അവരുമായി ഔഗസ്ബർഗ്ഗ് സന്ധിയിലേർപ്പെടുന്നതിനും തന്മൂലം ഓരോ രാജാവിനും ഇഷ്ടമുള്ള മതം അനുവർത്തിക്കുന്നതിനു് രാജ്യവാസികളെ നിർബ്ബന്ധിക്കുന്നതിനവകാശമുണ്ടെന്നു തീരുമാനിക്കുന്നതിനും ഇടയായി. നവീകൃതമതമവലംബിക്കുന്ന മെത്രാന്മാർക്ക് സഭാസ്വത്തുക്കളിന്മേല് അവകാശമില്ലെന്നു് തീരുമാനിച്ചെങ്കിലും ആ നിയമം ശരിയായി പാലിക്കപ്പെട്ടില്ല.

ലൂതറിൻെറ സമകാലീനനായ "സ്വിൻഗിൽ" സ്വിററ്സർലണ്ടില് 'നവീകരണ'മാരംഭിച്ചു. വി. കൂദാശയില് നമ്മുടെ കർത്താവിൻെറ സാന്നിദ്ധ്യമില്ല എന്നു വാദിച്ചതൊഴിച്ചാല് സ്വിൻഗ്ലിയൻ സിദ്ധാന്തങ്ങൾ ലൂതറിൻേറതില് നിന്നു് വ്യത്യസ്തമല്ലെന്നു തന്നെ പറയാം. വൈദികബ്രഹ്മചര്യനിയമത്തെ റദ്ദുചെയ്യുന്നുള്ള ഒരു ശ്രമത്തിനു് മെത്രാൻെറ അംഗീകരണം സിദ്ധിക്കായ്കയാല് സ്വിൻഗിളും കൂട്ടരും സഭയില് നിന്നും സ്വയം വേർപെട്ടു. ഒരു വൈദികനായിരുന്ന സ്വിൻഗിൽ "അന്നാ റീൻഹാർഡ്" എന്ന ഒരു വിധവയെ വിവാഹം ചെയ്തുകൊണ്ടു് ദേവാലയങ്ങളില് കത്തോലിക്കമായുള്ളതെല്ലാം നശിപ്പിക്കുന്നതിനു് ആജ്ഞകൊടുത്തു. ലൂതൻെറ വേദപുസ്തകപാരായണം മാത്രമായിരുന്നു ഈ നവീകരണക്കാരുടെ വിശുദ്ധാചാരം. രാഷ്ട്രാധികാരികളുടെ സഹായത്തോടെ ഇവരും ബലമായി മതപ്രചാരണം നടത്തിയതിൻെറ ഫലമായി ധാരാളമാളുകൾ സ്വിൻഗ്ലിയൻ സിദ്ധാന്തമനുസരിക്കാതിരുന്നില്ല. 1526-ലുണ്ടായ ഒരു വിവാദമത്സരത്തില് ഡാക്ടർ എക്ക് ഇവരെ പരാജയപ്പെടുത്തിയെങ്കിലും അവർ പ്രമാദത്തില് ഉറച്ചുനിന്നതേയുള്ളു. ആത്മസംരക്ഷണാർത്ഥം കത്തോലിക്കർ അക്രമികളായ നവീകരണക്കാരോടു് യുദ്ധം ചെയ്തു് 1531-ല് കാപ്പേലില് വെച്ചു് അവരെ നിശ്ശേഷം തോല്പിച്ചു. സ്വിൻഗിളും ഈ സമരത്തിനിടയ്ക്കു് വധിക്കപ്പെടുകയാണുണ്ടായതു്. നവീകരണക്കാരായ ലൂതറൻസും സ്വിൻഗ്ലിയൻസും ബദ്ധവൈരികളായിരുന്നുവെന്നുള്ളതു് പ്രത്യേകം ശ്രദ്ധാർഹമാണു്.

കാപ്പേല് പരാജയവും, സ്വിൻഗിളിൻെറ മരണവും "നവീനമത"ത്തിൻെറ വ്യാപ്തിക്കു ബാധകമായിബ്ഭവിച്ചു. പലരും കത്തോലിക്കവിശ്വാസത്തിലേയ്ക്കു തിരിച്ചുപോരുകയും ചെയ്തു. അങ്ങിനെയിരിക്കവേയാണു് "കാല്വിൻ' ഒരു നൂതന സിദ്ധാന്തവുമായി രംഗപ്രവേശം ചെയ്തതു്. അന്യനവീകരണകർത്താക്കളുടെ തത്വസംഹിതകളില് നിന്നു വ്യത്യസ്തമല്ലായിരുന്ന കാല്വിൻ പ്രമാണങ്ങളില് പ്രധാനം, "പ്രാഗവിധി"

(Predestenation) ആയിരുന്നു. 1541-ല് അയാൾ ജിനീവായിലെ ഭരണാധികാരിയായിത്തീൎന്നു. സ്വാഭിപ്രായങ്ങളെ എതിൎത്തവരേ അസഭ്യവൎഷം ചൊരിയുകയോ പീഡാവിധേയരാക്കുകയോ ചെയ്യുന്നതില് കാല്വിനും ഉദാസീനനല്ലായിരുന്നു. സ്വമതസംരക്ഷണത്തിനു് നിശിതനിയമങ്ങളോടുകൂടി ഒരു ഭരണ വ്യവസ്ഥ ഏൎപ്പെടുത്തിയതിനും പുറമേ, അതിന്റെ പ്രചരണാൎത്ഥം ജിനീവായില് ഒരു താത്വീകസംഘവും അയാൾ സ്ഥാപിക്കുകയുണ്ടായി. അധികാരധ്വംസനപരമായ വിപ്ലവവും ഹിംസയുമായിരുന്നു കാല്വിൻ "സ്വവിശേഷ" പ്രചാരത്തിന്റെ അനിഷേധ്യമായ ലക്ഷ്യം. ഈ നവീന'പ്രകാശ'ത്തെ എതിൎത്തവരെല്ലാം ദൈവകോപത്തിനു വിധേയരായിരുന്നപോലും!! 1564-ല് കാല്വിൻ കാലഗതിപ്രാപിച്ചു.

## XIX. നവീകരണപ്രസ്ഥാനത്തിന്റെ വ്യാപ്തി.

A. ഇംഗ്ലണ്ട്— പുതിയ പ്രസ്ഥാനത്തിന് ഏററവും പ്രചാരം സിദ്ധിച്ചതു് ഇംഗ്ലണ്ടിലാണെന്നു പറയാം; അതിന്റെ അവിടേക്കുള്ള പ്രവേശം യാദൃച്ഛികവുമായിരുന്നു. ലൂതറിനെതിരായി സഭാസേവനം ചെയ്ത ഇംഗ്ലീഷ് നൃപനായിരുന്ന ഹെൻറി അഷ്ടമൻ അന്നിബോളിനില് അനുരക്തനായിട്ടു് സാക്ഷാൽ രാജ്ഞിയായിരുന്ന കാതറയനുമായുള്ള വിവാഹബന്ധത്തില്നിന്നു് മോചനം ലഭിക്കണമെന്നു് 1527-ല് മാൎപ്പാപ്പായോടഭ്യൎത്ഥിച്ചു. കാതറയിൻ, മരിച്ചുപോയ സ്വഭ്രാതാവിന്റെ ഭാൎയ്യയായിരുന്നതുകൊണ്ടു് അവളുമായുള്ള വിവാഹം അസാധുവായിരുന്നുവെന്നാണു് രാജാവു് വാദിച്ചതു്. പക്ഷേ അന്നിബോളിനെ കാമിച്ചതുമുതലേ ഈ സംശയം രാജാവില് ബാധിച്ചുള്ളൂ എന്നതാണു് ഏററവും വിചിത്രം! വൂൾസി, കംപീജിയോ എന്നീ കൎദ്ദിനാളന്മാരുടെ കോടതിയില് പ്രസ്തുത കേസിന്റെ വാദം കേൾക്കുന്നതിനു ക്ലെമന്റു മാൎപ്പാപ്പാ ആദ്യം ഉത്തരവായെങ്കിലും, രാജ്ഞി അപ്പില് ബോധിപ്പിക്കയാല് കോടതി പിരിച്ചുവിടുകയും വിധി നിൎണ്ണയാധികാരം പ. പിതാവു് സ്വയം ഏറെറടുക്കുകയും ചെയ്തു. കുപിതനായ ഹെൻറി വൂൾസിയെ തടവിലാക്കി, നിയമവിരുദ്ധമായ അഗ്രഹനിവൃത്തിക്കായി രാജാവു് സൎവ്വകലാശാലകളുടെ അഭിപ്രായമാരാഞ്ഞെങ്കിലും അവയും പ്രതികൂലിക്കുകയാണുണ്ടായതു്. ഹെൻറിയാകട്ടെ കാമിനിക്കുവേണ്ടി ആത്മാവിനെ ത്യജിച്ചു; കാതറയിൻ, കൊട്ടാരത്തില്നിന്നും ബഹിഷ്കൃതയായി.

തോമസ് ക്രോംവേല് എന്ന ദുഷ്ടബുദ്ധിയുടെ ഉപദേശാനുസരണം മാൎപ്പാപ്പായുടെ അധികാരത്തെ നിഷേധിക്കാൻതന്നെ ഹെൻറി തീൎച്ചപ്പെടുത്തി. രാജാവിനെ അനുസരിച്ചുകൊള്ളാമെന്നു് വൈദികരെക്കൊണ്ടു് സത്യം ചെയ്യിച്ചു. ബോളിനുമായുള്ള അന്യായബന്ധം തുടരുന്നപക്ഷം സഭയില്നിന്നും ധ്വംസനം ചെയ്യുകളയുമെന്നുള്ള പരിശുദ്ധ പിതാവിന്റെ ആജ്ഞയെ ധിക്കരിച്ചു് 1533 ജനുവരി 25-ാംനു- രാജാവു് സ്വകാമുകിയെ രഹസ്യമായി വിവാഹംചെയ്തു. എങ്കിലും സ്വാജ്ഞാനുവൎത്തിയായ

“ക്രാൻമറി”നെ യോർക്ക മെത്രാപ്പോലീത്തയായി അംഗീകരിക്കുന്നതുവരെ രാജാവ് ഈ വാൎത്ത പരസ്യമാക്കിയില്ല. നേരത്തെതന്നെ ലൂതറൻ പക്ഷപാതിയും, വൈദികനെങ്കിലും രഹസ്യവിവാഹബന്ധനുമായിരുന്ന “ക്രാൻമർ”രാജാവിനെ വിവാഹമോചനത്തിനനുവദിക്കയും, പുതിയ വിവാഹത്തിന്റെ സാധുതയെ പ്രഖ്യാപിക്കയുംചെയ്തു. വിവാഹശേഷം ഏഴു മാസം കഴിഞ്ഞപ്പോൾ പുതിയ രാജ്ഞി എലിസബെത്തു കുമാരിയെ പ്രസവിച്ചത്രേ!!! 1535-ല് ഹെൻറിയും രാജ്ഞിയും ഔദ്യോഗികമായി മഹറോൻ ചൊല്ലപ്പെട്ടു. തുടർച്ചയായുള്ള നിയമനിൎമ്മാണത്താല് ഇംഗ്ലീഷ്സഭ പ. പിതാവിന്റെ അധികാരത്തെ തിരസ്കരിച്ച് രാജാവിനെ സഭയുടെയും പരമാധികാരിയായി സ്വീകരിച്ചു. റോച്ചസ്റ്റർ മെത്രാനായ “ജോൺ ഫിഷർ” ഒഴിച്ച് എല്ലാ വൈദികാധികാരികളും ഹെൻറിയുടെ സുഗ്രീവാജ്ഞകൾക്ക് വശംവദരായെന്നുള്ളതാണ് ഏററവും പരിതാപകരം.

മെത്രാസനങ്ങളെ വിധേയമാക്കിയശേഷം, നവീനസംരംഭത്തെ എതിൎത്ത സന്യാസസഭകളെ അമർച്ച ചെയ്യുവാൻ ഹെൻറി ഉദ്യമിച്ചു; ബഹുജനങ്ങൾ ഇളകിവശായി; അവർ ആയുധപാണികളായി, പുനരൈക്യം, സന്യാസമന്ദിരങ്ങളുടെ പുനപ്രതിഷ്ഠ, രാജകിങ്കരപ്രധാനന്മാരുടെ ബഹിഷ്കരണം ഇവ ആവശ്യപ്പെട്ടുകൊണ്ട് രാജാവിനെ എതിൎത്തു. വ്യാജവാഗ്ദാനങ്ങളാല് അവരെ ശാന്തമാക്കിയശേഷം, അനേകം വൈദികരുൾപ്പെടെ വിപ്ലവനേതാക്കളെന്നു സംശയിക്കപ്പെട്ടവരെയെല്ലാം ഹെൻറി വാളിന്നൂണാക്കി. അനന്തരം സന്യാസമന്ദിരങ്ങളെ ഒന്നൊഴിയാതെ നശിപ്പിക്കയാല് അനേകം പുരാണവസ്തുക്കളും ഗ്രന്ഥശേഖരങ്ങളും, വിശുദ്ധാവശിഷ്ടങ്ങളും ചാമ്പലായിച്ചമഞ്ഞു. ഫിഷർ മെത്രാൻ, സർ തോമസ് മൂർ തുടങ്ങിയ അനേക മഹാത്മാക്കൾ ഹെൻറിയുടെ ആജ്ഞയാല് വേദസാക്ഷിമകുടം ചൂടി. സംബന്ധുവായ “റെജിനാൽഡ് പോൾ” കർദിനാൾ ഹെൻറിയെ എതിൎക്കയാല് പ്രതീകാരമായി അദ്ദേഹത്തിന്റെ വൃദ്ധയായ മാതാവിനേയും, സഹോദരന്മാരെയും മററു ബന്ധുക്കളേയും മരണശിക്ഷയ്ക്കു വിധേയരാക്കാനും രാജാവു വൈമനസ്യം പ്രദൎശിപ്പിച്ചില്ല. ഈ മഹാപാതകങ്ങൾക്കെല്ലാം കാരണഭൂതയായ ആനിബോളിൻ വ്യഭിചാരദോഷമാരോപിക്കപ്പെട്ട് മരണശിക്ഷയനുഭവിക്കയാണുണ്ടായത്. ഹെൻറി അതിനുശേഷം ഒന്നിനുപിറകെ ഒന്നായി നാലു വിവാഹംകൂടി ചെയ്തു. ഇവരിലൊരാൾ ഗളച്ഛേദം ചെയ്യപ്പെട്ടു. ക്രോംവെല്ലിന്റെ അവസാനമാകട്ടെ കഴുമരത്തിലായിരുന്നു.

തിരുസിംഹാസനത്തിന്റെ അധികാരത്തെ നിഷേധിച്ചതല്ലാതെ ഹെൻറി വിശ്വാസസംഹിതയില് വ്യതിയാനമൊന്നും വരുത്തിയില്ല. ഇംഗ്ലീഷ് സഭയുടെ വിശ്വാസപ്രമാണങ്ങളുൾക്കൊള്ളുന്ന “മെത്രാന്റെ പുസ്തകം” എന്ന ഗ്രന്ഥത്തില് തിരുസ്സഭയ്ക്കുപുറമേ രക്ഷയില്ലായെന്ന് ശക്തിയുക്തം പറയുന്നതോടൊപ്പം മാർപ്പാപ്പായുടെ അധികാരത്തെ അപ്രകാരംതന്നെ നിഷേധിക്കയുമത്രേ ചെയ്യുന്നതു!! മാർപ്പാപ്പായെ അനുസരിച്ച കത്തോലിക്കരും, അബദ്ധപ്രബോധകരായ ലൂതറൻസും ഹെൻറിയുടെ ദൃഷ്ടിയില്

ഒരുപോലെ ശിക്ഷാർഹരായിരുന്നു! ദുർമ്മാർഗ്ഗലോലുപനായ ഈ മനുഷ്യവ്യാഘ്രത്തിൻെറ നിണപങ്കിലമായ ജീവിതത്തിനു് 1547-ല് അറുതിവന്നു.

ഹെൻറിയുടെ മരണശേഷം സഭാകാര്യങ്ങൾ കൂടുതല് വഷളാകുകയത്രേ ചെയ്തതു്. അദ്ദേഹത്തിൻെറ പുത്രനായ എഡ്‌വേർഡ് ആറാമൻെറ കാലത്തു് യൂറോപ്പിലെ നവീകരണ പാഷണ്ഡികളുടെ സഹായത്തോടുകൂടി ക്രാൻമർ പല അബദ്ധങ്ങളും വിശ്വാസസംഹിതയില് ഇറക്കുമതിചെയ്തു. ദിവ്യപ്രതിമകളും, ബലിപീഠങ്ങൾ തന്നെയും നശിപ്പിക്കപ്പെട്ടു. വി. കർബാനയിലെ ദിവ്യസാന്നിദ്ധ്യം നിഷിദ്ധമായി, ദിവ്യബലിയപ്പണം അതിനാല് കുറ്റകരവും ശിക്ഷാർഹവുമായി ഗണിക്കപ്പെട്ടു. മെത്രാന്മാരുടെയും വൈദികരുടേയും അഭിഷേക കർമ്മങ്ങൾ വെറും നാമമാത്രമായിത്തീർന്നു, അവർക്ക് വിവാഹംചെയ്യാൻ അനുവാദവും ലഭിച്ചു. നവീനാചാരങ്ങളില് സംബന്ധിക്കാതിരുന്നാല് തടവും പിഴയുമായിരുന്നു ശിക്ഷകൾ!! ജനങ്ങൾ ഇളകി രാജ്യമാകെ വിപ്ലവമുണ്ടാക്കി, വിദേശീയ ഭടന്മാർ അവരെ നിഷ്ക്കരുണം അടിച്ചമർത്തി, നാടാകെ രക്തകളമായി.

നിയമനിർമ്മാണവും, ആയുധപ്രയോഗവും ഒന്നും പതിനഞ്ചോളം ശതാബ്ദം വിശ്വാസത്തില് സുസ്ഥിരമായി നിന്ന ഇംഗ്ലീഷ് ജനതയെ കാര്യമായി വ്യതിചലിപ്പിക്കാൻ പര്യാപ്തമായില്ല. എഡ്‌വേർഡിനെ തുടർന്നു്, ഹെൻറിയുടേയും കാതറയിൻെറയും ഏക പുത്രിയായ മേരികുമാരി സിംഹാസനസ്ഥയായി. സഭാസ്വത്തുക്കൾ അനുഭവിച്ചു തടിച്ചുകൊഴുത്ത പ്രഭുക്കന്മാരുടെ ഉഗ്രപ്രതിഷേധമുണ്ടാകുമെന്നറിഞ്ഞിട്ടും പൌരാണിക വിശ്വാസത്തേയും, പ. സിംഹാസനവുമായുള്ള ബന്ധത്തേയും പുനഃസ്ഥാപിക്കുവാൻ തന്നെ പുതിയ രാജ്ഞി തീർച്ചയാക്കി, കത്തോലിക്കാ സിദ്ധാന്തങ്ങൾക്കെതിരായി നടപ്പാക്കിയ സകല നിയമങ്ങളേയും അസ്ഥിരപ്പെടുത്തുകയും വിദേശിയ "സുവിശേഷക"രെയെല്ലാം ആട്ടിപ്പായിക്കുകയുംചെയ്തു. അവളുടെ പിതാവു് കീഴടക്കിവെച്ചിരുന്ന സന്യാസസഭാ സ്വത്തുക്കൾ മേരി തിരിച്ചുകൊടുത്തു. ഏകദേശം രാജ്യത്തിൻെറ നാലിലൊരുഭാഗം, മുൻപു് സന്യാസികളുടെ കൈവശമായിരുന്നു. അവരാകട്ടെ അതില് മൂന്നിലൊരംശം സാധുസംരക്ഷണത്തിനുപയോഗിക്കും മൂന്നിലൊന്നു് ഉദാരമായ നിബന്ധനയില് പാട്ടത്തിനു കൊടുക്കുകയും, ബാക്കിമാത്രം സ്വന്തോപയോഗത്തിനെടുക്കുകയുമാണുചെയ്തിരുന്നതു്. തന്നിമിത്തം ഹെൻറിയുടെ കണ്ടുകെട്ടല്മൂലം ഇംഗ്ലണ്ടിലെ ഇടത്തരക്കാർക്കും സാധുക്കൾക്കുമുണ്ടായ അധഃപതനം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും പരിഹൃതമായില്ല. ആശ്രമ വിദ്യാലയങ്ങളുടെ നാശത്തോടുകൂടിയുളവായ അജ്ഞാനവ്യാപ്തിയെപ്പററി പറയാനുമില്ല! പ. പിതാവിൻെറ പ്രതിനിധിയായ പോൾ കർദ്ദിനാൾ ഔദ്യോഗികമായി രാജ്യത്തിനു് പാഷണ്ഡതയില്നിന്നും വിമോചനം നല്കി വിമതസ്ഥരെ യാതൊരുവിധത്തിലും ഉപദ്രവിക്കാൻ രാജ്ഞി മുതിർന്നില്ല. എന്നാല് അവർ അവളെ സ്ഥാനഭ്രംശം ചെയ്യാൻ ഗൂഢാലോചനകൾ നടത്തുകയും കത്തോലിക്കാ വൈദികരെ ദിവ്യകർമ്മാനുഷ്ഠാന സമയത്തുപോലും കയ്യേററം ചെയ്യുക മുതലായ നീചവൃത്തികളില് ഏർപ്പെടുകയും ചെയ്തതിനാല്, ക്രാൻമർ തുടങ്ങിയ നേതാക്കന്മാർക്കു് വധശിക്ഷതന്നെ നല്കാൻ ഉദാ

രഹായ ആ മഹതി നിർബ്ബന്ധയായി. മേരിയുടെ ഈ നയം ശ്ലാഘ്യമായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. സഭാധികാരികൾ അതിനെ മുക്തകണ്ഠം എതിർക്കതന്നെ ചെയ്തു. എങ്കിലും പാഷണ്ഡതക്ക് മരണശിക്ഷ, ഇംഗ്ലണ്ടിലെന്നല്ല, യൂറോപ്പിലെല്ലാം, ക്രിസ്തീയ രാജാക്കന്മാർ നല്കിവന്നിരുന്നു എന്ന വസ്തുതയും വിസ്മൃതമല്ല. അതു് രാജ്യദ്രോഹമായിട്ടാണ് അവർ ഗണിച്ചിരുന്നതു്; ശിക്ഷയാകട്ടെ രാഷ്ട്രീയനയാനുസരണമായിരുന്നുതാനും. നവീകരണക്കാരാകട്ടെ സത്യവിശ്വാസികളെ നിഗ്രഹിക്കുന്നതില് അശേഷം കാരുണ്യം പ്രദർശിപ്പിച്ചുമില്ലല്ലോ

മേരിരാജ്ഞിയുടെ കാലത്തു് കത്തോലിക്കാവിശ്വാസത്തിനു ലഭിച്ച മുൻകൈ അവളുടെ മരണത്തോടുകൂടിത്തന്നെ ഇല്ലാതായി. 1558-ല് എലിസബത്തു് രാജ്യഭാരം കയ്യേറ്റു. ചെറുപ്പംമുതല്ക്കേ വിശ്വാസസത്യങ്ങൾ ഏകകാലത്തു് സ്വീകൃതങ്ങളും തിരസ്കൃതങ്ങളുമായിക്കേട്ട സാഹചര്യങ്ങളില് വളർന്നുവന്ന എലിസബത്തിന് മിക്കവാറും ഒരു മതവുമില്ലായിരുന്നുവെന്നുതന്നെ പറയാം. എങ്കിലും സ്വമാതാവിനോട് സ്വന്ത അച്ഛനുള്ള ബന്ധം അന്യായമായിരുന്നെന്നും, താൻ വ്യഭിചാരസന്തതിയാണെന്നും ജല്പിച്ച പ. സിംഹാസനത്തോട് എലിസബത്തു് എങ്ങിനെയാണ് രമ്യമായിക്കഴിയുക? തന്നിമിത്തം പ്രൊട്ടസ്റ്റൻറു പക്ഷത്തില്തന്നെ അവൾ ചേർന്നു. ദിവ്യബലി സമയത്തു് വി. കുർബ്ബാന ഉയർത്തരുതെന്നായിരുന്നു അവൾ നല്കിയ ആദ്യത്തെ കല്പന. മേരിരാജ്ഞി നടപ്പാക്കിയ ആചാരങ്ങൾ നിയമനിർമ്മാണംമൂലം റദ്ദുചെയ്തുകൊണ്ടു്, 1559-ല് "പരമാധികാരനിയമ"ത്താല് എലിസബത്തു് ഇംഗ്ലീഷുസഭയുടെ ശ്രേഷ്ഠാധിപത്യവും സ്വീകരിച്ചു. എഡ്വേർഡു് ആറാമന്റെ കാലത്തേപ്പോലെ ദിവ്യബലിയർപ്പണം മാർപ്പാപ്പായോടുള്ള വിധേയത്വം തുടങ്ങിയവ പാഷണ്ഡതയായി പ്രഖ്യാപനം ചെയ്യപ്പെട്ടു. നവീകൃതാരാധനയില് സംബന്ധിക്കാതിരുന്നാല്, പിഴ, തടവു്, മരണം എന്നിങ്ങനെ ശിക്ഷകൾ ഒന്നിനു പിറകെ ഒന്നായി നല്കിത്തുടങ്ങി. പുതിയ ആചാരക്രമത്തിന്റെ പ്രധാനപരിപാടികൾ മാർപ്പാപ്പായെ ശപിക്കുക, വി. കുർബ്ബാനയേയും ദൈവമാതാവിനെയും ദൂഷിക്കുക തുടങ്ങിയവയായിരുന്നു താനും! നിഷ്ഠുരങ്ങളായ താദൃശനിയമങ്ങളെ പ്രതിഷേധിക്കമൂലം കത്തോലിക്കാമെത്രാന്മാർ അവരുടെ സിംഹാസനങ്ങളില്നിന്നു നിഷ്കാസിതരായി. കാംഡൻ മെത്രാനായ കിറ്റ്ചിൻ മാത്രം രാജ്ഞിയെ അനുകൂലിച്ചു. മർദ്ദിതരായ വിശ്വാസികളില് ചിലർ അന്യരാജ്യങ്ങളില് അഭയംതേടി അവരുടെ വിശ്വാസത്തെ രക്ഷിച്ചു.

എലിസബത്തു്, "മാത്യു പാർക്കർ" എന്നു് ഒരു "മെത്രാനെ" അഭിഷേകംചെയ്യിച്ചു് അയാളുടെ കീഴിലും ഉപദേശാനുസരണവും നവീനസഭയ്ക്കു് ഒരു ആചാര്യാധിപത്യവും ഏർപ്പെടുത്തി. എന്നാല് അതിലെ "വൈദികാധികാരികളുടെ അഭിഷേകം അസാധുവായിരുന്നുവെന്നു മാത്രം!! എലിസബത്തിന്റെ "മതം," ശുദ്ധീകരണസ്ഥലം, വി. കുർബ്ബാനയിലെ വസ്തുഭേദം, മദ്ധ്യസ്ഥപ്രാർത്ഥന ഇവ ത്യജിക്കുകയും, ആത്മരക്ഷക്ക് വിശ്വാസം മാത്രം മതിയെന്നും അതിന്റെ ആധാരം വേദപുസ്തകം മാത്രമാണെന്നും

പഠിപ്പിക്കയുംചെയ്തു. വൈദികസ്ഥാനങ്ങളെ വെറുത്ത കാല്വിൻ പക്ഷപാതികൾ "പ്യൂററ്റൻസ്" എന്നൊരു ഭാഗമായിത്തിരിഞ്ഞു.

തിരുസ്സഭാ ഭരണസാരത്ഥ്യം സ്വീകരിച്ചയുടനെ പീയൂസ് ചതുർത്ഥൻ സമാധാന പുനഃസ്ഥാപനാർത്ഥം ശ്രമങ്ങൾ തുടങ്ങി; എന്നാല് എലിസബത്തു് വഴിപ്പെട്ടില്ല. മതക്രമശിക്ഷകൾ ഭയന്നു് പ്രൊട്ടസ്റ്റന്റു മതാരാധനയില് സംബന്ധിച്ച ക്രിസ്ത്യാനികൾ, അതു പാപകരമാണെന്നു ത്രെന്തോസ് സൂനഹദോസ് വിധിച്ചപ്പോൾ മുതല് അതില്നിന്നു പിന്മാറുകയും രാജ്ഞിയുടെ നിഷ്ഠൂരമർദ്ദനത്തിനു വിധേയരാകുകയും ചെയ്തു. എലിസബത്തിനാല് അന്യായമായി തടവില് പാർപ്പിക്കപ്പെട്ടിരുന്ന സ്കോട്ടുലണ്ടിലെ മേരിരാജ്ഞിയെ രക്ഷിക്കുന്നതിനു് തദ്ദേശീയ കത്തോലിക്കർചെയ്ത വിപ്ലവശ്രമം ഒരു കൂട്ടക്കൊലയോടെ അവസാനിച്ചു. നാരകീയമായ ഏതാദൃശനീചതങ്ങളേപ്പററി ശ്രവിച്ച പീയൂസ് പഞ്ചമൻ മാർപ്പാപ്പാ 1571-ല് എലിസബത്തിനെ പരസ്യമായി മഹറോൻ ചൊല്ലുകയും അവൾക്കു വിധേയരായിരിപ്പാൻ തത്പ്രജകൾക്കു ന്യായാനുസൃതം കടമയില്ലെന്നു പ്രഖ്യാപിക്കയുംചെയ്തു. മർദ്ദനാഗ്നിയില് പതിച്ച എണ്ണയായിരുന്നു പ. പിതാവിന്റെ ഈ തീരുമാനം. അതു കത്തിക്കാളിപ്പടർന്നു പിടിച്ചു. ദിവ്യബലി അർപ്പിക്കുന്നതും അതില് സംബന്ധിക്കുന്നതും പിഴകളും കാരാഗ്രഹവാസവുംകൊണ്ടു് ശിക്ഷിക്കപ്പെട്ടു. മാർപ്പാപ്പായുടെ പരമാധികാരത്തെ അനുസരിക്കുന്നതു് രാജദ്രോഹമായി. ഈ കുററങ്ങൾക്കുതന്നെ 240-തോളം പേർ മരണശിക്ഷയനുഭവിച്ചിട്ടുണ്ടത്രെ. കത്തോലിക്കാ വൈദികർ നിയമഭ്രഷ്ടരായി; അവർക്ക് ഒളിവില് അഭയംനല്കുന്നതു് വധാർഹമായ തെററായിത്തീർന്നു. എന്നിരുന്നാലും ഇംഗ്ലീഷ് കത്തോലിക്കരുടെ ഗൃഹങ്ങളില് അവരുടെ ആത്മികാജപാലകരുടെ സംരക്ഷണാർത്ഥം രഹസ്യസങ്കേതങ്ങളുണ്ടായിരുന്നു. എന്തിനേറെ, ആയിരക്കണക്കിനു് കത്തോലിക്കാ വിശ്വാസികൾ ഠാണാവുകളില് തള്ളപ്പെട്ടു; അനേകംപേർ അവിടെ കിടന്നു നരകിച്ചു മരിച്ചു. സ്കോട്ട്ലണ്ടിലെ മേരിരാജ്ഞിയും എലിസബത്തിന്റെ സംഹാരഖഡ്ഗത്തിന്നിരയായി. ഇതെല്ലാമായിരുന്നിട്ടും സ്പെയിനിന്റെ ആക്രമണത്തിനും, ഉത്തരദേശീയരുടെ വിപ്ലവത്തിനും എതിരായി, രാജ്ഞിയുടെ പക്ഷത്തു് ചേർന്നു് ആയുധമെടുത്ത ഇംഗ്ലീഷ് കത്തോലിക്കരുടെ രാജഭക്തിയും, രാജ്യസ്നേഹവും, ധർമ്മബോധവും അമാനുഷികമെന്നല്ലാതെ എന്തു പറയട്ടെ!! എന്നാല് അവർക്കു ലഭിച്ച സമ്മാനമോ? വർദ്ധമാനമായ മതപീഡനവും സംഹാരവും!! ഇങ്ങനെ അസ്തംഗതമായിപ്പോയേക്കുമോ എന്നുപോലും തോന്നിയ ഇംഗ്ലീഷ് സഭയുടെ പുനരുദ്ധാരണത്തിനായി പ്രേഷകന്മാരെ സൃഷ്ടിക്കുന്നതിനു് ഇക്കാലത്തു യൂറോപ്പു ഭൂഖണ്ഡത്തില് അനേകം വൈദികവിദ്യാലയങ്ങൾ സ്ഥാപിതമായി. ദുർമ്മാർഗ്ഗജീവിതത്തിനു് കുപ്രസിദ്ധയായിരുന്ന "കന്യകാറാണി" 1603-ല് ഇഹലോകവാസം വെടിഞ്ഞു.

ഹെൻറിയുടെ വംശം ഇങ്ങനെ അർഹമായവിധം അന്യംനിന്നു. അനന്തരം സ്കോട്ട്ലണ്ടിലെ മേരിരാജ്ഞിയുടെ പുത്രനായ ജയിംസ് ഇംഗ്ലീഷ് സിംഹാസനം പ്രാപിച്ചു. കുറഞ്ഞപക്ഷം അവർക്കു പ്രതികൂലമായി ഒന്നും ചെയ്യുകയില്ലെന്നു കത്തോലിക്കർ പ്രതീക്ഷിച്ച ഈ നൃപാലൻ

"പ്യൂരിട്ടൺ" മതഭ്രാന്തന്മാരെ ഭയന്ന് കത്തോലിക്കരെ പീഡിപ്പിച്ചു തുടങ്ങി. വിദേശീയ വിദ്യാലയങ്ങളില് അഭ്യസനാൎത്ഥം പോയ വിദ്യാൎത്ഥികൾക്ക് ഇംഗ്ലണ്ടിലെ വസ്തുവകാശം നഷ്ടപ്പെടുന്നതും അവരുടെ മാതാപിതാക്കൾക്ക് കഠിനശിക്ഷ നല്കുന്നതുമായ ഒരു നിയമം ജയിംസു പാസ്സാക്കി. പ്രോട്ടസ്റ്റൻറു കൎമ്മങ്ങളില് സംബന്ധിക്കാത്തതിനു പിഴകൊടുത്തു തന്നെ സാമാന്യകുടുംബങ്ങൾ ധനാശിപാടി. അക്ഷമരായ കത്തോലിക്കരില് ചില അവിവേകികൾ "ഗൺപൌഡർപ്ലോട്ട്" എന്ന ഗൂഢാലോചനയില് ഏൎപ്പെട്ടെങ്കിലും ഒരു കത്തോലിക്കപ്രഭു തന്നെ രാജാവിന് ഇതേപ്പററി മുന്നറിവു നല്കുകയാല് അതു യഥാകാലം അമൎച്ച ചെയ്യപ്പെട്ടു. എന്നാല് ഈ മറപിടിച്ചുകൊണ്ട് അനേകം വൈദികരേയും അല്മായരേയും ജയിംസു നിഗ്രഹിക്കുകയും മതപീഡനം രൂക്ഷതരമാക്കുകയും ചെയ്തു. രാജാവിനോടുള്ള നിയമവിരുദ്ധമായ ഒരു വിശ്വാസപ്രതിജ്ഞ നിൎവ്വഹിക്കായ്കയാല് അധികമനേകം കത്തോലിക്കർ ജയില്വാസമനുഭവിക്കാനിടയായി. ജയിംസിൻെറ പുത്രനായ ചാൾസ് ഒന്നാമൻ സത്യമതത്തോടു അനുകൂല്യമുള്ളവനായിരുന്നെങ്കിലും ഇതിനകം അത്യന്തം പ്രബലരായിച്ചമഞ്ഞ "പ്യൂരിട്ടൺ"മാരെ എതിർക്കാൻ ശക്തിയില്ലാതെ കത്തോലിക്കരെ പീഡിപ്പിക്കാൻ നിയമങ്ങൾ നടപ്പാക്കുക തന്നെ ചെയ്തു. കാല്വിൻ മതാനുയായികളായ പ്യൂരിട്ടൺ അക്രമികൾ പ്രോട്ടസ്റ്റാൻറുകാരെയും വെറുക്കുക നിമിത്തം രാജാവിനെത്തന്നെയും കൊന്നുകളഞ്ഞു!!

## B. സ്ക്കോട്ട്ലണ്ടും ഐർലണ്ടും.

ഹെൻറി അഷ്ടമൻ സ്ക്കോട്ട്ലണ്ടിലും മതനവീകരണം സാധിക്കുന്നതിന് അനന്തിരവനായ ജയിംസ് പഞ്ചമനോട് ആവശ്യപ്പെട്ടു. എന്നാല് കത്തോലിക്കവിശ്വാസത്തോടും മാർപ്പാപ്പായോടുമുണ്ടായിരുന്ന വിധേയത്വത്തെ അദ്ദേഹം ഒന്നുകൂടി സ്പഷ്ടമായി പ്രഖ്യാപിക്കയത്രേ ചെയ്തത്. കുപിതനായ ഹെൻറി സ്ക്കോട്ട്ലണ്ടിൻെറനേരെ സൈന്യത്തെ നയിച്ചു. സഭാസ്വത്തുക്കളെ തട്ടിയെടുക്കുന്നതിനു കൊതിച്ചവരും, തന്നിമിത്തം നവ്യസിദ്ധാന്തത്തെ അനുകൂലിച്ചവരുമായ സ്ക്കോട്ടിഷ് പ്രഭുക്കൾ സ്വന്തരാജാവിനെ വഞ്ചിക്കകയാല്, ജയിംസ് പരാജിതനായി ഹൃദയം തകൎന്നു മരിച്ചു. ശിശുവായ മേരിയായിരുന്നു അടുത്ത അവകാശി. സ്ക്കോച്ചുസഭയുടെ സ്തംഭമായി പരിശോഭിച്ച ബ്യാററൺ കർദ്ദിനാളെ 1546-ല് ഹെൻറി ഗൂഢമായി കൊല്ലിച്ചു. ജോൺനോക്സ് എന്ന പ്രസിദ്ധനായ ഒരു വൈദികൻെറ നേതൃത്വത്തില് ഷരിദ്മവാദികൾ സത്യസഭയോടെതിൎത്തു. വിശ്വാസത്തിലും സന്മാൎഗ്ഗത്തിലും അധഃപതിച്ചുകിടന്ന ബഹുജനങ്ങളെ അവർ വാചാലതയാല് ഇളക്കി; അവരാകട്ടെ ദേവാലയങ്ങളിലെ അൾത്താരകളും, ദിവ്യപ്രതിമകളും അടിച്ചുടച്ചു, സന്യാസാശ്രമങ്ങൾ തറുമാറാക്കി; ഇങ്ങനെ "നവീകരണ"ത്തിൻെറ പ്രഥമഘട്ടവും കഴിഞ്ഞു!

ശിശുവായ മേരി ഫ്റാൻസിലായിരുന്നു; അവളുടെ മാതാവ്

1560-ല് മരിച്ചു. അതോടുകൂടി വിപ്ലവകാരികൾ വൈദികരെ ആട്ടി
പ്പായിച്ചു് സഭാവസ്തുക്കൾ പിടിച്ചെടുക്കുകയും കാല്വിൻ മതതത്വങ്ങൾ,
നടപ്പാക്കുകയും ചെയ്തു. മെത്രാന്മാരുടെ സ്ഥാനത്തു് നോക്സ്, "സൂപ്ര
ണ്ടന്മാരെ" നിയമിച്ചു. മേരിരാജ്ഞി സ്വരാജ്യത്തേയ്ക്കു മടങ്ങിയപ്പോൾ പു
തിയ മതത്തിൻെറ പ്രവൎത്തനത്തില് യാതൊരു പ്രതിഷേധവും പുറപ്പെ
ടുവിച്ചില്ലെന്നു തന്നെയുമല്ല പ്രോട്ടസ്റ്റൻറുകാരെത്തന്നെ ഭരണകാൎയ്യങ്ങൾ
ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാല് സ്വന്തം കപ്പേളയില് സ്വന്തമ
താനുസാരണമുള്ള ആചാരങ്ങൾക്കുള്ള സ്വാതന്ത്ര്യം മാത്രം അവൾ ആവ
ശ്യപ്പെട്ടുള്ളു. എന്നാല് ഉദാരമായ ഈ പ്രവൃത്തികളും നവീകരണക്കാരെ
തൃപ്തരാക്കിയില്ല. ഇംഗ്ലണ്ടിലെപ്പോലെ തന്നെ അവർ പീഡനം നടത്തി;
രാജ്ഞിയെ സ്ഥാനത്യാഗം ചെയ്യിച്ചു. ഇംഗ്ലണ്ടില് അഭയംതേടിയ ഈ ഗു
ണവതിയെ സ്വാഗതം ചെയ്തതു് അന്ധകാരാവൃതമായ കാരാഗൃഹമായിരു
ന്നു. സ്വപുത്രനാല് പോലും ഉപേക്ഷിക്കപ്പെട്ടു് ക്രൂരയായ എലിസബത്തി
ൻെറ രോഷത്തിനു വിധേയയായി കൊലമരത്തില് അവളുടെ ജീവൻ അവസാ
നിച്ചു. കാല്വിൻ തത്വങ്ങളനുസരിച്ചുള്ള "പ്രസ്ബിറ്റേറിയൻ" മതമാണു്
സ്കോട്ട്ലണ്ടില് നോക്സ് നടപ്പാക്കിയതു്. ഇതിനു ഭേദഗതിവരുത്താൻ
രാജാക്കന്മാരും ശ്രമിച്ചിട്ടുണ്ടെങ്കിലും വിഫലമാകുകയത്രേ ചെയ്തതു്.

പ്രോട്ടസ്റ്റൻറു നവീകരണക്കാരുടെ ദുൎന്നയങ്ങൾ, റോമൻമത
പീഡനങ്ങളെപ്പോലെ, തീൎത്തു. പരാജയമടഞ്ഞ ഏകഭൂവിഭാഗം ഐർ
ലണ്ടാണെന്നു പറയാം. ഹെൻറിയുടെ സംഹാരരഹസ്യം അവിടേയ്ക്കും നീ
ട്ടാതിരുന്നില്ല. അയാളുടെ പ്രതിനിധിയായ തോമസ് ക്രോംവെല്ലിൻെറ നേ
തൃത്വത്തില്, ദേവാലയങ്ങൾ താറുമാറാക്കപ്പെടുകയും, ഐറിഷ് സഭയുടെ
ജീവനാഡിയായിരുന്ന സന്യാസാശ്രമങ്ങൾ നിശ്ശേഷം നശിപ്പിക്കപ്പെടുക
യും ചെയ്തു. സന്യാസികളാകട്ടെ നിഷ്കരുണം ഹതരായി. എന്നാല് ന
വീകരണക്കാർ തന്നെ നിയമിച്ച ചില 'പാവ' മെത്രാന്മാരല്ലാതെ നവീകൃ
തമതത്തെ അനുകൂലിക്കാൻ ആരുമുണ്ടായില്ല. മേരിരാജ്ഞിയുടെ കാല
ത്തു് പരിപൂൎണ്ണമായും പുനരുദ്ധൃതമായ കത്തോലിക്കാ വിശ്വാസത്തെ
എലിസബത്തു് ഘോരമായ ഒരു അഗ്നിപരീക്ഷണത്തിനു വിധേയമാക്കി.
ഇംഗ്ലണ്ടിലെ പീഡനവിധികൾ ഇവിടെ രൂക്ഷതരമായി നടപ്പാക്കി; നീ
റോപോലും എലിസബത്തിൻെറ സന്നിധിയില് തലതാഴ്ത്തിപോകുമായിരു
ന്നു എന്നാണു് പറയപ്പെടുന്നതു്. വൈദികരും അല്മായരും ആയിരക്ക
ണക്കിനു വേദസാക്ഷിമകുടം ചൂടി. ഐറിഷ് കത്തോലിക്കർ വിശ്വാസത്തേ
യും രാജ്യത്തേയും രക്ഷിക്കുന്നതിനായി ആയുധമെടുത്തു. എന്നാല് സം
ഘടിച്ചു പ്രവൎത്തിക്കാത്തുനിമിത്തം തോല്വിയനുഭവിക്കേണ്ടിവന്നു. എന്തി
നേറെ വിപ്ലവകാരികളുടെ വസ്തുവകകൾ ഗവൺമെൻറു് കണ്ടുകെട്ടി; അ
വരെ കൂട്ടം കൂട്ടമായി കൊന്നൊടുക്കി. എലിസബത്തിൻെറ മരണശേഷ
വും സ്ഥിതിഗതികൾക്കു വലിയ അന്തരമുണ്ടായില്ലെങ്കിലും നവീകൃതമത
ത്തിനു് രക്തസാക്ഷികളുടെ നിണമണിഞ്ഞ ഐറിഷ്ഭൂമിയില് വേരു
പിടിക്കാൻ കഴിഞ്ഞില്ലെന്നുള്ളതു് പ്രശംസാൎഹമാണു്. യൂറോപ്പു വൻക
രയിലെ "ഐറിഷ് കോളജുകളില് നിന്നും വൈദികർ തുടർച്ചയായി

ഐൎലണ്ടിലേയ്ക്കു പൊയ്ക്കൊണ്ടിരുന്നു. തന്നിമിത്തം അവിടത്തെ സത്യസഭ അഭംഗുരം പ്രവൎത്തിച്ചും പോന്നു.

## C. ഫ്റാൻസും ഉത്തരദേശങ്ങളും.

സൎവ്വസാധാരണമായിരുന്ന സന്മാൎഗ്ഗികാധഃപതനവും, ഫ്റാൻസിസ് ഒന്നാമന്റെ ജൎമ്മൻ ലൂതറൻ രാജാക്കന്മാരുമായുള്ള കൂട്ടുകെട്ടും, ഉന്നതസ്ഥാനികൾക്കു് നവ്യസിദ്ധാന്തങ്ങളോടുണ്ടായിരുന്ന അനുകൂല്യവും, ഏറ്റവും നിഗൂഢമായ രീതിയിലുള്ള കാല്വിൻ മതത്തിനു് ഫ്രാൻസിലേയ്ക്കുള്ള പ്രവേശത്തെ സുഗമമാക്കി. “ഞാൻ കണ്ടിട്ടുള്ളതിലേയ്ക്കും നാണംകെട്ട മനുഷ്യൻ” എന്നു് ഇറാസ്മസ് പ്രസ്താവിച്ചിട്ടുള്ള ‘വില്യം ഫാറെല്’ മെയോ എന്ന സ്ഥലത്തു് 1528-ല് ആദ്യമായി ഒരു പ്രൊട്ടസ്റ്റന്റു സംഘം സ്ഥാപിച്ചു. അവർ ക്രൂശുരൂപങ്ങളും ദിവ്യമൂൎത്തികളും തകൎക്കുകയും വി. കുർബാനയെ അധിക്ഷേപിക്കുകയും ചെയ്യുതിനാല് അവരുടെ നേരെ നിശിതനിയമങ്ങൾ പ്രയോഗിക്കേണ്ടിവന്നു. മിക്കവാറും അവിശ്വാസിയായിരുന്ന കാതറൈൻ രാജ്ഞിയുടെ റീജൻസികാലത്തു് ഹ്യൂഗ്നോട്ട്സ് എന്നറിയപ്പെട്ട ഈ അക്രമികൾ, രാജാധികാര ധ്വംസനത്തിനായി ചെയ്ത ഒരു ഗൂഢയത്നം വിഫലമായി. ഫ്റഞ്ചു ജനതയുടെ ഒരു ശതമാനംപോലും ഈ വിപ്ലവകക്ഷിയില്ലായിരുന്നെങ്കിലും പ്രൊട്ടസ്റ്റാന്റുകാരായ ഇംഗ്ലീഷ്കാരുടേയും ജൎമ്മൻകാരുടേയും സഹായം അവൎക്കു ലഭിക്കാതിരുന്നില്ല. ഇതിനെ നേരിടുന്നതിനായി ഗയിസിലെ ഡ്യൂക്കിന്റെ നേതൃത്വത്തില് ഒരു കത്തോലിക്കാ സംഘടനയും സംസ്ഥാപിതമായി. പ്രഭുവിന്റെ അനുചരന്മാരും പ്രൊട്ടസ്റ്റന്റുകാരുമായുണ്ടായ ഒരു യാദൃശ്ചിക ലഹള, 1562 മുതല് ഏകദേശം എഴുപതു വത്സരത്തേക്കു് അഭ്യന്തരയുദ്ധങ്ങൾക്കു നാന്ദിയായിപ്പരിണമിച്ചു. 4000-ത്തോളം വൈദികരേയും സന്യാസികളേയും നിഹനിക്കുയും, 40000 പള്ളികളും സന്യാസാശ്രമങ്ങളും നശിപ്പിക്കയും ചെയ്തു ലഹളക്കാർ അനേകം വിശുദ്ധാത്മാക്കളുടെ ഭൗതികാവശിഷ്ടങ്ങളും ഒന്നാംതരം ഗ്രന്ഥശേഖരങ്ങളും അഗ്നിക്കിരയാക്കിത്തീൎത്തു. അവരുടെ കയ്യാല് ഭസ്മീകൃതമായ നഗരങ്ങളുടേയും ഗ്രാമങ്ങളുടേയും സംഖ്യ ശതകങ്ങളാണു്! ബ്രൈക്കോമോണ്ട് എന്ന അവരുടെ നേതാവ് കൊല്ലപ്പെട്ട വൈദികരുടെ ചെവികൾകൊണ്ടു് ഒരു കണ്ഠാഭരണം ചമച്ചു ധരിക്കയും ചെയ്തു!! നിരപരാധികളായ കത്തോലിക്കരുടെ രക്തത്തില് ഈ ദ്രോഹികളില് ചിലരുടെ കുഞ്ഞുങ്ങൾ കൈകൾ കഴുകി സന്തുഷ്ടരായത്രേ!! അല്മായഗണങ്ങൾ ആയിരമായിരമായി വിപ്ലവ ഖഡ്ഗപാതമേറ്റു് നിലം പതിച്ചു.

ഹ്യൂഗ്നോട്ട്സിനെ കത്തോലിക്കർ 1570-ല് തോല്പിച്ചെങ്കിലും ചാൾസ് നവമൻ അവരുമായി സന്ധിയിലേർപ്പെട്ടു; പ്രൊട്ടസ്റ്റന്റുകാരനായ നവാരായിലെ ഹെൻറിയും, ചാൾസിന്റെ സഹോദരിയുമായി വിവാഹവും നിശ്ചയിച്ചു. വിവാഹാവസരത്തില് രാജകുടുംബത്തെ ആകമാനം വധിച്ചു് ഹെൻറിയെ രാജാവാക്കാൻ വിപ്ലവകാർ ആലോചിച്ചു. എ

ന്നാല് അമ്മറാണിയായിരുന്ന കാതറൈൻെറ പ്രേരണയാല് അവർ ഒന്നടങ്കം വധിക്കപ്പെടുകയത്രേ ചെയ്തതു്. സകല വിരോധത്തിനും പ്രതികാരാവസരമായി ബഹുജനങ്ങൾ ഇതു സ്വീകരിച്ചു. ഹ്യൂഗ്നോട്സിൻെറ ക്രൂരതയ്ക്കു ഒരിക്കല് വിധേയമായ സ്ഥലങ്ങളെല്ലാം അവരോടു പകവീട്ടി; അനേകം നിർദ്ദോഷികളും മരണാധീനരായി എന്നു പറയേണ്ടതില്ലല്ലൊ. "വി. ബർത്തലോമ്യായിലെ കൂട്ടക്കൊല" എന്നറിയപ്പെടുന്ന ഈ സംഭവത്തിനിടയിൽ പാരീസില്തന്നെ രണ്ടുമൂവായിരം ജനങ്ങൾ കൊല്ലപ്പെട്ടത്രെ. കത്തോലിക്ക മെത്രാന്മാരുടെ ശ്രമംകൊണ്ടു വളരെപ്പേർ സംഹാരായുധങ്ങളില്നിന്നും രക്ഷപെടാതിരുന്നില്ല. ചാൾസിൻെറ ദൂതനില്നിന്നും, രാജകുടുംബത്തിൻെറ "ദൈവഗത്യായുള്ള" രക്ഷയെപ്പററി മാത്രം ശ്രവിച്ചു സന്തോഷിച്ച ഗ്രഗരി പതിമൂന്നാമൻ മാർപ്പാപ്പാ സംഭവഗതിയുടെ യഥാർത്ഥ്യമറിഞ്ഞപ്പോൾ കണ്ണുനീർ വാർത്തുകൊണ്ടു അതിൻെറ അനീതിയെപ്പററി വിലപിക്കയത്രേ ചെയ്തതു്.

1589-ല് ഫ്റാൻസു രാജാവായിത്തീന്ന നവാരായിലെ ഹെൻറി താമസിയാതെ പാഷണ്ഡതയുപേക്ഷിച്ചു. അങ്ങിനെ ആഭ്യന്തര കലഹം ഏറെക്കുറെ ശമിക്കയുംചെയ്തു. 1598-ല് "നാൻറാസ്ശാസനം"മൂലം പ്രോട്ടസ്റ്റൻറ്സിനു മതസ്വാതന്ത്ര്യവും പൌരസ്വാതന്ത്ര്യവുമനുവദിച്ചുകൊടുത്തു. എന്നാൽ ഹെൻറിയുടെ മരണാനന്തരം അവർ ബഹളംതുടങ്ങി. ലൂയി പതിമൂന്നാമൻെറ മന്ത്രിയായിരുന്ന "റിക്കേല്യൂ" കർദ്ദിനാൽ അവരെ നിശ്ശേഷം തോല്പിച്ചു. എന്നാല് ലൂയി പതിന്നാലാമൻ, പ. പിതാവിൻെറ പ്രകടമായ അഗ്രഹത്തിനു വിപരീതമായി, പ്രൊട്ടസ്റ്റൻറുകാരെ മർദ്ദിച്ച് അവരുടെ മതം ഫ്റാൻസിൽനിന്നും ഉച്ചാടനം ചെയ്വാൻ ശ്രമിച്ചു. തത്ഫലമായി അനേകായിരംപേർ രാജ്യം വിട്ടുപോകാനിടയായി.

ഓറഞ്ചിലെ വില്യമിൻേറയും മററു പ്രഭുക്കന്മാരുടെയും നിസ്തുല യത്നം നിമിത്തം ഹോളണ്ടില് മുഴുക്കെ കാല്വിൻ മതം വ്യാപിച്ചു. ഡെന്മാർക്ക്, നോർവ്വേ, ഐസ്ലാൻഡ് എന്നീ രാജ്യങ്ങൾ ഒരേ ആധിപത്യത്തിലായിരുന്നു. ഭരണാധികാരികളായ ഡെയിൻ രാജാക്കന്മാർതന്നെ അവിടങ്ങളില് ലൂതറൻ മതപ്രചാരത്തിനു് നിസ്തന്ദ്ര യത്നംചെയ്തു. സ്വീഡനിലും ഇതുതന്നെയായിരുന്നു അനുഭവം; എങ്കിലും നവീകരണം അധികനാൾ നിലനിന്നില്ല. ഈ രാജ്യങ്ങളിലെല്ലാം പ്രജകൾ അബദ്ധ വിശ്വാസപ്രചരണത്തെ ശക്തിയുക്തം എതിക്കുകയാണുണ്ടായതെങ്കിലും അവർ ആയുധപ്രയോഗത്താല് അടിച്ചമർത്തപ്പെട്ടു. അഗസ്ബർഗ്ഗ് സന്ധിക്ക വിരുദ്ധമായി ജർമ്മനിയിലെ കാല്വിനിസ്റ്റുകാർ കത്തോലിക്ക ദേവാലയങ്ങൾ കൈവശപ്പെടുത്തിയതുനിമിത്തം ശാന്തമായിരുന്ന ജർമ്മൻ അന്തരീക്ഷം വീണ്ടും ക്ഷുബ്ധമായി. ചക്രവത്തിയായ ഫർഡിനാൻഡ് രണ്ടാമൻെറ പ്രതിനിധികളെ പ്രൊട്ടസ്റ്റൻറുകാരായ "സുവിശേഷ സംഘടനക്കാർ" ദേഹോപദ്രവമേല്പിച്ചതോടെ "കത്തോലിക്കസഖ്യ"ക്കാരുമായി യുദ്ധമാരംഭിച്ചു. 1618 മുതല് 30 കൊല്ലത്തേയ്ക്കു നീണ്ടുനിന്ന ഈ അഭ്യന്തര സമരം ജർമ്മനിയില് വരുത്തിവെച്ച നാശം പറയാവതല്ല. രാഷ്ട്രീയമായ സ്വകാര്യലാഭചിന്തയോടെ ഫ്റഞ്ചു മന്ത്രിയായ "റിക്കേല്യൂ"കർദ്ദിനാൽ, നവീകര

ണ പക്ഷത്തു ചേൎന്നില്ലായിരുന്നെങ്കില് അവർ നശിക്കുകയും ജൎമ്മനി മതാത്മകവും രാഷ്ട്രീയവുമായ ഐക്യം പ്രാപിക്കയും ചെയ്യുമായിരുന്നു. വെസ്റ്റ്ഫാലിയൻ സന്ധിയാല് 1648-ല് യുദ്ധം അവസാനിച്ചു; ജൎമ്മൻ സാമ്രാജ്യം ഛിന്നഭിന്നമാകയുംചെയ്തു.

ഇങ്ങനെ നവീകരണപ്രസ്ഥാനം ഒരു ശതാബ്ദാൎദ്ധംകൊണ്ട് മിക്കവാറും യൂറോപ്പാകമാനം പടൎന്നുപിടിച്ചു. ഇററലി, സ്പെയിൻ, പോൎട്ടുഗല്, ഐൎലണ്ട് ഈ രാജ്യങ്ങൾ മാത്രമേ ഈ മഹാ വ്യാധിക്ക് ഒട്ടും അടിപെടാതിരുന്നുള്ളു. ലൌകിക ഭരണകൎത്താക്കൾക്ക് തിരുസ്സഭയോടും പ. സിംഹാസനത്തോടുമുണ്ടായിരുന്ന മത്സര മനസ്ഥിതിയും, തിരുസ്സഭാസ്വത്തുക്കൾ തട്ടിയെടുക്കുന്നതിനുള്ള അത്യാകാംക്ഷയും നിമിത്തം സ്വപ്രജകളുടെ നേരെ ബലംപ്രയോഗിച്ച് അവരുടെമേല് നവീന പാഷണ്ഡത കെട്ടിവെയ്ക്കുകയത്രെ ചെയ്തതു്. അക്രമം പ്രയോഗിച്ചില്ലായിരുന്നെങ്കില് നവീകരണം മുളയിലെതന്നെ അസ്തമിക്കുമായിരുന്നു. വൈദികാധികാരസ്ഥാനികളെ നിയമിക്കുന്നതില് അവർ കാണിച്ച അഴിമതിയും, ലൌകായതികരായ പുരോഹിതവൎഗ്ഗം അജഗണങ്ങളെ വിശ്വാസത്തില് വളൎത്തിക്കൊണ്ടുവരുന്നതില് പ്രദൎശിപ്പിച്ച ഗൎഹണീയമായ ഉദാസീനതയും, നവ്യസിദ്ധാന്തങ്ങൾ അധഃപതിച്ച മനുഷ്യ മനസ്സിന്റെ സ്വൈരവിഹാരത്തിനു നല്കിയ സ്വാതന്ത്ര്യവും അബദ്ധ പ്രചരണത്തിന് അനല്പമായ സഹായംതന്നെ പ്രദാനംചെയ്യാതിരുന്നില്ല. എന്നാല് "നവീകരണം"കൊണ്ടുണ്ടായ ഫലമോ? വിശ്വാസത്താലും പ്രസാദവരത്താലും അമൎച്ച ചെയ്യപ്പെട്ട മൃഗീയദുരാശകളുടെ ഒരു പുനരുജ്ജീവനം ആയിരുന്നു അതു്. "ഇത്രയധികം, ദുരിതത്തിനും, ദുൎമ്മാതൃകക്കും, ദൈവദൂഷണത്തിനും, നന്ദിയില്ലായ്മക്കും, വിപ്ലവത്തിനും കാരണമാകുമെന്നറിഞ്ഞിരുന്നെങ്കില് ആരാണ് ഉപദേശിക്കാനൊരുങ്ങുക" എന്ന് ലൂഥർതന്നെ എഴുതിയിട്ടുണ്ട്. ഇതിനുപുറമേ അനേകം കലഹങ്ങളും യുദ്ധങ്ങളും ഈ "നവീകരണ"ഫലമായിട്ടുണ്ടാകയും, രാജാക്കന്മാർതന്നെ നിഹനിക്കപ്പെടുകയും, അരാജകത്വം സൎവ്വത്ര നടമാടുകയുംചെയ്തു. ലൂഥറിന്റെയും കാല്വിന്റെയും അനുയായികളില് അനേകം അവാന്തര വിഭാഗങ്ങൾ ഉദ്ഭവിച്ച് അന്യോന്യ കലഹത്തിലേൎപ്പെട്ടു. ചുരുക്കത്തില് "ദുരാശ, കവൎച്ച, മൎദ്ദനം, വിപ്ലവം, സമരം, നാശം, അധഃപതനം" ഇതായിരിക്കും ആദിമ പ്രൊട്ടസ്റ്റന്റു മതത്തിനു് ഏററവും പററിയ വിജ്ഞാപനം.

## XX. ത്രെന്തോസ് സൂനഹദോസും അനന്തര സംഭവങ്ങളും.

പ്രൊട്ടസ്റ്റന്റു സിദ്ധാന്തത്തിന്റെ ത്വരിതമായ അഭിവൃദ്ധി കണ്ടാല് കത്തോലിക്കാസഭ അവളുടെ സ്വൎഗ്ഗീയ ദൌത്യം നിൎവ്വഹിക്കുന്നതിനു് അശക്തയായിപ്പോയെന്നോ, നരകവാതിലുകൾ അവളോടു ജയിക്കുകയില്ല എന്ന നിത്യവാഗ്ദാനം മിത്ഥ്യയായിരുന്നുവെന്നോ എല്ലാം ഉപരിവിപ്ലവബു

ധികൾക്ക തോന്നിയേക്കാം. എന്നാല് ക്രൂശാരോഹണത്താല് മരണത്തെ ജയിച്ച അവളുടെ ദിവ്യനാഥനെ അനുകരിച്ച് ത്യാഗത്തിൻെറയും ഉപവിയുടെയും മാർഗ്ഗത്തിലൂടെ അവൾ പവിത്രീകരണം സാധിച്ചു. "നവീകരണം" യൂറോപ്പിനെ അത്യഗാധങ്ങളിലേക്കു തള്ളിയപ്പോൾ മാതൃനിർവ്വിശേഷമായ ക്ഷമയോടെ അവളുടെ സന്താനങ്ങളുടെ സമുദ്ധരണത്തിനും സംസ്കരണത്തിനുംവേണ്ടി അവൾ പ്രയത്നിക്കയുംചെയ്തു.

പ്രൊട്ടസ്റ്റൻറു വിപ്ലവത്തെ നേരിടുന്നതിനു് ചിരപ്രതീക്ഷിതമായ സൂനഹദോസ് ജർമ്മനിയുടേയും ഇററലിയുടേയും അതിർത്തി ദേശത്തുള്ള ത്രെന്തോസ് എന്ന സ്ഥലത്തു് 1545 ഡിസംബർ 13-ാം തീയതി ഉദ്ഘാടിതമായി. പ. പിതാവു് പൌലോസ് തൃതീയൻെറ പ്രതിനിധികളായി ഡെല്മോണ്ടെ, കെർവിനോ, റെജിനാൽഡുപോൾ എന്നീ കർദ്ദിനാളന്മാർ അതില് അദ്ധ്യക്ഷം വഹിച്ചു. ക്രിസ്തീയ ലോകത്തിൻെറ ചതുർഭാഗങ്ങളില്നിന്നും മെത്രാന്മാരും സഭാശ്രേഷ്ഠന്മാരും ധാരാളമായി സമ്മേളനത്തില് സംബന്ധിക്കുന്നതിനായി വന്നുചേർന്നു. ഒരു സൂനഹദോസിനുവേണ്ടി മുറവിളി കൂട്ടിയിരുന്ന വിപ്ലവകാരികൾ മാത്രം നിവർത്തനമനുഷ്ഠിച്ചു; കാരണം മാർപ്പാപ്പായുടെ അധികാരത്തെ നിഷേധിച്ചതും, അവരുടെ സിദ്ധാന്തങ്ങൾ സ്വീകൃതപഠനത്തിനു വിരുദ്ധമായിരുന്നുവെന്ന ബോധം അവർക്കുണ്ടായിരുന്നതും തന്നെ. വിശ്വാസപ്രചാരം, പാഷണ്ഡതാവിനാശനം, ക്രിസ്ത്യാനികളുടെ ഇടയില് സമാധാനസംസ്ഥാപനം, സന്മാർഗ്ഗോദ്ധാരണം, ക്രിസ്തീയ ശത്രുക്കളുടെ വിധ്വംസനം എന്നിവയായിരുന്നു സൂനഹദോസിൻെറ ചർച്ചാവിഷയങ്ങൾ. കൌൺസില് സമ്മേളനങ്ങൾ ഇടക്കു് രണ്ടുതവണയായി ഏകദേശം 14 കൊല്ലത്തേക്കു് നിറുത്തിവെയ്ക്കുകയുണ്ടായി. അങ്ങിനെ 1563-ഡിസംബർ 3-ാം തിയതി ഇരുപത്തഞ്ചു സമ്മേളനങ്ങൾക്കശേഷം കൌൺസില് സമാപിച്ചു. 231 മെത്രാന്മാർ കൌൺസില് നിശ്ചയങ്ങൾക്ക് ഒപ്പു വെക്കുകയുണ്ടായി. തിരുസ്സഭയുടെ പൊതുസമ്മേളനങ്ങളില് സർവ്വപ്രധാനമായ ഒന്നുതന്നെയായിരുന്നു ത്രെന്തോസ് സൂനഹദോസ്. വിശ്വാസവും ആചാരവും സംബന്ധിച്ചു് ഈ സൂനഹദോസ് വ്യാഖ്യാനിക്കാത്ത കാര്യങ്ങൾ ചുരുക്കമാണു്. നവീകരണക്കാർ ഇതില് സംബന്ധിക്കാതിരിക്കുകയും അതിൻെറ തീരുമാനങ്ങൾ തിരസ്കരിക്കയും ചെയ്കയാല് ഔദ്യോഗികമായി തിരുസ്സഭയില്നിന്നും ഭ്രഷ്ടരായി അവരുടെ അബദ്ധോപദേശങ്ങൾ ഓരോന്നായി ഖണ്ഡിക്കപ്പെട്ടു. പാരമ്പര്യത്തെ, വേദപുസ്തകമെന്നപോലെതന്നെ വിശ്വാസതത്വങ്ങളുടെ ആകാരമായി പിതാക്കന്മാർ സ്വീകരിച്ചു; വിലക്കപ്പെട്ട ഗ്രന്ഥങ്ങളുടെ ഒരു പട്ടിക അവർ തയാറാക്കി; മെത്രാന്മാരും വൈദികരും അവരവരുടെ രൂപതകളിലും ഇടവകകളിലുംതന്നെ വസിക്കണമെന്നു തീരുമാനിച്ചു; വൈദിക വിദ്യാർത്ഥികൾ വേദപുസ്തകം, തത്വശാസ്ത്രം, ദൈവശാസ്ത്രം സന്മാർഗ്ഗശാസ്ത്രം ഇവ കൂലങ്കഷമായി പഠിക്കേണ്ടതാണെന്നു വിധിക്കയുംചെയ്തു.

1564-ല് പീയൂസ് നാലാമൻ മാർപ്പാപ്പാ "ബനദിക്ത്തുസ് ദേവൂസ്" എന്ന തിരുവെഴുത്തുമൂലം ത്രേന്തോസ് വിധികൾ ലോകത്തിനു് പ്രഖ്യാപിച്ചപ്പോൾ കത്തോലിക്കരാജ്യങ്ങൾ അവയെ ആഹ്ലാദപൂർവ്വം

സ്വീകരിച്ചാദരിച്ചു. രണ്ടുകൊല്ലത്തിനുശേഷമാണ് "ത്രെന്തോസ് സൂനഹദോസിന്റെ വേദോപദേശം" എന്ന പ്രസിദ്ധ ഗ്രന്ഥം പ്രസിദ്ധീകൃതമായതു്. ഒരു കത്തോലിക്കൻ വിശ്വസിക്കേണ്ട എല്ലാ തത്വങ്ങളും അതില് സമ്യക്കായി പ്രതിപാദിച്ചിട്ടുണ്ടു്. വിപ്ലവങ്ങളും പാഷണ്ഡതകളും നിമിത്തം അവശമായിരുന്ന ക്രിസ്തീയ ലോകത്തെ ഈ സമ്മേളനം പോഷിപ്പിച്ചു. അതിലെ തീരുമാനങ്ങൾ തിരുസ്സഭയുടെ അധികാരത്തിനു ഒരു നവ്യശക്തി പ്രദാനംചെയ്തു. ത്രെന്തോസ് ശാസനങ്ങൾ എല്ലായിടത്തും ഊർജ്ജിതമായി പ്രവൎത്തിക്കുവാൻവേണ്ടി പീയൂസ് മാർപ്പാപ്പാ ഒരു കർദ്ദിനാൾ തിരുസ്സംഘം തന്നെ സ്ഥാപിച്ചു.

ഈ പ. പിതാവിന്റെ പിൻവാഴ്ചക്കാരും കത്തോലിക്ക ജീവിതനവീകരണാൎത്ഥം നിസ്തന്ദ്രയത്നംതന്നെ ചെയ്തു. പീയൂസ് അഞ്ചാമൻ സന്യാസികൾക്കും കന്യകകൾക്കും നിശിതമായ ഏകാന്തത നടപ്പാക്കി. വൎദ്ധമാനമായിക്കൊണ്ടിരുന്ന ടർക്കിഷ് ശക്തിയെ നേരിടുന്നതിനു് വെനീസും, സ്പെയിനുമായി സഖ്യത്തിലും അദ്ദേഹം ഏൎപ്പെട്ടു. ഓസ്ത്രീയയിലെ ഡോൺ ജോൺ ടർക്കികളെ 1571-ല് ലെപ്പാന്തോയുദ്ധത്തില് തോല്പിച്ചോടിക്കയുംചെയ്തു. ഗ്രെഗരി പതിമൂന്നാമനാണു് "ഗ്രിഗോറിയൻ പഞ്ചാംഗത്തിന്റെ" ജനയിതാവു്. അദ്ദേഹത്തിന്റെ പിൻഗാമിയായ സിക്സ്റ്റസ് കർദ്ദിനാളന്മാരുടെ സംഖ്യ എഴുപതാക്കി ക്ലിപ്തപ്പെടുത്തി. തിരുസിംഹാസനത്തോടു മത്സരിച്ച വെനീഷ്യൻ ജനാധിപത്യത്തെ നല്ലപാഠം പഠിപ്പിപ്പിച്ചതു് പൌലോസ് അഞ്ചാമൻ തിരുമനസ്സുകൊണ്ടുതന്നെയാണു്. നാല്പതുമണിക്കൂർ ആരാധന ഏൎപ്പെടുത്തിയതു് ഇദ്ദേഹംതന്നെ. "പ്രോപ്പഗാന്താ തിരുസ്സംഘ"ത്തെ ഗ്രെഗരി പതിനഞ്ചാമനും, മിഷ്യൻ രാജ്യങ്ങളിലേക്കു് വൈദികരെ പഠിപ്പിക്കുന്ന "ഉർബാൻ കോളെജ്" ഉർബൻ അഷ്ടമനും സംസ്ഥാപിച്ചു. പന്ത്രണ്ടാം ശതകം മുതല്ക്കേ ഫ്റാൻസിസ്കൻസഭക്കാരും ഡോമിനിക്കു് സഭക്കാരും തമ്മില് കന്യകാമറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ചു് വിവാദങ്ങൾ നടന്നുകൊണ്ടിരുന്നു. അതുപോലെതന്നെ ഡോമിനിക്കരും ഈശോസഭക്കാരും തമ്മില് പ്രസാദവരത്തേയും, സ്വാതന്ത്ര്യബുദ്ധിയേയും പററിയും തൎക്കിക്കുകയുണ്ടായി. എന്നാല് അഭിപ്രായവ്യത്യാസങ്ങൾ പാഷണ്ഡതയ്ക്കു നിദാനമായില്ല; പ. പിതാക്കന്മാർ ഔദ്യോഗികമായ ഒരു അന്തിമതീരുമാനം ചെയ്തുമില്ല. അങ്ങിനെയിരിക്കെ, ബല്ജിയത്തില് ലോവെയൻ കലാശാലാദ്ധ്യാപകനും പിന്നീട്ട് ഈപ്രസ് മെത്രാനുമായിത്തീർന്ന "കൊർണേലിയസ് ജാൻസെനിയൂസ്" 1638-ല് "അഗസ്റ്റീനസ്" എന്നൊരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി ഉർബൻ മാർപ്പാപ്പായ്ക്കു സമൎപ്പിച്ചു. അസ്വതന്ത്രമായ മനുഷ്യമനസ്സിനു് പ്രസാദവരത്തെ എതിർക്കുവാൻ നിവൃത്തിയില്ലെന്നും, ക്രിസ്തു ചിലൎക്കുവേണ്ടിമാത്രമാണു മരിച്ചതെന്നും, അവിശ്വാസികളുടെ സത്പ്രവൃത്തികൾ പാപമാണെന്നും ചില ദൈവപ്രമാണങ്ങൾ നീതിമാന്മാൎക്കും പാലിക്കാൻ കഴിവില്ലെന്നും തുടങ്ങിയുള്ള അബദ്ധങ്ങൾ അതില് പ്രസ്താവിച്ചിരുന്നു. കാല്വിൻ സിദ്ധാന്തങ്ങൾക്കു സദൃശമായി "മെക്കിൾ ബേയസ്" എന്നൊരാൾ ഏകദേശം ഒരു ശതാബ്ദം മുൻപു്

അവതരിപ്പിച്ച പ്രമാദങ്ങളുടെ ഒരാവർത്തനം മാത്രമായിരുന്നു ഇവ. ഫ്റാൻസിലു് അർനൗൾഡു് കുടുംബക്കാരും, ബ്ലേയിസു് പാസ്കലും ഇതിന്റെ പ്രചരണത്തിനായി വളരെ പ്രയത്നിക്കയുണ്ടായി. ജാൻസൻ തത്വങ്ങൾ പലതവണയും ശപ്തമായശേഷം 1713-ല് ക്ലെമന്റു പതിനൊന്നാമൻ മാർപ്പാപ്പാ അതു മതം പാഷണ്ഡികമെന്നു് പ്രഖ്യാപനം ചെയ്തു. അനന്തരകാലത്തു് വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിഘാതം വരുത്താൻ ജാൻസനിസം വളരെയധികം നിദാനമായിട്ടുണ്ടെന്നു പറയാതെ കഴികയില്ല.

“നവീകരണ”ക്കാർ എന്നു സ്വയം സംബോധന ചെയ്തവർ നശീകരണം സാധിച്ചപ്പോൾ, ലോകപിതാക്കളായ മാർപ്പാപ്പാമാർ മാനവസമുദായത്തെ സംസ്കരിച്ചു പവിത്രീകരിക്കുന്നതിനായി, സർവ്വശക്തിയോടുംകൂടി നീതിയുദ്ധംചെയ്തു. അവരുടെ ശ്രമമില്ലായിരുന്നുവെങ്കിൽ ഇന്നു് ലോകം കലഹത്തിന്റെ കേളീരംഗമായിരുന്നേനെ; അഥവാ “ലോകാവസാനത്തോളം ഞാൻ നിന്നോടുകൂടിയുണ്ടായിരിക്കും” എന്ന വാഗ്ദാനത്തിനു അന്തരമുണ്ടാകുമോ?

## XXI. നവീനസന്യാസസഭകളും വിശുദ്ധാത്മാക്കളും.

പാഷണ്ഡികളോടു യുദ്ധം ചെയ്യുന്നതിനും, കത്തോലിക്കാലോകത്തെ ഉത്തേജിപ്പിക്കുന്നതിനും, പുതുതായി കണ്ടുപിടിക്കപ്പെട്ട ഭൂവിഭാഗങ്ങളില് സുവിശേഷദീപം കൊളുത്തുന്നതിനും പ. സിംഹാസനത്തിന്റെ സേനാനിവഹങ്ങളെന്നോണം അനേകം സന്യാസസഭകൾ ഇക്കാലത്തു രംഗപ്രവേശംചെയ്തു. സ്പെയിനിലെ ഒരു സൈനികോദ്യോഗസ്ഥനായിരുന്ന ഇഗ്നേഷ്യസ് ലയോള 1545-ല് പ്രസിദ്ധമായ “ഈശോസഭ” സ്ഥാപിക്കയുണ്ടായി. മാർപ്പാപ്പായുടെ ഇച്ഛാനുസരണം ഏതു സേവനവും അനുഷ്ഠിക്കുന്നതിനുള്ള ഒരു സന്നദ്ധസംഘമത്രേ ഈശോസഭ. സാധാരണ സന്യാസവ്രതങ്ങൾക്കും പുറമേ ലോകത്തിന്റെ ഏതുഭാഗത്തും പ. പിതാവിന്റെ നിയോഗാനുസൃതം സുവിശേഷജോലി ചെയ്തുകൊള്ളാമെന്നും ഇവർ വാഗ്ദാനം ചെയ്യുന്നു. പ്രൊട്ടസ്റ്റന്റുകാരോടുള്ള സമരത്തില് തിരുസ്സഭയിലെ മുന്നണിസൈന്യമായിരുന്ന പ്രസ്തുത സഭക്കാരുടെ ദേവാലയങ്ങളും വിദ്യാലയങ്ങളും സർവ്വത്ര സ്ഥാപിതങ്ങളായി. ഈശോസഭയിലെ പ്രേഷകർ പാഷണ്ഡികളുടേയും, അജ്ഞാനികളുടേയും മാനസാന്തരത്തിനായി നിതരാം പരിശ്രമിക്കയും അവരിലനേകർ അതിനായി ജീവനെ ഹോമിക്കയുംചെയ്തു. നവീകരണനേതാക്കന്മാർ ഇവരെ ഉന്മൂലനം ചെയ്യുന്നതു് കർത്തവ്യമായിക്കരുതി! ഇംഗ്ലണ്ടില് വന്യമൃഗസമാനം ഇവർ വേട്ടയാടപ്പെട്ടു.

ഉർബീനോക്കാരനായ മത്തേയോ ഡിബാസി 1528-ല് “കപ്പൂച്ചിൻ” എന്ന ഫ്റാൻസിസ്കൻ സഭയുടെ ഒരു വിഭാഗം സ്ഥാപിച്ചു. വി.

ഫ്റാൻസിസിൻെറ നിയമങ്ങളെ കൎക്കശമായി അനുഷ്ഠിച്ച ഇവർ മദ്ധ്യയൂറോപ്പിലെ പ്രൊട്ടസ്റ്റൻറുകാരുടെ മാനസാന്തരത്തിനായി വിജയപൂൎവ്വം പ്രയത്നിക്കയുണ്ടായി. "വി. മാവുരൂസിൻെറ സംഘം" ബനദിക്തൻ സഭയുടെ ഒരു ശാഖമാത്രമാണ്. 1618–ല് രംഗപ്രവേശം ചെയ്ത ഈ സഭയുടെ മുഖ്യോദ്ദേശം വിജ്ഞാനദാനമായിരുന്നു. "നിഷ്പാദുകകൎമ്മലീത്താ" സഭയുടെ സ്ഥാപക വി. ത്രേസ്യായുടെ ശ്രമഫത്ത 1580-ല് ഗ്രെഗരി പതിമൂന്നാമൻ മാൎപ്പാപ്പാ അംഗീകരിച്ചു.

"തീയററിൽസ്" തുടങ്ങിയ രൂപതാവൈദിക സഭകൾ ഇടവകഭരണക്കാരായ വൈദികാപ്പോസ്തലന്മാരുടെ തീക്ഷ്ണതയെ വൎദ്ധിപ്പിക്കുന്നതിനു കാരണമായി. "റോമ്മായുടെ പ്രേഷകനായ" വി. ഫിലിപ്പുനേരി, പ്രാൎത്ഥന, സദുപദേശം, ദിവ്യഗാനങ്ങൾ, ദീനശുശ്രൂഷ മുതലായവയാല് ആത്മാക്കളെ നേടുന്നതിനായി പരിശ്രമിക്കയും ഇതിനായി "ഓറട്ടോറിയൻസ്" എന്ന സഭ സ്ഥാപിക്കയും ചെയ്തു. വി. വിൻസെൻറു ഡിപോളാകട്ടെ സാധുജനവിദ്യാഭ്യാസത്തിനായി "ലാസറിസ്റ്റ്സ്" എന്നു പുരുഷന്മാൎക്കും, രോഗശുശ്രൂഷയ്ക്കായി "ഉപവിയുടെ സോദരികൾ" എന്നു സ്ത്രീകൾക്കും ഓരോ സഭകൾ സ്ഥാപിച്ചു. തടവുകാരുടെ കപ്പ്ലോൻ എന്ന നിലയില് കഷ്ടതയുടെ നാനാവശങ്ങളും വി. വിൻസെൻറ് വേണ്ടവിധം മനസ്സിലാക്കി. ഉജ്ജ്വലഭക്തരായ അനേകം വൈദികൎക്കു ശിക്ഷണം നല്കുന്ന "വി. സൽപ്പിസിൻെറ സെമിനാരിയും സഭയും" സ്ഥാപിക്കുവാൻ വി. ജേകപിസ് ഒലീയരിനെ സഹായിച്ചതും മറ്റാരുമല്ല. വി. ജോൺ ഓഫ് ഗോഡ് 1540-ല് ദീനശുശ്രൂഷണാൎത്ഥം "കരുണയുടെ സഹോദരങ്ങൾ" എന്ന അല്മായ സഹോദരങ്ങൾക്കായി ഒരു സഭ സംസ്ഥാപിച്ചു.

സന്ന്യാസവൃത്തിയില് സ്ത്രീകളും പിന്നോക്കമല്ലായിരുന്നു. 1537-ല് വി. അഞ്ചെലാ മെരീച്ചി എന്ന പുണ്യവതി ആരംഭിച്ച "ഉർസുളായുടെ സഭാം"ഗങ്ങൾ വിദ്യാഭ്യാസപ്രവൎത്തനത്തിലാണ് പ്രധാനമായി ഏൎപ്പെട്ടതു് "ഫ്റാൻസെഡ്ഷന്താൾ" എന്ന ഗുണവതിയായ വിധവ "വിസിറ്റേഷൻസഭ" സ്ഥാപിച്ചു; ന. കൎത്താവിൻെറ ദൎശനത്താലും തിരുഹൃദയത്തിൻെറ വാഗ്ദാനങ്ങളാലും അനുഗൃഹീതയും സുപ്രസിദ്ധയുമായ വി. മൎഗ്ഗരീത്താ മറിയം ഒരു വിസിറ്റേഷൻ കന്യകയത്രേ.

സ്ത്രീകൾക്കും പുരുഷന്മാൎക്കുമായി മറ്റു അനേകസഭകൾ ഇക്കാലത്തു സംസ്ഥാപിതമായിട്ടുണ്ടെങ്കിലും അവയുടെ നാമനിൎദ്ദേശംപോലും ഈ പരിമിത പരിധിയില് സാദ്ധ്യമല്ല. സഭാസ്ഥാപകരായ വിശുദ്ധാത്മാക്കളെക്കൂടാതെ സഭാന്തരീക്ഷത്തില് ഇക്കാലത്തുദയംചെയ്ത ചില ഉജ്ജ്വലതേജസ്സുകളുടെ പേരുകൾ ഉപേക്ഷിച്ചുകളയുന്നതു് അനുചിതമായിരിക്കും. അസാന്മാൎഗ്ഗികത്വത്തിൻെറ അടിത്തട്ടില് ആണ്ടുകിടന്നിരുന്ന മിലാൻ നിവാസികളെ ഉദ്ധരിച്ചു വിശുദ്ധീകരിച്ച "വി. ചാൾസ്ബൊറോമിയോ"കർദ്ദിനാൾ രണ്ടാമത്തെ ഒരു അംബ്രോസ് തന്നെയായിരുന്നു. ജിനീവായിലെ വി. ഫ്റാൻസിസ് ദ്സാലെസ് അദ്ദേഹത്തിൻെറ സൌമ്യതകൊണ്ടു് 72000 കാല്വിൻ മതാനുയായികളെ തിരുസ്സഭയിലേക്കാകൎഷിച്ചുവെന്നാണു പറയുന്നതു്. "ഭക്തിമാൎഗ്ഗപ്രവേശിക" എന്ന ഗ്രന്ഥം ഇന്നും അദ്ദേഹ

ത്തിന്റെ ദിവ്യസ്വരത്തെ അവത്തിക്കുകയത്രേ ചെയ്യുന്നത്. കുരിശിന്റെ
വി. യോഹന്നാൻ സന്യാസത്തിന്റെ മഹിതമാതൃകയും, കർമ്മലീത്താസഭാ പ
രിഷ്കരണത്തില് വിശുദ്ധ ത്രേസ്യായുടെ സഹപ്രവർത്തകനുമായിരുന്നു. പൌ
രസ്ത്യദേശങ്ങളില് അനേകായിരങ്ങൾ ഇന്നും നമ്രശിരസ്കരായി സപ്രശ്ര
യം സ്തുതിഗീതങ്ങളാല് വാഴ്ത്തുന്ന വി. ഫ്രാൻസിസ് സേവ്യറിനെപ്പററി
ആർക്കാണ് അറിഞ്ഞുകൂടാത്തത്. ലീമായിലെ വി. റോസയാണ് അമേരി
ക്കയിലെ പ്രഥമ സിദ്ധനാമധാരിണി.

അന്നത്തെ സന്യാസസഭകൾ അനേകം വിശുദ്ധാത്മാക്കളെയെന്ന
പോലെ പണ്ഡിതരായ ഗ്രന്ഥകാരന്മാരെയും തിരുസ്സഭയ്ക്കു കാഴ്ചവെച്ചു.
"ബാറോണിയസ്" കർദ്ദിനാളിന്റെ തിരുസ്സഭാചരിത്രം അദ്ദേഹത്തിന്റെ
അഗാധജ്ഞാനത്തേയും ഗവേഷണചാതുരതയേയും പ്രത്യക്ഷപ്പെടുത്തിയതോ
ടൊപ്പം തത്കർത്താവിന് "സഭാചരിത്രപിതാവ്" എന്ന ബിരുദനാമവും
സമ്പാദിച്ചുകൊടുത്തു. ബല്ലാർമിൻ കർദ്ദിനാളിന്റെ വിശ്വാസസംബന്ധ
മായ ഗ്രന്ഥങ്ങൾ നാനാമുഖങ്ങളും ഗഹനങ്ങളുമത്രേ. കർദ്ദിനാൾ ടൊ
ളേററസ്, മൊളീനാ തുടങ്ങിയവർ സന്മാർഗ്ഗശാസ്ത്രത്തിലും, പരീസിയസ്,
സിമൊണെററ ആദിയായവർ കാനോൻ നിയമത്തിലും, മാല്ദൊനാത്ത്,
വില്യം എസ്റ്റിയസ് പ്രഭൃതികൾ വേദപുസ്തകജ്ഞാനത്തിലും അതുലപ്രാവീ
ണ്യം പ്രദർശിപ്പിച്ചു. പ്ലാൻഡേഴ്സ്സിലുള്ള 'ദ്വോയി' സർവ്വകലാശാലയില്
നിന്നും വേദപുസ്തക തർജ്ജമ പ്രസിദ്ധീകൃതമായതും ഈ അവസരത്തില്
തന്നെ. ബോലാൻസ് എന്ന ഈശോസഭ വൈദികന്റെ "പുണ്യാത്മാക്ക
ളുടെ ജീവചരിത്രങ്ങൾ" അത്യന്തം പ്രകീർത്തിതമത്രേ. വി. ഇഗ്നേഷ്യസി
ന്റെ അദ്ധ്യാത്മികാഭ്യാസങ്ങളും" വി. ത്രേസ്യാ, ദൈവത്തിന്റെ വി. ജോ
ൺ തുടങ്ങിയവരുടെ ഭക്തഗ്രന്ഥങ്ങളും വിശ്വാസികളുടെ ജീവിത നവീ
കരണത്തിന് അനല്പമായ സഹായം നല്കി.

പാഷണ്ഡികൾ ലോകത്തെ ബലാത്കാരമായി "നവീകരി"ക്കാൻ
ശ്രമിച്ചു; പരിശുദ്ധിയുടെ ആകാരമായ തിരുസ്സഭയാകട്ടെ അവളുടെ
അഭൌമ ഭണ്ഡാഗാരത്തെ സ്വസന്താനങ്ങൾക്കു കാണിച്ചുകൊടുത്തു. അ
വർ "ഭക്ഷിച്ചു തൃപ്തരായി;" അവർക്കു അമരത്വം ലഭിക്കുകയും ചെയ്തു.
ഒരൊററ പുണ്യാത്മാവിനെ ചൂണ്ടിക്കാണിക്കാൻ നവീകൃതമതത്തിന് കഴി
യാഞ്ഞപ്പോൾ തിരുസ്സഭയുടെ അസംഖ്യം വീരസന്താനങ്ങളുടെ വിശുദ്ധിയി
ലും, ത്യാഗപ്പുളപ്പിലും അവർ അന്ധാളിച്ചുപോയി.

## XXII. കത്തോലിക്കമതത്തിന്റെ സാർവ്വലൌകിക വ്യാപ്തി.

ക്രിസ്തീയ ഭൂഖണ്ഡമായ യൂറോപ്പില് നാരകീയ കിങ്കരന്മാരായ ന
വീകരണ നേതാക്കളുടെ പ്രലോഭനത്തിനടിപ്പെട്ട് സഭാമാതാവിനെ അവ
ളുടെ വത്സല സന്താനങ്ങളിലൊരുഭാഗം ഉപേക്ഷിച്ചപ്പോൾ, നവീന
ലോകത്തിലേയും, അജ്ഞാനതിമിരത്തിലാണ്ടു കിടന്നിരുന്ന പൌരസ്ത്യ പൌ

രാണിക ലോകത്തിലേയും നിവാസികൾ അവളുടെ ഉത്സംഗത്തിലേറി സ്നേഹാമൃതം ആസ്വദിക്കാൻ തുടങ്ങി. സ്പെയിൻ പോർട്ടുഗല് മുതലായ ക്രിസ്തീയ രാജ്യങ്ങൾ പുതിയ ഭൂഖണ്ഡങ്ങൾ കണ്ടു പിടിക്കുകയും, പൂർവ്വലോകത്തേക്ക് നവീന മാർഗ്ഗങ്ങൾ തുറക്കുകയും ചെയ്യുമ്പോൾ, ക്രിസ്തുവിൻെറ സന്ദേശ വാഹകരായ പ്രേഷകവീരന്മാരും അവരെ അനുഗമിച്ചു.

രണ്ടാമത്തെ പൌലോസ് എന്ന പ്രകീർത്തിതനായ വി. ഫ്രാൻസിസ് സേവിയർ 1542-ല് പോർട്ടുഗീസ് ഇൻഡ്യയുടെ തലസ്ഥാനമായ ഗോവയിലെത്തി. ദക്ഷിണേന്ത്യയുടെ തീരപ്രദേശങ്ങളില് അനേകായിരം പേരെ തിരുസ്സഭയിലേക്കു സ്വീകരിച്ചശേഷം 1549-ല് വിശുദ്ധൻ ജപ്പാനിലേക്കു പുറപ്പെട്ടു. അവിടത്തെ ബുദ്ധമത പുരോഹിതന്മാരുടെ ശക്തിമത്തായ എതിർപ്പുണ്ടായിട്ടും അസംഖ്യം ജനങ്ങളും പല രാജാക്കന്മാരും സത്യമതമാശ്ലേഷിക്കാതിരുന്നില്ല. ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹം ഫ്രാൻസിനിനെ ചൈനായിലേക്കു തിരിക്കാൻ പ്രേരിപ്പിച്ചു. എന്നാല് വിശ്രമവിഹീനമായ കർമ്മജീവിതം ദീർഘമായിരിക്കയില്ലല്ലോ. 1552-ല് സാൻഷ്യൻ ദ്വീപില് വെച്ചു് 46-ാമത്തെ വയസ്സില് വി. ഫ്രാൻസിസ് മരണമടയുകയത്രേ ചെയ്തതു്. ഇന്നും സിദ്ധൻെറ ദേഹം അക്ഷയമായി ഗോവയിലിരിപ്പുള്ള വസ്തുത നമുക്കേവർക്കും അറിയാവുന്നതാണല്ലോ.

വി. ഫ്രാൻസിൻെറ ഈശോസഭാ സഹോദരങ്ങൾ അദ്ദേഹം അടിസ്ഥാനമിട്ട സഭാസൌധത്തെ കെട്ടിയുയർത്തി. അനേകം ദേവാലയങ്ങളും വിദ്യാലയങ്ങളും ജപ്പാനില് അവർ സ്ഥാപിച്ചു. ജപ്പാൻ തികച്ചും ഒരു കത്തോലിക്കാ രാജ്യമാകാൻ താമസമില്ലെന്നു് അവർ ആശിക്കാതിരുന്നില്ല. എന്നാല് 1587ല് "തെയ്കോസാമാ" എന്ന ചക്രവർത്തി ക്രൂരമായ ഒരു മതമർദ്ദനമാരംഭിച്ചു. മിഷ്യനറിമാർ രാജ്യംവിട്ടുകൊള്ളണമെന്നു് അയാൾ ആജ്ഞാപിച്ചു. ദേവാലയങ്ങൾ അഗ്നിക്കിരയായി, ക്രിസ്ത്യാനികളെ അയാൾ നിർദ്ദയം സംഹരിച്ചു. റോമൻ മതപീഡനങ്ങളെ പിൻതള്ളുന്ന ദൌഷ്ട്യത്തോടെ അയാളുടെ പിൻഗാമികളുടെ കാലത്തും ഈ നരവേട്ട നടമാടി. എന്നാല് വാഴ്ത്തപ്പെട്ട ഇഗ്നേഷ്യസ് ഫർനാൺഡസിനെപ്പോലെയുള്ള പിഞ്ചുകിടാങ്ങൾപോലും സസന്തോഷം വിശ്വാസവേദിയില് ജീവാർപ്പണം ചെയ്തു. മതപീഡനത്തിൻെറ ശക്തിയോടൊന്നിച്ചു് ക്രിസ്ത്യാനികളുടേയും സംഖ്യ വർദ്ധിക്കയത്രേ ചെയ്തതു്!! 1640 ആയപ്പോഴേക്കും ഇരുനൂറോളം വൈദികരും, 800 ഉപദേശികളും അനേകായിരം വിശ്വാസികളും രക്തസാക്ഷി മകുടംചൂടി. എന്തിനേറെ ക്രിസ്ത്യാനികളെ നിർമ്മൂലമാക്കുന്നതുവരെ പീഡനം തുടരുകതന്നെ ചെയ്തു; പക്ഷെ അതു പീഡകരുടെ ഒരു തെററിദ്ധാരണമാത്രമായിരുന്നു. വീണ്ടും വൈദികരില്ലാതെ പോലും ജപ്പാനില് ക്രിസ്ത്യാനികൾ ഏകദേശം രണ്ടു ശതാബ്ദത്തോളം ജീവിച്ചത്രേ!! കത്തോലിക്കാസഭയുടെ ബദ്ധവൈരികളായ ഡച്ചുകാല്വിൻ മതക്കാരാണു് ഈ മതപീഡനത്തിനു് ജപ്പാൻ ചക്രവർത്തിമാരെ പ്രേരിപ്പിച്ചതു്. ജപ്പാനില് അനുസ്യൂതം തുടൻപോന്ന മർദ്ദനം 19-ാം ശതകത്തിൻെറ അന്ത്യഘട്ടത്തില് വീണ്ടും നിശിതമായി. (1868-73) അനന്തരം ഇംഗ്ലീഷ് അമേരിക്കൻ സ്ഥാനപതികളുടെ സ്വാധീനംമൂലം കത്തോലി

കരോട്ട ഗവണ്മെൻറു സഹിഷ്ണുത പ്രദർശിപ്പിക്കുകയാല് സഭയ്ക്കു് ഗണ്യമായി അഭിവൃദ്ധിയുണ്ടാകാതിരുന്നില്ല.

പോർട്ടുഗീസ് മിഷ്യനറിമാർ ഇൻഡ്യയില് അവരുടെ പ്രയത്നം തുടങ്ങി. ഗോവാ 1557-ല് ഒരു അതിമെത്രാസനമായിത്തീൎന്നു. വാഴ്ത്തപ്പെട്ട റുഡോൾഫ് അക്വാവീവായും അദ്ദേഹത്തിൻെറ നാലു സഹപ്രവർത്തകരും സാല്സെററിയില്വെച്ച് 1583-ല് വധിക്കപ്പെട്ടു. ഹിന്ദുക്കളുടെ ഇടയില് പോർട്ടുഗീസുകാർക്ക് വിജയമുണ്ടായെങ്കിലും കേരളത്തിലെ പൌരാണിക കത്തോലിക്കരുടെ നേരെ അവർ പ്രയോഗിച്ച അജ്ഞതാജന്യവും, വിവേകരഹിതവും, സ്വാർത്ഥ തത്പരവുമായ നയം പല കുഴപ്പങ്ങൾക്കും നിദാനമായിയെന്നു പറയാതിരിപ്പാൻ വഹിയാ. തന്നിമിത്തമാണു് കുപ്രസിദ്ധമായ കൂനൻകുരിശു സത്യവും തജ്ജന്യമായ ഛിദ്രവുമുണ്ടായതു്. മാതൃസഭയില്നിന്നും വേർപെട്ടവർ അഭിപ്രായ വ്യത്യാസങ്ങളാല് അനേക വിഭാഗങ്ങളായി ഛിന്നിച്ചിതറി. ബ്രാഹ്മണരുടെ ജാതി മാഹാത്മ്യ ചിന്ത അവരുടെ മാനസാന്തരത്തിനു വിലങ്ങടിച്ചു നിന്നു. തന്നിമിത്തം മധുര ജസ്യൂട്ട് മിഷ്യൻ സ്ഥാപകനായ "റോബർട്ടു ഡിനോബിലി" എന്ന വൈദികൻ 1606-ല് ബ്രാഹ്മണരുടെ വേഷവും ആചാരങ്ങളും അനുകരിച്ചുകൊണ്ടു് അവരുടെയിടല് സുവിശേഷ പ്രചരണ പ്രയത്നമാരംഭിച്ചു. ഉന്നത വംശജരായ അനേകായിരം ഹിന്ദുക്കളെ അദ്ദേഹം ഇങ്ങനെ തിരുസ്സഭയിലേക്കു സ്വീകരിക്കയും ചെയ്തു. മദ്ധ്യേന്ത്യയിൽ സുവിശേഷം പ്രസംഗിച്ച ജെറേമിനോ സേവ്യർ പ്രഭൃതികളെ അക്ബർ അദ്ദേഹത്തിൻെറ കൊട്ടാരത്തിലേയ്ക്കു ക്ഷണിക്കുകയുണ്ടായി. ഉത്തരേന്ത്യയിലെ സഭാപ്രചാരം രാഷ്ട്രീയ സംഭവ വികാസങ്ങളുടെ പ്രതികൂലാവസ്ഥ നിമിത്തം തടയപ്പെട്ടു. 1683-ല് രാമനാടിനടുത്തുവെച്ചു് മറവ രാജാവിനാല് വധിക്കപ്പെട്ട വി. ജോൺബ്രിട്ടോ പ്രതിദിനം ആയിരക്കണക്കിനു ആളുകൾക്കു മാമ്മോദീസാ നല്കിയിട്ടുണ്ടെന്നാണു് പറയുന്നതു്. ഈശോസഭയെ അമർച്ച ചെയ്യുന്നതും ഫ്രഞ്ചുവിപ്ലവ ഫലമായി സന്യാസ സഭകൾക്കുണ്ടായ വൈഷമ്യങ്ങളും നിമിത്തം ലോകമാകെ പ്രേഷകവൃത്തിക്കു് ഒരു സ്തംഭനം നേരിട്ടു. പൌരസ്ത്യദേശ ക്രിസ്ത്യാനികൾ ഒരു അരശതാബ്ദത്തില് കൂടുതല് കാലത്തേയ്ക്കു് സ്വയം രക്ഷിക്കേണ്ടിവന്നു. 16-ാം ഗ്രഗോരിയോസ് മാർപ്പാപ്പായുടെ ഭരണദശയില് ഭാരതീയ മിഷ്യൻസ് പുനരുദ്ധൃതമായി. എന്നാല് 1843-ല് ബ്രി. ഇൻഡ്യയിലേയ്ക്കു മെത്രാന്മാരെ നിയമിക്കുന്ന കാര്യത്തില് പ. സിംഹാസനവുമായി പോർട്ടുഗീസുകാരായ ഗോവയിലെ അധികാരികൾക്കുണ്ടായ അഭിപ്രായവ്യത്യാസം ഒരു തത്കാലിക ഛിദ്രത്തിനും കാരണമായിഭവിച്ചു! പതിമ്മൂന്നാം ലെയോ മാർപ്പാപ്പാ ഇൻഡ്യയിൽ ഒരു ഹൈറാർക്കിയും സ്ഥാപിക്കയും ചെയ്തു.

ചൈനയില് മതംപ്രസംഗിക്കാനുള്ള വി. ഫ്രാൻസിസിൻെറ ആഗ്രഹം സഫലമായില്ലല്ലോ. എന്നാല് അദ്ദേഹത്തിൻെറസഭാസഹോദരങ്ങളായ മത്തേയോറിച്ചി, ആദംഷ്ക്കാൽ മുതലായവർ അവരുടെ വിശുദ്ധിയും വിജ്ഞാനവുംകൊണ്ടു് ഉന്നതോദ്യോഗസ്ഥന്മാർ, രാജകുടുംബാംഗങ്ങൾ തുടങ്ങി അനേകംപേരെ തിരുസ്സഭാംഗങ്ങളാക്കി. 1610-ല് ഫാദർ മത്തേയോ മരി

ക്കുമ്പോഴേക്കും ചൈനായില് മുന്നൂറില്പരം ദേവാലയങ്ങളുണ്ടായിരുന്നുവത്രെ. ഇദ്ദേഹത്തിൻെറ മരണാനന്തരം കഠിനമായ ഒരു ക്രിസ്തീയ മർദ്ദനമുണ്ടായെങ്കിലും നീണ്ടുനിന്നില്ല. മിഷ്യനറിമാരുടെ ലൗകികജ്ഞാനസമ്പത്തി. ചൈനാക്കാരുടെ ദൃഷ്ടിയില് അവരെ ബഹുമാനിതരാക്കി. 1661 മുതല് ഫ്റാൻസിസ്കരും ഡോമിനിക്കരും വേദപ്രചരണാർത്ഥം ചൈനായിലെത്തി സത്യദീപ്തി ശീഘ്രമായി വ്യാപിച്ചു. ചക്രവർത്തിയുടെ അമ്മയും മൂത്ത പുത്രനും ക്രിസ്ത്യാനികളായി. വീണ്ടും ക്യാങ്ങ്ഹി ചക്രവർത്തിയുടെ കാലത്ത് ഒരു മതമർദ്ദനംകൂടി സംഭവിച്ചു. ഫാദർഷ്ക്കാൾ പീഡാഫലമായി മരിച്ചു, എങ്കിലും 1671-ല് ക്രിസ്ത്യാനികൾക്ക് സ്വാതന്ത്ര്യം പുനർലബ്ധമായി. പ്രവൃദ്ധമായ ചൈനീസ് സഭയില് ഈശോസഭക്കാർ അനുവദിച്ച ചില ആചാരങ്ങളേയും വൈദികശബ്ദങ്ങളേയും ഡോമിനിക്ക സഭക്കാർ പ്രതിഷേധിക്കയും പ. പിതാക്കന്മാർ സ്വീകരിക്കാതിരിക്കയുംചെയ്തു. തന്നിമിത്തം 1722-ല് പൊട്ടിപ്പുറപ്പെട്ട മതപീഡനം ഒരു ശതാബ്ദകാലത്തേക്കു തുടൎന്നു. അനേകായിരം സത്യവിശ്വാസികൾ രക്തസാക്ഷികളായതല്ലാതെ ക്രിസ്തുമതം നശിച്ചില്ല. അതു പുരോഗമിക്കതന്നെ ചെയ്തു. ഇംഗ്ലണ്ടിൻെറയും ഫ്റാൻസിൻെറയും നിർബന്ധത്തിനു വിധേയമായി ചൈനം 1858-ല് ക്രിസ്ത്യാനികൾക്ക് മതാനുഷ്ഠാന സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു, വീണ്ടും 1900-മാണ്ടിലെ ബോക്സർ വിപ്ലവത്തിൽ അഞ്ചു മെത്രാന്മാരും, അനേകം വൈദികരും 24,000-ത്തോളം വിശ്വാസികളും നിർദ്ദയം ഹതരായി. ആഭ്യന്തര യുദ്ധവും, ജപ്പാനോടുള്ള സമരവും പ്രേഷക പ്രയത്നത്തിനു വിഘാതം വരുത്തിയിട്ടുണ്ട്, എങ്കിലും ഒരേ ഭവനത്തില് വിവിധ മതക്കാർ ഒരുമിച്ചു വസിക്കുന്ന ചൈനായിലെ മതസഹിഷ്ണുത പ്രശംസനീയമാണ്. യുദ്ധജന്യമായ ദുരിതനിവാരണത്തിനായി മിഷ്യനറിമാർ തീവ്രപ്രയത്നമാണു ചെയ്യുന്നതു്.

സിലോൺ ബർമ്മാ, പൂർവേന്ത്യാ ദ്വീപുകൾ, തെക്കുകിഴക്കേ ഏഷ്യൻ രാജ്യങ്ങൾ, ഫിലിപ്പൈൻസു മുതലായ സ്ഥലങ്ങളിലും ഇതേകാലത്തുതന്നെ വിവിധ സഭാംഗങ്ങളായ പ്രേഷകർ ക്രിസ്തുമതം പ്രസംഗിക്കുകയുണ്ടായി, നിഷ്പ്രയാസം തഴച്ചുവളൎന്ന സഭയ്ക്കു ക്ലേശവും എല്ലായിടത്തുംതന്നെ മർദ്ദനവുംഅനുഭവിക്കേണ്ടിവന്നു. വേദസാക്ഷികളുടെനിണംസഭാതരുവിനു ഉത്തേജനം നല്കി. ചൈനയില് മതംപഠിച്ച ഒരു നാട്ടുകാരനാണ് കൊറിയാ ഉപദ്വീപില് ആദ്യം ക്രിസ്തുമതം പ്രസംഗിച്ചതു്. ചൈനീസ് മിഷ്യനറിമാർ താമസിയാതെ അവിടെയെത്തി. കൊറിയായിലെപ്പോലെ സത്യസഭ ഞെരുക്കമനുഭവിച്ച സ്ഥലം വളരെ ചുരുക്കമെന്നേ പറയേണ്ടു. 1882-വരെ ഇതു തുടൎന്നു 1925-ല് എഴുപത്തൊൻപതു കൊറിയൻ രക്തസാക്ഷികളെ വാഴ്ത്തപ്പെട്ടവരെന്നു നാമകരണം ചെയ്കയുണ്ടായി. ഇൻഡോ ചൈനയിലും 1833-86-വരെയുണ്ടായ മതപീഡനത്താല് വിദേശീയരും സ്വദേശീയരുമായ അനേകം വൈദികരും, സന്യാസികളും മരണമടഞ്ഞു. വിശ്വാസികളെ വെട്ടിയരിയുകയും, പട്ടിണിയിട്ടു കൊല്ലുകയും, വൈദികരെ അറത്തു മുറിക്കയുംപോലും ചെയ്തുത്രേ!

പ്രെസ്റ്റർ ജോൺ എന്ന പോർട്ടുഗീസുകാരൻ 1484-ല് അഫ്റി

ക്കയുടെ പശ്ചിമഭാഗങ്ങളില് പ്രവേശിച്ചു, താമസിയാതെ ഡൊമിനിക്കൻ സഭാംഗങ്ങൾ അവിടെ ഒരു പ്രേഷകരംഗവും ഉദ്ഘാടനംചെയ്തു. നീഗ്രോവര്‍ഗ്ഗക്കാരായ കുറെപ്പേർ വൈദികരും, തദ്ദേശിയ ഭരണാധികാരിയുടെ പുത്രൻ ബൻസാമെത്രാനും ആയിത്തീൎന്നു. (1518) എന്നാല് വൈദികരുടെ കുറവുനിമിത്തം അഫ്റിക്കയിലെ മിഷ്യൻ രംഗങ്ങൾ വേണ്ടവിധം അഭിവൃദ്ധിപ്പെട്ടില്ല. പതിനാറാം ശതകത്തില് ആരബ്ധമായ അടിമവ്യാപാരമാണ് അഫ്റിക്കയ്ക്കു് ഏററവും ഉപദ്രവകരമായിബ്ഭവിച്ചതു്. അമേരിക്കൻ കൃഷിസ്ഥലങ്ങളിലെ ജോലിക്കായി കൊണ്ടുപോകപ്പെട്ട ഇവർ യജമാനന്മാരുടെ നിഷ്ഠൂരതയ്ക്കു വിധേയരായി അകാലമൃത്യുവടഞ്ഞു. തിരുസ്സഭ "ഒരു മഹാപരാധം" എന്നു സംജ്ഞചെയ്ത ഈ നീചസമ്പ്രദായം ഇംഗ്ലീഷ്കാർ 1815-ല് മാത്രമാണ് അവസാനിപ്പിച്ചതു്.

സാമ്റാജ്യസ്ഥാപനം എന്നതിനേക്കാൾ ആത്മാക്കളുടെ നിത്യരക്ഷയാണ് കൊളംബസിനേയും അദ്ദേഹത്തെ ഉത്സാഹിപ്പിച്ച വൈദികരേയും, സഹായിച്ച സ്പെയിൻ രാജാവിനേയും, അമേരിക്ക കണ്ടുപിടിക്കുന്നതിനു പ്രേരിപ്പിച്ചതു്. അദ്ദേഹം രാജാവിൻെറ നാമത്തില് സ്വാധീനമാക്കിയ പശ്ചിമേന്ത്യാ ദ്വീപുകളിലേക്ക് പന്ത്രണ്ടു വൈദികരോടുകൂടി "ബർണാസുബോയില്" എന്ന മിഷ്യനറി കൊളംബസിൻെറ ദ്വിതീയ യാത്രയില് അനുഗമിച്ചു. എന്നാല് മിഷ്യനറിമാരുടേയും മാർപ്പാപ്പായുടേയും സ്പെയിൻ രാജാവിൻെറയും പ്രകടമായ അഗ്രഹത്തിനും ആജ്ഞയ്ക്കും വിരുദ്ധമായി കുടിയേറിപ്പാർത്തവർ പൂർവ്വ നിവാസികളോടനുവർത്തിച്ച നിഷ്ഠൂരമായ മർദ്ദന നയം വിജയികളുടെ മതത്തോടും അവർക്ക് അവജ്ഞ ജനിക്കുന്നതിനിടയാക്കി. തന്നിമിത്തം വേദപ്രചാരം സുകരമായിരുന്നില്ല. "ബത്തലോമ്യോ ലാസ്കാസ്സാസ്" എന്ന ഡൊമിനിക്കൻ സന്ന്യാസി അടിമകളുടെ ഉന്നമനത്തിനായി തീവ്രയത്നം ചെയ്യെങ്കിലും സ്വദേശീയരുടെ മുഗീയതില് നിരാശനാകുകയത്രെ ചെയ്തതു്. അദ്ദേഹത്തിൻെറ ജീവകാരുണ്യപ്രവർത്തനങ്ങൾ തെക്കെ അമേരിക്കൻ വൻകരയിലും സാധുക്കളായ തദ്ദേശവാസികൾക്ക് വളരെ ആശ്വാസം പ്രദാനംചെയ്തു.

1519-ല് ഹെർനാഡോ കോർട്ടസ് എന്ന സ്പാനിഷ് നേതാവ് മെക്സിക്കോ കീഴടക്കി. അവിടത്തെ നിവാസികൾ ബുദ്ധിമാന്മാരും സാമാന്യം പരിഷ്കൃതരും ആയിരുന്നെങ്കിലും വിചിത്രവും നിഷ്ഠുരാചാരസമ്പൂർണ്ണവുമായ ഒരു മതവിശ്വാസമാണവർക്കുണ്ടായിരുന്നതു്. അവർ സമരദേവതയ്ക്കു് നരബലിയർപ്പിക്കയും അങ്ങിനെ ഹിംസിക്കപ്പെടുന്നവരുടെ മാംസം ഭക്ഷിക്കയും ചെയ്തിരുന്നു. കോർട്ടസിൻെറ ക്ഷണാനുസരണം വാലൻഷ്യായിലെ ഫാദർ മാർട്ടിൻെറ നേതൃത്വത്തില് പന്ത്രണ്ടു ഫ്റാൻസിസ്കൻ മിഷ്യനറിമാർ അവിടെയെത്തി. ഏതാനും കൊല്ലങ്ങൾക്കകം അവിടത്തെ പൌരാണികമതവും അതിൻെറ ദുരാചാരങ്ങളും മറഞ്ഞു; ജനങ്ങൾ സത്യം അറിയുകയും വിജ്ഞാനത്തില് വദ്ധിക്കയും ചെയ്തു. 1512-ല് ഇരുനൂറ് ഫ്റാൻസിസ്കൻ മിഷ്യനറിമാരാണ് വന്നുചേർന്നതു്. അതിനു മുൻപുതന്നെ ഡൊമിനിക്കൻസും പിന്നീട് ഈശോസഭക്കാരും മതപ്രചരണത്തി

നായി ചെന്നു. ഒരു മുപ്പതുകൊല്ലംകൊണ്ട് ഫ്റാൻസിസ്കർതന്നെ പത്തു ലക്ഷത്തോളം പേൎക്ക് മാമ്മോദീസാ നല്കിയത്രേ!

“ദക്ഷിണ അമേരിക്കയില്” ബ്രസീല് ഒഴിച്ചു എല്ലാ ഭാഗങ്ങളും പല അവസരങ്ങളിലായി സ്പെയിൻകാർ തന്നെ കീഴടക്കി. ബ്രസീലാകട്ടെ ഒരു പോർട്ടുഗീസ് കോളനിയായിത്തീർന്നു. ഇവിടെയെല്ലാം ജനങ്ങളുടെ സ്ഥിതി മെക്സിക്കോയിലേക്കാൾ അത്ര വ്യത്യസ്തമല്ലായിരുന്നു താനും. ഫ്റാൻസിസ്കൻസ്, ഡൊമിനിക്കൻസ്, ഈശോസഭക്കാർ ഈ ക്രമത്തിനാണ് പലപ്പോഴും മിഷ്യനറിമാർ ഈ സ്ഥലങ്ങളിലെത്തിയത്. കുടിയേറിപ്പാർത്ത വിദേശികളുടെ ക്രൗര്യത്തില്നിന്നും സാധുക്കളായ പൂർവ്വനിവാസികളെ മിഷ്യനറിമാർ രക്ഷിച്ചതോടൊപ്പം അവരെ സത്യമതാവലംബികളാക്കുകയും ലൗകികവും ആദ്ധ്യാത്മികവുമായ ജ്ഞാനം അവൎക്കു നല്കുകയും ചെയ്തു. പരാഗ്വേ തുടങ്ങിയ തെക്കൻ ഭാഗങ്ങളില് വിദേശീയ ഭരണാധികാരികളില്നിന്നും നവീന ക്രിസ്ത്യാനികളെ രക്ഷിക്കുന്നതിനായി “റിഡക്ഷൻസ്” എന്നറിയപ്പെടുന്ന ഒരുതരം സമൂഹങ്ങൾ ഈശോസഭ, പ്രേഷകർ രൂപവത്കരിച്ചു. സ്പെയിൻ രാജാവിനാല് അംഗീകൃതമായ ഇവ മിഷ്യനറിമാരുടെ നേരിട്ടുള്ള സംരക്ഷണയിലായിരുന്നു. ഗയാനായിലെത്തിയ ആദ്യത്തെ രണ്ടു സംഘം പ്രേഷകരും ക്രൂരകൊലക്കു വിധേയരാകുകയത്രേ ചെയ്തതു്. ഹസീയിലെ അറുപതെട്ടു മിഷ്യനറിമാരെ 1570-ല് ഫ്രഞ്ചുകാരായ ഹ്യൂഗ്നോട്ട്സ് അറുകൊല ചെയ്തുകളഞ്ഞു. എന്നാല് ഈ നാശങ്ങളൊന്നും ന. കർത്താവിന്റെ ദൌത്യവാഹകരെ മന്ദീഭവിപ്പിച്ചില്ല. ദേവാലയങ്ങളും, ആശ്രമങ്ങളും, വിദ്യാലയങ്ങളും, സർവ്വകലാശാലകളും, ഗ്രന്ഥാലയങ്ങളും, ആശുപത്രികളും, പരിഷ്കൃതമായ പട്ടണങ്ങളും ഭൂഖണ്ഡത്തിന്റെ നാനാഭാഗത്തും ധാരാളമായി ഉദിച്ചുയർന്നു. വിസ്തൃതമായ ഭൂവിഭാഗം മുഴുവൻ ക്രിസ്റ്റീയമായി. ഈ മഹനീയ കൃത്യവിചാരത്തില് വാഴ്ത്തപ്പെട്ട “പീറ്റർ ക്ലാവർ,” “ജോസഫ് അൻകീററ,” “ഒർത്തേശാ” തുടങ്ങിയവരുടെ നാമങ്ങൾ അവിസ്മരണീയങ്ങളാണ്.

“വടക്കേ അമേരിക്കയില്” ആദ്യമായി കണ്ടുപിടിക്കപ്പെട്ട ഭൂവിഭാഗം ഫ്ളോറിഡയാണ്. അവിടം കൈവശപ്പെടുത്താൻ തിരിച്ചവരോടൊന്നിച്ചു തന്നെ ഫ്റാൻസിസ്കൻ മിഷ്യനറിമാരുമുണ്ടായിരുന്നു. എന്നാല് 1601-വരെ നടന്ന മാനസാന്തരശ്രമങ്ങളെല്ലാം തന്നെ പരാജയപ്പെടുകയത്രേ ചെയ്തതു്. പലപ്പോഴും പ്രേഷിതർ നിഷ്കരുണം വധിക്കപ്പെട്ടു. പതിനേഴാം ശതകത്തില് അഭിവൃദ്ധി പ്രാപിച്ചുവന്ന ഈ മിഷ്യൻരംഗം ഇംഗ്ലീഷുകാരുടെ കൈവശമായതോടെ, അതായതു് പതിനെട്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തില്, നാമാവശേഷമായിത്തീർന്നു. ഐക്യനാടുകളുടെ ഉൾപ്രദേശത്തും പശ്ചിമഭാഗങ്ങളിലും മിഷ്യനറിമാർക്കുണ്ടായ അനുഭവവും ഇതില്നിന്നും ഭിന്നമല്ലായിരുന്നു. ബാൽട്ടിമോർ പ്രഭു, സെസില് കാല്വാർട്ടിന്റെ സംരക്ഷണയാല് 1634-മുതല് മേരിലാൻഡു സംസ്ഥാനത്തു് വ്യാപിച്ച സത്യമതം തദ്ദേശവാസികളുടെ വർഗ്ഗസമ്രാട്ടിനേയും കുടുംബത്തേയുംപോലും മാനസാന്തരപ്പെടുത്തി. എന്നാല് 1645-ല് പ്യൂരിട്ടൺമാർ അവിടുത്തെ ഗവർണ്ണരെ നിഷ്കാസനം ചെയ്യുകയും മിഷ്യനറിമാരെ

ബന്ധനസ്ഥരാക്കുകയും ചെയ്തതോടെ ഈ സംരംഭം ശിഥിലമായി. പ്യൂരിട്ടൺ പ്രാബല്യം കടിയേറിപ്പാർത്ത കത്തോലിക്കരേയും വല്ലാതെ ഞെരുക്കി. വില്യം ത്രിതീയൻ വാഴ്ചയേററതോടെ അവരുടെ അവസ്ഥ തീർത്തും ശോചനീയമായിത്തീരുകയുംചെയ്തു. പ്രൊട്ടസ്റ്റാൻറുകാരായ ഇംഗ്ലീഷുകാർ കത്തോലിക്ക മിഷ്യനറിമാരോടനുവർത്തിച്ച കിരാതനയം ഹേതുവാല് രണ്ടാമത്തെ കൂട്ടരില് പലരും തടവുശിക്ഷയ്ക്കും മരണത്തിനും ഇരയായിത്തീരുകയും ഐക്യനാട്ടിലെ മതപ്രചാരണശ്രമം മിക്കവാറും വിഫലമാകുകയും ചെയ്തു. ഫ്റാൻസുകാർ 1534–ല് കൈവശപ്പെടുത്തിയ "ക്യാനഡാ"യിലെ പരിവർത്തനയത്നം താരതമ്യേന പ്രയാസം കുറഞ്ഞതായിരുന്നുവെന്നു പറയാം. ഫ്റാൻസിസ്കന്നും, ജസ്യൂട്ടും സഭാംഗങ്ങൾ വിജയപൂർവ്വം അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കേ 1629–ല് ഇംഗ്ലീഷ്കാർ ആ സ്ഥലം കൈവശപ്പെടുത്തി. മിഷ്യനു നേരിട്ട വിഘ്നം ഫ്റാൻസുകാർ സ്ഥലം വീണ്ടെടുത്തതോടെ പരിഹൃതമായി. ഡാനിയല് ജേകബിസ്, തുടങ്ങി അനിതരധരായ ഈ ശോസഭാവൈദികർ അജ്ഞാതങ്ങളായ ഉൾപ്രദേശങ്ങളിലേയ്ക്കു സധൈര്യം കടന്നു. ഹ്യൂറൺ ജാതിക്കാർ മുഴുവൻ സത്യമതാവലംബികളായിത്തീർന്നു. 1674–ല് ക്യൂബക്ക് ഒരു മെത്രാസനമായി ഉയർത്തപ്പെട്ടു. എന്നാല് ഇംഗ്ലീഷ്കാരാലും ഡച്ചുകാരാലും പ്രേരിതരായ "പഞ്ചവർഗ്ഗക്കാർ" അവരോട് നിരന്തര സമരത്തിലേർപ്പെട്ടുകയാല് അനേകം മിഷ്യനറിമാർ വേദസാക്ഷിമകുടം ചൂടുന്നതിനിടയായി. എന്നാല് തിരുസ്സഭയാകട്ടെ പതിവനുസരിച്ച് അവളെ ഉപദ്രവിച്ചവരെത്തന്നെ വിനാവിളംബം ഉത്സംഗത്തില് ചേർത്തു. ക്ലൊഡ് അലെയൂസ്, ഡാബ് ലൺ, മാർകപിറെറ എന്നീ വൈദികർ ദുഷ്പ്രവേശകങ്ങളായ പാശ്ചാത്യഭാഗങ്ങളിലേയ്ക്കു തള്ളിക്കയറി കിരാതരായ ഇൻഡ്യാൻവർഗ്ഗക്കായി പലേ മിഷ്യനുകളും സംസ്ഥാപിച്ചു. ഫാദർ മാർകപിറെറയാണ് സുപ്രസിദ്ധമായ മിസ്സിസ്സിപ്പിനദി കണ്ടുപിടിച്ചതു്.

ഇക്കാലത്തെ സർവ്വപ്രധാനമായ മിഷ്യൻപ്രവർത്തനം പാഷണ്ഡതകളാലും ശീശ്മകളാലും അനാഥരായിരുന്ന പൌരസ്ത്യക്രിസ്ത്യാനികളെ പുനരൈക്യപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളായിരുന്നു. "പൌരാണിക സഭക്കാർ" എന്നു സ്വയം സംബോധന ചെയ്തിരുന്ന ഗ്രീക്കശീശ്മക്കാർ ബാൾക്കൻ രാജ്യങ്ങളിലും, റഷ്യയിലും ടർക്കിസംസ്ഥാനത്തും വ്യാപിച്ചുമായി വസിച്ചിരുന്നു. റഷ്യൻസഭ കാലക്രമത്തില് കോൺസ്റ്റേൻറിനോപ്പിളിലെ 'സാർവ്വത്രികപാത്രിയർക്കീസിൻെറ അധികാരത്തില് നിന്നും സ്വതന്ത്രയായി തികച്ചും റഷ്യൻ രാഷ്ട്രത്തിൻെറ അടിമയായിത്തീരുകയത്രേ ചെയ്തതു്. മതപരിവർത്തനം, പ്രത്യേകിച്ച് കത്തോലിക്ക സഭയിലേയ്ക്കുള്ളതു് ഏററവും കഠിനമായ ശിക്ഷയ്ക്കു് റഷ്യാക്കാർ വിധേയമാക്കാതിരുന്നില്ല. പേർഷ്യയില് നെസ്തോറിയരും, സിറിയായില് യാക്കോബായക്കാരും ഈജിപ്തിലും അബിസീനിയായിലും ഏകസ്വഭാവവാദികളും പ്രബലരായിരുന്നു. പ്രോട്ടസ്റ്റൻറു നവീകരണത്തെ ഈ സഭകളെല്ലാം ഒരുപോലെ ശപിച്ചുവെന്നുള്ളതു് പ്രത്യേകം ശ്രദ്ധേയമാണ്.

വിവിധ വിഭാഗക്കാരായ കത്തോലിക്ക മിഷ്യനറിമാരുടെ നിസ്തുല്യ

യത്നംമൂലം, പത്രോസിനെ ഉപേക്ഷിച്ച ഈ ധൂൎത്തപുത്രന്മാർ ധാരാളമായി പിതാവിൻ പക്കലേയ്ക്കു തിരിച്ചുവന്നു. 1686-ല് ഗ്രീക്കപാത്രിയൎക്കീസായ അന്ത്യോക്യായിലെ അത്തനേഷ്യസിൻെറയും 1699-ല് റുമേനിയൻ മെത്രാനായ തിയോഫിലസ്സിൻെറയും പുനരൈക്യം ഈ പ്രത്യാഗമനത്തെ ത്വരിപ്പിച്ചു. 1881-ല് ലിയോ പതിമ്മൂന്നാമൻ മാൎപ്പാപ്പാ ഏഷ്യാമൈനറിലെ അൎമ്മേനിയൎക്കായി ഒരു മിഷ്യൻ സ്ഥാപിക്കയും, റോമില് അവൎക്കായി ഒരു വൈദികകലാലയം ഏൎപ്പെടുത്തുകയും ചെയ്തു. നെസ്തോറി 1892-ല് നെസ്തോറിയൻ പത്രിയൎക്കീസ്, മക്കീസ് ൟനം അന്നു പാഷണ്ഡതയിലവശേഷിച്ചിരുന്നവരോടുകൂടി തിരുസ്സഭയെ പുനസ്സ്വീകരിച്ചപ്പോൾ നെസ്തോറിയർ മിക്കവാറും നാമാവശേഷമായി. അബിസീനിയായിലാണ് പുനരൈക്യശ്രമം ഏററവും വിഷമകരമായതു്. ഇങ്ങനെ നാനാവിധ പാഷണ്ഡതകളുടെ അസ്ഥാനമായിരുന്ന പൌരസ്ത്യദേശത്തു് സത്യതിരുസ്സഭയ്ക്കു് പുനഃപ്രതിഷ്ഠ ലഭിച്ചു. പുനരൈക്യപ്പെട്ടവരുടെ ആചാരാദികളില് അത്യാവശ്യപ്പെട്ട വ്യതിയാനങ്ങൾ മാത്രമേ വരുത്തിയിട്ടുള്ളു. ഉദാഹരണമായി ഐക്യഗ്രീക്ക സഭയില് വിവാഹിതൎക്ക് വൈദികരായിരിക്കാൻ അനുവദിച്ചിട്ടുണ്ടു്. എന്നാല് അഞ്ചാം പട്ടം കഴിഞ്ഞു് വിവാഹം ചെയ്വാൻ പാടില്ലെന്നു തന്നെയല്ല വിവാഹിതരായ വൈദികൎക്ക് ഉയൎന്ന വൈദിക പദവികൾ കൊടുക്കാറുമില്ല.

ക്രിസ്തീയവിശ്വാസത്തിൻെറ ത്വരിതമായ ഈ സാൎവ്വലൌകിക പ്രചാരം പ്രഥമശതകങ്ങളിലേതുപോലെ തന്നെ അത്ഭുതാവഹമായിരുന്നു. ദിവ്യമായ ഒരു മതത്തിനല്ലാതെ താദൃശമായ ഒരു വ്യാപ്തി ലഭ്യമല്ല. മിഷ്യനറിമാർ അനുഭവിച്ച യാത്രക്ലേശങ്ങളും, അവരെ ബാധിച്ച മഹാവ്യാധികളും, ഹീനവൎഗ്ഗങ്ങളോടു സൌമ്യമായിക്കഴിയുന്നതിനു് അവർ സഹിച്ച ത്യാഗങ്ങളും എല്ലാം അവരുടെസേവനത്തിനു മാററു കൂട്ടുകയത്രേ ചെയ്യുന്നതു്.

## XXIII. ഫ്റഞ്ചുവിപ്ളവവും ആസന്നസംഭവങ്ങളും.

ത്രെന്തോസ് സൂനഹദോസും അനുബദ്ധ പ്രവൎത്തനങ്ങളുമായ "പ്രതിനവീകരണത്താ"ല്, അവരുടെ പാവനമായ വിശ്വാസത്തെ എതിൎക്കയും, സ്വത്തുക്കളെ കിരാതോചിതമായി നശിപ്പിക്കയും ചെയ്ത നവീകരണക്കാരെ തിരുസ്സഭ അസ്പൃശ്യരാക്കിത്തീൎത്തു. എങ്കിലും അവർ വിതച്ച നാശസ്ഫുലിംഗങ്ങൾ യഥാകാലം വളൎന്നു് യൂറോപ്പിനെ ആകമാനം, പ്രത്യേകം ഫ്റഞ്ചു സാമ്റാജ്യത്തെ, ദഹിപ്പിച്ച കുപ്രസിദ്ധമായ ഫ്റഞ്ചുവിപ്ലവദാവാനലമായി കത്തിക്കാളി. ഇതിൻെറ വളൎച്ചക്ക് സഹായകമായിത്തീൎന്ന ചില വിചിത്രാശയങ്ങളായിരുന്നു, രാഷ്ണലിസം, റീശലിസം, ജാൻസനിസം തുടങ്ങിയവ.

പതിനെട്ടാം ശതകത്തില് ചില യൂറോപ്യൻ രാജാക്കന്മാർ അവരുടെ രാജ്യത്തിലെ സഭാഭരണാധികാരം കൈവശപ്പെടുത്തുന്നതിനു ശ്രമിച്ചു. ഇവരില് പ്രമുഖൻ ഫ്രാൻസിലെ ലൂയി പതിന്നാലാമനായിരുന്നു.

അനാഥമായിരുന്ന രൂപതകളിലെ ആദായം എടുക്കുന്നതിനും, ചില സഭാനിയമങ്ങളിലും രാജാവിനുണ്ടായിരുന്ന അവകാശം അന്യായമായി അയാൾ വിപുലമാക്കി. ഫ്റഞ്ചുവൈദികരില് ഭൂരിപക്ഷവും രാജപക്ഷം പിടിച്ചുകൊണ്ട് 1682-ലെ ഒരു സമ്മേളനത്തില് "ഗാളിക്കൻസഭയുടെ സ്വാതന്ത്ര്യങ്ങൾ" എന്ന അഭിധാനത്തില് ഒരു പട്ടയം പാസ്സാക്കി. അന്നത്തെ മാർപ്പാപ്പായായിരുന്ന ഇന്നസെൻറു പതിനൊന്നാമൻ ഇതിനെ എതിർത്തു. ഇന്നസെൻറു പന്ത്രണ്ടാമൻെറ കാലത്ത് ഈ മത്സരം മിക്കവാറും അവസാനിക്കയും ചെയ്തു. കുറെക്കാലം കഴിഞ്ഞ് ആസ്ത്രിയൻ ചക്രവർത്തിയായ ജോസഫ് ദ്വിതീയൻ ഒരു സഭാസംസ്കരണ സംരംഭം തുടങ്ങി. സന്യാസാശ്രമങ്ങൾ അമർച്ചചെയ്തു; മാർപ്പാപ്പായുടെ തിരുവെഴുത്തുകളും, മെത്രാന്മാരുടെ ഇടയലേഖനങ്ങളും രാജകീയ പരിശോധനക്കു വിധേയമാക്കി. എന്തിനേറെ ദേവാലയങ്ങളില് ഉപയോഗിക്കേണ്ട പ്രതിമകളുടേയും, മെഴുകുതിരികളുടേയും എണ്ണംപോലും അയാൾ നിശ്ചയിക്കയുണ്ടായിയത്രേ! അദ്ദേഹത്തെ അനുകരിക്കാനും, ഫ്റാൻസിലെപ്പോലെ വൈദികർ കുറവല്ലായിരുന്നു. സമ്റാട്ടിൻെറ മനസ്സു നേർവഴിക്കു തിരിക്കാമെന്ന ആശയോടെ പീയൂസ് ആറാമൻ മാർപ്പാപ്പാ 1782-ല് വീയന്നായിലെഴുന്നെള്ളി; പക്ഷെ ഉദ്ദേശ്യം സാധിച്ചില്ല. എന്നാല് രാജ്യവാസികൾ ഇളകിവശായി, പലഭാഗത്തും വിപ്ലവമാരംഭിച്ചു; ജോസഫ് അധിമൂഢം 1790-ല് മരണമടഞ്ഞു. അദ്ദേഹത്തിൻെറ അനന്തരഗാമി സ്ഥിതിഗതികൾ ഏറെക്കുറെ ശാന്തമാക്കുകയും ചെയ്തു. ജർമ്മനി, ഇററലി മുതലായ സ്ഥലങ്ങളിലെ ചില മെത്രാന്മാരും ചക്രവർത്തിയുടെ നയത്തെ അനുകരിച്ചു. എങ്കിലും പ. പിതാവിൻെറ അചഞ്ചലമായ നില അവരെ പരാജിതരാക്കി. ഇങ്ങനെ സഭാധികാരത്തിനു 'അതിരു കുത്തു'ന്നതിനുള്ള ഒരു അനഭിലഷണീയമായ പ്രസക്തി ക്രിസ്തീയ ഭൂപതിമാർ പ്രദർശിപ്പിച്ചുപോന്നു.

ഇക്കാലഘട്ടത്തില് തന്നെയാണ് വിശ്വാസദീപകമായ മനുഷ്യബുദ്ധിക്ക് ഏററം അരോചകമായ റാഷണലിസം ഉദ്ഭൂതമായത്. ഇതിൻെറ പ്രണേതാക്കൾ മനുഷ്യബുദ്ധിക്കതീതമായ എല്ലാസത്യങ്ങളേയും, ദുരാശകളേ നിയന്ത്രിച്ച ദിവ്യപ്രമാണങ്ങളേയും നിഷേധിച്ചു. "താത്വികസംശയ" (Philosophic donbt) ത്തിൻെറ ജനയിതാവ് "പിയരെ ബായില്" എന്നൊരു കാല്‌വിൻ മതാനുയായിയാണത്രേ. ഏതായാലും ഈ പ്രസ്ഥാനം അതിൻെറ നിഷ്കൃഷ്ടരൂപം കൈക്കൊണ്ടത് ഇംഗ്ലണ്ടിലാണ്. അവിടെ "ജോൺലോക്ക്" എന്ന ശാസ്ത്രജ്ഞൻ, പദാർത്ഥജ്ഞാനനിഷ്ഠമായ മനുഷ്യബുദ്ധിക്ക് അരൂപമായ ആത്മാവിനെയും, ദൈവത്തേയും ഗ്രഹിക്കുവാൻ സാധിക്കയില്ലെന്നു പഠിപ്പിച്ചു. ഹോബ്ബസ്, ഡേവിഡ്ഹ്യൂം, ബോളിംഗ്ബ്രോക്ക് തുടങ്ങിയ "സ്വതന്ത്രചിന്തക"ന്മാരുടെ അഭിപ്രായവും ഇതുതന്നെയായിരുന്നു. മനസ്സിൻെറ സ്വാതന്ത്ര്യം സന്മാർഗ്ഗനിയമങ്ങൾ, നീതിതത്വങ്ങൾ ദൈവാസ്തിക്യം, ആത്മാവിൻെറ അനശ്വരത്വം എന്നിങ്ങനെ അവിഷ്ഠിതവും, സ്വാഭാവികവുമായ വിശ്വാസതത്വങ്ങളെല്ലാം അവർ ചോദ്യം ചെയ്തു. ദിദറോട്ട്, ഡി അലംബർട്ട്, വോൾട്ടയർ, റൂസ്സോ, ഡിഹോൾലോക്ക് മുതലായവർ ഫ്റാൻസിലും, വുൾഫ്, ഇമ്മാനുവല്‌കാൻറ് തു

ടങ്ങിയവർ ജർമ്മനിയിലും തലതിരിഞ്ഞ ഈ സ്വാതന്ത്ര്യചിന്താപ്രസ്ഥാനം പ്രചരിപ്പിച്ചു. വോൾട്ടയർ 1758-ല് പറകയുണ്ടായി. "ഒരിരുപതു കൊല്ലം കൂടി, അപ്പോൾ ഈശ്വരൻറകാര്യം കുഴപ്പത്തിലാകും!" അയാൾ ദൈവത്തിനു നിശ്ചയിച്ച അവധിക്കുതന്നെ വോൾട്ടയർ മൃത്യുവക്ത്രത്തിലകപ്പെട്ടു. റൂസ്സോയാകട്ടെ ആത്മഹത്യയും ചെയ്തു!

ഫ്രീമേസൺറി എന്ന സംജ്ഞയില് റാഷലിണസം 1717-ല് ലണ്ടനില് സ്ഥാപിതമായി. പ. പിതാവ് ക്ലമൻറു പന്ത്രണ്ടാമൻ 1738-ല് അതിനെ ശപിച്ചു. സഭയെ രാജ്യത്തിൻറ അടിമയാക്കുന്നതിനും, സ്വാതന്ത്ര്യത്തിൻറ പേരില് അവരെ മർദ്ദിക്കുന്നതിനും, അവൾക്കുപകരം മനുഷ്യസാഹോദര്യത്തില് മാത്രം അധിഷ്ഠിതമായ പ്രകൃതിമതത്തെ രംഗപ്രവേശം ചെയ്യിക്കുന്നതിനുമാണ് അവർ യത്നിച്ചത്. കർദ്ദിനാൾ "മെല്ക്കിയോർ", "അരബെഗിനി" ചെറാഡൺ നോൺനോട്ട് മുതലായ കത്തോലിക്കാപണ്ഡിതന്മാർ നവ്യാബദ്ധങ്ങളുടെ ചെമ്പുതെളിയിക്കയും സത്യത്തെ സംരക്ഷിക്കയും ചെയ്യാതിരുന്നില്ല. എങ്കിലും ഫ്രീമേസൺ സംഘങ്ങൾ അവിടവിടെ വ്യാപിച്ച് വിപ്ലവബീജം വിതറുകതന്നെ ചെയ്തു. ഇന്നും അവർ ആ കുത്സിതനയം തുടർന്നുകൊണ്ടേയിരിക്കുന്നു.

സ്വാതന്ത്ര്യചിന്താവാദികളുടെ നീചപ്രസ്ഥാനങ്ങൾക്കു വിലങ്ങടിച്ചു നിന്നത് സുശക്തമായ ഈശോസഭയായിരുന്നു. യുവജന വിദ്യാഭ്യാസപ്രവർത്തകർ പ്രഭുക്കളുടെ കുമ്പസാരക്കാർ, തുടങ്ങിയ നിലകളില് ജനസാമാന്യത്തിൻറയിടയില് അവർക്കുണ്ടായിരുന്ന സ്വാധീനശക്തി നിസ്തുലമത്രേ. സുഖലോലുപന്മാരായ ബൂർബർ രാജാക്കന്മാരുടെ ഫ്രീമേസൺ ഉദ്യോഗസ്ഥരാണ് സഭയെ അമർച്ച ചെയ്യുന്നതിന് ബദ്ധകങ്കണരായത്. ഈശോസഭക്കാർ രാജ്യത്തിനും രാജാവിനും എതിരായി ദ്രോഹാലോചന ചെയ്യുന്നെന്നും മററുമുള്ള വ്യാജങ്ങൾ അവരവരുടെ രാജാക്കന്മാരെ ധരിപ്പിക്കയും, ലഘുലേഖകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നതില് ഈ മന്ത്രിമാർ അത്യുത്സാഹം പ്രദർശിപ്പിച്ചു. തത്ഫലമായി പോർട്ടുഗല്, ഫ്രാൻസ്, സ്പെയിൻ, നേപ്പിൾസ് തുടങ്ങിയ രാജ്യങ്ങളില് സഭാംഗങ്ങളെ ബഹിഷ്കരിക്കയോ തടവിലാക്കുകയോ ചെയ്തു; അവരുടെ വസ്തുവകകൾ കണ്ടുകെട്ടി. (1659-67.) പതിമ്മൂന്നാം ക്ലമൻറു മാർപ്പാപ്പായുടെ സുദൃഢമായ പ്രതിഷേധസ്വരം വെറും വനരോദനമായി പരിണമിച്ചു. രാജാക്കന്മാരുടെ നിർബ്ബന്ധം കാരണം പ്രസ്തുത സഭയെ അമർച്ച ചെയ്യായ്കയാല് അവർ ശ്ലൈഹികരാജ്യത്തെ ആക്രമിക്കയും, പ. പിതാവിനെ പലവിധത്തില് ഉപദ്രവിക്കുകയുംപോലുംചെയ്തു. ശോകാവേശത്താല് മാർപ്പാപ്പാ മരണമടഞ്ഞു. അദ്ദേഹത്തിൻറ പിൻഗാമിയായ ക്ലമൻറു പതിന്നാലമൻ ശീശ്മത്തെ ഭയന്ന് 1,773-ലെ ഒരു തിരുവെഴുത്തുമൂലം ഈശോസഭയെ അമർച്ചചെയ്തു. 22000-ത്തോളമുണ്ടായിരുന്ന തദംഗങ്ങൾ പ. പിതാവിനു പരിപൂർണ്ണ വിധേയരായി അന്യസഭകളെയും, രൂപതാ വൈദികസംഘങ്ങളേയും ശരണം ഗമിച്ചു. ഈ അവസരത്തിലും പ്രഷ്യയിലെ ഫ്രഡറിക്ക് ദ്വിതീയൻ, റഷ്യയിലെ കാതറയിൻ ചക്രവർത്തിനി എന്നീ അകത്തോലിക്കാ സാമ്രാട്ടുകൾ അവരുടെ രാജ്യങ്ങളില് ഉത്തമമായ ഈ സഭയെ പ്രോ-

ത്സാഹിപ്പിക്കയത്രേ ചെയ്തതു്!! നാല്പത്തൊന്നു വത്സരങ്ങൾക്കു ശേഷം പീയൂസ് സപ്തമൻ തിരുമനസ്സുകൊണ്ടു് ഈശോസഭയെ പുനരുദ്ധരിക്കുകയും തത്സഭാംഗങ്ങൾ പൂർവ്വാധികം തീക്ഷ്ണതയോടെ തിരുസ്സഭാസേവനം അനുഷ്ഠിച്ചു തുടങ്ങുകയും ചെയ്തു.

നവീന സിദ്ധാന്തങ്ങളുടെ പ്രചാരം ഹേതുവാല് അവിശ്വാസവും അസന്മാർഗ്ഗികത്വവും ഫ്റഞ്ചു ജനതയുടെ ഇടയില് വിളയാടി. അരാജകത്വമനഃസ്ഥിതി സർവ്വത്ര വ്യാപിച്ചു. അങ്ങിനെ ഫ്റഞ്ചുവിപ്ലവത്തിൻെറ ഗർഭഗ്രഹങ്ങൾ ഫ്റിമേസൺ സങ്കേതങ്ങളായിരുന്നുവെന്നുള്ളതു് നിസ്തർക്കമത്രേ! കത്തോലിക്കാ വിശ്വാസത്തെ പറിച്ചെറിഞ്ഞു് ദൈവരഹിതമായ റാഷണലിസം സ്ഥാപിക്കാനാണ് അവർ യത്നിച്ചതു്. ഫ്റഞ്ചുവിപ്ലവത്തിനു അടുത്തു മുൻപുള്ള രാഷ്ട്രീയവും മതാത്മകവും ആയ സ്ഥിതി വിപ്ലവകാരികൾ പറയുന്നത്ര വഷളല്ലായിരുന്നു. ലെയോ ദശമനും ഫ്റാൻസുരാജാവായ ഫ്റാൻസിസ് പ്രഥമനും തമ്മില് 1516-ലുണ്ടായ കൊൺകർഡാത്തിൻപ്രകാരം മെത്രാന്മാരെ രാജാവു് നിയമിക്കയും പ. പിതാക്കന്മാർ അതംഗീകരിച്ചു് അധികാരദാനം ചെയ്കയുമത്രേ ചെയ്തിരുന്നതു്. അങ്ങിനെയുണ്ടായ പ്രഭുവംശജരായ മെത്രാന്മാരും, മദ്ധ്യവർഗ്ഗക്കാരായ വൈദികസഞ്ചയവും മിക്കവാറും അവരവരുടെ മഹനീയകൃത്യനിർവ്വഹണത്തില് തീഷ്ണതന്മാരും പലരും നല്ല പണ്ഡിതന്മാരുമായിരുന്നു. നികുതിദാനത്തില്നിന്നും ഒഴിവാക്കപ്പെട്ടിരുന്ന വൈദികമണ്ഡലം ഭരണക്കൂട്ടത്തിലേക്കു് "സ്വാതന്ത്ര്യദാനം" നല്കിപ്പോന്നു. അന്നത്തെ സാക്ഷരതാശതമാനം തൊണ്ണൂറില് കൂടുതലായിരുന്നുവെന്നറിയുമ്പോൾ ജനസാമാന്യത്തിൻെറ വിദ്യാഭ്യാസസ്ഥിതി അനുമേയമാണല്ലോ.

വിപ്ലവത്തിൻെറ ആസന്നകാരണങ്ങൾ അമേരിക്കൻ യുദ്ധംമൂലം രാജ്യത്തിലുണ്ടായ നിർദ്ധനാവസ്ഥയും, കരംപിരിവിൻെറ അസമത്വവും, ഭരണനിർവ്വഹണത്തില് അവകാശം ലഭിക്കുന്നതിനു് സാമാന്യജനങ്ങൾക്കുണ്ടായ അഭിവാഞ്ഛയുമാണ്. നികുതിയുടെ ഭൂരിഭാഗവും കൊടുത്തതു "മദ്ധ്യവർഗ്ഗക്കാരും സാധുക്കളായ കൃഷീവലരുമായിരുന്നെങ്കിലും ഗവമ്മെൻറിലെ വിവിധ തുറകളിലും, സഭയിലെ ഉന്നതസ്ഥാനങ്ങളിലും ഉദ്യോഗങ്ങളെല്ലാം പ്രഭുക്കൾക്കായിരുന്നു. വൈദികർ "സ്വതന്ത്രദാന"ങ്ങൾ കൊടുത്തിരുന്നെങ്കിലും പ്രഭുക്കൾ തുച്ഛമായ ആദായനികുതി മാത്രമാണു നല്കിയിരുന്നതു്. ഈ അസമത്വവും അവശതയും സാധുക്കളെ വല്ലാതെ സ്പർശിച്ചു. അങ്ങിനെയിരിക്കെ ഒന്നരശതാബ്ദത്തിലധികമായി സമ്മേളിക്കാതിരുന്ന "രാഷ്ട്രീയസമ്മേളനം" ലൂയി പതിനാറാമൻ 1789-ല് വേഴ്സേയില് വിളിച്ചുകൂട്ടി. വിവിധ വിഭാഗങ്ങളെ പ്രതിനിധീകരിച്ചു് അവിടെ സന്നിഹിതരായിരുന്ന 1200 സാമാജികന്മാരില് പകുതിയും സാമാന്യവർഗ്ഗക്കാരായിരുന്നു. അവരോടൊന്നിച്ചിരിക്കാൻ ഉന്നതസ്ഥാനീയർ വൈമനസ്യം പ്രദർശിപ്പിക്കയാല് "നാഷണല് അസംബ്ളി"യെന്നപേരില് അവർ ഒരു സ്വതന്ത്രസംഘടനയുണ്ടാക്കുകയും രാഷ്ട്രത്തിനും സഭയ്ക്കും എതിരായി അധികാരം കൈക്കലാക്കുകയും ചെയ്തു. ഇടവക വൈദികരില് പലരും അവരുടെ ന്യായമായ വാദങ്ങളെ അനുകൂലിച്ചെങ്കിലും

വൈദികാധികാരികളോട് നിർഭാഗ്യവശാല് അവർ ആലോചിക്കയുണ്ടായില്ല. വിനാവിളംബം പുതിയ സംഘം വിപ്ലവകക്ഷിക്കാരായ ജേക്കോബിൻസു മുതലായവരുടെ പിടിയിലായി. മതത്യാഗിയായ "ടാല്ലിറാൻഡു" മെത്രാൻ, "മിരാബോ, ട്രെയില്ലാർഡു"തുടങ്ങിയ കുപ്രസിദ്ധ നേതാക്കന്മാർ അവരെ നയിച്ചു.

ഫ്രഞ്ചു വൈദികർ അവരുടെ സംരക്ഷണത്തിനു ഗവമ്മെൻറിൽനിന്നും നല്കിവന്ന ദശാംശം ക്ഷാമമോചനത്തിനായി ത്യജിച്ചെങ്കിലും, സഭാസ്വത്തുക്കൾ കണ്ടുകെട്ടുകയും, വൈദികരെ ഗവമ്മെൻറില്നിന്നും നിയമിക്കുന്നതിനു മുതിരുകയും ചെയ്തു. ഇങ്ങനെ ഫ്രാൻസിലെ 136 രൂപതകൾ 83 ആയി കുറഞ്ഞു; റോമൻബന്ധം വിടർത്തപ്പെട്ടു. പുതിയ ഭരണക്രമത്തോടു വിധേയത്വ പ്രതിജ്ഞ ചെയ്വാൻ നിർബന്ധരായ മെത്രാന്മാരും, വൈദിക സംഘവും നിർഭയം അനീചോദ്യമത്തെ എതിർത്തു. നാലു മെത്രാന്മാരും ഏതാനും വൈദികരും മാത്രമാണ് അവക്കു കീഴടങ്ങിയതു്. തന്നിമിത്തം ദാരുണമായ ഒരു പീഡനമാരംഭിച്ചു. അനേകായിരം വൈദികർ രാജ്യഭ്രഷ്ടരായി. ചിലർ നിഷ്ഠുരണം വധിക്കപ്പെട്ടു. സന്യാസ സഭകളെ ഉന്മൂലനം ചെയ്കയും അവരുടെ ആശ്രമങ്ങളെ കവന്നു നശിപ്പിക്കയും ചെയ്തു; ദേവാലയങ്ങൾ പലതും തകർന്നു; സാധുസംരക്ഷണാലയങ്ങൾ തുടങ്ങിയ പൊതു സ്ഥാപനങ്ങൾ ഗതസമ്പന്നങ്ങളായി.

വിപ്ലവത്തെ എതിർത്തു് ലേഖനങ്ങളയച്ച പ. പിതാവിനോടു പ്രതീകാരമായി അദ്ദേഹത്തിൻെറ വകയായി അവിഞ്ഞോണും, വെനെസ്സിനും അവർ കീഴടക്കി. ഫ്രാൻസ് ഒരു ജനാധിപത്യമായി പ്രഖ്യാപിതമായിക്കഴിഞ്ഞു. രാജാവും രാജ്ഞിയും കുടുംബാംഗങ്ങളും കഴവിലിടപ്പെട്ടു. കുമാരനായ ലൂയി 17–ാമൻ പാറാവിൽകിടന്നു് നരകിച്ചു മരിച്ചു. ക്രിസ്തുമതവും ദൈവ വിശ്വാസവും പരിത്യക്തമായിട്ടു്, "സമത്വം. സഹോദര്യം, സ്വാതന്ത്ര്യം" ഇവയായി ഫ്രഞ്ചു ജനതയുടെ ദേവതകൾ, ഇവയുടെ പേരില് നടന്ന കൊലപാതകങ്ങൾക്കു് കണക്കില്ല. വ്യഭിചാരിണിയായ ഒരു സ്ത്രീ "ബുദ്ധിദേവതയായി അഭിനയിച്ചു് നോട്ടർഡേയി, ദേവാലയത്തില് നടന്ന ഒരു മഹോത്സവത്തോടുകൂടിയാണു് പുതിയമതം സമാരംഭിച്ചതു്. "റോബെസ്പീയരെ"യുടെ കീഴില് "ഭയങ്കരതയുടെ ഭരണം" ആരംഭിച്ചു. ക്രിസ്തുമതത്തേയും രാജത്വത്തേയും നിശ്ശേഷം നിർമ്മാജ്ജനം ചെയ്യുന്നതിനു് 44 ആയിരം വിപ്ലവ കമ്മററികളും അത്രയും തൂക്കുമരങ്ങളും സംസ്ഥാപിതമായി!! വൈദികരുടേയും വിശ്വാസികളുടേയും, രാജാവിൻെറയും പ്രജകളുടെയും, പുരുഷന്മാരുടെയും, സ്ത്രീകളുടെയും, വൃദ്ധന്മാരുടെയും ശിശുക്കളുടേയും രക്തം കൂടികലന്നു് പ്രവഹിച്ചു; ഫ്രാൻസ് അതില് മുങ്ങി ആഴ്ന്നു. വെൻഡിയില് തന്നെ 9 ലക്ഷം ആളുകൾ വധിക്കപ്പെട്ടതില് 15000 സ്ത്രീകളും, 22000 കുട്ടികളുമായിരുന്നു. ലോയറിൽ 4000 പേരെ വെള്ളത്തില് താഴ്ത്തിക്കൊന്നുകളഞ്ഞു. കൂട്ടക്കൊലയും യുദ്ധവുംകൊണ്ടു് 20 ലക്ഷത്തില് പരം ജനങ്ങൾ മരണമടഞ്ഞുവെന്നാണു് പറയുന്നതു്!! എലിസബത്തിൻെറ കാലത്തെ ഇംഗ്ലണ്ടിലെന്നപോലെ ശത്രു ഖഡ്ഗങ്ങൾക്കി

രഢാകാത്ത വൈദികർ ഒളിവില് ദിവ്യപൂജയൎപ്പിക്കയും, അചഞ്ചലരായി നിന്ന വിശ്വാസികൾക്ക് ആത്മികാവശ്യങ്ങൾ സാധിച്ചുകൊടുക്കയും ചെയ്തു; അല്മായർപോലും ചിലപ്പോൾ വി. കുർബാന വിതരണം ചെയ്യേണ്ടിവന്നു. അനേകം വൈദികരും അവരുടെ അജഗണങ്ങളും അന്യരാജ്യങ്ങളിലഭയംതേടി. ജോർജ്ജ് ത്രിതീയൻെറ ഇംഗ്ലണ്ടില് അവൎക്ക് ഉദാരമായ സ്വീകരണമാണുണ്ടായത്.

വിപ്ലവം ഫ്റാൻസിൻെറ സീമകളെ അതിലംഘിക്കതന്നെ ചെയ്തു. 1796 ഉത്തരേററലി പിടിച്ച ഫ്റഞ്ചുസൈന്യം നശീകരണോദ്യമത്തെ ശപിച്ചുകൊണ്ടുള്ള തിരുവെഴുത്തുകൾ പിൻവലിക്കാൻ വിസമ്മതിച്ച വയോവൃദ്ധൻ പീയൂസ് ആറാമൻ മാർപ്പാപ്പായെ 1798ല് ബന്ധിച്ചുകൊണ്ടുപോരുകയും, അദ്ദേഹത്തിൻെറ രാജ്യത്തെ ജനാധിപത്യമായി പ്രഖ്യാപിക്കയുംചെയ്തു. അടുത്തകൊല്ലം തിരുമേനി മരണം പ്രാപിച്ചു. ഒരു "ഗാലിക്കൻ ഷിസ്മസഭ" സ്ഥാപിക്കാൻ ആജ്ഞപൂരായ വൈദികർ അശരണരെങ്കിലും വീണ്ടും വീഴ്ച്ചത്തോടെ എതിർത്തു. പീയൂസിൻെറ മരണത്തോടെ പാപ്പാധിപത്യം അവസാനിച്ചു എന്നു ശത്രുക്കൾ ഉദ്ഘോഷിക്കാതിരുന്നില്ല. എന്നാല് ആസ്ത്രിയൻ സംരക്ഷണയില് വേനിസില് കൂടിയ കർദ്ദിനാൾ തിരുസ്സംഘം 1800 മാർച്ചില് പീയൂസ് സപ്തമനെ സഭാതലവനായി തിരഞ്ഞെടുത്തു. ജയഘോഷങ്ങൾക്കു മദ്ധ്യേ അദ്ദേഹം റോമില് പ്രവേശിക്കയും ചെയ്തു.

അവിശ്വാസത്താലും നിമ്മതത്വത്താലും അവശരായപ്പോൾ രക്തപ്രവാഹംമാത്രം ദർശിച്ച ഫ്റഞ്ചു ജനത പ്രിയംകരമായ മതത്തിനുവേണ്ടി തീവ്രമായി കൊതിച്ചു. മതരഹിതമായ ജനതയെ ഭരിക്കുന്നതു് വിഷമമെന്നു കണ്ട ഒന്നാം കോൺസുൾ, നെപ്പോളിയൻ, 1801-ല് മാർപ്പാപ്പായുമായി ഒരു "കൊൺകർദാ"ത്തിലേർപ്പെട്ടു. അങ്ങിനെ പതിനൊന്നു കൊല്ലങ്ങൾക്കു ശേഷം അറുപതു രൂപതകളോടുകൂടി സ്വതന്ത്രമായ കത്തോലിക്കാസഭ പ്രവൎത്തനമാരംഭിച്ചു. വിപ്ലവമരുഭൂമിയില് നിന്നും സമാധാന ശാദ്വലരംഗത്തേയ്ക്കു വൈദികാജപാലകന്മാരാല് അനീതരായ ജനതാമേഷയൂഥം സംതൃപ്തമായി. എന്നാല് പ. പിതാവിൻെറ അറിവോ സമ്മതമോ കൂടാതെ കൊൺകർദാത്തു ചട്ടങ്ങളോടു അനുബന്ധിച്ച "ഓർഗാനിക്കു നിയമങ്ങൾ" മുഖാന്തരം സഭയെ അന്യായമായി നിയന്ത്രിച്ചതു് നെപ്പോളിയൻെറ ചതിപ്രയോഗമായിരുന്നു.

1804-ല് ചക്രവൎത്തിയായി പ്രഖ്യാപിതനായ നെപ്പോളിയൻെറ കിരീടധാരണാവസരത്തില് കാൎമ്മികനായിരുന്നതു് മാർപ്പാപ്പായാണ്. നിസ്തുല സമരവിജയങ്ങളാല് അനുഗൃഹീതനായി സാമ്രാട്ട് പടിപടിയായി ഉയൎന്നു. സ്വസഹോദരൻെറ വിവാഹം അസാധുവാക്കുക, റോമൻ തുറമുഖങ്ങളില് ബ്രിട്ടീഷുകാരെ പ്രവേശിപ്പിക്കാതിരിക്കുക, വൈദിക ബ്രഹ്മചൎയ്യം നിറുത്തലാക്കുക, സന്യാസസഭകൾ അമർച്ച ചെയ്യുക മുതലായി അനീതിപരമായ സ്വപ്രമേയങ്ങളെ മാർപ്പാപ്പാ തൃണവദ് ഗണിച്ചതുനിമിത്തം അദ്ദേഹത്തിൻെറ രാജ്യം കീഴടക്കുന്നതിന് 1809-ല് നെപ്പോളിയൻ ഉത്തരവിട്ടു. ചക്രവൎത്തിയേയും സഹപ്രവൎത്തകരേയും മഹറോൻ ചൊല്ലു

ന്ന കല്പനയായിരുന്നു ഇതിനു പ. പിതാവുകൊടുത്ത മറുപടി. തന്നിമിത്തം അറസ്റ്റു ചെയ്യപ്പെട്ട തിരുമേനി 1809-മുതല് 14 വരെ കക്കശമായ ബന്ധനത്തിനു വിധേയനായി. കര്ദ്ദിനാളന്മാരില് പലര്ക്കും ഇതുതന്നെയായിരുന്നു ലഭിച്ച സമ്മാനം. നെപ്പോളിയന്റെ ഭാഗ്യനക്ഷത്രം താഴ്ന്നു തുടങ്ങി. മോസ്കോയിലെയും ലിപ്സിക്കിലെയും പരാജയങ്ങള് നിമിത്തം പ. പിതാവിനെ തടവിലിട്ടിരുന്ന ഫോണ്ടെയിന്ബ്ളൂ കൊട്ടാരത്തില് വെച്ചുതന്നെ, അദ്ദേഹത്തിന്റെ മോചനത്തിനുശേഷം വെറും രണ്ടുമാസം കഴിഞ്ഞപ്പോള്, സ്ഥാനത്യാഗം ചെയ്യുന്നതിന് നെപ്പോളിയന് നിര്ബന്ധനായി. വാട്ടര്ലോ സമരാനന്തരം സെന്റു ഹെലനാ ദ്വീപിലേയ്ക്കു ഭ്രഷ്ടനായ നെപ്പോളിയന് 1821-ല് സഭൈക്യത്തില്തന്നെ മാതൃകാപരമായി മരണമടഞ്ഞു.

വീയന്നാ സന്ധിയനുസരിച്ച് മാര്പ്പാപ്പായ്ക്കു 1815-ല് സ്വരാജ്യം മിക്കവാറും തിരിയെ ലഭിച്ചു. ഫ്രാന്സിലെ രാജാവായിത്തീര്ന്ന ലൂയി പതിനെട്ടാമനുമായി 1817-ല് ചെയ്ത ഒരു പുതിയ കോണ്കര്ദത്തുപ്രകാരം സഭയ്ക്കു വീണ്ടും സ്വാതന്ത്ര്യമുടിക്കയും 47 രൂപതകള്കൂടി ഉണ്ടാക്കുകയും ചെയ്തു. ഈ ദേശസഭയുടെ പുനഃസ്ഥാപനമായിരുന്നു ഈ പ. പിതാവ് സ്വാതന്ത്ര്യലബ്ധിക്കുശേഷം ചെയ്ത പ്രഥമകൃത്യങ്ങളിലൊന്ന്. പിയൂസിന്റെ പിന്ഗാമികള്, പ്രത്യേകിച്ചും, ഗ്രഗരി പതിനാറാമനും പിയൂസ് നവമനും പല രാഷ്ട്രങ്ങളുമായി ബന്ധത്തിലേര്പ്പെട്ട് സമാധാനം കൈവരുത്തി. ഗ്രഗരി സ്വന്തരാജ്യത്തെ ഭരണനിര്വ്വഹണത്തില് വളരെ പരിഷ്കാരങ്ങള് വരുത്തുകയും, പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കയും ചെയ്തു. അടിമവ്യാപാരത്തിനെതിരായി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ലേഖനം രാജകീയ ശാസനങ്ങളെക്കാള് ഫലവത്തായി ഭവിച്ചു.

ജനാധിപത്യ മനഃസ്ഥിതി വര്ദ്ധമാനമായി വരുന്ന കാലമായിരുന്നു അത്. സഭാശത്രുക്കള്ക്ക് പുതിയ പ്രസ്ഥാനത്തില് മുന്കൈയുണ്ടായിരുന്നതാനും. അതിനാല് 1846-ല് സിംഹാസനസ്ഥനായ ഉടനെ പിയൂസ് നവമന് രാജ്യഭരണനിര്വ്വഹണ വിഷയത്തില് പ്രജകള്ക്ക് ഉദാരമായ പല ഭാഗഭാഗിത്വവും നല്കിയെങ്കിലും മസ്സീനിയുടേയും ഗാരിബാല്ഡിയുടേയും നേതൃത്വത്തില് വിപ്ലവകാരികള് അദ്ദേഹത്തിന്റെ മന്ത്രിയായ റോസി പ്രഭുവിനെ കൊല്ലുകയും വത്തിക്കാന് പിടിക്കയും അത്രേ ചെയ്തത്. തിരുമനസ്സുകൊണ്ട് ഗേയ്റ്റായിലേയ്ക്ക് ഓടി രക്ഷനേടേണ്ടി വന്നു. വിനാവിളംബം ഫ്രഞ്ച് അസ്ട്രിയന് സേനകളാല് വിപ്ലവകാരികള് പരാജിതരായതോടെ 1850-ല് പ. പിതാവിനു രാജ്യം പുനര്ലഭിച്ചു; ഫ്രാന്സ് അവളുടെ പ്രശസ്തമായ പാരമ്പര്യം പരിപാലിക്കയും ചെയ്തു. എന്നാല് 1859-ല് പാപ്പാ രാഷ്ട്രത്തിന്റെ അഞ്ചില് നാലു ഭാഗം സര്ഡീനിയന് രാജ്യത്തില് ചേര്ക്കപ്പെടുകയാല് പ. പിതാവിനു സ്വന്തമായി ശേഷിച്ചതു "പത്രോസിന്റെ പത്രമേനി"മാത്രമായിരുന്നു. കൊല്ലങ്ങള്ക്കുശേഷം വിക്റ്റര് എമ്മാനുവല് രാജാവ് ഇതും പിടിച്ചടക്കുകയും റോമിനെ ഐക്യ ഇററലിയുടെ തലസ്ഥാനമാക്കുകയും ചെയ്തു.

അന്നുമുതല് "സംരക്ഷണ നിയമങ്ങൾ" (Law of Guarantees) മുഖേന മാർപ്പാപ്പായ്ക്കു നല്കാമെന്നു ഇറ്റാലിയൻ ഗവണ്മെൻറ് വാഗ്ദാനംചെയ്തു ധനത്തെ നിരസിച്ചുകൊണ്ടു്, 1929-ല് ലാറ്ററൻ സഖ്യത്താല് 'വത്തിക്കാൻ രാഷ്ട്രം', സ്വതന്ത്രമാകുന്നതുവരെ പ. പിതാക്കന്മാർ വത്തിക്കാനിലെ തടവുകാരായിക്കഴിയുകയാണുണ്ടായതു്. റഷ്യയിലെ മതമർദ്ദനം ഒൻപതാം പീയൂസിൻെറ വേറൊരു ഹൃദയശല്യമായിരുന്നു.

പീയൂസ് നവമൻെറ സുദീർഘമായ ഭരണകാലത്തു്, രാഷ്ട്രീയമായ ഇൻഗ്ലശ കലാപങ്ങൾക്കിടയിലും, സഭാസംബന്ധമായ സുപ്രധാനമായ അനേക സംഭവങ്ങളുണ്ടായിട്ടുണ്ടു്. അദ്ദേഹം ഇംഗ്ലണ്ടിലേയും ഹോളണ്ടിലേയും ഹൈരാർക്കികളും ജറൂസലമിലെ ലത്തീൻ പാത്രിയർക്കാസിംഹാസനവും പുനസ്ഥാപിച്ചതുകൂടാതെ ഗോവാഛിദ്മത്തിനു അന്തംവരുത്തുകയും അമേരിക്കൻ ഐക്യനാടുകളില് തന്നെ 30 പുതിയ രൂപതകളേർപ്പെടുത്തുകയും ചെയ്തു. ലോകമാകെ അദ്ദേഹം ഏർപ്പെടുത്തിയ രൂപതകളുടെ എണ്ണം 150 തോളമാണു്. നമ്മുടെ ഇന്ത്യയില് തന്നെ 12 പുതിയ വികാരിയാത്തുകൾ അവിടുന്നേർപ്പെടുത്തി. കർദ്ദിനാൾ തിരുസ്സംഘത്തിലേക്കു മുൻവാഴ്ചക്കാർ ആരെയുംകാൾ കൂടുതല് അംഗങ്ങളെ പീയൂസ് സ്വീകരിച്ചു്, പുതിയരാജ്യങ്ങൾക്കു് അതില് പ്രാതിനിദ്ധ്യം നല്കി.

1854 ഡിസംബർ 8-ാംതീയതി ഇരുനൂറില്പരം മെത്രാന്മാരുടെ സാന്നിദ്ധ്യത്തില് പ. കന്യകയുടെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തു. കൃത്യം പത്തുകൊല്ലം കഴിഞ്ഞപ്പോൾ അവിടുന്നു പ്രസിദ്ധപ്പെടുത്തിയ "ക്വാന്താക്യൂറാ" എന്ന തിരുവെഴുത്തോടനുബന്ധിച്ചുള്ള "പ്രമാദങ്ങളുടെ പട്ടികയില്" ലിബറലിസം, ഗാളിക്കാനിസം തുടങ്ങി അന്നു നിലവിലിരുന്ന അബദ്ധങ്ങളെ ശപിക്കുകയുണ്ടായി. 1862-ല് ജാപ്പനീസ് രക്തസാക്ഷികളെ സിദ്ധരാക്കിയ അവസരത്തിലും, അപ്പസ്തോല പ്രധാനികളുടെ രക്തസാക്ഷിത്വത്തിൻെറ പതിനെട്ടാം ശതാബ്ദപൂർത്തി 1867-ല് ഘോഷിച്ചപ്പോഴും ശതക്കണക്കിനു് കത്തോലിക്കാ മെത്രാന്മാർ റോമിലെത്തി സഭാതലവൻെറ നേർക്കുള്ള ഭക്ത്യാദരവുകൾ പ്രകടിപ്പിച്ചു. ഇത്തരം അതുല ഭാഗ്യം അധികംപേർക്കു ലഭിച്ചിട്ടില്ല.

1859 ഡിസംബർ 8-ാം തീയതി എഴുനൂറോളം പിതാക്കന്മാരുടെ സാന്നിദ്ധ്യത്തോടുകൂടി വത്തിക്കാൻ ബസ്സിലിക്കായില് സമാരംഭിച്ച തിരുസ്സഭയുടെ "ഇരുപതാമത്തെ പൊതുസൂനഹദോസാണു" ഒൻപതാം പീയൂസിൻെറ പ്രവർത്തനങ്ങൾക്കു മകുടം ചാർത്തിയതു്. പൌരസ്ത്യ ഛിദ്മക്കാരും, പ്രോട്ടസ്റ്റൻറുകാരും; മററു അകത്തോലിക്കരും ഇതിലേയ്ക്കു ക്ഷണിക്കപ്പെട്ടെങ്കിലും ഇദംപ്രഥമമായി യാതൊരു ഗവർമ്മേണ്ടിൽനിന്നും സമ്മേളനത്തില് സ്ഥാനം നല്കിയില്ല. സൂനഹദോസിൻെറ തീരുമാനങ്ങളില് സർവ്വപ്രധാനമായതു് വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ചുള്ള ഔദ്യോഗിക പ്രഖ്യാപനങ്ങളില് മാർപ്പാപ്പായ്ക്കുള്ള അപ്രമാദിത്വ ത

ത്വമായിരുന്നു. ഫ്റാങ്കോ പ്രഷ്യൻയുദ്ധം പൊട്ടിപ്പുറപ്പെട്ടതുകൊണ്ട് 1870 ഒക്ടോബറില് സൂനഹദോസ് അനിശ്ചിതമായി നിറുത്തിവെച്ചു.

ഒൻപതാം പിയൂസിനെത്തുടർന്ന് മഹാനായ പതിമൂന്നാം ലെയോ മാർപ്പാപ്പാ തിരുസിംഹാസനം പ്രാപിച്ചു. 1878 മുതല് 25 വത്സരത്തേക്കു നീണ്ടുനിന്ന അദ്ദേഹത്തിന്റെ ഭരണകാലം സംഭവബഹുലമായിരുന്നു. മിക്കവാറും എല്ലാം രാജ്യങ്ങളുമായി നയതന്ത്രബന്ധത്തിലേർപ്പെട്ടകയാല് സഭാപ്രവർത്തനങ്ങൾക്ക് അവിടങ്ങളില് കൂടുതല് സ്വാതന്ത്ര്യമുണ്ടായി. തിരുമനസ്സിലെ ചാക്രികലേഖനങ്ങൾ കലുഷമായിരുന്ന സാമുദായ വ്യവസ്ഥിതിയുടെ ക്രമീകരണത്തിന് മാർഗ്ഗദർശകങ്ങളായിരുന്നു. തൊഴിലാളിപ്പട്ടയമെന്നു പ്രസിദ്ധമായ "റേരും നൊവാരും," വിവാഹബന്ധം രാഷ്ട്രാധികാരം തുടങ്ങിയവയെപ്പററിയുള്ള ലേഖനങ്ങൾ ഇവ പ്രധാനങ്ങളത്രേ. അടിമവ്യാപാരം നിറുത്തല്ചെയ്യുന്നതിനുള്ള തിരുമേനിയുടെ ശ്രമങ്ങൾ വിശ്രുതങ്ങളാണ്.

മഹാനായ ലെയോ 250-ല്പരം രൂപതകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലായി സൃഷ്ടിച്ചു. 1886-ല് ഇന്ത്യൻഹൈരാർക്കി വികസിപ്പിക്കുകയും പത്തുകൊല്ലത്തിനുശേഷം കേരളീയർക്കു നാട്ടുമെത്രാന്മാരെ പ്രദാനം ചെയ്യുകയും ചെയ്തു. ഏതദ്ദേശീയ വൈദികരുടെ സംഖ്യയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി അദ്ദേഹം സ്ഥാപിച്ച കാണ്ടി അപ്പസ്തോലിക്ക സെമിനാരിയുടെ കാര്യവും സ്മരണീയംതന്നെ. സ്കോട്ട്ലണ്ടിലെ ഹൈരാർക്കി പുനഃസ്ഥാപിച്ചതും ബോസ്നിയായിലും ഈജിപ്തിലും അവ അനുവദിച്ചതും മററാരുമല്ല. പൌരസ്ത്യരായി ഏകസ്വഭാവവാദികളാദിയായ പാഷണ്ഡികളുടെ മാനസാന്തരാർത്ഥം അദ്ദേഹം ചെയ്ത ശ്രമം വിജയകരമായിരുന്നെങ്കിലും ആംഗ്ലേയരുടെ പുനരൈക്യത്തിനുവേണ്ടിയുള്ള യത്നം വിഫലമാകുകയത്രേ ചെയ്തത്. ആംഗലേയ പ്രൊട്ടസ്റ്റൻറുകാരുടെ വൈദികത്വം അസാധുവാണെന്ന് 1896-ല് നിഷ്കൃഷ്ടമായ പരിശോധനയ്ക്കുശേഷം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു.

വിശ്വാസികളുടെ ആന്തരീകജീവിതോന്നമനത്തിന് ഭക്തസംഘങ്ങളെ പ്രോത്സാഹിപ്പിക്കയും, സന്യാസസഭകൾക്ക് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തു. 1899-ജൂൺ 11-ാം തീയതി തിരുസ്സഭയെ മുഴുവൻ മിശിഹായുടെ ദിവ്യഹൃദയത്തിനു പ്രതിഷ്ഠിച്ചു. വൈദികവിദ്യാഭ്യാസ പരിഷ്കരണം, അനേകം കോളജുകളുടെ സ്ഥാപനം, വത്തിക്കാൻ പുരാണരേഖാസഞ്ചയത്തിന്റെ പൊതുജനോപകാരാർത്ഥമുള്ള ഉദ്ഘാടനം, വേദപുസ്തകപാരായണാസക്തി വർദ്ധിപ്പിക്കുന്നതിനായുള്ള ബൈബിൾ കമ്മീഷന്റെ സമാരംഭം മുതലായവ തിരുമനസ്സിലെ വിജ്ഞാനതൃഷ്ണയെ അത്രേ വിളിച്ചറിയിക്കുന്നത്.

സർവ്വലോക സമാരാധ്യനായിരുന്ന തിരുമേനിയുടെ, വൈദികസ്ഥാനലബ്ധിയുടേയും, മെത്രാഭിഷേകത്തിന്റെയും സുവർണ്ണജൂബിലികൾ ഘോഷിച്ച അവസരങ്ങളില് അനേകം രാജാക്കന്മാരും ചക്രവർത്തിമാരും അങ്ങെ അനുമോദിച്ച് പാരിതോഷികങ്ങൾ അയയ്ക്കുകയും അവിടുത്തെ സ

മാനം ആദരപൂർവ്വം സ്വീകരിക്കുകയും ചെയ്തു. ജർമ്മൻ, ബ്രിട്ടീഷ ചക്രവർത്തിമാർ പലപ്പോഴും അദ്ദേഹത്തെ വന്നു സന്ദർശിക്കുകയുണ്ടായി എന്നുള്ളത് സാധാരണ സംഭവമല്ലല്ലോ. അക്കാലത്തെ ഏററവും സമർത്ഥനായ രാജ്യതന്ത്രജ്ഞനും, ദീർഘദൃഷ്ടിയായ ഭരണാധിപനും ആയിരുന്ന തിരുമേനി 1903-ല് ദിവംഗതനായി.

## XXIV. ശാസ്ത്രീയവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധി.

പതിനെട്ടും പത്തൊൻപതും ശതകങ്ങൾ കലകളുടേയും ശാസ്ത്രങ്ങളുടേയും അഭിവൃദ്ധിക്ക് പ്രത്യേകിച്ചും പ്രസിദ്ധമാണല്ലോ. ഈ പ്രശസ്തിക്ക് കത്തോലിക്കാസഭയും അവളുടെ ഭാഗം സവിശേഷം നിർവ്വഹിക്കതന്നെ ചെയ്തു. ഈശോസഭക്കാരനായ "സെക്കി" പാരമ്പര്യ ശാസ്ത്രവിശാരദനായ മെൻഡല് മുതലായവർ കോപ്പർനിക്കസിൻെറയും, ഗലിലയോയുടേയും പ്രശസ്ത പാരമ്പര്യത്തെ ഭൗതികശാസ്ത്രങ്ങളില് പരിപാലിച്ചു. പതിനാറാം ശതകത്തിൻെറ ഉത്തരാർദ്ധത്തില് ജീവിച്ചിരുന്ന ഗലിലയോ അന്നുവരെ വിശ്വസിച്ചിരുന്നതിനെതിരായി ഭൂമി സൂര്യനെ ചുററുകയാണു ചെയ്യുന്നത്, എന്നു സിദ്ധാന്തിച്ചു. ഏകദേശം ഒരു ശതാബ്ദം മുൻപ് ഒരു കത്തോലിക്കാ വൈദികനായിരുന്ന കോപ്പർനിക്കസ് ഇതേ അഭിപ്രായംതന്നെ പുറപ്പെടുവിച്ചിരുന്നു. ഗലിലേയോയ്ക്കു സ്വാഭിപ്രായം സംശയാതീതമായി തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിലും അതു മററുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കാൻ അയാൾ തീവ്രയത്നം ചെയ്തു. അന്ന് സാദ്ധ്യമായ ഒരു അഭ്യൂഹം മാത്രമായിരുന്നു അതു. അതിനാല് റോമിലെ പണ്ഡിതസംഘം ഗലിലേയോയുടെ സംരംഭം കുററകരമാണെന്നു വിധിച്ചു. ഉർബൻ അഷ്ടമൻ മാർപ്പാപ്പാ പറയുന്നതുപോലെ ഗലിലേയോ സിദ്ധാന്തം പാഷണ്ഡികമല്ലായിരുന്നു. പ്രത്യുത അക്കാലസ്ഥിതിക്ക് അപായകമായിരുന്നു. വിദ്യുച്ഛക്തി വിഷയകമായി വലിയ കണ്ടുപിടിത്തങ്ങൾ നടത്തിയിട്ടുള്ള അംപിയർ, വോൾട്ട്; റേഡിയോയുടെ ഉപജ്ഞാതാവായ മാർക്കോണി എന്നിവരുടേയും പേരുകൾ വിസ്മരണീയങ്ങളല്ല. തത്വശാസ്ത്രം, ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, തുടങ്ങിയവക്ക് അത്ഭുതപൂർവ്വമായ നവോന്മേഷം കൈവരുത്തിയതു പതിമൂന്നാം ലെയോയുടെ ഒരു വിശ്വലേഖനമാണ്. ഇടക്കാലത്ത് "സ്കൊളാസ്റ്റിക്ക" പ്രസ്ഥാനത്തോടുണ്ടായ അവജ്ഞയെ പരിഹരിക്കുന്നതിനു അതു പര്യാപ്തമായി. ആദ്ധ്യാത്മശാസ്ത്രവിചാരത്തില് വി. അല്ഫോൻസു ലിഗോരിയുടെ നാമം സർവ്വപ്രധാനമെന്നു പറയാനേ ഇവിടെ നിവൃത്തിയുള്ളൂ. സഭാസാഹിത്യത്തില് ചരിത്രശാഖ തഴച്ചുവളർന്നെങ്കിലും വേദപുസ്തകപഠനത്തില് കാമ്യമായ അഭിവൃദ്ധിയുണ്ടായില്ല. ബനഡിക്ടൻ സന്യാസിയായ "കാല്മെററി"ൻെറ "ബൈബിൾ നിഘണ്ഡുവും," വേദപുസ്തക വ്യാഖ്യാനവും, "ഫാദർ ഫാബറിൻെറ" ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും, മാർഷലിൻെറ "ക്രിസ്തീയ മിഷ്യൻ"സും, "മൻത്" "ഡ

ബ്ളിൻ റിവ്യൂ" "കാതലിക് വേൾഡ്", "അമേരിക്കൻ എക്ലസ്യാസ്റ്റിക്കല് റിവ്യൂ" തുടങ്ങി ഇംഗ്ലണ്ടിലും അമേരിക്കയിലും ഉണ്ടായ മാസികഗ്രന്ഥങ്ങളും കത്തോലിക്കസാഹിത്യ സമ്പത്തുകളത്രേ.

വിവിധ തുറകളില് വിഖ്യാതി നേടിയ മഹാന്മാർ അനവധിയാണ്. ഫ്റാൻസിലെ മൊന്താലംബർട്ട്, വ്യുയിലോട്ട്, ഓസ്സാനാം; ജർമ്മനിയിലെ ഗ്രേററസ്, കൊററിലർ വിൻത്രോസ്റ്റ; ഇംഗ്ലീഷ് കർദ്ദിനാളന്മാരായ ന്യൂമാൻ, വൈസ്മാൻ, മാനിംഗ്; ഡോണോസോ കോർതെസ്, ഫാദർ ബാംസ് എന്നീ സ്പെയിൻകാർ; ബല്ജിയത്തിലെ ഡെഷാംപ്സ്, മെർസിയർ; അമേരിക്കയിലെ കാരോൾ, ഇംഗ്ലണ്ട്; സ്മാൾഡിംഗ് എന്നീ മെത്രാന്മാർ, ഇക്വഡോർ പ്രസിഡൻറു ഗ്രസ്യാ മൊറേനോ; ഇവരുടെ നാമങ്ങളെങ്കിലും നാം കേട്ടിരിക്കേണ്ടതാണ്.

രാഷ്ട്രാധിപതികളുടെ മർദ്ദനങ്ങൾ നിരന്തരവിധേയങ്ങളായിരുന്നു. പഴയ സന്യാസസഭകൾ പത്തൊൻപതാം ശതകത്തിൻെറ അന്ത്യഘട്ടം മുതല് സ്വതന്ത്രമായി തഴച്ചുവളന്നു. 1940-ല് ഈശോസഭയില് തന്നെ 26000 അംഗങ്ങളാണുണ്ടായിരുന്നതു്. ക്രിസ്റ്റീയ വിദ്യാഭ്യാസം, ഉപവി, മിഷ്യൻസ് ഇവയുടെ പുരോഗമനാർത്ഥം അവസാനശതകങ്ങളില് സംസ്ഥാപിതമായ സന്യാസസഭകൾ അസംഖ്യങ്ങളത്രേ. സിസ്റ്റേർഷ്യൻ സഭാശാഖയായ "ട്രപ്പിസ്ററു"സഭ, പാഷനിസ്ററു, റിഡംറ്റോറിസ്ററ്, സാൽവറ്റോറിസ്ററ്, സഭകൾ തിരുരക്തത്തിൻെറയും, വി. കുരിശിൻെറയും സംഘങ്ങൾ, സലേഷ്യൻസഭ, മുതലായ വൈദികസഭകളും, "അമലോത്ഭവമാതാവിൻെറ സഹോദരങ്ങൾ" "ഉപവിയുടെ സഹോദരങ്ങൾ", "വി. സേവ്യറിൻെറ സഹോദരങ്ങൾ" തുടങ്ങിയ ഭ്രാതൃസമൂഹങ്ങളും പുരുഷന്മാർക്കായുള്ള സന്യാസസഭകളില് ഏതാനും മാത്രമാണ്. വി യൗസേപ്പിൻെറയും, നല്ലയിടയൻെറയും സഹോദരികൾ, പ്രസൻറേഷൻ സന്യാസിനികൾ, തിരുഹൃദയ കന്യാസ്ത്രീകൾ, നോട്ടർഡെയിം സഹോദരികൾ, സാധുക്കളുടെ ചെറുഭഗിനികൾ, മറിയത്തിൻെറ ഉപദേശിനികൾ, എന്നിങ്ങനെ സന്യാസിനീ സമൂഹങ്ങളെ നാമനിർദ്ദേശം ചെയ്യ തുടങ്ങിയാല് അനേകമാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കുമായി സമാരബ്ധമായിട്ടുള്ള വിവിധ മിഷ്യൻ സഭകൾ ഇക്കാലത്തെ ഒരു പ്രത്യേകതയത്രേ. ഉത്തരീയ, കൊന്തസഭകൾ, മറിയത്തിൻെറ അമലോത്ഭവസഭ തുടങ്ങി വിശ്വാസികൾക്കായുള്ള ഭക്തസംഘടനകളും വളരെയുണ്ടായിട്ടുണ്ട്.

സഭാസ്ഥാപകരുടേയും, തദംഗങ്ങളുടേയും മററു വിശ്വാസികളുടേയും ഇടയില്നിന്ന് സിദ്ധമകുടം ചൂടിയവരും കുറച്ചൊന്നുമല്ല. ലെയോ ൧൩-ാമനും അദ്ദേഹത്തിൻെറ അടുത്ത മുൻവാഴ്ചക്കാരും തന്നെ പലേതവണകളിലായി അനേകം സ്ത്രീപുരുഷന്മാർക്ക് പുണ്യപട്ടം നല്കിയിട്ടുണ്ട്. വി. പീററർ ക്ലാവർ, കുരിശിൻെറ വി. യൗസേപ്പും, വി. പൌലോസും, വി. വേരോനിക്കാ ഗ്യൂലിയാനി, വി. അല്ഫോൻസ് ലിഗോരി, വി. ക്ലമൻറു ഹോഫ്ബർ, അർസ്സുവികാരിയായ വി. ജോൺവിയാനി, ഡോൺബോസ്കോ,

വി. ബെസ്സർദീത്താ, വി. കൊച്ചുത്രേസ്യാ, വി. ജൂലിയാ ബില്യാർട്ട്, വി. സോഫിയാ ബാററ്, ഉഗാൻഡായിലേയും ചൈനായിലേയും, ഇംഗ്ലണ്ടിലേയു രക്തസാക്ഷികൾ ആദിയായവർ വിശ്വാസികളുടെ വണക്കത്തിനായി ആധുനികകാലത്തു് നിർദ്ദേശിക്കപ്പെട്ടവരാണ്.

എല്ലാക്കാലത്തുമെന്നപോലെ ചില പാഷാണ്ഡതകളോടും സഭ നേരിടേണ്ടിവന്നു. മുൻപുണ്ടായിട്ടുള്ളവയേപ്പോലെ തന്നെ അക്രമപരങ്ങളല്ലായിരുന്നെങ്കിലും ഇവയില് ചിലതു് അത്യന്തം വിനാശകരങ്ങളായിരുന്നു. അധികാരവിദ്വേഷവും, മതനിഷ്ക്രിയതയും വ്യാപിപ്പിച്ചതാണ് അതിനു കാരണം. നിത്യസമ്മാനാകാംക്ഷയോ ശിക്ഷാഭയമോ കൂടാതെ നിഷ്കാമമായ ദൈവസ്നേഹത്തോടെ, വ്യാപാരവിമുക്തമായി ദിവ്യപ്രേരണകൾക്ക വിധേയമായിരിക്കയാണ് ക്രിസ്തീയ പരിപൂർണ്ണത എന്നു "മൈക്കൾ മൊലിനോസ്" പഠിപ്പിച്ചു. "ശാന്തമതം" (Quietism) എന്നറിയപ്പെട്ടുന്ന ഇതു 1685-ല് ശപ്തമായി. തത്കർത്താവും അദ്ദേഹത്തെ അനുകൂലിച്ച ഫെനലൺ മുതലായവരും പ്രമാദംപിൻവലിച്ചു് തിരുസ്സഭയുടെ ഐക്യത്തില് തന്നെ മരണമടഞ്ഞു. മാർപ്പാപ്പായുടെ അപ്രമാദിത്വപ്രഖ്യാപനത്തെ എതിർത്ത ജർമ്മൻകാരൻ ഡോ. ഡോള്ളിങ്ങർ തുടങ്ങിയവർ "പഴയകത്തോലിക്കർ" എന്നൊരു ഛിദ്മസംഘം സ്ഥാപിച്ചു. ഇതുപോലുള്ളവ മററു ചിലടത്തുമുണ്ടാകാതിരുന്നില്ല. മതകാര്യങ്ങളില് സ്വതന്ത്രവിധിക്ക് ഓരോരുത്തനും അവകാശമുണ്ടെന്നു പഠിപ്പിച്ച പ്രോട്ടസ്റ്റൻറുമതം അസംഖ്യം ഉപവിഭാഗങ്ങളായി തിരിഞ്ഞതില് വിസ്മയിപ്പാനില്ലല്ലൊ. ഇവയില് "ഭക്തമതക്കാർ" (Pietists), ക്വേക്കേഴ്സ്, മെത്തോഡിസ്റ്റ്സ് മുതലായവരാണ് പ്രധാനികൾ.

പ്രോട്ടസ്റ്റൻറു നവീകരണജന്യമായ വിപ്ലവമനസ്ഥിതി ഫ്റഞ്ചുവിപ്ലവത്തിലൂടെ പ്രവൃദ്ധമായിവന്നു. സാമുദായം, രാഷ്ട്രം, വ്യവസായം, തുടങ്ങിയ എല്ലാ രംഗങ്ങളിലും ലിബറലിസം, സ്വാതന്ത്ര്യവാദം ശക്തിപ്പെട്ടു. ഇതു "മോഡേണിസ"ത്തിനു വഴിയും തെളിച്ചു. വിശ്വാസത്തിലെ ക്രിസ്തു ചരിത്രത്തിലെ ക്രിസ്തുവല്ലെന്നും, തിരുസ്സഭ അദ്ദേഹം നേരിട്ടു സ്ഥാപിച്ചതല്ല പ്രത്യുത അദ്ദേഹത്തിൻെറ പ്രബോധനങ്ങളില് നിന്നും കാലക്രമാല് രൂപവത്കൃതമാണെന്നും അത്രേ ഈ സിദ്ധാന്തക്കാരുടെ മതം. "എല്ലാ പാഷാണ്ഡതയുടേയും ഈ സംമിശ്രരൂപത്തെ" "പാസേന്തിഗ്രേച്ചിസ്" എന്ന തിരുവെഴുത്തുമൂലം പത്താംപീയൂസ് മാർപ്പാപ്പാ അടിച്ചുളച്ചു. ഇതുപോലെതന്നെ വഴിപിഴച്ച വ്യാവസായിക വിപ്ലവം മുതലാളികളും തൊഴിലാളികളുമെന്നു് വിരുദ്ധമായ രണ്ടു കക്ഷികളെ ഉത്പാദിപ്പിക്കയും, ഭൂരിപക്ഷക്കാരും നിർദ്ധനരുമായ തൊഴിലാളികളുടെ വിപ്ലവങ്ങൾ സോഷ്യലിസത്തിനും, പിന്നീട് കമ്മ്യൂണിസത്തിനും നിദാനമാകുകയും ചെയ്തു. കാൾമാർക്സ്, ഫ്റഡറിക്ക ഇംഗിൽസ് എന്നിവരാണു കമ്മ്യൂണിസ പ്രണേതാക്കൾ. ലെയോ പതിമൂന്നാമൻ, വോൺ കെറ്റിലർ, ഫ്റഡറിക്ക ഒസ്സാനാം തുടങ്ങിയവർ ഈ നശീകരണപ്രസ്ഥാനങ്ങൾക്കെതിരായുള്ള കത്തോലിക്ക യത്നങ്ങളുടെ നേതൃത്വം വഹിച്ചു.

അവക്കശേഷവും സഭാനാഥന്മാർ ഈ മഹാവ്യാധിയെ അകററിനിറുത്തുന്നതിനു ശ്രമിച്ചുകൊണ്ടാണിരിക്കുന്നതു.

## XXV. സഭയുടെ ഇന്നത്തെ നില.

അവസാനത്തെ മൂന്നു ശതകങ്ങളിലെ സഭയുടെ അഭിവൃദ്ധിയും തത്ഫലമായ ഇന്നത്തെ സ്ഥിതിയുമാണ് ഇനിയും നമ്മുടെ ചർച്ചാവിഷയമാകേണ്ടതു്. അന്ധകാരശക്തികൾ ക്രൂരതല് താന്ത്രികമാർഗ്ഗങ്ങളിലൂടെ സഭയെ എതിർക്കുന്നു. പരിഷ്കാരത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും പേരില് അക്രമങ്ങൾ നടമാടുകയും ചെയ്യുന്നു.

വിപ്ലവാനന്തരം, ദുർബലമായ ബൂർബൺ ഭരണകാലത്തു് ചില വ്യവസ്ഥകൾക്കു വിധേയമായി ഫ്റഞ്ചുസഭ മിക്കവാറും സ്വാതന്ത്ര്യമനുഭവിച്ചുവരവേ 1830-ലെ ദ്വിതീയ വിപ്ലവവും തത്ഫലമായി മതരഹിതരായ ലിബറലുകൾക്കുണ്ടായ ശക്തിവർദ്ധനവും മൂലം അവർ വളരെ ഞെരുങ്ങുകതന്നെ ചെയ്തു. ഫ്റാംകോ ജർമ്മൻ യുദ്ധാനന്തരം ഫ്റാൻസ് ഒരു ജനാധിപത്യമായിത്തീർന്നു. ചില പ്രസിഡന്മാർ തിരുസ്സഭയോടു അനുകൂലമുള്ളവരല്ലാതിരുന്നതിനാല് അവൾക്കു് വിദ്യാഭ്യാസരംഗത്തും മററും പല അവശതകളും അനുഭവിക്കേണ്ടിവന്നു. നിരീശ്വരമായ ഭരണകൂടം ഭരണീയരെ മതാത്മകമായി അപഥത്തിലേയ്ക്കു നയിച്ചു. ഫ്റാൻസ് അവളുടെ രാഷ്ട്രീയവും മാനസികവുമായ ഔന്നത്യങ്ങൾ തിരുസ്സഭയോടുള്ള നിരന്തര ശത്രുതയാല് നശിപ്പിച്ചു. ഭ്രൂണഹത്യാ ജനനനിരോധനം തുടങ്ങിയ അബദ്ധ പ്രസ്ഥാനങ്ങൾ ഫ്റാൻസില് നടമാടി. അവിവേകത്തിൻെറയും അഹങ്കാരത്തിൻെറയും ദുരന്തഫലം ഈ സമരത്തില് ഫ്റാൻസ് വേണ്ടവിധം അറിയുകയും ചെയ്തു. ഏതായാലും ഫ്റാഞ്ചുജനത അവരുടെ മഹനീയ പാരമ്പര്യം പരിപാലിക്കുമെന്നു തന്നെ പ്രത്യാശിക്കാം.

സ്പെയിനിലാകട്ടെ, ഫ്റഞ്ചുനുകത്തില് നിന്നും വിമുക്തയായി ദീർഘനിശ്വാസംചെയ്യുന്നതിനുള്ള സമയം ലഭിക്കുന്നതിനു മുൻപുതന്നെ, "സ്വതന്ത്രകക്ഷികൾ" എന്നറിയപ്പെട്ട വിപ്ലവകാരികളില് നിന്നും സഭാമാതാവു് പീഡകൾ സഹിക്കുവാൻ തുടങ്ങി. പ. പിതാവു് ഗ്രിഗറി പതിനാറാമൻെറ ആഗ്രഹാനുസരണം സ്പാനിഷ് സഭയ്ക്കുവേണ്ടി കത്തോലിക്കാലോകം പ്രത്യേകം പ്രാർത്ഥനകളർപ്പിച്ചു; അല്പമായ ആശ്വാസം അവർക്കു ലഭിക്കുകയുംചെയ്തു. വിമതമായ ഒരു ഭരണകൂടത്തിൻെറ കുനയങ്ങളുടെ ഫലമായി ക്രിസ്റ്റീയർ ജനറല് ഫ്റാങ്കോയുടെ കീഴില് ഈ അടുത്തകാലത്തു് (1936-38) ആയുധമെടുത്തു് വിജയംനേടിയ സംഗതി നാം തന്നെ കേട്ടിട്ടുണ്ടല്ലോ. വൈദികരും വിശ്വാസികളും ആയിരക്കണക്കിനു് രക്തസാക്ഷികളുടെ പട്ടികയില് അന്നു സ്ഥലം പിടിച്ചു. പോർട്ടുഗലിലും ഭരണാധികാരം ക്രമേണ ഫ്റിമേസൺകാരുടെ കയ്യിലായിത്തീരുകയാല് അവർ കൂദാശകൾ കൊടുക്കുന്നതിനുപോലും ഗവണ്മെൻറനുവാദംവേണ

മെന്നു തീരുമാനിച്ചത്രേ. വൈദികരെയാകട്ടെ ഗവണ്മെൻറാണു നിയമിച്ചതു്. എന്നാല് പോർട്ടുഗീസ് കത്തോലിക്കരുടെ എതിർപ്പുമൂലം ഗവണ്മെൻറു് പ. സിംഹാസനവുമായി ഉടമ്പടിയിലേർപ്പെടേണ്ടിവന്നു. ഇന്നാകട്ടെ പോർട്ടുഗീസ് ഗവണ്മെൻറു് കത്തോലിക്കമാണ്; ഡോ. സലാസറിൻെറ ഭരണത്തണലില് സഭ നവോന്മേഷത്തോടെ പുരോഗമിക്കുകയും ചെയ്യുന്നു.

വിയന്നാ കോൺഗ്രസ് തീരുമാനമനുസരിച്ച് ഡച്ചുനവീകരണ ഗവണ്മെൻറിനു വിധേയമായ ബെല്ജിയം ക്രമേണ സ്വതന്ത്രയായതോടെ കത്തോലിക്കാസഭ അവിടെ അനുഭവിച്ച അസ്വതന്ത്രതകളും പരിഹൃതങ്ങളായി. ബെല്ജിയം തികച്ചും ഒരു കത്തോലിക്ക രാജ്യമാണ്. ആധുനിക യുദ്ധത്തില് രക്തസാക്ഷിത്വമനുഭവിച്ച ഒരു രാജ്യമത്രേ അതു്. നാസികളുടെ ചാരവൃത്തിയും സ്വേച്ഛാപ്രഭുത്വവും കത്തോലിക്ക വൈദികരെ വളരെ അധികം ക്ലേശിപ്പിക്കുന്നുണ്ടു്. ബെല്ജിയത്തിൻെറ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഹോളണ്ടിലും കത്തോലിക്കാസഭയ്ക്കു് ഗണനീയമായ അഭിവൃദ്ധിയുണ്ടായി; 1853 ഹൈരാർക്കി പുനഃസ്ഥാപിതമാകയുംചെയ്തു. കത്തോലിക്ക മതത്തിലേയ്ക്കുള്ള പരിവർത്തനം രാജ്യഭ്രംശത്തിനു മതിയായ ഒരു മഹാപാതകമായി ഗണിച്ചിരുന്ന ഡെൻമാർക്ക്, സ്കാൻഡുനേവിയാ മുതലായ ഉത്തരദേശങ്ങളിലും സഭ അവളുടെ ശക്തിയെ പുനഃസ്ഥാപിച്ചുകൊണ്ടു് പുരോഗമിക്കയത്രേ ചെയ്യുന്നതു്.

ജോസഫിസത്തിൻെറ ദംഷ്ട്രകളേററു പിടഞ്ഞ ആസ്ത്രീയൻ സഭ ഫ്രാൻസിസ് ദ്വിതീയൻെറ കാലത്തു് ഏതാണ്ടു് ആശ്വാസമനുഭവിച്ചെങ്കിലും അക്കാലത്തു് ഫ്രാൻസുമായുണ്ടായ യുദ്ധംമൂലം അനുഭവിക്കാനിടയായ നഷ്ടത്തിനു് സഭാസ്വത്തുക്കളടക്കിക്കൊണ്ടാണു് സാമന്തരാജാക്കന്മാർ പരിഹാരം നേടിയതു്. കാൻറു പ്രഭൃതികളായ നവീന തത്വജ്ഞന്മാർ അനേകരുടെ വിശ്വാസസമ്പത്തു് നശിപ്പിക്കാതെയുമിരുന്നില്ല. ഫ്രാൻസിസ് ജോസഫ് പ്രഥമൻെറ ഭരണാരംഭം മുതല് (1800) സഭ പൂർണ്ണസ്വാതന്ത്ര്യയായി. 1914-18 ലെ ലോകമഹായുദ്ധത്തോടുകൂടി ആസ്ത്രോഹംഗേറിയൻ സാമ്രാജ്യം ശിഥിലമായി; ബോൾഷവിക്ക പ്രസ്ഥാനത്തിനു് മററു യൂറോപ്യൻ ഭൂഭാഗങ്ങളിലെന്നപോലെ അവിടെയും കൂടുതല് കൂടുതല് പ്രവേശനം ലഭിച്ചു. എങ്കിലും കത്തോലിക്കരുടെ നില അനാശാസ്യമെന്നു പറഞ്ഞുകൂടാ. നാസിസത്തിനടിപ്പെട്ട പ്രദേശങ്ങളിലെ സ്ഥിതി ദുരിതപൂർണ്ണം തന്നെയാണു്.

ജർമ്മനിയിലെ പ്രൊട്ടസ്റ്റൻറു ഭരണകർത്താക്കൾ സദാപി സഭാപീഡനത്തില് ജാഗരൂകരായിരുന്നു. വിദ്യാദാനാവകാശം കത്തോലിക്കർക്കു നിഷിദ്ധമായി; അവരുടെ ദേവാലയങ്ങൾ പലതും അടച്ചുകളയുകയോ, പ്രൊട്ടസ്റ്റൻറുകാർക്കു കൊടുക്കുകയോ ചെയ്തു. മിശ്രവിവാഹസംബന്ധമുണ്ടായ അഭിപ്രായവ്യത്യാസംനിമിത്തം 1837-ല് കോളോൺ മെത്രാപ്പോലീത്തായായിരുന്ന ക്ലെമൻറു് ആഗസ്റ്റു് ബന്ധനസ്ഥനായി. ഏതായാലും ജർമ്മൻ കത്തോലിക്കരുടെ നിർഭയത്വവും, ജർമ്മൻ നയത്തില് അന്യരാജ്യങ്ങൾക്കുണ്ടായ അതൃപ്തിയും ഹേതുവാല് നിയമകാർക്കശ്യം അല്പം ലഘുവാ

കാതെയിരുന്നില്ല. മെത്രാന്മാരുടെ ഉപദേശാനുസരണം വിവേകപൂർവ്വം ഗവണ്മെൻറു പെരുമാറുകയാല് 1848 മുതല് കുറെക്കാലത്തേയ്ക്കു് സഭ സ്വാതന്ത്ര്യമായ് പുരോഗമിച്ചു. എന്നാല് 1781–ല് ലിബറല് പാർട്ടിയോടു സഹകരിച്ചുകൊണ്ടു് കത്തോലിക്കരുടെ നേരെ അന്യാദൃശമായ ഒരു പീഡനം ഗവണ്മെൻറു് അഴിച്ചുവിട്ടു. പ്രൊട്ടസ്റ്റൻറു സ്വേച്ഛാധിപത്യം നടമാടി; സന്യാസസഭകളെല്ലാം ബഹിഷ്കൃതങ്ങളായി; വൈദിക പരിശീലനം ഗവണ്മെൻറു് ഏറെറടുത്തു. വൈദികാധികാരികളെ നിയമിക്കയോ പിരിച്ചുവിടുകയോ അവർ ഇഷ്ടാനുസരണം ചെയ്തു. നവീനനിയമങ്ങളെ എതിർത്ത മെത്രാന്മാരും മററും ബന്ധനത്തിലായി. കത്തോലിക്കർ ശക്തിയുക്തം എതിർക്കുകയാല് മർദ്ദനം പൂർവ്വവത് ഘോരതരമായി. അജപാലകന്മാരുടെ അസാന്നിദ്ധ്യത്തില് മേഷയൂഥം നിരാലംബമായി ഉഴന്നു. സംഘടിതമായ ശ്രമത്താല് രാഷ്ട്രീയരംഗത്തു് ശക്തി പ്രാപിച്ച കത്തോലിക്കർ ഗവണ്മെൻറിൻെറ ഈ നീചധാർഷ്ട്യത്തിനു വിരാമമിടുവിക്കതന്നെ ചെയ്തു. (1882) എന്നാല് 1934–നുശേഷം പ്രബലീഭവിച്ച നാസികക്ഷിയുടെ നാഷനല് സോഷ്യലിസപ്രസ്ഥാനം സഭയ്ക്കു് വലുതായ ഉപദ്രവകാരണമായിത്തീർന്നിട്ടുണ്ടു്. ജർമ്മനിയിലും അധീനരാജ്യങ്ങളിലും തടങ്കല് പാളയങ്ങളിലടക്കപ്പെട്ടിട്ടുള്ള വൈദികരുടെ സംഖ്യാവൈപുല്യം തന്നെ ഇതിനു ഒരു തെളിവാണല്ലോ. നെപ്പോളിയൻെറ അധഃപതനത്തിനുശേഷം സ്വാതന്ത്ര്യമായ സ്വിററ്സർലണ്ടിലെ ഫ്റീമേസൺ കക്ഷി ക്ഷുദ്രപ്രസിദ്ധീകരണങ്ങൾകൊണ്ടു തുടങ്ങിയ തിരുസ്സഭാനിന്ദനം, പല പീഡനഘട്ടങ്ങളും കടന്നു് സായുധമായ് ഒരു യുദ്ധത്തില് കലാശിപ്പിച്ചു. അങ്ങിനെയിരിക്കുമ്പോഴാണു് "കുൽട്ടർ കാമ്ഫ്" എന്ന മുൻപറഞ്ഞ ജർമ്മൻ മതപീഡനാഗ്നി ആ രാജ്യത്തേയ്ക്കും പടർന്നുപിടിച്ചതു്. "സ്വാതന്ത്ര്യ" വൈദികരോടുകൂടിയ ഒരു രാഷ്ട്രീയ മതം സ്ഥാപിക്കാനുള്ള ശത്രുശ്രമത്തെ സ്വിസ്സ് കത്തോലിക്കരും സർവ്വാത്മനാ എതിർത്തുകയാല് പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ കാലത്തു് ഒരു കൊൺകർഡാറ്റുമൂലം സ്ഥിതിഗതികൾ ശാന്തമായി. ഇന്നു് സമരകോലാഹലത്തിനിടയിലും നിഷ്പക്ഷമായ സ്വിററ്സർലണ്ടില് സഭ ശാന്തമായി അഭിവൃദ്ധി പ്രാപിക്കുകയത്രെ ചെയ്യുന്നതു്. ബാൾക്കൻ രാജ്യങ്ങളിലേയും, റഷ്യയിലേയും ക്രിസ്ത്യാനികൾ ഗ്രീക്കുശിഷ്മത്തില് പെട്ടവരെന്നു നാം കണ്ടുകഴിഞ്ഞു. റഷ്യയില് കമ്മ്യൂണിസപ്രാബല്യത്തിനുശേഷം സുവിശേഷവേല അസാദ്ധ്യമായിത്തീർന്നു. അന്യസ്ഥലങ്ങളില് മിഷ്യനറിമാർ ത്യാഗപൂർവ്വം ജോലി ചെയ്യുന്നെങ്കിലും അധുനികസമരം അതിനു് ഒരു തത്കാലസ്തംഭനംതന്നെ വരുത്തിവെച്ചിട്ടുണ്ടെന്നു പറയാം.

ഇംഗ്ലണ്ടിലെ പീഡനം അനുസ്യൂതമായിരുന്നു. കത്തോലിക്കരുടെ രാജഭക്തി കോമൺവെല്ത്തു ഭരണകാലത്തു് കൂടുതല് അനർത്ഥകാരണമായി. രാജവാഴ്ച പുനഃസ്ഥാപിതമായിട്ടും ഏററം ദൈവദൂഷണപരമായ സത്യപ്രതിജ്ഞകൾ ചെയ്യാതെ അവർക്കു് ഗവർമെണ്ടിലോ, പാർലമെൻറിലോ സ്ഥാനം ലഭിച്ചില്ല. ജയിംസ് ദ്വിതീയൻ രാജാവു് ഒരു കത്തോലിക്കനായിരുന്നെങ്കിലും അദ്ദേഹത്തിൻെറ അതിരുകടന്ന തീക്ഷ്ണത

സ്ഥാനഭ്രംശത്തിനുപോലും നിദാനമായി. അങ്ങിനെ 1683-മുതല് ഒരു ശതാബ്ദകാലത്തേയ്ക്കു മർദ്ദനം ക്രൂരതരമായിത്തീൎന്നു. കത്തോലിക്കരുടെ ഭൂസ്വത്തെല്ലാം ഓരോ മിഥ്യാഹേതുക്കളാല് അപഹൃതമായി; വിശ്വാസികളും വൈദികരും സഹസ്രക്കണക്കിന് അന്യരാജ്യങ്ങളിലഭയംതേടി. യുദ്ധജന്യമായ ഒരു വിഷമഘട്ടത്തില് (1778) ഗവണ്മെൻറ് മർദ്ദനനിയമങ്ങൾ ലഘൂകരിക്കേണ്ടിവന്നു. 1829-ലെ "കത്തോലിക്കാസ്വാതന്ത്ര്യനിയമ"നിർമ്മാണത്താല് ഇംഗ്ലീഷ് കത്തോലിക്കർക്ക് പരിപൂർണ്ണസ്വാതന്ത്ര്യം പുനർലഭിച്ചു. 19-ാം ശതകത്തിൻെറ ഉത്തരാർദ്ധത്തില് ആംഗ്ലിക്കൻസഭയില് കത്തോലിക്കാചാരങ്ങൾ പുനഃസ്ഥിരീകരിക്കുന്നതിനു ഗണനീയരായ പല മഹാന്മാരും ഒരു ശ്രമം നടത്തി. തത്ഫലമായി പിന്നീട് കർദ്ദിനാളന്മാരായിത്തീൎന്ന ന്യൂമാൻ, മാനിംഗ് തുടങ്ങി അനേകം ഉന്നതസ്ഥാനികളും പ്രഭുവംശജരുംതന്നെ തിരുസ്സഭയിലേയ്ക്കു പ്രത്യാഗമിച്ചു. പ. പിതാവു പീയൂസ് ഒൻപതാമൻ 1850-ല് കർദ്ദിനാൾ വൈസ്മാൻെറ കീഴില് ഇംഗ്ലീഷ് ഹൈരാർക്കി പുനഃപ്രതിഷ്ഠിച്ചു. കർദ്ദിനാളന്മാരായ ബോൺ ഹിൻസ്ലി, തുടങ്ങിയ വീരസന്താനങ്ങളുടെ മാതാവായ ആധുനികാംഗ്ലേയ കത്തോലിക്കാസഭ അവരുടെ സംരക്ഷണയില് പ്രതിദിനം പ്രവൃദ്ധയായി; ഇന്ന് അവർ ഉന്മേഷഭരിതയാണ്. ബ്രി. ഗവണ്മെൻറും വത്തിക്കാനുമായുള്ള ബന്ധം ഏററം സൌഹാർദ്ദപൂർവ്വമത്രേ.

സ്കോട്ടിഷ് പ്രിസ്ബിറററിയൻസഭയുടെ മതഭ്രാന്തു നാം കണ്ടുകഴിഞ്ഞതാണ്. അവരുടെ അന്ധമായ പീഡനാസക്തി കത്തോലിക്കരെ നിത്യബന്ധനത്തിനും മരണത്തിനും പോലും വിധിച്ചു. കത്തോലിക്കാകുടുംബങ്ങളിലെ സന്താനങ്ങൾക്കു മതോപദേശം നല്കാൻ സ്കോച്ചു സഭോപദേശികൾ ഭവനങ്ങളില് താമസിക്കുന്നതിനും ഗവമ്മെൻറനുവദിച്ചെന്നു കേട്ടാല് നമുക്കു ലജ്ജ തോന്നുമായിരിക്കാം! 1715-ലെയും 45-ലെയും "ജേക്കബായിററു" ലഹളയില് കത്തോലിക്കർക്കുണ്ടായിരുന്ന പങ്ക് അവർക്കു തികച്ചു വിനാശഹേതുകമായി; വിശ്വാസികൾ നിർദ്ദയം ചിതറിക്കപ്പെട്ടു. 1778-ല് ഇംഗ്ലീഷ് പാർലമെൻറ പാസ്സാക്കിയ ആശ്വാസദായകബില്ല് സ്കോച്ചു പ്രൊട്ടസ്റ്റൻറുകാർക്ക് അരോചകമായിരുന്നു. അവർ രോഷാകുലരായി കത്തോലിക്കാദേവാലയങ്ങളും ഭവനങ്ങൾപോലും നശിപ്പിച്ചു. 1793-ല് മാത്രമാണ് അവിടത്തെ സത്യവിശ്വാസികൾക്ക് സ്വാതന്ത്ര്യം ലഭിച്ചുതുടങ്ങിയതു്. അവരുടെ ഹയരാർക്കി 1878-ല് പുനഃസ്ഥാപിതമായി. അവർക്കു സമാധാനമാർഗ്ഗം തുറക്കപ്പെട്ടു.

അയർലണ്ടു് ഇംഗ്ലീഷ് പ്രൊട്ടസ്റ്റൻറുമേധാവിത്വത്തിൻെറ ക്രൂരതരങ്ങളായിട്ടാണ് അടുത്തകാലംവരെ കഴിഞ്ഞതു്. കത്തോലിക്കാസന്താനങ്ങൾ പ്രൊട്ടസ്റ്റൻറുകാരാല് അവരുടെ വിശ്വാസത്തില് വളർത്തപ്പെടേണ്ടതാണെന്നുള്ള നിയമം ഐറിഷ് ജനതയുടെ ക്ഷമയ്ക്കും അളവുണ്ടെന്നറിയാൻ പര്യാപ്തമായി. 1641-ല് അവർ സായുധരായി പീഡകരെ എതിർത്തു. നിശിതമായ ഒരു യുദ്ധംതന്നെ നടന്നു. അക്രമികളായ ഇംഗ്ലീഷ്

ഭടന്മാർ ഐറിഷ് സ്ത്രീകളേയും കുട്ടികളേയുംപോലും ആയിരക്കണക്കിനു് അരിഞ്ഞുവീഴ്ത്തി. ക്രോംവെല്ലാകട്ടെ ചില പട്ടണങ്ങളിലെ നിവാസികളെ ഒന്നടങ്കം കൊന്നൊടുക്കുകയും അങ്ങിങ്ങായി ശേഷിച്ചവരെ അടിമകളായി വില്ക്കുകയും ചെയ്തു. ഐറിഷ് ജനതയില് പകുതിയും ഇങ്ങനെ നശിച്ചു. ബാക്കിയുള്ളവരെയെല്ലാം ഒരേ ഒരു പ്രവിശ്യയിലേയ്ക്കു തള്ളിയിട്ട് ബാക്കി ഭൂവിഭാഗം അക്രമികൾ കൈവശപ്പെടുത്തി. മരണശിക്ഷയിൻകീഴ് വൈദികർ നാടുവിട്ടുകൊള്ളണമെന്ന് ആജ്ഞാപൂരായി. തത്ഫലമായി മുന്നൂറില്പരം വൈദികർ വധിക്കപ്പെടുകയും ആയിരത്തില് കൂടുതല് പേർ രാജ്യഭ്രഷ്ടരാകുകയും ചെയ്തു. മാർപ്പാപ്പായുടെ അധികാരവും വി. കുർബ്ബാനയിലെ ദിവ്യസാന്നിധ്യവും നിഷേധിക്കാതെ ഐറിഷ് പാർലമെൻറില് പ്രവേശമില്ലാതിരുന്നതിനാല് കത്തോലിക്കർ 1829-ലെ 'ഇമാൻസിപ്പേഷൻ ആക്ട്' ഉണ്ടാകുന്നതുവരെ പാർലമെൻറംഗങ്ങളായില്ല. വില്യം മൂന്നാമൻറയും ആൻ രാജ്ഞിയുടെയും ഭരണകാലത്ത് ഐറിഷ് പാർലമെൻറില് പാസ്സാക്കിയപോലെ നീചനീചങ്ങളായ നിയമങ്ങൾ ലോകത്തിലൊരിടത്തും ഒരിക്കലും നിർമ്മിച്ചിട്ടില്ലെന്നുവേണം പറയുവാൻ. എന്നാല് ഇക്കാലത്തും നിർഭയരായ മിഷ്യനറിമാർ വിദേശങ്ങളില്നിന്ന് അയർലണ്ടിലേയ്ക്കു വന്നുകൊണ്ടിരുന്നു. ഇംഗ്ലണ്ടിലെപ്പോലെ തന്നെ അയർലണ്ടിലും അമേരിക്കൻ യുദ്ധകാലത്ത് കത്തോലിക്കർക്ക് ചില ആനുകൂല്യങ്ങൾ ലഭിക്കാതിരുന്നില്ല. അയർലണ്ടിൻെറ രക്ഷകനായ ഡാനിയല് ഒക്കോണലിൻെറ പരിശ്രമമാണ് "ഇമാൻസിപ്പേഷൻ ആക്ട്" നിർമ്മാണഹേതു. ഇതിൻെറശേഷം അയർലണ്ടിൻെറ പുരോഗതി ത്വരിതവും നാനാമുഖവുമായിരുന്നു, പ്രഥമലോകമഹായുദ്ധാനന്തരം 1921-ല് ഒരു സ്വതന്ത്ര രാഷ്ട്രമായിത്തീർന്ന കത്തോലിക്ക ഭൂവിഭാഗം ഇന്ന് വിശ്വവിശ്രുതനായ ഡിവാലറായുടെ സമർത്ഥമായ ഭരണത്തില് അഭിവൃദ്ധിനേടുന്നു. വിശ്വാസദീപം ലഭിച്ച അന്നുമുതല് ഇതഃപര്യന്തം ബഹുമുഖങ്ങളായ പ്രതികൂല്യങ്ങളെ വിജയിച്ച് അതു് അഭംഗം പാലിച്ചുപോരുന്ന "ഐറിഷ് കത്തോലിക്കത്വം" സുപ്രസിദ്ധമാണല്ലോ.

ഗ്രീക്ക് ഓർത്തഡോക്സ് സഭയില്നിന്നും പുനരൈക്യപ്പെടുന്നതിനുള്ള ഒരു പ്രസ്ഥാനം പൌരസ്ത്യ ക്രിസ്ത്യാനികളുടെയിടയില് ശക്തിപ്പെട്ടുവരുന്നതായി നാം കണ്ടു. എന്നാല് റഷ്യൻ സമ്രാട്ടുകൾ മിക്കവാറും ഈ ശ്രമത്തെ സർവ്വശക്തിയുപയോഗിച്ച് എതിർക്കുകയും മാനസാന്തരപ്പെട്ടവരില് പലരേയും തന്ത്രോപായങ്ങളാല് ശീശ്മസഭയിലേയ്ക്കു തിരിച്ചെടുക്കുകയും ചെയ്തു. പോളിഷ് ക്രിസ്ത്യാനികളോടും റഷ്യൻ ഗവൺമെൻറ് ഇതേ നയംതന്നെയാണനുവർത്തിച്ചതു്. 1869-ലെ വിപ്ലവം പോളണ്ടില് നിശിതമായ ഒരു മർദ്ദനത്തിനുതന്നെ കാരണമായി മെത്രാന്മാരെയും വൈദികരെയും സൈബീരിയൻ വിജനഭൂമിയിലേയ്ക്കു കടത്തിവിട്ടുകളഞ്ഞു. 1890-ലെ കോൺകർഡാറ്റു മൂലമുണ്ടായ ശാന്തത ഹ്രസ്വകാലത്തേക്കു മാത്രമായിരുന്നു. 1915 മുതല് കമ്മ്യൂണിസ്റ്റുകാരുടെ നിരീശ്വരപ്രസ്ഥാനം, കത്തോലിക്കരെയെന്നല്ല എല്ലാ മതക്കാരെയും മർദ്ദിച്ചുതുടങ്ങി. 30 മെത്രാ

ന്മാരും 1560 വൈദികരും 7000 സന്ന്യാസികളും അനേകം വിശ്വാസികളും ഇതുനിമിത്തം ഹതരായിട്ടുണ്ട്. പൂർവ്വകാലങ്ങളില് ടാർട്ടാർവർഗ്ഗത്തേയും ടർക്കിഷ് അക്രമികളെയും എന്നപോലെ 1920-ല് പോളണ്ട് വാർസായില് ചെമ്പടയെ തടഞ്ഞുനിറുത്തി. 'യൂറോപ്പിൻെറ കാവല്ക്കാരിയും ക്രിസ്തീയലോകത്തിൻെറ കോട്ടയു'മായ അവൾ 1918-ലെ വേഴ്സെയ് സന്ധ്യനന്തരം സ്വതന്ത്രയായി ശാന്തതയനുഭവിച്ചു. എന്നാല് തിരുസ്സഭയുടെ ആ "രക്തസാക്ഷി ശിശു"വിനെ 1939-ല് ജർമ്മനിയും റഷ്യയുമായി പങ്കിട്ടെടുത്തു. പിന്നീടുണ്ടായ മർദ്ദനചരിത്രം കണ്ണുനീരിലെഴുതപ്പെടേണ്ടതാണ്. പരിപൂർണ്ണമായും ജർമ്മൻ പിടിയിലമർന്ന ആ രാജ്യം ഇപ്പോൾ റഷ്യർ വീണ്ടെടുത്തിരിക്കയാണല്ലോ. നിരീശ്വരതാ പ്രചരണസംഘടനയായ "കോമിൻറേൺ" പിരിച്ചുവിട്ട റഷ്യ അവളോട് എന്തു നയമാണ് അനുവർത്തിക്കാൻ പോകുന്നതു് എന്നു കണ്ടുതന്നെ അറിയേണ്ടതാണ്.

1830-ല് ഫ്രഞ്ചുകാർ അൾജീറിയായും, ആംഗ്ലേയർ ദക്ഷിണാഫ്രിക്കയും അധീനമാക്കിയതോടുകൂടി ആഫ്രിക്കൻ മിഷ്യൻ രംഗങ്ങൾ പുനർജ്ജീവിച്ചു. ലവിഗെരി കർദ്ദിനാളാണ് ഉത്തരാഫ്രിക്കൻ മിഷ്യൻ സംഘടിപ്പിച്ചതു്. 1838-ല് സ്ഥാപിതമായ അബിസീനിയൻ മിഷ്യന് 1930-ല് ഒരു ഏതദ്ദേശീയ മെത്രാനെ ലഭിച്ചു. 1939-ല വേറെ രണ്ടു നാട്ടുമെത്രാന്മാരും അഭിഷിക്തരായി. മററു പൌരസ്ത്യദേശങ്ങളേക്കാൾ ആഫ്രിക്കാ സഭാപ്രചാരത്തിന് ഉദാരമായിട്ടാണു കാണുന്നതു്. 1886-ല് ഉഗാൻഡായിലുണ്ടായ മതപീഡനം പല നീഗ്രോ രക്തസാക്ഷികളെ സഭയ്ക്കു പ്രദാനം ചെയ്തു. അവരില് 22 പേർ 1920-ല് വാഴ്ത്തപ്പെട്ടവരെന്നു സംജ്ഞ ചെയ്യപ്പെടുകയുമുണ്ടായി.

ഇറാക്കില് മുസ്ലീമിങ്ങൾ 1933-ല് ഏകദേശം ആയിരം ക്രിസ്ത്യാനികളെ കൊന്നുകളഞ്ഞു. 1895-ലും 1909-ലും ടർക്കിയിലും താദൃശസംഭവങ്ങൾ നടന്നു. 1915-ല് പല വിഭാഗക്കാരായ പത്തുലക്ഷത്തോളം ക്രിസ്ത്യാനികളെ 'യുവടർക്കു'കൾ സംഹരിക്കയോ, പീഡിപ്പിച്ചു നാടുകടത്തുകയോ ചെയ്തിട്ടുണ്ട്. അങ്ങിനെ ക്രിസ്ത്യാനികളുടെ സംഖ്യ മുസ്ലീംരാജ്യങ്ങളില് അഗണ്യമായിത്തീർന്നു.

ഇന്ത്യയില് കത്തോലിക്കാ മിഷ്യൻരംഗങ്ങൾ ചിരപ്രതിഷ്ഠിതമായ ശേഷമത്രേ ആദ്യത്തെ പ്രോട്ടസ്റ്റൻറു മിഷ്യനറിയായ "സീഗൻബാൾഗ്" 1706-ല് ഇൻഡ്യയിലെത്തിയതു്. കത്തോലിക്കാ വിശ്വാസികൾ രാജ്യമാകെ അങ്ങിങ്ങായി താമസിക്കുന്നു. ദക്ഷിണേന്ത്യയിലും വിശിഷ്യ മലബാർതീരത്തുമാണ് അവരുടെ സംഖ്യ കൂടുതല്. 1941-ലെ കാനേഷുമാരിപ്രകാരം ഏകദേശം നാല്പതുകോടി ജനങ്ങളുള്ള ഇന്ത്യയിലെ കത്തോലിക്കരുടെ എണ്ണം നാല്പതുലക്ഷം മാത്രമാണ്. വിഗ്രഹാരാധനയും അന്ധവിശ്വാസവും പടർന്നുപിടിച്ചിരിക്കുന്ന നമ്മുടെ രാജ്യത്തെ ക്രിസ്തീയമാക്കുക അത്ര സുസാധ്യമല്ല. നമ്മുടെ സർവ്വകഴിവുകളും അതിനായി പ്രയോഗിക്കുകതന്നെ വേണം. ഏഷ്യയുടെ ഇതരഭാഗങ്ങളിലെ മതപ്രചരണവൃത്താന്തം അന്യത്ര പ്രസ്താവിച്ചു കഴിഞ്ഞതിനാല് ആവർത്തിക്കേണ്ടതില്ലല്ലോ.

വടക്കേ അമേരിക്കൻ ഐക്യനാടുകളിലെ ഓരോ പ്രവിശ്യയും പ്യൂരിട്ടൺ മതഭ്രാന്തന്മാരുടെ പിടിയിലമർന്നതോടെ അവയിലെ മതസ്വാതന്ത്ര്യം അസ്തമിക്കയും ഇംഗ്ലണ്ടിലെപ്പോലെതന്നെ മർദ്ദനം നടമാടുകയും ചെയ്തു. ഇവർ തന്നെ പീഡനം ഭയന്ന് അമേരിക്കയില് അഭയം പ്രാപിച്ചവരെന്നുള്ളതാണ് രസാവഹം! കുടിയേറിപ്പാർത്ത പ്രോട്ടസ്റ്റൻറുകാർ സ്വദേശിയരെ പലപ്പോഴും കന്നുകാലികളെപ്പോലെ ക്രയവിക്രയം ചെയ്കയും ചെന്നായ്ക്കളെപ്പോലെ വേട്ടയാടുകയും ചെയ്തിരുന്നത്രേ! 1775-ലെ വിപ്ലവവും തജ്ജന്യമായ സ്വാതന്ത്ര്യലാഭവും നിമിത്തം കത്തോലിക്കരും അന്യ പൌരന്മാരെപ്പോലെ സ്വതന്ത്രരായിത്തീൎന്നു. 1789-ല് ജോൺ കരോൾ ഐക്യനാടുകളുടെ പ്രഥമ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹത്തിൻെറ ശ്രമഫലമായി വിദ്യാലയങ്ങളും, സന്യാസാശ്രമങ്ങളും സത്വര സ്ഥാപിതങ്ങളായി. ഫ്റഞ്ചുവിപ്ലവകാലത്തു് അമേരിക്കയിലഭയം പ്രാപിച്ച വൈദികർ അവിടത്തെ ആദ്ധ്യാത്മിക ജീവപോഷണത്തിനു് ഉദാരസേവനം തന്നെ നിർവ്വഹിച്ചു. അതിമെത്രാസനങ്ങളില് പ്രധാനമായ ബാൽട്ടിമോറില് വെച്ച് പല പ്രാദേശിക സൂനഹദോസുകളും നടത്തുകയുണ്ടായി. വിപ്ലവാനന്തരം ഒരു അൻപതു കൊല്ലത്തേക്കു കത്തോലിക്കർ സമാധാനമനുഭവിച്ചെങ്കിലും, അനന്തരം പല സംസ്ഥാനങ്ങളിലും അവർ നിർദ്ദയം പീഡിക്കപ്പെട്ടു. പത്തൊൻപതാം ശതകത്തിൻെറ ഉത്തരാർദ്ധത്തില് പോലും ചിലേടങ്ങളില് ഈ ദുരവസ്ഥ തുടരാതിരുന്നില്ല. എന്നാല് യൂറോപ്പില് നിന്നുള്ള കുടിയേററവും സ്വദേശത്തെ വർദ്ധനവും മൂലം കത്തോലിക്കജനസംഖ്യ പ്രവൃദ്ധമാകുക തന്നെ ചെയ്തു. കെൻറിക്ക്, സ്പാൾഡിംഗ്, ഗിബ്ബൺസ് തുടങ്ങിയ പണ്ഡിതന്മാരായ വൈദികശ്രേഷ്ഠന്മാരുടെ ഗ്രന്ഥങ്ങളും, മററനേകകത്തോലിക്ക പ്രസിദ്ധീകരണങ്ങളും നിലവിലിരിക്കുന്നെങ്കിലും അമേരിക്കക്ക് കത്തോലിക്കമതത്തെക്കുറിച്ചുള്ള അജ്ഞത കുറച്ചൊന്നുമല്ല. കുറെനാൾ മുൻപു നടന്ന "മദ്യനിരോധന പ്രസ്ഥാനം" വി. ബലി ഇല്ലാതാക്കുന്നതിനുള്ള ഒരു ശ്രമമായിരുന്നത്രേ! 1926 ല് ഷിക്കാഗോയില് നടന്ന സാർവ്വലൌകിക ദിവ്യകാരുണ്യകോൺഗ്രസ് അമേരിക്കൻ കത്തോലിക്കരുടെ പ്രാഭവത്തെ ലോകത്തിനു വെളിപ്പെടുത്തി. "ഡിസൻസി സൊസൈററി" മുതലായവയുടെ പ്രവൎത്തനങ്ങളില് നാം അവരെ എത്ര സ്തുതിച്ചാലും മതിയാകുന്നതല്ല.

1759-ലെ ക്യൂബെക്ക്യുദ്ധാനന്തരം പാരീസ് സഖ്യമനുസരിച്ച് "ക്യാനഡ" ബ്രി. സാമ്രാജ്യത്തിൻെറ അംശമായിത്തീർന്നതോടെ പതിവനുസരിച്ച് ആംഗ്ലേയർ അവിടത്തെ കത്തോലിക്ക ജനതയെ പലവിധത്തിലും ഉപദ്രവിക്കാതിരുന്നില്ല. എങ്കിലും 1774-ലെ "ക്യൂബെക്ക് ആക്ററ്" ആരാധനാസ്വാതന്ത്ര്യം പുനർദാനം ചെയ്തു. അയർലണ്ടു മുതലായ ദേശങ്ങളില് നിന്നുള്ള കുടിയേററവും കനേഡിയൻ കത്തോലിക്കരുടെ സംഖ്യ വർദ്ധിപ്പിച്ചു.

മെക്സിക്കോയിലേയും ദക്ഷിണ അമേരിക്കയിലേയും കത്തോലിക്കജനത സ്പെയിൻ, പോർച്ചുഗൾ എന്നീരാജ്യക്കാരായ പ്രേഷകവീരന്മാരു

ടെ ഒരു സജീവ സ്മാരകം തന്നെയാണ്. 1821-ല് മെക്സിക്കോ സ്വാതന്ത്ര്യയായി; മൂന്നു കൊല്ലത്തിനു ശേഷം കത്തോലിക്കമതം അവിടത്തെ നിയമാനുസൃതമതമായി അംഗീകൃതമായെങ്കിലും, സാന്താ അന്നാ, വെന്നീറോ ജുവാരസ് തുടങ്ങിയ ഭൂരിപക്ഷം പ്രസിഡണ്ടന്മാരും അവളെ നിർദ്ദയം പീഡിപ്പിക്കയത്രെ ചെയ്തതു്. ഇടക്കാലത്തുണ്ടായ രാജവാഴ്ചയും സഭയ്ക്കു നാശഹേതുകമായിരുന്നു. കത്തോലിക്ക ഭൂരിപക്ഷമുള്ള ആ രാജ്യത്തെ ഗവണ്മെൻറു് മിക്കവാറും ഫ്രീമേസൺമാരുടെ സ്വാധീനത്തിലാണിരുന്നിട്ടുള്ളതു്. പ്രസിഡൻറു കാലസിൻെറ മതമർദ്ദനവും ഫാദർ പ്രോ മുതലായി അനേകം വൈദികരുടേയും അല്മായരുടേയും രക്തസാക്ഷിത്വവും ഇന്നും നമ്മുടെ ഓർമ്മയില്നിന്നും മാഞ്ഞുപോയിട്ടില്ലല്ലോ. മെക്സിക്കോ സ്വാതന്ത്ര്യയായ കാലത്തോടടുത്തുതന്നെ തെക്കെ അമേരിക്കൻ കോളണികളും മാതൃരാജ്യനുകത്തില്നിന്നും മോചനം പ്രാപിച്ചു. യൂറോപ്യൻ ഭരണകൂടങ്ങളുടെ എതിർപ്പുമൂലം ഏതാനും നാളത്തേയ്ക്കു മെത്രാസനങ്ങൾ ശൂന്യങ്ങളായിക്കിടന്നെങ്കിലും 1827 ല് പ. പിതാവ് ലെയോ പന്ത്രണ്ടാമൻ അമേരിക്കൻ പ്രവിശ്യകളില് ഹൈരാർക്കികൾ സ്ഥാപിച്ചു. ആഭ്യന്തര കലാപങ്ങളില്നിന്നു രക്ഷപ്രാപിച്ച ഈ രാജ്യങ്ങൾ സ്വൈരമായി പുരോഗമിച്ചു തുടങ്ങി.

ആസ്ത്രേലിയൻ പ്രദേശങ്ങൾ 1787-മുതല് ഇംഗ്ലീഷ് ക്രിമിനല് പുള്ളികളുടെ അവാസഭൂമിയായിത്തീർന്നു. ഇക്കൂട്ടത്തില് നിരപരാധികളായ അനേകം ഐറിഷ് കത്തോലിക്കരുമുണ്ടായിരുന്നു. വൈദികസഹായം കൂടാതെ ജീവിച്ച ഇക്കൂട്ടരുടെ ദുരിതശമനാർത്ഥം പ. സിംഹാസനത്തില നിയുക്തനായ (1818) ഫാദർ ഫ്ളിൻ തദ്ദേശ ഗവണ്മെൻറിനാല് പാറവിലാക്കപ്പെടുകയും അവസാനം തിരിച്ചയയ്ക്കപ്പെടുകയുമാണുണ്ടായതു്. ഈ ദുർന്നയത്തോടു് ഇംഗ്ലണ്ടില് തന്നെയുണ്ടായ അവജ്ഞയും, ഏറെത്താമസിയാതെ തന്നെ നടപ്പില്വന്ന "കാതലിക് ഇമാൻസിപ്പേഷൻ ആക്ററും" നിമിത്തം സ്ഥിതിഗതികൾ മിഷ്യനറിമാർക്ക് അനുകൂലമായിത്തീർന്നു. 1835 ല് വികാരി അപ്പസ്തോലിക്കയായ പോൾഡിംഗ് മെത്രാൻ ആസ്ത്രേലിയൻ സഭയെ ശക്തമാക്കിത്തീർത്തു. പ. പിതാവ് ഗ്രിഗരി 16-ാമൻ 1842-ല് സിഡ്നി തലസ്ഥാനമാക്കി ഒരു ഹൈരാർക്കിയും അവിടെ സ്ഥാപിച്ചു. പ്രൊട്ടസ്റ്റൻറു മിഷ്യനറിമാർ അപരിഷ്കൃതരായ നാട്ടുകാരെ മാനസാന്തരപ്പെടുത്താൻ ചെയ്ത ശ്രമം തികച്ചും വിഫലമായപ്പോൾ കത്തോലിക്കർ ആ തുറയില് പരിപൂർണ്ണവിജയം കൈവരിക്കയത്രേ ചെയ്തതു്. ഇതോടുകൂടി ബ്രിട്ടീഷ് ദ്വീപങ്ങളില്നിന്നും കുടിയേറിപ്പാർത്തവരും മാനസാന്തരപ്പെട്ട പ്രൊട്ടസ്റ്റൻറുകാരും ചേർന്നപ്പോൾ കത്തോലിക്ക ജനസംഖ്യ ഗണ്യമായിത്തീർന്നു. 1885-ല് സമ്മേളിച്ച സൂനഹദോസില് രണ്ടു മെത്രാപ്പോലീത്തന്മാരും 20 മെത്രാന്മാരുമുണ്ടായിരുന്നത്രേ. സിഡ്നിയിലെ സർവ്വരാജ്യദിവ്യകാരുണ്യ കോൺഗ്രസ്സ് നടന്നിട്ടു് അധികനാളായിട്ടില്ലല്ലോ.

ലോകത്തിലുള്ള ജനങ്ങളുടെ അർദ്ധാംശവും വസിക്കുന്ന ഏഷ്യാഭൂഖണ്ഡത്തില് ആകെയുള്ള 200 കോടിയില് ഒരു കോടി തൊണ്ണൂറു ലക്ഷ

ത്തോളം മാത്രമാണ് കത്തോലിക്കർ. യൂറോപ്പിലെ 51 കോടിയില് 21-ം; ആഫ്റിക്കയിലെ 15 കോടി 50 ലക്ഷത്തില്, 80 ലക്ഷവും; അമേരിക്കകളിലെ 26 കോടിയില് 14 കോടിയും, അസ്ത്രേലേഷ്യയിലെ 7½ കോടിയില് 20 ലക്ഷവും കത്തോലിക്കരാണ്. ഇങ്ങനെ ആകെയുള്ള 200-ല് പരം കോടിയില് 40 കോടിയോളം വരുന്ന സത്യവിശ്വാസികൾ അഞ്ചിലൊരു ഭാഗംമാത്രമാണെന്നു കാണാം. ആകെ ക്രിസ്തീയരാകട്ടെ ഏകദേശം മൂന്നിലൊന്നുമാണ്. നീപ്പാൾ, ടിബററ്, അഫ്ഗാനിസ്ഥാൻ തുടങ്ങി ഏതാനും സ്ഥലങ്ങളിലൊഴിച്ചു എല്ലായിടത്തും കത്തോലിക്ക മിഷ്യനുകളുമുണ്ട്.

1914–18 ലെ പ്രഥമ ലോകമഹായുദ്ധം തിരുസ്സഭയ്ക്കു പലേ കഷ്ടതകൾക്കും ഇടയാക്കി; എങ്കിലും ഇംഗ്ലണ്ട് ആ യുദ്ധം രാഷ്ട്രീയമായും, അമേരിക്ക സാമ്പത്തികമായും ജയിച്ചെങ്കില് തിരുസ്സഭ അത് ആദ്ധ്യാത്മികമായി ജയിച്ചുവെന്നു പറയാവുന്നതാണ്. അകത്തോലിക്ക ഭടന്മാരുടെ ശോചനീയമായ അജ്ഞതയെക്കുറിച്ചു പരിതപിച്ചു ആംഗ്ലിക്കൻ പത്രങ്ങൾ പറഞ്ഞു. “റോമൻ കത്തോലിക്ക ഭടനു് ചെയ്യേണ്ടതെന്തെന്നറിയാം; അയാൾ പ്രാർത്ഥിക്കാൻ ജപമാല ആവശ്യപ്പെടുന്നു; പാപസങ്കീർത്തനത്തിനും വി. കുർബ്ബാന സ്വീകരിക്കാനും വൈദികനേയും.” പീരങ്കിയുടെ വക്ത്രത്തിലും പൌരാണിക മാതൃസഭയുടെ വിശ്വാസം നിവർന്നുതന്നെ നിന്നു!! നവീന രാഷ്ട്രീയ ശക്തികളുമായുള്ള സഖ്യവും, വെഴ്സെയ് സന്ധിയനുസരിച്ചു് അസ്തിത്വം പുനർലഭിച്ച ജനപദങ്ങളും, കത്തോലിക്കാസഭയുടെ പ്രവർത്തനവും അധികാരവും എല്ലായിടത്തും അംഗീകൃതമാവാൻ കാരണമായെന്നുതന്നെയല്ല അവളുടെ മഹാത്മ്യത്തെ വിശേഷ വിധിയായി പ്രകാശിപ്പിക്കുകയുംചെയ്തു. ബാൾക്കൻ പ്രദേശം മഹമ്മദീയാധിപത്യത്തില്നിന്നു വിമുക്തമായെങ്കിലും, ആസ്ത്രിയൻ സാമ്രാജ്യത്തിൻെറ അസ്തമനവും, തത്സ്ഥാനത്തു് നിരീശ്വര റഷ്യയുടെ ആവിർഭാവവും ലോകത്തിനു് ശങ്കാകാരണം തന്നെയായി. ഇന്നത്തെ കെർട്ടുംസമരവും സഭാവ്യാപ്തിക്കു് വിഘാതമായിത്തീന്നിരിക്കുന്നു. നാസികൾ അധീനരാജ്യങ്ങളില് സഭയെ സ്തംഭനാവിധേയയാക്കിയിരിക്കയാണ്. ഏതായാലും വൈദികരും അല്മായരുമായ അവളുടെ സന്താനങ്ങൾ പഴയ കാലത്തെപ്പോലെതന്നെ അവരുടെ ധീരതയും, ത്യാഗവും, ദീനദയാലുത്വവും, രാജ്യസ്നേഹവും ലോകസമക്ഷം പ്രത്യക്ഷമാക്കുകതന്നെ ചെയ്യുന്നു.

“വിദേശമിഷ്യൻ രംഗങ്ങളില് നടന്നുകൊണ്ടിരിക്കുന്ന മാനസാന്തര ജോലികളുടെ ഫലമായി 800,000 പേർ വീതം പ്രതിവർഷം കത്തോലിക്കാസഭയിലേയ്ക്കു പരിവർത്തനം ചെയ്യുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. 22,000 വൈദികരും, 9,000 സഹോദരന്മാരും, 53,000 കന്യാസ്ത്രീകളും, 76,000 അദ്ധ്യാപകന്മാരും, 92,000 ഉപദേശികളും, 33,000 മററു സഹപ്രവർത്തകരും മിഷ്യൻ രംഗങ്ങളില് ജോലി ചെയ്യുന്നുണ്ട്.

## XXVI. ആധുനിക മാർപ്പാപ്പാമാർ.

ലോകാന്തരീക്ഷത്തിലെ സ്ഥിതിഗതികളനുസരിച്ച് സമരത്തിലിരിക്കുന്ന സഭയുടെ നായകത്വം വഹിക്കുന്നതിനു സമൎത്ഥന്മാരായ ആളുകളെ ദൈവപരിപാലന നിയോഗിക്കാറുണ്ട്. ആധുനിക ശതകമാകട്ടെ, "രക്തസാക്ഷികളുടെ ഒരു കാലം" എന്നു കർദ്ദിനാൽ ഹിൻസ്ലിയാല് സംജ്ഞ ചെയ്യപ്പെട്ടതാണ്. "അൎവ്വാചീനഘട്ടത്തെ ലോകചരിത്രത്തിലെ ഏററവും ദുഃഖഭൂയിഷ്ഠവും തമോമയവും ആയ കാലങ്ങളുടെ കൂട്ടത്തില് അനന്തര തലമുറകൾ പരിഗണിക്കും" എന്നു പിയൂസ് പന്ത്രണ്ടാമനും അരുളിച്ചെയ്തിരിക്കുന്നു.

പുണ്യശ്ലോകനും, ഭരണതന്ത്രജ്ഞനുമായിരുന്ന പതിമ്മൂന്നാം ലെയോക്കു ശേഷം 1903 ആഗസ്ററ് 4-ാംതീയതി പത്താം പീയൂസ് തിരുമനസ്സുകൊണ്ട് തിരുസിംഹാസനം പ്രാപിച്ചു. "സകലത്തും മിശിഹായില് നവീകരിക്കുക" എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ട് ഭരണമാരംഭിച്ച അവിടുന്ന് പ്രതിദിന ദിവ്യകാരുണ്യ സ്വീകരണത്തേയും ദിവ്യകാരുണ്യ സംഘങ്ങളേയും പ്രോത്സാഹിപ്പിക്കയാല് "വി. കർബാനയുടെ മാർപ്പാപ്പാ" എന്ന മഹനീയ സംജ്ഞയ്ക്കർഹനായി. വിശ്വാസികളുടെ ആദ്ധ്യാത്മികാഭിവൃദ്ധിയില് അത്യാകാംക്ഷയുള്ളവനായിരുന്ന തിരുമേനി, വൈദിക വിദ്യാലയങ്ങളെ പരിഷ്കരിക്കയും, വേദപഠനം എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമാക്കി ക്രമീകരിക്കയും ചെയ്തു. അവിടുത്തെ നിർദ്ദേശമനുസരിച്ചു രചിച്ചതാണ്. "വലിയ വേദോപദേശം" എന്ന ഗ്രന്ഥം. ദേവാലയസംഗീതക്രമത്തെ പഴയ ഗ്രഗോരിയൻ രീതിയിലാക്കിയതും കാനോൻ നിയമങ്ങൾ ക്രോഡീകരിച്ചതും. പുരോഹിതന്മാരുടെ പ്രാൎത്ഥനയെ പുതുക്കിയതും അദ്ദേഹത്തിന്റെ മററു ചില സംസ്കരണശ്രമങ്ങളായിരുന്നു. അക്കാലത്ത് രംഗപ്രവേശം ചെയ്ത പല അബദ്ധോപദേശങ്ങളേയും പണ്ഡിതോചിതമായ ലേഖനങ്ങളാല് ഖണ്ഡിക്കയും ശപിക്കയും ചെയ്തതും മററാരുമല്ല. സഭാഭരണത്തില് രാജാക്കന്മാർക്കുണ്ടായിരുന്ന അവകാശങ്ങൾ ദുർവിനിയോഗം ചെയ്യാതിരിക്കാനായി തിരുമനസ്സുകൊണ്ടു ആവശ്യമായ നിയന്ത്രണ വ്യവസ്ഥകൾ ഏൎപ്പെടുത്തി. ഫ്രാൻസിനെ സഭാബന്ധത്തില്നിന്നും വിടുത്തുന്നതിനായി തദ്ദേശഗവമ്മെൻറ് ചെയ്ത ശ്രമം പത്താംപീയൂസ് ശക്തിയുക്തം എതിൎത്തു. തിരുസ്സഭയെ അവർ പീഡിപ്പിച്ചു. പ. പിതാവാകട്ടെ ഷരിദ്മപക്ഷക്കാരായ മെത്രാന്മാരെ ബഹിഷ്കരിക്കയും പുതിയ ആളുകളെ നിയമിക്കയും ചെയ്തുകൊണ്ട് അവിടുത്തെ സഭാഭരണം സുദൃഢമാക്കി. സ്പെയിനിലും പോർട്ടുഗലിലുമുണ്ടായ താദൃശ ശ്രമങ്ങളും പരാജയമടയുകയത്രേ ചെയ്തത്. തിരുമേനിയുടെ മരണത്തിന് ഏതാനും ആഴ്ചകൾമുൻപു മാത്രമാണ് കഴിഞ്ഞ ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. ശത്രു രാഷ്ട്രങ്ങളെ തമ്മില് രഞ്ജിപ്പിക്കുന്നതിന് മാദ്ധ്യസ്ഥം വഹിക്കാനുള്ള അദ്ദേഹത്തിന്റെ ഔദാര്യം തിരസ്കൃതമായതോടുകൂടി വ്യാകുലാധിക്യത്താല് തിരുമേനി 1914-ല് ചരമം പ്രാപിച്ചു.

പ്രക്ഷുബ്ധമായ ലോകത്തില് പത്രോസിൻെറ നൌകയുടെ മാല്പ്പിയായി തിരഞ്ഞെടുക്കപ്പെട്ടതു് "പതിനഞ്ചാം ബെനഡിക്ടോസാണ്." രക്തധാരയില്നിന്നും മനുഷ്യരാശിയെ രക്ഷിക്കുന്നതിനുവേണ്ടി അനേകം ചാക്രിക ലേഖനങ്ങൾ പുറപ്പെടുവിച്ചതുകൂടാതെ സമാധാന സംസ്ഥാപനാർത്ഥം പൈതൃകമായ മാദ്ധ്യസ്ഥം അങ്ങു് വാഗ്ദാനം ചെയ്യുകയുമുണ്ടായി. എന്നാല് ഇതെല്ലാം വനരോദനമായി പരിണമിച്ചതേയുള്ളൂ. തിരുമേനി നിരാശനായില്ല; യുദ്ധജന്യമായ ദുരിതങ്ങളുടെ ലഘൂകരണത്തിനായി ജാതിമതഭേദമെന്യേ സഹായം നല്കുന്നതിന് അവിടുന്ന് ബദ്ധകങ്കണനായി. ഇസ്ലാം കേന്ദ്രമായ കോൺസ്റ്റാൻറുനോപ്പിളിലെ മോഹനപ്രതിമതന്നെ ജനഹൃദയങ്ങളിലെ കൃതജ്ഞതരൂപമെടുത്തതാണ്! യുദ്ധാവസാനം സമാധാനസഖ്യമുണ്ടാക്കിയപ്പോഴും, അനേക സാമ്രാജ്യങ്ങളുടെ ഉല്കർഷാപകർഷങ്ങൾ ദർശിച്ച സാർവ്വത്രിക സഭയുടെ അധിനാഥനോട് അന്നത്തെ രാജ്യതന്ത്രജ്ഞന്മാർ ആലോചിച്ചില്ല. വത്തിക്കാൻെറ ചിരകാല പരിചയവും, വിവേകവും വിഗണിക്കപ്പെട്ടില്ലായിരുന്നെങ്കില് ഇന്നത്തെ പൈശാചിക സമരം സംഭവിക്കുമായിരുന്നോ എന്നു സന്ദേഹമാണ്.

ഫ്റഞ്ചുകാരായ ജോവാൻ ഓഫ് ആർക്ക്, മഗ്ദലിത്താ മറിയം, അയർലണ്ടുകാരായ ഒലിവാപ്ലാങ്കററ് തുടങ്ങിയവരെ സിദ്ധരെന്നു പ്രഖ്യാപനം ചെയ്തതും വി. അപ്രേമിനെ സഭയുടെ മല്പാനായി അംഗീകരിച്ചതും പതിനഞ്ചാം ബെനഡിക്ടോസാണ്. തപാനുഷ്ഠാനനിരതനായ തിരുമനസ്സുകൊണ്ട് മരണക്കിടക്കയില്വെച്ചുപോലും, ഏതോ ദിവ്യശക്തിയാലെന്നപോലെ എഴുന്നേററിരുന്നു് സമാധാനാർത്ഥം ഭൂമുഖത്തെ മുഴുവൻ ആശീർവ്വദിച്ചത്രേ! 1922 ജാനുവരി 22-ാം തീയതി നിത്യസമ്മാനത്തിനായി അങ്ങു് ആത്മനാഥനെ പ്രാപിച്ചു.

ഏതാനും ദിവസങ്ങൾക്കകം കർദ്ദിനാൾ അക്കില്ലസ്സ്റാത്തി "പതിനൊന്നാം പീയൂസ്" എന്ന നാമത്തോടുകൂടി തിരുസിംഹാസനം പ്രാപിച്ചു. "ക്രിസ്തുവിൻെറ രാജ്യത്തില് ക്രിസ്തുവിൻെറ സമാധാനം" എന്ന മുദ്രാവാക്യത്തോടുകൂടി സമാരബ്ധമായ അങ്ങേ ഭരണം സുദീർഘവും സംഭവബഹുലവും തിരുസ്സഭയ്ക്കു് സർവ്വവിധേനയും ശ്രേയസ്കരവുമായിരുന്നു. തിരുമേനിയുടെ സിംഹാസനപ്രാപ്തിക്കുശേഷം അധികദിവസങ്ങൾ കഴിയുന്നതിനു മുൻപുതന്നെ റഷ്യയിലെ മതപീഡനം ആരംഭിച്ചു. അതുപോലെതന്നെ മെക്സിക്കോ, ഗ്വാട്ടമാലാ, സ്പെയിൻ ആസ്ത്രീയാ മുതലായ സ്ഥലങ്ങളിലെ മർദ്ദനവും തിരുമേനിയുടെ ഹൃദയത്തെ ഭേദിക്കാൻ പര്യാപ്തങ്ങളായിരുന്നു. മെക്സിക്കൻ ശാന്തതയും, സ്പെയിനിലെ ദേശീയ നിരയുടെ വിജയകരമായ പുരോഗതിയും കാണുന്നതിനു് പ. പിതാവിനു കഴിയാതെയിരുന്നില്ല.

മിഷ്യൻ പ്രവർത്തനങ്ങൾക്ക് തിരുമേനിയുടെ കാലത്തുണ്ടായ അദ്ഭുതാവഹമായ അഭിവൃദ്ധി സ്മരിക്കുമ്പോൾ "വേദപ്രചരണത്തിൻെറ മാർപ്പാപ്പാ" എന്നുള്ള അങ്ങേ മഹനീയനാമം അന്വർത്ഥം തന്നെയെന്നു കാ

ണാം. ഒരു നൂറില് പരം നവീനമിഷ്യൻ ഘടകങ്ങൾ സ്ഥാപിക്കയും അവയില് പലതിനും ഏതദ്ദേശീയ മെത്രാന്മാരെതന്നെ പ്രദാനംചെയ്കയുംചെയ്തു. ഇൻഡ്യയിലും നമ്മുടെ കേരളത്തിലും തന്നെയും പലേ മെത്രാസനങ്ങളും തിരുമനസ്സുകൊണ്ട് അനുവദിക്കയുണ്ടായി. ഇവിടത്തെ സുറിയാനി ഹൈരാർക്കികളും സ്ഥാപിച്ചതു് മററാരുമല്ല. കത്തോലിക്കാ പ്രവർത്തനം ഏർപ്പെടുത്തിയതും, 1925 ല് നടത്തിയ വത്തിക്കാൻ മിഷ്യനറി പ്രദർശനവും 1936-ല് മുദ്രാലയപ്രദർശനവും ശാശ്വതഫലദായകങ്ങളായ പ്രവൃത്തികളത്രേ.

കടലോടുകടല് വ്യാപിച്ചുകിടന്നതും 16,000 ച. മൈല് വിസ്തീർണ്ണമുണ്ടായിരുന്നതുമായ പാപ്പാരാഷ്ട്രം 1870-ല് ഇററലി പിടിച്ചടക്കി. അന്നുമുതല് വത്തിക്കാനിലെ തടവുകാരായിട്ടാണ് പ. പിതാക്കന്മാർ ജീവിച്ചുവന്നതു് എന്നു നാം കണ്ടല്ലോ. പതിനൊന്നാം പീയൂസ് തിരുമേനിയും ഇററലിയുമായി 1929-ല് ചെയ്ത ലാറററൻ ഉടമ്പടിമൂലം വത്തിക്കാൻ സ്വാതന്ത്ര്യരാജ്യം ഉദയംചെയ്തു. ഇതിന് 160 ഏക്കർ മാത്രമാണ് വിസ്തീർണ്ണമെങ്കിലും മാർപ്പാപ്പായെ ഒരു സ്വതന്ത്ര രാഷ്ട്രാധിപനാക്കാൻ അതു പര്യാപ്തമായി ഭവിച്ചു. ഈ പ. പിതാവു് "ക്രിസ്തീയ ജനതയുടെ കൂടുതല് നന്മയ്ക്കുവേണ്ടി,, ഇററലി, പോളണ്ട് ജർമ്മനി തുടങ്ങി പതിനാറിൽപരം രാജ്യങ്ങളുമായി കൊൺകർഡാറ്റുകളില് ഏർപ്പെട്ടിട്ടുണ്ട്.

പതിനൊന്നാം പീയൂസ് തിരുമനസ്സിലെ വിശ്വലേഖനങ്ങളും, മററു തിരുവെഴുത്തുകളും അതിഗഹനങ്ങളും, നാനാവിഷയസ്പർശികളും, അനുവാചകന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതങ്ങളുമത്രേ. ഇവയില് ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ഏർപ്പെടുത്തിക്കൊണ്ടുള്ള "ക്വാസ്പ്രിമാസ്", ക്രിസ്തീയ വിദ്യാഭ്യാസത്തേയും, വിവാഹത്തേയും കുറിച്ചെഴുതിയ ലേഖനങ്ങൾ, സാമുദായിക പ്രശ്നങ്ങളെ വിശകലനം ചെയ്യുന്ന "ക്വാദ്രജേസിമോ ആനോ", കത്തോലിക്കാ പൌരോഹിത്യമാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന "ഡിസ്സാസർദോത്സ്യോ", സമഷ്ടിവാദത്തെ പരാമർശിച്ചുള്ള "ഡിവിനി റിഡംപ്തോറിസ്", എന്നിവയാണ് സർവ്വപ്രധാനങ്ങൾ.

ഇത്രയധികം സിദ്ധരെ നാമകരണംചെയ്ത മററു മാർപ്പാപ്പാമാർ ഇലോം ചുരുക്കമത്രേ. ലിസ്യുവിലെ വി. കൊച്ചുത്രേസ്യാ, വി. ഡോൺബോസ്കോ, വി. ജോൺ വിയാന്നി, വി. ജോൺ ഫിഷർ. വി. തോമസ് മൂർ, മഹാനായ വി. അല്ബർട്ട്, തുടങ്ങി മുപ്പത്തിനാലുപേരെ അവിടുന്ന് വിശുദ്ധരുടെ പട്ടികയില് ചേർത്തു. ഇവരില് വി. ബല്ലാർമിൻ, വി. കനീഷ്യസ് എന്ന ഈശോസഭക്കാരെ തിരുസ്സഭയുടെ "ഡോക്ടർ"മാരായി പ്രഖ്യാപനം ചെയ്കയും വി. കൊച്ചുത്രേസ്യായെ വേദപ്രചരണത്തിന്റെ സഹമാദ്ധ്യസ്ഥയായ് സ്വീകരിക്കയും ചെയ്തു. ഈ സിദ്ധന്മാരില് ചിലർ അവിടത്തെ തന്നെ സമകാലീനരായിരുന്നെന്നുള്ളതാണ് ഏററവും സന്തോഷാവഹം.

തിരുമനസ്സിലെ ഭരണത്തിന്റെ അന്തിമ വത്സരങ്ങളില് യൂറോ

പ്യൻ രാഷ്ട്രീയാന്തരീക്ഷം അതീവം പ്രക്ഷുബ്ധമായിച്ചമഞ്ഞു. നാസിജമ്മനി അനീതിപരമായ വർഗ്ഗോന്നതി ബോധവും അക്രമപ്രസക്തിയും പ്രദർശിപ്പിച്ചുതുടങ്ങി. 1938 ഒക്ടോബർ ഒന്നാംതീയതി സെക്കോസ്ലാവോക്കിയായെ പരാമർശിച്ചുള്ള മ്യൂണിച്ചുടമ്പടി ഒരു യുദ്ധത്തെ താത്കാലികമായി അകററിയപ്പോൾ പതിനൊന്നാം പീയൂസ് ചെയ്ത ഹൃദയസ്പൃക്കായ അഭ്യർത്ഥനയും, സമാധാനത്തിനു വേണ്ടി സ്വജീവനെ ഹോമിക്കാൻ അങ്ങുന്നു പ്രദർശിപ്പിച്ച സന്നദ്ധതയും ആരാണ് വിസ്മരിക്കുന്നതു്? സമാധാനരാജൻെറ ഈ ധർമ്മദൂതൻ 1939 ഫെബ്രുവരി 10-ാംതീയതി അന്ത്യശ്വാസം വിട്ട സമയത്തും പറഞ്ഞതു് "സമാധാനം, സമാധാനം ഓ! ഈശോ" എന്നായിരുന്നു!

പതിനൊന്നാംപീയൂസിനെ തുടർന്ന് അദ്ദേഹത്തിൻെറ സ്റ്റേററു സെക്രട്ടറിയായിരുന്ന കർദ്ദിനാൾ പച്ചെല്ലി 1939 മാർച്ച് രണ്ടാംതീയതി സഭാതലവനായി തിരഞ്ഞെടുക്കപ്പെട്ടു. "നീതിയുടെ ഫലം ശാന്തി" എന്ന സ്വമുദ്രാവാക്യമനുസരിച്ച് ഒരു യുദ്ധമുണ്ടാകാതിരിക്കാൻ അവിടുന്നു് തീവ്രയത്നം ചെയ്തെങ്കിലും, സിംഹാസനാരോഹണം ചെയ്തു് ഒരു വത്സരം തികയുന്നതിനുമുൻപുതന്നെ പൈശാചികമായ രൂക്ഷതയോടെ നടമാടിയ അഖില ലോകസമരം പൊട്ടിപ്പുറപ്പെട്ടു. യുദ്ധവിരാമത്തിനുവേണ്ടിയുള്ള അവിടുത്തെ ശ്രമം നിസ്തന്ദ്രമാണ്. കത്തോലിക്കലോകം മുഴുവൻ തിരുമനസ്സിലെ അഗ്രഹമനുസരിച്ച് നിരന്തര പ്രാർത്ഥനകൾ നടത്തുന്നു; അവിടുന്നാകട്ടെ തദർത്ഥം കർക്കശമായ തപശ്ചര്യകൾപോലും അനുഷ്ഠിക്കയും, ചെയ്യുന്നു. ദൈവത്തിൻെറ പ്രത്യേകാനുഗ്രഹത്താല് തിരുമനസ്സിലെ അഗ്രഹാനുസാരം ക്രിസ്തീയ കേന്ദ്രമായ റോമാനഗരം യുദ്ധത്തിൻെറ ഭയങ്കരതകളില്നിന്നും ഒഴിവാക്കപ്പെട്ടതു് കൃതജ്ഞതാപൂർവ്വം നാം സ്മരിക്കേണ്ടതാണ്. സമാജന്യമായ കഷ്ടതകളില്നിന്നും ലോകത്തെ രക്ഷിക്കുന്നതിന് തിരുമനസ്സുകൊണ്ടു് എന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നതു്? ബോംബാക്രമണ വിധേയരായ ജനങ്ങൾക്ക് തിരുമേനിയുടെ ദിവ്യസാന്നിദ്ധ്യം എത്ര പ്രാവശ്യമാണ് ആശ്വാസം നല്കിയിട്ടുള്ളതു്. സമാധാന സ്ഥാപനാർത്ഥമുള്ള അവിടുത്തെ മാർഗ്ഗനിർദ്ദേശങ്ങൾ ഏതൊരു രാഷ്ട്രീയചിന്തകൻെറയാണ് കണ്ണു തുറപ്പിക്കാത്തതു്? ഏതായാലും യുദ്ധാനന്തര തീരുമാനങ്ങളില് തിരുമനസ്സിലെ അഭിപ്രായങ്ങൾക്ക് കാര്യമായ സ്വാധീനശക്തിയുണ്ടായിരിക്കുമെന്ന് അനുമിക്കുന്നതിലബദ്ധമുണ്ടെന്നു തോന്നുന്നില്ല.

# ഉപസംഹാരം.

മനുഷ്യാവതാരംചെയ്ത ദൈവസുതൻ നിക്ഷേപിച്ച കടുകുമണി വളൎന്ന് വൻവൃക്ഷമായി. കത്തോലിക്കസഭ സാധിച്ചതുപോലെയുള്ള ഒരു പരിവൎത്തനം നരവംശ ചരിത്രത്തില് ഉണ്ടായിട്ടില്ല. അജ്ഞാനികളായ മഹാ ബുദ്ധിമാന്മാർ ലോകത്തിന്റെ ഗതിയിലും അന്ത്യത്തിലും നിരാശരായിച്ചമഞ്ഞപ്പോൾ തിരുസ്സഭ മനുഷ്യ മനസ്സിനെ ആകൎഷിച്ച് വിജയംനേടി. നിശ്ശബ്ദമായി ആരംഭിച്ച് വെളിച്ചത്തേക്ക വ്യാപരിച്ച്, പ്രതാപത്തിന്റെ അത്യുച്ചത്തിലെത്തിയ അവളുടെ മാഹാത്മ്യം കണ്ട് ലോകം വിസ്മയാധീനമായിത്തീൎന്നു. യൂദന്മാൎക്ക് ഒരു കീറാമുട്ടിയും, അജ്ഞാനികൾക്ക് വിഡ്ഢിത്വവുമായിരുന്ന അപ്പസ്തോല പ്രബോധനം ദൈവ വചനമായി എല്ലാവരും സ്വീകരിച്ചതു് അത്ഭുതാവഹംതന്നെയല്ലേ!

റോമൻ സാമ്രാട്ടുകൾ മുന്നൂറു വത്സരത്തെ സുദീൎഘമായ പീഡനംകൊണ്ട് ശിശുസഭയെ സംഹരിക്കാൻ ശ്രമിച്ചു; മഹാനായ കോൺസ്റ്റന്റയിന്റെ രക്ഷാഹസ്തത്തിലഭയംതേടി നിശ്വസിക്കുവാൻ സമയം ലഭിക്കുന്നതിനു മുൻപേ മഹാ ഛിദ്രങ്ങൾ അവളെ വലിച്ചു കീറാൻ മുതിൎന്നു; അക്രമികളായ കിരാതന്മാരെ അവൾ വിജയിച്ച് രഞ്ജിപ്പിച്ചപ്പോൾ വീണ്ടും ഛിദ്രവ്യാധി അവളെ ശോഷിപ്പിക്കാനുള്ള സംരംഭമായി, പ്രൊട്ടസ്റ്റന്റു വിപ്ലവമഹാവാതം അവളുടെ സന്താനങ്ങളെ അടിച്ചു പറത്തിക്കൊണ്ടുപോയപ്പോൾ നവീനലോകത്തില് പുതിയ നേട്ടങ്ങൾ അവൾക്കു കൈവന്നു; രാജാക്കന്മാരുടെ സേച്ഛാധികാരമോ പാപ്പാസ്ഥാനത്തിനുവേണ്ടിയുണ്ടായ ഛിദ്രംതന്നെയോ അവളെ നശിപ്പിക്കാൻ പൎയ്യാപ്തമായില്ല. "അവൾ അപകടലേശം കൂടാതെ അതിജീവിച്ച മഹാ വിപത്തുകളെ സ്മരിക്കുമ്പോൾ അവൾ നശിക്കുമെന്നു വിചാരിക്കുക അശക്യമത്രേ" എന്നാണ് മെക്കാളേ പറയുന്നതു്. സാമ്രാജ്യങ്ങളുടെ ഉത്കൎഷാപകൎഷങ്ങൾ ദൎശിച്ച തിരുസ്സഭാംബിക എന്നും യുവസഹജമായ ഓജസ്സോടെ ഉജ്ജ്വലയാകുന്നു. പത്രോസാകുന്ന പാറമേല് ആഞ്ഞടിക്കുന്ന തരംഗങ്ങൾ ചിന്നിച്ചിതറുന്നതല്ലാതെ അതിനുണ്ടോ ഉടവുതട്ടുന്നു?

ഇന്നാകട്ടെ നാല്പതു കോടിയില്പരം വരുന്ന സ്വമേഷ. യൂഥത്തെ മിശിഹായുടെ വികാരി സമാധാനപൂൎവ്വം പരിപാലിച്ചുവരുന്നു. 312,000 വൈദികരും 1700 പാത്രിയാൎക്കീസന്മാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ തുടങ്ങിയവരും എഴുപതോളം കൎദ്ദിനാൾ സഹോദരങ്ങളും വിവിധ തിരുസ്സംഘങ്ങളും പ. പിതാവിനെ ഭരണത്തില് സഹായിക്കുന്നുണ്ട്. ആധുനിക യാത്രാസൌകൎയ്യങ്ങളും ആശയ വിനിമയ സുഗമതയും വിശാ

സികളും ഇടയന്മാരുമായുള്ള ബന്ധത്തെ ദൃഢതരമാക്കുകയത്രേ ചെയ്യുന്നതു്. "അതിന്റെ മഹത്തായ മേന്മനിമിത്തം ഈ സഭയിലേയ്ക്കു" ധൂർത്തരായ സന്താനങ്ങൾ, അനേകനാൾ നിരാലംബമായി അലഞ്ഞതിനുശേഷം ഇതാ ത്വരിതമായി പ്രത്യാഗമിക്കുന്നു.

ലോകമോഹങ്ങൾക്കായുള്ള തൃഷ്ണ ധനത്തിനും ശക്തിയ്ക്കുംവേണ്ടിയുള്ള ദുരാഗ്രഹം, ജീവിതഗർവ്വം ഇവയാണു് ആധുനികലോകത്തെ ഗ്രസിച്ചിരിക്കുന്ന വ്യാധികൾ. ദൈവത്തേയും, സാന്മാർഗ്ഗിക നിയമങ്ങളേയും ജനസാമാന്യം വിസ്മരിക്കുന്നു. ദൈവരഹിതമായ വിദ്യാഭ്യാസം, അശ്ലീലസാഹിത്യം, അരോചകങ്ങളായ ചലച്ചിത്രപ്രദർശനങ്ങൾ തുടങ്ങിയവ ഈ അധമാവസ്ഥയെ കൂടുതല് വഷളാക്കുകയത്രേ ചെയ്യുന്നതു്. നിരങ്കുശമായ ഭൌതികവാദം, സമഷ്ടിവാദം തുടങ്ങിയവ ഭയാനകങ്ങളായ വിപത്തുകളാണു്. സ്വേച്ഛാഭരണ സമ്പ്രദായങ്ങളും, അതിരുകടന്ന ജാതിചിന്തയും പൌരാവകാശങ്ങളെയും സഹോദരസ്നേഹത്തേയും ഉന്മൂലനം ചെയ്യുന്നു. ക്രിസ്തുവിന്റെ സന്ദേശങ്ങളെ — ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ആഹ്വാനങ്ങളെ — ശ്രവിച്ചനുസരിക്കാതെ ലോകത്തിനു മുക്തിയില്ല; അദ്ദേഹത്തിന്റെ സമുന്നതങ്ങളായ സന്മാർഗ്ഗനിയമങ്ങൾ ആചരിക്കാതെ മനുഷ്യനു് ശാന്തിയുണ്ടാകയില്ല. അവിടുത്തെ പ്രസാദവരം ലഭിക്കാതെ നമുക്കു് ജീവനുമില്ല.

സഭാമാതാവിന്റെ അരുമസന്താനങ്ങളായ നമുക്കു് ഒരു വലിയ കടമയുണ്ടു്. നാം പരമ്പരാഗതമായിത്തന്നെ അനുഭവിച്ചുപോരുന്ന വിശ്വാസദീപത്തെ മററുള്ളവർക്കു, കാണത്തക്കവണ്ണം ഉയർത്തി സ്ഥാപിക്കണം. ക്രിസ്തുരാജന്റെ പടയാളികളായ നാം അദ്ദേഹത്തിന്റെ രാജ്യവിസ്തൃതിയെ വർദ്ധിപ്പിക്കണം. അങ്ങേ പൈതൃകഭരണത്തിന്റെ ശീതളച്ഛായയിലേയ്ക്കു് അന്യരേയും ആനയിക്കണം. രക്തസാക്ഷിത്വത്തില് സ്ഥാപിതമായിരിക്കുന്ന സഭയ്ക്കു് ഇനിയും അന്ധകാരശക്തികളോടു മല്ലിടേണ്ടിവരും. "കർത്താവിന്റെ നാമത്തി"ലാണു് അവൾ ശക്തി ദർശിക്കുന്നതു്. "നരകവാതിലുകൾ അവളെ ജയിക്കുകയില്ല; ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടിയുണ്ടായിരിക്കും."

*L. S. D. S.*

1425

Printed and published for the proprietor, by. P. k. Joseph,
at the St. Joseph's Press, Mannanam
1945.

SH 37/864.

# A POCKET HISTORY OF THE CATHOLIC CHUCRH

BY

P. C. KURIAN B. A.

# തിരുസ്സഭാചരിത്ര സംക്ഷേപം

DHARMARAM COLLEGE LIBRARY BANGALORE
14265

ഗ്രന്ഥകർത്താ:

പി. സി. കുര്യൻ ബി. ഏ.,

MANNANAM.
PRINTED AT THE ST. JOSEPH'S PRESS,
1945.